# തിരുസഭാചരിത്രസംഗ്രഹം

ഒന്നാംഭാഗം.

---

ഫാദർ മർസ്ലീൻ ററി. ഒ. സി. ഡി.

By the author.

ഈ. മ. യൗ. ത്രെ.

# തിരുസഭാചരിത്രസംഗ്രഹം

## ഒന്നാംഭാഗം.

## ൧—൰ ശതാബ്ദങ്ങൾ.

ഫാദർ മർസ്ലീൻ ററി. ഒ. സി. ഡി.

CHANGANACHERRY
CHETHIPUZHA
BANGALORE COLLEGE LIBRARY
3491

സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസ്,
തിരുവല്ലാ,
1936.

Imprimatur

+ J Kalachery

Ep. Changanachery.

Changanachery,
17—XI—'35.

# സമപ്പ്ണം.

ഈശോയെ സ്നേഹിക്കയും തന്നെ സ്നേഹിക്കുന്നതിനായി ആത്മാവുകളെ നേടുകയും ചെയ്ക എന്ന ഒരേ ഒരു സംഗതി മാത്രമെ ഇഹത്തിൽ നമുക്ക് ചെയ്യേണ്ടതായിട്ടുള്ളു. എന്നു പറഞ്ഞു വരികയും മിഷ്യനറിമാരെയും വേദശാസ്ത്രികളേയും പോലെ ഈശോയുടെ തിരുനാമം സവ്വത്ര പ്രസംഗിച്ച് സത്യതിരുസഭയെ സകലരും ആശ്ലേഷിപ്പാൻ ഇടവരുത്തുന്നതിന് ഇഹത്തിൽ വച്ച് ആഗ്രഹിക്കുകയും അതിനായി മരണശേഷവും സ്വഗ്ഗത്തിൽ വച്ച് പ്രയത്നിച്ചുകൊണ്ടിരിക്കുമെന്ന് വാഗ്ദാനം ചെയ്കയും ഇപ്പോൾ വേദപ്രചരണവേലയുടെ സാവ്വത്രികമദ്ധ്യസ്ഥയായി പ. പിതാവിനാൽ പ്രഖ്യാപനം ചെയ്യപ്പെടുകയും ചെയ്യുന്ന

## വിശുദ്ധ കൊച്ചുത്രേസ്യാ,

തൻെറ സ്വഗ്ഗീയപ്രേഷിതവേലയുടെ ഒരു ഉപകരണമായി ഈ വിനീതചരിത്രപ്രബന്ധത്തെ സ്വീകരിച്ച് അതിനെ വായിക്കുന്നവരുടെ ഹൃദയത്തിൽ ഈശോയുടേയും അവിടുത്തെ തിരുസഭയുടേയും നേരെയുള്ള സ്നേഹം ഉജ്ജ്വലിപ്പിക്കുമാറാകട്ടെ എന്നുള്ള പ്രാത്ഥനയോടുകൂടി ഇതിനെ അവിടുത്തെ പാദാരവിന്ദങ്ങളിൽ ഭക്ത്യാദരപുരസ്സരം സമർപ്പിച്ചു കൊള്ളുന്നു.

PRIOR GENERAL
T. O. C. D.
S. H. Monastery, Thevara,
Ernakulam, S. India.

Camp. Chethipuzhay.
25th Oct. 1934

No. 601/34

ക. നി. മു. സ. ബ. മർസ്ലീനോസച്ചൻ അവർകൾക്ക്.

ബ. പ്രിയ അച്ചാ,

അച്ചൻ എഴുതിയിട്ടുള്ള "തിരുസഭാചരിത്രസംഗ്രഹം" എന്ന പുസ്തകം, ന. നിയമപ്രകാരം, ബ. കാർളോസച്ചനെക്കൊണ്ടു് പരിശോധിപ്പിച്ചു് അദ്ദേഹം Nihil Obstat എന്നു സാക്ഷിച്ചിരിക്കയാൽ, പുസ്തകം അച്ചടിപ്പിക്കുന്നതിനു് ന. നിയമപ്രകാരമുള്ള അനുമതി ഈ ലേഖനംമൂലം അച്ചനു നല്കുന്നു.

എന്നു്, ക. നി. മു. സ. പ്രിയോർ ജനറാൾ,
Fr. Sylvester

# വിഷയാനുക്രമണിക.


പ്രസ്താവന.

മുഖവുര.

അദ്ധ്യായം 1. സഭാസ്ഥാപനം മുതൽ കുസ്തന്തീനോസുചക്രവത്തിയുടെ മാനസാന്തരം വരെ. (ബി. സി. 4004 മുതൽ രക്ഷണീയ വത്സരം 312 വരെ.)

(1) ഈശോമിശിഹാ സഭ സ്ഥാപിക്കുന്നതു്.
(2) ശ്ലീഹന്മാരുടെ പ്രസംഗങ്ങളും സഭയുടെ പ്രചാരവും.
(3) മതപീഡനങ്ങൾ.
(4) വേദപരിരക്ഷകരും ക്രിസ്തീയഗ്രന്ഥകാരന്മാരും.
(5) കുസ്തന്തീനോസു് ചക്രവത്തിയുടെ മാനസാന്തരം.
ചില ചിന്തകൾ.

അദ്ധ്യായം 2. കുസ്തന്തീനോസിൻെറ മാനസാന്തരം മുതൽ പശ്ചിമസാമ്രാജ്യത്തിൻെറ അധഃപതനം വരെ. (312—476).

(1) കുസ്തന്തീനോസും മതത്യാഗിയായ ജൂലിയാൻ വരെയുള്ള പിൻഗാമികളും.
(2) ആശ്രമജീവിതം.
(3) ജൂലിയാൻ മുതൽ മഹാനായ തിയദോസിയൂസു് വരെ.
(4) തിയദോസിയൂസിൻെറ മരണം മുതൽ പശ്ചിമസാമ്രാജ്യത്തിൻെറ അധഃപതനം വരെ.
വിചിന്തനങ്ങൾ.

അദ്ധ്യായം 3. പാശ്ചാത്യസാമ്രാജ്യാധഃപതനം മുതൽ മഹമ്മദിൻെറ രംഗപ്രവേശം വരെ. (ക്രി. വ. 476—622)

(1) ക്രിസ്തുമതപ്രചാരം—ഇംഗ്ലണ്ടു്, ഫ്റാൻസു്.
(2) പൌരസ്ത്യസഭ. (ക്രി. വ. 480—630).
വിചിന്തനങ്ങൾ.

അദ്ധ്യായം 4. മഹമ്മദിന്റെകാലം മുതൽ ചാറംമെയിന്റെ ഭരണം വരെ. (ക്രി. വ. 622—814).

(1) മഹമ്മദും അയാളുടെ മതവും.

(2) പൌരസ്ത്യസഭ (ക്രി. വ. 630—814.)

(3) പാശ്ചാത്യസഭ. (ക്രി. വ. 680—814)

വിചിന്തനങ്ങൾ.

അദ്ധ്യായം 5. ചാറംമെയിന്റെ മരണം മുതൽ ഒന്നാമത്തെ കുരിശുയുദ്ധം വരെ. (ക്രി. വ. 814—1095)

(1) ഉത്തരരാജ്യക്കാരുടെ മാനസാന്തരം. (829—1002)

(2) കോൺസ്ററാൻറിനോപ്പിളിലുണ്ടായ കലാപങ്ങൾ. (858—1053)

(3) പാശ്ചാത്യസഭയിൽ ക്രമാനുഷ്ഠാനം പുനഃസ്ഥാപിക്കപ്പെടുന്നു.

(4) ബെറൻഗാരിയൂസിന്റെ മതവൈപരീത്യം.

വിചിന്തനങ്ങൾ.

# പരിഭാഷകൻെറ പ്രസ്താവന.

"സ്വർഗ്ഗരാജ്യം, സത്യസ്തംഭം, മിശിഹായുടെ മണവാട്ടി, മിശിഹായുടെ ശരീരം," ഇത്യാദി മഹനീയ നാമധേയങ്ങളാൽ, വേദാഗമത്തിൽ പരിശുദ്ധാത്മാവു അഭിസംബോധനം ചെയ്യുന്ന നമ്മുടെ സഭാമാതാവായ തിരുസഭയുടെ ചരിത്രം, അവളുടെ മഹാത്മ്യവൈശിഷ്ട്യങ്ങളെ യഥായോഗ്യം അറിയുന്നതിനും സ്നേഹിക്കുന്നതിനും, അനുകരിക്കുന്നതിനും മാത്രമല്ല അവളുടെ വൈരിവൃന്ദങ്ങൾ വ്യാജമായി പറഞ്ഞു പരത്തുന്ന ദൂഷ്യാരോപണങ്ങളെ നിഷ്പ്രയാസം ധ്വംസിക്കുന്നതിനും എത്ര കണ്ടു അപേക്ഷിതമാണെന്നു പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ല. സാക്ഷാൽ കുടുംബപാരമ്പര്യം അറിഞ്ഞിട്ടില്ലാത്ത മക്കൾ പ്രായേണ തങ്ങളുടെ പാരമ്പര്യമഹിമയെ വിസ്മരിച്ചു പൂർവ്വന്മാരുടെ സൽകീർത്തിക്കും ഉന്നതപദവിക്കും അയോഗ്യരായി അന്യന്മാരുടെ അവഹേളനത്തിനു പാത്രീഭവിക്കുക നാം കണ്ടു വരുന്നതാണല്ലോ. ഏവംവിധം തന്നെ സർവ്വകാരുണികനായ ദൈവം മനുഷ്യവർഗ്ഗത്തിൻെറ ഉദ്ധാരണാർത്ഥം ഇഹത്തിൽ ചെയ്തരുളിയ മഹത്തരങ്ങളായ അത്ഭുതങ്ങളിൽ ഒന്നായി പരിലസിക്കുന്ന സഭാമാതാവിൻെറ ചരിത്രം യഥായോഗ്യം അറിയാത്തകത്തോലിക്കർ തന്നേയും കത്തോലിക്കേതരന്മാരുടെ അവഹേളനത്തിനു തങ്ങളേയും സഭയേയും പാത്രമാക്കാതിരിക്കയില്ല. ലൗകികശക്തിയിലും ഐശ്വര്യപ്രതാപങ്ങളിലും സൈനികരക്ഷയിലും വിളങ്ങിയിരുന്ന അനേകം രാജ്യങ്ങളും രാജകീയ കുടുംബങ്ങളും നബുക്കദോനസർ രാജാവു കണ്ട വിസ്മയദർശനം പോലെ, കാലചക്രത്തിൻെറ തിരുവിൽ ധൂളിയായി പോകുന്നതുകണ്ടിട്ടും അനവധി ഭിന്നസഭകൾ രാജസംരക്ഷണയാലുളവാകുന്ന അജയ്യശക്തിയോടുകൂടി ഈ പാറമേൽ തിരമാലപോലെ പാഞ്ഞുവീണിട്ട് അവസാനം നുരയും പതയുമായി മടങ്ങുന്നതു കണ്ടിട്ടും, തൻെറ ദിവ്യസ്ഥാപകൻ ഭരമേല്പിച്ച വിശ്വാസത്തിലാകട്ടെ സന്മാർഗ്ഗോപദേശത്തിലാകട്ടെ സുകൃതപരാക്രമത്തിലാകട്ടെ യാതൊരു കോട്ടവും വാട്ടവും കൂടാതെ നരകവാതിലുകളുടെ ശക്തിയെ ഉല്ലംഘിച്ചു നാൾക്കുനാൾ പൂർവ്വാധികം തേജസ്സോടുകൂടി ഉദിച്ചുപൊങ്ങുന്ന ഈ സഭയുടെ ദിവ്യോല്പത്തി, വിസ്മയകരമായ വളർച്ച, നിരന്തരമായ പോരാട്ടം, നിസ്തുലവിജയം, താരകവൃന്ദം പോലെ സഭയെ അലങ്കരിക്കുന്ന വിശുദ്ധന്മാരുടെ അസംഖ്യനിരകൾ ഇത്യാദി വിശേഷങ്ങൾ അറിയാതിരുന്നാൽ സഭക്കനുരൂപമായ ഒരു ജീവിതചൈതന്യം സന്താനങ്ങളിൽ കാണുവാൻ വളരെ പ്രയാസമാണ്. "മനുഷ്യൻ അവൻെറ പ്രതാപത്തിൽ ആയിരുന്നപ്പോൾ സ്വന്ത

മഹിമ അവൻ അറിയായ്കയാൽ മൃഗത്തിന് കയ്യേറപ്പിക്കപ്പെട്ടുകയും അതിന് തുല്യനായി തീരുകയും ചെയ്തു" എന്നുള്ള വേദവാക്യം നമ്മിൽ അന്വത്ഥമായിത്തീരാൻ ഇടയുണ്ടു്. ഇതിനാൽ എല്ലാകത്തോലിക്കാനാടുകളിലും സഭാചരിത്രം പലേ ആകൃതിയിലും പ്രചരിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ കേരളീയരെ സംബന്ധിച്ചിടത്തോളം ഈ വിഷയത്തിൽ ഉള്ള ന്യൂനത ഇനിയും പരിഹരിച്ചിട്ടുണ്ടോ എന്നുള്ളതു് സംശയമാണു് ഇതിനിടയിൽ ഒന്നുരണ്ടു സഭാചരിത്രങ്ങൾ വെളിയിൽ വന്നിട്ടുണ്ടെങ്കിലും അതിൽ ആദ്യത്തെ പതിപ്പു നാമാവശേഷമായി തീൎന്നിരിക്കുന്നു. രണ്ടാമത്തെയാകട്ടെ ഇനിയും മുഴുവൻ പ്രസിദ്ധീകൃതമായിട്ടില്ല. പ്രസിദ്ധീകൃതമായ ഭാഗങ്ങളുടെ കോപ്പികൾ സുലഭങ്ങളുമല്ല. ഈ കാരണങ്ങളാൽ ജനസാമാന്യത്തിന്റെ ഉപയോഗത്തിനു ഒരു കൈപ്പുസ്തകമായി തീരത്തക്കവണ്ണം ഒരു സംക്ഷിപ്തസഭാചരിത്രം നിൎമ്മിക്കുന്നതു് സന്ദർഭോചിതമാണെന്നും അതിന് കാർഡിനൽ വൈസ്മാൻ രചിച്ച "a Popular manual of Church History" എന്ന പുസ്തകത്തിന്റെ വിവൎത്തനം ഏററം പററിയതായിരിക്കുമെന്നും പലമാന്യസഹോദരങ്ങൾ അഭിപ്രായപ്പെട്ടതനുസരിച്ചു് രചിച്ചിട്ടുള്ളതാണു് ഈ ചരിത്രസംഗ്രഹം. എന്നാൽ മൂലഗ്രന്ഥത്തിലെ നാലാം അദ്ധ്യായത്തിന്റെ പ്രാരംഭത്തിൽ 6-ാം ശതാബ്ദത്തിൽ മെക്കായിൽ സമാരംഭിതമായ മഹമ്മദമതത്തെക്കുറിച്ചു പ്രസ്താവിക്കുന്ന ഒരു ഖണ്ഡിക തർജ്ജമയിൽ അതേപടി ഉപേക്ഷിച്ചിരിക്കുന്നു. മാത്രമല്ലാ, ടി ഗ്രന്ഥകൎത്താവു് 13-ാം ലെയോൻ മാപ്പാപ്പായുടെ ഭരണാരംഭകാലത്തു് ചരമമടയുകയാൽ ബാക്കിയുള്ള ചരിത്രം അതായതു് 9-ാം പീയൂസു മുതൽ ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന 11-ാം പീയൂസ് മാപ്പാപ്പാവരെയുള്ള ചരിത്രശകലങ്ങൾ ഇതരരേഖകളിൽ നിന്നാണു് ഞങ്ങൾ ശേഖരിച്ചിട്ടുള്ളതു്. (രണ്ടാംഭാഗം താമസിയാതെ പ്രസിദ്ധപ്പെടുത്തും).

ഈ ഉദ്യമത്തിൽ എന്നെ ഹാർദ്ദമായി സഹായിച്ച എന്റെ കനിഷ്ഠ സഹോദരങ്ങളായ ക. നി. മൂ. സ. വിദ്യാൎത്ഥികളോടും, വിശിഷ്യാ പി. സി. ജോൺ ബി. എ. അവർകളോടും എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ ഇവിടെ പ്രകടിപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥം ഏതു കന്യകാമണിക്കു സമൎപ്പിതമാകുന്നുവോ; ആ വിശുദ്ധ കൊച്ചുത്രേസ്യായുടെ അനുഗ്രഹവൎഷം ഇതു വായിക്കുന്നവരുടെ മേൽ സമഷ്ടിയായി ഉണ്ടായി, കത്തോലിക്കർ തങ്ങളുടെ സഭാമാതാവിന്റെ നേക്കുള്ള കടമകളെ പൂൎവ്വവൽതീക്ഷ്ണതാപൂൎവ്വം നിറവേററുകയും കത്തോലിക്കേതരന്മാർ തങ്ങളുടെ ദുരഭിപ്രായങ്ങളെ വെടിഞ്ഞു് വേഗത്തിൽ ഈ സഭാമാതാവിന്റെ മടിയിലേക്കു് പ്രത്യാഗമിക്കയും ചെയ്യുമാറാകട്ടെ എന്നുള്ള പ്രാൎത്ഥനയോടു കൂടി ഇതു ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

# മുഖവുര.

മനുഷ്യക്ക് യഥാൎത്ഥമതത്തെ അറിയിച്ച് പരിശുദ്ധിയിൽ അവരെ അഭ്യസിപ്പിച്ച് പരിപൂൎണ്ണരാക്കി സ്വൎഗ്ഗരാജ്യത്തിന്റെ ഭാവിപൌരന്മാരാക്കിത്തീൎക്കുവാൻ ദൈവം ഈശോ മിശിഹാ സ്ഥാപിച്ചിട്ടുള്ള ഒരു ദിവ്യ സമാജമാകുന്നു കത്തോലിക്കാതിരുസഭ. ഈ പരമോദ്ദേശ്യങ്ങൾ എല്ലാക്കാലങ്ങളേയും സംബന്ധിക്കുന്നവയാകയാൽ തിരുസ്സഭ ലോകാവസാനം വരെ തുടൎച്ചയായി നിലനിൽക്കേണ്ടതാണ്. അതു എല്ലാവൎക്കും ദൃശ്യവും വിശ്വാസത്തിലും സന്മാൎഗ്ഗത്തിലും നിൎമ്മലവും, സൎവ്വദാ വിശുദ്ധിയുടെ ഉത്തമോദാഹരണങ്ങളെ ചൂണ്ടിക്കാണിപ്പാൻ ശക്തവും ആയിരിക്കണം. അപ്രകാരം തന്നെ സദാ വിനീതമായ ഉപവി അതിൽ എല്ലാക്കാലത്തും ഉണ്ടായിരിക്കയും വേണം. "ക്രസ്തീയ ജനസമൂഹം ഇല്ലാതാകുന്നതിനോ, ഭൂമിയിൽ സത്യവിശ്വാസവും തിരുസഭയിൽ ഉപവിയും നശിക്കുന്നതിനോ ഒരിക്കലും ഇടയാകുന്നതല്ല."- വി. ബെൎണ്ണാൎദ് പ്രസ്താവിക്കുന്നു എന്നിരുന്നാലും, തിരുസഭ ഐഹിക ശക്തികളാൽ പീഡിപ്പിക്കപ്പെടുകയും പതിതതാപദേശങ്ങളാലും മതഭിന്നതകളാലും ഭേദിപ്പിക്കപ്പെടുകയും ഛേദിക്കപ്പെടുകയും ചെയ്യുമെന്നും അതിൽ അപശ്രുതികൾ ഉണ്ടാകുമെന്നും കൊയിത്തുകാലംവരെ കോതമ്പും കളയും ഒരുമിച്ചു വളരുമെന്നും നമ്മുടെ കൎത്താവു് പ്രവചിച്ചിട്ടുണ്ടു്. ഈ ദൃശ്യമായ ആക്രമങ്ങളിലും വിപത്തുകളിലും പെട്ട് അതു നാമാവശേഷമായിത്തീരാതിരിക്കുന്നതിനും അതിന്റെ സ്ഥാപനകാലത്തു ആവശ്യമായിരുന്നതിൽ ഒട്ടും കുറവല്ലാത്ത ഒരു ദിവ്യശക്തി എന്നും വേണ്ടിയിരിക്കുന്നു. ഏതൽമൂലം എല്ലാദിവസങ്ങളിലും താൻ അതിനോടുകൂടി ഉണ്ടായിരിക്കുമെന്നും ലോകാവസാനം വരെ തന്റെ നിരന്തരമായ അദൃശ്യസാന്നിദ്ധ്യം വഴിയായി അതിനെ സഹായിക്കുമെന്നും നമ്മുടെ കൎത്താവു് പ്രവചിക്കയും വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ സാന്നിദ്ധ്യം ഇല്ലായിരുന്നുവെങ്കിൽ:—

1. വാളിന്റേയും തീയുടേയും, പീഡനത്തിനു് അതു ക്ഷണേന അടിപെട്ടുപോകുമായിരുന്നു. എന്തെന്നാൽ അതിനെ ഭൂമുഖത്തുനിന്നു പാടെ വിപാടനം ചെയ്യുന്നതിനായി മൂന്നു നൂറാണ്ടുകളോളം ലൗകിക ശക്തികൾ അതിപ്രയത്നംചെയ്യുകയുണ്ടായി. എന്നാൽ മതപീഡനം അതിനെ നിൎമ്മൂലമാക്കുന്നതിനു് പകരം പൂൎവ്വാധികം രൂഢമൂലമാക്കുകയും വിസ്താരപ്പെടുത്തുകയും അത്രേ ചെയ്യുന്നതു്. വേദസാക്ഷികളുടെ രക്തം തിരുസഭയെ സൎവ്വത്ര പ്രചരിപ്പിക്കുന്നതിനുള്ള ബീജങ്ങളായിരുന്നു

2. (മിശിഹായുടെ ദിവ്യസാന്നിദ്ധ്യമില്ലായിരുന്നുവെങ്കിൽ) പതിതന്മാർ പ്രധാന വിശ്വാസസത്യങ്ങൾക്കു് വിരോധമായി നടത്തിയ ആക്രമണത്തിനിടയിൽ തിരുസഭ നാശോന്മുഖമാകുമായിരുന്നു. ലൗകീകശക്തികളുടെ പിൻബലമുണ്ടായിരുന്നിട്ടും അവരുടെ പ്രയത്നങ്ങൾ വിശ്വാസസത്യങ്ങളെ അലങ്കോലപ്പെടുത്തുന്നതിനു് പര്യാപ്തമായി എന്നു മാത്രമല്ല, അവർ ആക്രമിച്ച വിശ്വാസസത്യങ്ങളുടെ പ്രസ്പഷ്ടവും സംപൂർണ്ണവുമായ പ്രഖ്യാപനത്തിനു് അവ കാരണമായിത്തീരുകയും ചെയ്തു. ഓരോ അബദ്ധബോധനവും ആവിർഭവിച്ച അവസരങ്ങളിൽ അതിനെ യുക്തിയുക്തം ഖണ്ഡിക്കുന്നതിനും വിശുദ്ധന്മാരായ വേദശാസ്ത്രികൾ ഒരിക്കലും ഉണ്ടാകാതിരുന്നിട്ടില്ല. അതെ സമയം തന്നെ വക്രോക്തിക്കും ദ്വന്ദ്വാർത്ഥപ്രയോഗങ്ങൾക്കും ഇടകൊടുക്കാതിരിക്കത്തക്ക വിധത്തിൽ വിശ്വാസസത്യങ്ങളെ മെത്രാന്മാർ അവരുടെ തലവനും മിശിഹായുടെ പ്രതിപുരുഷനുമായ മാർപ്പാപ്പായോടുകൂടി പ്രഖ്യാപനം ചെയ്തുകൊണ്ടു് എല്ലാ അബദ്ധോപദേശങ്ങളേയും ശപിക്കുകയും ചെയ്തിരുന്നു.

3. (മിശിഹായുടെ ഈ സാന്നിദ്ധ്യമില്ലായിരുന്നുവെങ്കിൽ) ഓരോ കാലങ്ങളിൽ സ്വസന്താനങ്ങളുടെ ഇടയിൽ എന്നുവേണ്ട തന്റെ വൈദികരുടെ ഇടയിൽപോലും കടന്നു കൂടുവാൻ ഇടയായിട്ടുള്ള മാന്ദ്യജീവിതത്തിനും ദുർമ്മാർഗ്ഗപ്രതിപത്തിക്കും തിരുസഭ വിധേയമാകുമായിരുന്നു. എന്നാൽ സന്മാർഗ്ഗത്തെ സംബന്ധിച്ച അതിന്റെ മാനദണ്ഡനത്തിനോ നീതിനിഷ്ഠക്കോ ഒരിക്കലും ഹാനിതട്ടിയിട്ടില്ല. സുവിശേഷത്തിന്റെ വിശുദ്ധ നിയമങ്ങൾകൊണ്ടു് അസന്മാർഗ്ഗത്തെ എതിർക്കുന്നതിനും നിഷേധിക്കുന്നതിനും അതു ഒരിക്കലും അലസത പ്രദർശിപ്പിച്ചിട്ടില്ല. അന്ധകാരനിബിഡമായ കാലങ്ങളിൽ പോലും അന്നത്തെ താറുമാറുകളുടെ ഒരുത്തമപ്രതിഷേധമെന്നവണ്ണം സുകൃതജീവിതം നയിച്ചിരുന്ന അനേകം വിശുദ്ധാത്മാക്കളും അതിൽ ഉണ്ടായിരുന്നു.

ഇപ്രകാരം മതപീഡകന്മാരുടെ മേലും പതിതന്മാരുടെ മേലും മതഭേദികളുടെ മേലും തിരുസഭക്കുണ്ടായ വിജയം ദൈവികശക്തിയുടെ ഭേദമില്ലാത്തതും ഹൃദയസ്പർശകവുമായ ഒരു അത്ഭുതമാകുന്നു. "ജലപ്രളയമുണ്ടായി, കൊടുങ്കാറ്റുകളും ശക്തിയായി ആ വീടിന്മേൽ അടിച്ചു എന്നിട്ടും അതു നിലംപതിച്ചില്ല. എന്തുകൊണ്ടെന്നാൽ അതു ഒരു പാറയിന്മേൽ സ്ഥാപിക്കപ്പെട്ടിരുന്നു." അതിന്റെ വിസ്മയാവഹമായ ഉത്ഭവത്തിൽ എന്നപോലെ തന്നെ സുസ്ഥിരമായ നിലനില്പിലും ദിവ്യത്വത്തിന്റെ പ്രത്യക്ഷലക്ഷണങ്ങളെ സംവഹിക്കുന്നതായ വിശുദ്ധ സഭ നമ്മുടെ എത്ര സവിശേഷമായ വണക്കത്തെയാണു് അർഹിക്കുന്നതു്,

ഭൗമികമായ എല്ലാ സ്ഥാപനങ്ങളും സമുദായങ്ങളും രാജവംശങ്ങളും ഛിന്നാഭിന്നമാകയിൽ ഈ ദിവ്യസാമ്രാജ്യം മാത്രം ഏകമായും അവിഛിന്നമായും നിലനില്ക്കുന്നു എന്നതിലധികം വിസ്മയാവഹമായി എന്തുണ്ട്? ബാഹ്യമായ ഉപദ്രവങ്ങൾ മൂലം സ്ഥിതിലയങ്ങൾക്ക് വിധേയമാകാത്ത സകല വസ്തുക്കളും ഇഹത്തിൽ കാലചക്രത്തിരുവിനുള്ളിൽപ്പെട്ട അന്തർദ്ധാനം ചെയ്യുന്നു. എന്നാൽ ഈ ദിവ്യസ്ഥാപനം മാത്രം നാനാതര ആക്രമണങ്ങളേയും വിപത്തുകളേയും അഭിമുഖീകരിച്ചശേഷം എല്ലാക്കാലങ്ങളിലും അതിൻെറ ദിവ്യസ്ഥാപകനിൽ നിന്നു ലഭിച്ചിട്ടുള്ള എല്ലാലക്ഷണങ്ങളോടും ഗുണങ്ങളോടും പ്രത്യേകവരങ്ങളോടും കൂടി സ്ഥിതി ചെയ്യുന്നു. "സ്വർഗ്ഗത്തിലും ഭൂമിയിലും സകലാധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളേയും പഠിപ്പിച്ച്; പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തി ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം കാത്തുകൊൾവാൻ അവരെ പഠിപ്പിക്കുവിൻ. ഇതാ ഞാൻ ലോകാവസാനം വരെ എല്ലാ നാളുകളിലും നിങ്ങളോടു കൂടിയുണ്ട്." എന്നുള്ള ഗംഭീരവചനങ്ങളുടെ പൂർത്തീകരണമാകുന്നു നാം ഇവിടെ കാണുന്നതു്.

ഈ തരുണത്തിൽ സുപ്രസിദ്ധ വാഗ്മിയായ ബോസേ്വയുടെ വാക്കുകൾ സ്മരണീയങ്ങളാണ്. "പുറത്തുനിന്നുളവാകുന്ന മതപീഡനങ്ങൾ നിമിത്തമോ, അഥവാ സഭയ്ക്കകത്തുതന്നെ പ്രാദുഃർഭവിക്കുന്ന പതിതമതങ്ങളാലോ, മതഭിന്നതകളാലോ, അല്ലെങ്കിൽ ഉപവിയുടെ അഭാവം നിമിത്തം ഉണ്ടാകുന്ന മാന്ദ്യജീവിതം നിമിത്തമോ തിരുസഭയ്ക്ക് ഒരു കാലത്തും സമാധാനജീവിതം ഉണ്ടാകുന്നതല്ലെന്നുള്ള പ്രവചനത്തെ ഒരു വശത്തും, ഈ വിധ ഉപദ്രവങ്ങളെല്ലാം ഉണ്ടായിരുന്നാലും അതിൻെറ ജീവനെ നശിപ്പിക്കുന്നതിനോ, തന്നിൽനിന്നു സ്വീകരിച്ചിട്ടുള്ള അധികാരത്തെ തലമുറ തലമുറയായി കൈക്കൊണ്ടിട്ടുള്ള മേല്പട്ടക്കാരുടെ തുടർച്ചയേയും, താൻ പഠിപ്പിച്ചിട്ടുള്ള വിശുദ്ധ സത്യങ്ങളേയും, താൻ സ്ഥാപിച്ചിട്ടുള്ള വരപ്രസാദസംദായകങ്ങളായ കൂദാശകളേയും ശിഥിലഭവിപ്പിക്കുന്നതിനോ യാതൊരുത്തനും സാധിക്കുകയില്ലെന്നുള്ള ദീർഘദർശനത്തെ മററൊരുവശത്തും, ഒന്നിനോടൊന്ന് തുലനം ചെയ്തുകൊണ്ടും വിചിന്തനം ചെയ്യുന്നതായാൽ ഈ ദീർഘദർശനങ്ങളേക്കാൾ ഗാംഭീര്യവും കൂടുതൽ ദിവ്യവുമായി യാതൊന്നുമില്ല. "നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുകയും ആ ഫലം നിലനില്ക്കയും ചെയ്യേണ്ടതിനായിട്ടു ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു" എന്നാത്രേ നമ്മുടെ ദിവ്യരക്ഷ

കൻ ശ്ലീഹന്മാരായി നിശ്ചയിക്കപ്പെട്ടിരുന്ന ആ പാവപ്പെട്ട മീൻപിടിത്തക്കാരോട് അരുളിച്ചെയ്തിട്ടുള്ളത് അതേ—അവരുടെ ഫലങ്ങൾ എന്നും നിലനില്ക്കും എന്നുള്ള ആ ദിവ്യഗുരുവിന്റെ വാഗ്ദാനപൂർത്തീകരണം മിശിഹായുടെ ഇതര വാക്കുകൾക്കും സത്യത്തിന്റെ മുദ്രയെ പതിക്കയത്രേ ചെയ്യുന്നത്. ഈ ദിവ്യരാജ്യത്തിന്റെ താക്കോലുകളെ സ്വകരങ്ങളിൽ ഇപ്പോൾ വഹിച്ചുകൊണ്ടിരിക്കുന്ന 11-ാം പീയൂസ് മാർപ്പാപ്പാ മുതൽ ആ താക്കോലുകളെ ഈശോമിശിഹായുടെ തിരുക്കരങ്ങളിൽ നിന്നും സ്വീകരിച്ച വി. പത്രോസ് വരെയുള്ള മാർപ്പാപ്പാമാരുടെ ഇടമുറിയാത്ത ഒരു അധികാരപിൻതുടർച്ചയെ കാണിക്കുന്നതിനു നമ്മുടെ അമ്മയായ കത്തോലിക്കാ തിരുസഭയ്ക്കു മാത്രം സാധിക്കുമെന്നുള്ളത് മേൽപ്രസ്താവിച്ച പ്രവചനങ്ങളുടെ നിസ്തർക്കമായ ഒരു തെളിവും നമ്മുടെ വിശ്വാസത്തിന്റെ ഒരു വലിയ സ്ഥിരീകരണവുമല്ലയോ? കേവലം മനുഷ്യദൃഷ്ട്യാ നോക്കുന്നതായാൽ തന്നെയും, നമുക്കു മുൻഗമിച്ചിട്ടുള്ള സകല ജാതികളേയും അടക്കിക്കൊള്ളുന്നതും മനുഷ്യകുലത്തിന്റെ ഉത്ഭവം മുതൽ ഇന്നേവരെയും ഉള്ള സകല പാരമ്പര്യങ്ങളേയും സംവഹിക്കുന്നതുമായ കത്തോലിക്കാസഭയുടെ അധികാരത്തോടു തുലനം ചെയ്യുവാൻ തക്ക യാതൊരധികാരവും ഭൂമുഖത്തിലില്ലതന്നെ. നിശ്ചയമായും കത്തോലിക്കാസഭയുടെ നിലനില്പ് അതിന്റെ സ്വഭാവാതീതോത്ഭവത്തിനും സംരക്ഷണത്തിനും സാക്ഷ്യം വഹിക്കുന്നു. സകല സ്ഥാപനങ്ങളും അധീനപ്പെട്ടേണ്ടതായ വ്യതിയാനങ്ങൾക്കും വിനാശത്തിനും അതു വിധേയമല്ലെന്നുള്ള ഏക സംഗതിയാൽതന്നെ നമ്മുടെ വിശ്വാസത്തെയും അത് അർഹിക്കുന്നുണ്ട്.

ഗ്രന്ഥകർത്താ.

# തിരുസഭാചരിത്രസംഗ്രഹം

CHETHIPUZHA

## അദ്ധ്യായം ൧.

സഭാസ്ഥാപനം മുതൽ കുസ്തന്തീനോസ ചക്രവത്തിയുടെ
മാനസാന്തരം വരെ

(ബി. സി. 4004 മുതൽ രക്ഷണീയവത്സരം 312 വരെ)

### ൧. ഈശോമ്ശിഹാ സഭ സ്ഥാപിക്കുന്നതു്.

ആദിയിൽ ആദാമിനോടു ചെയ്ത വാഗ്ദത്തത്തിനനുസരണമായും, പ്രവചനങ്ങൾക്കനുയോജ്യമായും, സവ്വജാതികളുടേയും പ്രത്യാശാമൂത്തിയായ യേശു, യൂദായിലെ ബേത്ലഹേമിൽ ദൈവഹിതാനുസരണം ബി. സി. 4004_ൽ അവതാരം ചെയ്തു. പിതാവായ ദൈവത്തോടു സവ്വഥാ സമനും, തന്റെ ഏക പുത്രനുമായ യേശു ദിവ്യവെളിപാടിന്റെ പ്രകാശത്താൽ പ്രശോഭിതമായിരുന്ന യഹൂദവംശത്തിലാണു് ജാതനായതു്. സകല ലോകത്തിന്റേയും രക്ഷകനെ പ്രസവിക്കുന്നതിനും, തദ്വാരാ ദൈവജനനി എന്ന ഉന്നതപദവി ലഭിക്കുന്നതിനും, ഭാഗ്യമുണ്ടായതു് സൃഷ്ടികളിൽ ശ്രേഷ്ഠയും, അതീവ പരിശുദ്ധയും, നിത്യകന്യകയും ആയ മറിയാമിനായിരുന്നു. മാതാവായ മറിയാമിനും, വളത്തച്ഛനായ യൗസേപ്പിനും വിധേയനായി, നസറേത്തിലെ, തന്റെ ചെറിയ ഭവനത്തിൽ നയിച്ച മുപ്പതുകൊല്ലത്തെ നിഗൂഢവാസകാലത്തു്, യേശു അനുസരണം, വിനയം, വിരക്തി മുതലായ സൽഗുണങ്ങൾക്കു് ഒരു മഹിതമാതൃകയായി പരിലസിച്ചു. മുപ്പതാമത്തെ വയസ്സു മുതൽ, അവിടുന്നു് യഹൂദായിലെ ഗ്രാമങ്ങളിലും നഗരങ്ങളിലും സഞ്ചെ

രിച്ചു്, സ്വർഗ്ഗരാജ്യത്തെപ്പററി സുവിശേഷപ്രസംഗങ്ങൾ നടത്തുകയും, രോഗികളെ സൗഖ്യമാക്കുകയും, മരിച്ചവരെ ഉയൎപ്പിക്കുകയും, ഏവൎക്കും അനുഗ്രഹങ്ങൾ പ്രദാനം ചെയ്കയും ചെയ്തു. തന്റെ സഭാമന്ദിരത്തിന്റെ സ്തംഭങ്ങളായി പന്ത്രണ്ടു ധീവരന്മാരെ അദ്ദേഹം നിയോഗിച്ചു മൂന്നു കൊല്ലം അവൎക്കു് ആവശ്യമായ അഭ്യസനങ്ങൾ നല്കിയ ശേഷം, അവിടത്തെ സമയം സമാഗതമായ ഉടൻ നിത്യഉടമ്പടിയുടെ കുഞ്ഞാടായ മിശിഹാ പാപികളുടെ കരങ്ങളിൽ സ്വയം ഏല്പിച്ചു്, നിന്ദാവഹമായ കുരിശുമരണം അനുഭവിച്ചു്, നിത്യനാശത്തിനു വിധേയരായിരുന്ന മനുഷ്യരേ അമൂല്യമായ തന്റെ തിരുരക്തത്താൽ ഉദ്ധരിച്ചു. ദീൎഘദൎശികളുടെ പ്രവചനപ്രകാരവും, ശ്ലീഹന്മാരോടുള്ള വാഗ്ദാനത്തിനനുസരണമായും മൂന്നാംദിവസം മിശിഹാ മരിച്ചവരിൽ നിന്നു് ഉയിൎത്തു്, മരണത്തിന്മേൽ പരിപൂൎണ്ണവിജയം പ്രാപിച്ചു് അവൎക്കു് പ്രത്യക്ഷനായി; ദൈവരാജ്യമായ തന്റെ സഭയെക്കുറിച്ചു് അനവധി കാൎയ്യങ്ങൾ ശ്ലീഹന്മാരെ ധരിപ്പിച്ചു. അനുതന്നെ അവരുടെ തലവനും, സ്വരക്തത്താൽ പുനരുദ്ധരിക്കപ്പെട്ട അജഗണത്തിന്റെ പ്രധാന ഇടയനും ആയി പത്രോസിനെ അവിടുന്നു നിയമിക്കുകയും, ലോകാവസാനത്തോളം താൻ അവരുടെ കൂടെ ഉണ്ടായിരിക്കുമെന്നു് വാഗ്ദാനം ചെയ്കയും ചെയ്തു. അനന്തരം സ്വഭാവാതീതമായ പ്രകാശവും കൃപയും ലഭിക്കുന്നതിനുവേണ്ടി പരിശുദ്ധാത്മാവിന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടു് യേറുശലേമിൽ താമസിക്കണമെന്നാജ്ഞാപിച്ച ശേഷം, അവിടുന്നു് അവരെ അനുഗ്രഹിച്ചു്, "നിങ്ങൾ പോയി സൎവ്വസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ, എന്നും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ", എന്നും അരുളിച്ചെയ്തിട്ടു്, അവർ നോക്കി നിൽക്കവേ തന്നെ സ്വൎഗ്ഗത്തിലേക്കെഴുന്നെള്ളി അവിടത്തെ മഹത്വത്തിൽ പ്രവേശിച്ചു.

അവർ യേറുശലേമിലേയ്ക്കു പ്രത്യാഗമിച്ചു്, ഒരു മാളികയുടെ മുകളിലത്തെ മുറിയിൽ പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. അവരുടെ കൂടെ മനുഷ്യാവതാരം ചെയ്ത മ്ശിഹാതമ്പുരാന്റെ മാതാവായ മറിയാമും, ഏകദേശം നൂററിരുപതോളം ശിഷ്യരും ഉണ്ടായിരുന്നു. അവർ പ്രാൎത്ഥിച്ചു് പരിശുദ്ധറൂഹായെ പ്രതീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ മിശിഹായെ ഒററിക്കൊടുത്ത യൂദാസ്കറിയോത്തായിക്കുപകരം ഒരാളെ നിയമിക്കണമെന്നു പത്രോസു് അഭിപ്രായപ്പെട്ടു. സന്നിഹിതരായിരുന്ന ശിഷ്യന്മാരുടെ കൂട്ടത്തിൽ ഉൽകൃഷ്ടഗുണങ്ങളും സുകൃതങ്ങളും കൊണ്ടു് പ്രശോഭിച്ചിരുന്ന രണ്ടുപേരുണ്ടായിരുന്നു. അവരിൽ ആരെ തിരഞ്ഞെടുക്കേണ്ടുവെന്നറിയാതെ അവർ

വിഷമിച്ചു. ഒടുവിൽ "കർത്താവേ ഈ രണ്ടുപേരിൽ ആരെയാണു്" സ്വന്തകുററം നിമിത്തം നശിച്ചുപോയ യൂദായിക്കു പകരം അവിടുന്നു സ്വീകരിക്കുന്നതു്" എന്നു പ്രാർത്ഥിച്ചുകൊണ്ടു് കുറിയിട്ടു. കുറി, മത്തിയാസിൻെറ പേരിൽ വീഴുകയും ശിഷ്യൻ എന്ന എളിയസ്ഥാനത്തു നിന്നും അദ്ദേഹം ശ്ലൈഹികപദവിയിലേക്കു ആരോഹണം ചെയ്യപ്പെടുകയും ചെയ്തു. പത്താംദിവസം ഒരു സ്ഥലത്തു് എല്ലാവരും കൂടിയിരുന്നു. അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും കൊടുങ്കാററടിക്കുന്നതുപോലുള്ള ഒരു ശബ്ദം കേട്ടു. അഗ്നിജ്വാലകളുടെ രൂപത്തിൽ പരിശുദ്ധാരൂഹാ അവരുടെ മേൽ ആവസിച്ചു്, അവരെ പരിശുദ്ധാരൂപിയാൽ പരിപൂർണ്ണരാക്കി. ഉടനെ അവർ വിവിധഭാഷകൾ സംസാരിക്കുകയും, ദൈവത്തിൻെറ അത്യത്ഭുത പ്രവൃത്തികളെ സംബന്ധിച്ചു് പ്രസംഗിക്കുകയും ചെയ്തു. അവരുടെ ആത്മാക്കൾ വിസ്മയനീയമായ വിധത്തിൽ ജ്ഞാനത്താലും, ദൈവപ്രസാദത്താലും പരിപുഷ്ടമായി. ഇതോടുകൂടി അവർ വ്യക്തികളുടെ ഒരു സമൂഹം എന്ന നിലയെ അതിലംഘിച്ചു്, മിശിഹായുടെ സൂക്ഷ്മശരീരം അഥവാ ജീവിക്കുന്ന ദൈവത്തിൻെറ സഭയായി രൂപാന്തരപ്പെട്ടു.

## ൫, ശ്ലീഹന്മാരുടെ പ്രസംഗങ്ങളും സഭയുടെ പ്രചാരവും.

ദൈവത്തിൻെറ അഭിലാഷവും, ആജ്ഞയും, അങ്ങു് അബ്രഹാമിനോടു ചെയ്ത വാഗ്ദാനങ്ങളുടെ അനന്തരാവകാശികളായ യൂദന്മാരുടെ ഇടയിൽ ആദ്യം സുവിശേഷം പ്രസംഗിക്കപ്പെടണമെന്നുള്ളതായിരുന്നു. നമ്മുടെ കർത്താവു് ക്നാനായിലെ സ്ത്രീയോടു് "താൻ ഇസ്രായേലിൽ നഷ്ടപ്പെട്ടിരിക്കുന്നവരിലേക്കാണു്, അയക്കപ്പെട്ടിരിക്കുന്നതെ"ന്നു പ്രസ്താവിച്ചതും, രക്ഷകനായി അവതരിച്ച മിശിഹായിൽ വിശ്വസിക്കാതെ, ആ ഭക്തവത്സലനെ നിഷ്ഠുരമായി ക്രൂശിൽ തറച്ചു കൊന്നിട്ടും, നിന്ദാവഹമായ ആ നന്ദിയില്ലായ്മയെ വിസ്മരിച്ചു് സഭയുടെ ആദ്യഫലങ്ങളെ അവരിൽ നിന്നു തെരഞ്ഞെടുത്തതും ഈ ആഗ്രഹത്തിൻെറയും ആജ്ഞയുടെയും പ്രസ്പുടമായ പ്രകാശനങ്ങളാണു്.

പെന്തിക്കോസ്തിതിരുനാൾ ആഘോഷിക്കുന്നതിനായി, അനേകം യൂദന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും അന്നു യെറുശലേം പുരിയിൽ വന്നിരുന്നു. ഇത്ര വലിയ ജനാവലിയെ കണ്ടു സന്തുഷ്ടരായ അപ്പസ്തോലന്മാർ അവരോടു സുവിശേഷം പ്രസംഗിച്ചു. വിസ്മയം! ഓരോ ശ്രോതാവിനും ഏററവും പരിചിതമായ ഭാഷയിൽ അ

വർ പ്രസംഗിക്കുന്നതായി ആ ജനാവലിക്കനുഭവപ്പെട്ടു. അത്യാശ്ചര്യ ഭരിതരായി അവർ പരസ്പരം ചോദിച്ചു "വിവിധ ഭാഷകളിൽ അനർഗ്ഗളമായും, അതിശക്തിയായും പ്രസംഗിക്കുന്ന നിരക്ഷരകുക്ഷികളായ ഈ ഗലീലിയാക്കാർ ആരായിരിക്കും?"

പത്രോസ് അവരോടു പറഞ്ഞു, നിങ്ങൾ അത്ഭുതപ്പെടേണ്ട. നിങ്ങൾ മുൻപു കേട്ടിട്ടുള്ള ഒരു പ്രവചനത്തിൻെറ പൂർത്തികരണം മാത്രമാണിതു്. പത്രോസു തുടൻു, അവർ നിഷ്കരുണം ക്രൂശിച്ച നസ്രായനായ യേശു, അവരുടെ പിതാക്കന്മാർ പ്രത്യാശാപൂർവ്വം പ്രതീക്ഷിച്ചിരുന്ന യഹോവയും, സാക്ഷാൽ ദൈവവുമാണെന്നും അതിനാൽ അവിടുത്തെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചു് അവരുടെ പാപത്തിനു പരിഹാരം പ്രാപിക്കണമെന്നും അവരെ ഉൽബോധിപ്പിച്ചു. ആ ക്ഷണത്തിൽ തന്നെ മൂവായിരംപേർ മാനസാന്തരപ്പെട്ടു സഭാംഗങ്ങളായി. അനന്തരം വി. പത്രോസും വി. യോഹന്നാനുംകൂടി ദേവാലയത്തിലേക്കു പോകുമ്പോൾ മുടന്തനായ ഒരു ഭിക്ഷുവിനെ സുഖപ്പെടുത്തി. ഈ വൃത്താന്തം കേട്ടു് അനേകായിരം ജനങ്ങൾ അവിടെ സമ്മേളിച്ചു. പത്രോസ് അവരോടും പ്രസംഗിക്കുകയും അയ്യായിരം ആളുകൾ ഈ പ്രസംഗഫലമായി സത്യസഭയെ സമാശ്ലേഷിക്കുകയും ഉണ്ടായി.

ഇവയെല്ലാമറിഞ്ഞു ക്ഷുഭിതചിത്തരായ പുരോഹിതന്മാരും സാദ്ദുക്യരും അപ്പസ്തോലന്മാരെ ബന്ധിച്ചു്, കാരാഗൃഹത്തിലടച്ചു. അടുത്ത ദിവസം അവരെ ആലോചനാസഭയുടെ മുമ്പിൽ കൊണ്ടുവന്നു. ആരുടെ അധികാരത്തിലും നാമത്തിലും നിങ്ങൾ ഇപ്രകാരം പ്രവൃത്തിക്കുന്നുവെന്നുള്ള അവരുടെ ചോദ്യത്തിനു "നിങ്ങൾ ക്രൂശിച്ച മിശിഹായുടെ അധികാരത്തിലും നാമത്തിലും എന്നായിരുന്നു" വി. പത്രോസു നൽകിയ മറുപടി. വിദ്യാവിഹീനരും, അജ്ഞരുമായ ഈ ധീവരന്മാരുടെ അന്യാദൃശ്യ ധൈര്യം പ്രസ്തുത സഭാംഗങ്ങളെ വിസ്മയഭരിതരാക്കി. എങ്കിലും സുഖമാക്കപ്പെട്ട മുടന്തനും അവിടെ സന്നിഹിതനായിരുന്നതുകൊണ്ടു ആ അത്ഭുതത്തിൻെറ യാഥാർത്ഥ്യം നിഷേധിക്കുന്നതിനവർക്കു സാധിച്ചില്ല. അതിനാൽ ഇനിയും ഈ നാമത്തിൽ യാതൊരുത്തരോടു പ്രസംഗിക്കരുതെന്നു നിരോധിക്കുകമാത്രമേ അവർ ചെയ്തുള്ളു. ദൈവപ്രചോദിതമായ അചഞ്ചലതയോടെ അപ്പസ്തോലന്മാർ പ്രത്യുച്ചരിച്ചു. "ദൈവത്തെ അനുസരിക്കാതെ, നിങ്ങളെ അനുസരിക്കുന്നതു ന്യായമാണോ എന്നു നിങ്ങൾതന്നെ വിധിപ്പിൻ: "ഞങ്ങൾ ദർശിച്ചിട്ടുള്ളതും ശ്രവിച്ചിട്ടുള്ളതുമായ ഒന്നിനെയും പ്രസംഗിക്കാതിരിപ്പാൻ ഞങ്ങൾക്കു നിവൃത്തിയില്ല". അവരെ കാരാഗൃഹവാസം അനുഭവിപ്പിക്കുന്നതിനു കാരണമൊന്നും കാണാ

തിരുന്നതിനാൽ ആലോചനാസഭ അവരെ വിട്ടയച്ചു. അവർ ഉടനെ വിശ്വാസികളുടെ ഇടയിൽ തിരിച്ചെത്തി സംഭവിച്ചവയെല്ലാം അവരെ അറിയിച്ചു. സന്തുഷ്ടചിത്തരായ ആ ജനസംഘം ദൈവത്തിനു സ്തോത്രം ചെയ്യുകയും, എവിടേയും നിർഭയം സുവിശേഷം പ്രസംഗിക്കുന്നതിനു ശക്തിയും ആത്മധൈര്യവും നൽകുവാൻ പ്രാർത്ഥിക്കുകയും ചെയ്തു.

ദൈവം അത്ഭുതകരമായ തൻെറ വരപ്രദാനത്താൽ, മാനസാന്തരപ്പെട്ടത്തിയ ഹൃദയങ്ങളെ നവീകരിച്ചും, പരിശുദ്ധമാക്കിയും, തൻെറ ശിഷ്യഗണത്തിനു നൽകിയ ഉപദേശങ്ങൾ സ്ഥിരീകരിച്ചു. "അവർ വരപ്രസാദസമ്പൂർണ്ണരായിരുന്നു." ഒരവസരത്തിൽ അവർ സോളമൻെറ ഭവനത്തിൻെറ പൂമുഖത്തു് സമ്മേളിച്ചിരിക്കുകയായിരുന്നു. ജനാവലിക്കു അവരോടുകൂടി ചേരുന്നതിനു ധൈര്യമില്ലായിരുന്നു. എന്നാൽ അവർ അത്ഭുതങ്ങൾ പ്രവർത്തിച്ചുവന്നതിനാൽ അവരെ ആദരിക്കാതിരിക്കുവാനും അവക്കു കഴിഞ്ഞില്ല. എന്നു മാത്രമല്ല പത്രോസിൻെറ നിഴലേററു് സൗഖ്യം പ്രാപിക്കുന്നതിനു അനേകം രോഗികളെ അവർ തെരുവീഥിയിലേക്കു നയിയ്ക്കുകയും ചെയ്തു. അവരെല്ലാം സുഖം പ്രാപിച്ചു. എന്നാൽ നീചരും ദുഷ്ടരുമായ സാദൂക്യരുടെ ദുരുപദേശങ്ങളാൽ ശ്ലീഹന്മാരോടു, അസൂയയും വൈരവും വർദ്ധിച്ച മഹാപുരോഹിതൻ, അവരെ വീണ്ടും ബന്ധിച്ചു് കരാഗൃഹത്തിലടയ്ക്കുവാൻ ആജ്ഞാപിച്ചു. പക്ഷെ പ്രശാന്തമായ നിശാവേളയിൽ ദൈവദൂതൻ അവക്കു പ്രത്യക്ഷപ്പെട്ടു് അവരെ ബന്ധനവിമുക്തരാക്കി, ദേവാലയത്തിൽ പോയി നിത്യജീവൻെറ വചനങ്ങൾ പ്രസംഗിക്കുവാൻ അവരോടു കല്പിച്ചു. പ്രഭാതത്തിൽ മഹാപുരോഹിതൻ, ശ്ലീഹന്മാരെ അയാളുടെ സവിധത്തിലേക്കാനയിക്കുവാൻ ദൂതനെ അയച്ചു. കാരാഗൃഹം ഭദ്രമായി പൂട്ടപ്പെട്ടിരുന്നുവെങ്കിലും ശ്ലീഹന്മാർ ദേവാലയത്തിൽ നിന്നു പ്രസംഗിക്കുന്നതായി അവർ കണ്ടു. വിവരം അറിഞ്ഞു ക്രുദ്ധനായ പുരോഹിതൻ, ശ്ലീഹന്മാരെ ബന്ധിച്ചുയയ്ക്കുവാൻ ദേവാലയപ്രധാനിയോടാവശ്യപ്പെട്ടു. അയാൾ അപ്രകാരം ചെയ്തു. എങ്കിലും ജനങ്ങളെ ഭയന്നു അവരെ ഉപദ്രവിക്കുവാൻ അയാൾ ധൈര്യപ്പെട്ടില്ല. മഹാപുരോഹിതൻ സഗൗരവം അവരോടു ചോദിച്ചു. "യേശുവിൻെറ നാമത്തിൽ യാതൊന്നും പഠിപ്പിക്കരുതെന്നു നിങ്ങളെ ഞങ്ങൾ വ്യക്തമായി ധരിപ്പിച്ചിരുന്നില്ലേ? എന്നിട്ടും നിങ്ങളുടെ ഉപദേശം യെരുശലേം മുഴുവൻ വ്യാപിപ്പിച്ചു കഴിഞ്ഞിരിക്കുന്നല്ലോ? ആ ന്യായക്കാരൻെറ രക്തം ഞങ്ങളുടെ മേൽ വീഴ്ത്തുവാൻ ആണോ നിങ്ങൾ ഉദ്ദേശിക്കുന്നതു്. അതിനു ശ്ലീഹന്മാരിൽ പ്രമാണിയും ഉത്തരം പറയുന്നതിൽ സദാ പ്രമുഖനുമായ പ

ത്രോസു് "ഞങ്ങൾ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കുവാൻ നിർബന്ധിതരാണു്." "നിങ്ങൾ അന്യായമായി വധിച്ച യേശുവിനെ ദൈവം ഉയർത്തി കർത്താവും രക്ഷകനുമായി മഹത്വപ്പെടുത്തിയിരിക്കുന്നു" എന്നു പറഞ്ഞു. കോപാക്രാന്തരായിത്തീർന്ന സംഘക്കാർ, ശ്ലീഹന്മാരെ വധശിക്ഷയ്ക്കു വിധിക്കുവാൻ സന്നദ്ധരായി. അപ്പോൾ നിയമപടുവായ ഗമാലിയേൽ അവരോടു പറഞ്ഞു 'നിങ്ങൾ ഈ മനുഷ്യരെ വിട്ടയപ്പീൻ, അവരെ ഉപദ്രവിക്കരുതു്". ഈ ആലോചന അഥവാ പ്രസ്ഥാനം മനുഷ്യസൃഷ്ടമെങ്കിൽ അതു താനെ നശിച്ചുപോകും. പ്രത്യുത ദൈവസ്ഥാപിതമാണെങ്കിലോ അതിനെ ഉൻമൂലനം ചെയ്യുവാൻ നിങ്ങൾ പ്രാപ്തരല്ല". ബുദ്ധിപൂർവ്വമായ ഈ ഉപദേശം എല്ലാവരും സ്വീകരിച്ചു. എങ്കിലും, യേശുവിന്റെ നാമത്തിൽ ഇനിയും പ്രസംഗിക്കരുതെന്നു നിഷ്കർഷിക്കുകയും അവരെ ദണ്ഡിപ്പിക്കുകയും ചെയ്യാതിരുന്നില്ല ശ്ലീഹന്മാർക്കാകട്ടെ, ഇതിൽ അത്യധികമായ സന്തോഷമാണുണ്ടായതു്. കർത്താവിനുവേണ്ടി അവമാനം സഹിക്കുവാൻ തങ്ങളെ അർഹരായി ഗണിച്ചല്ലോ എന്നുള്ളതായിരുന്നു അവരുടെ സന്തോഷനിദാനം. അനന്തരം അവർ ദേവാലയത്തിലും ഓരോ ഭവനത്തിലും ചെന്നു ദൈവവചനം പ്രസംഗിച്ചു. എന്നാൽ ദിവ്യപൂജാർപ്പണവും കൂദാശകളും രഹസ്യസ്ഥലങ്ങളിൽ വച്ചു മാത്രമേ നടത്തിയുള്ളു. കാരണം പിൽക്കാലത്തേപ്പോലെ വിശ്വാസികൾക്കു സമ്മേളിക്കുന്നതിനും മറ്റും സൌകർയ്യമായ പൊതുസ്ഥലങ്ങൾ അവർക്കുണ്ടായിരുന്നില്ല.

ശിഷ്യഗണം പ്രതിദിനം വർദ്ധിച്ചു വന്നു. വി. ലൂക്കാസു അപ്പസ്തോലൻ 'നടപടി' എന്ന ഗ്രന്ഥമെഴുതിയപ്പോൾ തന്നെ അവർ ഗണ്യമായ ഒരു സംഖ്യ ഉണ്ടായിരുന്നു. എല്ലാ ജാതികളിൽ നിന്നും എല്ലാ പ്രായത്തിലുമുള്ളവരേ സഭാസന്താനങ്ങളായി സ്വീകരിച്ചു. ഒരു ഹൃദയവും ഒരു ആത്മാവുമെന്നപോലെ സുദൃഢമായ ഐകമത്യത്തിലും നിസ്തുലമായ സ്നേഹത്തിലും അവർ ജീവിക്കയും ചെയ്തു. ആരെയും അവർ ദരിദ്രരായോ, നിസ്സഹായരായോ പരിത്യജിച്ചില്ല. ഓരോരുത്തരും അവർക്കുള്ള സകല സമ്പത്തുകളും വിറ്റു് ആ പണം ശ്ലീഹന്മാരുടെ പാദങ്ങളിൽ സമർപ്പിക്കയും, അവർ അതിനെ ഓരോരുത്തരുടേയും ആവശ്യാനുസരണം വിഭജിച്ചുകൊടുക്കുകയുമായിരുന്നു അന്നത്തെ പതിവു്. എന്നാൽ ഏറെ താമസിയാതെ ഈ ജോലി നിർവ്വിഘ്നം നിർവ്വഹിപ്പാൻ അപ്പസ്തോലന്മാർക്കു സൌകർയ്യമില്ലാതെ വന്നു. അതിനാൽ, പരിശുദ്ധാരൂപിയാൽ പരിപൂർണ്ണരും, ജ്ഞാനസമ്പുഷ്ടരുമായ ഏഴു, ആറാംപട്ടക്കാർക്കു് ഈ ജോലി

വിട്ടുകൊടുത്തു. വി. സ്തേഫാനോസായിരുന്നു ഇവരിൽ പ്രധാനി. അദ്ദേഹം പ്രവർത്തിച്ചുവന്ന ബഹുലങ്ങളായ അത്ഭുതപ്രവൃത്തികളും, അദ്ദേഹത്തിന്റെ അനന്യസാധാരണമായ പ്രസംഗചാതുര്യവും, അത്ഭുതാവഹമായ വിജയപ്രാപ്തിയും അവിശ്വാസികളായ യൂദന്മാരുടെ പ്രത്യേക വൈരത്തിന് പാത്രമാക്കി. ദൈവദൂഷണം എന്ന അപരാധം ആരോപിച്ച് പ്രധാനാചാര്യൻ വി. സ്തേഫാനോസിനെ വിസ്തരിച്ചു. വിശുദ്ധനാവട്ടെ ശക്തിയുക്തങ്ങളായ പ്രത്യുത്തരങ്ങളാൽ പ്രധാനാചാര്യനെ പരാജയപ്പെടുത്തുകയാണ് ചെയ്തത്. കൃതഘ്നരായ നരവംശത്തോട് ദൈവത്തിനുള്ള അമൂല്യസ്നേഹത്തേയും, അവിടുന്ന് അവരുടെ മേൽ വർഷിച്ചിട്ടുള്ള അനർഘാനുഗ്രഹങ്ങളേയും, അവർ നിർഘൃണം ക്രൂശിച്ച മിശിഹായുടെ ദൈവത്വത്തേയും മറ്റും പരാമർശിച്ച് സുവ്യക്തമായും അനിഷേധ്യമായും അദ്ദേഹം അവരോടു പ്രസംഗിക്കുകയും ചെയ്തു. ഇതു കേട്ട് ക്രുദ്ധനായ ആചാര്യനും, കൂട്ടരും ദയാലേശമെന്യേ ആ ദിവ്യനെ വലിച്ചിഴച്ച് പട്ടണത്തിനു പുറത്തു കൊണ്ടുപോയി കല്ലെറിഞ്ഞു കൊന്നു. (നടപടി. 6: 7.) ആ വിശുദ്ധൻ അപ്പോഴും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് ചെയ്തത്. നിഷ്കന്മഷനായ അദ്ദേഹത്തിന്റെ വിനീതമായ പ്രാർത്ഥന മഹത്തരമായ ഫലങ്ങളെ പ്രദാനം ചെയ്യാതെയുമിരുന്നില്ല.

വി. സ്തേഫാനോസിന്റെ വധം ശൈശവദശയിലിരുന്ന സഭയ്ക്കു പൊതുവേയുണ്ടാകുവാനിരുന്ന നിഷ്ഠുരമർദ്ദനങ്ങളുടെ ഒരു സൂചനം മാത്രമായിരുന്നു. വിശ്വാസികൾ പലസ്തീനിൽ സർവ്വത്ര ചിതറപ്പെട്ടു. എന്നാൽ പോയ സ്ഥലങ്ങളിലെല്ലാം സഭാദീപത്തിന്റെ പ്രഭാപ്രസരം അവർ ചൊരിഞ്ഞു. ഇങ്ങനെ സർവ്വശക്തനായ ദൈവം തന്റെ ദിവ്യോദ്ദേശസിദ്ധിക്കായി ശത്രുക്കളെത്തന്നെ ഉപകരണമായി സ്വീകരിച്ചു. ചിലർ ഫെനീഷ്യയിലും ചിലർ സൈപ്രസിലും, മറ്റു ചിലർ അന്ത്യോഖ്യായിലും സുവിശേഷം പ്രചരിപ്പിക്കുന്നതിനായി പുറപ്പെട്ടു. വി. പിലിപ്പോസ് എന്ന ആറാം പട്ടക്കാരൻ ശമരിയാനിവാസികളിൽ അനേകം പേരെ മാനസാന്തരപ്പെടുത്തി. വി. അനനിയാസ് ദമസ്കോസിൽ ഒരു സഭ സ്ഥാപിച്ചു. വി. സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊന്നവരുടെ സഹായകനും, ക്രിസ്തുമതവിദ്വേഷത്താൽ കലുഷിതനുമായ ശൗൽ എന്ന യുവാവിന് ഇതിൽ വലുതായ ഈർഷ്യയുണ്ടായി. അയാൾ, ദമസ്കോസിലെ സകല ക്രിസ്ത്യാനികളേയും ബന്ധിച്ച് യെറുശലേമിലേക്കു കൊണ്ടുവരുന്നതിന് ആചാര്യനിൽ നിന്നും അധികാരപത്രവും വാങ്ങി ദമസ്കോസുപട്ടണത്തിലേക്കു തിരിച്ചു. യാത്രാമദ്ധ്യേ സ്വർഗ്ഗപ്രകാശത്തേ

യും വിജയിക്കുന്ന ഒരു സ്വർഗ്ഗീയ തേജസ്സ് അയാൾക്കു പ്രത്യക്ഷപ്പെട്ടു. "ശൗലേ! ശൗലേ! നീ എന്തുകൊണ്ട് എന്നെ പീഡിപ്പിക്കുന്നു?" എന്ന ഒരശരീരിവാക്യവും ആ പ്രകാശത്തിൽ നിന്നു കേട്ടു. അയാൾ ഭയപരവശനായി നിലത്തു വീണു. അയാൾ ചോദിച്ചു "പ്രഭോ അവിടുന്ന് ആരാണ്?"

"ഞാനല്ലയോ നീ പീഡിപ്പിക്കുന്ന യേശു"

ശൌൽ ആശ്ചര്യഭരിതനായി വിറച്ചുകൊണ്ടു ചോദിച്ചു. "കർത്താവേ! ഞാൻ എന്തു ചെയ്യണമെന്നാണ് അവിടുത്തെ ആഗ്രഹം?"

യേശു അവനോടു പറഞ്ഞു, "നീ എഴുനേററു ദമസ്കോസിലേക്കു തന്നെ പോവുക, നീ എന്താണ് ചെയ്യേണ്ടതെന്ന് അവിടെ നിന്നോടറിയിക്കും". ദിവ്യപ്രകാശത്തിൻെറ പ്രഭാശക്തിയാൽ അന്ധനായിത്തീർന്ന ശൗലിനെ സ്വാനുയായികൾ അയാൾ വധിക്കുവാൻ പോയ അനനിയാസിൻെറ ഭവനത്തിലേക്കു നയിച്ചു. അവിടെ അനനിയാസിൽ നിന്നും ക്രിസ്തുമതജ്ഞാനവും ജ്ഞാനസ്നാനവും സ്വീകരിച്ചശേഷം ദേവാലയങ്ങളിൽ ക്രിസ്തുവിനേക്കുറിച്ചു പ്രസംഗിച്ചുതുടങ്ങി. അത്ഭുതകരമായി നടന്ന ഈ മാനസാന്തരം യൂദജനത്തെ വിസ്മയഭരിതരും രോഷകലുഷിതരും ആക്കി. എന്നാൽ ശൌൽ ഇതുകൊണ്ടൊന്നും അധൈര്യപ്പെട്ടില്ല. "നാം വധിച്ച നസ്രായനായ യേശു തന്നെയാണു രക്ഷിതാവായ ക്രിസ്തു" എന്നു അയാൾ ശക്തിയുക്തം യൂദരേ ഉൽബോധിപ്പിച്ചു, അവരെ പരാജയപ്പെടുത്തി. ലജ്ജാവഹമായ ഈ പരാജയം അവരുടെ വൈരത്തെ അതിമാത്രം വർദ്ധിപ്പിച്ചു. ശൌൽ അവരുടെ പ്രത്യേക വൈരത്തിനു പാത്രമായി. അയാളെ നിഗ്രഹിക്കുവാൻ നിഗൂഢങ്ങളായ പല തന്ത്രങ്ങളും അവർ പ്രയോഗിച്ചുതുടങ്ങി. എന്നാൽ ശ്ലീഹന്മാരുടെ പ്രത്യേക സംരക്ഷണങ്ങളാൽ, അവയിൽനിന്നെല്ലാം അദ്ദേഹം രക്ഷപെട്ടു. ഒരു പ്രാവശ്യം നഗരവളപ്പിനുള്ളിൽനിന്നും ഒരു കുട്ടയിൽ കെട്ടിയിറക്കിയാണ് അദ്ദേഹത്തെ അവർ രക്ഷിച്ചത്.

ഇതുവരെ യൂദന്മാരുടെ ഇടയിൽ മാത്രമേ സുവിശേഷം പ്രസംഗിക്കപ്പെട്ടിരുന്നുള്ളു. എന്നാൽ മിശിഹായുടെ രാജ്യം സകല ജാതികൾക്കും വേണ്ടിയുള്ളതാണല്ലോ. അതിനാൽ പുറജാതികളുടെ ഇടയിലും സത്യവിശ്വാസം പ്രചരിപ്പിക്കേണ്ടത് അവശ്യമായിത്തീർന്നു. കൈസറിയായിൽ കൊർന്നേലിയൂസ് എന്ന പേരോടുകൂടി ധർമ്മിഷ്ഠനും ദൈവഭക്തനുമായ ഒരു ശതാധിപൻ ഉണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദൈവദൂതൻ പ്രത്യക്ഷനായി "നിൻെറ സർവ്വ പ്രാർത്ഥനകളും ദാനങ്ങളും ദൈവത്തെ അത്യധികം പ്രസാദിപ്പിച്ചിരിക്കു

ന്നു എന്നും നിൻെറ രക്ഷാമാൎഗ്ഗം നിനക്കു ഉപദേശിച്ചു തരുന്നതിനായി യോപ്പായിൽ വസിക്കുന്ന പത്രോസ് എന്നായാളിനെ വരുത്തണമെന്നും" അറിയിച്ചു. ശതാധിപൻ ഉടൻതന്നെ മൂന്നു പടയാളികളെ യോപ്പായിലേക്കയച്ചു. ആ സമയം ഒരു ദൈവദൂതൻ പത്രോസിനു പ്രത്യക്ഷപ്പെട്ടു കൊർന്നേലിയൂസിൻെറ ദൂതന്മാരോടുകൂടി യോപ്പായിലേക്കു പോകുവാൻ ആജ്ഞാപിക്കുകയുണ്ടായി. പുറജാതികളെ സ്വീകരിക്കുന്ന വിഷയത്തിൽ പത്രോസിനുണ്ടായിരുന്ന സംശയം ഇങ്ങനെയാണു ദൂരീകൃതമായത്. പത്രോസു കൊൎന്നേലിയൂസിൻെറ ഭവനത്തിൽ ചെന്നപ്പോൾ കൊൎന്നേലിയൂസിൻെറ സ്നേഹിതന്മാരും മററുമായി അനേകം പേർ സന്നിഹിതരായിരുന്നു. അവരോടും കൊൎന്നേലിയൂസിൻെറ കുടുംബത്തോടും ത്രോസു, മിശിഹായുടെ ജീവിതതത്വങ്ങളേയും അത്ഭുതപ്രവൎത്തനങ്ങളേയും മിശിഹാ വഴിയായുള്ള വീണ്ടെടുപ്പിനേയും മററും പററി സുദീർഘമായും സുവ്യക്തമായും പ്രസംഗിച്ചു. പ്രസംഗം തുടൎന്നുകൊണ്ടിരുന്നപ്പോൾതന്നേ പരിശുദ്ധാത്മാവ് അവരുടെമേൽ ആവസിച്ചു. വിവിധ ഭാഷകളിൽ അവർ സംസാരിക്കുന്നതിനും ആരംഭിച്ചു. വിശുദ്ധ ശ്ലീഹായോടുകൂടി വന്നിരുന്ന മതപരിവൎത്തനം ചെയ്ത യൂദന്മാർ ഇതുകണ്ടു വിസ്മയഭരിതരായി. അപ്പോൾ പത്രോസ് "അല്ലയോ ജനങ്ങളെ നമ്മേപ്പോലെതന്നെ പരിശുദ്ധാത്മാവിനെ സ്വീകരിച്ചിരിക്കുന്ന ഈ ജനങ്ങളെ ജ്ഞാനസ്നാനപ്പെടുത്തുന്നതിനെ നിരോധിക്കുവാൻ ആർ ധൈൎയ്യപ്പെടും" എന്നു ചോദിച്ചു. ഇപ്രകാരം സ്വൎഗ്ഗരാജ്യത്തിൻെറ താക്കോൽ ഏററുവാങ്ങിയ പത്രോസു പെന്തിക്കുസ്തിനാളിൽ യൂദന്മാൎക്ക് എന്നപോലെ പുറജാതികൾക്കും അതിൻെറ കവാടങ്ങൾ എന്നെന്നേക്കുമായി തുറന്നുകൊടുത്തു.

തിരുസഭ അതിഭയങ്കരമായ വേറൊരു പീഡനം സഹിക്കുവാനുള്ള സമയം സമാഗതമായി. മിശിഹായെ ചുവപ്പുവസ്ത്രം ധരിപ്പിച്ച ഹേറോദേസിൻെറ അനന്തിരവനായ ഹേറോദോസ് അഗ്രിപ്പായായിരുന്നു ഈ അവസരത്തിലെ സംഹാരമൂൎത്തി. വി. യോഹന്നാൻെറ സഹോദരനായ വലിയ യാക്കോബിൻെറ വധം ഈ ദുഃഖനാടകത്തിൻെറ നാന്ദിയും ആയിരുന്നു. യൂദന്മാരുടെ സ്നേഹബഹുമാനങ്ങൾ ധാരാളം സമാൎജ്ജിക്കുവാൻ സഹായിച്ച ഈ വധം അഗ്രിപ്പായുടെ സംഹാരതൃഷ്ണയെ അസാമാന്യമായി വൎദ്ധിപ്പിച്ചു. വി. പത്രോസിനേയും അയാൾ കാരാഗൃഹത്തിലടച്ചു. എന്നാൽ സഭയുടെ തലവനുവേണ്ടി വിശ്വാസികൾ ചെയ്ത നിരന്തരമായ പ്രാൎത്ഥന ആകാശത്തട്ടിനേയും തുളച്ചുകയറി. കരുണാവാരിധിയായ ദൈവം ഒരു മാലാഖായെ അയച്ചു വി. പത്രോസിനെ സ്വ

തന്ത്രനാക്കി. എന്നാൽ ഏതാനും നാളത്തേക്കു അദ്ദേഹം രഹസ്യമായി ജീവിക്കുകയാണു ചെയ്തതു്. ദുഷ്ടനും നിഷ്ഠുരനുമായ ഹേറോദേസിൻെറ ഘോരവിക്രിയകൾ അധികനാൾ തുടരുവാൻ നീതിമാനായ ദൈവം അനുവദിച്ചില്ല. പ്രതാപപ്രാബല്യങ്ങളുടെ അത്യുച്ചസ്ഥാനത്തെത്തിയ അയാൾ ഒരു ഭയങ്കര രോഗത്താൽ അകാലചരമം അടഞ്ഞു. അയാളുടെ ശവസംസ്കാരം, വാസ്തവത്തിൽ മതമർദ്ദനത്തിൻെറയും ശവസംസ്കാരമായിരുന്നു. അതിനുശേഷം സഭയ്ക്കു ഗണ്യമായ അഭിവൃദ്ധി ഉണ്ടായി.

പോൾ അഥവാ പൌലോസ് എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന ശൗലിനെ, പുറജാതികളുടെ ശ്ലീഹായായി ദൈവം നിയോഗിച്ചു. വി. ബർന്നബാസും ഇതേ ജോലിക്കായി തിരഞ്ഞെടുക്കപ്പെട്ടു. അവർ ഇരുവരുംകൂടെ സെലേവൂസ്യാ (Seleucia) സലാമീസ് (Salamis) പാഫോസ് (Paphos) എന്ന ദേശങ്ങളിൽ സഞ്ചരിച്ചു സുവിശേഷം അറിയിച്ചു. പാഫോസിലെ റോമൻ അധികാരിയായ സെർജിയൂസ് പാവുളിസിനെ മാനസാന്തരപ്പെടുത്തുന്നതിനു വി. പൌലൂസിനു സാധിച്ചുവെന്നതു പ്രത്യേകം സ്മരണീയമായ ഒരു സംഭവമാണു്. പാംഫിലിയായിലെ (Pamphylia) പെർഗാപുരിയിലും (Perga) പിസിഡിയായിലെ (Pisidia) അന്ത്യോഖ്യാപട്ടണത്തിലും ഇവർ നടത്തിയ പ്രേഷിതവേലയും അത്യന്തം വിജയകരങ്ങളായിരുന്നു. എന്നാൽ എല്ലാ സ്ഥലങ്ങളിലും യൂദന്മാരുടെ ശക്തിയായ പ്രതിഷേധം ഉണ്ടാകാതിരുന്നില്ല. അന്ത്യോഖ്യായിൽ ആ പ്രതിഷേധം ഏറാറവും ഭയങ്കരമായിരുന്നു. അതിനാൽ "നിങ്ങൾ ദൈവവചനം നിരസിക്കുകയും നിത്യജീവനു നിങ്ങൾ തന്നെ അയോഗ്യരെന്നു സ്വയം തീരുമാനിക്കുകയും ചെയ്തിരിക്കുകയാൽ ഞങ്ങൾ ഇതാ പുറജാതികളുടെ പക്കലേക്കു പോകുന്നു" എന്നു അവർ പ്രസ്താവിച്ചു. ഈ പ്രസ്താവം അത്യുഗ്രമായ ഒരു മതമർദ്ദനത്തിനു ഹേതുവുണ്ടാക്കി. യൂദന്മാർ വി. പൌലൂസിനേയും വി. ബർന്നബാസിനേയും അവിടെനിന്നും നിഷ്കാസനം ചെയ്തു. അവരാകട്ടെ ദിവ്യഗുരുവിൻെറ ഉപദേശാനുസരണം അവരുടെ പാദങ്ങളിലെ പൊടിയും തട്ടിക്കളഞ്ഞു. "ഇക്കോനിയം" എന്ന പട്ടണത്തിലേക്കു പോയി. ഇക്കോനിയായിൽ (Iconium) നിന്നും അവർ പോയതു ലിക്കാവോണിയായിലെ (Lycaonia) നഗരങ്ങളിലേക്കായിരുന്നു. അവിടെ അനേകം പീഡകൾ സഹിച്ചശേഷം സിറിയായിലുള്ള അന്ത്യോഖ്യാപട്ടണത്തിലേക്കു അവർ മടങ്ങി.

പുതുതായി ക്രിസ്തുമതം സ്വീകരിച്ച ചില യൂദന്മാർ മൂശയുടെ പ്രമാണങ്ങൾക്കു വലുതായ പ്രധാന്യം നൽകി. പുറജാതികളിൽനിന്നും മാനസാന്തരപ്പെടുന്നവരും ആ പ്രമാണങ്ങളെ അനുസരിക്കണമെന്നു അവർ നിർബന്ധിച്ചു ചേലാകർമ്മത്തിന്റെ വിഷയത്തിൽ പ്രത്യേകിച്ചും ഈ നിർബന്ധം വളരെ ശക്തിപ്പെട്ടു. ചേലാകർമ്മം സ്വീകരിക്കുകയും മൂശയുടെ മററു പ്രമാണങ്ങളെ അനുസരിക്കുകയും ചെയ്തില്ലെങ്കിൽ രക്ഷിക്കപ്പെടുവാൻ അസാദ്ധ്യമാണെന്നുപോലും അവർ പ്രസംഗിച്ചുതുടങ്ങി. ഇവരുടെ ഈ പ്രസ്താവങ്ങൾ അന്ത്യോഖ്യായിൽ വലുതായ ക്ഷോഭം ഉളവാക്കി. വി. പൌലോസും വി. ബർന്നബാസും ഈ അഭിപ്രായത്തെ ശക്തിയായി എതിർക്കുകതന്നെ ചെയ്തു. മിശിഹായുടെ മനുഷ്യാവതാരം പഴയനിയമം പൂർത്തികരിപ്പാൻ ആയിരുന്നുവെന്നും അപ്രകാരം അതു പൂർത്തിയായിരിക്കുന്നതിനാൽ പഴയ പ്രമാണങ്ങൾ തിരസ്കൃതങ്ങളായി കരുതണമെന്നും, അങ്ങനെ നോക്കുമ്പോൾ ചേലാകർമ്മവും തിരസ്കൃതമായ ഒരു കർമ്മമാണെന്നും, അതിനാൽ അതിനെ സ്വീകരിക്കുന്നവർക്കും സ്വീകരിക്കണമെന്നു നിർബന്ധിക്കുന്നവർക്കും ദൈവപ്രസാദം ലഭിക്കുകയില്ലെന്നുമായിരുന്നു ഇവരുടെ അഭിപ്രായം. എന്നാൽ ഇതുകൊണ്ടു് ഈ വാദം അവസാനിക്കാതിരുന്നതിനാൽ മററു ശ്ലീഹന്മാരോടുകൂടി ആലോചിക്കുന്നതു യുക്തമെന്നവർക്കു തോന്നി. മാത്രമല്ല, ഇപ്രകാരം ചെയ്‌വാൻ വി. പൌലോസിനു് ഒരു ദിവ്യപ്രേരണയും ഉണ്ടായി എന്നാണറിവു്. അവർ യെറുശലേമിൽ വന്നു തിരുസഭയുടെ വിജയസ്തംഭങ്ങളായി പരിലസിച്ചിരുന്ന വി. പത്രോസു്, വി. യാക്കോബു്, വി. യോഹന്നാൻ എന്നിവരോടു് ഇതിനെക്കുറിച്ചു ആലോചിച്ചു. അനന്തരം വി. പൌലൂസു് മിശിഹായിൽനിന്നു തനിക്കു നേരിട്ടു ലഭിച്ചതും, താൻ പുറജാതികളെ പഠിപ്പിക്കുന്നതുമായ വിശ്വാസസത്യങ്ങളും, വി. പത്രോസു് മുതലായവർ പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങളും തമ്മിൽ താരതമ്യം ചെയ്തു. വി. പൌലൂസിന്റെ ഉപദേശങ്ങൾ അവർ സ്വീകരിച്ചു. പുറജാതികളുടെ ഇടയിലെ അദ്ദേഹത്തിന്റെ മിഷ്യൻവേലയും അവർ അംഗീകരിച്ചു. ചേലാകർമ്മവാദത്തെപ്പററി അപ്പസ്തോലസംഘം ഇങ്ങനെയാണു തീരുമാനിച്ചതു്. "പുറജാതികളുടെ പൂജാർച്ചിതവസ്തുക്കളെ ഭക്ഷിക്കുകയോ ജീവനുള്ള ജന്തുക്കളുടെ രക്തം പാനംചെയ്കയോ, ശ്വാസംമുട്ടിച്ചു കൊന്നവയെ ഉപയോഗിക്കുകയോ, വ്യഭിചാരം പ്രവർത്തിക്കുകയോ ചെയ്യാതിരിക്കുന്നതിൽ കൂടുതലായി യാതൊരു കടമയും നിങ്ങളുടെ മേൽ ചുമത്തേണ്ട ആവശ്യമില്ലെന്നാണു് പരിശുദ്ധാരൂപിയുടേയും ഞങ്ങളുടേയും അഭിപ്രായം.

സഭ ആദ്യമായി സംഘം ചേൎന്നു നടത്തിയ ആലോചനയുടെ അഥവാ സൂനഹദോസിൻെറ പ്രഥമട്ടഷ്ഠാനതവും, പിന്നീട്ടു് എല്ലാ സൂനഹദോസുകളിലും അഭേദ്യമായി പാലിച്ചു വന്ന നടപടികളുടെ മാതൃകയും ഇവിടെ നാം കാണുന്നു. ചേലാകൎമ്മം സംബന്ധിച്ചുള്ള വാദം ഗൗരവഘട്ടത്തിൽ എത്തുന്നു. വിവരം വി. പത്രോസു് [illegible] അപ്പസ്തോലസംഘത്തെ അറിയിക്കുന്നു. പത്രോസു് അദ്ദേഹത്തിൻെറ അഭിപ്രായം പ്രസ്താവിക്കുന്നു. വി. യാക്കോബും മററു് അപ്പസ്തോലന്മാരും അതിനെ അനുകൂലിക്കുന്നു. ശക്തിയായ വാദപ്രതിവാദങ്ങൾ നടക്കുന്നു. അവസാനം പത്രോസു് വിധി പ്രസ്താവിക്കുന്നു. ആ വിധിയോ, കേവലം വായുവിൽ ലയിച്ചുപോകുവാൻ അനുവദിക്കാതെ രേഖപ്പെടുത്തി, അന്ത്യോഖ്യാസഭയിലേക്കയക്കുന്നു. ഇതാണു് അവിടെ നടന്ന സംഭവം. ഇതു് കേവലം ഒരു മനുഷ്യൻ ചെയ്യുന്ന തീരുമാനമായിട്ടാണു് നമുക്കു പ്രത്യക്ഷത്തിൽ തോന്നുന്നതു്. എന്നാൽ യഥാൎത്ഥം അങ്ങനെയല്ല. അതു് സൎവ്വശക്തനായ ദൈവത്തിൻെറ തീരുമാനം തന്നെയാണു്. "പരിശുദ്ധാ റൂഹായ്ക്കും ഞങ്ങൾക്കും നന്നായിട്ടു തോന്നുന്നു" എന്നാണല്ലൊ വിധിയുടെ പ്രാരംഭവാചകം തന്നെ. പ്രാദേശികസഭകളിലേക്കിതയച്ചുകൊടുക്കുന്നതോ കേവലം പരിശോധനയ്ക്കായിട്ടല്ല. പ്രത്യുത അവരുടെ പരിപൂൎണ്ണമായ അനുഷ്ഠാനത്തിനായിട്ടാണു് എന്നുള്ളതും പ്രത്യേകം ഓൎക്കേണ്ട ഒരു സംഗതിയാണു്. വിശ്വാസം, നടപടി ഇവയെ സംബന്ധിക്കുന്ന എല്ലാ വാദങ്ങളും ഇപ്രകാരം തിരുസഭയുടെ പരമാദ്ധ്യക്ഷൻ തന്നെ അവസാനമായി തീരുമാനിക്കുന്നു. പരിശുദ്ധാരൂപി സഭയിലും സഭ വഴിയായും സംസാരിക്കുന്നതു് ഇങ്ങനെയാണു്. വി. പൗലോസു് അനന്തരം, സിറിയായിലും സിലീഷ്യായിലും സഞ്ചരിച്ചു് "അവിടെയുള്ള സഭകളെ സ്ഥിരീകരിക്കുകയും, അപ്പസ്തോലന്മാരുടേയും പൂൎവ്വപിതാക്കന്മാരുടേയും ഉപദേശങ്ങൾ അനുസരിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു"തായി വി. ലിഖിതത്തിൽ നാം വായിക്കുന്നു.

ഈ സമ്മേളനം കഴിഞ്ഞു് ഏതാനും വത്സരങ്ങൾക്കു ശേഷം അനനിയാസു് എന്ന മഹാ പുരോഹിതൻ അന്നു് യേറുശലേം മെത്രാനായിരുന്ന വി. യാക്കോബിനെ സൻഹെദ്രീൻസംഘത്തിൻെറ ഒരു വിശേഷാൽ യോഗത്തിലേക്കു ക്ഷണിച്ചു. അനുകരണീയമായ സ്വഭാവഗുണങ്ങളാലും, അന്യാദൃശമായ ജീവിതവിശുദ്ധിയാലും വിശ്വാസികളുടെ മാത്രമല്ല, അവിശ്വാസികളുടെയും നിഷ്കളങ്കമായ സ്നേഹാദരങ്ങളെ ധാരാളം സമാൎജ്ജിച്ച ഒരു വന്ദ്യദേഹമായിരുന്നു ഈ ശ്ലീഹാ. പരുക്കൻവസ്ത്രം ധരിച്ചും തലമുടിവളൎത്തിയും, പച്ചവെള്ളം മാത്രം പാനം ചെയ്തും, നിഷ്ഠാ

ട്ടകനായും നയിച്ച അദ്ദേഹത്തിൻെറ ജീവിതം ഒരു ഘോരതപസ്സു തന്നെയായിരുന്നു. അവിശ്വാസികളുടെ മാനസാന്തരത്തിനായി അനേകം മണിക്കൂറുകൾ ഇദ്ദേഹം ദേവാലയത്തിൽ മുട്ടിന്മേൽ നിന്നുകൊണ്ടു തന്നെ പ്രാർത്ഥിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ കാൽമുട്ടുകൾ ഒട്ടകത്തിൻെറ കാലുപോലെ കട്ടിയുള്ളതായിത്തീർന്നുവെന്നാണു് പറയപ്പെടുന്നതു്. വി. യാക്കോബിൻെറ അനന്യസാധാരണമായ സൗമ്യശീലവും, പരസ്നേഹവും "നീതിമാൻ" എന്ന അപരനാമത്തെ അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തിരുന്നു. ഈ "നീതിമാൻ'' ആണു് മഹാപുരോഹിതൻെറ ക്ഷണാനുസരണം അയാളുടെ സവിധത്തിൽ സന്നിഹിതനായിരിക്കുന്നതു്.

മഹാപുരോഹിതൻ പറഞ്ഞു. "ജനതതി അവരുടെ അജ്ഞതയാൽ യേശുവിനെ 'മിശിഹാ' ആണെന്നു് തെററിധരിക്കുന്നു. അതിനാൽ നിങ്ങൾ ആ തെററിദ്ധാരണ അവരിൽ നിന്നും നിവാരണം ചെയ്യണം. നിങ്ങൾ പറയുന്നതു് എവരും വിശ്വസിക്കും" അനന്തരം ജനങ്ങളോടു പ്രസംഗിക്കുന്നതിനായി വി. യാക്കോബിനെ ദേവാലയമണ്ഡപത്തിലേക്കു നയിച്ചു. അദ്ദേഹത്തെ കണ്ട മാത്രയിൽ, ആലോചനാസംഘാംഗമായ ഒരാൾ പറഞ്ഞു."എവരുടേയും വിശ്വാസത്തിനു പാത്രവും നീതിമാനുമായ മഹാത്മാവേ! ക്രൂശിതനായ യേശു വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന 'മിശിഹാ' ആണെന്നു് അന്ധരായ ജനാവലി വിശ്വസിക്കുന്നു. ഞങ്ങൾ എന്താണദ്ദേഹത്തെപ്പററി വിശ്വസിക്കേണ്ടതെന്നു് അവിടുന്നു് പ്രസ്താവിച്ചാലും".

എവക്കും ശ്രാവ്യമായ സ്വരത്തിൽ ഗൗരവപൂർവ്വം വി. യാക്കോബു് പറഞ്ഞു. "നിങ്ങൾ പ്രസ്താവിക്കുന്ന മനുഷ്യപുത്രനായ യേശു, ദൈവപുത്രനായി ദൈവത്തിൻെറ വലത്തുഭാഗത്തു് എഴുന്നെള്ളിയിരിക്കുന്നു. അവസാനദിവസത്തിൽ അഖിലജനത്തേയും വിധിക്കുവാൻ മേഘങ്ങളിൽ ആഢനായി ആ ദൈവപുത്രൻ എഴുന്നെള്ളുകയും ചെയ്യും". ഗംഭീരവും സുനിശ്ചിതവുമായ ഈ സാക്ഷ്യം പ്രീശന്മാരെ പ്രക്ഷുബ്ധരാക്കി."എന്തു്? നീതിമാനായ ഇദ്ദേഹം അബദ്ധഗർത്തത്തിൽ വീണുപോയിരിക്കുന്നോ?" എന്നട്ടഹസിച്ചുകൊണ്ടു് അവർ നിർദ്ദയം ആ വിശുദ്ധനെ ദേവാലയ മണ്ഡപത്തിൽ നിന്നും തള്ളിയിട്ടു. പിടഞ്ഞെഴുനേററു് മുട്ടിന്മേൽ നിന്നു് ഊർദ്ധ്വനയനനായി അദ്ദേഹം പ്രാർത്ഥിച്ചു. "പിതാവേ! ഇവരോടു് ക്ഷമിക്കേണമേ. ഇവർ ചെയ്യുന്നതെന്താണെന്നു് ഇവർ അറിയുന്നില്ല." കരളുമലിയുമാറു ചെയ്ത ഈ പ്രാർത്ഥന അവരെ പശ്ചാത്താപപരിപൂരിതരാക്കുന്നതിനു പകരം അവരുടെ ഹൃദയകാഠിന്യം വർദ്ധിപ്പിക്കുകയാണു്

ചെയ്തു്. നിഷ്കരുണം അവർ അദ്ദേഹത്തെ കല്ലെറിയുകയും ഒടുവിൽ ഗദാപ്രഹരത്താൽ നീതിമാനായ ആ "കുഞ്ഞാടിനെ" നിർദ്ദയം കൊല്ലുകയും ചെയ്തു ഏതാനും നാളുകൾക്കുശേഷം സംഭവിച്ച യേരുശലേമിൻെറ അധഃപതനത്തിനുപോലും ഹേതു വി. യാക്കോബിൻെറ ഈ നിഷ്ഠുരവധമായിരുന്നുവെന്നാണ് ജനവിശ്വാസം. അദ്ദേഹം വധിക്കപ്പെട്ട സ്ഥലത്തുതന്നെ അദ്ദേഹത്തിൻെറ മൃതശരീരം സംസ്കരിക്കുകയും, അവിടെ അദ്ദേഹത്തിൻെറ സ്മാരകാർത്ഥം ഒരു ശിലാസ്തംഭം പണികഴിപ്പിക്കയും ചെയ്തിട്ടുണ്ടു്. വി. ലിഖിതത്തിൽ കാണുന്ന ഏഴു സാർവ്വത്രികലേഖനങ്ങളിൽ ഒന്നു് ഇദ്ദേഹം എഴുതിയിട്ടുള്ളതാണു്. പ്രാദേശികസഭകൾക്കല്ലാതെ സാർവ്വത്രികസഭയ്ക്കായി എഴുതിയിട്ടുള്ളതാകയാലാണു് ഇവയെ സാർവ്വത്രിക ലേഖനങ്ങൾ എന്നു പറയുന്നതു്. മോക്ഷപ്രാപ്തിക്കു് പുണ്യകർമ്മങ്ങൾ വേണ്ട; വിശ്വാസം മാത്രം മതി എന്നുള്ള ചിലരുടെ വാദത്തെ അദ്ദേഹം ശക്തിയായി ഈ ലേഖനത്തിൽ ഖണ്ഡിച്ചിരിക്കുന്നു. എങ്കിലും, 16-ാം ശതാബ്ദത്തിൽ ലൂതർ വീണ്ടും ആ 'വിശ്വാസ' വാദവും കൊണ്ടിറങ്ങുകയുണ്ടായി.*

വി. യാക്കോബിനു് യൂദാശ്ലീഹായെക്കൂടാതെ ശെമഓൻ എന്ന നാമമുള്ള വേറൊരു സഹോദരനും ഉണ്ടായിരുന്നു. നമ്മുടെ ദിവ്യരക്ഷകൻെറ അടുത്ത ബന്ധുക്കളായിരുന്നു ഇവർ. വി. യാക്കോബിൻെറ മരണാനന്തരം, ശെമഓൻ, സഭയുടെ സർവ്വസമ്മതപ്രകാരം യേരുശലേമിലെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ യൂദന്മാരുടെ അധഃപതനത്തെക്കുറിച്ചുള്ള നമ്മുടെ കർത്താവിൻെറ പ്രവചനം സാക്ഷാൽകരിക്കുവാനുള്ള സമയം മിക്കവാറും സമാഗതമായിരുന്നു. "ഈ സംഭവങ്ങൾ നടന്നല്ലാതെ ഈ സന്തതി കടന്നുപോവുകയില്ല"യെന്നായിരുന്നല്ലോ അവിടുന്നു് അരുളിച്ചെയ്തിരുന്നതു്. യേരുശലേമിൻെറ അധഃപതനത്തിനു് നാല്പതു വർഷം മുൻപു് അഥവാ ദിവ്യരക്ഷകൻെറ കഷ്ടാനുഭവകാലത്തിനോടു സമീപിച്ചു് ഉൽക്കണ്ഠാജനകവും ഭീകരവുമായ പലേ സംഭവങ്ങൾ യേരുശലേം ദേവാലയത്തിൽ നടന്നിട്ടുള്ളതായി യൂദന്മാരുടെ 'തൽമൂദ്' എന്ന ചരിത്രഗ്രന്ഥത്തിൽ കാണുന്നു. പെന്തിക്കുസ്തിദിവസം പരിശുദ്ധസ്ഥലത്തുനിന്നും "എഴുന്നേല്പിൻ! നമുക്കിവിടെ നിന്നും പോകാം" എന്നു് പരിഭ്രമജനകമായ ഒരശരീരിവാക്യം ഉണ്ടായതായി പറയപ്പെടുന്നുണ്ടു്. അനേകശതാബ്ദങ്ങളായി ആ ദേവാലയത്തിൻെറ മഹത്വനിദാനവും, സംരക്ഷണശക്തിയുമായിരുന്ന ദൈവസാന്നിദ്ധ്യം ആ ദേവാലയത്തിനു

---

* ലൂഥറിനു വി. യാക്കോബിനോടുള്ള വൈരകാരണം ഇതാണു്. അയാൾ ഈ ലേഖനത്തെ വി. ഗ്രന്ഥത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്കയും ചെയ്തു.

നഷ്ടപ്പെട്ടു. ദൈവസാന്നിദ്ധ്യം അവിടെ ഇല്ലെന്നായതോടുകൂടി ദേവാലയത്തിൻെറ കാവൽദൂതരായിരുന്ന മാലാഖാഗണവും അവിടെ നിന്നും അപ്രത്യക്ഷമായി. യേറുശലേമിൻെറ നാശനിദാനമായി ഭവിച്ച യുദ്ധത്തിനു് നാലു കൊല്ലം മുൻപു് ഭയങ്കരമായ വേറൊരു നാശസൂചന ഉണ്ടായതായി ജോസഫൂസ്സ് എന്ന ചരിത്രകാരൻ പ്രസ്താവിക്കുന്നു. അനനിയാസിൻെറ പുത്രനായ ഈശോ എന്ന ഒരു ഗ്രാമീണൻ, യേറുശലേമിൽ വന്നു്, പട്ടണത്തിൻെറ നാനാഭാഗങ്ങളിലും ചുററി സഞ്ചരിച്ചു് യേറുശലേം പട്ടണത്തിനു നാശം, യേറുശലേം ദേവാലയത്തിനു നാശം എന്നു വിളിച്ചുപറഞ്ഞുവെന്നുള്ളതാണു് ഇതു്. അധികാരികൾ അയാളെ പിടിച്ചു് അതിഭയങ്കരമായി ദണ്ഡിപ്പിക്കയും, ശാന്തതയോടെ, അവനോടിതിൻെറ അർത്ഥമെന്തെന്നു് ചോദിക്കയും ചെയ്തിട്ടും അവൻെറ ഏക ഉത്തരം മേല്പറഞ്ഞ വാക്യങ്ങൾ മാത്രമായിരുന്നു. യേറുശലേമിൻെറ നാശത്തിനു നാലുകൊല്ലം മുൻപു നടന്നതാണു് ഈ സംഭവം. യേറുശലേമിനെ അവസാനമായി നിരോധിച്ചിരുന്ന സമയത്തും ഈ ഗ്രാമീണൻ അവിടെ വരികയുണ്ടായി. അന്നും പഴയ ആ പല്ലവി തന്നെ—യേറുശലേം പട്ടണത്തിനു നാശം, യേറുശലേം ദേവാലയത്തിനു നാശം എന്നിങ്ങനെ പാടിക്കൊണ്ടാണു് അയാൾ അവിടെ പ്രത്യക്ഷനായതു്. എന്നാൽ ഇതിലും അത്ഭുതമായിട്ടുള്ളതു് അയാളുടെ മരണമാണു്. ഒരു ദിവസം അയാൾ "എനിക്കു നാശം" എന്നു പ്രസ്താവിച്ചതും സൈന്യനിരയിൽ നിന്നു വന്ന ഒരു കല്ലു് അയാളിൽ പതിച്ചു് അയാൾ മൃത്യു അടഞ്ഞതും ഒന്നിച്ചുകഴിഞ്ഞു.

എൺപതിൽപരം കൊല്ലങ്ങളായി യൂദന്മാർ റോമ്മാക്കാരുടെ അധീനതയിലായിരുന്നു വർത്തിച്ചുവന്നതു്. ആ 'നുകം' വലിച്ചെറിയുവാൻ, അവർ പല ശ്രമങ്ങളും ഇതിനകം ചെയ്തിരുന്നു. ദിവ്യരക്ഷകൻെറ നിർദ്ദോഷതയെ പ്രകടമായി പ്രസ്താവിച്ചുകൊണ്ടെങ്കിലും, ആ അരുമനാഥനേ ക്രൂശിൽ തറയ്ക്കുവാൻ വിധിച്ച പീലാത്തോസു നാലുകൊല്ലങ്ങൾക്കുശേഷം തിബേരിയൂസ്സുചക്രവർത്തിയാൽ അവമാനിക്കപ്പെട്ടു്, വിയന്നായിലേക്കു നാടുകടത്തപ്പെടുകയും അവിടെവച്ചു ക്രിസ്താബ്ദം 40-ൽ മൃതിയടയുകയും ചെയ്തു. അതിനുശേഷവും പലേ റോമൻഗവർണ്ണർമാരും പലസ്തീനിൽ ഭരണം നടത്തിയെങ്കിലും യൂദന്മാക്കു റോമാഭരണത്തോടുള്ള അവജ്ഞ വദ്ധിച്ചുതന്നെ വന്നു. അവർ ഭരണകൂടത്തെ, സധൈര്യം എതിർത്തുതുടങ്ങി. ബുദ്ധിമാന്മാരായ പല യൂദന്മാരും അനിരുദ്ധമായ ഭവിഷ്യവിപത്തിൽനിന്നു, രക്ഷ നേടുവാൻ യേറുശലേം വിട്ടുപോയി. ക്രിസ്ത്യാനികൾ നമ്മുടെ കർത്താവിൻെറ ആജ്ഞാനുസരണം സിറിയായിലെ മലകളുടെ മദ്ധ്യേ സ്ഥി

തിചെയ്യുന്ന 'പെല്ലാ' എന്ന ചെറിയ പട്ടണത്തിൽ അഭയം പ്രാപിച്ചു റോമാക്കാൎക്കു പററിയ നിസ്സാരമായ ഒരു പരാജയം ശത്രുപക്ഷക്കാരായ യൂദന്മാരുടെ ധൈൎയ്യം വൎദ്ധിപ്പിക്കുകയാൽ വീര്യശൌൎയ്യങ്ങളോടെ അവർ റോമൻ സേനയെ എതിൎത്തു. കാൎയ്യക്ഷമതയ്ക്കുവേണ്ടി, റോമാക്കാർ, യുദ്ധകാൎയ്യത്തിലുള്ള സകല ചുമതലകളും വെസുപേസ്യനെന്ന ഒരു റോമൻ അധികാരിയെ ഏല്പിച്ചു. എന്നാൽ വെസുപേസ്യനു അധികമൊന്നും പ്രയത്നിക്കേണ്ടതായി വന്നില്ല. കാരണം യൂദസൈന്യത്തിൽ തന്നെ വലുതായ ആഭ്യന്തരകലഹമുണ്ടായി. ഇതിനിടയ്ക്കു വെസുപേസ്യനെ റോമൻ സമ്രാട്ടായി സ്വീകരിക്കുകയും ചെയ്തു. വെസുപേസ്യൻെറ പുത്രനായ ടൈററസായിരുന്നു യേറുശലേം നിരോധനത്തിൻെറ അടുത്ത ചുമതലക്കാരൻ. യുവാവായ ടൈററസ്, നിരോധനം ഊൎജ്ജസ്വലതയോടെ തുടൎന്നു. പെസഹാപെരുനാൾ സമീപിച്ചിരുന്നതിനാൽ പട്ടണത്തിൽ വളരെ അധികം യൂദന്മാർ ഉണ്ടായിരുന്നു. ഇതു ഭയങ്കരമായ ദാരിദ്ര്യത്തെ ഉളവാക്കി. അവരുടെ ശക്തി മുഴുവൻ നശിച്ചു. ശൂരന്മാരായ റോമാ പടയാളികൾ സമരചതുരനായ ടൈററസിൻെറ നേതൃത്വത്തിൽ വിജയഭേരിയോടുകൂടി പട്ടണത്തിൽ പ്രവേശിച്ചു. സ്മരണമാത്രയിൽ നമ്മെ വിറകൊള്ളിക്കുന്ന ഭയങ്കര സംഭവങ്ങളാണു് അനന്തരം അവിടെ നടന്നതു്. ഒരു റോമൻ പടയാളി ദൈവത്താൽ പ്രേരിതനായി ദേവാലയത്തിനു തീ വെച്ചു. അതിനെ ശമിപ്പിക്കുവാൻ പലരും അശ്രാന്തം പരിശ്രമിച്ചുവെങ്കിലും ആ ശ്രമങ്ങളെല്ലാം വിഫലങ്ങളായതേ ഉള്ളു. അതിഭയങ്കരമായ ഒരു കൂട്ടക്കൊല അതിനെ തുടൎന്നു. അനേകായിരം യൂദന്മാർ, ആ ഘോരസംഹാരത്തിനു വിധേയരായി. ദാരിദ്ര്യത്തിൻേറയും ഖഡ്ഗത്തിൻെറയും സംഹാരശക്തിയിൽ നിന്നും രക്ഷ പ്രാപിച്ചവർ അടിമകളായി വില്ക്കപ്പെടുകയും ചെയ്തു. ഇങ്ങനെ യേറുശലേമിനെ സംബന്ധിച്ചുള്ള നമ്മുടെ കൎത്താവിൻെറ പ്രവചനം പൂൎത്തിയായി. അവിടെ നടന്ന സംഭവങ്ങളുടെ നിഷ്ഠുരത ടൈററസിൻെറ ഹൃദയത്തേയും ഇളക്കി. താൻ ദൈവശാപത്തിൻെറ ഒരുപകരണം മാത്രമായിരുന്നു എന്നു പ്രസ്താവിച്ചു് അയാൾ സ്വയം സമാധാനം പ്രാപിച്ചതു് ഇതിനു മതിയായ തെളിവാണു്. ലക്ഷത്തോളം യൂദന്മാർ അന്നു കൊല്ലപ്പെട്ടതായി സങ്കല്പിക്കാം. ശേഷിച്ച ന്യൂനഭാഗം ഭയങ്കരവിനാശത്തിൽ പെട്ടു തകൎന്ന ഒരു കപ്പലിൻെറ പല കഷണങ്ങളെന്നപോലെ ദൈവശിക്ഷയുടെ കാഠിന്യം ലോകരെ മനസ്സിലാക്കുന്നതിനും ഓൎമ്മിപ്പിക്കുന്നതിനും ആയി ലോകത്തിൻെറ നാനാഭാഗങ്ങളിലും ചിതറപ്പെട്ടു.

അവരുടെ പാപം ഭയങ്കരവും അന്യാദൃശ്യവുമായിരുന്നെങ്കിൽ അതിൻെറ ശിക്ഷ കഠിനവും അനന്യസാധാരണവുമായിരുന്നു. മഹത്വത്തിൻെറ നാഥനെ അവർ ഉപേക്ഷിക്കുകയും വധിക്കുകയും ചെയ്തു. ഇതിൻെറ ഫലമായി "ഞാൻ അവരിൽനിന്നും പിരിഞ്ഞു പോകുമ്പോൾ അവക്കു ദുരിതം" എന്നുള്ള പ്രവചനം അവരിൽ നിവൃത്തിയായി.

ദൈവം, തിരഞ്ഞെടുത്ത തൻെറ ജനത്തിൻെറ സ്ഥാനത്തിനും, അവകാശങ്ങൾക്കും അർഹരായി സകല ജാതികളും ചേർന്ന ഒരു പുതിയ ജാതിയെ ഉയർത്തി "ലോകാവസാനംവരെ" ഈ ജാതി നിലനില്ക്കുകയും ചെയ്യും. "സകല രാജ്യങ്ങളിലും, സൂര്യോദയം മുതൽ അസ്തമനംവരെ" പുറജാതികൾ ദൈവത്തിൻെറ നാമത്തെ സ്തുതിക്കുകയും, അവിടുത്തെ നാമത്തിൽ നിർമ്മലമായ ബലികൾ അർപ്പിക്കുകയും ചെയ്യും" എന്നു മലാഖി ദീർഘദർശി പറഞ്ഞിട്ടുള്ള വചനം ഇങ്ങനെ സക്ഷാൽക്കരിക്കപ്പെട്ടു.

എങ്കിലും, സെഹിയോൻ നിന്ദിക്കുകയും ഇസ്രായേൽപുത്രന്മാർ അവഗണിച്ചുപേക്ഷിക്കുകയും ചെയ്ത ദിവ്യരക്ഷകൻ, പുറജാതികളുടെ മാനസാന്തരത്തിനു ശേഷമെങ്കിലും, അവരുടെ മേൽ കരളലിഞ്ഞു്, അവരുടെ ഹൃദയാന്ധകാരത്തെ നീക്കുമെന്നു പ്രത്യാശിക്കാം. അതുവരെ അവർ യേശുവിൻെറ ദൈവത്വത്തിനു വൈമനസ്യത്തോടെയെങ്കിലും സാക്ഷ്യം വഹിച്ചുകൊണ്ടു ലോകമെങ്ങും അലഞ്ഞുനടക്കും.

ശ്ലീഹന്മാർ സുവിശേഷം പ്രസംഗിക്കുന്നതിനായി പുറപ്പെട്ട കാലത്തു്, റോമാസമ്രാട്ടിൻെറ അധികാരം ലോകം മുഴുവനും വ്യാപിച്ചിരുന്നു. സഭയുടെ പ്രചാരത്തെ പ്രചുരമാക്കുന്നതിനായിരിക്കാം സർവ്വജ്ഞനായ ദൈവം അഖിലജനത്തേയും ഒരേ ആധിപത്യത്തിൽ ആക്കിയതു്. സർവ്വവിധ ദുർമ്മാർഗ്ഗങ്ങളിലും ആണ്ടുകിടന്നിരുന്ന അന്നത്തെ ജനതയെ ആദ്ധ്യാത്മിക വിഷയങ്ങൾ പ്രബോധിപ്പിച്ചു സന്മാർഗ്ഗനിരതരും വിശുദ്ധരും ആക്കുകയെന്നതു് അതിദുഷ്കരവും അതേസമയംതന്നെ അപകടപൂർണ്ണവും, ദൈവത്താൽ പ്രത്യേകം നിയുക്തരായ ആളുകൾക്കുമാത്രം സാദ്ധ്യവുമായ ഒരു കാര്യമായിരുന്നു. തകർന്ന ഹൃദയത്തോടും വഴിഞ്ഞൊഴുകുന്ന അശ്രുക്കളോടും കൂടിയല്ലാതെ അന്നത്തെ സന്മാർഗ്ഗാധഃപതനത്തെക്കുറിച്ചുള്ള വിവരണം വായിക്കുവാൻ പോലും ആർക്കും സാധിക്കുന്നതല്ല. ദുഷ്ടതയുടേയും ദുർമ്മാർഗ്ഗപാരമ്യത്തിൻേറയും നടനം എവിടെയും പ്രത്യക്ഷപ്പെട്ടു. നിർദ്ധനത്വം ഭയങ്കരമായ കുററമായും ധനവും അതിൽ നിന്നുളവാകുന്ന സന്തോഷങ്ങളും അത്യന്തം അഭിലഷണീയങ്ങളായ ഗുണങ്ങളായും അവർ കരുതി. ജനസമുദായത്തിൻെറ അതിപാവനങ്ങളായ അവ

കാശങ്ങളെപ്പോലും രാജ്യനിയമങ്ങൾ അവഗണിച്ചു. രാജ്യത്തിലെ ജനസംഖ്യയിൽ പകുതിയും ഉടമസ്ഥൻെറ ഹിതാനുസരണം മർദ്ദിക്കുവാനോ, നിഗ്രഹിക്കുവാനോ അവകാശമുള്ള അടിമകൾ ആയിരുന്നു. മൃഗങ്ങളേക്കാൾ കഷ്ടമായിട്ടാണു് അവരോടു യജമാനന്മാർ വർത്തിച്ചിരുന്നതു്. ഹീനവും വിഷമകരവുമായ ജോലികൾ നിർദ്ദയം അവരെക്കൊണ്ടു ചെയ്യിച്ചു. ഇവരിൽനിന്നും തിരഞ്ഞെടുക്കുന്ന മല്ലന്മാരുടെ ദ്വന്ദയുദ്ധം കണ്ടു രസിക്കുകയെന്നുള്ളതു് അന്നത്തെ റോമൻ ജനതയുടെ ഏററവും പ്രധാനമായ വിനോദം ആയിരുന്നു. പ്രധാന ഉത്സവങ്ങളുടേയും, മററു് ആഘോഷങ്ങളുടേയും പരിപാടി പൂർത്തിയാകുന്നതു് ഇങ്ങനെയുള്ള മല്ലയുദ്ധങ്ങളോടുകൂടി വേണമെന്നു നിർബന്ധം ഉള്ളതുപോലെയും തോന്നി. ഓരോ മാസത്തിലും ഇരുപതിനായിരത്തിൽ കുറയാതെ അടിമകൾ വധിക്കപ്പെട്ടിരുന്നതായിട്ടാണു പറയപ്പെടുന്നതു്. റോമിൽനിന്നും വിദൂരത്തിൽ വസിച്ചിരുന്ന ജാതിക്കാർ ദുർമ്മാർഗ്ഗത്തിൽ ഇത്രയധികം അധഃപതിച്ചിരുന്നില്ല; എങ്കിലും പൂർവ്വപിതാക്കന്മാരുടെ അഭിമാനാർഹമായ പാരമ്പര്യത്തിൽനിന്നു് ഇവരും വളരെയധികം അകന്നുപോയിരുന്നു. എന്തിനു വിസ്തൃതമായ ഒരു സോദോം തന്നെ ആയിരുന്നു റോമാസാമ്രാജ്യം. ഇത്ര ദുഷിച്ച ഒരു ജാതിയുടെ ഇടയിൽ സഭയ്ക്കു ലഭിച്ച വിസ്മയാവഹമായ വിജയംതന്നെ സഭയുടെ ദൈവീകമായ ഉൽഭവത്തെ ഉച്ചൈസ്തരം ഉൽഘോഷിക്കുകയാണു ചെയ്യുന്നതു്. ക്രൂരന്മാരായ സമ്രാട്ടുകളുടെ നിരന്തര മർദ്ദനങ്ങളെ അതിജീവിച്ചാണു് ഈ വീരവിജയം സഭ പ്രാപിച്ചതെന്നുകൂടി ഓർക്കുമ്പോൾ ഈ വാസ്തവം ഒന്നുകൂടി സ്പഷ്ടമാകും. അതേ, ദൈവീകമായ ഒരു സ്ഥാപനംതന്നെയാണു സഭ. അങ്ങനെ അല്ലായിരുന്നുവെങ്കിൽ ദൈവസഹായവും, സംരക്ഷണയും, അപ്പസ്തോലന്മാരുടെ പ്രസംഗത്തെ തുടർന്നുള്ള അത്ഭുതങ്ങളും മാത്രം ഉപകരണമായി സ്വീകരിച്ചു ഇത്ര വലുതായ ഒരു പരിവർത്തനം ഉളവാക്കുവാൻ സാധിയ്ക്കുകയില്ലായിരുന്നു, നിശ്ചയം.

ആദിമക്രിസ്ത്യാനികളുടെ പരിപാവനവും പുണ്യബഹുലവും ആയ ജീവിതം അത്യന്തം ഹൃദയാനന്ദകരവും ഹൃദയാകർഷകവും ആയിരുന്നു. അന്നത്തെ അജ്ഞാനികളുടെ ജീവിതഗതിയുമായി ഇതിനുള്ള വ്യത്യാസംതന്നെ ദൈവപ്രസാദത്തിൻെറ അത്ഭുതശക്തിക്കു മൂർദ്ധാഭിഷിക്തോദാഹരണമാണു്. ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടുകൂടി, അവരുടെ പഴയ ജീവിതഗതി നിശ്ശേഷം അകലുന്നു. ആഭ്യന്തരമായ ഒരു പരിവർത്തനം, ആദ്ധ്യാത്മീകമായ ഒരു ജീവിതസമാരംഭം, ഇതാണവിടെ

നടക്കുന്നതു്. അവർ അസാദ്ധ്യമായി ഗണിച്ചിരുന്നതു അനന്തരം സുസാദ്ധ്യമാകുന്നു. മോഹാന്ധകാരത്താൽ, ശ്യാമളമായിരുന്ന അവരുടെ ഹൃദയം വിശുദ്ധിയാൽ പ്രശോഭിതമായിത്തീരുന്നു. ദിഗ്വിജയത്തിലും, ധനസമ്പാദനത്തിലും വിജയവും മഹത്വവും തേടിയ അവർ ക്രിസ്തുവിലും ക്രിസ്തുവിൻെറ കുരിശിലും വിശ്വവിജയം ദർശിക്കുന്നു. ലോകവ്യാമോഹങ്ങളുടെ സ്ഥാനത്തു പുണ്യാഭിലാഷവും, ജീവിതസുഖങ്ങളുടേയും സന്തോഷങ്ങളുടേയും സ്ഥാനത്തു്, ധ്യാനവും ഉപവാസവും ഏകാന്തവാസവും നാം ഇപ്പോൾ ദർശിക്കുന്നു. നിരന്തരമായി പ്രാർത്ഥിക്ക എന്നുള്ള അപ്പസ്തോലവചനങ്ങൾ അവർ ശിരസാ വഹിച്ചു. ഇല്ലായ്മയിൽനിന്നു സകലത്തേയും സൃഷ്ടിച്ച ആ പരാശക്തിക്കല്ലാതെ ഇത്രവലുതായ പരിവർത്തനം കൈവരുത്തുവാൻ സാദ്ധ്യമല്ലെന്നു ബോധിക്കുന്നു. മനുഷ്യസ്വാതന്ത്ര്യത്തെ നിരോധിക്കാതെ മനുഷ്യഹൃദയത്തെ സ്വാധീനപ്പെടുത്തി, പാപപ്രസക്തിയെ പരാജയപ്പെടുത്തിയതിലാണു് ഇതിൻെറ മാഹാത്മ്യം. ലോകസൃഷ്ടിയിൽ, ദൈവശക്തി കേവലം ജീവനില്ലാത്ത— പ്രതിരോദ്ധ്യശക്തിയില്ലാത്ത, വസ്തുക്കളുടെ മേൽ പ്രയോഗിച്ചെങ്കിൽ, ഈ മാനസികപരിവർത്തനത്തിൽ ദൈവം തൻെറ ശക്തി പ്രയോഗിച്ചു വിജയം സമ്പാദിച്ചതു പ്രതിഷേധശക്തിയുള്ള മനുഷ്യൻെറ മേലായിരുന്നു എന്നുള്ളതു പ്രത്യേകം ഓർക്കേണ്ടതാണു്.

എന്നാൽ ശക്തിയേറിയ മതമർദ്ദനം അപ്പസ്തോലന്മാരെ ചിതറിച്ചു. അവർ നിരാശരാകാതെ, ചെന്നിടത്തെല്ലാം ക്രിസ്തുവിനെ പ്രസംഗിച്ചു. പക്ഷെ അവർ പിരിഞ്ഞുപോകുന്നതിനു മുൻപു് യൂദന്മാരിൽ നിന്നും അവിശ്വാസികളിൽ നിന്നും സത്യവിശ്വാസികളെ തിരിച്ചറിവാൻ ഒരു വിശ്വാസപ്രമാണം രചിക്കയുണ്ടായി. നിത്യവും പ്രാർത്ഥനയിൽ നാം ഉപയോഗിക്കുന്ന ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം ഇതാണു്. വി. പത്രോസു് പല സ്ഥലങ്ങളിലും പ്രാദേശികസഭകൾ സ്ഥാപിച്ച ശേഷം സിറിയായുടെ തലസ്ഥാനമായ അന്ത്യോഖ്യായിൽ തൻെറ സിംഹാസനം, ഉറപ്പിച്ചു. മറ്റെല്ലാ നാട്ടുകളേയും അപേക്ഷിച്ചു് അവിടെയായിരുന്നു സുവിശേഷം കൂടുതൽ പ്രചരിച്ചിരുന്നതു്. ക്രിസ്തുമതാവലംബികൾ ആദ്യമായി "ക്രിസ്ത്യാനികൾ" എന്ന നാമം സ്വീകരിച്ചതു് ഈ സ്ഥലത്തുവച്ചാണു്. വി. പത്രോസു് അനന്തരം വിഗ്രഹാരാധനയെ എതിർക്കുന്നതിനായി, വിഗ്രഹാരാധനയുടെ നികേതനമായ റോമിലേക്കു പോയി. അദ്ദേഹത്തിൻെറ ഒന്നാമത്തെ ലേഖനത്തിൽ കാണുന്നതുപോലെ പോൻതൂസു് (Pontus) ഗലാത്തിയാ (Galatia) കപ്പദോക്യാ (Cappadocia) ഏ

ഷ്യാ, ബിത്തിനീയാ (Bithynia) മുതലായ സ്ഥലങ്ങളിൽ ദൃഢമായി പ്രസംഗങ്ങൾ നടത്തി. ഇതിനും പുറമേ ശിഷ്യഗണങ്ങളിൽ ഒരു കൂട്ടത്തെ, പാശ്ചാത്യദേശങ്ങളിൽ സുവിശേഷപ്രചരണത്തിനായി അയക്കുകയും ചെയ്തു. അപ്രകാരം അയക്കപ്പെട്ടവരിൽ ഗണനീയൻ വി. മർക്കോസായിരുന്നു. റോമിൽവച്ചാണ് ഇദ്ദേഹം തൻെറ സുവിശേഷം രചിച്ചതു്. വി. പത്രോസിൽനിന്നും ശ്രവിച്ച സംഗതികളെ കാലക്രമം അനുഗണ്യമാക്കി രേഖപ്പെടുത്തുകയേ വി. മർക്കോസു് ചെയ്തുള്ളൂ. വി. പത്രോസാണു്, അനന്തരം അതിനെ പരിഷ്കരിച്ചു അംഗീകരിച്ചതു്.

ഇക്കാലങ്ങളിൽ വി. പൌലൂസും വിജയകരമായ വിധത്തിൽ പലേ സ്ഥലത്തും സുവിശേഷപ്രസംഗം നടത്തി. ഫ്റിജിയാ (Phrygia) ഗലാത്തിയാ (Galatia) മിസിയാ (Mysia) മാസിഡോണിയാ (Macedonia) ആദിയായ സ്ഥലങ്ങളിൽ അദ്ദേഹം സുവിശേഷഘോഷണം ചെയ്തു. അദ്ദേഹം ഫിലിപ്പിയായിൽ (Philippi) സ്ഥാപിച്ച സഭ വി. ശ്ലീഹായോടും അദ്ദേഹത്തിൻെറ ഉപദേശങ്ങളോടും അഭംഗുരമായ വിശ്വാസം പാലിച്ചുവന്നു. തെസലോനിക്കായിൽ (Thessalonica) അദ്ദേഹം സ്ഥാപിച്ച സഭ മതതീക്ഷ്ണതയുടേയും പരസ്നേഹത്തിൻേറയും പരമ മാതൃകയാണു്. തെസലോനിക്കായിൽ നിന്നും അക്കേയിയായിലേക്കും (Achaia) അവിടെനിന്നും ഏതൻസിലേക്കും (Athens) ആയിരുന്നു ശ്ലീഹാ പോയതു്. ഏതൻസിൽ ആയ്യോപെഗൂസു് എന്ന പ്രഖ്യാതമായ പണ്ഡിതസഭയിൽ അദ്ദേഹം ഉജ്ജ്വലത്തും ഉൽബോധജനകവും ആയ ഒരു പ്രസംഗം ചെയ്തു. വി. ഡയനീഷ്യസിൻെറയും മററനേകം പേരുടേയും മാനസാന്തരഹേതു ഈ പ്രസംഗമായിരുന്നുവെന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമാണു്. അനന്തരം അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്താൽ പരിപാവനമാക്കിച്ചെയ്യതു് എഫേസൂസു പട്ടണത്തേ ആയിരുന്നു. അവിടെ ശ്ലീഹാ സത്യവിശ്വാസികളുടെ പ്രത്യേകമായ സ്നേഹബഹുമാനങ്ങൾക്കു പാത്രമായി. അദ്ദേഹത്തെ പിരിയുക എന്നതു അവക്കു് അതിദുസ്സഹമായിരുന്നു. അദ്ദേഹം യേറുശലേമിലേക്കു പോയതുതന്നെ ഇവരുടെ നിർവ്യാജമായും നിരന്തരമായുമുള്ള അപേക്ഷയെ അവഗണിച്ചായിരുന്നു. യേറുശലേമിൽവച്ചു്, അദ്ദേഹത്തിൻെറ ശത്രുക്കൾ അദ്ദേഹത്തെ പിടിച്ചു കാരാഗൃഹത്തിലടച്ചു. വി. പൌലൂസിൻെറ മേൽ അവർ ആരോപിച്ച യാതൊരു കുററവും അവക്കു തെളിയിക്കുവാൻ സാധിക്കാതെ വന്നതിനാൽ അദ്ദേഹത്തെ അന്യായമായി വധിക്കുവാൻ അവർ ശ്രമിച്ചു. എന്നാൽ അദ്ദേഹം സീസറിൻെറ സവിധത്തിൽ അപ്പീൽ

കൊടുക്കുകയാൽ ഒരു റോമൻ പൌരൻ എന്ന നിലയിൽ കേസുവിസ്താരത്തിനായി അദ്ദേഹത്തെ റോമായിലേക്കയച്ചു. അവിടെ, അദ്ദേഹം ഒരു പാറാവുകാരന്റെ സാന്നിദ്ധ്യത്തോടുകൂടിയെങ്കിലും സ്വന്തമായി കൂലിക്കെടുത്ത ഒരു ഭവനത്തിൽ രണ്ടുകൊല്ലം മുഴുവൻ താമസിക്കയുണ്ടായി. തന്റെ സ്നേഹിതന്മാൎക്കു തന്നെ കാണുന്നതിനും, തന്നോടു സംസാരിക്കുന്നതിനും, അവിടെ അനുവാദം ഉണ്ടായിരുന്നതിനാൽ ശ്ലീഹായ്ക്കു ക്രൂശിതനായ ദൈവത്തിന്റെ വിശ്വാസം പ്രചരിപ്പിക്കുവാൻ വിഷമമുണ്ടായില്ല. സീസറിന്റെ അരമനയിൽപോലും സത്യവിശ്വാസത്തിന്റെ പ്രകാശത്തെ അദ്ദേഹം പ്രചരിപ്പിച്ചു. സ്വതന്ത്രനായ ശേഷം അനേകം രാജ്യങ്ങളിൽ അദ്ദേഹം വേദപ്രചരണം നടത്തി. കാരാഗൃഹവാസത്തിനോ പീഡനങ്ങൾക്കോ, അവഹേളനത്തിനോ ക്ഷുൽപിപാസാദികൾക്കോ ക്രിസ്തുവിന്റെ ഈ വീരയോദ്ധാവിൽ ഉജ്ജ്വലിച്ചിരുന്ന മതതൃഷ്ണയെ അണുവും ശമിപ്പിക്കുവാൻ കഴിഞ്ഞില്ല. ഏതാനും നാളുകൾക്കുശേഷം, അദ്ദേഹം വീണ്ടും റോമിൽ ചെല്ലുകയും അവിടെ ശ്ലീഹന്മാരുടെ പ്രഭുവായ വി. പത്രോസിനോടുകൂടെ രക്തസാക്ഷിയായി മരിക്കയും ചെയ്തു.

മററ് ശ്ലീഹന്മാരും, തീഷ്ണതയോടുകൂടി അവരുടെ വേല നിൎവ്വഹിച്ചു. തന്നിമിത്തം ഒന്നാംശതകത്തിൽ തന്നെ റോമൻ സാമ്രാജ്യത്തിന്റെ എല്ലാ ഭാഗത്തും ക്രിസ്തുമതം വ്യാപിച്ചു. അപ്പസ്തോലിക കാലത്തു തന്നെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സത്യവിശ്വാസം പ്രചരിച്ചിരുന്നതായി വിശ്വാസയോഗ്യമായ ഒരു ഐതിഹ്യമുണ്ട്. ആ മാളികയുടെ മുകളിലത്തെ മുറിയിൽ നിന്നും ഇറങ്ങിപ്പോയവരിൽ രണ്ടുപേർ — വിശുദ്ധന്മാരായ വലിയയാക്കോബും, ചെറിയയാക്കോബും — അവരുടെ രക്തത്താൽ തന്നെ അവർ പ്രചരിപ്പിച്ച വിശ്വാസത്തിന്റെ യാഥാൎത്ഥ്യത്തിനു മുദ്ര പതിച്ചതായി നാം കണ്ടുകഴിഞ്ഞു.
* വി. തോമ്മാ പാൎത്ത്യ (Parthia) ഇൻഡ്യാ (India) മുതലായ രാജ്യ

* മാർതോമ്മാശ്ലീഹാ ക്രി. വ. 52-ൽ കൊടുങ്ങല്ലൂർവന്നതായും കേരളത്തിൽ പലസ്ഥലങ്ങളിലും സുവിശേഷപ്രസംഗം ചെയ്തു ബ്രാഹ്മണരാദിയായി അനേകം അവിശ്വാസികളെ സത്യവിശ്വാസത്തിലേക്കു ചേൎത്തു, അവരുടെ ആവശ്യത്തിനായി 7പള്ളികൾ സ്ഥാപിച്ചതായും അവസാനം മൈലാപ്പൂരിൽ വച്ചു രക്തസാക്ഷിമുടി ചൂടിയതായും കേരള ചരിത്രകാരനായ റവ: ഫാദർ ബൎണ്ണാദു ററി. ഒ. സി. ഡി. പല പാരമ്പൎയ്യവിശ്വാസവും ചരിത്രരേഖകളും ഉദ്ധരിച്ചു സ്ഥാപിച്ചിരിക്കുന്നു. മാർതോമ്മാക്രിസ്ത്യാനികൾ ഒന്നാംഭാഗം 3-ം 4-ം അദ്ധ്യായം നോക്കുക.

ങ്ങളിലാണ് സുവിശേഷം പ്രസംഗിച്ചതു്. പോർട്ടുഗീസുകാർ ഇൻഡ്യയിൽനിന്നും ആ വിശുദ്ധൻെറ അവശിഷ്ടങ്ങൾ കണ്ടെടുത്തതായും ഗോവയിലേക്കു് അതു മാററപ്പെട്ടതായും വിശ്വസിച്ചുവരുന്നു.

വി. അന്ത്രയോസ് സിതിയൻ ജാതികളുടെ ഇടയിൽ വേദപ്രചാരം നടത്തി, അവിടെ നിന്നും ഇദ്ദേഹം അഖേയിയായിലേക്കു പോകുകയും അവിടെ വേദസാക്ഷിയായി ക്രൂശിൽ മരണം പ്രാപിക്കുകയും ചെയ്തു. ക്രൂശിൽ തൂങ്ങിക്കിടന്നുകൊണ്ടു് ആ വിശുദ്ധൻ അരുളിച്ചെയ്ത വാക്കുകൾ പ്രത്യേകം സ്മരണീയങ്ങളാണു്. "മിശിഹായുടെ ശരീരത്തോടുള്ള യോജിപ്പാൽ പരിപാവനമാക്കപ്പെട്ട സ്ലീബായേ! നീ ഈ മനുഷ്യരിൽ നിന്നും എന്നെ സ്വീകരിച്ചു്, എന്നെ പരിത്രാണനം ചെയ്ത എൻെറ നാഥൻെറ സവിധത്തിലേക്കു നയിച്ചാലും". പുരാതന സിതിയൻകാരുടെ അധിവാസസ്ഥാനങ്ങളിൽ ഇന്നു വസിക്കുന്ന റഷ്യാക്കാർ ഈ ശ്ലീഹായെ പ്രത്യേകമായി ആദരിച്ചുവരുന്നു. വി. ബർത്തലോമ്യാ ശ്ലീഹായുടെ പ്രവർത്തനരംഗം, ഗ്രേറർ അർമീനിയായും, ഇൻഡ്യയുടെ ചിലഭാഗങ്ങളും ആയിരുന്നു. അദ്ദേഹം വി. മത്തായിശ്ലീഹാ എഴുതിയ സുവിശേഷത്തിൻെറ ഒരു കയ്യെഴുത്തുപ്രതി അവിടെ കൊണ്ടുചെന്നതായി പ്രസ്താവമുണ്ടു്. യൂദയായിലുള്ള വിശ്വാസികളുടെ നിർബന്ധത്താലും അവരുടെ ഉപയോഗത്തിനായിട്ടും ആണു വി. മത്തായിശ്ലീഹാ ഇതു രചിച്ചതു്. എബ്രായ ഭാഷയിലായിരുന്നു അദ്ദേഹം അതെഴുതിയതെന്നുള്ളതും പ്രസ്താവ്യമാണു്. ശ്ലീഹായും സുവിശേഷകനുമായ വി. മത്തായി സുവിശേഷവേല ചെയ്തതു് എത്തിയോപ്യരുടെ ഇടയിലായിരുന്നു. അദ്ദേഹത്തിൻെറ ഭക്തിപരമായ ജീവിതത്തിൽ, ഉപവാസത്തിനു പ്രത്യേകം പ്രാധാന്യം നൽകിയിരുന്നതായിട്ടാണു് അറിവു്. വി. ശെമഓൻ മെസോപ്പൊട്ടോമ്യായിലും, പേർഷ്യായിലും വി. യൂദാ അറേബ്യായിലും ഇദുമേനിയായിലും, വി. മത്തിയാസ് എത്തിയോപ്യായിലും സുവിശേഷവേലകൾ നടത്തിയതായി ഈ രാജ്യക്കാരുടെ ചരിത്രങ്ങളിലും ഐതീഹ്യങ്ങളിലും കാണുന്നു. വി. ശ്ലീഹന്മാരുടെ സാർവ്വത്രികമായ ഈ വേല കണ്ടിട്ടാണു വി. പൌലോസു സങ്കീർത്തകനോടുകൂടി "അവരുടെ ശബ്ദം സർവ്വലോകത്തിലും വ്യാപിക്കുകയും അവരുടെ വാക്കുകൾ ഭൂമിയുടെ അതിർത്തിവരെയും കേൾക്കപ്പെടുകയും ചെയ്തിരിക്കുന്നു" എന്നു പ്രസ്താവിച്ചിട്ടുള്ളതു്.

ശ്ലീഹന്മാരും അവരുടെ പ്രാഥമിക ശിഷ്യരും സുവിശേഷജ്ഞാനം വിതരണം ചെയ്തതു് ലേഖനങ്ങൾ വഴിയായും നേരിട്ടുള്ള ഉപദേശങ്ങൾ മൂലവും ആയിരുന്നു. അവരിൽനിന്നും നമുക്കു ലഭിച്ച ഗ്രന്ഥങ്ങളുടെ സ

ച്ചയമാണു പുതിയനിയമം. വി. മത്തായി, വി. മർക്കോസ്, വി. ലൂക്കോസ്, വി. യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങൾക്കു പുറമേ വി. ലൂക്കോസ് എഴുതിയ നടപടി പുസ്തകം, വി. പൌലോസിൻെറ പതിനാലു ലേഖനങ്ങൾ, വി. ചെറിയ യാക്കോബിൻെറ ഒരു ലേഖനം, വി. പത്രോസിൻെറ രണ്ടു ലേഖനങ്ങൾ, വി. യോഹന്നാൻെറ മൂന്നു ലേഖനങ്ങൾ, വി. യൂദായുടെ ഒരു ലേഖനം, വി. യോഹന്നാൻെറ വെളിപാടു് ഇങ്ങനെ ഇരുപത്തിഏഴു പുസ്തകങ്ങൾ പുതിയനിയമത്തിലുണ്ടു്. നമ്മുടെ കർത്താവു വി. യോഹന്നാനേ അത്യധികം സ്നേഹിച്ചിരുന്നു. ക്രൂശിൽ കിടന്നു കൊണ്ടു മിശിഹാതമ്പുരാൻ തൻെറ മാതാവിനെ ശുശ്രൂഷിപ്പാൻ ഇദ്ദേഹത്തിനെയാണു് ചുമതലപ്പെടുത്തിയതു്. ഇദ്ദേഹം ഏഷ്യാമൈനർ കടന്നു പാർത്തിയായിൽ പോയി. ഇദ്ദേഹമായിരുന്നു എഫേസൂസിലെ പ്രഥമമെത്രാൻ. ഏഷ്യയിലെ മെത്രാന്മാരുടെ നിർബന്ധപൂർവ്വമായ അപേക്ഷാനുസരണമാണു് ഇദ്ദേഹത്തിൻെറ സുവിശേഷം രചിക്കപ്പെട്ടിട്ടുള്ളതെന്നാണു് ഐതീഹ്യം. മിശിഹായുടെ ദൈവത്വത്തെ നിഷേധിക്കുന്നവർ വർദ്ധിച്ചുവന്നതിനാലാണു് അപ്പസ്തോലൻ മിശിഹായുടെ അഥവാ 'നിത്യവചന'ത്തിൻെറ മനുഷ്യാവതാരരഹസ്യത്തേക്കുറിച്ചു പ്രത്യേകമായും, വിശദമായും എഴുതിയിരിക്കുന്നതു്. എഡി. 99-ലാണു് ഈ സുവിശേഷം രചിച്ചതു്. ഇദ്ദേഹത്തിൻെറ ലേഖനങ്ങളും ഏതാണ്ടു് ഈ കാലഘട്ടത്തിൽതന്നെ രചിച്ചുവെന്നാണു് വിശ്വാസം. അവിശ്വാസികളോടുള്ള അദ്ദേഹത്തിൻെറ വെറുപ്പിൻെറ ആധിക്യത്താൽ അവരുടെ മാനസാന്തരത്തിനുവേണ്ടിയല്ലാതെ അവരെ സമീപിക്കുന്നതിനുപോലും ആ വന്ദ്യൻ മടിച്ചു. ഒരിക്കൽ അദ്ദേഹം എഫേസൂസിലെ ഒരു പൊതുസ്നാനമന്ദിരത്തിൽ പ്രവേശിച്ചപ്പോൾ സെറിൻതൂസെന്ന ഒരു കുപ്രസിദ്ധനായ പാഷണ്ഡമതക്കാരനേ കണ്ടു. ഉടനെ അദ്ദേഹം പുറകോട്ടു തിരിഞ്ഞു "നമുക്കു വേഗം പോകാം. അവിശ്വാസിയായ സെറിൻതൂസ് ഇവിടെയുള്ളതിനാൽ ഈ മന്ദിരം തകർന്നു നിലംപതിച്ചേക്കാൻ എളുപ്പമുണ്ടു്", എന്നു് അനുചരരോടു പറഞ്ഞതായി ഒരു കഥയുണ്ടു്. വി. ശ്ലീഹായുടെ ഔദാര്യത്തേയും സ്നേഹത്തേയും പ്രസ്പഷ്ടമാക്കുന്ന വേറൊരു സംഭവം ഇതിലും രസാവഹമാണു്. ഇദ്ദേഹം ഏഷ്യയിലെ പട്ടണങ്ങളിൽ ഒന്നിൽ സുവിശേഷവേല നടത്തിക്കൊണ്ടിരിക്കവേ സുമുഖനും സമർത്ഥനുമായ ഒരു യുവാവിനെ കണ്ടു. തൽക്ഷണം, കൂടെയുണ്ടായിരുന്ന, ആ സ്ഥലത്തെ മെത്രാൻെറ നേരെ തിരിഞ്ഞു് "ആ യുവാവിനെ പ്രത്യേകശ്രദ്ധയോടെ സൂക്ഷിക്കുക, അവനെ സഭയുടെയും മിശിഹായുടെയും സാന്നിദ്ധ്യത്തിൽ നിങ്ങളുടെ പക്കൽ നാം ഏ

ല്പിക്കുന്നു" എന്നു പറഞ്ഞു. മെത്രാൻ ആ യുവാവിൻെറ വേദാഭ്യസനം പൂർത്തിയാക്കിയശേഷം, അവനെ ജ്ഞാനസ്നാനപ്പെടുത്തി. അനന്തരം മററു കൂദാശകളും യഥായോഗ്യം കൊടുക്കുകയും അതിനുശേഷം അവനു കൂടുതൽ സ്വാതന്ത്ര്യം നൽകുകയും ചെയ്തു. അവനാകട്ടെ ദുർമ്മാർഗ്ഗികളായ മററു ചില യുവാക്കന്മാരുടെ സഖിത്വം സമ്പാദിക്കുകയും കാലാന്തരത്തിൽ ഒരു തസ്കരസംഘത്തിൻെറ നായകനായിത്തീരുകയും ചെയ്തു. വി. ശ്ലീഹാ പിന്നീട് ഈ പട്ടണത്തിൽ വന്ന ഒരവസരത്തിൽ അദ്ദേഹം മെത്രാൻെറ അടുക്കൽ ചെന്നു പ്രസ്തുത യുവാവിൻെറ കാര്യം അന്വേഷിച്ചു. നിർഭാഗ്യകരമായ അവൻെറ സ്ഥിതി അറിഞ്ഞ ക്ഷണത്തിൽ അദ്ദേഹം, ഒരു കുതിരപ്പുറത്തു കയറി, ഒരു മാർഗ്ഗദർശിയുടെ സഹായത്തോടെ ആ തസ്കരസംഘത്തിൻെറ താവളസ്ഥലത്തേക്കു പോയി. അവരിൽ ചിലർ അദ്ദേഹത്തെ ബന്ധിച്ചു തങ്ങളുടെ നായകൻെറ സന്നിധിയിൽ കൊണ്ടുചെന്നു. വി. ശ്ലീഹായെ കണ്ടു് നായകൻ ലജ്ജാധീനനായി അവിടെ നിന്നും ഓടി പ്രായാധിക്യത്തെ ഗണ്യമാക്കാതെ വി. ശ്ലീഹായും അവനെ അനുധാവനം ചെയ്തു. ഇപ്രകാരം വിളിച്ചുപറഞ്ഞുകൊണ്ടാണു് അദ്ദേഹം അവൻെറ പിന്നാലെ ചെന്നതു്. "മകനെ വൃദ്ധനും, നിരായുധനും, പിതൃതുല്യം നിന്നെ സ്നേഹിക്കുന്നവനുമായ ഈ എന്നിൽ നിന്നും നീ എന്തിനു് ഓടി അകലുന്നു? എൻെറ മകനെ എന്നോടു നിനക്കു് അനുകമ്പ തോന്നുന്നില്ലേ? നീ ഒന്നും ഭയപ്പെടേണ്ട. നിൻെറ രക്ഷയിൽ എനിക്കു് ഇനിയും വിശ്വാസം ഉണ്ടു്. മിശിഹാ അവിടുത്തെ ജീവനെ നമുക്കായി ഹോമിച്ചതുപോലെ സന്തോഷപൂർവ്വം എൻെറ ജീവനെ നിനക്കായി ബലി കഴിക്കാം. നീ അവിടെ നില്ക്കുക ആ യേശു തന്നെയാണു് എന്നെയും നിൻെറ പക്കലേക്കയച്ചിരിക്കുന്നതു്." ശിലയുമലിയുമാറുള്ള ഈ വിലാപസ്വരം അവൻെറ ഹൃദയം ഭേദിച്ചു. അവൻ ഓട്ടം നിറുത്തി ആയുധങ്ങളും വലിച്ചെറിഞ്ഞു. അശ്രുധാരയോടു കൂടി ശ്ലീഹായോടടുത്തു. ശ്ലീഹായാകട്ടെ അവനെ മാറോടു ചേർത്താശ്ലേഷിക്കുകയും അവനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അവൻ ദൈവത്തോടും, സത്യസഭയോടും പൂർണ്ണമായി രമ്യപ്പെട്ടു് പുണ്യജീവിതത്തിൽ സ്ഥിരപ്പെടുന്നതുവരെ അവനെ അദ്ദേഹത്തിൻെറ കൂടെ നിന്നു് ഉപേക്ഷിച്ചതും ഇല്ല.

പരിശുദ്ധ കന്യക, മരണം വരെ ഈ വിശുദ്ധൻെറ കൂടെയായിരുന്നു വസിച്ചതു്. ദൈവജനനിയുടെ മരണദിനമെന്നാണെന്നു് അറിവാൻ സൂക്ഷ്മമായ രേഖകൾ ഒന്നുമില്ലെങ്കിലും ആഗസ്ററു് 15-ാം തീയതിയാണു് ആ അമ്മയുടെ സ്വർഗ്ഗാരോഹണദിനം ആഘോഷിക്കുന്നതു്. മാതാ

വിൻെറ ശരീരം കല്ലറയിൽ കിടന്നു് അഴുകുവാൻ അനുവദിക്കാതെ, അവളുടെ ദിവ്യസുതൻ, ആ ദിവ്യശരീരം സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി എന്നാണു സത്യവിശ്വാസികളുടെ സാർവ്വത്രികമായ വിശ്വാസം.

# ൩. മതമർദ്ദനങ്ങൾ.

## ഒന്നാമത്തെ മതപീഡനം.

കഴിഞ്ഞ ഭാഗത്തിൽ നാം കണ്ടതുപോലെ യൂദന്മാർ സഭയെ വളരെ ആധികം പീഡിപ്പിച്ചു. അജ്ഞാനികളും അവളെ നിരന്തരമായി മർദ്ദിക്കാതിരുന്നില്ല എന്നാൽ ഇവയെല്ലാം കേവലം പ്രാദേശികങ്ങളും താല്ക്കാലികങ്ങളും മാത്രമായിരുന്നു. അനുദിനം ശക്തിപ്രാപിച്ചുവന്ന സഭയെ രാജാധികാരം പ്രയോഗിച്ചു പ്രതിരോധിച്ച ഒന്നാമത്തെ ചക്രവർത്തി നീറോ * ആയിരുന്നു. സഭയുടെ പ്രചുരമായ പ്രചാരവും, പ്രത്യേകിച്ചു് അയാളുടെ അരമനയിൽ നടന്ന ചില മാനസാന്തരങ്ങളുമാണു്, അയാളുടെ വൈരത്തിനു കാരണം. റോമിൽ നടന്ന അതിഭയങ്കരമായ അഗ്നിബാധയുടെ കാരണക്കാരൻ താനല്ലെന്നു കാണിപ്പാൻ, സമുത്സുകം ആഗ്രഹിച്ചിരുന്ന അയാൾ നിരപരാധികളായ ക്രിസ്ത്യാനികളിൽ ആ അപരാധം ചുമത്തി. അതിഘോരമായ ഒരു സഭാപീഡനം ആയിരുന്നു ഇതിൻെറ ഫലം. അനേകായിരം ക്രിസ്ത്യാനികളെ അയാൾ നിഷ്കരുണം നിഗ്രഹിച്ചു. വളരെപ്പേരെ വന്യമൃഗങ്ങളുടെ തോലണിയിച്ചു നായ്ക്കളെക്കൊണ്ടു കടിപ്പിച്ചു കൊന്നു. മററനേകരെ 'താർ' മുതലായ ദ്രാവകങ്ങളിൽ മുക്കിയ കുപ്പായങ്ങൾ ധരിപ്പിച്ചു, ഉയൎന്ന സ്ഥാനങ്ങളിൽ കെട്ടിത്തൂക്കി, സായംകാലങ്ങളിൽ തീവെച്ചു. നവീനങ്ങളും ദാരുണങ്ങളുമായ മററു പലേതരം പീഡനമാർഗ്ഗങ്ങളും അയാൾ കണ്ടുപിടിക്കാതിരുന്നില്ല.

---

* റോമൻ ചക്രവർത്തികളിൽ 5-ാമനാണു് നീറോ. ആഗസ്റ്റിൻെറ പുത്രനും പിൻഗാമിയുമായ ററിബേരിയസു പീലാത്തോസിൽനിന്നും നമ്മുടെ കർത്താവിൻെറ പീഡാനുഭവവൃത്താന്തം അറിഞ്ഞപ്പോൾ അയാളുടെ ദൈവങ്ങളുടെ പട്ടികയിൽ ഈ ദിവ്യനാമം കൂടി ചേർക്കുവാൻ ആഗ്രഹിച്ചു. പക്ഷെ സെനററുസംഘം വിസമ്മതിക്കയാൽ അയാളുടെ അഭിലാഷം നിരസിതമായി. ററിബേരിയസിൻെറ പിൻഗാമിയായിരുന്നു നിഷ്ഠുരനും, ദുർമ്മാർഗ്ഗിയുമായ കലിഗുള. കലിഗുളായുടെ ഭയങ്കരമായ മരണം സാമ്രാജ്യത്തെ ക്ലോഡിയസിൽ നിക്ഷേപിച്ചു. ഈ ക്ലോഡിയസു് അയാളുടെ ഭാര്യയായ അഗ്രിപ്പീനായുടെ പൂർവ്വവിവാഹത്തിലെ സന്താനത്തെ തൻെറ പിൻഗാമിയായി സ്വീകരിച്ചു.

ഈ പീഡനകാലത്താണ് വി. പത്രോസും, വി. പൌലോസും രക്തസാക്ഷിമകുടം പ്രാപിച്ചത്. ഈ വി. ശ്ലീഹന്മാരെ ഒൻപതുമാസം കാരാഗൃഹത്തിൽ താമസിപ്പിച്ചിരുന്നു. അവിടെവച്ചു വി. പത്രോസ് രണ്ടു കാവൽശിപായിമാരേയും, നാല്പത്തിഏഴു കാരാഗൃഹവാസികളേയും മാനസാന്തരപ്പെടുത്തി. സഭാശിശുവിൻെറ ജീവൻതന്നെയായിരുന്ന പത്രോസിനെ, കാരാഗൃഹത്തിൽനിന്നും വിമോചിപ്പിക്കുവാൻ റോമാപുരിയിലെ സത്യവിശ്വാസികൾ തീവ്രമായ ശ്രമം ചെയ്തു. അതിൻെറ ഫലമായി വി. പത്രോസു കാരാഗൃഹത്തിൽനിന്നും മോചിതനായി പട്ടണവാതുക്കൽ വരേയും വന്നു. അപ്പോൾ ദിവ്യരക്ഷകനായ മിശിഹാ കുരിശും വഹിച്ചുകൊണ്ട് അവിടെ പ്രത്യക്ഷപ്പെട്ടു. അത്ഭുതപാരവശ്യത്തോടെ പത്രോസു ചോദിച്ചു "കർത്താവേ അങ്ങു് എവിടേയ്ക്കു പോകുന്നു" * "രണ്ടാമതു ക്രൂശിതനാകുവാൻവേണ്ടി റോമിലേക്കു പോകുന്നു"വെന്നായിരുന്നു നമ്മുടെ കർത്താവിൻെറ മറുപടി. ദിവ്യരക്ഷകൻ തൻെറ ഐഹിക പ്രതിപുരുഷനായ തനിക്കു പകരമാണു വീണ്ടും ക്രൂശിതനാകുവാൻ പോകുന്നതെന്നു മനസ്സിലാക്കിയ വി. പത്രോസ് ഉടൻതന്നെ കാരാഗൃഹത്തിലേക്കു മടങ്ങി അവസാനം അദ്ദേഹത്തെ ക്രൂശിൽ തൂക്കിക്കൊന്നു. വി. പത്രോസിൻെറ അപേക്ഷാനുസരണം തല കീഴായിട്ടായിരുന്നു അദ്ദേഹത്തെ കുരിശിൽ തറച്ചതു്. ദിവ്യഗുരുവിനേപ്പോലെ തന്നെ ക്രൂശിൽ തൂങ്ങിക്കിടക്കുന്നതിനു താൻ അയോഗ്യനാണെന്നുള്ള വിചാരമായിരിക്കാം ഇപ്രകാരമൊരപേക്ഷയ്ക്കു വി. ശ്ലീഹായെ പ്രേരിപ്പിച്ചതെന്നുവേണം വിചാരിക്കുവാൻ. വി. പൌലോസ് ഒരു റോമൻ പൌരനായതുകൊണ്ടു അദ്ദേഹത്തെ വധിച്ചതു ഗളച്ഛേദം ചെയ്തായിരുന്നു. കൊലസ്ഥലത്തേക്കുള്ള യാത്രാമദ്ധ്യേ അദ്ദേഹം മൂന്നു ഭടന്മാരെ മാനസാന്തരപ്പെടുത്തി. അവരും, അവസാനം ക്രിസ്തുവിനും ക്രിസ്തുവിൻെറ സഭയ്ക്കും വേണ്ടി അവരുടെ ജീവനെ സസന്തോഷം ഹോമിക്കുകയുണ്ടായി. ഇതാണ് പ്രഥമ മതപീഡനത്തിൻെറ സംഗ്രഹം.

---

* നമ്മുടെ കർത്താവു പത്രോസിനു പ്രത്യക്ഷപ്പെട്ടു്, പരിപൂതമാക്കപ്പെട്ട ആ സ്ഥലത്തു് ഇന്നൊരു ദേവാലയം സ്ഥിതിചെയ്യുന്നു. പത്രോസിൻെറ കർത്താവിനോടുള്ള ചോദ്യത്തെ ആധാരമാക്കി ഡോമിനെ കോവാവാദീസ് എന്ന (Domine Quo vadis) എന്നതിനെ വിളിക്കുന്നു.

## രണ്ടാമത്തെ മതപീഡനം.

നീറോയുടെ പിൻഗാമികളായി വന്ന ചക്രവത്തികളുടെ ശ്രദ്ധ, പ്രധാനമായി അന്നു നടന്നുകൊണ്ടിരുന്ന സമരങ്ങളിൽ പതിഞ്ഞതും, വെസ്പേസ്യൻ, ടൈററസ് ആദിയായ ചക്രവത്തികൾ ശാന്തചിത്തരായിരുന്നതും സഭയ്ക്കു വലുതായ അനുഗ്രഹമായിരുന്നു. തന്നിമിത്തം ക്രിസ്ത്യാനികൾക്കു സ്വാതന്ത്ര്യമായും സമാധാനമായും ജീവിക്കുന്നതിനും സ്വച്ഛന്ദം എവിടെയും വേദപ്രചരണം നടത്തുന്നതിനും സാധിച്ചു. എന്നാൽ നീറോയുടെ അവതാരമോ എന്നു ന്യായമായി സംശയിക്കാവുന്ന ഡൊമിഷ്യൻെറ സിംഹാസനാരോഹണം ഈ സമാധാനത്തെയും സ്വാതന്ത്ര്യത്തെയും പാടേ നശിപ്പിച്ചു. അയാളുടെ ഭരണനാടകത്തിൻെറ നാന്ദിതന്നെ ഉഗ്രമായ ഒരു മതപിഡനമായിരുന്നു. സമുദായത്തിൻെറ ഉയൻ്റപടിയിൽ ഇരുന്നവർമാത്രമല്ല, രാജകുടുംബാംഗങ്ങൾപോലും ഈ മതമർദ്ദനത്തിനിരയായി എന്നറിയുമ്പോൾ അതിൻെറ ഉഗ്രതയും ചക്രവത്തിയുടെ ഹൃദയകാഠിന്യവും ഏറക്കുറെ സ്പഷ്ടമാകും. ക്രിസ്ത്യാനികളായി എന്നുള്ള ഏക കാരണത്താൽ അയാളുടെ പിതൃസഹോദരപുത്രനും അന്നത്തെ * റോമൻകോൺസലുമായ ഫ്ലാവിയസ് ക്ലെമൻസിനെ വധിക്കുകയും അദ്ദേഹത്തിൻെറ ഭായ്യയെ നാടുകടത്തുകയും ചെയ്തു. ഇതേ കാരണത്താൽ തന്നെ അവരുടെ രണ്ടു ഭൃത്യന്മാരെ, അത്യസഹ്യങ്ങളായ പിഡനങ്ങൾക്കിരയാക്കി, ഒടുവിൽ വധിച്ചു. വേറെ അനേകരുടെ വസ്തുവകകൾ കണ്ടുകെട്ടി. വളരെപ്പേരെ നാട്ടിൽ നിന്നു ബഹിഷ്കരിച്ചു. മററനവധി ആളുകളെ ശിരഃഛേദം ചെയ്തു എന്നാൽ, ഇതൊന്നുമല്ല, പ്രത്യുത, വി. യോഹന്നാൻ ശ്ലീഹായോടു ചെയ്ത പീഡനമാണ് ഡൊമിഷ്യൻെറ മതമർദ്ദനത്തെ സ്മരണീയമാക്കി ചെയ്ത ഏക സംഭവം. അയാളുടെ ആജ്ഞപ്രകാരം വി. ശ്ലീഹായെ ഭടന്മാർ തിളച്ച എണ്ണയിൽ മുക്കി. എന്നാൽ സവ്വശക്തനായ ദൈവം, തൻെറ അഭിഷിക്തൻെറ മേൽ, അവിടുത്തെ അനുവാദം കൂടാതെ മനുഷ്യകരങ്ങൾ പ്രബലപ്പെടുവാൻ സമ്മതിച്ചില്ല. പച്ചവെള്ളത്തിലെന്നതുപോലെ സുഖമായി അദ്ദേഹം അതിൽ ശയിക്കയും ഹാനിലേശവും കൂടാതെ അതിൽ നിന്നിറങ്ങി വരികയും ചെയ്തു. § തനിക്കു പററിയ പരാജയത്താൽ ക്രദ്ധ

---

* റോമൻ സമ്രാട്ടിൻെറ കീഴിലുള്ള ഒരു വലിയ ഉദ്യോഗസ്ഥൻ.

§ ഈ അത്ഭുതം നടന്ന ലാററിൻഗേററങ്കൽ, ഇന്നു് ഒരു ദേവാലയം സ്ഥിതി ചെയ്യുന്നു.

നായ ചക്രവത്തി, ആ പുണ്യശ്ലോകനെ ഉടൻ തന്നെ ഈജിയൻകടലിലുള്ള പത്മോസ് ദ്വീപിലേക്കു നാടുകടത്തി. വിഗ്രഹാരാധനയുടെ വിനാശത്തേയും, സത്യസഭയുടെ വിജയത്തേയും അദ്ദേഹത്തെ അറിയിച്ച ദർശനങ്ങൾ ഇവിടെ വച്ചാണ് ഉണ്ടായതു്. ‡ ഡൊമീഷ്യൻെറ മരണാനന്തരം വി. ശ്ലീഹാ എപ്പേസൂസിലേക്കു പോകയും അവിടെ എ. ഡി. 101-ൽ, തൻെറ ജീവനെ സമാധാനത്തോടെ ദിവ്യഗുരുവിൻെറ പാവനപാദങ്ങളിൽ സമപ്പിച്ചു് നിത്യശാന്തി പ്രാപിക്കുകയും ചെയ്തു. ഇങ്ങനെ അപ്പസ്തോലഗണത്തിലെ ശേഷിച്ചിരുന്ന ഏകശിഷ്യനും ലോകയവനികക്കുള്ളിൽ എന്നേയ്ക്കും മറഞ്ഞു. വാദ്ധക്യക്ലേശങ്ങളാൽ വിവശനായി ഭവിച്ചപ്പോഴും അദ്ദേഹം തിരുകർമ്മങ്ങളിൽ സംബന്ധിച്ചിരുന്നു. അദ്ദേഹത്തിൻെറ ശിഷ്യന്മാർ അനുദിനം അദ്ദേഹത്തെ എടുത്തുകൊണ്ടു പോവുകയായിരുന്നു പതിവു്. ഓരോ ദിനവും ദേവാലയത്തിൽ സന്നിഹിതരായിരുന്ന ജനക്കൂട്ടത്തോടു് അദ്ദേഹം ഇങ്ങനെ ഉപദേശിച്ചു "എൻെറ വാത്സല്യമക്കളെ! നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ" എല്ലാദിവസവും ഇതു തന്നെ പ്രസംഗിക്കുന്നതു കേട്ടു് അക്ഷമരായ ശിഷ്യന്മാർ "അങ്ങെന്താണ് എന്നും ഈ ഒരു വാക്യം തന്നെ ആവത്തിക്കുന്ന"തെന്നു അദ്ദേഹത്തോടു ചോദിച്ചു. ഇതിനു് അദ്ദേഹത്തിൻെറ മറുപടി. "അതു കത്താവിൻെറ പുതിയ പ്രമാണവും നിത്യരക്ഷയ്ക്കു അതു ധാരാളം പയ്യാപ്തവു"മാകയാലാണ് എന്നായിരുന്നു.

വി. പത്രോസിൻെറ പിൻഗാമികളായി ലീനസ് (Lenus) അനാക്ലാറസ് (Anaclatus) ക്ലമൻറ് (Clement) എന്നിവർ റോമാതിരുസിംഹാസനത്തിൽ വാണു. വി. ക്ലിമൻറിൻെറ ഭരണകാലത്തു്, കൊറിന്ത്യൻസഭയിലെ ചില അൽമേനികൾ വൈദികാധികാരത്തെ എതിത്തു ചില ബഹളങ്ങൾ ഉണ്ടാക്കി. വിവരം അറിഞ്ഞ മാപ്പാപ്പാ ഉടനെ തന്നെ അവരുടെ പേക്കു് ഒരു തിരുവെഴുത്തയച്ചു. അത്യന്തം ഹൃദയസ്പൃക്കും, അതേ സമയം തന്നെ ഏററവും വിജ്ഞാനകരവും ആയ ഒരു ലേഖനമായിരുന്നു അതു്. വി. ലിഖിതങ്ങൾ കഴിഞ്ഞാൽ പിന്നെ തിരുസഭയുടെ ഏററവും സുന്ദരവും പ്രാചീനവുമായ വി. ലേഖനവും ഇതുതന്നെ. മാപ്പാപ്പാ ആഗ്രഹിച്ചതുപോലെ ഈ തിരുവെഴുത്തു കൊണ്ടു തന്നെ ആ ശിശ്മ നാമാവശേഷവുമാകയും ചെയ്തു.

ഡൊമിഷ്യൻെറ പിൻഗാമിയായ നെർവാ (Nerva) നീതിമാനും, ശാന്തനും ആയിരുന്നതിനാൽ ഡൊമിഷ്യൻെറ ക്രൂരശാസനങ്ങളെയെ

‡ ഇവയുടെ വിവരണമാണ് വി. യോഹന്നാൻെറ വെളിപാടു്.

ല്ലാം അദ്ദേഹം പിൻവലിച്ചു. ഇതിന്റെ ഫലമായി, ക്രിസ്ത്യാനികൾക്കു് അനുസ്യൂതമായ സമാധാനവും സന്തോഷവും ഉണ്ടായി.

## മൂന്നാമത്തെ മതപീഡനം.

നെർവായുടെ പിൻഗാമിയായ ട്രാജന്റെ (Trajan) ഭരണകാലത്താണു് മൂന്നാമത്തെ മതസമ്മർദ്ദനം സമാരംഭിച്ചതു്. മററു രണ്ടു മതപീഡനങ്ങളേയും അപേക്ഷിച്ചു് ക്രൂരത കുറഞ്ഞതായിരുന്നു ഇതെന്നുള്ളതു് പരമാർത്ഥം തന്നെ. പക്ഷെ, കാലദൈർഘ്യത്തിലും വധിക്കപ്പെട്ടവരുടെ സംഖ്യയിലും മററു രണ്ടിനേയും ഇതു ജയിച്ചുവെന്നുള്ളതും മറയ്ക്കത്തക്കതല്ല. വി ക്ലമന്റു പാപ്പായായിരുന്നു ഈ പീഡനത്തിലെ ഒന്നാമത്തെ രക്തസാക്ഷി. ക്രിസ്ത്യാനികളോടുള്ള വർത്തനമൊഴിച്ചു മറെറല്ലാക്കാര്യങ്ങളിലും ട്രാജൻ വിവേകിയും ദയാലുവും ആയിരുന്നുവെങ്കിലും ഈ വിഷയത്തിൽ, ഇവയൊന്നും അദ്ദേഹത്തിനെ തീണ്ടിയിരുന്നുപോലും ഇല്ല. ക്രിസ്തുമതപീഡനത്തിനു അയാൾ പുതുതായ യാതൊരു കല്പനയും പുറപ്പെടുവിച്ചില്ലെങ്കിലും നെർവാ പിൻവലിച്ച ക്രൂരശാസനങ്ങളെയെല്ലാം അയാൾ നടപ്പിൽ വരുത്തി. ബിത്തീനിയായിലെ ഗവർണ്ണരായ യങ്ങർപ്ലിനിക്കയച്ച ഒരു മറുപടിക്കത്തിൽ നിന്നും ഇദ്ദേഹത്തിന്റെ സ്വഭാവവും നയവും നമുക്കു ഏറെക്കുറെ മനസ്സിലാക്കാം. മതനിഷ്ഠയിലുള്ള നിർബന്ധമല്ലാതെ യാതൊരു കുററവുമില്ലാത്ത യഥാർത്ഥ പൗരന്മാരായ ക്രിസ്ത്യാനികളോടു് എങ്ങനെ വർത്തിക്കണമെന്നുള്ളതായിരുന്നു പ്ലിനിയുടെ കത്തിലെ സാരം. പ്ലിനി പറയുന്നു "അവരുടെ ഏക കുററം അവർ ചില ദിവസങ്ങളിൽ സൂര്യോദയത്തിനു മുമ്പുണന്നു് അവർ ദൈവമായി ആരാധിക്കുന്ന ക്രിസ്തുവിനു സ്തോത്രഗീതങ്ങൾ പാടുകയും, ഒരു സത്യപ്രതിജ്ഞയാൽ ആജീവനാന്തം വ്യഭിചാരമോഷണാദികളിൽനിന്നു അകന്നിരിക്കുകയും ചെയ്യുന്നുവെന്നുള്ളതാണു്." നിർമ്മലവും നിർവ്യാജവും അല്ലാത്ത യാതൊരു ജീവിതചര്യയും അവരിൽ കാണുന്നില്ലെന്നു പ്ലിനി സമ്മതിക്കുന്നു. എന്നാൽ അതേ സമയംതന്നെ "അന്ധവിശ്വാസമാകുന്ന ഈ സാംക്രമികവ്യാധി" സ്ഥിതിവ്യത്യാസമോ പ്രായഭേദമോ കൂടാതെ നഗരങ്ങളിലും ഗ്രാമങ്ങളിലും ഒന്നുപോലെ പടന്നുപിടിച്ചു്,അവരുടെ അമ്പലങ്ങളെ വിജനങ്ങളും, ദേവാർച്ചനസാധനങ്ങളെ വിക്രയാസാദ്ധ്യങ്ങളും ആക്കിത്തീർത്തിരിക്കുന്നതായി വിലപിക്കുകയും ചെയ്യുന്നുണ്ടു്. ഇതിനു ട്രാജന്റെ മറുപടി ക്രിസ്ത്യാനികളെ ഔദ്യോഗികമായി അന്വേഷിച്ചു പിടിക്കേണ്ടതില്ലെങ്കിലും യാദൃച്ഛികമായി രാജസന്നിധിയിൽ കൊണ്ടുവരപ്പെടുന്നവർ ക്രിസ്തുമതം ഉപേക്ഷിച്ചു തങ്ങ

ളുടെ ദേവന്മാരെ അംഗീകരിച്ചാദരിക്കാതെയും, ചക്രവത്തിയുടെ പ്രതിമയ്ക്കു ധൂമാച്ച്നം ചെയ്യാതെയും ഇരിക്കുന്നപക്ഷം, അവരെ രാഷ്ട്രത്തിൻെറ അധികാരത്തെ നിരസിക്കുകയും രാഷ്ട്രീയ മതത്തെ അവഹേളിക്കുകയും ചെയ്യുന്ന ന്യായാനസൃതമല്ലാത്ത ഒരു മതത്തിൻെറ അംഗങ്ങളായി ഗണിച്ചു വധശിക്ഷനൽകണമെന്നായിരുന്നു.

ആദ്യവേദസാക്ഷികളുടെ ഗണത്തിൽ 120 വയസ്സുള്ള യെറുശലേം മെത്രാനായ വി. ശെമഓനും ഉണ്ടായിരുന്നു. ഒരു ക്രിസ്ത്യാനിയും, ദാവീദുരാജാവിൻെറ ഗോത്രജനും എന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ അപരാധം. അദ്ദേഹത്തെ അതിദാരുണങ്ങളായ പല പീഡനങ്ങൾക്കു ശേഷം ക്രൂശിൽ തൂക്കിക്കൊന്നു. വിശുദ്ധൻെറ അപ്പോഴത്തെ അത്ഭുതാവഹമായ സഹനശക്തി കാണികളെ വിസ്മയസ്തിമതരാക്കിയതായി പറയപ്പെടുന്നു. അന്ത്യോക്യാ മെത്രാനായിരുന്ന വി. ഇഗ്നാത്തിയോസിനെ ഒരിക്കൽ ട്രാജൻ ക്ഷണിച്ചുവരുത്തി;അവർ തമ്മിൽ ഏതാണ്ടിപ്രകാരം ഒരു സംഭാഷണം നടത്തി.

ട്രാജൻ. ഒരു ദുഷ്ടപിശാചിനേപ്പോലെ എൻെറ കല്പനകളെ നിരാകരിക്കുകയും, ജനാവലിയെ നാശക്കുപത്തിലേക്കു നയിക്കുകയും ചെയ്യുന്നവൻ നീയാണോ?

* ഇഗ്നാത്തിയോസ്. അല്ലയോ രാജാവേ! തെയോഫോറസിനെ ദുഷ്ടപിശാചെന്നു് ഇതുവരെ ആരും വിളിച്ചിട്ടില്ല. ദൈവത്തിൻെറ ദാസന്മാർ ദുഷ്ടാരൂപികളല്ലെന്നു മാത്രമല്ല അവരുടെ ദശ്നമാത്രയിൽ ദുഷ്ടാരൂപികൾ ഭയപ്പെട്ടു് ഓടുകയും ചെയ്യുന്നു.

ട്രാ. ആരാണു് ഈ തെയോഫോറസ്?

ഇ. ഞാനും, ഹൃദയത്തിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യമുള്ള മറെറല്ലാവരും.

ട്രാ. ഞങ്ങൾക്കുവേണ്ടി പ്രവത്തിക്കുന്ന ദേവന്മാർ ഞങ്ങളുടെ ഹൃദയത്തിലില്ലെന്നാണോ നീ കരുതുന്നതു്?

ഇ. ദേവന്മാരോ, എന്തുദേവന്മാർ. അവർ കേവലം പിശാചുക്കൾ. ദൈവം ഒന്നേയുള്ളു—ആകാശവും ഭൂമിയും സൃഷ്ടിച്ച ഏക ദൈവം. ആ ദൈവത്തിൻെറ ഏക സുതനായി യേശുക്രിസ്തുവും ഉണ്ടു്. ഈ യേശുവിൻെറ രാജ്യത്തിൽ പ്രവേശിക്കുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്.

---

* വി. ഇഗ്നാത്തിയോസിനു് ദൈവത്തെ വഹിക്കുന്നവൻ എന്നത്ഥമുള്ള തേയോഫോറസ് എന്ന ഒരു പേരും ഉണ്ടായിരുന്നു.

ട്രാ. പീലാത്തോസ് ക്രൂശിൽ തറച്ച ആ യേശുവിനെ തന്നെയല്ലേ നിങ്ങൾ ഉദ്ദേശിക്കുന്നതു്?

ഇ. പീലാത്തോസു കുരിശിൽ തൂക്കിയെന്നല്ല പറയേണ്ടതു്. ദൈവമാണു കുരിശിൽ തൂക്കിയതു്. പാപത്തേയും അതിൻെറ കത്താവിനേയും (author) ആ മിശിഹായേ ഹൃദയത്തിൽ വഹിക്കുന്നവക്കു നരകത്തേയും അതിൻെറ ശക്തികളേയും ജയിക്കുവാനുള്ള മഹത്തായ ശക്തി ദൈവം നൽകിയിട്ടുണ്ടു്.

ട്രാ. നിങ്ങൾ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ വഹിക്കുന്നുണ്ടോ?

ഇ. തീച്ചയായും. "ഞാൻ അവരോടു കൂടി വസിക്കും" എന്നാണു് ക്രിസ്തു പ്രസ്താവിച്ചിട്ടുള്ളതു്.

സംഭാഷണം ഇത്രയുമായപ്പോഴേക്കു ചക്രവത്തി രോഷാകുലനായി. വി. ഇഗ്നാത്തിയോസിനെ തുടലുകൾ കൊണ്ടു ബന്ധിച്ചു്, വന്യമൃഗങ്ങൾക്കു ഇരയാകുവാനായി റോമിലേക്കു കൊണ്ടുപോകുവാൻ അയാൾ ആജ്ഞാപിച്ചു. വി. ഇഗ്നാത്തിയോസു് ഊദ്ധ്വനയനനായി കൂപ്പുകൈകളോടെ കത്താവിനു സ്തോത്രം ചെയ്തു "കത്താവേ അങ്ങേ പരിപൂണ്ണമായി സ്നേഹിക്കുന്നതിനും, അവിടുത്തെ അപ്പസ്തോലനായ വി. പത്രോസിനെപ്പോലെ ചങ്ങലകളാൽ ബന്ധിതനാകുന്നതിനുമുള്ള ഭാഗ്യം എനിക്കു നൽകിയ അങ്ങേ ഞാൻ സ്തുതിക്കുന്നു". റോമിലേക്കുള്ള പ്രയാണമദ്ധ്യേ അവരുടെ കപ്പൽ സ്മർണായിൽ അടുത്തു. അവിടെ വച്ചു് അവിടുത്തെ മെത്രാനും, വി. യോഹന്നാൻശ്ലീഹായുടെ ശിഷ്യനുമായ വി. പോളിക്കാപ്പിനെ കാണുന്നതിനും സംഭാഷിക്കുന്നതിനും വി. ഇഗ്നാത്തിയോസിനു സൗകര്യം ലഭിച്ചു മാത്രമല്ല ഏഷ്യയിലെ സഭകൾക്കും റോമായിലെ ക്രിസ്ത്യാനികൾക്കും അദ്ദേഹം അവിടെ വച്ചു് ഓരോ എഴുത്തും എഴുതി. റോമായിലെ ക്രിസ്ത്യാനികൾ തന്നോടുള്ള സ്നേഹാതിരേകം നിമിത്തം തന്നെ വധിക്കുന്നതിൽ പ്രതിബന്ധമുണ്ടാക്കുമോ എന്നു് അദ്ദേഹത്തിനു വളരെ ഭയമുണ്ടായിരുന്നു. അതിനാൽ, അവരെ ആ ശ്രമത്തിൽ നിന്നും നിവത്തിപ്പിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ എഴുത്തിൻെറ ഉദ്ദേശ്യം.

സുദീർഘമായ ഒരു യാത്രയ്ക്കു ശേഷം, റോമാക്കാരുടെ പ്രത്യേക വിനോദങ്ങൾ നടന്നുകൊണ്ടിരുന്ന ഒരു ദിവസം അവർ റോമാപുരിയിൽ ചെന്നുചേന്നു. ജനാവലിയുടെ ആഹ്ളാദധ്വനികളും ക്ഷുത്തുകൊണ്ടു് പീഡിതരായ വന്യമൃഗങ്ങളുടെ അലർച്ചയും പുണ്യവാൻെറ കണ്ണുകളിൽ

പതിച്ചു. എന്നാൽ അദ്ദേഹത്തിനു യാതൊരു ഹൃദയക്ഷോഭവുമുണ്ടായില്ല. സ്മേരവദനനായി അദ്ദേഹം രംഗത്തിൽ പ്രവേശിച്ചു. പെട്ടെന്നു സിംഹവീരന്മാർ, അദ്ദേഹത്തിൻെറ മേൽ ചാടി വീണ് അദ്ദേഹത്തെ കടിച്ചു ചീന്തി. റോമായിലെ ക്രിസ്ത്യാനികൾ വിശുദ്ധനായ ആ രക്തസാക്ഷിയുടെ അസ്ഥികൾ ശേഖരിച്ച് അന്ത്യോഖ്യായിലേക്കയച്ചു. അതോടു കൂടി ഒരെഴുത്തും ഉണ്ടായിരുന്നു. അതിലെ ഏതാനും ഭാഗങ്ങളാണ് അടിയിൽ ഉദ്ധരിക്കുന്നതു് "വി. ഇഗ്നാത്തിയോസിൻെറ മഹത്തരമായ മരണത്തിനു ഞങ്ങൾ ദൃക്സാക്ഷികളാണ്. അന്നു രാത്രി, ഞങ്ങൾക്ക് ആത്മശക്തി തരണമേ എന്നു് കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ അദ്ദേഹം ഞങ്ങൾക്കു പ്രത്യക്ഷപ്പെടുകയുണ്ടായി. അനുവത്സരം അദ്ദേഹത്തിൻെറ മരണദിനം ആഘോഷിക്കുവാൻ ആ ദിവസംകൂടി ഞങ്ങൾ അറിയിക്കുന്നു.

## നാലാമത്തെ മതപീഡനം.

ഹഡ്റിയാൻ, അൻടോണിയസ് എന്നീ ചക്രവർത്തികളുടെ ഭരണകാലത്തു് ക്രിസ്ത്യാനികൾക്ക് ഏറക്കുറെ സമാധാനം അനുഭവിക്കുന്നതിനു സാധിച്ചു. എന്നാൽ സാമ്രാജ്യവിഭാഗങ്ങളെ ഭരിച്ചിരുന്ന ഗവർണർമാർ, അജ്ഞാനികളുടെ നിർബന്ധത്താൽ, പിൻവലിക്കപ്പെടാതിരുന്ന ക്രൂരശാസനങ്ങൾ പലയിടത്തും നടപ്പിലാക്കാതെയിരുന്നില്ല. എങ്കിലും സഭ, സാമ്രാജ്യത്തിലെങ്ങും പ്രചുരമായിത്തന്നെ പ്രചരിച്ചു. അർമ്മീനിയാ, പേർസ്യാ, ഇൻഡ്യാ മുതലായ സ്ഥലങ്ങളിലും സർമേഷ്യൻസ് (Sarmations) ഡേഷ്യൻസ് (Dacions) സതിയൻസ് (Saythions) ആദിയായ അപരിഷ്കൃതജാതികളുടെ ഇടയിലും, ഭക്തിപരവശരായ മിഷ്യനറിമാർ, നടത്തിയ സുവിശേഷവേലകൾ അത്യന്തം വിജയകരങ്ങളായിരുന്നു.

ചരിത്രം, പൂജനീയനായി പരിഗണിക്കുന്ന മാർക്കസ് ഔറേലിയസ്, നിർഭാഗ്യവശാൽ ക്രിസ്ത്യാനികളുടെ ശത്രുവായിത്തീർന്നു. സ്വതേ ദീനദയാലുവും, നീതിമാനുമായിരുന്ന അദ്ദേഹത്തിൻെറ ഈ ക്രിസ്തുമതവിദ്വേഷത്തിനു ഹേതു, ആരുടേയോ ദുർബോധനമാണെന്നാണ് വിശ്വസിക്കപ്പെട്ടിരിക്കുന്നതു്. ക്രിസ്ത്യാനികളോടുള്ള ഔറേലിയസിൻെറ ക്രൂരമായ വർത്തനം അദ്ദേഹത്തിൻെറ അന്യഥാ ധവളമായിരുന്ന കീർത്തിപ്രചുരിമയെ സാരമായി കളങ്കപ്പെടുത്തുകതന്നെ ചെയ്തു. ഇയാൾ ആരംഭിച്ച മതമർദ്ദനത്തെ ക്രൂരതയിൽ, നീറോയുടേയും ഡൊമീ

ഷ്യൻെറയും മതപീഡനത്തോടും കാലദൈർഘ്യത്തിലും വധിക്കപ്പെട്ട ആളുകളുടെ സംഖ്യയിലും അതിനെ ട്രാജൻെറ മതവിദ്ധ്വംസക കർമ്മങ്ങളോടും ഉപമിക്കാം.

സ്മർണായിലാണ് ഇതു് ആദ്യം ആരംഭിച്ചതു്. അവിടെയും സമീപപ്രദേശങ്ങളിലുമുള്ള നിരപ്പരാധികളായ വളരെ അധികം ക്രിസ്ത്യാനികൾ ആ നരാധമൻെറ സംഹാരശക്തിയ്ക്കു വിധേയരായി. ആ പരിശുദ്ധ രക്തസാക്ഷികളുടെ ഞരമ്പുകളും, എല്ലുകളും മാത്രമല്ല കുടലുകൾപോലും പ്രത്യക്ഷപ്പെടുമാറു്, അതിക്രൂരമായി അവരെ ദണ്ഡിപ്പിച്ചു എന്നാണ് സ്മർണാസഭയിലെ ഒരു ലേഖനത്തിൽ കാണുന്നതു്. ലേഖനം തുടരുന്നു. "എങ്കിലും, യാതൊരു പ്രലപനവും കൂടാതെ അചഞ്ചല ഹൃദയരായി അവർ അതെല്ലാം സഹിച്ചു. ആയിരമായിരം മുറിവുകളിൽ നിന്നും, അനുസ്യൂതം രക്തം പ്രവഹിച്ച ആ സമയത്തും അവർ സത്യസ്വരൂപനായ ദൈവത്തെ കീർത്തിക്കുക മാത്രമേ ചെയ്തുള്ളു. ക്രിസ്തു അവരുടെ ഹൃദയത്തിൽ സംസാരിക്കുന്നതായി അവക്കു തോന്നുകയാൽ ശാരീരികമായ ആ വേദനകളൊന്നും അവർ അറിഞ്ഞതേ ഇല്ല. മനുഷ്യനേത്രങ്ങൾ ദർശിച്ചിട്ടില്ലാത്ത കാഴ്ചകളും അവർ കണ്ടു. എന്തെന്നാൽ അവർ മനുഷ്യരെന്ന നിലയെ അതിലംഘിച്ചു മാലാഖമാരായിത്തീർന്നിരിക്കുകയാണല്ലോ. അവരിൽ ഒരാളായ ജെർമാനിക്കുസെന്ന ആളിൻെറ സഹനശക്തി അനന്യസാധാരണമായിരുന്നു. ഈ അസാധാരണധൈര്യം തൻെറ അനുചരന്മാക്കു ഒരു വലിയ പ്രേരണാശക്തിയായി ഭവിച്ചു. സിംഹത്തിനു് എറിഞ്ഞുകൊടുക്കുവാൻ പോകുന്ന ആ സമയത്തും, അധികാരി അവൻെറ നിർബ്ബന്ധബുദ്ധി ത്യജിക്കുവാൻ അവനോടു് ഉപദേശിച്ചു. "ഇതുപോലെയുള്ള ആയിരം മരണംതന്നെ വരിക്കേണ്ടതായി വന്നാലും ശരീരരക്ഷയ്ക്കുവേണ്ടി എൻെറ ആത്മാവിനെ ഞാൻ ബലികഴിക്കുകയില്ലെന്നായിരുന്നു" ആ ധർമ്മധീരൻെറ ഉചിതമായ മറുപടി. ഉടൻ അയാളെ രംഗഭൂമിയിലേക്കു, പ്രവേശിപ്പിക്കുകയും, സിംഹത്തിനിരയാക്കുകയും ചെയ്തു. അന്യാദൃശമായ ഈ ധൈര്യം മൂർഖരും മൃഗതുല്യരുമായ ആ ജനാവലിയുടെ സംഹാരതൃഷ്ണയെ നിതരാം ഉദ്ദീപിപ്പിച്ചു. "ഇവരുടെ മെത്രാനായ ആ പോളിക്കാർപ്പിനെ കൊണ്ടുവരട്ടെ" എന്നു് അവർ അട്ടഹസിച്ചു.

പോളിക്കാർപ്പുമെത്രാനെ അന്വേഷിച്ചു ജനങ്ങൾ പല വഴിക്കും തിരിഞ്ഞു. സ്വജനങ്ങളുടെ നിർബ്ബന്ധപൂർവ്വമായ അപേക്ഷകൾക്കു വശംവദനനായി അദ്ദേഹം സമീപെയുള്ള ഒരു ചെറിയ ഗ്രാമത്തിൽ നിഗൂഢമായി വസിക്കുകയായിരുന്നു. വളരെ ദിവസങ്ങൾ അന്വേഷണത്തിൽ

കഴിച്ചുവെങ്കിലും ആ വിശുദ്ധനെ കണ്ടുപിടിക്കുന്നതിനവൎക്കു സാധിച്ചില്ല. ഒടുവിൽ നിരാശരായ ആ ദുഷ്ടന്മാർ ഒരു ക്രൈസ്തവ യുവാവിനെ നിർദ്ദയം മർദ്ദിച്ചുതുടങ്ങി. മെത്രാന്റെ വാസസ്ഥലത്തേക്കു അവരെ നയിക്കുന്നതുവരെ, അതു തുടരുന്നതാണെന്നു അവർ ഭീഷണപ്പെടുത്തി. മർദ്ദനം അസഹ്യമായിത്തീൎന്നതിനാൽ ആ യുവാവു അവരെ മെത്രാന്റെ രഹസ്യവാസസ്ഥലത്തേക്കു് കൊണ്ടുപോയി. രക്ഷപെടുവാനുള്ള മാൎഗ്ഗം ഇനിയും അദ്ദേഹത്തിനുണ്ടായിരുന്നെങ്കിലും 'ദൈവതിരുമനസ്സു നിറവേറട്ടെ' എന്നു പറഞ്ഞു വിശുദ്ധനായ അദ്ദേഹം ആ ഭടന്മാരുടെ സമീപത്തേക്കു് അണഞ്ഞു. ബഹുമാനാർഹമായ അദ്ദേഹത്തിന്റെ മുഖഭാവം ആ ഭടന്മാരുടെ ഹൃദയത്തിൽപോലും, അനുഭാവവികാരങ്ങളെ ഉദിപ്പിച്ചു. "ഈ നല്ല മനുഷ്യനെ എന്തിനു ബന്ധിക്കുന്നു?" എന്നു് അവർ പരസ്പരം ചോദിച്ചു. മെത്രാൻ അവൎക്കു ഭക്ഷണം നൾകി അവരെ സംതൃപ്തരാക്കി. കൃതജ്ഞരായ ആ ഭടന്മാർ, അദ്ദേഹത്തിനു മരണത്തിനൊരുങ്ങുന്നതിനും സഭയ്ക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിനും അവസരം നൽകി. അനന്തരം ഒരു കഴുതപ്പുറത്തുകയറി അദ്ദേഹം ഭടരെ അനുഗമിച്ചു. ആ വിശുദ്ധന്റെ ബന്ധനവൃത്താന്തം അറിഞ്ഞു് അനേകം ആളുകൾ രംഗഭൂമിക്കു ചുററും സ്ഥലം പിടിച്ചിരുന്നു. വന്ദ്യനായ അദ്ദേഹത്തെ കണ്ടു് ആൎദ്രചിത്തനായ അധികാരി "നിങ്ങളുടെ വാൎദ്ധക്യത്തെ സ്മരിച്ചെങ്കിലും, സ്വയം നശിക്കാതെ ചക്രവൎത്തിയുടെ ആജ്ഞകൾ അനുസരിക്കാമെന്നു സത്യം ചെയ്യുവാൻ" പറഞ്ഞു. വിശുദ്ധൻ അതിനു വിസമ്മതിച്ചു. അപ്പോൾ അധികാരി വീണ്ടും പറഞ്ഞു. "ക്രിസ്തുവിനെ ശപിക്കുകമാത്രം ചെയ്താൽ മതി. ഞാൻ നിങ്ങളെ വിട്ടയച്ചേക്കാം" "എൺപത്തിആറു കൊല്ലം ഞാൻ അദ്ദേഹത്തെ സേവിച്ചു. ഈ എൺപത്തിആറു കൊല്ലവും നന്മയല്ലാതെ തിന്മ അവിടുന്നു് എനിക്കു നൾകിയിട്ടില്ല. പിന്നെ എന്റെ കൎത്താവും രക്ഷിതാവുമായ സൎവ്വശക്തനെ ഞാൻ എങ്ങനെ ശപിക്കും"? എന്നായിരുന്നു വിശുദ്ധന്റെ പ്രശാന്തമായ പ്രത്യുത്തരം. എന്നാൽ അധികാരി വീണ്ടും വീണ്ടും ക്രിസ്തുവിനെ ശപിക്കുവാൻ ഇദ്ദേഹത്തോടാജ്ഞാപിച്ചു. അപ്പോൾ വി. പോളിക്കാർപ്പു പ്രസ്താവിച്ചു. "നിങ്ങൾ വൃഥാ ബദ്ധപ്പെടുന്നു. ഞാൻ ഒരു ക്രിസ്ത്യാനിയാണു്. ഞങ്ങൾ വിശ്വസിക്കുന്ന തത്വങ്ങൾ നിങ്ങൾക്കറിയണമെങ്കിൽ സസന്തോഷം അവയെ ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം. ആ അധികാരിക്കു് ഇദ്ദേഹത്തോടതിയായ ആദരവു തോന്നി. ജനാവലിയുടെ നിർബന്ധമില്ലായിരുന്നുവെങ്കിൽ അയാൾ വിശുദ്ധനെ വിട്ടയയ്ക്കുന്നതിനു മടിക്കയില്ലായിരുന്നു. മൃഗയാവിനോദങ്ങളുടെ സമയം കഴിഞ്ഞിരുന്നതിനാൽ അദ്ദേ

ഹത്തെ ജീവനോടെ ദഹിപ്പിക്കുവാൻ അവർ തീച്ച്യയാക്കി. വിധിവാചകം ഉച്ചരിച്ച ക്ഷണത്തിൽ ജൂതന്മാരും അജ്ഞാനികളും ആർത്തുകൊണ്ടു സന്തോഷത്തോടെ വിറകു ശേഖരിക്കുവാൻ പുറപ്പെട്ടു. അനുക്ഷണത്തിൽ ചിതയും നിർമ്മിച്ചുകഴിഞ്ഞു. ചിതമേൽ ഉറച്ചു നില്ക്കുന്നതിനായി അദ്ദേഹത്തിൻെറ കാലുകളെ ബന്ധിക്കുവാൻ ചെന്നവരോടു് അദ്ദേഹം പറഞ്ഞു. എൻെറ കാലുകളെ നിങ്ങൾ ബന്ധിക്കേണ്ട. ദഹിച്ചുകയറുന്ന ഈ പാവകജ്വാലകളെ സഹിക്കുവാൻ എനിക്കു ശക്തി നൽകുന്ന ദൈവം ഉറച്ചു നില്ക്കുന്നതിനുള്ള ശക്തിയും തരാതിരിക്കുകയില്ല". എങ്കിലും അദ്ദേഹത്തിൻെറ കൈകളെ അവർ പുറകോട്ടു ബന്ധിച്ചു. തീ, കത്തി ജ്വലിച്ചുതുടങ്ങിയപ്പോൾ അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചു. "സർവ്വശക്തനും യേശുക്രിസ്തുവിൻെറ പിതാവുമായ ദൈവമേ! അങ്ങേ അറിയുന്നതിനുള്ള അനുഗ്രഹം ആ ദിവ്യപുത്രൻ വഴിയായി അങ്ങു് ഞങ്ങൾക്കു നൽകിയല്ലോ. രക്തസാക്ഷിയായി മരണം പ്രാപിക്കുന്നതിനും, അവസാനമില്ലാത്ത ജീവിതം സ്വർഗ്ഗരാജ്യത്തിൽ നയിക്കുന്നതിനുമായി തിരുക്കുമാരൻെറ കാസാ പാനം ചെയ്യുന്നതിനു് അങ്ങു് ഇന്നു് എനിക്കു് അനുവാദം തന്നിരിക്കുന്നതിനാൽ അങ്ങേയ്ക്കു സ്തോത്രം. അങ്ങേ പുത്രനും അത്യുന്നത പുരോഹിതനുമായ മിശിഹാ വഴിയായി അങ്ങേയ്ക്കും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും സ്തുതിയും മഹത്വവും ഉണ്ടായിരിക്കട്ടെ" ആമ്മീൻ. അനലജ്വാലകൾ ഉയന്നു വിശുദ്ധൻെറ ശിരസ്സിനു മുകളിൽ അർദ്ധ ചന്ദ്രാകൃതിയിൽ പരിശോഭിച്ചു. പ്രകൃത്യാതീതമായ ഒരു സൌരഭ്യവും അന്തരീക്ഷത്തിലെങ്ങും വ്യാപിച്ചു. വി. പോളിക്കാപ്പിൻെറ ശരീരം അഗ്നിയിലിട്ട സ്വർണ്ണഖണ്ഡം പോലെ പ്രവൃദ്ധമായ പ്രശോഭയും കൈക്കൊണ്ടു. ശത്രുക്കൾ കോപാന്ധരായി. അവരിലൊരുവൻ മുമ്പോട്ടു ചാടി ഒരു ഖഡ്ഗത്താൽ ആ ദിവ്യനെ വെട്ടി. ക്രൂശിക്കപ്പെട്ടവനു പകരം ക്രിസ്ത്യാനികൾ വി. പോളിക്കാപ്പിനെ ആരാധിച്ചേക്കും എന്നു ഭയന്നു വിശുദ്ധൻെറ ശവശരീരം അവിടെനിന്നും മാററപ്പെടുന്നതിനു് അജ്ഞാനികൾ അനുവദിച്ചില്ലെന്നാണു അവിടെ സന്നിഹിതരായിരുന്ന ക്രിസ്ത്യാനികൾ രേഖപ്പെടുത്തിയിരിക്കുന്നതു്. അവർ ചോദിക്കുന്നു. "നമ്മുടെ രക്ഷക്കായി ക്രൂശുമരണമനുഭവിച്ച യേശുവിനെ ഞങ്ങൾ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നു് ഇവർ അറിയുന്നില്ലേ? യേശുവിനേ ഞങ്ങൾ ദൈവപുത്രനായിട്ടു് ആരാധിക്കുമ്പോൾ, രക്തസാക്ഷികളെ തങ്ങളുടെ യജമാനനും, രാജാവുമായ സത്യദൈവത്തെ മരണപര്യന്തം വിശ്വസ്തതയോടുകൂടി സേവിച്ച ഭൃത്യരായിട്ടു ഗണിക്കുന്നുള്ളൂ". സ്മർണാ ലേഖനം തുടരുന്നു. "ഞങ്ങൾ അദ്ദേഹത്തിൻെറ

തിരുശേഷിപ്പുകളെ അഗ്നിയിൽനിന്നെടുത്തു യോഗ്യമായ ഒരു സ്ഥലത്തു സംപൂജ്യമായി സ്ഥാപിച്ചിട്ടുണ്ടു്. അനർഘമായ രത്നത്തെക്കാൾ മാഹാത്മ്യമുള്ളതായി ഞങ്ങൾ അതിനെ കരുതുന്നു. അദ്ദേഹത്തിന്റെ മഹനീയ മാതൃകയാൽ ഉത്തരോത്തരം പ്രചോദിതരാകുവാൻവേണ്ടി, അനുവത്സരം ഞങ്ങൾ അവിടെ സമ്മേളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു. പുണ്യാത്മാക്കളെ ഇപ്രകാരം ദൈവത്തിന്റെ ദാസരും സ്നേഹിതരുമായി ബഹുമാനിക്കുകയും, അവരുടെ തിരുശേഷിപ്പുകളെ യേശുക്രിസ്തുവിന്റെ ജീവനുള്ള ശരീരാംശങ്ങളും പരിശുദ്ധാരൂപിയുടെ ആലയങ്ങളും ആയി പൂജ്യതയോടെ കരുതുകയും ചെയ്യുന്ന പതിവു് സഭയിൽ ആദ്യകാലം മുതല്ക്കേ ഉള്ളതാണു്.

റോമൻസൈന്യത്തിൽപെട്ട ക്രൈസ്തവഭടന്മാരുടെ പ്രാർത്ഥനാഫലമായി ഉണ്ടായ ഒരത്ഭുതത്താൽ ഈ മർദ്ദനം തൽക്കാലത്തേക്കെങ്കിലും ശമിച്ചു. ഔറേലിയസ് ചക്രവർത്തിയും മ്ലേച്ഛവർഗ്ഗങ്ങളും തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ ചക്രവർത്തിയും സൈന്യവും ബൊഹീമിയായിലെ ഭയാനകങ്ങളായ ശൈലനിരകൾക്കിടയിൽ അകപ്പെട്ടു. മ്ലേച്ഛസൈന്യം അവരെ വളഞ്ഞു. ചക്രവർത്തിയും ഭടന്മാരും പിപാസപീഡയാൽ മൃതപ്രായരായി. അവർ ഹൃദയം പൊട്ടിക്കരഞ്ഞു. അക്കൂട്ടത്തിൽ ഉണ്ടായിരുന്ന ക്രൈസ്തവഭടന്മാരാകട്ടെ മുട്ടുകുത്തി ദൈവത്തോടു പ്രാർത്ഥിച്ചു. മരണപ്രാന്തത്തിലെത്തിയ ആ അവസരത്തിലും അജ്ഞാനികൾ അവരെ അവഹേളിക്കുവാൻ മടിച്ചില്ല. എന്നാൽ ഉത്തരക്ഷണത്തിൽ ആകാശം കാർമേഘാവൃതം ആകുകയും റോമൻപാളയത്തിൽ ഘോരമായ വർഷപാതം ഉണ്ടാകുകയും ചെയ്തു. ചക്രവർത്തിയും ഭടന്മാരും സന്തുഷ്ടരായി. ആവശ്യംപോലെ അവർ കുടിച്ചു സംതൃപ്തിയടഞ്ഞു. ഇതുകണ്ടു മ്ലേച്ഛസൈന്യം ആർത്തിയോടുകൂടി റോമൻപാളയത്തിലേയ്ക്കു കുതിച്ചു ചാടി. എന്നാൽ വിസ്മയം! പ്രശാന്തമായ മഴയ്ക്കു പകരം ഭയങ്കരമായ കൊടുങ്കാററും മിന്നലും അവർക്കു ലഭിച്ചു. അവർ പരിഭ്രാന്തചിത്തരായി ആയുധങ്ങളും എടുത്തെറിഞ്ഞു് നാനാഭാഗത്തേയ്ക്കും ഓടി. റോമൻസൈന്യം വിജയശ്രീലാളിതരായി. ക്രൈസ്തവഭടന്മാരുടെ പ്രാർത്ഥനയാലാണു് ഈ വിജയം സിദ്ധിച്ചതെന്നു് അവർ കൃതജ്ഞതാപൂർവ്വം സമ്മതിച്ചു. അത്ഭുതകരമായ ഈ വിജയവൃത്താന്തം ചക്രവർത്തി സെനററു സംഘത്തെ അറിയിച്ചു. മാത്രമല്ല [illegible]ലാൽ ക്രിസ്ത്യാനികളോടു് യാതൊരു ഉപദ്രവവും ചെയ്യരുതെന്നു് എല്ലാ ഗവർണർമാരേയും മററു് അധികാരികളേയും അറിയിക്കുകയും ചെയ്തു.

എന്നാൽ ഈ ആനുകൂല്യം തുലോം ഹ്രസ്വമായ ഒരു കാലത്തേയ്ക്കു ഉണ്ടായിരുന്നുള്ളു. മൂന്നു വത്സരം കഴിഞ്ഞു് ചക്രവർത്തിയുടെ നാമത്തിലും അധികാരത്തിലും ഗോളിൽ മതമർദ്ദനം ഉണ്ടായി ഇതിനു ഹേതു അന്നത്തെ അത്ഭുതകരമായ വിജയം അജ്ഞാനികളുടെ ദേവന്മാരുടെ സഹായത്താലാണെന്നു് ചക്രവർത്തിയെ ചിലർ ധരിപ്പിച്ചതോ അഥവാ ഏതദ്ദേശിയഗവർണർമാരുടെ തോന്ന്യാസമോ ആയിരിക്കാം. ലിയോൺസിലായിരുന്നു ഈ മർദ്ദനം ശക്തിയെ പ്രാപിച്ചതു്. പത്രോസിനാൽ നിയുക്തനും ആർലസ്സിലെ പ്രഥമമെത്രാനുമായ ട്രോഫിമസ്സ് ആണു് അവിടെ ആദ്യമായി വേദപ്രചാരം നടത്തിയതു് എന്നാണു് പാരമ്പര്യവിശ്വാസം. സഭയ്ക്കു് അവിടെ ലഭിച്ച പ്രചുരപ്രചാരം അജ്ഞാനികളിൽ അസൂയയേയും വൈരത്തേയും വർദ്ധിപ്പിക്കുകയാൽ സ്നാനഘട്ടങ്ങൾ, ആപണവീഥികൾ മററു പൊതുസ്ഥാപനങ്ങൾ മുതലായവയിൽ ക്രിസ്ത്യാനികൾ പ്രവേശിക്കരുതെന്നു് അവർ നിരോധിച്ചു. ഇതുകൊണ്ടും തൃപ്തരാകാത്ത ചിലരാവട്ടെ കാണുന്നിടത്തു വെച്ചെല്ലാം അവരെ അവമാനിക്കുകയും, കല്ലെറിയുകയും അധികാരികളെ ഏല്പിക്കുകയും ചെയ്തു. ലിയോൺസിലെ വിശ്വാസികൾ ഏഷ്യാമൈനറിലെ സഹോദരങ്ങൾക്കെഴുതിയ ഒരെഴുത്തിൽ നിന്നും ആണു് ഈ മതപീഡനത്തെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു്. "മതത്തെക്കുറിച്ചുള്ള സകല ചോദ്യങ്ങൾക്കും അവർ സധൈര്യം മറുപടി പറഞ്ഞു അനന്തരം അധികാരികൾ വരുന്നതുവരെ അവരെ തടവിൽ പാർപ്പിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം അധികാരിയുടെ സവിധത്തിലേയ്ക്കു് അവരെ കൊണ്ടുപോയി. അധികാരിയുടെ മൃഗീയമായ വർത്തനത്തിൽ ക്രുദ്ധനായ ഒരു ക്രിസ്തീയയുവാവു് ക്രിസ്ത്യാനികളുടെ സഭയ്ക്കുവേണ്ടി വാദിക്കുന്നതിനു് അധികാരം ചോദിച്ചു. ഇതിനു് അയാൾക്കു ലഭിച്ച മറുപടി ജനാവലിയുടെ അവഹേളനവും, "ക്രിസ്ത്യാനികളുടെ വക്കീൽ" എന്നു് അധികാരിയിൽ നിന്നുള്ള ഹാസ്യാഭിധാനവും, കാരാഗൃഹവാസവും ആയിരുന്നു. മതതീക്ഷ്ണതയുള്ള ആ യുവാവിന്റെ ഉത്തമദൃഷ്ടാന്തം മററു ക്രിസ്ത്യാനികളെയും ധൈര്യവാന്മാരാക്കി. പ്രശാന്തതയോടെ അവർ പീഡനങ്ങൾ സഹിച്ചു് രക്തസാക്ഷികളായി മരിക്കുകയും ചെയ്തു.

ഇതിനിടെ ലിയോൺസിലെ മെത്രാനായ പന്തിനുസിനെ പിടിക്കുവാൻ തീവ്രമായ ശ്രമങ്ങൾ നടക്കുന്നുണ്ടായിരുന്നു. വൃദ്ധനെങ്കിലും യുവസഹജമായ ഉന്മേഷം ഉള്ള ഒരാത്മാവായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്. കാലതാമസമെന്യേ ഇദ്ദേഹത്തെ ജനാവലിയുടെ ആ

ക്ഷേപവർഷങ്ങൾക്കിടയിൽ ന്യായാധിപതിയുടെ മുൻപിൽ ഹാജരാക്കി. ക്രിസ്ത്യാനികളുടെ ദൈവം ആരാണെന്നു് ന്യായാധിപതി അദ്ദേഹത്തോടു ചോദിച്ചു. നിങ്ങൾക്കു യോഗ്യതയുണ്ടെങ്കിൽ നിങ്ങൾ അദ്ദേഹത്തെ അറിയും എന്നാണു് വിശുദ്ധൻ മറുപടി പറഞ്ഞതു്.

ക്രുദ്ധനായ ഭരണാധികാരി, ഇദ്ദേഹത്തെ ജനാവലിയുടെ ഇഷ്ടാനുസരണം എന്തും ചെയ്യാൻ ഏല്പിച്ചുകൊടുത്തു. ദേവന്മാരുടെ ശത്രുവായ ഇയാളെ ഉപദ്രവിച്ചില്ലെങ്കിൽ അവർ കോപിക്കുമോ എന്നു തോന്നുമാറു് അവിടെ കൂടിയിരുന്ന ജനതതി അദ്ദേഹത്തെ ഇടിക്കയും അടിക്കയും ചവിട്ടുകയും കുത്തുകയും ചെയ്തു. എന്നാൽ ഇതുകൊണ്ടൊന്നും അദ്ദേഹം മരിക്കാതിരുന്നതിനാൽ അദ്ദേഹത്തെ അവർ കാരാഗൃഹത്തിൽ അടച്ചു. അദ്ദേഹം ഏററ മർദ്ദനങ്ങളുടെ ഫലമായി അവിടെ വച്ചു ആ വിശുദ്ധൻ നിര്യാണം പ്രാപിച്ചു.

കോപാക്രാന്തരായ ജനസമൂഹത്തിൻെറ ഉപദ്രവങ്ങൾക്കു് പിന്നീടു് വിധേയരായതു ലയൺസിലെ ദേവാലയത്തിൽ ശുശ്രൂഷക്കാരനായിരുന്ന സാരിംത്തുസു് എന്ന ആറാംപട്ടക്കാരനും, നൂതനമായി ക്രിസ്തുമതം സ്വീകരിച്ചവരിൽ ഒരാളായ മത്തുരുസും, ആത്തലൂസു് എന്നൊരാളും ബ്ളിത്തീനായെന്ന ഒരു യുവതിയും ആയിരുന്നു. ശുഷ്കശരീരയായ ബ്ളിത്തീനാ വിസ്താരസമയത്തു തന്നെ മരിച്ചുപോകുമെന്നു പലരും വിചാരിച്ചിരുന്നുവെങ്കിലും അവിടെ കൂടിയിരുന്നവരെയെല്ലാം അതിശയിപ്പിക്കുമാറു് പീഡകരുടെ ക്ഷമയെയും സാമത്ഥ്യത്തെയും അവൾ പരാജയപ്പെടുത്തി. അവർ പ്രഭാതം മുതൽ പ്രദോഷംവരെ അവളെ പല വിധത്തിൽ പീഡിപ്പിച്ചു. ഒടുവിൽ ദുർബ്ബലയായ ആ തരുണിയാൽ, തങ്ങൾ പരാജിതരായിരിക്കുന്നുവെന്നു സമ്മതിച്ചു് പീഡകർ പിന്മാറി. അതിശക്തിയായ വേദനയുണ്ടാകുന്ന ഓരോ അവസരങ്ങളിലും അവൾ ഇത്രമാത്രം പറഞ്ഞു. "ഞാൻ ഒരു ക്രിസ്ത്യാനിയാണു്. യാതൊരു ദുർമ്മാർഗ്ഗങ്ങളും ക്രിസ്ത്യാനികൾ അനുവർത്തിക്കുന്നില്ല" ആറാംപട്ടക്കാരനായ സാരിംത്തുസും ഘോരതരമായ പീഡകൾക്കു വിധേയനായി. ഒരു ക്രിസ്ത്യാനിക്കു് ഉച്ചരിപ്പാൻ അർഹമല്ലാത്ത എന്തെങ്കിലും പ്രസ്താവനകൾ അയാളെക്കൊണ്ടു ചെയ്യിക്കണമെന്നായിരുന്നു, അവരുടെ ഉദ്ദേശ്യം. എന്നാൽ, "ഞാൻ ഒരു ക്രിസ്ത്യാനിയാണു്" എന്നു മാത്രമേ, അയാൾ പറഞ്ഞുള്ളു. ഇദ്ദേഹത്തിൻെറ അധൃഷ്യമായ ധൈര്യത്തിൽ ക്രുദ്ധനായ ന്യായാധിപതി ചുട്ടുപഴിപ്പിച്ച ചെമ്പുതകിടു്, അയാളുടെ ശരീരത്തിൻെറ മൃദുലമായ ഭാഗങ്ങളിലെല്ലാം വയ്ക്കുവാൻ ആജ്ഞാപിച്ചു. അദ്ദേഹമാകട്ടെ

യാതൊരു പരിഭ്രമവും കൂടാതെ പ്രശാന്തനായി അവയെല്ലാം സഹിച്ചു. പരാജിതരായ പീഡകർ വിശ്രമാത്ഥം അവിടെ നിന്നും പോയപ്പോൾ അദ്ദേഹത്തിന്റെ ശരീരം ആസകലം വ്രണമായും അവയവങ്ങളിൽ പലതും ക്ഷതപ്പെട്ടും വികൃതമായും കാണപ്പെട്ടു. എന്നാൽ അവർ തിരിച്ചുവന്നപ്പോൾ, അവയെല്ലാം സുഖപ്പെട്ടിരിക്കുന്നതായിട്ട് അവർ കണ്ടു.

അസംഖ്യം ആളുകൾ ഈ മർദ്ദനമേററ് പരലോകപ്രാപ്തരായി. മററനേകർ ഇതുകണ്ടു് പ്രകൃത്യാതീതമായ ശക്തിയും ജീവനും പ്രാപിച്ചു. എന്നാൽ ഇതിലെല്ലാം അഭിനന്ദനാർഹമായിട്ടുള്ളതു് അവരുടെ വിസ്മയാവഹമായ വിനയമാണു്. ഹൃദയക്ഷോഭത്തോടുകൂടിയല്ലാതെ സ്മരിക്കുവാൻപോലും അസാദ്ധ്യമായ പീഡനങ്ങൾ അവർ അനുഭവിച്ചുവെങ്കിലും, "രക്തസാക്ഷികൾ" എന്ന മഹത്തായ നാമത്തിനു് അവരർഹല്ലെന്നായിരുന്നു എന്നാണു് ആ വിശുദ്ധർ വിചാരിച്ചതു്. സ്മർണാലേഖകൻ പറയുന്നു. ഞങ്ങൾ ആ മഹാത്മാക്കളെ രക്തസാക്ഷികളെന്നു് അഭിസംബോധന ചെയ്തപ്പോൾ, മഹത്തായ ഈ നാമം, തങ്ങളുടെ യുദ്ധം വിജയകരമായി പര്യവസാനിപ്പിക്കുകയും മിശിഹായുടെ തിരുനാമത്തെ ഏററുപറഞ്ഞു് സ്വർഗ്ഗം പ്രാപിക്കയും ചെയ്തവൎക്കു മാത്രമേ യോഗ്യമായിരിക്കയുള്ളു. അല്ലാതെ ഞങ്ങളേപ്പോലുള്ള ഹീനസൃഷ്ടികൾക്കു് അനുയോജ്യമല്ല. എന്നു പറഞ്ഞുകൊണ്ടു് ഞങ്ങളെ ശാന്തമായി ശകാരിക്കുകയാണു് ചെയ്തതു്.

ന്യായാധിപന്റെ അടുക്കൽ കൊണ്ടുവന്നപ്പോഴും, അവർ "ഞങ്ങൾ ക്രിസ്ത്യാനികളാണെന്നു് സധൈര്യം പ്രസ്താവിച്ചുകൊണ്ടു്, പീഡകർ ഏല്പിച്ച സകല മർദ്ദനങ്ങളേയും സസന്തോഷം സഹിച്ചു. ഈ വിശുദ്ധന്മാരുടെ അന്യാദൃശ്യധൈര്യവും, ഉൽബോധജനകമായ ഉപദേശങ്ങളും, മനുഷ്യരേ ഭയന്നു കർത്താവിനെ നിഷേധിച്ചു പറഞ്ഞ പലരിലും ധൈര്യത്തേയും, സ്ഥൈര്യത്തേയും വളത്തി.

ഏതാനും ദിവസങ്ങൾക്കുശേഷം പ്രസ്തുത, രക്തസാക്ഷികളെ എല്ലാവരേയും, രംഗഭൂമിയിൽ കൊണ്ടുവന്നു. എന്നാൽ ജനതതിയെ തൃപ്തിപ്പെടുത്തുവാൻ തക്കവണ്ണമുള്ള ക്രൗര്യം ആ മൃഗങ്ങൾക്കില്ലെന്നു കണ്ടു്, മത്തുരുസിനേയും സാരിംതുസിനേയും ചുട്ടുപഴിപ്പിച്ച ഇരുമ്പുകസേരകളിൽ ഇരുത്തണമെന്നു് ആ ദുഷ്ടജനം ആവശ്യപ്പെട്ടു. അപ്രകാരം ചെയ്തിട്ടും അവർ മരിക്കായ്കയാൽ അവരെ വാളുകൊണ്ടു വെട്ടിക്കൊന്നു. അനന്തരം ബ്ളിത്തീനാ എന്ന ബാലികയെ കുരിശാകൃതിയിൽ കരങ്ങൾ നീട്ടി ഒരു കഴവുമരത്തിന്മേൽ തൂക്കി വന്യമൃഗങ്ങൾക്കിട്ടുകൊടുത്തു. പക്ഷെ വന്യമൃ

ഗങ്ങൾ ആ സുകൃതിനിയെ സ്പർശിക്കുകപോലും ചെയ്തില്ല. ആത്തലൂസ് എന്ന യുവാവിനെ 'ക്രിസ്ത്യാനിയായആത്തലൂസ്'' എന്നു മാറ്റിൽ എഴുതിവച്ചുകൊണ്ടു്, രംഗഭൂമിയിലൂ ചുററും ഓടിച്ചു. ഇദ്ദേഹം ഒരു റോമാ പൗരനായിരുന്നതിനാൽ ജനതതിയുടെ ഇഷ്ടാനുസരണം അദ്ദേഹത്തെ വധിക്കുവാൻ ന്യായാധിപൻ സമ്മതിച്ചില്ല. അതിനാൽ ചക്രവത്തിയുടെ അഭീഷ്ടം അറിയുന്നതു വരെ, ഈ വിശുദ്ധനെ മററു വേദസാക്ഷികളോടുകൂടി കാരാഗൃഹത്തിലേക്കു തിരിച്ചയച്ചു. മിശിഹായിലുള്ള വിശ്വാസത്തിൽ സുസ്ഥിരന്മാരായ എല്ലാവരേയും വധിക്കണമെന്നായിരുന്നു ഔറേലിയസിൻെറ കല്പന. ക്രിസ്ത്യാനികളായി അവിടെ ബന്ധനത്തിൽ പാർപ്പിച്ചിരുന്നവരെല്ലാം മിശിഹായുടെ വിശ്വാസത്തിൽ ഉറപ്പുള്ളവരുമായിരുന്നു. തന്നിമിത്തം അവരെല്ലാം മരണശിക്ഷയ്ക്കു വിധിക്കുകയും വൈദ്യനായ അലക്സാണ്ടറിനേയും ആത്തലൂസ് എന്ന യുവാവിനേയും അടുത്തദിവസം രംഗഭൂമിയിൽ വച്ചു വധിച്ചു. മററുള്ളവർ പരസ്യവിനോദകാലത്തു് വീണ്ടും മർദ്ദനങ്ങൾക്കധീനരായി. ബ്ളിത്തീനായെ ഒരു വലയിൽ ഇട്ടുകെട്ടി ഒരു വൃഷഭവീരൻെറ മുമ്പിൽ എറിഞ്ഞു. അതു് ആ പരിശുദ്ധയെ വളരെനേരം കുത്തുകയും ചവിട്ടുകയും മററും ചെയ്തുവെങ്കിലും മരിക്കായ്കയാൽ ഒടുവിൽ അവളെ ശിരസ്സു ഛേദിച്ചു് നിഗ്രഹിച്ചു. രക്തസാക്ഷികളുടെ മൃതശരീരങ്ങൾ അവർ നായ്ക്കൾക്കു ഇട്ടുകൊടുക്കുകയും അവയുടെ അവശിഷ്ടങ്ങൾ ചുട്ടു ഭസ്മമാക്കി റോൺനദിയിൽ ഒഴുക്കുകയും ചെയ്തു. എന്നുവരികിലും ആ തിരുശേഷിപ്പുകൾ നഷ്ടപ്പെടുവാൻ, ദൈവം അനുവദിച്ചില്ല. ഒരു സ്വർഗ്ഗീയവെളിപാടാൽ അവ എവിടെയാണു് സ്ഥിതി ചെയ്യുന്നതെന്നു് അറിയിക്കപ്പെട്ടു. വിശ്വാസികൾ അവയെ എടുത്തു് ഇപ്പോൾ 'വിനീസിയർ' എന്നു പറയപ്പെടുന്ന ദേവാലയത്തിലെ ബലിപീഠത്തിനു താഴെ പൂജ്യമായി സംസ്കരിച്ചു. നാല്പത്തിഎട്ടു പേരാണു് അന്നു് രക്തസാക്ഷിമകുടം പ്രാപിച്ചതു്. ലിയോൺസിലെ സഭ, ഈ വിശുദ്ധന്മാരുടെ പേരുവിവരവും, അവർ അനുഭവിച്ച പീഡനങ്ങളുടെ തെളിവായ ഒരു വൃത്താന്തവും ഇപ്പോഴും സൂക്ഷിച്ചുവരുന്നു.

അധികകാലം കഴിയുന്നതിനു മുമ്പേ ലിയോൺസിലെ ക്രിസ്തീയ സഭയ്ക്കു, എപ്പിപ്പോഡിയസ്, അലക്സാണ്ടർ എന്ന യൌവ്വനയുക്തരും പ്രസിദ്ധരുമായ രണ്ടു ധീര യോദ്ധാക്കളെ രക്തസാക്ഷികളുടെ പട്ടികയിൽ ചേർക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചു. ഇവർ ഉൽകൃഷ്ട കുടുംബത്തിൽ ജനിച്ചവരും ഒരേ മതത്തിൻെറ അംഗങ്ങളും ആയിരുന്നു. ഇവർ ക്രിസ്ത്യാനികളാണെന്നു് അധികാരികൾ അറിഞ്ഞു എന്നു് അവർ മനസ്സിലാക്കിയ

ക്ഷണത്തിൽത്തന്നെ സമീപെയുള്ള ഒരു സാധു വിധവയുടെ കുടിലിൽ അഭയം പ്രാപിച്ചു. എന്നാൽ വളരെക്കാലം അങ്ങനെ രഹസ്യമായി ജീവിക്കുവാൻ അവൾക്കു സാധിച്ചില്ല. പടയാളികൾ അവരുടെ അഭയകേന്ദ്രം അറിയുകയും താമസംവിനാ അവർ, അവരെ പിടിച്ചു ബന്ധനത്തിലാക്കുകയും ചെയ്തു. മൂന്നാംദിവസം അവർ ന്യായാധിപന്റെ സവിധത്തിൽ ഹാജരാക്കപ്പെട്ടു. നിങ്ങൾ ഏതു മതം അവലംബിക്കുന്നു എന്നു ന്യായാധിപൻ അവരോടു ചോദിച്ചു 'ക്രിസ്തുമതം' എന്നായിരുന്നു അവരുടെ ധീരമായ മറുപടി. അപ്പോൾ ന്യായാധിപൻ സഗൌരവം ചോദിച്ചു. "എന്തു്! ചക്രവർത്തിയുടെ കല്പനകൾ ഇപ്പോഴും നിങ്ങൾ അവഗണിക്കുന്നോ? നിങ്ങൾക്കു നൽകിയിരുന്ന മുന്നറിവുകൾ പോരെന്നോ? അനന്തരം ഒരാളിന്റെ ധൈര്യം മററവനു പ്രേരകമാകാതിരിക്കുവാൻ വേണ്ടി, അലക്സാണ്ടറിനെ കാരാഗൃഹത്തിലേക്കയച്ചു. അനന്തരം പ്രായം തുലോം കുറഞ്ഞവനും ക്ഷീണഗാത്രനുമായ എപ്പിപ്പോഡസിനോടു ചോദിച്ചു "നീ എന്തിനു സ്വയം നശിക്കുവാൻ ഒരുങ്ങുന്നു? ഞങ്ങൾ വിനോദങ്ങളിലും വിരുന്നുകളിലും ഏർപ്പെട്ടു് ആഹ്ലാദത്തോടെ നാശഹീനരായ ദേവന്മാരെ ആരാധിക്കുന്നു. നിങ്ങളോ, ക്രൂശിൽ തൂക്കിക്കൊന്ന ഒരു മനുഷ്യനെയാണു് ആരാധിക്കുന്നതു്. അയാളെ പ്രസാദിപ്പിക്കുവാൻ ലോകസുഖങ്ങളെയെല്ലാം പരിത്യജിക്കയും വേണം. അതിനാൽ വിഷമകരങ്ങളായ ഈ തപോനിഷ്ടകളെയെല്ലാം ഉപേക്ഷിച്ചു പ്രായത്തിനനുയോജ്യമായ ഐഹികസുഖങ്ങളെ അനുഭവിക്കുക". മറുപടിയായി എപ്പിപ്പോഡസു് പറഞ്ഞു "ക്രൂശിൽ മരിച്ച ആ മനുഷ്യൻ ഉത്ഥാനം ചെയ്തതും, ദൈവവും മനുഷ്യനുമായ ആ ലോകനാഥൻ സ്വർഗ്ഗരാജ്യത്തിന്റെ കവാടങ്ങളെ അവിടുത്തെ ദാസന്മാർക്കായി തുറന്നിട്ടിരിക്കുന്നതും നിങ്ങൾ അറിയുന്നില്ലേ? മനുഷ്യൻ ആത്മാവും ശരീരവും കൂടെ ചേർന്ന ഒരു സൃഷ്ടിയാണെന്നുള്ളതും നിങ്ങൾക്കു് അജ്ഞാതമാണോ? ഉത്തമാംശമായ ആത്മാവിന്റെ ആജ്ഞാപനം അധമാംശമായ ശരീരം അനുസരിക്കണമെന്നതാണു് ഞങ്ങളുടെ തത്വം. നിങ്ങൾ വേദപ്രസാദത്തിനായി അനുഷ്ഠിക്കുന്ന വിനോദവിഹാരങ്ങൾ ഇന്ദ്രിയങ്ങളെ ആനന്ദിപ്പിക്കുന്നുവെന്നുള്ളതു പരമാർത്ഥംതന്നെ എന്നാൽ അതു് അതേസമയംതന്നെ നിങ്ങളുടെ ആത്മാവിനെ വധിക്കുകയും ചെയ്യുന്നുവെന്നു മനസ്സിലാക്കണം. ശരീരത്തോടു ഞങ്ങൾ യുദ്ധം ചെയ്യുന്നതു് ആത്മാവിനു വിജയം സമ്പാദിച്ചു കൊടുക്കുവാനാണു്. നിങ്ങളുടെ അവസാനം എന്തെന്നു ചിന്തിക്കുക. ഭയങ്കരവും ആശാശൂന്യവും ആയ ഒരു മരണം നി

അദ്ദേഹത്തിന്റെ നിഷ്ഠുര മർദ്ദനങ്ങളാൽ നിഗ്രഹിക്കപ്പെടുന്ന ഞങ്ങളോ നിത്യമായ ഒരു ജീവിതത്തിലേക്കു പ്രവേശിക്കുന്നു.

ന്യായാധിപൻ സംഭാഷണം അവസാനിപ്പിച്ചു് എപ്പിപ്പോഡസിനെ,'റാക്കു'' എന്ന പീഡനയന്ത്രത്തിൽ ഇട്ടു് പീഡിപ്പിക്കുന്നതിനും, അനന്തരം ഇരുമ്പു ചീപ്പുകളാൽ അദ്ദേഹത്തിന്റെ മാംസം ചീന്തുന്നതിനും വിധിച്ചു. ഇതുകൊണ്ടൊന്നും മരിക്കാതിരുന്ന ആ വിശുദ്ധനെ അവസാനം ശിരഛേദം ചെയ്യാനാണു് വധിച്ചതു്. രണ്ടാംദിവസം അലക്സാണ്ടറിനേയും, ന്യായാധിപന്റെ സന്നിധിയിൽ കൊണ്ടുവന്നു. മററുള്ളവക്കു നൽകപ്പെട്ട ശിക്ഷകൾ അനുസ്മരിച്ചു, ബുദ്ധിപൂർവ്വം പ്രവർത്തിക്കണമെന്നുള്ള ന്യായാധിപോപദേശത്തോടുകൂടിയാണു് അയാളുടെ വിസ്താരം ആരംഭിച്ചതു്. ന്യായാധിപതി പറഞ്ഞു. "മറെറല്ലാ ക്രിസ്ത്യാനികളേയും ഞങ്ങൾ നിഗ്രഹിച്ചുകഴിഞ്ഞിരിക്കുന്നു. നീ ഏകനെ ഇനിയും ശേഷിച്ചിട്ടുള്ളു". അലക്സാണ്ടർ മറുപടി പറഞ്ഞു "രക്തസാക്ഷിയാകുവാനുള്ള എന്റെ ആഗ്രഹത്തെ ദൃഢമാക്കുന്നതിനും, എന്നെ അതിൽ പ്രോത്സാഹിപ്പിക്കുന്നതിനും പര്യാപ്തങ്ങളായ ആ വൃത്താന്തങ്ങളെ എന്നെ അനുസ്മരിപ്പിച്ച ദൈവത്തിനു സ്തോത്രം. നിങ്ങളുടെ സംതൃപ്തി അടിസ്ഥാനരഹിതമാണു്. ക്രിസ്ത്യാനികളെ നാമാവിശേഷമാക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല. ഞാനൊരു ക്രിസ്ത്യാനിയാണു്. ക്രിസ്ത്യാനിയായിത്തന്നെ ഞാൻ മരിക്കുകയും ചെയ്യും.

അവർ നിഷ്ഠുരമായ മൂന്നു "ആരാച്ചാരന്മാരുടെ" പക്കൽ അയാളെ ഏൾപ്പിച്ചു. അവർ, ആ വിശുദ്ധനെ ഓരോതരം പീഡകൾ മാറി മാറി അനുഭവിപ്പിക്കയും ചെയ്തു. എന്നാൽ ഇവയൊന്നും അദ്ദേഹത്തിന്റെ ജീവഹാനി വരുത്തുവാൻ പര്യാപ്തമായില്ല. അതിനാൽ പരാജിതരായ ആ "ത്രിമൂർത്തികൾ" വിവരം ന്യായാധിപനെ അറിയിക്കുകയും ന്യായാധിപന്റെ ആജ്ഞാനുസരണം അദ്ദേഹത്തെ ഒരു കുരിശിൽ ബന്ധിക്കയും ചെയ്തു. ഇങ്ങനെ ആ കുരിശിൽ കിടന്നു വിശുദ്ധൻ തന്റെ ജീവനെ നിത്യപിതാവിനു സമർപ്പിച്ചു.

വി. സിഫേരിയന്റെ രക്തസാക്ഷിത്വവും ഈ മതമർദ്ദനകാലത്തുതന്നെയാണു് നടന്നതു്. ആററൺ നഗരത്തിലെ അഭിജാതകുലജാതനായ ഒരു യുവാവായിരുന്നു അദ്ദേഹം. ആ യുവാവിന്റെ അപരാധം സിബെലി എന്ന ദേവതയുടെ ഉത്സവദിനത്തിൽ, അന്നത്തെ അധമ്മപരവും അതിനീചവും ആയ ആചാരങ്ങളെ പരസ്യമായി അവഹേളിച്ചുവെ

ന്നതായിരുന്നു. ന്യായാധിപൻ അയാളോടു ചോദിച്ചു. "നീ എങ്ങനെ ഇതുവരെയും ഞങ്ങളുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞിരുന്നു. ആററൺ നഗരത്തിലെ ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്തുകഴിഞ്ഞുവെന്നായിരുന്നല്ലോ എന്റെ വിചാരം. ആകട്ടെ സിബേലിയെ ആരാധിക്കാതിരിക്കുവാനുള്ള നിങ്ങളുടെ കാരണങ്ങൾ പറയുക. കേൾക്കട്ടെ. സഫേരിയൻ പറഞ്ഞു. "ഞാൻ ഒരു ക്രിസ്ത്യാനിയാണ്. സ്വർഗ്ഗസ്ഥനായ ഏക ദൈവത്തെ ഞാൻ ആരാധിക്കുന്നു. സിബെലിയുടെ പ്രതിമയെ ഞാൻ ആരാധിക്കുകയില്ലെന്നു മാത്രമല്ല, നിങ്ങൾ അനുവദിക്കുന്നുവെങ്കിൽ ഞാൻ അതിനെ കഷണം കഷണമായി തല്ലിത്തകർക്കുകയും ചെയ്യും".

ന്യായാധിപൻ "നിങ്ങളുടെ കുലശ്രേഷ്ഠതയായിരിക്കാം ഈ ധിക്കാരത്തിനു കാരണം. എന്നാൽ ചക്രവർത്തിയുടെ വിളംബരം നിങ്ങൾ കേട്ടിട്ടില്ലേ?" വിളംബരം വായിച്ചതിനുശേഷം ആ ന്യായാധിപൻ ചോദിച്ചു നിങ്ങൾക്കിതിനുള്ള സമാധാനമെന്താണ്. വിശുദ്ധൻ പറഞ്ഞു. ഈ പ്രതിമ ആത്മാക്കളെ വഞ്ചിക്കുന്നതിനും, നശിപ്പിക്കുന്നതിനുമുള്ള പിശാചിന്റെ ഒരു കൌശലമാണ്. ഞങ്ങളുടെ ദൈവം പുണ്യവാനു നന്മയും, പാപികൾക്കു ശിക്ഷയും നല്കും. അതിനാൽ ആ സത്യദൈവത്തിലുള്ള വിശ്വാസവും ഭക്തിയും അഭംഗുരമായി പാലിച്ചെങ്കിലേ എനിക്കു നിത്യസമ്മാനം ലഭിക്കുകയുള്ളു. അപ്പോൾതന്നെ നല്കിയ ഏതാനും ദണ്ഡനങ്ങൾക്കുശേഷം ആ വിശുദ്ധനെ അയാൾ വീണ്ടും കാരാഗൃഹത്തിലേക്കയച്ചു.

ആ വിഗ്രഹത്തെ ആരാധിക്കുന്നപക്ഷം ധാരാളം ധനവും നല്ല ഒരുദ്യോഗവും അയാൾക്കു കൊടുക്കാമെന്നു ഏതാനും ദിവസങ്ങൾക്കുശേഷം ന്യായാധിപൻ അയാളോടു പറഞ്ഞു. ഇതിനു സെഫേരിയന്റെ മറുപടി അനാവശ്യഭാഷണത്തിൽ സമയം നഷ്ടപ്പെടുത്തുന്നതും, നിർദ്ദോഷികളെ വഞ്ചിക്കുന്നതും ഒരു ന്യായാധിപനു യോജിച്ചതല്ല. എനിക്കു മരണത്തിൽ അണുവും ഭയമില്ല. എന്നെങ്കിലും ഒരിക്കൽ നമ്മുടെ ജീവനെ അതിന്റെ ദാതാവിനെ ഏല്പിച്ചേ മതിയാവൂ. എന്നാൽ പിന്നെ ഇപ്പോൾതന്നെ, അതിനെ ഒരു കാഴ്ചയായി സമർപ്പിക്കുന്നതു് കൂടുതൽ അഭിലഷണീയമല്ലേ? നിങ്ങളുടെ ദാനങ്ങൾ മധുരപദാർത്ഥങ്ങളിൽ പൊതിഞ്ഞ വിഷമാണ്. കാലത്തിന്റെ അപ്രതിഹതമായ ഗതിയിൽ അവയും അവകൊണ്ടുള്ള ആനന്ദങ്ങളും വിലീനമായിപ്പോകും. പരിപൂർണ്ണവും അനശ്വരവുമായ സൌഭാഗ്യം ദാനംചെയ്യുവാൻ ഞങ്ങളുടെ ദൈ

വത്തിനു മാത്രമേ സാധിക്കുകയുള്ളു. അവിടുത്തെ മഹത്വത്തിന്റെ ഉദയം, കാലം കണ്ടിട്ടില്ല; അതിന്റെ അവസാനത്തേയും കാലം കാണുകയില്ല"എന്നായിരുന്നു.

ന്യായാധിപൻ പറഞ്ഞു."എന്റെ ക്ഷമയെ നിങ്ങൾ ശക്തിയായി പരീക്ഷിച്ചിരിക്കുന്നു. സിബെലിയെ ആരാധിക്കുക അല്ലെങ്കിൽ പീഡനങ്ങളേററു മരിക്കുക. ഏതാണ് നിങ്ങൾ സ്വീകരിക്കുന്നത്? സെഫോരിയൻ പ്രശാന്തനായി ഉത്തരം പറഞ്ഞു. "എന്നെ സൃഷ്ടിച്ച എന്റെ ദൈവത്തെ അല്ലാതെ ആരേയും ഞാൻ ഭയപ്പെടുന്നില്ല. സത്യദൈവത്തെ മാത്രമേ ഞാൻ സേവിക്കുകയുള്ളു. എന്റെ ശരീരമേ നിങ്ങളുടെ അധീനത്തിലുള്ളു; എന്റെ ആത്മാവു് എന്റെ സ്വാധീനതയിലാണ്".

കൊലസ്ഥലത്തേയ്ക്കുള്ള മാർഗ്ഗമദ്ധ്യേ വിശുദ്ധന്റെ മാതാവു് അദ്ദേഹത്തെ കണ്ടു. ആ വിശുദ്ധയാകട്ടെ, അർത്ഥമില്ലാത്ത വിലാപത്താൽ അദ്ദേഹത്തെ അധൈര്യപ്പെടുത്താതെ ഉൽബോധജനകമായ ഉപദേശം കൊണ്ടു് അദ്ദേഹത്തെ തന്റെ ധർമ്മധീരതയിൽ പ്രോത്സാഹിപ്പിക്കുകയാണു ചെയ്തതു്. വ്യാകുലാംബയുടെ ഉത്തമ പുത്രിയായ ആ നാരീകുലോത്തംസ പറഞ്ഞു, "വാത്സല്യ മകനെ, സിഫേറിയാ ജീവനുള്ള ദൈവത്തെ നീ അനുസ്മരിക്കുക. എന്റെ ഓമനേ! നീ ധൈര്യമായിരിക്കുക. നിസ്സംശയം നിത്യജീവിതത്തിലേക്കു വഴിനടത്തുന്ന ഒരു മരണത്തെ നീ ഭയപ്പെടേണ്ട. ഈലോകത്തെ പരിത്യജിക്കുവാൻ വൈമനസ്യമുണ്ടാകാതിരുപ്പാൻവേണ്ടി സ്വർഗ്ഗത്തിലേക്കു നിന്റെ കണ്ണുകൾ നീതിരിക്കുക. തുലോം പരിമിതമായ സമയത്തേയ്ക്കു മാത്രം നില്ക്കുന്ന പീഡനങ്ങളെ നീ അവഗണിച്ചു് അവസാനംവരെ ധൈര്യമായിരിക്കുക. നിത്യമായ സൌഭാഗ്യം നീ അപ്പോൾ പ്രാപിക്കും ഈ വിശ്വാസം സിഫോരീസു്, പീഡാനുഭവസമയത്തു പ്രദർശിപ്പിച്ച വിശ്വാസത്തേക്കാൾ അണുവും ശക്തികുറഞ്ഞതായിരുന്നില്ല.

## അഞ്ചാമത്തെ മതപീഡനം.

ഔറേലിയസിന്റെ പിൻഗാമികൾ വിഷയാനുഭൂതിയിലും താദൃശമായ മററു സുഖങ്ങളിലും, അവരുടെ സമയം വ്യയം ചെയ്തിരുന്നതിനാൽ കുറെ വത്സരങ്ങളിലേക്കു യാതൊരു മതപീഡനവും ഉണ്ടായില്ല.

സെവേരിയൂസു ചക്രവർത്തിയാണ് അനന്തരം മതമർദ്ദനം ആരംഭിച്ചതു്. സെവേരിസിന്റെ ഭരണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ അദ്ദേഹം

ക്രിസ്ത്യാനികളോടു വളരെ അനുഭാവം പ്രദർശിപ്പിച്ചു. സഭയുടെ പ്രചാരത്തിലും അദ്ദേഹത്തിനു് അണുവും അസഹിഷ്ണുത ഉണ്ടായിരുന്നില്ല. എന്നാൽ പത്തുസംവത്സരം ഇങ്ങനെ കഴിഞ്ഞപ്പോഴേക്കും ചക്രവത്തിയുടെ നയം പാടേ ഭേദപ്പെട്ടു. ക്രിസ്ത്യാനികൾക്കെതിരായുള്ള ക്രൂരശാസനങ്ങൾ ഒന്നിനുപുറകെ ഒന്നായി മുറയ്ക്കു പുറപ്പെടുവിച്ചുതുടങ്ങി. അന്തിക്രിസ്തുവിൻെറ കാലമോ ഇതെന്നുപോലും ജനങ്ങൾ സംശയിച്ചു. ആദ്യമായി മതപീഡനം ആരംഭിച്ചതു് ഈജിപ്തിലാണു്. അവിടെനിന്നും ആ സാക്രമികവ്യാധി നിസ്തുല്യമായ ഉഗ്രതയോടെ ആഫ്റിക്കാ മുഴുവൻ പടൎന്നുപിടിച്ചു. ഓരിജനെന്ന പ്രസിദ്ധ ശാസ്ത്രജ്ഞൻെറ പിതാവായ ലിയോനദാസും അദ്ദേഹത്തിൻെറ ഏഴു ശിഷ്യരും അലക്സാന്ത്രിയായിൽ വച്ചു വധിക്കപ്പെട്ടു. എന്നാൽ പൊത്താമിയാനാ എന്ന അടിമസ്ത്രീയുടെ വധമാണു് ഈ ഘോര ചരിത്രത്തിലെ ഏററവും ഹൃദയസ്പൃക്കുംഅനുകമ്പാർഹവുമായ സംഭവം. അവളുടെ ചാരിത്രം ബലികഴിച്ചാൽ അവൾക്കു രക്ഷപെടാമായിരുന്നു. എന്നാൽ ആ ഹീനമായ അഭിപ്രായത്തെ അവൾ ഹസിക്കുക മാത്രമാണു ചെയ്തതു്. ന്യായാധിപൻ അവളെ തിളയ്ക്കുന്ന താർമഷിയിൽ ഇട്ടു കൊല്ലുവാൻ വിധിച്ചു. ഘാതകന്മാരോടുള്ള അവളുടെ ഏക അപേക്ഷ അവളുടെ വസ്ത്രങ്ങൾ അഴിച്ചു മാററരുതെന്നു മാത്രമായിരുന്നു. ഒന്നായി താറിൽ മുക്കാതെ ക്രമേണ ക്രമേണ മുക്കിക്കൊല്ലുന്നതു് അവിഹിതമല്ലെങ്കിൽ വസ്ത്രം അഴിക്കുന്നില്ലെന്നു അവർ സമ്മതിച്ചു. ഇപ്രകാരം ചെയ്യുമ്പോൾ വളരെ അധികം പീഡ അനുഭവിക്കേണ്ടി വരുമായിരുന്നിട്ടും അവൾ ഈ രണ്ടാമത്തെ മാൎഗ്ഗം അത്യാനന്ദപൂൎവ്വം സ്വീകരിച്ചു. അവളുടെ വിസ്മയനീയമായ സഹനശക്തി ആ ക്രൂര ഘാതകന്മാരുടെ ഹൃദയത്തെപ്പോലും ചലിപ്പിച്ചു. കേവലം മനുഷ്യശക്തിക്കതീതമായ ഏതോ ഒരു ദിവ്യശക്തി ക്രിസ്ത്യാനികളിലുണ്ടെന്നു് അവർ സംശയിച്ചുതുടങ്ങി. ക്രൂശിക്കപ്പെട്ട യേശുവിൻെറ വരപ്രസാദമായിരിക്കാം പ്രകൃത്യാതീതമായ ഈ ശക്തിക്കടിസ്ഥാനം എന്നായിരുന്നു അവരുടെ സംശയം. ഘാതകരിലൊരാളായ ബസിലിഡീസിനു്, ആ പരിശുദ്ധയോടുണ്ടായ അനുഭാവത്താൽ പലേ അനാവശ്യാവഹേളനങ്ങളിൽനിന്നും അവൾ രക്ഷിക്കപ്പെട്ടു. ആ സുകൃതിനി 'അവനു് ഹൃദയപൂൎവ്വം നന്ദി പറഞ്ഞതിനും പുറമേ ദൈവസന്നിധിയിൽ ചെല്ലുമ്പോൾ അവനുവേണ്ടിപ്രാൎത്ഥിക്കാമെന്നും വാഗ്ദാനം ചെയ്തു. അധികകാലം കഴിയുന്നതിനു മുൻപ്പ് അയാൾ ഒരുക്രിസ്ത്യാനി ആയിത്തീൎന്നു, തന്നെ രക്ഷിച്ചവളെപ്പോലെ തന്നെ രക്തസാക്ഷിയായി അദ്ദേഹവും മരണംപ്രാപിച്ചു. ദൈവപ്രസാദത്തിൻെറ അതുല്യശക്തി പ്രകടിപ്പിക്കുവാൻ ഇതിൽപരം എന്തു തെളിവാണാവശ്യം?

കാർത്തേജിലും ഇതേസമയം അതിഭയങ്കരമായ പീഡനം നടക്കുന്നുണ്ടായിരുന്നു. അവരിൽ വി. പെർപ്പെച്ചുവായും വി. ഫെലിസിത്തായും നമ്മുടെ പ്രത്യേക സ്മരണയ്ക്കർഹരാണു്. വി. പെർപ്പെച്ചുവാ 22 വയസ്സു് മാത്രം പ്രായമുള്ളവളും മുലകുടിക്കുന്ന ഒരു കുട്ടിയുടെ മാതാവും ആയിരുന്നു. അതിനാൽ മരണത്തോടോ പീഡനത്തോടോ മാത്രമല്ല, ഒരു മാതാവിന്റെ പരിപാവനവും പരിശുദ്ധവുമായ വികാരവിശേഷത്തോടും അവൾക്കു പോരാടേണ്ടിയിരുന്നു. അവളുടെ മാതാവു ക്രിസ്ത്യാനിയായിരുന്നുവെങ്കിലും പിതാവു് അജ്ഞാനി ആയിരുന്നു. ആ വൃദ്ധൻ കണ്ണുനീർ വാർത്തുകൊണ്ടു അയാളുടെ വാർദ്ധക്യത്തെ സ്മരിച്ചെങ്കിലും, അയാളെ ഈ അവമാനത്തിൽനിന്നും രക്ഷിക്കണമെന്നു് അവളോടപേക്ഷിച്ചു. എന്നാൽ ഇതിനു പെർപെച്ചുവായുടെ മറുപടി "എന്റെ ഭവനത്തിൽ എന്റെ പിതാവു മാത്രം എന്നോടുകൂടി സന്തോഷിക്കുന്നില്ലല്ലോ എന്നോർത്തു ഞാൻ അതിമാത്രം ഖിന്നയാകുന്നു" എന്നായിരുന്നു. വി. ഫെലിസിത്താ ഗർഭിണിയായിരുന്നു. ജയിൽവാസവും തൽഫലമായ മററു കായക്ലേശങ്ങളും അവളുടെ അകാലപ്രസവത്തിനു കാരണമായിത്തീർന്നു. തന്നിമിത്തമുണ്ടായ ദുസ്സഹവേദന അടക്കുവാൻ അസാദ്ധ്യമായി, വാവിട്ടു കരഞ്ഞു. അവളോടു് ഒരു പാറാവുകാരൻ "ഈ വേദന ഇത്ര ദുസ്സഹമെങ്കിൽ, വന്യ മൃഗങ്ങൾ നിന്നെ കടിച്ചുകീറുമ്പോൾ ഉളവാകുന്ന തീവ്രമായ വേദന നീ എങ്ങനെ സഹിക്കും' എന്നു ചോദിച്ചപ്പോൾ അതിനു് അവൾ നല്കിയ മറുപടി ഇപ്പോൾ എനിക്കുവേണ്ടി ഞാൻതന്നെ സഹിക്കുന്നു. എന്നാൽ വന്യമൃഗങ്ങൾക്കെറിഞ്ഞുകൊടുക്കുമ്പോഴോ ക്രിസ്തുവിനു വേണ്ടിയാണു് ഞാൻ സഹിക്കുന്നതു്. അതിനാൽ അപ്പോൾ ക്രിസ്തു എന്നോടുകൂടിയും എന്നിലും ഉണ്ടായിരിക്കും.

നിശ്ചിത ദിവസം ഈ രണ്ടു വിശുദ്ധ സ്ത്രീകളേയും അവർ വന്യമൃഗങ്ങൾക്കെറിഞ്ഞുകൊടുത്തു. അവ ആ വനിതാരത്നങ്ങളെ കടിച്ചുകീറുകയും മററും ചെയ്തുവെങ്കിലും അവർ മരിച്ചില്ല. അതിനാൽ അവിടെ കൂടിയിരുന്ന ജനക്കൂട്ടത്തിൽ ഒരുവൻ ഒരു കത്തികൊണ്ടു് കുത്തി അവരെ നിഗ്രഹിച്ചു.

വി. പോളിക്കാർപ്പിന്റെ ശിഷ്യനായ ഈറാനേയൂസു്, പൊത്തിയാനൂസിന്റെ പിൻഗാമിയായി ലിയോൺസിലെ മെത്രാനായിത്തീർന്നു. അദ്ദേഹത്തിന്റെ മതതീക്ഷ്ണത ലിയോൺസിൽ ക്രിസ്തുമതത്തിനു ഗണ്യമായ അഭിവൃദ്ധി ഉളവാക്കി. ഈ അഭിവൃദ്ധി അവിടത്തെ അജ്ഞാനികളെ വല്ലാതെ ക്ഷോഭിപ്പിച്ചു. അവരുടെ നിർബന്ധപ്രകാരം, അനേകാ

യിരം സൈന്യങ്ങളെ ലീയോൺസിലേക്കയച്ചു. ക്രിസ്തുവിനെ നിഷേധിക്കുവാൻ വിസമ്മതിക്കുന്നവരെ എല്ലാം നിഗ്രഹിച്ചേക്കുക എന്നായിരുന്നു അവക്കു നൽകിയിരുന്ന ആജ്ഞ. മെത്രാനായിരുന്ന ഈറാനീയോസും, അദ്ദേഹത്തിൻെറ അനേകായിരം ആത്മീയാത്മജരും ഈ സൈന്യവ്യൂഹത്തിൻെറ സംഹാരശക്തിയ്ക്കു വിധേയരായി രക്തസാക്ഷിപദം വരിച്ചു. ഇവരുടെ അസാമാന്യമായ സഹനശക്തിയേക്കുറിച്ചു ലീയോൺസു സഭ ഇപ്രകാരം പ്രശംസിക്കുന്നു. "യേശുവിൻെറ പരിശുദ്ധ ഹൃദയത്തിൽനിന്നും പ്രവഹിക്കുന്ന പാവനജലം ഇവരുടെമേൽ പതിച്ചു ഇവക്കാശ്വാസം അരുളിയിരുന്നു. പിതാവിനോടു യഥാത്ഥ സ്നേഹമുള്ളിടത്തു ഭയത്തിനും, ക്രിസ്തുവിൻെറ മഹത്വം വാഴുന്നിടത്തു വേദനയ്ക്കും അവകാശമില്ലല്ലോ".

## ആറാമത്തെ മതപീഡനം.

സെപ്റ്റിമിയൂസു സവേരൂസ് ചക്രവത്തിയുടെ മരണം മുതൽ മാക്സിമിനി ചക്രവത്തിയുടെസിംഹാസനാരോഹണം വരെ. (എ. ഡി. 211—235.) യാതൊരു മതമർദ്ദനവും ഉണ്ടായില്ല. ഇക്കാലത്തു ക്രിസ്ത്യാനികാം സമാധാനവും സന്തുഷ്ടിയും അനുഭവിച്ചു. അലക്സാണ്ടർ സെവെരിയൂസും ക്രിസ്ത്യാനികളോട് അനുകൂലമായിട്ടുപോലും വത്തിച്ചു. അദ്ദേഹം തികഞ്ഞ ഒരു സഹൃദയനും, സമത്ഥനായ ഒരു തത്വശാസ്ത്രജ്ഞനുമായിരുന്നു. അലക്സാണ്ടറിൻെറ രഹസ്യാരാധനസ്ഥലത്തു ദേവന്മാർ യുദ്ധവീരന്മാർ ആദിയായവരുടെ പ്രതിമാസമൂഹത്തോടുകൂടി മിശിഹായുടെ ഒരു പ്രതിമയും പ്രതിഷ്ഠിച്ചിരുന്നു. ക്രിസ്തുവിൻെറ ഉപദേശസംഹിതയിൽ മററുള്ളവർ നിന്നോടു എപ്രകാരം പ്രവത്തിക്കുവാൻ നീ ആഗ്രഹിക്കുന്നുവോ, അപ്രകാരംതന്നെ നീ അവരോടും വത്തിക്കുക" എന്ന അതിശ്രേഷ്ഠമായ സൂക്തിതല്ലജം, അദ്ദേഹത്തിനു അത്യന്തം ഹൃദ്യവും അനുഷ്ഠേയവുമായി തോന്നി. അതിനാൽ തൻെറ അരമനയുടെ മുൻഭാഗത്തു ഈ വാക്യം അതിമനോഹരമായി ലേഖനംചെയ്തുവച്ചു. നീതിമാനായ ഈ ചക്രവത്തിക്കു അധികനാഠം റോമാ സിംഹാസനത്തെ അലങ്കരിക്കുവാൻ സാധിച്ചില്ല. മാക്സിമിൻ എന്ന ദുഷ്ടൻ ഇദ്ദേഹത്തെ വധിച്ചു രാജ്യാവകാശം കൈവശപ്പെടുത്തി. ഏതാനുംനാളായി ക്ഷാരംപൂണ്ടു കിടന്ന ആ മതപീഡനാഗ്നിക്കനലിനെ ഈ മൂർഖൻ വീണ്ടും ഊതിക്കത്തിച്ചു. മാക്സിമിൻെറ കിരീടധാരണോത്സവത്തിൽ, മററു യോദ്ധാക്കന്മാരേപ്പോലെ പൂമാല ധരിക്കുവാൻ ഒരു ക്രിസ്തീയ യോദ്ധാവു വിസമ്മതിച്ചുവെന്നുള്ളതായിരുന്നു മതമർദ്ദനാരംഭത്തിനുള്ള കാരണം. ഇയാളുടെ മതമ

നത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. മാപ്പാപ്പാമാർ, മെത്രാന്മാർ, വൈദികർ ആദിയായ സഭാഭരണാധികാരികളെ മാത്രമേ ഇയാൾ പീഡിപ്പിച്ചുള്ളുവെന്നതാണ് അത്. ക്രിസ്ത്യൻ ജനസാമാന്യത്തെ കൊന്നൊടുക്കിയാൽ സാമ്രാജ്യം ജനശൂന്യമായേക്കുമെന്ന ഭയമായിരുന്നു ഈ നയവ്യത്യാസത്തിനു ഹേതു. വൈദികശ്രേഷ്ഠരെ മുഴുവൻ നിഗ്രഹിച്ചുകഴിഞ്ഞാൽ, ജനസാമാന്യം നിരാലംബരായി സ്വമതം സ്വീകരിച്ചേക്കുമെന്നു അയാൾ വിശ്വസിച്ചതും മറെറാരു കാരണമാണ്. വി. പൊന്തിയാനൂസ് എന്ന മാപ്പാപ്പായായിരുന്നു ഇക്കാലത്തെ പ്രഥമ വേദസാക്ഷി. അദ്ദേഹത്തിൻെറ പിൻഗാമിയായ ആൻതെരിയസും, ആറാഴ്ചവട്ടക്കാലത്തെ ഭരണത്തിനുശേഷം നിഗ്രഹിക്കപ്പെട്ടു. ഇക്കാലത്തു സാമ്രാജ്യത്തിലുണ്ടായിരുന്ന സകല ദേവാലയങ്ങളും ചുട്ടു ഭസ്മമാക്കിയതായി ചരിത്രം പ്രസ്താവിക്കുന്നു. വീണ്ടും ഇവയെല്ലാം പണിതുവരുന്നതിന് 24 കൊല്ലത്തെ നിസ്തന്ദ്രവും നിസ്വാർത്ഥവും ആയ പരിശ്രമം വേണ്ടിവന്നു. ദുഷ്ടനായ ഈ ചക്രവർത്തിയെ സ്വന്തം ഭടന്മാർതന്നെ വധിക്കുകയാണ് ചെയ്തതു്.

## ഏഴാമത്തെ മതപീഡനം.

ദേച്ചിയൂസ്, ചക്രവർത്തിയായ ഉടനെ ക്രിസ്ത്യാനികൾക്കു വിരോധമായി അതിഭയങ്കരമായ ഒരു ശാസനം പുറപ്പെടുവിച്ചു. എല്ലാ പ്രാദേശികാധികാരികളും അതു നടപ്പിൽ വരുത്തുവാൻ നിഷ്കർഷിച്ചു. ക്രിസ്തുമതത്തെ സാമ്രാജ്യത്തിൽനിന്നു നിർമ്മാർജ്ജനം ചെയ്യണമെന്നായിരുന്നു ആ ദുർമ്മദാന്ധൻെറ അഭിലാഷം. കാരാഗൃഹവാസം, മർദ്ദനങ്ങൾ കാട്ടുമൃഗങ്ങൾ, തിളച്ചതാർ, ചുട്ടുപഴുപ്പിച്ച ഇരുമ്പുതകിട്, ചിത ആദിയായി നാനാതര പീഡനോപകരണങ്ങൾ സഭാസന്താനങ്ങളുടെ ദൃഢവിശ്വാസത്തെ വ്യതിചലിപ്പിക്കുന്നതിനോ, അവരെ നിഗ്രഹിക്കുന്നതിനോ, അയാൾ ഉപയോഗിച്ചു. വളരെപ്പേർ ഭയങ്കരശിക്ഷകളെ ഭയന്ന് വിഗതധൈര്യന്മാരായി സത്യമതം ഉപേക്ഷിച്ചു. എങ്കിലും ഭൂരിപക്ഷം ആളുകൾ, മിശിഹായുടെ അനുഗ്രഹത്താൽ പ്രവൃദ്ധമായ ധൈര്യത്തോടെ പീഡനങ്ങളെ സസന്തോഷം അഭിവാദ്യംചെയ്തു വീരസ്വർഗ്ഗം പ്രാപിച്ചു. വി. പവിയാനോസു മാപ്പാപ്പായും, യെറുശലേമിലെ വി. അലക്സാണ്ടർ, അന്ത്യോഖ്യായിലെ വി. ബാബിലാസ് എന്നീ മെത്രാന്മാരും ആയിരുന്നു ഈ വീരയോദ്ധാക്കളിൽ പ്രഥമഗണനീയർ. ഒരു രക്തസാക്ഷിയെ ഇരുമ്പു ചീപ്പുകൊണ്ടു കീറി, പഴുപ്പിച്ച ഇരുമ്പുതകിടുകൊണ്ടു പൊള്ളിച്ച് ശരീരമാസകലം വ്രണമാക്കിത്തീർത്തശേഷം, ആപാദമസ്ത

കം മധുലേപനം ചെയ്തു, കരങ്ങൾ പിറകിൽ ബന്ധിച്ചു സൂര്യന്റെ അത്യുഷ്ണകിരണങ്ങൾക്കും, നാനാതര പ്രാണികളുടെ ഉപദ്രവത്തിനും വിധേയനാക്കി വെളിയിൽ കിടത്തി. ആ രക്തസാക്ഷികളേ ധൈര്യസമേതം പീഡനമാകുന്ന ബലിപീഠത്തിലേക്കു ആഹ്ളാദപുരസ്സരം ആനയിച്ച ആ പരാശക്തി ഏതായിരുന്നുവെന്നു അവരിലൊരുവൻ വി. സിപ്രിയാനോസിന്നെഴുതിയ എഴുത്തിൽ നിന്നു സ്പഷ്ടമാകുന്നുണ്ടു്"........ ഞങ്ങൾ ഇനിയും പീഡനങ്ങൾ അനുഭവിച്ചു തുടങ്ങിയിട്ടില്ല. എന്നാൽ സദാ അതിനു സന്നദ്ധരായിത്തന്നെയാണു ജീവിക്കുന്നതു്. ആകയാൽ ഞങ്ങൾക്കു് ഓരോരുത്തർക്കും വിശ്വാസത്തിൽ ഉറപ്പും, പീഡകളിൽ ശക്തിയും ധാരാളം നൽകുന്നതിനും നമ്മുടെ രക്ഷകനായ ആ ദിവ്യസേനാധിപൻ തന്നെ അവിടത്തെ പരിശിക്ഷിതസേനകളായ ഞങ്ങളെ ദിവ്യായുധങ്ങൾ അണിയിച്ചു് സമരരംഗത്തിലേക്കയക്കുന്നതിനും നിങ്ങൾ സദയം പ്രാർത്ഥിക്കണമേ." പല മെത്രാന്മാരും, വൈദികരും തങ്ങളുടെ സാന്നിദ്ധ്യം, മതപീഡനശക്തി വർദ്ധിപ്പിച്ചേക്കുമെന്നു് ഭയന്നു്, നമ്മുടെ കർത്താവിന്റെ ആജ്ഞയെ അനുസരിച്ചു്, നിഗൂഢവാസം നയിച്ചു. എങ്കിലും മതമർദ്ദനസംരംഭം ഉത്തരോത്തരം ശക്തി പ്രാപിച്ചുതന്നെ വന്നു. എന്നാൽ മാസിഡോണിയായിലുണ്ടായ ഒരു ആഭ്യന്തരകലഹവും, അതിനെത്തുടർന്നു ഗോത്തുവർഗ്ഗക്കാരുമായുണ്ടായ യുദ്ധവും ചക്രവർത്തിയുടെ ശ്രദ്ധയെ അങ്ങോട്ടാകർഷിക്കുകയാൽ മതപീഡനം തല്ക്കാലത്തേക്കെങ്കിലും ഒന്നു ശാന്തമായി. യുദ്ധമദ്ധ്യേ ചക്രവർത്തിക്കു പററിയ അപകടമരണം ഈവിശ്രമകാലത്തെ കുറെക്കൂടെ ദീർഘിപ്പിക്കയും ചെയ്തു.

അനന്തരം ഗാലസു ചക്രവർത്തിയാണു മതമർദ്ദനം സമാരംഭിച്ചതു്. അന്നു സാമ്രാജ്യമൊട്ടുക്കു ഒരു സാക്രമികവ്യാധി പടർന്നുപിടിച്ചു. ദേവന്മാരുടെ കോപമായിരിക്കാം ഇതിനു കാരണമെന്നു സംശയിച്ച ചക്രവർത്തി അനേകായിരം ക്രിസ്ത്യാനികളെ ദേവന്മാർക്കു ബലികഴിച്ചു. മാർപ്പാപ്പാമാരായ വി. കൊർണേലിയസും വി. ല്യൂച്ചസും മററനേകം ആളുകളും ഇങ്ങനെയാണു രക്തസാക്ഷിമകുടം പ്രാപിച്ചതു്.

## എട്ടാമത്തെ മതപീഡനം.

ഗാലസിന്റെ പിൻഗാമിയായ വലേരിയൻ വളരെ നാളത്തേക്കു ക്രിസ്ത്യാനികളോടു യാതൊരുപദ്രവും ചെയ്തില്ല. എന്നാൽ ചക്രവർത്തിയുടെ ആപ്തമിത്രവും ക്രിസ്ത്യാനികളുടെ ബദ്ധവൈരിയുമായ മാക്സിനിയസിന്റെ പ്രേരണയ്ക്കു ഇദ്ദേഹം ഒടുവിൽ വശംവദനായി

ക്രിസ്തുമതമർദ്ദനം, ദേവന്മാരെ പ്രീണിപ്പിക്കുമെന്നും അവരുടെ പ്രസാദം, പേർഷ്യാക്കാരുമായി ചെയ്യാൻ പോകുന്ന യുദ്ധത്തിൽ വിജയം സിദ്ധിക്കുന്നതിനു സഹായിക്കുമെന്നുമായിരുന്നു അയാൾ മാക്സിമസ് ചക്രവർത്തിയെ ധരിപ്പിച്ചത്. ഈ ദുർബോധനത്തിനു വിധേയനായ ചക്രവർത്തി ക്രിസ്ത്യാനികൾക്കെതിരായി ഒരു ക്രൂരശാസനം പുറപ്പെടുവിച്ചു. മതാനുഷ്ഠാനനിരതരെ നിഗ്രഹിക്കണമെന്നും മെത്രാന്മാരേയും മററു വൈദികരേയും സാമ്രാജ്യത്തിൽ നിന്നും ബഹിഷ്കരിക്കണമെന്നും ആയിരുന്നു അതിൻെറ സാരം. കേവലം അന്ധവിശ്വാസികളുടെ സമൂഹം എന്നവർ കരുതിയ സത്യസഭയെ ഇതുകൊണ്ടു ഉന്മൂലനം ചെയ്യാമെന്നായിരുന്നു ചക്രവർത്തി വിശ്വസിച്ചത്. ഒരു മെത്രാനും, അദ്ദേഹത്തിൻെറ ആത്മീയസന്താനങ്ങളും തമ്മിലുള്ള ആദ്ധ്യാത്മികബന്ധം ഭേദിക്കുവാൻ ഐഹികമായ യാതൊരു ശക്തിയ്ക്കും സാദ്ധ്യമല്ലെന്നു ഇവർ മനസ്സിലാക്കിയില്ല. ചക്രവർത്തി എല്ലായിടത്തും പരാജയം അടഞ്ഞു. അജ്ഞാതരും അവഹേളിതരുമായ ആ മെത്രാന്മാരോ എല്ലായിടത്തും വിജയശ്രീലാളിതരുമായി. പുതിയ പുതിയ അജഗണങ്ങൾ ആ നല്ലഇടയന്മാർക്കു ധാരാളം ലഭിച്ചു. ലിബിയായിലേക്കു നാടുകടത്തപ്പെട്ട അലക്സാന്ത്രിയാ മെത്രാനായ ദീവന്നാസ്യോസ് ഇപ്രകാരം പ്രസ്താവിക്കുന്നു. "ആദ്യം ഞങ്ങളെ അവർ കല്ലെറിയുകയും, അവമാനിക്കുകയും ചെയ്തു. എന്നാൽ അടുത്തക്ഷണത്തിൽ തന്നെ പലരും അവരുടെ ദേവന്മാരെ പരിത്യജിച്ചു, സത്യദൈവത്തെ ആരാധിച്ചു. തീർച്ചയായും, ദൈവവചനത്തിൻെറ വിത്തുകൾ വിതയ്ക്കുന്നതിനു തന്നെയാണ് ദൈവം ഞങ്ങളെ ഇങ്ങോട്ടയച്ചതു്." വിശ്വാസികൾ ആയിരക്കണക്കിനു സഭയ്ക്കുവേണ്ടി ജീവൻ ബലി കഴിച്ചു. തൻെറ ശാസനങ്ങൾ എവിടേയും തിരസ്കൃതമാകുന്നതു കണ്ടു ചക്രവർത്തി കോപാക്രാന്തനായി, 258_ൽ കുറെക്കൂടെ ഭയങ്കരമായ ഒരു ശാസനം പുറപ്പെടുവിച്ചു. മെത്രാന്മാരെയും, പട്ടക്കാരെയും, ആറാംപട്ടക്കാരെയും വധിക്കണം. ആലോചനാസഭയിലെ ക്രിസ്ത്യൻമെംബർമാരെയും, മാടമ്പികളെയും അവരുടെ സ്ഥാനങ്ങളിൽ നിന്നു ബഹിഷ്കരിക്കുകയും, അവരുടെ വസ്തുവകകൾ കണ്ടുകെട്ടുകയും, ഇതിനു ശേഷവും അവർ ക്രിസ്തുമതം ഉപേക്ഷിക്കുന്നില്ലെങ്കിൽ വധിക്കുകയും ചെയ്യണം. ഉൽകൃഷ്ടവംശജരായ വനിതകളെ നാടുകടത്തണം. ചക്രവർത്തിയുടെ കൊട്ടാരത്തിൽ ഉദ്യോഗമുള്ള ക്രിസ്ത്യാനികളെ ചങ്ങലകളാൽ ബന്ധിച്ചു കൊട്ടാരംവക സ്ഥലങ്ങളിൽ ജോലി ചെയ്യിക്കണം. ഇവയായിരുന്നു ആ ശാസനത്തിലെ നിർദ്ദേശങ്ങൾ. വി. എസ്തപ്പാനോസു മാർപ്പാപ്പായും, അദ്ദേഹത്തിൻെറ പിൻഗാമിയായിരുന്ന സിക്സ്തൂ

സൂദപിതീയനും, വി. ലൗറന്തിയോസുൾപ്പെടെ നാലു ശെമ്മാശ്ശന്മാരും ഈ കല്പനപ്രകാരം വധിക്കപ്പെട്ടു. സിക്സ്തൂസ് മാപ്പാപ്പായെ കൊലക്കളത്തിലേക്കു കൊണ്ടുപോയപ്പോൾ വി. ലൗറന്തിയോസ് പുറകെ ഓടിച്ചെന്നു്, "എൻെറ പിതാവേ! അങ്ങയുടെ ശുശ്രൂഷക്കാരനെ കൂടാതെ അങ്ങു് എവിടെയ്ക്കാണു് പോകുന്നതു്" എന്നു ചോദിച്ചു. മാപ്പാപ്പാ പറഞ്ഞു. "മകനെ! ഇതിലും ശ്രേഷ്ഠമായ ഒരു യുദ്ധം നിന്നെ പ്രതീക്ഷിച്ചിരിപ്പുണ്ടു്. മൂന്നു ദിവസത്തിനകം നീ എന്നെ അനുഗമിക്കും".

അനന്തരം വി. ലൗറന്തിയോസ് തൻെറ അധീനത്തിലുണ്ടായിരുന്ന ധനമെല്ലാം സാധുക്കൾക്കു വിതരണം ചെയ്തു. നഗരാധിപൻ ഇതറിഞ്ഞു് വി. ലൗറന്തിയോസിനെ ക്ഷണിച്ചുവരുത്തി ഇപ്രകാരം പറഞ്ഞു "നിന്നെ ശിക്ഷിക്കണമെന്നു് എനിക്കുദ്ദേശമില്ല. നിങ്ങളുടെ പൂജയ്ക്കു് ഉപയോഗിക്കുന്നതും സ്വർണ്ണം കൊണ്ടും, വെള്ളികൊണ്ടും, നിർമ്മിതങ്ങളുമായ അനേകം പാത്രങ്ങൾ നിങ്ങൾക്കുണ്ടെന്നു് എനിക്കറിയാം. അവയെ എനിക്കു തരിക. ഭടന്മാക്കു് ശമ്പളം കൊടുക്കുവാൻ ചക്രവർത്തിക്കു് പണം ആവശ്യമായിരിക്കുന്നു. ഇതു് നിന്നാൽ അസാദ്ധ്യമായിട്ടുള്ളതും അല്ലല്ലോ.

വി. ലൗറന്തിയോസ് മറുപടി പറഞ്ഞു. "സഭയ്ക്കു ധാരാളം സമ്പത്തുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. ഇത്ര അനർഘമായ നിക്ഷേപം ചക്രവർത്തിക്കുപോലുമില്ല. മൂന്നു ദിവസത്തെ അവധി തരുന്നുവെങ്കിൽ ഞാൻ അവ എല്ലാം ശേഖരിച്ചു് അങ്ങയെ കാണിക്കാം". അധികാരി അപ്രകാരം സമ്മതിച്ചു. മൂന്നു ദിവസംകൊണ്ടു് ലൗറന്തിയോസ്, സഭ, സംരക്ഷിച്ചുവന്ന സകല സാധുക്കളെയും ഒന്നിച്ചുകൂട്ടി വിവരം അധികാരിയെ അറിയിച്ചു. ആഹ്ലാദചിത്തനായ അധികാരി അതിവേഗം അവിടെ ചെന്നു. കുന്നുപോലെ കൂട്ടിയിരുന്ന സ്വർണ്ണത്തെയായിരുന്നു അയാൾ പ്രതീക്ഷിച്ചതു്. എന്നാൽ ലൗറന്തിയോസ് അയാളെ കാണിച്ചതു് ഈ സാധുജനാവലിയെ ആയിരുന്നു. കോപോജ്ജ്വലിതമായ അയാളുടെ നേത്രങ്ങൾ വി. ലൗറന്തിയോസിൻെറമേൽ പതിച്ചു. വിശുദ്ധനാകട്ടെ, കൂസലേതും കൂടാതെ സഭയുടെ അനർഘസമ്പത്തും, സാക്ഷാൽ സ്വർണ്ണവും ഈ സാധുക്കളാണെന്നും, അധികാരി ഉദ്ദേശിക്കുന്ന സ്വർണ്ണം അനേകം തിന്മകളെ ഉളവാക്കുന്ന ഒരു കേവലലോഹം മാത്രമാണെന്നും പ്രസ്താവിച്ചു. അധികാരി ഉപരിക്രുദ്ധനായി: ധാരാളം പീഡനങ്ങൾ ഏല്പിച്ചശേഷം മാത്രമേ വി. ലൗറന്തിയോസിനെ നിഗ്രഹിക്കാവൂ എന്നു് ആജ്ഞാപിച്ചു. പല പീഡനങ്ങളും കഴിഞ്ഞു്, ഒടുവിൽ ചുട്ടുപഴിപ്പിച്ച ഒ

ഒ ഇരുമ്പു കട്ടിലിൽ അദ്ദേഹത്തെ കിടത്തി പൊരിച്ചു. ആ വിശുദ്ധ നതെല്ലാം പ്രശാന്തനായി ക്ഷമാപൂർവ്വം സഹിച്ചു്, നിത്യശാന്തിയടഞ്ഞു. ആ അവസരത്തിലും അദ്ദേഹം അജ്ഞാനികളുടെ മാനസാന്തരത്തിൻവേണ്ടി പ്രാത്ഥിക്കാതെയിരുന്നില്ല.

ഈ പീഡനകാലത്തുതന്നെയാണു കാർത്തേജിലെ മെത്രാനായ വി. സിപ്രിയാനോസും രക്തസാക്ഷിപദം വരിച്ചതു്. ആഫ്രിക്കായിലെ ഒരു ഉന്നത കുടുംബത്തിലായിരുന്നു അദ്ദേഹത്തിൻെറ ജനനം. അലങ്കാര ശാസ്ത്രത്തിൽ അതിനിപുണനായിരുന്ന അദ്ദേഹം അനേക കൊല്ലം കാർത്തേജിൽ പ്രസ്തുത വിഷയം പ്രശസ്തമാംവിധം അഭ്യസിപ്പിച്ചിരുന്നു. വളരെ അധികം പരീക്ഷണങ്ങൾക്കുശേഷം തൻെറ യൌവ്വനത്തിലാണു് അദ്ദേഹം ക്രിസ്തുമതം അവലംബിച്ചതു്. അതിനെക്കുറിച്ചു അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു. "ജ്ഞാനസ്നാനജലം എൻെറ ഭൂതകാലപാപങ്ങളെ പ്രക്ഷാളനം ചെയ്കയും, പരിശുദ്ധമാകപ്പെട്ട എൻെറ ഹൃദയം ദിവ്യപ്രകാശം സ്വീകരിക്കയും ചെയ്തുകഴിഞ്ഞപ്പോൾ എൻെറ സവ്വ വിഷമതകളും നീങ്ങിപ്പോയിയെന്നല്ല, അസാദ്ധ്യങ്ങളായി ഞാൻ പരിഗണിച്ചവ സുസാദ്ധ്യങ്ങളായിത്തിരുകയും ചെയ്തു. താമസംവിനാ വി. സിപ്രിയാനെ ഒരു പുരോഹിതനായും അനന്തരം കാർത്തേജിലെ മെത്രാനായും അഭിഷേകം ചെയ്തു. പലരുടേയും നിഷ്കർഷാപൂർവ്വമായ നിർബന്ധങ്ങൾക്കു ശേഷമേ അദ്ദേഹം മെത്രാൻസ്ഥാനം സ്വീകരിച്ചുള്ളു. ഇതിൽനിന്നും ഒഴിയുവാൻവേണ്ടി എവിടെയോ പോയി രഹസ്യമായി ജീവിച്ചു എന്നുപോലും പറയുന്നുണ്ടു്. മെത്രാനായതിൻെറ ശേഷവും അദ്ദേഹം രഹസ്യജീവിതം നയിച്ചിട്ടുണ്ടു്. ഡേച്ചിയുസിൻെറ മതമർദ്ദനകാലത്തായിരുന്നു അതു്. എന്നാൽ, അങ്ങനെ നിഗൂഢവാസം കഴിച്ചപ്പോഴും തൻെറ ആത്മീയസന്താനങ്ങളുടെ ഭരണം സ്തുത്യർഹമായി അദ്ദേഹം നിർവ്വഹിച്ചുപോന്നു. രഹസ്യസ്ഥലത്തുനിന്നും പ്രത്യാഗമിച്ചതിനു ശേഷവും അക്ഷീണപരിശ്രമത്തോടും ഊർജ്ജസ്വലതയോടുംകൂടെയാണു് അദ്ദേഹം രൂപതാഭരണം നടത്തിയിരുന്നതു്. അധികാരികൾ അദ്ദേഹത്തെ മററു പല മെത്രാന്മാരോടും വൈദികരോടുംകൂടി നാടുകടത്തി. ഏതാനും വർഷങ്ങൾക്കുശേഷം തിരിച്ചുവരുവാൻ അനുവദിച്ചു എങ്കിലും അധികനാൾ കഴിയുന്നതിനു മുമ്പു അദ്ദേഹത്തെ ബന്ധിക്കുകയും മരണശിക്ഷയ്ക്കു വിധിക്കുകയുമാണുണ്ടായതു്. വിധി ഉച്ചരിക്കുന്നതു കേട്ടപ്പോൾ സസന്തോഷം അദ്ദേഹം പറഞ്ഞതു്, "ദൈവത്തിനു സ്തുതി" എന്നുമാത്രമാണു്. കൊലക്കളത്തിൽ ചെന്നപ്പോൾ അദ്ദേഹം സാഷ്ടാം

ഗപ്രണാമം ചെയ്തുകൊണ്ടു കുറേനേരം പ്രാർത്ഥിച്ചു. ഘാതകന്മാരോടു താൻ ക്ഷമിക്കുന്നുവെന്നുള്ളതിന്റെ സൂചനയായി ഇരുപത്തിഅഞ്ചു സ്വർണ്ണനാണയം അവക്കു കൊടുത്തു. അനന്തരം ഒരു തുവാലകൊണ്ടു കണ്ണുകൾ ആച്ഛാദനം ചെയ്തും കരങ്ങൾ കുരിശുരൂപത്തിൽ മാർവ്വിൽ വിരിച്ചും ഘാതകന്റെ ഖഡ്ഗനിപാതം പ്രതീക്ഷിച്ചുനിന്നു. വിശുദ്ധന്റെ രക്തം ശേഖരിക്കുന്നതിനായി വിശ്വാസികൾ തുവാലകൾ വിരിച്ചുകൊണ്ടു ചുറ്റും കൂടി.

വി. മൊന്താനീസും അദ്ദേഹത്തിന്റെ എട്ടു സഖാക്കളും കാരാഗൃഹത്തിൽവച്ചു സമാരംഭിച്ചതും, ഒരു ദൃക്സാക്ഷി വിവരിച്ചിട്ടുള്ളതുമായ അവരുടെ പീഡനചരിത്രം അക്കാലത്തെ മതമർദ്ദനത്തെ സംബന്ധിച്ചു വിശദമായ പല വിവരങ്ങളും നമുക്കു പ്രദാനം ചെയ്യുന്നുണ്ടു്. പാരീസിന്റെ പ്രഥമ മെത്രാനും അധൃഷ്യമായ മതതീക്ഷ്ണതയാലും വിജയകരമായ പ്രേഷിത ശ്രമങ്ങളാലും, 'ഗോളിലെ' അപ്പസ്തോലൻ എന്ന അഭിധാനത്താൽ അറിയപ്പെട്ടുന്ന ദേഹവുമായ വി. ഡെനീസ് അഥവാ ഡയോനിഷ്യസും ഈ മതപീഡനകാലത്തു വധിക്കപ്പെട്ടുവെന്നാണു ചിലരുടെ അഭിപ്രായം. ഇദ്ദേഹത്തേയും റസ്ററിക്കസ് എന്ന ഒരു പുരോഹിതനേയും എലിയുത്തെറസ് എന്ന ഒരു ശെമ്മാശനേയും പാരീസിനടുത്തുള്ള ഒരു മലമുകളിൽവച്ചു് വധിച്ചതായും ഒരു ഐതിഹ്യമുണ്ടു്. മൌൺട്ടുമാർട്ടിർ (Mountmartre) എന്നാണു് ഇപ്പോൾ ആ മലയുടെ പേർ. കപ്പഡോഷ്യായിലുള്ള കേസറിയാ പട്ടണത്തിലെ ഒരു ബാലന്റെ പീഡനചരിത്രം അത്യന്തം വിസ്മയകരവും അതുപോലെതന്നെ ഉൽബോധജനകവും ആണു്. ചീരിലോസ് എന്ന ആ ബാലൻ 'യേശു' എന്ന തിരുനാമം സദാ ഉച്ചരിച്ചുകൊണ്ടിരുന്നു. അങ്ങനെ യേശു എന്ന തിരുനാമം ഉച്ചരിച്ച ഓരോ പ്രാവശ്യവും അവൻ അനുഭവിച്ച അന്യാദൃശ്യ സന്തോഷവും അവനിലുണ്ടായ അസാധാരണ ശക്തിയും നിമിത്തം ശത്രുക്കളുടെ സ്തുതിവചനങ്ങൾക്കോ ഭീഷണികൾക്കോ അവൻ വിധേയനായില്ല. അജ്ഞാനിയായ അവന്റെ പിതാവു് സാമദാനാദി ചതുരുപായങ്ങളും പ്രയോഗിച്ചിട്ടും അവനെക്കൊണ്ടു ആ തിരുനാമം ഉച്ചരിപ്പിക്കാതിരിക്കുന്നതിനോ ദേവന്മാരുടെ പ്രതിമയെ ആരാധിപ്പിക്കുന്നതിനോ സാധിച്ചില്ല. അതിനാൽ അയാൾ അവനെ ഭവനത്തിൽനിന്നും ബഹിഷ്കരിച്ചു. ഈ വൃത്താന്തം കേട്ടു് ആ പട്ടണത്തിലെ ഗവർണ്ണർ അവനെ വിളിപ്പിച്ചു് അവനോടു പറഞ്ഞു. "എന്റെ കുഞ്ഞേ നിന്റെ ബാല്യപ്രായത്തെ അനുസ്മരിച്ചു് ഞാൻ നിന്റെ അപരാധത്തെ ക്ഷമിക്കാം.

നിനക്കു നിൻെറ പിതാവിൻെറ സ്നേഹവും, ഭവനത്തിലെ സുഖങ്ങളും പ്രാപിക്കുകയും ചെയ്യാം, നീ ഈ അബദ്ധവിശ്വാസത്തെ ഉപേക്ഷിച്ചാൽ മാത്രം മതി.

ആ ബാലൻ പറഞ്ഞു. ദൈവം എന്നെ സ്വീകരിച്ചുകൊള്ളും. ദൈവത്തോടുകൂടെയുള്ള വാസം എൻെറ പിതാവിൻെറകൂടെയുള്ള ജീവിതത്തെക്കാളും സുഖപ്രദമായിരിക്കുകയും ചെയ്യും. എൻെറ വീട്ടിൽനിന്നും എന്നെ പുറത്തു തള്ളിയെന്നതു ഞാൻ അശേഷവും ഗണ്യമാക്കുന്നില്ല. അതിനേക്കാറ്‌ വലുതും സുന്ദരവും ആയ ഒരു ഭവനം എനിക്കുണ്ടു്. ഇപ്പോറം ഞാൻ നിഢനനെങ്കിൽ സ്വർഗ്ഗത്തിൽ ഞാൻ ധനവാനായിരിക്കും. ഇപ്പോറം മരിക്കുന്നതിനും എനിക്കു സങ്കടമില്ല. മരണശേഷം ഇതിനേക്കാറ്‌ സൌഭാഗ്യകരമായ ഒരു ജീവിതം എനിക്കു ലഭിക്കും.

ആ ബാലൻെറ സുവ്യക്തവും ധൈയ്യപൂവ്വവുമായ ഈ പ്രസ്താവന കേട്ടാൽ ദൈവംതന്നെയാണു് അവനിൽ സംസാരിക്കുന്നതെന്നു് ആക്കംനിഷ്പ്രയാസം മനസ്സിലാക്കാമായിരുന്നു. അവനെ ഭയപ്പെടുത്തുവാനായി നഗരാധികാരി അവൻെറ കൈകറം ബന്ധിക്കുവാനും ഒരു വലിയ ചിത നിമ്മിക്കുവാനും കല്പിച്ചു. ചിത തയാറായ ഉടൻ ചീരീലോസു്, യാതൊരു ക്ലേശവും കൂടാതെ ആ അഗ്നികുണ്ഡത്തിനെ സമീപിച്ചു. നഗരാധികാരി കുട്ടിയെ തിരിയെ വിളിച്ചുകൊണ്ടു പറഞ്ഞു. "ഇപ്പോറം തീയും വാളും എന്തെന്നു മനസ്സിലായിരിക്കുമല്ലോ. ഇനിയുമെങ്കിലും നീ ഒരു നല്ല കുട്ടിയായിരിക്കുകയും, നിൻെറ പിതാവു നിന്നെ വീട്ടിലേക്കു കൊണ്ടുപോകുവാൻ സമ്മതിക്കുകയും ചെയ്യുമോ?

ചീരില്ലോസു പറഞ്ഞു. എന്നെ തിരികെ വിളിക്കരുതെന്നായിരുന്നു എൻെറ അഭിലാഷം. തീയും, വാളും ഞാൻ ഭയപ്പെടുന്നില്ല. എനിക്കു ഏററവും നല്ല ഭവനത്തിലേക്കു പോകണം. ദൈവം എന്നെ, ഉടനെ തന്നെ തൻെറ നിത്യഭവനത്തിലേക്കു ക്ഷണിക്കുമെന്നാണു് ഞാൻ ആഗ്രഹിക്കുന്നതു്. ദൈവസന്നിധിയിൽ ചെല്ലുന്നതിനായി ഈ നിമിഷത്തിൽതന്നെ എന്നെ വധിച്ചാലും!" അചഞ്ചലമായ ഈ പ്രസ്താവന കേട്ടു് അവിടെ സമ്മേളിച്ചിരുന്നവർ അശ്രുധാരയൊഴുക്കി. ആ ബാലൻ അവരിൽ ചിലരെ ആശ്വസിപ്പിക്കുകയും മററു ചിലരെ ശാസിക്കുകയും ചെയ്തു. അനന്തരം അവൻ വധസ്ഥലത്തേയ്ക്കു് ആനീതനായി. അവിടെ എങ്ങനെ അവനെ വധിച്ചുവെന്നുള്ള വിവരം നമുക്കു് അജ്ഞാതമായിട്ടാണിരിക്കുന്നതു്. ഇവിടെ സങ്കീത്തകൻെറ വാക്യം സ്മരണീയമാ

ണ്. "ഞങ്ങളുടെ നാഥനായ കത്താവേ! നിന്റെ ശത്രുക്കളേപ്രതി പൈതങ്ങളുടേയും ശിശുക്കളുടേയും അധരങ്ങൾ വഴിയായി നിന്റെ സ്തുതിയെ നീ പൂത്തിയാക്കി" (സങ്കീ 8: 3.)

## ഒൻപതാമത്തെ മതപീഡനം.

ക്രിസ്താബ്ദം 260_ൽ ഗലിയേനൂസു ചക്രവത്തി പ്രസിദ്ധപ്പെടുത്തിയ ഒരു വിളംബരം ക്രൈസ്തവസഭാചരിത്രത്തിലെ സ്മരണീയമായ ഒരു സംഭവമാണ്. ആ വിളംബരംമൂലം ക്രൈസ്തവസഭയ്ക്കു പൂൎണ്ണമായ മതാനുഷ്ഠാനസ്വാതന്ത്ര്യവും, സഭയുടെ കെട്ടിടങ്ങൾ, ഭൂസ്വത്തുക്കൾ, ശ്മശാനങ്ങൾ മുതലായവയിന്മേൽ പരിപൂൎണ്ണാവകാശവും ലഭിച്ചു. എന്നാൽ എജിപ്തിലും, പൌരസ്ത്യ രാജ്യങ്ങളിലും ചക്രവത്തിയുടെ അധികാരം മാക്രീനൂസ് എന്ന ക്രൂരാധികാരി കവൎന്നെടുത്തിരുന്നതിനാൽ 262_ൽ നടന്ന അയാളുടെ ബഹിഷ്കരണത്തിനു ശേഷമേ സമാധാനപരമായ ആ വിളംബരം നടപ്പിൽ വന്നുള്ളു. അക്കാലത്തെ ക്രിസ്ത്യാനികളുടെ സ്ഥിതിഗതികളെപ്പററി ശരിയായ ജ്ഞാനം നൽകുന്ന ഒരു സംഭവം എവുസേബിയൂസ് എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. പലസ്തീനായിലുള്ള കേസരിയാ പട്ടണവാസിയും ക്രൈസ്തവയോദ്ധാവുമായിരുന്ന മാരിയൂസിനു ശതാധിപസ്ഥാനം നല്കുവാൻ അധികാരികൾ തീൎച്ചപ്പെടുത്തി. എന്നാൽ ഇവൻ ഒരു ക്രൈസ്തവനെന്നുള്ള കാരണത്താൽ, അടുത്ത സ്ഥാനാൎത്ഥി ഈ തിരുമാനത്തെ പ്രതിഷേധിച്ചു. അതിനാൽ മൂന്നു മണിക്കൂറിനകം ക്രൈസ്തവമതം ഉപേക്ഷിക്കുകയും, ദേവന്മാൎക്കു പൂജ ചെയ്കയും ചെയ്യാത്തപക്ഷം സ്ഥാനം നഷ്ടപ്പെട്ടുപോകുമെന്നു അധികാരി മാരിയൂസിനെ അറിയിച്ചു. വിവരം അറിഞ്ഞതോടെ ടെക്ടസ് മെത്രാൻ ഈ യോദ്ധാവിനെ ദേവാലയത്തിലേക്കു കൂട്ടിക്കൊണ്ടുപോയി, ഒരു വാളും വേദപുസ്തകവും കാണിച്ചു സ്ഥാനമോ വിശ്വാസമോ ഏതാണു വേണ്ടതെന്നുതിരഞ്ഞെടുത്തുകൊൾവാൻ പറഞ്ഞു. മാരിയൂസ് ഉടനെ വേദപുസ്തകം എടുത്തു. സന്തോഷചിത്തനായ മെത്രാൻ പറഞ്ഞു. "മകനേ! നീ ദൈവത്തിൽ സ്ഥിരമായി വിശ്വസിച്ചു സമാധാനമായി പോവുക". അധികം താമസിയാതെ മാരിയൂസിന്റെ ശിരസ്സു ഛേദിക്കപ്പെടുകയും, അങ്ങനെ ഒരു രക്തസാക്ഷിയായി മരിക്കുകയും ചെയ്തു

ക്ലോഡിയസ് ദ്വിതീയന്റെ ഭരണദശയിൽ മതമർദ്ദനം വീണ്ടും സമാരംഭിച്ചു. 260_ൽപരം ക്രിസ്ത്യാനികളെ രംഗഭൂമിയിൽവച്ചു ശരപ്രയോഗത്താൽ നിഗ്രഹിച്ചു. വേറെയും അനേകംപേർ ഇക്കാലത്തു മർദ്ദനത്തിനിരയായി വേദസാക്ഷികളായിട്ടുണ്ട്.

ക്രിസ്ത്വബ്ദം 270_ൽ സിംഹാസനാരോഹണം ചെയ്ത ഔറേലിയസ് ചക്രവൎത്തിയും, മതമൎദ്ദനത്താൽ തൻെറ ഭരണകാലത്തെ മലീമസമാക്കാതെയിരുന്നില്ല. ഭരണദശയുടെ ആരംഭഘട്ടത്തിൽ ക്രിസ്ത്യാനികളോട് അനുഭാവപൂൎവ്വം വൎത്തിച്ച ഇദ്ദേഹത്തിൻെറ നയവ്യതിയാനത്തിനുള്ള ഹേതു ആലോചനാസംഘത്തിൻെറയും അജ്ഞാനികളുടെയും ദുരാലോചന ആയിരുന്നു. ചരിത്രകാരനായ ലക്ലാൻഷ്യസ് ഈ മൎദ്ദനസംരംഭത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിക്കുന്നു. "ഭാഗ്യവശാൽ ഈ പീഡനം അയാളുടെ വാഴ്ചയുടെ അവസാനഘട്ടത്തിലേ സമാരംഭിച്ചുള്ളു. അതുകൊണ്ടു മൎദ്ദനവിളംബരം സാമ്രാജ്യത്തിൻെറ വിദൂരാതിൎത്തികളിൽ എത്തുന്നതിനു മുൻപായി ചക്രവൎത്തി കാലഗതി പ്രാപിച്ചു. എങ്കിലും അദ്ദേഹത്തിൻെറ മനസ്ഥിതി മനസ്സിലാക്കിയ പ്രാദേശികാധികാരികൾ തങ്ങൾക്കു ലഭിച്ച അവസരം കൊണ്ട് അനേകം ക്രിസ്ത്യാനികളെ കൊന്നൊടുക്കി.

## പത്താമത്തെ മതപീഡനം.

അടുത്ത ഇരുപതു വൎഷക്കാലത്തേയ്ക്കു സഭ പൂൎണ്ണമായ സമാധാനം അനുഭവിച്ചു. ഗണ്യമായ അഭിവൃദ്ധിയും അതിനുണ്ടായി. സാമ്രാജ്യത്തിലെ മിക്ക പ്രോവിൻസുകളിലും പ്രാദേശികസഭകൾ സ്ഥാപിക്കപ്പെട്ടു. എങ്കിലും സഭാംഗങ്ങളുടെ മതാനുഷ്ഠാനശുഷ്കാന്തി അധഃപതിക്കുകയാണുണ്ടായത്. അതിനാൽ അവരുടെ വിശ്വാസക്കുറവു പരിഹരിക്കുന്നതിനും, മതതീക്ഷ്ണത പുനരുജ്ജീവിപ്പിക്കുന്നതിനുമായി ഒരു മതമൎദ്ദനം ഉണ്ടാകുവാൻ ദൈവം തിരുമനസ്സായി. റോമൻസമ്രാട്ടുകൾ സഭയുടെമേൽ നടത്തിയ ഏററവും ഭയങ്കരവും, അവസാനത്തേതുമായ മൎദ്ദനവും ഇതുതന്നെയായിരുന്നു. ഭരണസൗകൎയ്യത്തിനായി സാമ്രാജ്യത്തെ കിഴക്കും പടിഞ്ഞാറും രണ്ടായി വിഭജിച്ച്, കിഴക്ക് ഡയക്ലിഷ്യനും പടിഞ്ഞാറ് മാക്സിമിയാനും ഭരണം നടത്തി വന്ന കാലമായിരുന്നു അത്. 303_ൽ ഡയോക്ലിഷ്യൻ നിക്കോമിഡിയാ എന്ന സ്ഥലത്തു നിന്നും ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ദേവാലയങ്ങളെ എല്ലാം നശിപ്പിക്കണമെന്നും, സുവിശേഷഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കണമെന്നുമായിരുന്നു അതിലെ നിർദ്ദേശം. മാക്സിമിയനും മൌനമവലംബിച്ചില്ല. നേരത്തെ തന്നെ മൎദ്ദിതമായിരുന്ന പാശ്ചാത്യസഭയെ, അയാൾ പൂൎവ്വാധികം ശക്തിയോടെ പീഡിപ്പിച്ചുതുടങ്ങി. ഇതുവരെ അജ്ഞാതങ്ങളായിരുന്ന പല പീഡനോപാധികളും, ആ മൂൎഖൻ കണ്ടുപിടിച്ചു. സാവധാനം ജ്വലിച്ചു

കൊണ്ടിരുന്ന അഗ്നികണ്ഡങ്ങളുടെ ഉപരിഭാഗത്തു് വിശുദ്ധന്മാരെ തല കീഴായി കെട്ടി തൂക്കുക, ജീവനോടെ തോലുരിച്ചുകളയുക, നഖങ്ങളുടെ ഇടയിൽ നിശിതങ്ങളായ നാരായങ്ങൾ കുത്തിയിറക്കുക, ഈയം ഉരുക്കി മുറിവുകളിൽ ഒഴിയ്ക്കുക ആദിയായവ ഇവയ്ക്കു് ഏതാനും ഉദാഹരണങ്ങളാണു്. ഫ്രിജിയായിൽ, ക്രിസ്ത്യാനികൾ നിവസിച്ചിരുന്ന ഒരു പട്ടണത്തെ അജ്ഞാനികൾ ആക്രമിച്ചു് അതിനെ തീ വച്ചു നശിപ്പിച്ചു. വൃദ്ധരും,ബാലരും, സ്ത്രീകളും പുരുഷന്മാരുമായി അനേകായിരം ക്രിസ്ത്യാനികൾ 'യേശു' എന്ന പാവനനാമം ഉച്ചരിച്ചുകൊണ്ടു് കത്തിക്കാളുന്ന പാവകജ്വാലകളുടെ സംഹാരശക്തിക്കു വിധേയരായി. ദൃക്സാക്ഷിയായ എവുസേബിയൂസ്സ് എന്ന ചരിത്രകാരൻ എഴുതിയിരിക്കുന്നതു് "ഇത്ര ക്രൂരമായ ഒരു സംഭവം ലോകം ദർശിച്ചിട്ടില്ലെന്നാണു്". കിഴക്കു മുതൽ പടിഞ്ഞാറുവരെ, സാമ്രാജ്യം മുഴുവൻ ഒരു രക്തക്കളമായിത്തീർന്നുവെന്നു് ലക്താൻഷ്യസ്സ് എന്ന ചരിത്രകാരൻ പ്രസ്താവിക്കുന്നു. ചക്രവർത്തിയുടെ കൊട്ടാരത്തിലും മർദ്ദനമുണ്ടായി. പ്രമുഖന്മാരായ ഉദ്യോഗസ്ഥന്മാരിൽ പലരും, ക്രിസ്ത്യാനികളായിരുന്നു. പ്രതിമകളെ ആരാധിക്കുവാൻ അവരെ നിർബന്ധിച്ചു. ഉദ്യോഗസ്ഥന്മാരിൽ ഒരാളായ പത്രോസ്സ് അസാമാന്യമായ ആത്മധൈര്യവും സഹനശക്തിയും പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ മർദ്ദനവൃത്താന്തം രോമാഞ്ചത്തോടുകൂടിയല്ലാതെ സ്മരിക്കുവാൻ പോലും സാദ്ധ്യമല്ല. പത്രോസിനെ ആദ്യം അത്യുന്നതമായ ഒരു സ്ഥലത്തു നിന്നും താഴത്തേക്കെറിഞ്ഞു. ക്ഷതപീഡിതമായ ആ ശരീരത്തെ അനന്തരം അസ്ഥികൾ പ്രത്യക്ഷമാകുന്നതുവരെ ഗദ കൊണ്ടടിച്ചു. പിന്നീട്ടു്, ആ മുറിവുകളെയെല്ലാം ഉപ്പും വിനാഗിരിയും ഒഴിച്ചു കഴുകി. ഇതുകൊണ്ടൊന്നും തൃപ്തിയടയാതെ അദ്ദേഹത്തെ ആ നിഷ്ഠുരന്മാർ അഗ്നികുണ്ഡത്തിലേയ്ക്കെടുത്തെറിഞ്ഞു. അദ്ദേഹം വേഗത്തിൽ മരിക്കാതിരുപ്പാൻ വേണ്ടി പലപ്പോഴും അദ്ദേഹത്തെ അഗ്നികുണ്ഡത്തിൽ നിന്നു തിരിച്ചെടുക്കുകയും ചെയ്തു. ആ വിശുദ്ധൻ അമാനുഷനോ എന്നു കാണികളെ സംശയിപ്പിക്കുമാറു് അവയെ എല്ലാം പ്രശാന്തതയോടെ സഹിക്കുക മാത്രമാണു് ചെയ്തതു്. കന്യകയായ വി. ആഗ്നസും യോദ്ധാവായ വി. സെബാസ്ത്യാനോസും രക്തസാക്ഷികളായതും ഇക്കാലത്തായിരുന്നു. ഗോൾദേശീയനായ കന്തീദനോസിനെ 'റാക്കു്' എന്ന പീഡനയന്ത്രത്തിലിട്ടു് പീഡിപ്പിച്ചശേഷം ഇരുമ്പുചങ്ങലകൊണ്ടടിക്കുകയും തിളച്ച എണ്ണയും, താറും കൊഴുപ്പും അദ്ദേഹത്തിന്റെ ശരീരത്തിൽ ഒഴിച്ചു് ജ്വലിക്കുന്ന പന്തങ്ങൾ ആ ശരീരത്തോടു ചേർത്തു വയ്ക്കുകയും ചെയ്തു. ഇവകൊണ്ടൊന്നും മരിക്കാതിരുന്ന അദ്ദേഹത്തെ ഒടുവിൽ ശിരച്ഛേദം

ചെയ്താണു് കൊന്നതു്. ഇദ്ദേഹം വധിക്കപ്പെട്ട സ്ഥലം ഇന്നും ഇദ്ദേഹത്തിൻെറ പേരിനാൽ അറിയപ്പെടുന്നു. തീബൻ എന്ന ക്രൈസ്തവസൈന്യനിരയുടെ നിഗ്രഹവും ഇക്കാലത്തു തന്നെയാണു് നടന്നതു്. ഒന്നാമത്തെ ആംഗ്ലേയരക്തസാക്ഷിയായ വി. ആൽബൻെറ പീഡനവൃത്താന്തം വി. ബിഡ് രേഖപ്പെടുത്തിയിട്ടുണ്ടു്. വെരുലാം പട്ടണവാസിയായ ഒരു അജ്ഞാനിയായിരുന്നു വി. ആൽബൻ. ശത്രുകരങ്ങളിൽ നിന്നും രക്ഷപെട്ടു് തൻെറ ഭവനത്തിൽ അഭയം പ്രാപിച്ച ഒരു ക്രിസ്തീയവൈദികൻെറ ഭക്തിതീഷ്ണതയാണു്, , ക്രിസ്തുമതാവലംബനത്തിനു് ഇദ്ദേഹത്തിനുണ്ടായ പ്രഥമപ്രോത്സാഹനം. പ്രസ്തുത വൈദികൻെറ അനുകരണീയമായ ജീവിതചര്യയാൽ പ്രേരിതനായി, അദ്ദേഹത്തിൽ നിന്നു തന്നെ, വേദാദ്ധ്യയനവും ജ്ഞാനസ്നാനവും സ്വീകരിച്ച ആൽബൻ, അധികനാഠ ആലോകോത്തരഗുരുവിൻെറ കൂടെ വസിക്കുവാൻ സാധിച്ചില്ല. വൈദികൻെറ വാസസ്ഥലം അറിഞ്ഞ ശത്രുക്കഠ അവിടെ വന്നു. ഗുരുവിനെ രക്ഷിക്കുവാൻവേണ്ടി ആൽബൻ വൈദികൻെറ വേഷവും ധരിച്ചു് ശത്രുകരങ്ങളിൽ സ്വയം ഏല്പിച്ചുകൊടുത്തു. അവർ അദ്ദേഹത്തെ ന്യായാധിപൻെറ മുമ്പിൽ ഹാജരാക്കി. ന്യായാധിപൻ നിർബന്ധിച്ചിട്ടും ദേവന്മാരുടെ പ്രതിമയെ ആരാധിക്കുവാൻ അയാഠ വിസമ്മതിച്ചു. അതിനാൽ അദ്ദേഹത്തെ വളരെ പീഡിപ്പിച്ച ശേഷം, പട്ടണത്തിക്കു വെളിയിലുള്ള ഒരു മലമുകളിൽ വച്ചു ശിരച്ഛേദം ചെയ്തു. മതമർദ്ദനാനന്തരം ആ സ്ഥലത്തു് ഒരു ദേവാലയം പണി കഴിപ്പിച്ചു. അനന്തരം എ.ഡി.793_ൽ മേർസിയായിലെ രാജാവായ ഓഫാ അതേ സ്ഥലത്തു തന്നെ ഒരു മനോഹരമായ ആശ്രമം സ്ഥാപിച്ചു. ഇതാണു് സെൻെറ ആൽബൻ എന്ന ആശ്രമം. മുൻപു പ്രസ്താവിച്ചതുപോലെ ഇതു് അവസാനത്തെ മർദ്ദനമായിരുന്നു. മാനുഷശക്തിക്കു സഭയെ ഉന്മൂലനം ചെയ്യുവാൻ സാദ്ധ്യമല്ലെന്നു ഇതിനകം തെളിഞ്ഞുകഴിഞ്ഞു. സഭയെ സാമ്രാജ്യത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യുവാൻ അജ്ഞാനികളും പ്രബലരായ അവരുടെ സമ്രാട്ടുകളും സർവ്വശക്തികളും പ്രയോഗിച്ചു എന്നാൽ, അജ്ഞാനിമതത്തെ പരാജയപ്പെടുത്തി. സാമ്രാജ്യത്തിലെ പ്രധാനമതമായിത്തിരുന്നതിനുള്ള വിജയവീഥിയിലേക്കാണു് അവഠ കാലൂന്നിയതു്.

മതമർദ്ദകരായ ചക്രവർത്തികളുടെ മരണത്തെ സംബന്ധിച്ചു് ലക്താൻഷ്യസെന്ന ചരിത്രകാരൻ ഇപ്രകാരം പ്രസ്താവിക്കുന്നു. സെനററു സംഘത്താൽ ബഹിഷ്കൃതനായതിലുള്ള അവമാനം അസഹ്യമായി, നീറോ ആത്മഹത്യ ചെയ്തു. (എ. ഡി. 68) ഡൊമിഷ്യസിനെ അദ്ദേഹത്തിൻെറ സ്വന്തഭാര്യ കൊട്ടാരത്തിലെ ചില ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടു കൂടി വധിച്ചു. (എ. ഡി. 96) രണ്ടുപ്രാവശ്യം തന്നെ വധിക്കുവാൻ

ശ്രമിച്ച സ്വപുത്രൻെറ കൃതഘ്നതയാൽ ഹൃദയം തകൎന്ന് സെപ്ടേമിയ സ്സേവരുസ് കാലഗതിയടഞ്ഞു. മാക്സിമിനെ വധിച്ചതു സ്വസേനാനികൾ തന്നെയായിരുന്നു. (എ. ഡി. 237 ഗോത്തുവൎഗ്ഗക്കാരുമായുള്ള ഒരു യുദ്ധവേളയിൽ ദുസ്സഹപീഡയനുഭവിച്ച് ഡേഷ്യസ് മരണം പ്രാപിച്ചു. (എ. ഡി. 251) വലേരിയനെ പേർഷ്യാരാജാവായ സാപ്പോർ ബന്ധനസ്ഥനാക്കി. സാപ്പോർ അശ്വാരൂഢനാകുന്നതു വലേരിയൻെറ പുറത്തു ചവുട്ടിയായിരുന്നു. ഒടുവിൽ ജീവനോടെ അദ്ദേഹത്തിൻെറ തൊലിയുരിച്ചു ചുവപ്പുചായത്തിൽ മുക്കി റോമാക്കാരോടുള്ള ഹാസ്യസൂചകമായി അമ്പലത്തിൽ കെട്ടിയിട്ടു. ഔറേലിയനെ, സ്വന്തം സെക്രട്ടറി തന്നെ വധിച്ചു. കോൺസ്ററൈൻറൻ രാജകുമാരനു വിരോധമായി നടത്തിയ ആലോചനകൾക്ക് മാക്സിമിയൻ വധിക്കപ്പെട്ടു. എല്ലാ മർദ്ദകരിലും ഏററവും ക്രൂരനായിരുന്ന ഗെലേരിയൂസ് അതിഭയങ്കരമായ ഒരു രോഗം ബാധിച്ച് മാംസം ചീഞ്ഞു് അസ്ഥികളിൽ നിന്നും വേർപെട്ട് ദുസ്സഹവേദനയനുഭവിച്ച് മരിച്ചു. അവസാനത്തെ മതമർദ്ദകനായിരുന്ന ഡയോക്ലിഷ്യൻ, നിരാഹാരനായിട്ടാണ്, ജീവിതരംഗത്തിൽ നിന്നും തിരോഭവിച്ചത്.

പീഡിതയായ സഭയ്ക്കുവേണ്ടി പ്രതികാരം ചെയ്യുവാനോ എന്നു തോന്നുമാറ് മ്ലേച്ഛവൎഗ്ഗങ്ങൾ റോമ്മാസാമ്രാജ്യത്തിലേയ്ക്കു് അനുസ്യൂതം പ്രവഹിച്ചുതുടങ്ങി. ഗോത്തുവൎഗ്ഗക്കാർ ത്രേയിസ് (Thrace) മാസിഡോണിയാ (Macedonia) ഗ്രീസ് ആദിയായ രാജ്യങ്ങളെ ആക്രമിച്ചു. ജൎമ്മൻ വൎഗ്ഗക്കാർ റാവനാ (Ravena) വരേയും വന്നു. വിന്നിഗോത്തുകൾ എന്നു പറയുന്ന വൎഗ്ഗക്കാർ ഗോളിനെ (Gaul) കടന്നു സ്പയിനിൽ കേന്ദ്രമുറപ്പിച്ചു. സർമേഷ്യൻസ്, പനോനിയായേയും (Panonia) പാർതിയൻസ് സിറിയായേയും ആക്രമിച്ചു കൊള്ളയിട്ടു. വെളിക്കുനിന്നുമുള്ള ശത്രുപ്രവാഹം ഇങ്ങനെ പ്രബലപ്പെട്ടുവന്ന അവസരത്തിൽതന്നെ, സാമ്രാജ്യകിരീടത്തിനുവേണ്ടി അവകാശികൾ തമ്മിൽ വലുതായ മത്സരവും തുടങ്ങി. ഇവ സാമ്രാജ്യശക്തിയെ തീൎത്തും ക്ഷയിപ്പിച്ചു. ഭയങ്കരങ്ങളായ ഈ നാശങ്ങൾ പൂൎത്തീകരിക്കുവാനോ എന്നു തോന്നുമാറ് ഭൂകമ്പങ്ങളും ജലപ്രളയങ്ങളും വേനലും ക്ഷാമവും സമ്രാജ്യത്തിലെങ്ങും ഉണ്ടായി. അനേകായിരങ്ങൾ വിശപ്പുകൊണ്ടു തളൎന്ന് തെരുവീഥികളിൽ വീണു മരിച്ചു. നിരാധാരരായ അവരുടെ ശവം സംസ്കരിക്കുന്നതിനു പോലും ആരും ഉണ്ടായിരുന്നില്ല. എന്നാൽ ജനതയെ ബാധിച്ച നേത്രവ്യാധിയായിരുന്നു ഇതിലെല്ലാം ഭയങ്കരം. നിരവധി ആളുകളെ അതു അന്ധരാക്കിത്തീൎത്തു.

അലക്സാന്ത്രിയായിലെ മെത്രാൻ ഈ സംഭവങ്ങളെ സംബന്ധിച്ചു "മരണമൃതൻ പ്രവേശിക്കാത്തതായും, വിലാപസ്വരം കേൾക്കാത്തതായും യാതൊരു ഭവനവും ഉണ്ടായിരുന്നില്ല" എന്നു പ്രസ്താവിച്ചിരിക്കുന്നു.

ക്രിസ്ത്യാനികൾക്കു, പരസ്നേഹപ്രകടനത്തിനുള്ള ഒരു സുവർണ്ണാവസരമായിരുന്നു ഇതു്. അവർ രോഗികളെ സന്ദർശിക്കുകയും അവക്കു മതോപദേശങ്ങൾ നൽകുകയും ശുശ്രൂഷചെയ്കയും ചെയ്തു. ധീരമായ ഈ പരിചരണ ഫലമായി അനേകം ആളുകൾക്കു അതേ രോഗംതന്നെ പിടിപെട്ടു മരിച്ചു. 'ഉപവിയുടെ രക്തസാക്ഷികൾ' എന്ന മഹനീയ നാമത്താൽ സഭ ഇവരെ ബഹുമാനിക്കുന്നു. അജ്ഞാനികളാവട്ടെ, ഈ അവസരത്തിൽ ഇഷ്ടമിത്രങ്ങളേപ്പോലും പരിത്യജിച്ചു ജീവരക്ഷാർത്ഥം വിദേശങ്ങളെ ശരണംപ്രാപിക്കയാണു് ചെയ്തതു്.

## ൮. ക്രിസ്ത്യൻ ഗ്രന്ഥകാരന്മാരും മതസംരക്ഷകരും.

സാഹിത്യരംഗത്തിൽ സഭ ആർജ്ജിച്ച വിജയം രംഗഭൂമിയിലേതിനേക്കാൾ, അണുവും മാററു കുറഞ്ഞതായിരുന്നില്ല. വേദവിദ്യാപാരംഗതരായ സഭാസന്താനങ്ങൾ തങ്ങളുടെ തൂലികാചലനചാതുര്യത്താലും, പ്രസംഗപാടവത്താലും സഭാമാതാവിനെ മതവിരോധികളിൽനിന്നും അഭിമാനപൂർവ്വം സംരക്ഷിച്ചു. ഇപ്രകാരമുള്ള വിശ്വാസസംരക്ഷകരിൽ ഏററവും പൗരാണികനായി നാം ഇന്നറിയുന്നതു വി. ജസ്ററിൻ എന്ന ഗ്രന്ഥകാരനേയാണു്. ഇദ്ദേഹം ജനനാൽ ഒരു അജ്ഞാനിയായിരുന്നു. അനേകനാളത്തെ സത്യമതാന്വേഷണപരിശ്രമങ്ങൾക്കു ശേഷം മുപ്പതാമത്തെ വയസ്സിൽ അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചു. അതിനുശേഷം, താൻ ക്രിസ്ത്യാനിയാകുവാനുള്ള കാരണത്തേയും ക്രിസ്തുമതതത്വങ്ങളുടെ മാഹാത്മ്യത്തേയും മററും അടിസ്ഥാനമാക്കി "ആത്മസാധൂകരണം" എന്ന ഒരു ഗ്രന്ഥം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. എ. ഡി. 148-ൽ കേവലം തത്വവിശദീകരണവും തത്വസംരക്ഷണവും എന്ന നിലയിൽ മാത്രമല്ല, വിശ്വാസതത്വങ്ങളും അനുഷ്ഠാനക്രമങ്ങളും വിവരിക്കുന്ന ഒരു ചരിത്രഗ്രന്ഥം എന്ന നിലയിലും പ്രസ്തുത പുസ്തകം വളരെ വിലപിടിച്ചതാണു്. വേറേയും പല ഗ്രന്ഥങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. അവസാനം, തന്റെ ജീ

വനെ ഹോമിച്ചുകൊണ്ടു താൻ സംരക്ഷിച്ച വിശ്വാസതത്വങ്ങളുടെ യാഥാൎത്ഥ്യത്തിനു് അദ്ദേഹം സാക്ഷ്യം വഹിക്കയും ചെയ്തു. ചിന്താമഗ്നനായി നടക്കുമ്പോൾ ഒരു വൃദ്ധനായ ക്രിസ്ത്യാനിയെ കണ്ടതും അയാളുടെ ചില അഭിപ്രായങ്ങൾ സുവിശേഷഗ്രന്ഥപാരായണത്തിനു്, അദ്ദേഹത്തെ പ്രേരിപ്പിച്ചതും, പ്രസ്തുത ഗ്രന്ഥപാരായണാനന്തരം അദ്ദേഹത്തിനു ലഭിച്ച ദൈവപ്രസാദവും, രക്തസാക്ഷികളുടെ ധൈൎയ്യവും ആണു് അദ്ദേഹത്തിൻെറ ക്രിസ്തുമതസ്വീകരണഹേതുക്കൾ.

സെപ്തമിയസ് സേവരുസിൻെറ മതമൎദ്ദനം ഉൎജ്ജിതത്തിലിരുന്ന അവസരത്തിലാണു് കാത്തേജിലെ ഒരു വൈദികനായ ടെത്തുലിയൻ തൻെറ "ആത്മസാധൂകരണം" പ്രസിദ്ധപ്പെടുത്തിയതു്. ഇദ്ദേഹം കുശാഗ്രബുദ്ധിയും, ശാസ്ത്രപടുവും, സരസവാഗ്മിയും, സൎവ്വോപരി മതതീക്ഷ്ണതയുള്ള ഒരു മഹാനുഭാവനും ആയിരുന്നു. പ്രസ്തുത ഗ്രന്ഥത്തിൽ അദ്ദേഹം അജ്ഞാനികളുടെ യുക്തിശൂന്യങ്ങളായ പുരാണകഥകളേയും, സുവിശേഷത്തിലെ തത്വങ്ങളേയും, തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ടു സുവിശേഷഗ്രന്ഥത്തിൻെറ നിസ്തുല മാഹാത്മ്യം വ്യക്തമായും, ശക്തിയുക്തമായും പ്രകീൎത്തിച്ചിരിക്കുന്നു. ഒരു ഭാഗത്തു് അദ്ദേഹം ചോദിക്കുന്നു "ഞങ്ങൾ നിങ്ങളെ നിരോധിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ, അതിനാവശ്യമായ ആളും ധൈൎയ്യവും ഞങ്ങൾക്കില്ലെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്. ഞങ്ങൾ ഇന്നലെ മാത്രമുള്ളവരാണെങ്കിലും നിങ്ങളുടെ നഗരങ്ങളും, ഹൎമ്മ്യങ്ങളും ഗ്രാമങ്ങളും, വയലുകളും, കൊട്ടാരങ്ങളും, ആലോചനാസഭകളും എല്ലാം ഞങ്ങളാൽ നിറഞ്ഞിരിക്കുന്നില്ലേ? ഞങ്ങളുടെ സാന്നിദ്ധ്യമില്ലാത്തതായി നിങ്ങളുടെ അമ്പലങ്ങളല്ലാതെ മററുണ്ടു്? എന്നാൽ കൊലപ്പെടുത്തുകയെന്നുള്ളതല്ല, കൊലയ്ക്കു വിധേയരാവുകയെന്നുള്ളതാണു് ഞങ്ങളുടെ പ്രമാണം. നിങ്ങളോടു പ്രതികാരം പ്രവൃത്തിക്കാനാണെങ്കിൽ ഞങ്ങൾ ഒന്നുമാത്രം ചെയ്താൽ മതി.— ഈ സാമ്രാജ്യം വിട്ടു പോവുക— ഇതു്, നിങ്ങളോടു ചെയ്യാവുന്ന ഏററവും വലിയ വൈരനിൎയ്യാതനമായിരിക്കും. കാരണം, നിങ്ങളുടെ സാമ്രാജ്യം അപ്പോൾ ജനശൂന്യമാകും.

കത്തോലിക്കാ സാഹിത്യലോകത്തിൽ പ്രഖ്യാതിനേടിയ വേറൊരു ഗ്രന്ഥകാരൻ ഓരിജനായിരുന്നു. അലക്സാണ്ടർ സെവെരുസിൻെറ കാലത്താണു് ഇദ്ദേഹം ജീവിച്ചിരുന്നതു്. ഓരിജൻെറ അനന്യസാധാരണമായ ബുദ്ധിസാമൎത്ഥ്യവും, അദ്ദേഹത്തിൽ വിളങ്ങിയിരുന്ന നിസ്തുലമായ ദൈവപ്രസാദവും, ശ്രേഷ്ഠമായ രീതിയിൽ നടത്തിയ വിദ്യാഭ്യാസവും അ

ദ്ദേഹത്തിൻെറ വിജയകാരണങ്ങളായിക്കരുതപ്പെടുന്നു. ബുദ്ധിസാമത്ഥ്യത്തേക്കാരം അദ്ദേഹത്തിൽ പ്രശോഭിച്ച ദൈവപ്രസാദമായിരുന്നു പിതാവായ ലിയോനദാസിനെ അധികം വിസ്മയിപ്പിച്ചതു്. പിതാവിനോടു കൂടി രക്തസാക്ഷിയാകുവാൻ ഈ ബാലനും അതിയായ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ പലരുടേയും നിർബന്ധത്തിനു വിധേയനായി ആ, ശ്രമത്തിൽ നിന്നും പിന്മാറുകയാണു് ചെയ്തതു്. കാരാഗൃഹത്തിൽ കിടന്ന പിതാവിനു ബാലനായിരുന്ന ഓരിജൻ അയച്ച ഒരു കത്തിൽ ഇപ്രകാരം കാണുന്നു. "അങ്ങേസന്താനങ്ങളായ ഞങ്ങളെപ്രതി അങ്ങു് ചിന്താകുലനാകേണ്ടാ. കരുണാകരനായ ദൈവം ഞങ്ങളെ സംരക്ഷിച്ചുകൊള്ളും" ലിയോനദാസിൻെറ സമ്പത്തുക്കാരം മുഴുവൻ ഗവമ്മെൻറു കണ്ടുകെട്ടുകയാൽ ലിയോനാദാസുകുടുംബം അതിദയനീയമായ നിദ്ധനാവസ്ഥ പ്രാപിച്ചു. ഏതാദൃശസാഹചര്യങ്ങളാൽ പ്രേരിതനായി ഓരിജൻ ഒരദ്ധ്യാപകനായി ജീവിതരംഗത്തിലിറങ്ങി. അദ്ധ്യാപകവൃത്തിയിൽ അനന്യസാധാരണമായി പ്രശോഭിക്കുകയാൽ, അധികം താമസിയാതെ അദ്ദേഹം അലക്സാന്ത്രിയായിലുള്ള വിശ്രുതവേദപാഠശാലയിലെ പണ്ഡിതാഗ്രേസരനായി നിയമിക്കപ്പെട്ടു. തൻെറ സമയം മുഴുവൻ വേദപുസ്തകപഠനത്തിൽ വിനിയോഗിക്കുന്നതിനുവേണ്ടി കൈവശമുണ്ടായിരുന്ന ലോകശാസ്ത്രഗ്രന്ഥങ്ങളെല്ലാം വിററു. ഓരിജൻെറ അത്യാകർഷണീയങ്ങളായ പ്രസംഗങ്ങരം നിരവധി അജ്ഞാനികളെ സത്യമതാവലംബികളാക്കിത്തീത്തിട്ടുണ്ടു്. ഇവരിൽ പലരും രക്തസാക്ഷികളായി മരിച്ചു. മതവിരോധികരം ഒടുവിൽ അദ്ദേഹത്തേയും ബന്ധിച്ചു കാരാഗൃഹത്തിലടച്ചു. ഓരിജൻെറ മേലുള്ള വിജയം മററനേകായിരങ്ങളുടെ മേലുള്ള വിജയമായിരിക്കുമെന്നു അധികാരികരംക്കു പരിപൂണ്ണ ബോദ്ധ്യമുണ്ടായിരുന്നു. അതിനാൽ, അദ്ദേഹത്തേക്കൊണ്ടു ക്രിസ്തുമതം ഉപേക്ഷിപ്പിക്കുവാൻ എല്ലാത്തരം പീഡനങ്ങളും മാറിമാറി അദ്ദേഹത്തെ ഏരംപ്പിച്ചു. പക്ഷെ അവരുടെ ശ്രമങ്ങരം വിഫലങ്ങളായതേയുള്ളു. ഓരിജൻ അനേക ഗ്രന്ഥങ്ങരം രചിച്ചിട്ടുണ്ടു്. അതിലൊന്നു അജ്ഞാനിയായ ചേത്സൂസ്സു് എന്ന തത്വശാസ്ത്രജ്ഞൻ എഴുതിയ ഒരു ഗ്രന്ഥത്തിൻെറ പ്രത്യാഖ്യാനം ആണു്. പൗരാണികഗ്രന്ഥകാരന്മാരിൽ നിന്നും നമുക്കു ലഭിച്ചിട്ടുള്ള മതസംരക്ഷണഗ്രന്ഥങ്ങളിൽ ഏററവും ശ്രേഷ്ഠവും പരിപൂണ്ണവുമായി ഇന്നും ഈ ഗ്രന്ഥം വിലമതിക്കപ്പെടുന്നു. എങ്കിലും ഇദ്ദേഹത്തിൻെറ പല കൃതികളിലും കാണുന്ന വിചിത്രവും ആപൽക്കരവുമായ ചില അഭിപ്രായഗതികരം അദ്ദേഹത്തിൻെറ കീത്തിധാവള്യത്തെ അല്പം മലീമസമാക്കാതിരിക്കുന്നില്ല.

കൊമോഡൂസു ചക്രവത്തിക്കു് 'ആത്മസാധൂകരണം' എന്ന കൃതി സമപ്പിച്ചിട്ടുള്ള അത്തനാഗോറസു്, അലക്സാന്ത്രിയായിലെ വി. ക്ലമൻറ്, അർനോബിയസു് ആദിയായ ഗ്രന്ഥകാരന്മാരും നമ്മുടെ പ്രത്യേക സ്മരണക്കർഹരാണു്. എങ്കിലും, പരിമിതമായ ഗ്രന്ഥപരിധിയെ സ്മരിച്ചു അവരുടെ നാമങ്ങൾ മാത്രം പ്രസ്താവിക്കുന്നതേയുള്ളു.

യുക്തിയും വിശ്വാസവും ആസ്പദമാക്കി ഈ 'ആത്മസാധൂകരണങ്ങൾ' അജ്ഞാനികളുടെ മതത്തെ തകക്കുകതന്നെ ചെയ്യുന്നു. വദ്ധമാനമായ അക്രമവും മർദ്ദനവും ഇതിനു പ്രതിവിധിയായി അവർ പ്രയോഗിച്ചതുതന്നെ ഈ വാസ്തവം സ്പഷ്ടമാക്കുന്നുണ്ടു്.

## ൭. കോൺസ്റ്റൻറയിനിൻെറ മാനസാന്തരം.

മതപീഡനം ഉത്തരോത്തരം ശക്തിപ്പെട്ടു വന്നു. എങ്കിലും അത്യുഗ്രമായ അതിൻെറ സംഹാരശക്തിയെ നശിപ്പിക്കുന്നതിനും ലൗകീകാധികാരികളുടെ മേൽ സഭയ്ക്കു് പരിപൂണ്ണമായ വിജയം നൾകുന്നതിനും ദൈവം തിരുമനസ്സായി. സംഹാരരുദ്രന്മാരായിരുന്ന ഡയോക്ലിഷ്യനും മാക്സിമിയനും ചക്രവത്തിസ്ഥാനങ്ങളിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടു. കോൺസ്ററാൻടിയസു് ക്ലോറസും, ഗലേരിയൂസും, അവക്കുപകരം സിംഹാസനാരൂഢരായി. സഭയുടെ വിജയവീഥിയെ സുഗമമാക്കുവാൻ ദൈവം നിയോഗിച്ച ഒന്നാമത്തെ ചക്രവത്തി ഈ കോൺസ്ററൻടിയാസു് ക്ലോറസായിരുന്നു. ഗോൾ (Gaul) സ്പെയിൻ (Spain) ഗ്രേററ്ബ്രിട്ടൻ, (Great Britain) ഇവയായിരുന്നു അദ്ദേഹത്തിൻെറ അധികാരസീമയിൽ പെട്ട രാജ്യങ്ങൾ. സൗമ്യതയോടും നിഷ്പക്ഷബുദ്ധിയോടും, അദ്ദേഹം ഈ രാജ്യങ്ങൾ ഭരിച്ചു. ഡയക്ലിഷ്യൻ വിളംബരം പ്രസിദ്ധപ്പെടുത്തിയ അവസരത്തിൽ, നടന്ന ഒരു സംഭവം അദ്ദേഹത്തിൻെറ സ്വഭാവവൈശിഷ്ട്യത്തെ സ്പഷ്ടമാക്കുന്നുണ്ടു്. അരമനയിലെ ക്രിസ്ത്യൻ ഉദ്യോഗസ്ഥന്മാർ ഒന്നുകിൽ ദേവന്മാരുടെ പ്രതിമകളെ ആരാധിക്കണം, അല്ലെങ്കിൽ അവരുടെ സ്ഥാനങ്ങളുപേക്ഷിക്കണം എന്നുള്ള വിവരം ആ ഉദ്യോഗസ്ഥന്മാരെ അറിയിക്കുവാനുള്ള ചുമതല അന്നു് അദ്ദേഹത്തിനായിരുന്നു. അതനുസരിച്ചു്, അദ്ദേഹം അവരെവിളിച്ചു് വിവരം അറിയച്ചു. ഭൂരിപക്ഷം ഉദ്യോഗസ്ഥന്മാരും, അവരുടെ സ്ഥാനത്തേയും,

ധനത്തേയും, ജീവനേയുംകാൾ മതിക്കുന്നതു്, അവരുടെ മതത്തേയാണെന്നും, അതിനുവേണ്ടി മററെല്ലാററിനേയും ബലികഴിപ്പാൻ സന്നദ്ധരാണെന്നും പ്രസ്താവിച്ചു. എന്നാൽ അരമനയിലെ സുഖഭോഗങ്ങളാലാകർഷിതരായ ഏതാനും ചിലർ, അവരുടെ മതം ഉപേക്ഷിച്ചു് ദേവന്മാൎക്കു് ബലികഴിപ്പാൻ സന്നദ്ധരായി. ധൎമ്മധീരന്മാരായ ആദ്യഗണത്തേ അദ്ദേഹം ഹാർദ്ദമായി പ്രശംസിച്ചു. അനന്തരം അധമന്മാരായ ദ്വിതീയഗണത്തോടു് അദ്ദേഹം ചോദിച്ചു "ദൈവത്തോടു് അവിശ്വാസം പ്രദർശിപ്പിക്കുന്നവരായ നിങ്ങൾ, ചക്രവൎത്തിയോടുവിശ്വസ്തരായിരിക്കുമെന്നു് എങ്ങനെ വിശ്വസിക്കുവാൻ കഴിയും?" ഇതിനുശേഷം, അവരെല്ലാവരേയും അദ്ദേഹം അവിടെനിന്നു ബഹിഷ്കരിച്ചു. മാക്സിമിയാൻെറ ഭരണദശയിൽ ഗോളിൽ സഭയ്ക്കുണ്ടായ സകല നഷ്ടങ്ങളേയും നീതിമാനായ ഈ ചക്രവൎത്തി പരിഹരിച്ചു. രക്തസാക്ഷികളുടെ പാവനരക്തമാകുന്ന വളം വിതറിയിരുന്ന ആ സ്ഥലത്തെ സുവിശേഷവേല സമൃദ്ധമായ ഫലം പ്രദാനം ചെയ്യുകയും ചെയ്തു. എ. ഡി. 306_ൽ കോൺസ്ററൻറായസ് ചരമമടഞ്ഞു. അദ്ദേഹത്തിൻെറ പുത്രനായ കോൺസ്ററൻറയിൻ ആയിരുന്നു അടുത്ത ചക്രവൎത്തി.

അസാധാരണസാമൎത്ഥ്യവും, കാലത്തിനതീതമായ ബുദ്ധിയും ഉള്ള ഒരു സുന്ദരനായ യുവാവായിരുന്നു കോൺസ്ററൻറയിൻ.

അദ്ദേഹം ഒരു അജ്ഞാനിയായിരുന്നു. എ. ഡി. 308_ൽ ഫ്റാൻസിൽ ഓട്ടൺ (Autun) പട്ടണത്തിലുള്ള അപ്പോളോദേവൻെറ ക്ഷേത്രത്തിൽ അദ്ദേഹം ബലി അൎപ്പിച്ചതായി ചരിത്രരേഖയുണ്ടു്. കോൺസ്ററൻറയിൻെറ ജീവിതത്തിലെ ഏററവും വിഷമകരമായ ഘട്ടം സമാഗതമായി. മാക്സിമിയാൻെറ പുത്രനായ മാക്സെൻറിയസ്, ദിഗ്വിജയകാംക്ഷയാലും, അധികാരപ്രമത്തതയാലും പ്രേരിതനായി കോൺസ്ററൻറയിനോടു യുദ്ധപ്രഖ്യാപനം ചെയ്തു. മാക്സെൻറിയസു ദേവന്മാൎക്കു നിരവധിബലികൾ നൽകിയതായും മററും കേൾക്കയാൽ കോൺസ്ററൻറയിൻ ഭയവിഹ്വലനായി. പരിമിതമായ സൈന്യം മാത്രമുണ്ടായിരുന്ന കോൺസ്ററൻറയിനു; ദൈവസഹായമില്ലാതെ വിജയം അസാദ്ധ്യമാണെന്നു പൂൎണ്ണബോദ്ധ്യമായി. ക്രിസ്ത്യാനികളുടെ ദൈവത്തോടു തനിക്കു പ്രത്യക്ഷപ്പെടണമെന്നും, ഈ യുദ്ധത്തിൽ വിജയം നൽകണമെന്നും ഹൃദയംഗമമായി കോൺസ്ററൻറയിൻ പ്രാൎത്ഥിച്ചു. ദൈവം കോൺസ്ററൻറയിൻെറ പ്രാൎത്ഥനകേട്ടു. ഒരു മദ്ധ്യാഹ്നത്തിൽ അദ്ദേഹം സൈന്യങ്ങളോടുകൂടി സഞ്ചരിച്ചുകൊണ്ടിരിക്കവേ പ്രശാന്തവും നിൎമ്മേഘവുമായ ആകാശത്തിൽ തീജ്വാലകൊണ്ടുള്ള ഒരു കുരിശു് അവൎക്കു

പ്രത്യക്ഷമായി "ഈ അടയാളത്താൽ നീ വിജയി ആകും" എന്നും ആ കുരിശിൽ ലേഖനം ചെയ്തിരുന്നു. അന്നു രാത്രിയിൽ നമ്മുടെ കർത്താവ് കോൺസ്റ്ററൻറയിനു പ്രത്യക്ഷപ്പെട്ട് അയാൾ ദർശിച്ചതുപോലെയുള്ള ഒരു പതാക നിർമ്മിക്കണമെന്നും, യുദ്ധത്തിനു പോകുമ്പോൾ സൈന്യനിരയുടെ മുമ്പിൽ അതിനെ വഹിച്ചുകൊണ്ടുപോകണമെന്നും കല്പിച്ചു. ചക്രവർത്തി ഉടനെ, അനർഘങ്ങളായ സാധനങ്ങൾകൊണ്ട് ഒരു കൊടി നിർമ്മിച്ച്, സ്വർണ്ണംകൊണ്ടു പൊതിഞ്ഞ് അതിന്റെ ഉപരിഭാഗത്തു വിശേഷപ്പെട്ട രത്നങ്ങളാൽ അലംകൃതവും, ക്രിസ്തു (Christ) എന്ന തിരുനാമത്തിന്റെ ആദ്യക്ഷരങ്ങൾ എഴുതപ്പെട്ടതുമായ ഒരു മുടിയും സ്ഥാപിച്ചു. സ്വർണ്ണവർണ്ണമായ ഒരു ശീലയും, കുരിശിന്റെ തണ്ടിൽ നിന്നും തൂക്കിയിട്ടു. 'ലാബറും' എന്ന പേരോടുകൂടിയ ആ പതാക വഹിക്കുവാനും സൂക്ഷിക്കുവാനും, ധീരാഗ്രഗണ്യരായ അൻപതു ഭടന്മാരെ നിയോഗിച്ചു. ഈ ദർശനത്തെക്കുറിച്ച് പൂർണ്ണമായ ജ്ഞാനം ലഭിക്കുന്നതിനായി, അദ്ദേഹം മെത്രാന്മാരെ വരുത്തി അവരിൽ നിന്നു തന്നെ അദ്ദേഹം ക്രിസ്തുമതോപദേശങ്ങൾ ഗ്രഹിച്ചു. അനന്തരം. ദൈവപരിപാലനത്തിൽ പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ട് സധൈര്യം അദ്ദേഹം റോമായിലേയ്ക്കു യാത്രയായി. അവിടെ മാക്സെൻറിയൂസുമായി ഒരു ഭയങ്കരയുദ്ധം നടന്നു. മാക്സൻറിയൂസ് പരാജിതനായി പലായനം ചെയ്കയും, മാർഗ്ഗമദ്ധ്യേ ടയിബർനദിയിൽ വീണ്, മരണമടയുകയും ചെയ്തു. കോൺസ്റ്ററൻറിയനും, സേനയും, വിജയഭേരിയോടു കൂടി റോമാപുരിയിൽ പ്രവേശിച്ചു.

കോൺസ്റ്ററൻറയിൻ ഉടനെ തന്നെ ജ്ഞാനസ്നാനം സ്വീകരിക്കുകയൊ, സഭാപാനം തുടരുകയൊ ചെയ്തില്ല. എങ്കിലും ക്രിസ്തുമതം സത്യമാണെന്നുള്ള ബോധം അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ സർവ്വഥാ അതിനെ ആദരിച്ചു. ക്രിസ്ത്യാനികൾക്ക്, പരിപൂർണ്ണമായ മതസ്വാതന്ത്ര്യം അനുവദിക്കുന്ന ഒരു വിളംബരവും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അജ്ഞാനികളുടെ മതം പാടേ വിപാടനം ചെയ്യണമെന്നുള്ള ഉദ്ദേശം അദ്ദേഹത്തിനുണ്ടായിരുന്നതായി അറിവില്ല എങ്കിലും ഭവനങ്ങളിലും മറവും നടത്തിയിരുന്ന നിന്ദ്യങ്ങളായ പൂജാർപ്പണങ്ങൾ അദ്ദേഹം നിറുത്തലാക്കി. ദുർമ്മാർഗ്ഗപരമായ കർമ്മങ്ങൾ നടത്തിയിരുന്ന എല്ലാ ക്ഷേത്രങ്ങളും നശിപ്പിച്ചു അദ്ദേഹത്തിന്റെ മുൻഗാമികളുടെ ക്രൂരഭരണം തിരുസഭയ്ക്കു വരുത്തിയ നാശങ്ങളെ പരിഹരിക്കുന്നതിനും കോൺസ്റ്ററൻറയിൻ ശ്രമിച്ചു. രാജ്യഭ്രഷ്ടരായിരുന്ന എല്ലാ ക്രിസ്ത്യാനികളെയും, തിരികെ വിളിച്ചു. ദേവാലയങ്ങൾ പുനഃസ്ഥാപിച്ച്, വിലപിടിച്ച സാധനങ്ങൾ കൊണ്ട് അവയെ അലങ്കരിച്ചു. തിരുകർമ്മങ്ങൾക്കാവശ്യ

മായ പാത്രങ്ങൾ നൽകി വൈദികരെ ആദരിച്ചു. അവക്കു പ്രത്യേകമായ ചില അവകാശാധികാരങ്ങൾ അനുവദിച്ചു. ചക്രവത്തികളുടേയും അജ്ഞാനികളുടേയും ഹാസ്യപാത്രങ്ങളും മർദ്ദനാധീനരും ആയി കരുതപ്പെട്ടു വന്ന മാപ്പാപ്പാമാരുടെ ഉപയോഗത്തിനായി, ലാററാൻ എന്ന അരമന വിട്ടുകൊടുത്തു. സമീപസ്ഥിതമായ മറെറാരു മന്ദിരം ദേവാലയമായി മാററി. ഇന്നു സെൻറ ജോൺലാററാൻ എന്നു് അറിയപ്പെടുന്ന ദേവാലയം ഇതാണു്. വി. പത്രോസിൻെറ പിതൃസ്വത്തിൻെറ പ്രാരംഭവും ഇതു തന്നെ.

അസ്വതന്ത്രരായും, ഭയവിഹ്വലരായും ജീവിച്ചു വന്ന ക്രിസ്ത്യാനികൾക്കു് അവിചാരിതമായുണ്ടായ ഈ നന്മകൾ നൽകിയ സന്തോഷം സീമാതീതമായിരുന്നു. അവരുടെ മതം റോമാസമ്രാട്ടിനാൽ സംരക്ഷിക്കപ്പെടുന്നു; അവരുടെ മതാചാരങ്ങൾ പൂജനീയങ്ങളായിത്തീന്നിരിക്കുന്നു; ദേവാലയങ്ങൾ അത്ഭുതപൂർവ്വമായ പ്രതാപത്തോടെ പ്രശോഭിക്കുന്നു; മതമർദ്ദനത്തിനധീനരായിരുന്ന ക്രിസ്ത്യാനികൾ സ്വതന്ത്രരാക്കപ്പെടുന്നു; ബഹിഷ്കൃതർ സ്വദേശത്തേക്കു മടങ്ങി വരുന്നു. സന്തോഷാത്ഭുതങ്ങളോടെ അവർ പറഞ്ഞു. "നമ്മുടെ ദൃഷ്ടിയിങ്കൽ ആശ്ചര്യകരമായി അനുഭവപ്പെടുന്ന ഈ സംഭവങ്ങൾ നിശ്ചയമായും ദൈവത്തിൻെറ പ്രവൃത്തിയാകുന്നു". അജ്ഞാനികളുടെ ദൃഷ്ടിയിലും സഭ ഇപ്പോൾ ആദരണീയമായി പരിണമിച്ചു. ഇതഃപര്യന്തം ഹാസ്യമായി പരിഗണിച്ചിരുന്ന സ്ലീബാക്കൊടി ചക്രവത്തിയുടെ പ്രതിമയിൽ വലതുകരത്തിലായി അഭിമാനാർഹമായ ഒരു അലങ്കാരമായി പരിലസിക്കുകയും ചെയ്യുന്നു.

## വിചിന്തനങ്ങൾ.

മനുഷ്യദൃഷ്ടിയിങ്കൽ അജയ്യങ്ങളായി തോന്നിയിരുന്ന നിരവധി പ്രതിബന്ധങ്ങളുടെ ഇടയിൽ, സഭയെ സ്ഥാപിച്ചു്, വളത്തിക്കൊണ്ടു്, അതു് തൻെറ ദിവ്യതൃക്കരങ്ങളുടെ പ്രവൃത്തിയാണെന്നു കാണിപ്പാൻ ദൈവം തിരുമനസ്സായി. ഈ നൂതനമതം, അതിലെ വിശ്വാസരഹസ്യങ്ങളുടെ അഗാധതമൂലം മനുഷ്യബുദ്ധിയെ വിനീതപ്പെടുത്തുകയും, അതിൻെറ അഭേദ്യങ്ങളായ നിയമസംഹിതകളാൽ മനുഷ്യവികാരങ്ങളെ നിയന്ത്രിക്കുകയും ചെയ്തു. സഭയുടെ സ്ഥാപനത്തേയും, അതിൻെറ വളച്ച്ചയേയും അവധാനപൂർവ്വം വീക്ഷിക്കുന്നുവെങ്കിൽ, ഇതു് തീച്ച്ചയായും മനു

ഷ്യസ്ഥാപിതമല്ലെന്നു് നിഷ്പ്രയാസം ഗ്രഹിക്കാം. ഇതിന്റെ പ്രബോധകന്മാർ ലോകദൃഷ്ട്യാ കേവലം അജ്ഞന്മാരും, സമുദായത്തിൽ തീർത്തും താഴ്ന്ന നിലയിൽ മാത്രം ഇരുന്നവരും ആയിരുന്നു. അവരുടെ ശ്രോതാക്കളോ ജ്ഞാനികളും പരിഷ്കാരികളും, അഹങ്കാരികളും, ദുഷ്ടന്മാരും ആയിരുന്നു. എന്നാൽ ഈ ദുർബലന്മാരുടെ പ്രസംഗഫലമായി പുരാതനകാലംമുതൽ ആദരിച്ചു വന്നിരുന്നതിനെ എല്ലാം നിന്ദിച്ചും, നിന്ദിച്ചുവന്നിരുന്നതിനെയെല്ലാം ആദരിച്ചും പൗരാണികസംസ്കാരത്തിന്റെ അവശിഷ്ടങ്ങളിന്മേൽ, യൗവനസമ്പന്നവും, ചൈതന്യപൂർണ്ണവും, പുണ്യനിലയവുമായ ഒരു സഭ സമുൽഭൂതമായി. മൂന്നു ശതാബ്ദകാലം മുഴുവൻ ഈ സഭ അതിഭയങ്കരവും അനുസ്യൂതവുമായ മർദ്ദനം സഹിച്ചു. "തന്റെ ശിഷ്യന്മാർ അത്യുഗ്രമായി പീഡിപ്പിക്കപ്പെടുമെന്നും, തന്റെ നാമത്തെപ്രതി, രാജാക്കന്മാരുടേയും അധികാരികളുടേയും സന്നിധിയിൽ അവർ നയിക്കപ്പെടുമെന്നും, തന്നെക്കുറിച്ചു സാക്ഷ്യം വഹിക്കുന്നതിനായി അവർ ദണ്ഡിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുമെന്നും" നമ്മുടെ കർത്താവു തന്നെ പ്രവചിച്ചിട്ടുള്ളതാണല്ലോ. തിരുസഭ ഭൂമുഖത്തു പ്രത്യക്ഷമായ ക്ഷണത്തിൽ തന്നെ പുറജാതികൾ കോപവിജൃംഭിതരായി. ലോകരാജാക്കൾ ദൈവത്തിനും തന്റെ മിശിഹായ്ക്കും വിരോധമായി പുറപ്പെട്ടു. സകലവിധ ലോകവ്യാമോഹങ്ങളുടേയും അനിയന്ത്രിതമായ അനുഭൂതിയെ അനുവദിച്ചിരുന്ന ഒരു മതത്തെ അവലംബിച്ചു വന്നവർക്കു് അവയെ എല്ലാം പരിപൂർണ്ണമായി നിരോധിച്ചു വന്ന ക്രിസ്തുമതം സ്വീകാര്യമല്ലാതെ തോന്നിയതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. അസാന്മാർഗ്ഗികമായ ആചാരങ്ങളോടു കൂടിയ അവരുടെ ഉത്സവാഘോഷങ്ങളിൽ ക്രിസ്ത്യാനികൾ സംബന്ധിക്കാതിരുന്നതും ദേവന്മാരെ ക്രിസ്ത്യാനികൾ ആരാധിക്കാതവഗണിച്ചതും അജ്ഞാനികൾക്കു് അമർഷത്തിനും അവഹേളനത്തിനും അവരെ പാത്രമാക്കിയ മററു രണ്ടു കാരണങ്ങളാണു്. ദേവന്മാരെ അവഗണിക്കുന്നതു രാഷ്ട്രത്തിന്റെ താല്പര്യങ്ങൾക്കു തന്നെ വിരോധമാണെന്നു വിശ്വസിച്ച അവർ ക്രിസ്ത്യാനികളുടെ സാന്നിദ്ധ്യം സാമ്രാജ്യത്തെ നശിപ്പിക്കുമോ എന്നു പോലും ഭയപ്പെട്ടു. തന്മൂലം ഡേഷ്യൻസിനേയോ പാർതിയൻസിനേയോ ബഹിഷ്കരിക്കുന്നതിനേക്കാൾ രാഷ്ട്രത്തിന്റെയും, ദേവന്മാരുടെയും ബദ്ധവൈരികളായ ക്രിസ്ത്യാനികളെ നിർമ്മൂലമാക്കുകയാണു വേണ്ടതു് എന്നും തീർച്ചപ്പെടുത്തി. ചരിത്രം നീതിമാന്മാരെന്നു ഘോഷിക്കുന്ന ചക്രവർത്തികൾ പോലും മതമർദ്ദനത്തിനു പ്രേരിതരായതു് ഈ വിശ്വാസത്താലാണു്. സാമ്രാജ്യത്തിലുണ്ടാകുന്ന രഹസ്യവും പരസ്യവുമായ ഏതനിഷ്ടസംഭവത്തി

ന്റെയും പരാജയം, സാംക്രമികവ്യാധികൾ, ക്ഷാമം ആദിയായവയുടേയും കാരണക്കാർ ക്രിസ്ത്യാനികളാണെന്നുള്ള വിധിയുടേയും, അടിസ്ഥാനം ഈ വിശ്വാസം തന്നെയാണ്. ചിലപ്പോഴെല്ലാം സഭയ്ക്കു വിശ്രമവേളകൾ ഉണ്ടായിട്ടുണ്ടെന്നുള്ളതിനെ ഇവിടെ നിഷേധിക്കുകയോ, വിസ്മരിക്കുകയോ ചെയ്യുന്നില്ല. പക്ഷെ അവ കേവലം പരിമിതമായ കാലയളവിലേക്കു മാത്രമേ ഉണ്ടായിരുന്നുള്ളു. പീഡനം എത്ര ശക്തിയേറിയതായിരുന്നോ അത്രയ്ക്കും ത്വരിതമായിരുന്നു സഭയുടെ അഭിവൃദ്ധിയും. രക്തസാക്ഷികളുടെ ഓരോതുള്ളി ചോരയും നൂറിരട്ടി ഫലങ്ങൾ പുറപ്പെടുവിച്ചു. പീഡനത്തിനു അവർ പ്രയോഗിച്ച പ്രതിവിധി അജയ്യമായ ക്ഷമയായിരുന്നു. ആയുധശക്തികളെ ഒരിക്കലും അവർ ഉപയോഗിച്ചില്ല. അന്യായമായ മർദ്ദനത്തിൽ നിന്നു രക്ഷനേടുവാൻ ആയുധശക്തി ഉപയോഗിക്കുന്നതു് അന്യായമോ അധർമ്മമോ അല്ലായിരുന്നുവെന്നുള്ളതും ഓർക്കേണ്ടതാണ്. എങ്കിലും ക്രൈസ്തവർ സംഖ്യയിൽ പരിമിതമായിരുന്ന നീറോയുടെ കാലത്തെന്നതുപോലെ സാമ്രാജ്യം മുഴുവൻ അവരാൽ നിറയപ്പെട്ടു കഴിഞ്ഞു. ഡയക്ലീഷ്യന്റെ ഭരണദശയിലും അവർ പകവീട്ടുവാൻ തുനിഞ്ഞില്ല. പീഡനമനുഭവിച്ചു മരിക്കുകയെന്നുള്ളതായിരുന്നു അവരുടെ ആദർശം. തന്റെ സഭ മാനുഷികശക്തിക്കു യാതൊരുതരത്തിലും കടപ്പെട്ടിട്ടില്ലെന്നു കാണിപ്പാനായിരിക്കാം, കുരിശുകൊണ്ടുതന്നെ വിജയം പ്രാപിക്കണമെന്നു ദൈവം നിശ്ചയിച്ചതു്. ജരാനരകൾ ബാധിച്ച വൃദ്ധന്മാരും, ലളിതാംഗികളായ വനിതാജനങ്ങളും, ഉന്മേഷവും ശക്തിയുമുള്ള യുവാക്കന്മാരും എല്ലാം പ്രശാന്തമായ ക്ഷമയോടെ പീഡകൾ സഹിച്ചു് മരണം പ്രാപിച്ചു. ഇവരെയെല്ലാം വധിച്ചാൽ സാമ്രാജ്യം നിർജ്ജനമായേക്കുമെന്നു ഭയന്നു പരാജിതരായ മർദ്ദകർ, അവരുടെ മർദ്ദനസംരംഭം അവസാനിപ്പിച്ചതുവരെ, ക്രൈസ്തവർ അവരുടെ ധൈര്യം വെടിഞ്ഞില്ല.

ദൈവത്തിന്റെ കാരുണ്യാതിരേകം ഇവിടെ നാം പ്രത്യക്ഷമായി കാണുന്നു. രക്തസാക്ഷികളുടെ ധീരവും ശാന്തവുമായ സഹനശക്തിയിൽ പ്രകൃത്യാതീതമായ ഒരു വിശേഷം ദൈവപ്രചോദിതവും തളരാകീഴടങ്ങാത്തതുമായ ഒരു ശക്തി—അന്തർലീനമായിരിക്കുന്നതായി അവരുടെ പീഡനചരിത്രം വായിക്കുമ്പോൾ നമുക്കു തോന്നിപ്പോകുന്നു. അനസ്യൂതമായി മൂന്നു ശതാബ്ദം ഒരു മതത്തെ ഏററവും ഭയങ്കരമായി പീഡിപ്പിച്ചിട്ടും ലോകശക്തികളുടെ പ്രബലങ്ങളായ പ്രതിരോധനങ്ങളെ എല്ലാം അതിജീവിച്ചു അനശ്വരയൗവ്വനത്തിന്റെ ഊർജ്ജസ്വലതയോടുകൂടി സജീവയായി, ജയഹർഷസമേതയായി, ഇന്നും ജീവിക്കുന്നുവെന്നുള്ളതുതന്നെ, ആ മതം ദൈവസ്ഥാപിതമാണെന്നുള്ളതിനു അവിത

ക്കിതമായ തെളിവാണു്. കത്തോലിക്കാസഭ ഏതുകാലത്തുമെന്നതു പോലെ അന്നും ലോകശക്തികളുടെ യാതൊരു സഹായവും കൂടാതെ അതിന്റെ പ്രതിരോധനങ്ങളെ സദാ അഭിമുഖീകരിച്ചുകൊണ്ടുതന്നെ ജീവിച്ചു. അവളുടെ സമ്രാട്ടുകൾ അഭംഗുരമായ പിൻതുടച്ച്യോടെ, അവരുടെ അധികാരത്തിനോ അവകാശത്തിനോ യാതൊരു ലോപവും കൂടാതെ അവളെ ഭരിച്ചു. ഇന്നും ഭരിക്കുന്നു. ലോകാവസാനത്തോളം ഭരിക്കുകയും ചെയ്യും.

# അദ്ധ്യായം ൨.

## കോൺസ്ററൻറയിൻ ചക്രവത്തിയുടെ മാനസാന്തരം മുതൽ പാശ്ചാത്യസാമ്രാജ്യത്തിൻെറ അധഃപതനം വരെ.

## A. D. 312—A. D. 476.

## ൧. കോൺസ്ററൻറയിൻ മുതൽ മതത്യാഗിയായ ജൂലിയൻ വരെ.

ഒന്നാമത്തെ ക്രൈസ്തവചക്രവത്തിയുടെ പ്രഥമവിളംബരംതന്നെ കരുണയുടേയും സ്നേഹത്തിൻേറയും ലക്ഷ്യമായിരുന്നു. അദ്ദേഹം ബന്ധനസ്ഥരാക്കപ്പെട്ടിരുന്ന എല്ലാവരേയും സ്വതന്ത്രരാക്കി. രാജ്യനിയമങ്ങൾ ക്രൈസ്തവാദശ്ങ്ങൾ അനുസരിച്ചു് ഉടച്ചു വാത്തു. ക്രൂശുവധം നിറുത്തലാക്കി. അടിമകളെ സ്വതന്ത്രരാക്കുന്നതിനുള്ള മാറ്റങ്ങൾ ലഘൂപ്പെടുത്തി. തടവുകാരുടെ ദാരുണമായ നില പരിഹരിച്ചു. നിരാധാരരായ കുട്ടികൾക്കായി അനാഥശാലകൾ സ്ഥാപിച്ചു. മല്ലയുദ്ധങ്ങൾ നിത്തലാക്കുന്നതിനും ശ്രമിക്കാതിരുന്നില്ല. ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ അലങ്കാരങ്ങൾക്കുമായി അത്യുദാരസംഭാവനകൾ ചെയ്തു. വൈദീകരുടെ സംരക്ഷണത്തിനും വലുതായ സംഖ്യകൾ നൽകീട്ടുണ്ടു് മാക്സിമിയാനെ ജയിച്ചശേഷം ആഫ്റിക്കായിലെ വൈദീകർക്കായി പതിനായിരം പവൻ കാത്തേജിലെ മെത്രാനു് അയച്ചുകൊടുത്തു. വേണ്ടിടത്തോളം പണം കൊടുപ്പാൻ സന്നദ്ധനാണെന്നു അദ്ദേഹത്തെ അറിയിക്കയും ചെയ്തു കോൺസ്ററൻറയിനു മെത്രാന്മാരോടു പ്രത്യേകമായ ആദരവുണ്ടായിരുന്നു. അവരെ പലപ്പോഴും കൊട്ടാരത്തിൽ സ്വീകരിച്ചു വിരുന്നു നൽകിവന്നു. വൈദീകരുമായുള്ള സഹവാസവും അദ്ദേഹം വളരെ ഇഷ്ടപ്പെട്ടു. ആത്മസംരക്ഷകർ എന്നാണു് അദ്ദേഹം വൈദീകരെ വിളിച്ചിരുന്നതു്. എ. ഡി. 321_ൽ ഞായറാഴ്ചയെ വിശ്രമദിനമായി പ്രഖ്യാപനംചെയ്തു. അന്നു പബ്ളിക്കു സ്ഥാപനങ്ങൾക്കെല്ലാം ഒഴിവുകൾ നൽകിയതിനും പുറമേ സാധാരണജോലികൾപോലും ചെയ്യുവാൻ പാടില്ലെന്നും തീരുമാനിച്ചു. നമ്മുടെകത്താവിൻെറ പാവനപാദങ്ങളാൽ പരിപൂതമാക്കപ്പെട്ട സ്ഥലങ്ങളായിരുന്നു കോൺസ്ററൻെറയിൻെറ അനന്തരശ്രദ്ധാക്കു വിഷയീഭൂതമായതു്. യേറുശലേമിൽ അതിമനോഹരമായ ഒരു ദേവാലയം പണിയിക്കുവാൻ അദ്ദേഹം

തീൎച്ചപ്പെടുത്തി. അദ്ദേഹത്തിൻെറ മാതാവായ വിശുദ്ധ ഹെലനായിക്കും * പുണ്യസ്ഥലങ്ങളോടു പ്രത്യേകം ഭക്തിയുണ്ടായിരുന്നു. എൺപതിൽ പരം വയസ്സുണ്ടായിരുന്നിട്ടും പ്രസ്തുത സ്ഥലങ്ങളിലേക്കു ആ മഹതി ഒരു തീൎത്ഥയാത്ര നടത്തിയെന്നുള്ളതു തന്നെ ഇതിനു മതിയായ ലക്ഷ്യമാണ്. മിശിഹായെ തൂക്കിയ കുരിശു കണ്ടുപിടിക്കണമെന്നുള്ളതായിരുന്നു അവിടെ ചെന്നതിനു ശേഷം ആ പുണ്യവതിക്കുണ്ടായിരുന്ന തീവ്രമായ ആഗ്രഹം. എന്നാൽ അതു തുലോം ദുഷ്കരമായ ഒരു കാൎയ്യമായിരുന്നു. അജ്ഞാനികൾ കാൽവരിഗിരിയെ വളരെയധികം മണ്ണിട്ടു മൂടിയശേഷം അവിടെ വീനസ്ദേവനായി ഒരു ക്ഷേത്രം പണതു കഴിഞ്ഞിരുന്നു. ക്രിസ്ത്യാനികൾ ആ പുണ്യസ്ഥലങ്ങൾ സന്ദൎശിക്കുവാൻ ചെല്ലരുതെന്നുള്ളതായിരുന്നു അവരുടെ ഉദ്ദേശ്യം. എന്നാൽ ഈ പ്രതിബന്ധങ്ങളൊന്നും വിശുദ്ധ ഹെലനായെ ഭഗ്നാശയാക്കിയില്ല. നമ്മുടെ കൎത്താവിൻെറ കല്ലറ ഏതു സ്ഥലത്തായിരിക്കുമെന്നു് ആ വിശുദ്ധ അവിടെയുണ്ടായിരുന്ന വൃദ്ധരുമായി ആലോചിച്ചു. ദിവ്യരക്ഷകൻെറ പീഡനാസാമഗ്രികൾ കണ്ടുപിടിച്ചാൽ അവിടത്തെ കല്ലറയും കണ്ടുപിടിക്കാം എന്നായിരുന്നു അവരുടെ അഭിപ്രായം. കാരണം കുററക്കാരൻെറ പീഡനസാമഗ്രികളെ അയാളുടെ കല്ലറയ്ക്കു സമീപം കുഴിച്ചു മൂടുകയെന്നുള്ളതു് അക്കാലത്തെ പതിവായിരുന്നു. വിനാവിളംബം കോൺസ്ററൻറയിൻ ആ അജ്ഞാനികളുടെ ക്ഷേത്രം തകൎത്തു് ആ സ്ഥലങ്ങളെയെല്ലാം ഖനനം ചെയ്യുവാൻ തുടങ്ങി. വിശുദ്ധ ഹെലനായുടെ ഉദ്ദേശ്യം സഫലീഭവിച്ചു. നമ്മുടെ കൎത്താവിൻെറ ശവക്കല്ലറ കണ്ടെത്തി. സമീപമായിത്തന്നെ മൂന്നു കുരിശുകളും കാണപ്പെട്ടു. സുവിശേഷകന്മാർ പ്രസ്താവിച്ചിരിക്കുന്ന "മേലെഴുത്തുപലകയും" കൎത്താവിൻെറ കരപാദങ്ങളിൽ തറച്ചിരുന്ന ആണികളും ഉണ്ടായിരുന്നു. ദിവ്യരക്ഷകനെ തൂക്കിയ കുരിശു ഏതെന്നു കണ്ടുപിടിക്കേണ്ട ഭാരമേ ഇനിയും ശേഷിച്ചുള്ളു. യേരുശലേം മെത്രാനായിരുന്ന മക്കാരിയസിൻെറ അഭിപ്രായപ്രകാരം ആ കുരിശുകൾ ഓരോന്നോരോന്നായി ഒരു തീരാവ്യാധിക്കാരിയുടെ മേൽ സ്പൎശിച്ചു. രണ്ടു കുരിശുകൾ സ്പൎശിച്ചിട്ടും യാതൊരു പ്രയോജനവും ഉണ്ടായില്ല. മൂന്നാമത്തേതു് സ്പൎശിച്ച ക്ഷണത്തിൽത്തന്നെ അവൾക്കു് പൂൎണ്ണസൗഖ്യം ലഭിച്ചു. എന്നാൽ ഈ കുരിശിൻെറ സ്പൎശനത്താൽ മരിച്ച ഒരു മനുഷ്യൻ ഉയൎത്തതായും സൊസോമൻ എന്ന ചരി

---

* ഇതിൻെറ സ്മരണക്കായി തിരുസഭ മേയ് 3-ാംനു- വി. കുരിശിൻെറ വീണ്ടെടുപ്പുപെരുനാളായി ആഘോഷിക്കുന്നു.

ത്തുകാരൻ പ്രസ്താവിക്കുന്നു. വിശുദ്ധ പൌളിനോസും ഈ പ്രസ്താവത്തെ അനുകൂലിക്കുന്നുണ്ടു്. ഹെലനാരാജ്ഞി ആനന്ദഭരിതയായി സ്വപുത്രനു കാഴ്ചയായി സമർപ്പിക്കുവാൻ കുരിശിന്റെ ഒരു ഭാഗം അവൾ എടുത്തു. ശേഷിച്ച ഭാഗത്തെ കാൽവരിഗിരിയിൽ പണിയുവാനുദ്ദേശിച്ചിരുന്ന ദേവാലയത്തിൽ സ്ഥാപിക്കുവാൻവേണ്ടി ഒരു രജതപേടകത്തിൽ ഭദ്രമായി നിക്ഷേപിച്ചു. ആ സ്ഥലത്തിന്റെ മാഹാത്മ്യത്തിനനുയോജിച്ചതായിരുന്നു അവിടെ സ്ഥാപിച്ച ദേവാലയം. ദിവ്യരക്ഷകന്റെ ശവകുടീരവും കാൽവറിമലയും അതിന്റെ പരിധിയിൽ ഉൾപ്പെട്ടു. ബേതലഹേമിലെ കാലിക്കൂടിരുന്ന സ്ഥാനത്തും നമ്മുടെ കർത്താവു് സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലത്തും, ഓരോ ദേവാലയം ഈ സുകൃതിനി സ്ഥാപിച്ചു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. എന്നാൽ ഹെലനായുടെ ഔദാര്യം പള്ളി പണിയുന്ന കാര്യത്തിൽ മാത്രമായിരുന്നില്ല. അവൾ സാധുക്കൾക്കും വിധവകൾക്കും സമൃദ്ധമായി ദാനങ്ങൾ നല്കി. ദൈവത്തിനുവേണ്ടി കന്യാത്വം പാലിച്ചുവന്നവരോടു വി ഹെലനായ്ക്കു് പ്രത്യേകം സ്നേഹമുണ്ടായിരുന്നു. ഒരിക്കൽ അവൾ യെറുശലേമിലുള്ള കന്യകകളെ എല്ലാം ക്ഷണിച്ചു് അവർക്കൊരു വിരുന്നു നല്കുകയുണ്ടായി. രാജ്ഞിതന്നെയായിരുന്നു ഭക്ഷണസാധനങ്ങൾ അവർക്കു വിളമ്പിക്കൊടുത്തതു്. ഈ തീർത്ഥയാത്ര കഴിഞ്ഞു് അധികനാൾ ആ വിശുദ്ധ ജീവിച്ചിരുന്നില്ല. സ്വപുത്രനായ കോൺസ്റ്റന്റയിൻചക്രവർത്തിയുടെ കരങ്ങളിൽ കിടന്നുതന്നെ അവൾ തന്റെ പുണ്യാത്മാവിനെ പരമപിതാവിനു സമർപ്പിച്ചു.

തന്റെ സഭ സദാ പീഡിപ്പിക്കപ്പെടുമെന്നും, എന്നാൽ എല്ലാപ്പോഴും അവൾ വിജയം പ്രാപിക്കുമെന്നും രക്ഷകൻതന്നെ പ്രവചിച്ചിട്ടുണ്ടല്ലോ. ബാഹ്യമായ പീഡനങ്ങൾ അവസാനിച്ചയുടൻ ആഭ്യന്തരമായ ഭിന്നിപ്പും മതത്യാഗങ്ങളും സഭയിൽ ആവിർഭൂതമായി. ആദികാലം മുതലേ ഇടത്തൂടുകൾ സഭയിൽ ഉണ്ടായിട്ടുണ്ടു്. മൊന്റാനോസു വിശുദ്ധ ഗ്രന്ഥത്തിലെ ശാന്തവും സൌമ്യവുമായ തത്വങ്ങളെയെല്ലാം പ്രതിഷേധിച്ചു. പ്രസിദ്ധ വാഗ്മിയും ഭക്തനുമായിരുന്ന തെർത്തുലിയൻ പോലും ഈ അബദ്ധവിശ്വാസത്തിന്റെ ആകർഷണീയതയിൽ അകപ്പെട്ടുപോയി. മെയിൻസു് എന്ന വേറൊരാൾ രണ്ടു ദൈവമുണ്ടെന്നു പഠിപ്പിച്ചു. ഒരു ദൈവം സർവ്വ നന്മകളുടേയും മൂർത്തികരണവും അപരൻ സർവ്വ തിന്മകളുടേയും നിലയനവും ആണെന്നത്രെ അയാളുടെ പ്രബോധനം. ഇയാളുടെ അനുയായികളാണു മാനിക്കേയർ. ദൈവസഹായം കൂടാതെ.

മനുഷ്യാവതാരരഹസ്യംമനസ്സിലാക്കുവാൻ മനുഷ്യബുദ്ധിക്കുള്ള അപ്രാപ്തി, വേറേ പല ഇടത്തൂടുകൾക്കും ഹേതുവാക്കിയിട്ടുണ്ടു്. എന്നാൽ ഇവയെല്ലാം സഭയുടെ പ്രചാരത്തെ പ്രതിരോധിച്ചു എന്നല്ലാതെ അവളുടെ സന്താനങ്ങളെ വഴിപിഴപ്പിച്ചില്ല എന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമാണു്. പക്ഷെ ആരിയൂസിൻെറ മതത്തിൻെറ ഗതി ഇങ്ങനെയായിരുന്നില്ല.

അലക്സാന്ത്രിയാ ദേശീയനായ ആരിയൂസു് എന്നൊരു വൈദികനായിരുന്നു ഇതിൻെറ സ്ഥാപകൻ. ഇയാൾ വിനയമുള്ളവനും സന്മാർഗ്ഗനിരതനും ആയിരുന്നുവെങ്കിലും ഉൽക്കർഷേച്ഛുവും നൂതനതാപ്രേമിയും ആയിരുന്നു. അലക്സാന്ത്രിയായിലെ മെത്രാനാകണമെന്നുള്ള ഇദ്ദേഹത്തിൻെറ അഭിലാഷം വിഫലമായതിൽ ഉണ്ടായ അസൂയയും അമർഷവുമാണു് ഒരു നൂതനമതസ്ഥാപനത്തിനു അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നാണു വിശ്വാസം. മിശിഹായുടെ ദൈവത്വം, പിതാവിനോടു് മിശിഹായ്ക്കുള്ള സമത്വം ഇവകളുടെ നിഷേധമായിരുന്നു അയാളുടെ മതത്തിൻെറ അടിസ്ഥാനതത്വങ്ങൾ. ജനസാമാന്യത്തെ അനായാസേന ആകർഷിക്കുവാൻ തക്ക തന്ത്രത്തോടെ ഈ തത്വങ്ങളെ അയാൾ അവതരിപ്പിച്ചുവെങ്കിലും ജനതതിയുടെ ഇടയിൽ ഇവ വലുതായ പരിഭ്രമത്തെയും ഭയത്തെയുമാണുളവാക്കിയതു്. മാത്രമല്ല, അവർ ഇയാളിൽ ദൈവദൂഷണമെന്ന അപരാധവും ആരോപിച്ചു. ശാന്തനും സ്നേഹശീലനുമായ വിശുദ്ധ അലക്സാണ്ടർ—അലക്സാന്ത്രിയാ മെത്രാനായി തിരഞ്ഞെടുത്തയാൾ—ആരിയൂസിനെ ഈ അബദ്ധവിശ്വാസത്തിൽനിന്നും രക്ഷിക്കുവാൻ സൗമ്യമായും ശാന്തമായും എന്നാൽ അശ്രാന്തമായും പരിശ്രമിച്ചു. പക്ഷെ ആരിയൂസു് അലക്സാണ്ടറിൻെറ സൗമ്യതയെ ദൗർബല്യമായി വ്യാഖ്യാനിക്കയാണു് ചെയ്തതു്. അതിനാൽ വിശുദ്ധ അലക്സാണ്ടർ തൻെറ കീഴിലുള്ള മെത്രാന്മാരെയെല്ലാം ക്ഷണിച്ചു ഒരു പ്രാദേശിക സൂനഹദോസു നടത്തി ആരിയൂസിനെ മഹറോൻ ചൊല്ലി. ഈ സംഭവം ആരിയൂസിനെ പരിഭ്രമിപ്പിച്ചു എന്നല്ലാതെ അയാളുടെ പ്രതിഷേധമനോഭാവത്തിനു യാതൊരു ഇളക്കവും വരുത്തിയില്ല. അയാൾ പലസ്തീനായിലേക്കു കടന്നു്, സ്വമതസിദ്ധാന്തങ്ങൾ പ്രബോധിപ്പിച്ചുതുടങ്ങി. ഏതാനും ചില മെത്രാന്മാരും അയാളെ അനുകൂലിച്ചു. വി. അലക്സാണ്ടർ ഉടൻതന്നെ ആരിയൻ മതസിദ്ധാന്തങ്ങളുടെ അബദ്ധത്തെ വിശദീകരിച്ചും അതിനെതിരായുള്ള തൻെറ പ്രവൃത്തികളെ നീതീകരിച്ചും എല്ലാ മെത്രാന്മാർക്കും വിശേഷിച്ചു പരിശുദ്ധ സിംഹാസനത്തെ അന്നലങ്കരിച്ചിരുന്ന വി. സിൽവെസ്ത്രേസു മാർപ്പാപ്പായിക്കും എഴുത്തുകൾ അയച്ചു. ഇതുകൊണ്ടൊന്നും ആരിയൂ

സ്സ ഹതാശയനായില്ല. അയാൾ നിക്കോമേഡിയാ പട്ടണത്തിലേക്കു കടന്നു അവിടത്തെ മെത്രാനായ * എവുസേബിയൂസിനെ സ്വാധീനമാക്കി. എവുസേബിയൂസിന്റെ സഹായസഹകരണങ്ങളാൽ ഉപരി പ്രോത്സാഹിതനും പ്രവൃദ്ധധീരനുമായി ഭവിച്ച ആരിയൂസ്സ് നിർവ്വിശങ്കം ജനസാമാന്യത്തിന്റെ ഇടയിൽ തന്റെ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചു. സ്വമതതത്വപ്രകാശിതങ്ങളായ ഗാനങ്ങളും സുലളിതങ്ങളായ പ്രസംഗങ്ങളുമാണ് അയാൾ ഇതിലേക്കു ഉപയോഗിച്ച ഉപാധികൾ. അത്യാകർഷണീയമായ ഈ നൂതനോപാധികൾ ചൂണ്ടയിലെ ഇരപോലെ അനേകരെ നിഷ്പ്രയാസം അബദ്ധവിശ്വാസക്കുടുക്കിൽ അകപ്പെടുത്തി. സത്യസഭയിലുണ്ടായ ഈ ഭിന്നിപ്പു ചക്രവർത്തിയേയും വ്യസനിപ്പിച്ചു. അദ്ദേഹത്തിനു വലുതായ അതൃപ്തിയും ഉണ്ടായി. വി. അലക്സാണ്ടർക്ക് ആരിയൂസിനോടുള്ള വിരോധത്തിൽനിന്നും ഉൽഭൂതമായ ഒരു വാക്തർക്കം മാത്രമാണിതെന്നു് എവുസേബിയൂസ്, ചക്രവർത്തിയെ തെറ്റിദ്ധരിപ്പിച്ചതിലാണു ചക്രവർത്തിക്കു കൂടുതൽ അതൃപ്തിയും ഹൃദയവ്യഥയും ഉണ്ടായതു്. ഉടനെതന്നെ കോൺസ്റ്റന്റയിൻ, രണ്ടുകൂട്ടരും ഈ വാദം ഇനിയും തുടരരുതെന്നു് ആജ്ഞാപിക്കുന്ന ഒരെഴുത്തു, കൊർദോവായിലെ മെത്രാനും, ചക്രവർത്തിയുടെ ദൃഢവിശ്വാസത്തിനു പാത്രീഭൂതനുമായ ഓസിയൂസ്സുമെത്രാൻവഴി വി. അലക്സാണ്ടറിനു കൊടുത്തയച്ചു. വി. അലക്സാണ്ടർ ഒരു കൌൺസിൽ വിളിച്ചുകൂട്ടി, ഈ എഴുത്തു അതിൽ വായിച്ചു. എന്നാൽ വിശ്വാസപ്രതിഷേധസംരംഭങ്ങളേയോ, വിശ്വാസസംരക്ഷണശ്രമങ്ങളേയോ ശാന്തതപ്പെടുത്തുവാൻ ആ രാജശാസനം പര്യാപ്തമായില്ല. ഒരുവന്റെ ചിന്താസ്വാതന്ത്ര്യത്തേയും, പ്രസംഗസ്വാതന്ത്ര്യത്തേയും പ്രതിരോധിക്കുവാൻ ചക്രവർത്തിക്കധികാരമില്ലെന്നു്, ആരിയൂസ്സ് വിചാരിച്ചെങ്കിൽ, സത്യവിശ്വാസസംരക്ഷണവും തൽപ്രചരണവും തന്റെ അനിഷേദ്ധ്യവും അനിരോദ്ധ്യവുമായ കടമയായി വി. അലക്സാണ്ടറും കരുതി. ഓസിയൂസ്സുമെത്രാൻ വിശദമായ ഒരു റിപ്പോർട്ടു ചക്രവർത്തിക്കയച്ചു. അതിൽ പിന്നീടു മാത്രമേ, കാര്യത്തിന്റെ ഗൌരവം—സഭയ്ക്കു ആസന്നമായിരിക്കുന്ന ആപത്തു്—കോൺസ്റ്റന്റയിനു മനസ്സിലായുള്ളു.

കാര്യങ്ങളുടെ സമാധാനപരമായ തീരുമാനത്തിന്, ഒരു സാർവ്വത്രികസൂനഹദോസുതന്നെ ആവശ്യമാണെന്നു്, സഭാധികാരികൾക്കു്, ബോദ്ധ്യമായി. അതിനാൽ, അധികം താമസിയാതെ, മാർപ്പാപ്പായുടെ അംഗീകരണത്തിലും, അധികാരത്തിലും, നിഖ്യാപട്ടണത്തിൽ, ഒരു പൊ

---

* ചരിത്രകാരനായ എവുസേബിയല്ലാ ഇതു്.

തുസൂനഹദോസു കൂടി. കോൺസ്റ്റൻറയിൻ ഈ കാൎയ്യത്തിൽ ഗണ്യമായ സഹായം ചെയ്തു. നിഖ്യാപട്ടണം ഇതിനായി അനുവദിച്ചതും, സൂനഹദോസിൽ സംബന്ധിച്ച മെത്രാന്മാൎക്കു് താമസസൗകൎയ്യങ്ങൾ നൽകിയതും അവരുടെ ചെലവുകൾ വഹിച്ചതും, ഈസഹായങ്ങളിൽ ഏതാനും മാത്രമാണു്. ലോകത്തിന്റെ നാനാഭാഗത്തു നിന്നുമായി 318 മെത്രാന്മാരും, അനേകം പട്ടക്കാരും ശെമ്മാശന്മാരും, ഈ സമ്മേളനത്തിൽ സംബന്ധിച്ചു. പ്രശാന്തവും, എന്നാൽ പ്രഗത്ഭവുമായ ഒരു സമ്മേളനമായിരുന്നു അതു്. മെത്രാന്മാരിൽ ഭൂരിഭാഗവും, വയോവൃദ്ധരും പുണ്യശ്ലോകരുമായിരുന്നു. മതത്തിനുവേണ്ടി സഹിച്ച പീഡനങ്ങളുടെ പാടുകൾ അവരിൽ പലരിൽ നിന്നും മാഞ്ഞിരുന്നുപോലുമില്ല. മതമൎദ്ദനകാലത്തു്, ഒരു കണ്ണു് ചൂഴന്നെടുക്കപ്പെട്ടവനായ ഉത്തരഈജിപ്തിലെ പാഫ്നൂഷസു മെത്രാനും, ഈ സംപൂജ്യഗണത്തിലുണ്ടായിരുന്നു. ചക്രവൎത്തി അദ്ദേഹത്തോടു് പ്രത്യേകം ഒരാദരവു് പ്രദൎശിപ്പിച്ചു. ആ പരിശുദ്ധ മുറിവിനെ അദ്ദേഹം ചുംബിക്കുക പോലും ഉണ്ടായി

പൊതുസമ്മേളനത്തിനു മുൻപു തന്നെ മെത്രാന്മാർ ആരിയൂസിനെ പ്രത്യേകം ക്ഷണിച്ചു്, ഒരു രഹസ്യകോൺഫറൻസു നടത്തി. അവിടെയും പൊതുസമ്മേളനത്തിലും, തന്റെ സിദ്ധാന്തങ്ങളെ പ്രകടമായി പ്രസ്താവിക്കുന്നതിനും, വിശദീകരിക്കുന്നതിനും, യുക്തിയുക്തം സ്ഥാപിക്കുന്നതിനും വേണ്ട അവസരങ്ങൾ ധാരാളം നൽകി. എന്നാൽ ആരിയൂസാകട്ടെ, അനഭിലഷണീയമായ ദുൎവ്വാശിയോടെ, ഗാർഹണീയമായ തന്റെ അബദ്ധസിദ്ധാന്തങ്ങളെ മുറുകെ പിടിച്ചു്, തനിക്കു ലഭിച്ച സുവൎണ്ണാവസരങ്ങളെയെല്ലാം അവഗണിച്ചുവാഹളിച്ചതല്ലാതെ ആ അബദ്ധവിശ്വാസങ്ങളെ യുക്തിയുക്തം സ്ഥാപിക്കുകയോ അവയെ ത്യജിച്ചു്, സത്യസഭയോടു പുനരൈക്യപ്പെടുകയോ ചെയ്തില്ല. അവിടെ സമ്മേളിച്ചിരുന്ന സഭാപിതാക്കന്മാർ വിളഞ്ഞ വിവേകത്തോടും തികഞ്ഞ സാമൎത്ഥ്യത്തോടും വി ഗ്രന്ഥങ്ങളേയും പാരമ്പൎയ്യവിശ്വാസത്തേയും ആസ്പദമാക്കി ആരിയൂസിന്റെ അബദ്ധപ്രബോധനങ്ങളെ എല്ലാം ഖണ്ഡിച്ചു. വിശേഷിച്ചും അലക്സാണ്ടർ മെത്രാന്റെ കൂടെ വന്ന അത്തനേഷ്യസു് എന്ന ഒരു യുവവൈദികൻ ഈ വാദപ്രതിവാദത്തിൽ പ്രമുഖമായ ഒരു സ്ഥാനം വഹിച്ചു് മിശിഹാ സത്യമായി ദൈവത്തിന്റെ പുത്രനും, പിതാവിനോടു സൎവ്വഥാ സമനും ആണെന്നും പിതാവിന്റെ ശക്തിയും പിതാവിന്റെ ഛായയും, മിശിഹായിൽ ഉണ്ടെന്നും സ്ഥാപിച്ചു. അതിനാൽ അവിടുന്നു് സാക്ഷാൽ ദൈവം തന്നെയാണെന്നും, ആ സൂനഹദോസു് പ്രസ്തുതാഭിപ്രായം അഖണ്ഡിതമായി പ്രഖ്യാപനം ചെയ്തു.

പുത്രൻ പിതാവിനോട്ട് സമനാണെന്നു് വിശദപ്പെടുത്തുന്നതിനും, തദ്വാരാ ആരിയൂസിൻെറയും കൂട്ടരുടെയും മികച്ച കുയുക്തിപ്രാഗത്ഭ്യത്തെ പരാജയപ്പെടുത്തുന്നതിനും 'ഏകസത്തയായ' എന്നൎത്ഥമുള്ള 'consubstantial' എന്ന ഒരു പുതിയ പദവും അവർ സ്വീകരിച്ചു. ഈ പദപ്രയോഗത്താൽ ആരിയൂസിൻെറ എല്ലാ വാദങ്ങളും നശിച്ചു. അതിനാൽ ഈ പദത്തെ സത്യവിശ്വാസത്തിൻെറ ഒരു നികഷമായി ഗണിച്ചുവരുന്നു. അനന്തരം ആ സഭാപിതാക്കന്മാർ ആ തീരുമാനത്തെ ആസ്പദമാക്കി, ഒരു വിശ്വാസപ്രമാണം വിരചിച്ചു. ഈ വിശ്വാസപ്രമാണമാണു് ഇന്നും വിശുദ്ധ പൂജയിൽ ചൊല്ലി വരുന്നതു്. സുപ്രസിദ്ധമായ നിഖ്യാവിശ്വാസപ്രമാണവും ഇതു തന്നെ. അഞ്ചു് ആരിയൻമെത്രാന്മാരൊഴിച്ചു് എല്ലാവരും ഈ വിശ്വാസപ്രമാണത്തിനൊപ്പു വയ്ക്കുകയും ഐകകണ്ഠ്യേന ആരിയൂസിനെ ശപിക്കുകയും ചെയ്തു. ചക്രവൎത്തി തൻെറ രാജകീയശക്തി പ്രയോഗിച്ചു് ഈ തിരുമാനങ്ങളെ നടപ്പിൽ വരുത്തിയും, ആരിയൂസിനെ നാട്ടിൽ നിന്നും നിഷ്കാസനം ചെയ്തും, ഈ സൂനഹദോസിനോട്ട സഹകരിച്ചു് സത്യവിശ്വാസസംരക്ഷണം നടത്തി. ഇവയെല്ലാമാണു്, സഭ എക്കാലത്തും സംപൂജ്യമായി കരുതുന്ന നിഖ്യാസൂനഹദോസിൻെറ ഫലങ്ങൾ.

ആരിയൂസ്പക്ഷപാതികൾ പരാജിതരായി എങ്കിലും ഭഗ്നാശരായില്ല. ചക്രവൎത്തിയെ സ്വാധീനപ്പെടുത്തുവാൻ ഓരോ കൗശലങ്ങൾ അവർ പ്രയോഗിച്ചു തുടങ്ങി. നിഖ്യാസൂനഹദോസിൻെറ തീരുമാനങ്ങളെ സ്വീകരിച്ചുകൊള്ളാമെന്നു് വാഗ്ദാനം ചെയ്യുതായിരുന്നു ഈ കുതന്ത്രങ്ങളിൽ പ്രധാനം. ശുദ്ധനായ ചക്രവൎത്തി അതു വാസ്തവമെന്നു് വിശ്വസിച്ചു് ആരിയൂസിനെ തിരിച്ചു വിളിച്ചു. അതിനു ശേഷവും, ചക്രവൎത്തിയെ സ്വാധീനപ്പെടുത്തുവാനുള്ള ശ്രമങ്ങൾ പൂൎവ്വാധികം ഊൎജ്ജിതമായി തുടൎന്നു. കത്തോലിക്കാ മെത്രാന്മാരെക്കുറിച്ചു് പൊതുവേയും, അലക്സാന്ത്രിയാ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട അത്തനേഷ്യസ് മെത്രാനെ സംബന്ധിച്ചു് പ്രത്യേകമായും, പല ദുഷ്പ്രവാദങ്ങളും അവർ ചക്രവൎത്തിയോടു പ്രസ്താവിച്ചു. അത്തനേഷ്യസിൻെറ അനന്യസാധാരണമായ പരിജ്ഞാനവും, അന്യാദൃശ്യമായ സാമൎത്ഥ്യവുമായിരുന്നു അദ്ദേഹത്തോടു അവൎക്കുള്ള പ്രത്യേക വൈരത്തിനു ഹേതു. ആരിയൂസിനെ ശപിച്ചതു് അന്യായവും അധൎമ്മവും ആണെന്നും, അദ്ദേഹം ഇന്നും അചഞ്ചലനായ ഒരു സത്യവിശ്വാസി ആയിരിക്കുന്നതിനാൽ, അദ്ദേഹത്തെ അലക്സാന്ത്രിയൻഭദ്രാസനദേവാലയത്തിലേക്കു തിരിച്ചു സ്വീകരിക്കുന്നതു് ദൈവത്തിനു് അ

ത്യന്തം പ്രസാദകരമായ ഒരു കാൎയ്യമായിരിക്കുമെന്നും കോൺസ്റ്റന്റയി
നെ ധരിപ്പിച്ചു, അദ്ദേഹത്തെ കബളിപ്പിക്കുവാനായിരുന്നു ഇവരുടെ
അനന്തരശ്രമം. ഇതിൽ പ്രത്യേകമായ ഒരു ഗൂഢോദ്ദേശവും അവൎക്കി
ല്ലാതിരുന്നില്ല. ആരിയൂസിനെ, തിരിച്ചെടുക്കുവാൻ, ചക്രവൎത്തിയെക്കൊ
ണ്ടു ഒരാജ്ഞ അത്തനേഷ്യസിനു കൊടുപ്പിച്ചാൽ, ഈ സ്ഥിതിയിൽ
അത്തനേഷ്യസ് അതിനെ ലംഘിക്കുമെന്നും, അപ്പോൾ ചക്രവൎത്തിയു
ടെ കോപത്തിനു അദ്ദേഹം പാത്രമാകും എന്നുമുള്ളതായിരുന്നു ഈ
രഹസ്യോദ്ദേശ്യം. അവർ ഉദ്ദേശിച്ചതുപോലെ കാൎയ്യങ്ങൾ കലാശിക്കു
കയും ചെയ്തു. ആരിയൂസിനെ സ്വീകരിക്കുവാൻ ചക്രവൎത്തി അത്തനേ
ഷ്യസിനു ഉത്തരവയച്ചു. അത്തനേഷ്യസ് അതിനു വിസമ്മതിച്ചു.
ചക്രവൎത്തിക്കു അദ്ദേഹത്തോടു കോപം വൎദ്ധിച്ചു. എന്നാൽ ആരിയൻ
പ്രകൃതികളുടെ വൈരനിൎയ്യാതനബുദ്ധി ഇവിടെയെങ്ങും അവസാനിച്ചില്ല.
അവർ, അത്തനേഷ്യസിന്റെ മേൽ നിന്ദ്യങ്ങളും, ഭയങ്കരങ്ങളുമായ പല
അപരാധങ്ങളും ആരോപിച്ചു. ചക്രവൎത്തിക്കു, അത്തനേഷ്യസിനോടുള്ള
വെറുപ്പു അനുദിനം വൎദ്ധമാനമായി. അദ്ദേഹം മെത്രാന്മാരുടെ ഒരു സൂ
നഹദോസ് ടയർ പട്ടണത്തിൽ വിളിച്ചുകൂട്ടി. അവിടെ സന്നിഹിതനാ
യി ഓരോ കുറ്റത്തിനും സമാധാനം ബോധിപ്പിക്കണമെന്നു, അത്ത
നേഷ്യസിനോടു കല്പിച്ചു. ആരിയൻമെത്രാന്മാർ കോൺസ്റ്റന്റയിന്റെ
സഹായത്തോടു കൂടി അവരവരുടെ സ്ഥാനങ്ങളിൽ പുനഃപ്രതിഷ്ഠിതരാ
യിരുന്നതിനാൽ, ന്യായാധിപസംഘത്തിൽ യാതൊരു വിഷമവും കൂടാ
തെ അവൎക്കു പ്രാബല്യം ലഭിച്ചു. അവരാകട്ടെ, അത്തനേഷ്യസിനെ
ഒരു സാധാരണ കുററക്കാരനെപ്പോലെ മാത്രം ഗണിച്ചു, വിസ്താരസമ
യം മുഴുവൻ, അദ്ദേഹത്തെ നിൎത്തി. അത്തനേഷ്യസിനെ അതിൽ യാ
തൊരു മനക്ലേശവും ഉണ്ടായില്ല. അദ്ദേഹം പ്രശാന്തനായി തന്റെ മേൽ
ആരോപിച്ച എല്ലാ കുററങ്ങളേയും, ശക്തിയുക്തം, യുക്തിപൂൎവ്വം പ്രതിഷേ
ധിച്ചു, സ്വനിൎവ്യാജതയെ വെളിപ്പെടുത്തുകയും ആരിയൻപക്ഷപാതി
കളെ പരാജിതരാക്കുകയും ചെയ്തു. ഈ പരാജയം അത്തനേഷ്യസിനോ
ടുള്ള അവരുടെ ശത്രുത വീണ്ടും വൎദ്ധിപ്പിച്ചു. ചക്രവൎത്തിയുടെ ഒരുദ്യോഗ
സ്ഥൻ അദ്ദേഹത്തെ സംരക്ഷിച്ചില്ലായിരുന്നുവെങ്കിൽ, ആ ദുഷ്ടഗണം
വിശുദ്ധനായ അത്തനേഷ്യസിനെ കഷണം കഷണമായി ചീന്തിക്കളയു
മായിരുന്നു എന്നാണു പറയപ്പെടുന്നതു. ഈ ചെന്നായ്ക്കളുടെ ഇടയി
ൽ തന്റെ ജീവൻ സുരക്ഷിതമല്ലെന്നു കണ്ടിട്ടു ആ അജപോതം കോൺ
സ്റ്റാന്റിനോപ്പിളിൽ ചെന്നു രാജകൊട്ടാരത്തിൽ അഭയം പ്രാപിച്ചു.
ആരിയൻ മെത്രാന്മാർ, ആദ്യം ഇദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി വിധി ക

ല്പിക്കുകയും, എന്നിട്ടും അതുകൊണ്ടും തൃപ്തിവരാതെ, കോൺസ്ററാൻറിനോപ്പിളിൽ ചെന്നു്, ഇദ്ദേഹത്തെ ബഹിഷ്കരിച്ചാൽ അലക്സാന്ത്രിയായിൽ നിന്നും ഗോതമ്പു കയററുമതി ചെയ്യുന്നതിനെ അദ്ദേഹം തടയുമെന്നു് ഭീഷണിപ്പെടുത്തിയതായി, ചക്രവത്തിയെ അറിയിക്കുകയും ചെയ്തു. അത്താനേഷ്യൂസ് അതിനെ ശക്തിയുക്തം എതിൎത്തുവെങ്കിലും, ശത്രുപക്ഷത്തിൻെറ തെളിവുകളെ ചക്രവത്തിയ്ക്കു കൂടുതൽ വിശ്വാസ്യമായി തോന്നിയുള്ളു. അതിനാൽ ചക്രവത്തി അത്തനേഷ്യസിനെ ഗോളിലുള്ള ട്രെവിസ് ഗ്രാമത്തിലേക്കു നാടുകടത്തി.

അവിചാരിതവും എന്നാൽ അതേസമയം തന്നെ അസാധാരണവുമായ ഈ വിജയം ആരിയൻപ്രഭൃതികളെ ആഹ്ലാദഭരിതരാക്കി. ആരിയൂസിനു തൻെറ നഷ്ടപ്പെട്ട സ്ഥാനം സംലബ്ധമാകുവാനായിരുന്നു അവരുടെ അനന്തരശ്രമം. ഊർജ്ജസ്വലമായും, തീവ്രമായും അതിനുവേണ്ടി അവർ പരിശ്രമിച്ചു. ചക്രവത്തിയുടെ അനുവാദവും അവൎക്കു ലഭിച്ചു. പക്ഷെ അലക്സാന്ത്രിയായിലെ കത്തോലിക്കർ ധീരതയോടെ അതിനെ എതിൎത്തു. അവരുടെ ശക്തിയായ പ്രതിഷേധം, ഭയങ്കരമായ വിപ്ലവത്തെപ്പോലും, ഉളവാക്കിയേക്കുമെന്നു ഭയന്നു് കോൺസ്ററൻറയിൻ ആരിയൂസിനെ കോൺസ്ററാൻറിനോപ്പിളിലേക്കു ക്ഷണിച്ചു. കോൺസ്ററാൻറിനോപ്പിളിൽ ആഘോഷമായി അദ്ദേഹത്തെ സ്വീകരിക്കുകയും അവിടുത്തെ ദേവാലയാധികാരിയായി അദ്ദേഹത്തെ അവരോധിക്കുകയും ചെയ്താൽ, അലക്സാന്ത്രിയായിലെ പരാജയം ഒട്ടു പരിഹൃതമാകുമെന്നു്, ആരിയനായകന്മാരും കരുതി. ചക്രവത്തിയുടെ അനുവാദം നിഷ്പ്രയാസം ലഭിച്ചു. അതിനുള്ള ദിവസവും നിശ്ചയിച്ചുകഴിഞ്ഞു. ഒരുക്കങ്ങളും പൂത്തിയായി. ഓരോ ആരിയനും, നിശ്ചിതമുഹൂത്തം പ്രത്യാശാപൂവ്വം പ്രതീക്ഷിച്ചു. എന്നാൽ വൃദ്ധനെങ്കിലും ധമ്മധീരനായ കോൺസ്ററാൻറിനോപ്പിൾ മെത്രാൻ ഈ ശ്രമത്തെ പ്രതിഷേധിച്ചു. പക്ഷെ ചക്രവത്തി സഹായി ആയി ഉള്ളപ്പോൾ ആരു് ഈ പടുവൃദ്ധൻെറ നിരോധനത്തെ വകവെയ്ക്കുന്നു? ഭൗമികശക്തികളുടെ സഹായത്തേക്കാൾ ഉലോകശ്രേഷ്ഠമായ സഹായങ്ങളിൽ, വിശ്വസിച്ചിരുന്ന ആ വിശുദ്ധനാകട്ടെ, ഭദ്രാസനദേവാലയത്തിൻെറ പ്രധാന ത്രോണോസിൻെറ മുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് കണ്ണുനീർ ചിന്തി. "കരുണാകരനായ എൻെറ ദൈവമേ! അബദ്ധവിശ്വാസിയായ ആരിയൂസ് ഈ ദേവാലയത്തിൽ പ്രവേശിക്കുവാൻ അങ്ങു് ഇടയാക്കരുതേ. അഥവാ അപ്രകാരം സംഭവിക്കണമെന്നു വരികിൽ, അതിനു മുൻപു് എൻെറ ആത്മാവിനു

നിത്യശാന്തി നൽകണമേ. അങ്ങേ സഭയേയും, അങ്ങേ ജനങ്ങളേയും അങ്ങു പരിപാലിക്കുമെന്നു് പരിപൂൎണ്ണമായി ഞാൻ വിശ്വസിക്കുന്നു. അങ്ങേ മക്കളായ ഞങ്ങൾ ശത്രുക്കളാൽ ആക്ഷേപിക്കപ്പെടുവാൻ അങ്ങു് അനുവദിക്കരുതേ” എന്നിങ്ങനെ പ്രാൎത്ഥിച്ചു.

ആൎയ്യന്മാർ ആമോദഭരിതരായി. വിജയഘോഷങ്ങളോടു തങ്ങളുടെ നായകനെ ദേവാലയത്തിലേക്കാനയിച്ചു. ദേവാലയത്തോടു സമീപിക്കുംതോറും അവരുടെ വിജയധ്വനികളും വന്ദ്യനായ ആ മെത്രാന്റെമേൽ ചൊരിയുന്ന ആക്ഷേപവൎഷങ്ങളും ശക്തിപ്പെട്ടു. എന്നാൽ, അത്ഭുതം! അവർ ദേവാലയാങ്കണത്തിൽ, പ്രവേശിച്ചതും പ്രതാപപ്രൗഢിയോടെ ഘോഷയാത്രയുടെ മുമ്പിൽ നടന്ന ആരിയൂസു് വിവൎണ്ണവദനനായി, അവിടെനിന്നും ഓടിമറഞ്ഞതും ഒന്നിച്ചുകഴിഞ്ഞു. ജനാവലി അദ്ദേഹത്തെ അനുധാവനം ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ പകരം നിണമണിഞ്ഞു കിടക്കുന്ന അദ്ദേഹത്തിന്റെ മൃതശരീരമാണവർ കണ്ടതു്. വിജയധ്വനികളെല്ലാം ശമിച്ചു. അന്തരീക്ഷം ശാന്തമായി. ജനാവലി ഭയംകൊണ്ടു വിറച്ചു. ഈ അത്ഭുതവൃത്താന്തം കണ്ണാംകണ്ണിയാ നാടെങ്ങും പരന്നു. ആ ദേവാലയത്തെ അശുദ്ധമാക്കപ്പെടാതെ രക്ഷിച്ചതിനു് ആ വന്ദ്യമെത്രാൻ അടുത്ത പ്രഭാതത്തിൽ അനേകായിരം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ, ദൈവത്തിനു സ്തോത്രം ചെയ്തു. ചക്രവൎത്തിക്കും അപാരമായ പരിഭ്രമമുണ്ടായി. ആരിയൂസിന്റെ നിൎയ്യാണം ദൈവശിക്ഷയാണെന്നു് അദ്ദേഹം നിസ്സംശയം വിശ്വസിച്ചു. വി. അത്തനേഷ്യസിനെ തിരിച്ചു വിളിക്കുവാൻ അദ്ദേഹം തീൎച്ചപ്പെടുത്തി. എന്നാൽ ആ ഉത്തരവിനു് ഒപ്പുവയ്ക്കുന്നതിനു മുമ്പു എ. ഡി. 337-ൽ നിക്കോമേഡിയായിൽവച്ചു കോൺസ്റ്റന്റയിൻ മരിച്ചു. മരണത്തിനു മുമ്പു് ജ്ഞാനസ്നാനം സ്വീകരിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

കോൺസ്റ്റന്റയിനു് കോൺസ്റ്റന്റയിൻ, കോൺസ്റ്റന്റേഷ്യസ്, കോൺസ്റ്റൻസ് ഇങ്ങനെ മൂന്നു പുത്രന്മാരുണ്ടായിരുന്നു. ഇതിൽ ഗോളിനെ (Gaul) തന്റെ അധികാരപരിധിയിൽ ലഭിച്ച കോൺസ്റ്റന്റയിൻ, പ്രശംസാൎഹമായ ബഹുമാന പ്രകാരത്തോടെ വി. അത്തനേഷ്യസിനെ അലക്സാന്ത്രിയാ മിസ്സത്തിലേക്കയച്ചു. ഈ പ്രവൃത്തിയിൽ, താൻ പരേതനായ തന്റെ വന്ദ്യപിതാവിന്റെ അന്തിമാഭിലാഷത്തെ നിൎവ്വഹിക്കുക മാത്രമേ ചെയ്യുന്നുള്ളു എന്നാണു് അദ്ദേഹം അലക്സാന്ത്രിയാക്കാൎക്കെഴുതിയതു്. ആ എഴുത്തിൽ തന്നെ അദ്ദേഹം തുടൎന്നു

പറയുന്നു. "നാം വി. അത്തനേഷ്യസിനെ എത്ര കാര്യമായി ആദരിക്കുന്നുവെന്നു് അദ്ദേഹം അവിടെ വരുമ്പോൾ നിങ്ങൾക്കു മനസ്സിലാകും. നിങ്ങൾ അതിൽ അത്ഭുതപ്പെടുകയില്ലെന്നും നമുക്കറിയാം. എന്തെന്നാൽ പുണ്യശ്ലോകനായ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യം എത്രമാത്രം ഉപദ്രവങ്ങളെ നിങ്ങൾക്കു വരുത്തിയിരിക്കുന്നുവെന്നു നാം അറിയുന്നു." അനേകനാളത്തെ വിരഹത്തിനുശേഷം അത്തനേഷ്യസുമെത്രാൻ സിറിയായെ തരണംചെയ്തു് വത്സലരും, പ്രമോദഭരിതരുമായ തന്റെ ആത്മീയാത്മജരുടെ മദ്ധ്യത്തിൽ സമാഗതനായി. വൈദീകരും അൽമേനികളുമായ സകലരും അത്യാനന്ദപൂർവ്വം അദ്ദേഹത്തെ ആഭിവാദ്യം ചെയ്തു ദേവാലയങ്ങളിൽ മണിനാദം മുഴങ്ങി സ്തോത്രഗീതങ്ങൾ അംബരവീഥിയിൽ പ്രതിദ്ധ്വനിച്ചു. വി. അത്തനേഷ്യസിന്റെ ശത്രുക്കൾ വിഷാദകലുഷിതരായി അദ്ദേഹത്തിന്റെ പുനഃപ്രതിഷ്ഠ കാനോൻനിയമങ്ങൾക്കു വിരുദ്ധമാണെന്നു് അവർ വാദിച്ചു. ആ വാദം നിഷ്പ്രയോജനമെന്നു കണ്ടപ്പോൾ നിരപരാധിയായ അദ്ദേഹത്തിന്റെ മേൽ അനേകം അപവാദങ്ങൾ അവർ പറഞ്ഞു പരത്തി. പൌരസ്ത്യചക്രവത്തിയായ കോൺസ്റ്റാൻഷ്യനേയും ഇതിനകം അവർ വശീകരിച്ചു. അത്തനേഷ്യസു ധിക്കാരിയും കലഹക്കാരനുമാണെന്നും അദ്ദേഹത്തിന്റെ ആഗമനം നാട്ടിലെ സമാധാനത്തെ നശിപ്പിക്കുകയും, കലഹങ്ങൾ വദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നുവെന്നും വിധവകൾക്കും സാധുക്കൾക്കും നൽകുവാനുള്ള ഗോതമ്പു് സ്വന്ത ആവശ്യത്തിനുപയോഗിക്കുന്നുവെന്നും മററും അനേകം "പച്ചക്കള്ളങ്ങൾ" നിർവ്വിശങ്കം ആ രാജ്യാധിപനേ അവർ ധരിപ്പിച്ചു. ഇവയെല്ലാം പുരുഷദ്വേഷപരമായ അസത്യജല്പനങ്ങൾ മാത്രമാണെന്നു് തെളിയിക്കുക ദുസ്സാധകമായിരുന്നില്ല. പക്ഷെ ആര്യമതപ്രോത്സാഹകനായ ആ രാജകുമാരൻ ഈ തെളിവുകളേയൊന്നും കേൾക്കുവാൻപോലും സന്നദ്ധനായില്ല. എന്നാൽ അതേസമയംതന്നെ ആരിയൻ ജനത പറഞ്ഞതെല്ലാം അയാൾ വിശ്വസിച്ചുവെന്നു മാത്രമല്ല അവരുടെ അഭിലാഷാനുസരണം നിഖ്യാസുനഹദോസിനാൽ ശപിക്കപ്പെട്ട പിസ്റ്റസു് എന്നൊരു വൈദീകനെ മെത്രാൻസ്ഥാനത്തേക്കു സ്വീകരിക്കയും ചെയ്തു. അഭിഷേകവൃത്താന്തം അറിഞ്ഞ ഉടനെ പരിശുദ്ധപിതാവു്, ന്യായരഹിതവും അധമ്മപരവുമായ ആ അഭിഷേകത്തെ നിരസിച്ചു. അതോടെ കത്തോലിക്കരും അതിനെ ശക്തിയായി എതൃത്തു. പിസ്റ്റസിനു യാതൊരു നിലയുമില്ലെന്നായി. നിരാശയോടെ അയാൾ പിൻവാങ്ങി. ശീശ്മകളെ സഭ എല്ലായ്പോഴും അവജ്ഞയോടും ഭയത്തോടും മാത്രം വീക്ഷിക്കുന്നു. സാക്ഷാൽ അധികാരി ജീവിച്ചിരിക്കു

മ്പോൾതന്നെ ആ സ്ഥാനത്തെ അന്യായമായി കരസ്ഥമാക്കുവാൻ വരുന്ന അധാൎമ്മികനെ സഭ വെറുക്കുന്നുവെന്നു മാത്രമല്ല, അയാളുടെ അവകാശാധികാരങ്ങളെ നിഷേധിക്കുകയും, അവനെ, മേഷയൂഥത്തെ നിഹനിക്കുന്നതിനും നശിപ്പിക്കുന്നതിനുമായി നിഗൂഢമാൎഗ്ഗങ്ങളിൽക്കൂടെ കയറിയിട്ടുള്ള തസ്കരനോ ചെന്നായോ ആയി പരിഗണിക്കുകയും ചെയ്യുന്നു.

വൈമനസ്യത്തോടെയെങ്കിലും ആരിയൻ ജനത പിറസ്റ്റൂസിനെ തിരിച്ചുവിളിച്ചു. എങ്കിലും, അത്തനേഷ്യാസിൻെറ മേൽ ആരോപിതങ്ങളായിരിക്കുന്ന അപരാധങ്ങളെക്കുറിച്ചു് അന്വേഷിക്കുവാൻ ഒരു കൌൺസിൽ നിമന്ത്രണം ചെയ്യണമെന്നു് അവർ മാൎപ്പാപ്പായോടപേക്ഷിച്ചു. അദ്ദേഹം നന്മനസ്സോടെ അതിനു സമ്മതിക്കുകയും ചെയ്തു. എന്നാൽ ഒരു ആരിയൻ മെത്രാൻ വേണമെന്നു നിർബന്ധമുണ്ടായിരുന്ന അവർ കപ്പഡോഷ്യാദേശീയനായ ഒരു ഗ്രിഗരിയെ മെത്രാനായി ഉയൎത്തി, രാജസഹായത്തോടെ അലക്സാന്ത്രിയൻസഭയിൽ അദ്ദേഹത്തെ സ്വീകരിപ്പിച്ചു. സംശയബുദ്ധിയോടുകൂടി വീക്ഷിച്ചിരുന്ന വിജയം ഹസ്തഗതമായിയെന്നു തന്നെ അവർ സന്തോഷിച്ചു. അലക്സാന്ത്രിയായിൽ ആകപ്പാടെ ഒരു ബഹളം ഉണ്ടായി. കത്തോലിക്കരെല്ലാം ദേവാലയത്തിൽ പ്രവേശിച്ചു് പ്രാൎത്ഥനയിൽ നിർല്ലീനരായി. രാജകീയോദ്യോഗസ്ഥന്മാരാകട്ടെ ലൌകികദൃഷ്ട്യാ നിരാലംബരും യഥാൎത്ഥത്തിൽ നിരപരാധികളുമായ കത്തോലിക്കരെ അന്യായമായി ആക്രമിച്ചു. ചിലരെ കാലുകൾകൊണ്ടും ചിലരെ ഗദകൊണ്ടും മൎദ്ദിച്ചു. വേറേ ചിലരെ കരാളകരവാളങ്ങൾക്കിരയാക്കി. ശിശ്മക്കാരെ പള്ളിയിൽ സ്വീകരിക്കാതിരുന്ന എല്ലാ വൈദികരേയും, നിർദ്ദയം പീഡിപ്പിച്ചു. കന്യാസ്ത്രീകളോടു ചെയ്ത മർദ്ദനം ഇതിലും ഭയങ്കരമായിരുന്നു എന്നാൽ ഏററവും ഹൃദയഭേദകമായിട്ടുള്ളതു ദിവ്യരക്ഷകൻെറ ക്രൂശുമരണത്തിൻെറ സ്മരണയായി ആചരിക്കുന്ന പരിശുദ്ധവാരത്തിൽ ഈ ഘോരകൃത്യങ്ങൾ നടത്തിയെന്നുള്ളതാണു്. ദുഃഖവെള്ളിയാഴ്ച അഭിനവാഭിഷിക്തനായ ഗ്രിഗരി, ഒരു ദേവാലയത്തിൽ പ്രവേശിക്കുവാൻ ചെന്നപ്പോൾ അയാളെ പ്രതിരോധിച്ചുവെന്ന കാരണത്താൽ പീഡനം, ഉപരിശക്തിയോടെ ആവൎത്തിച്ചു. അനേകരെ ദണ്ഡിപ്പിക്കുകയും, കാരാഗൃഹത്തിലടക്കുകയും ചെയ്തു. ഒന്നുകിൽ ദേവാലയങ്ങൾ ഉപേക്ഷിക്കുന്നതിനോ, അല്ലാത്തപക്ഷം ശീശ്മക്കാരുടെ കൎമ്മങ്ങളിൽ ഭാഗഭാക്കാകുന്നതിനോ കത്തോലിക്കർ നിർബന്ധിതരായി.

ഇതിനിടയ്ക്കു അത്തനേഷ്യാസ് അവിടെനിന്നും രക്ഷപെട്ടു റോമിലെ

ക്കു പോയി. പരിശുദ്ധ സിംഹാസനത്തെ അന്നലങ്കരിച്ചിരുന്ന ജൂലിയൻമാർപ്പാപ്പാ അന്യൂനമായ സ്നേഹാർദ്രതയോടെ ഈ വിവിത സുതനെ സ്വീകരിച്ചു. ആരിയൻ ജനത ആവശ്യപ്പെട്ടതുപോലെ അദ്ദേഹം ഒരു കൌൺസിൽ വിളിച്ചുകൂട്ടി. പക്ഷെ ആരിയൻമാരായ ആരുംതന്നെ അതിൽ ഹാജരായില്ല. അതിനാൽ അത്തനേഷ്യസു നിർദ്ദോഷിയെന്നും, അദ്ദേഹത്തെ അലക്സാന്ത്രിയാമെത്രാനായി സ്ഥിരപ്പെടുത്തിയിരിക്കുന്നുവെന്നും പരിശുദ്ധ പിതാവു പ്രഖ്യാപനം ചെയ്തു. എങ്കിലും എട്ടു കൊല്ലത്തിനു ശേഷം, ഗ്രിഗരി മരിച്ചതിനുശേഷമേ അത്തനേഷ്യസിനു തൻെറ സ്ഥാനം ലഭിച്ചൊള്ളു. ആ കൌൺസിലിനു ശേഷം മാർപ്പാപ്പാ അലക്സാന്ത്രിയാ സഭയിലേക്കയച്ച എഴുത്തു് ഇന്നും ഉണ്ടു്. ഗൌരവതരങ്ങളായ എല്ലാ പ്രശ്നങ്ങളുടേയും അന്ത്യതീരുമാനത്തിനു പത്രോസിൻെറ പിൻഗാമിയും സഭയുടെ ദൃശ്യതലവനുമായ മാർപ്പാപ്പായോടു് അപേക്ഷിച്ചിരുന്നുവെന്നതിനുള്ള അനേകം ഉദാഹരണങ്ങളിൽ ഒന്നാണിതു്. സ്ഥാനബഹുമാനാദികളിലുള്ള ഒരു ശ്രേഷ്ഠത മാത്രമല്ല പരമമായ അധികാരംതന്നെയാണു മാർപ്പാപ്പായിൽ നിക്ഷിപ്തമായിരിക്കുന്നതെന്നു സഭ ഏതുകാലത്തും വിശ്വസിച്ചുവരുന്നു. സത്യവിശ്വാസസംഹിതയിലെ അതിപ്രധാനഘടകമായ ഈ പരമാധികാരം തന്നെയാണു സഭയുടെ അചഞ്ചലമായ ഐക്യത്തിൻെറ അസ്ഥിവാരവും.

* പേർസ്യൻ രാജാവായ സാപ്പോർ ക്രിതീയൻ സഭാമർദ്ദനം നടത്തിയതും ഏതാണ്ടീ കാലഘട്ടത്തിൽ (എ. ഡി. 350) തന്നെയാണു്. ആ പീഡനകാലത്തു് അനേകായിരം കത്തോലിക്കർ നിഗ്രഹിക്കപ്പെട്ടു. മെസോപ്പൊട്ടോമിയായിലെ നിസ്മിസ് നഗരത്തിൻെറ മെത്രാനായിരുന്ന വി. ജെയിംസിൻെറ പ്രാർത്ഥനാഫലമായി, സാപ്പോറിനുണ്ടായ ഒരു പരാജയമാണീമതമർദ്ദനത്തിനു ഹേതുവെന്നു വിശ്വസിച്ചുവരുന്നു. സാപ്പോർ നിസ്മിസ് നഗരം ആക്രമിച്ചപ്പോൾ വി. ജെയിംസു്, സഭയുടെ വൈരിയായ സാപ്പോറിനെ പരാജിതനാക്കണമെ, എന്നു ദൈവ

* ഈ കാലഘട്ടത്തിൽ (ക്രി. വ. 345) പേർഷ്യാമഹാരാജ്യത്തുനിന്നും അൽമേനികളും വൈദീകരും ചേർന്ന ഒരു ജനസഞ്ചയം (Colony) മലങ്കരെ കൊടുങ്ങല്ലൂർ വന്നിറങ്ങി. അവരിൽ വലിയഭാഗം പട്ടണത്തിൻെറ വടക്കെ ഭാഗത്തും ചെറിയഭാഗം തെക്കെ ഭാഗത്തും വസിച്ചു. അവരോടുകൂടെ ഒരു മെത്രാനും ഉണ്ടായിരുന്നു. അദ്ദേഹം ക്രി. വ. 325_ൽ വലിയ ഇൻഡ്യയെ ഭരിച്ചിരുന്ന മാർ യോഹന്നാൻെറ പിൻഗാമിയായിരുന്നു. Fr. Bernard T. O. C. D.

ത്തോടു പ്രാത്ഥിക്കുകയും വിനീതവും തീവ്രവുമായ ഈ പ്രാത്ഥനയുടെ ഫലമായി അനേകായിരം കടന്നലുകൾ അവിടെ പ്രത്യക്ഷപ്പെട്ട് ആനകളേയും കുതിരകളേയും സൈന്യങ്ങളേയും സേനാപതികളേയും ഉപദ്രവിക്കുകയും സാപ്പോറിനെ പരാജിതനാക്കുകയും ചെയ്തുവെന്നാണ് ഈ കഥ.

എ. ഡി. 340_ൽ കോൺസ്ററൻറയിൻ ദ്വിതീയൻ ചരമമടഞ്ഞു. പത്തുകൊല്ലം കഴിഞ്ഞപ്പോൾ കോൺസ്ററാൻസും നിര്യാതനായി. ഇങ്ങനെ സഭാവൈരിയായ കോൺസ്ററാൻഷ്യസു റോമ്മാസാമ്രാജ്യത്തിൻെറ മുഴവൻ അവിതക്കിതസമ്രാട്ടായി ശേഷിച്ചു. അയാളുടെ പ്രഥമശാസനം അത്തനേഷ്യസിൻെറ ബഹിഷ്കരണനീട്ടിൽ എല്ലാ മെത്രാന്മാരും ഒപ്പു വയ്ക്കണമെന്നും, അതിനു വൈമുഖ്യം പ്രദശിപ്പിക്കുന്നവരെയെല്ലാം കൊല്ലണമെന്നുമായിരുന്നു. ഇതിലേക്കായി ആദ്യം ആർലസിലും, പിന്നീടു മിലാനിലും, മെത്രാന്മാരെ വിളിച്ചുകൂട്ടി. എന്നാൽ അവർ അദ്ദേഹത്തിൻെറ അഭിലാഷത്തിനു വിധേയരായില്ല. ചക്രവത്തി കോപാക്രാന്തനായി അവരെ ഭീഷണിപ്പെടുത്തി. പക്ഷെ യാതൊരു ക്ഷോഭമോ, ചാഞ്ചല്യമോ കൂടാതെ പ്രശാന്തരായി ആ മെത്രാന്മാർ പറഞ്ഞു. "ഈ സാമ്രാജ്യം നിങ്ങൾക്കുള്ളതല്ല. അതു നിസ്സന്ദേഹമായി ദൈവത്തിൻേറതാണ്. നിങ്ങളെ തല്ക്കാലത്തേക്കു ഇതിൻെറ ഭരണാധികാരികളായി നിയോഗിച്ചിരിക്കുന്നുവെന്നേയുള്ളു. അതിനാൽ ദൈവത്തിൻെറ ന്യായവിധിയെ നിങ്ങൾ ഭയപ്പെടണം. ആദ്ധ്യാത്മികകാൎയ്യത്തിന്മേൽ നിങ്ങൾക്കു യാതൊരധികാരവും നാംകപ്പെട്ടിട്ടുമില്ല." ഉജ്ജ്വലിക്കുന്ന തീയിൽ നറുനെയ്യു എന്നപോലെ ഈ ഉത്തരം, കോപാവേശിതനായിരുന്ന ചക്രവത്തിയെ പൂവ്വാധികം കോപാജ്ജ്വലനാക്കി. അവരിൽ പ്രധാനിയെ വധിക്കുവാൻ അയാൾ ഖഡ്ഗം കരത്തിലെടുത്തു. പക്ഷേ, എന്തോ അല്പം ശാന്തനായി, ആ ഉദ്യമത്തിൽനിന്നും വിരമിച്ച് അദ്ദേഹത്തെ നാടുകടത്തുവാൻ വിധിച്ചു. അനന്തരം അത്തനേഷ്യസിൻെറ ബഹിഷ്കരണനീട്ടിൽ ഒപ്പു വയ്ക്കാതിരുന്ന എല്ലാവരേയും സ്ഥാനഭ്രഷ്ടരാക്കി, തത്സ്ഥാനങ്ങളിൽ ആരിയൻ മെത്രാന്മാരെ നിയമിച്ചു. എന്നാൽ പരിശുദ്ധസിംഹാസനം, അത്തനേഷ്യസിനെ കുറക്കാരനായി ഗണിക്കുകയോ, ആരിയൻ മെത്രാന്മാരോടു സഹകരിക്കുകയോ ചെയ്യാതിരിക്കുന്നിടത്തോളം കാലം കോൺസ്ററാൻഷ്യസിനു ശാന്തചിത്തനായിരിക്കുവാൻ നിവ്വാഹമില്ല അതിനാൽ, അപ്രകാരം ചെയ്‌വാൻ കോൺസ്ററാൻഷ്യസു പരിശുദ്ധപിതാവിനോടാവശ്യപ്പെട്ട് അപേക്ഷിച്ചുനോക്കി: പ്രലോഭിപ്പിച്ച് ഭീഷണിപ്പെടുത്തി ആ പരമസാത്വികൻ,

ആ ധാർമ്മികശ്രേഷ്ഠൻ, ഈ അധർമ്മത്തിനു പങ്കുകാരനാവുകയോ? രാജാ
വ് കോപംപൂണ്ടു വിറച്ചു. എന്തുചെയ്യേണ്ടു എന്നറിയാതെ അയാൾ
വിഷമിച്ചു. ഒടുവിൽ, പരിശുദ്ധപിതാവിനെ ബെറോയിയാ (Beroea)
യിലേക്കു നാടുകടത്തി. സഭയുടെ പരമാധികാരിയോടു് ചെയ്ത ഈ അ
ധർമ്മം സഭയോടു ചെയ്‌വാനിരുന്ന പീഡനത്തിൻെറ ഒരു സൂചന മാത്ര
മായിരുന്നു. ആയുധധാരികളായ ഒരു വലിയ സൈന്യത്തെ അയാൾ അ
ലക്സാന്ത്രിയായിലേക്കയച്ചു. അവർ അവിടെ കാട്ടിക്കൂട്ടിയ അഴിമതികളും
ആക്രമങ്ങളും അവാച്യമാംവിധം ഭയങ്കരങ്ങളും അതിദാരുണങ്ങളും ആയി
രുന്നു. നിരപരാധികളായ അനേകായിരം കത്തോലിക്കരെ അവർ വ
ധിച്ചു. ദേവാലയങ്ങളേയും തിരുപ്പാത്രങ്ങളേയും അശുദ്ധപ്പെടുത്തി.
അത്തനേഷ്യസാകട്ടെ, എങ്ങിനെയോ അവരുടെ കരങ്ങളിൽനിന്നും ര
ക്ഷപ്പെട്ടു തിബെയിഡ് (Thebaid) മണലാരണ്യത്തിലെ സന്യാസികളു
ടെ ഇടയിൽ അഭയം പ്രാപിച്ചു. കപ്പഡോഷ്യാ ദേശീയനും വിദ്യാവിഹീ
നനുമായ ഒരു ജോർജ്ജ് തൽസ്ഥാനം സ്വയം കരസ്ഥമാക്കി. സാമ്രാജ്യ
ത്തിൻെറ മിക്കവാറും എല്ലാ ഭാഗങ്ങളിലും ഈ പീഡനം ശക്തിപ്പെട്ടു.
എങ്കിലും കോൺസ്റ്റാൻറിനോപ്പിളിലായിരുന്നു അതു് ഏററവും ഉഗ്രമാ
യി നടമാടിയതും വിജയമടഞ്ഞതും.

അവസാനം, തങ്ങളുടെ ആദ്ധ്യാത്മികഭരണമേധാവിയെ നാടുകട
ത്തിയതിൽ റോമാക്കാർ പ്രദർശിപ്പിച്ച ക്ഷോഭവും, ഒരു ആൻറിപോപ്പി
ൻെറ സ്ഥാനാരോഹണവും, കാരണത്താൽ, ലിബേരിയസ്സ് മാർപ്പാപ്പാ
യെ തിരിച്ചു വിളിക്കുവാൻ കോൺസ്റ്റാൻഷ്യസ്സ് നിർബന്ധിതനായി.
ലിബേരിയസ്സ്മാർപ്പാപ്പാ തൻെറ സ്വാതന്ത്ര്യസംപ്രാപ്തിക്കായി അത്തനേ
ഷ്യസിൻെറ ബഹിഷ്കരണത്തെ അനുകൂലിക്കുകയും, അവരുടെ സ്ഥാ
നാർത്ഥിയെ അംഗീകരിക്കുകയും ചെയ്തുവെന്നും മററും ആരിയൻജനത
നിർമ്മിച്ചതും, പിന്നീടു പല കള്ളപ്രമാണങ്ങളാലും പ്രബലപ്പെട്ടതുമായ
പ്രസ്താവനകളെല്ലാം അവാസ്തവങ്ങളെന്നു് ഇതിനകം തെളിഞ്ഞുകഴി
ഞ്ഞു. ഭുജബലത്താൽ സഭയെ ജയിക്കുക അസാദ്ധ്യമെന്നും കോൺ
സ്റ്റാൻഷ്യസ്സ് പഠിച്ചു. എങ്കിലും, സഭയെ സ്വഹിതാനുവർത്തിയാക്കു
വാനുള്ള അതിമോഹം അയാൾ ഉപേക്ഷിച്ചില്ല. ഇററലിയിലെ റിമിനി
(Remini) നഗരത്തിലും, പൗരസ്ത്യദേശത്തെ സെലൂഷ്യ പട്ടണത്തിലും,
ഓരോ കൗൺസിൽ അയാൾ സംഘടിപ്പിച്ചു. പക്ഷെ അവ പരിശു
ദ്ധ സിംഹാസനത്തിലെ അറിവൊ സമ്മതമൊ കൂടാതെ ആയിരുന്നതി
നാൽ സഭാപ്രതിനിധികൾ അതിൽ സംബന്ധിച്ചില്ല. ആരിയൻ ഭൂരി
പക്ഷമുണ്ടായിരുന്ന രണ്ടാമത്തെ കൗൺസിൽ ഒന്നും തീരുമാനിക്കാതെ

പിരിഞ്ഞു. എന്നാൽ ഒന്നാമത്തെ കൗൺസിൽ, രാജാധികാരത്താൽ നിയന്ത്രിക്കപ്പെടാതിരുന്ന എല്ലാ ഘട്ടങ്ങളിലും കത്തോലിക്കാ വിശ്വാസത്തെ അഭംഗുരമായി പാലിച്ചു. നിഖ്യാസൂനഹദോസിൽ നിർമ്മിച്ച വിശ്വാസപ്രമാണത്തിൽ നിന്നും അണുപോലും അവർ വ്യതിചലിച്ചില്ല അതിൽ നിന്നും ഏതെങ്കിലും ഭാഗം പ്രമാർജ്ജനം ചെയ്യുന്നതിനോ പുതുതായി എന്തെങ്കിലും അതോടു കൂട്ടിച്ചേർക്കുന്നതിനോ സാധിക്കാത്ത വിധം അത്ര പരിപൂർണ്ണമാണെന്നായിരുന്നു അവരുടെ അഭിമതം. ആരിയൂസ് പ്രഭൃതികളെ മഹറോൻ ചൊല്ലിയ ഭാഗത്തേയും അവർ മുക്തകണ്ഠം അനുകൂലിച്ചു. 328 മെത്രാന്മാർ ഈ തിരുമാനങ്ങൾക്ക് ഒപ്പ് വെച്ചിട്ടുണ്ട്. പ്രതികൂലികളായി നിന്ന ആരിയൻമെത്രാന്മാരെ അവർ സ്ഥാനഭ്രഷ്ടരാക്കുകയും ചെയ്തു. എന്നാൽ നിഖ്യാവിശ്വാസപ്രമാണത്തിലെ ഏക'സത്ത' യായിരിക്കുന്ന എന്ന പദം (Consubstantial) ഇല്ലാത്ത ഒരു വിശ്വാസപ്രമാണത്തിനു് ഒപ്പു വെയ്ക്കാതെ കൗൺസിൽ പിരിയുവാൻ ചക്രവർത്തി സമ്മതിച്ചില്ല അനേകദിവസങ്ങളിലെ സമ്മേളനങ്ങളാൽ ക്ലാന്തരും അസ്വസ്ഥരും ആയിരുന്ന ആ മെത്രാന്മാരിൽ ഭൂരിഭാഗവും, ചക്രവർത്തികളുടെ ഭീഷണികളെ ഭയന്നും, സഭയുടെ സമാധാനത്തെ കാംക്ഷിച്ചും, അതേ പദത്തിലെ അർത്ഥം മററു പദങ്ങളാൽ വരുത്താവുന്നതാണെന്നു വിശ്വസിച്ചും, ചെയ്യാൻ പോകുന്ന പ്രവൃത്തിയുടെ നാശഫലത്തേക്കുറിച്ചു് ചിന്തിക്കാതെയും, ചക്രവർത്തിയുടെ ആജ്ഞയ്ക്കു് വിധേയരായി ഒപ്പു വച്ചു. ആരിയൻജനത ആഹ്ലാദഭരിതരായി. അവരുടെ വിജയാഹ്വാനങ്ങൾ അന്തരീക്ഷത്തെ ഭേദിച്ചു. അപ്പോൾ മാത്രമേ മെത്രാന്മാർ അവക്കു പററിയ തെററു മനസ്സിലാക്കിയുള്ളു. അവർ നിർവ്യാജം പശ്ചാത്തപിച്ചു; അത്യുൽക്കടം കോപിച്ചു; സധീരം ആരിയൻവ്യാഖ്യാനത്തെ പ്രതിഷേധിച്ചു. നിഖ്യാവിശ്വാസപ്രമാണത്തോടുള്ള അഭംഗുരവിശ്വാസം പ്രത്യക്ഷപ്പെടുത്തി. എന്നാൽ എന്തു ഫലം?

പരിശുദ്ധ സിംഹാസനം ഈ വഞ്ചനയിൽ അകപ്പെട്ടില്ല. ലിബേരിയസുമാർപ്പാപ്പായും, വഞ്ചിതരായവരുൾപ്പടെ, സകല മെത്രാന്മാരും ഏകോപിച്ചു്, ഈ കൗൺസിൽ തീരുമാനങ്ങളെ പരസ്യമായി പ്രതിഷേധിച്ചു. അതിനാൽ തന്നെയാണു് റിമിനി കൗൺസിൽ കഴിഞ്ഞു് രണ്ടുകൊല്ലത്തിനു ശേഷം വി.അത്തനേഷ്യസു്, ജോവാൻ ചക്രവർത്തിക്കു് ഇപ്രകാരം എഴുതുന്നതു്. "ഞങ്ങൾ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന നിഖ്യായിലെ വിശ്വാസപ്രമാണം തന്നെയാണു് എക്കാലത്തേയും, ഏതു സ്ഥലത്തേയും വിശ്വാസപ്രമാണം. സ്പെയിനിലേയും ബ്രിട്ടനിലേയും, ഗോളിലേയും ഇററലിയിലേയും, ഡലമേഷ്യായിലേയും ഡേഷ്യായി

ലേയും, മിസ്യായിലേയും മാസിഡോണിയായിലേയും, ഗ്രീസിലേയും ആഫ്റിക്കായിലേയും, സർഡീനിയായിലേയും സൈപ്രസിലേയും, ക്രീററിലേയും ഈജിപ്തിലേയും, പാംഫിലിയായിലേയും ലിബിയായിലേയും, ലിഷ്യായിലേയും ഇസാവുറിയായിലേയും, പോൻറസിലേയും കപ്പഡോഷ്യായിലേയും, എന്നു വേണ്ട, വിസ്തൃതമായ ഈ ലോകത്തിൻെറ ഏതൊരു ഭാഗത്തേയും, സഭകൾ ഈ വിശ്വാസപ്രമാണത്തെത്തന്നെ അംഗീകരിക്കുന്നു. നിസ്സാരവും അഗണ്യവുമായ ഒരു ന്യൂനപക്ഷം മാത്രമേ ഇതിൽ നിന്നും വ്യതിരക്തരായി നിൽക്കുന്നുള്ളു.” അതെ അവിശ്വാസികളുടെ സംഖ്യ തുലോം പരിമിതമായിരുന്നു. എന്നാൽ അവരുടെ ഊർജ്ജസ്വലതയും, അമിതഭാഷണപാടവവും, സർവ്വോപരി രാജസഹായവും അവക്കു വലുതായ സ്വാധീനശക്തി സമ്പാദിച്ചുകൊടുത്തു. പക്ഷെ സഭാസന്താനങ്ങളിൽ സത്യവിശ്വാസം ദൃഢദൃഢമായിരുന്നു. ഒരു റിമിനികൗൺസിലിനോ അഥവാ കോൺസ്ററൻഷ്യസിൻെറ ഉഗ്രപീഡനങ്ങൾക്കോ അവരെ അതിൽ നിന്നും വ്യതിചലിപ്പിക്കുക സുസാദ്ധ്യം ആയിരുന്നില്ല.

ആപൽക്കരമായ ഈ ദശാസന്ധിയിൽ, കത്തോലിക്കവിശ്വാസത്തിൻെറ ഒരു ധീരസംരക്ഷകനെ ഗോളിലെ സഭയിൽ സംജാതമാക്കുവാൻ ദൈവം തിരുമനസ്സായി. പോയററിയേഴ്സിലെ മെത്രാനായ വിശുദ്ധ ഹിലാരിയോസായിരുന്നു ഈ ധീരോദാത്തൻ. പാശ്ചാത്യസഭയിലെ അത്തനേഷ്യസായി പ്രശോഭിച്ച വി. ഹിലാരിയോസ് ആരിയൻമതത്തിൻെറ അബദ്ധസിദ്ധാന്തങ്ങളെ ആകമാനം ഖണ്ഡിച്ച് തീഷ്ണതയോടും ഊർജ്ജസ്വലതയോടും പ്രസ്തുത പാഷണ്ഡതയെ എതിർത്തു. മാത്രമല്ല കോൺസ്ററാൻഷ്യസിൻെറ മതമർദ്ദനങ്ങളേയും സാറേറണിനസ് എന്ന ആരിയൻമെത്രാനും ചക്രവത്തിയുമായുള്ള ഗൂഢാലോചനകളേയും വി. ഹിലാരിയോസും ശക്തിയായും ധീരമായും പ്രതിഷേധിക്കുകയുണ്ടായി. ധീരനായ ഈ ധർമ്മഭടൻെറ ഏതാദൃശപ്രവൃത്തികൾ അംഗഭാവജന്യമായ ധാർഷ്ട്യമായി ചക്രവത്തി കരുതി. അതിനാൽ അദ്ദേഹത്തെ നാടുകടത്തുവാൻ കോൺസ്ററാൻഷ്യസ് ഉത്തരവിട്ടു. പക്ഷെ ദൈവഹിതം അപ്രകാരമല്ലാതെയിരുന്നതിനാൽ, ആ രാജശാസനം പ്രയോഗത്തിൽ വന്നില്ല. ഇതിനു ശേഷമായിരുന്നു ഉപരിപ്രസ്താവിതമായിരിക്കുന്ന സെലൂഷ്യൻ കൗൺസിൽ നിമന്ത്രണം ചെയ്തത്. നിഖ്യാസൂനഹദോസിൻെറ കാനോനകളെ റദ്ദു ചെയ്യണമെന്നായിരുന്നു ഉദ്ദേശ്യം. എന്നാൽ ആരിയൻ മതാനുയായികൾ തമ്മിൽ തന്നെ ഭിന്നിപ്പുണ്ടാവുകയാൽ വി. ഹിലാരിയോസിനെ പ്രസ്തുത കൗൺസിലിലേയ്ക്കു ക്ഷണിച്ചു. അദ്ദേഹമാകട്ടെ, നിഖ്യാവിശ്വാസത്തെ ശക്തിയായി പിൻതാങ്ങി. വി. ഹിലാരിയോസി

നോട്ട തക്കിച്ചു ജയിക്കുവാൻ പ്രാപ്തരായി ആരിയൻകക്ഷിയിൽ ആരും തന്നെ ഇല്ലാതിരുന്നതിനാൽ അവർ പരാജിതരായി അവിടെ നിന്നും പിരിഞ്ഞു. അനന്തരം വി. ഹിലാരിയോസ് കോൺസ്ററാൻറിനോപ്പിളിൽ ചെന്നു ചക്രവത്തിയെ സന്ദർശിച്ചു് രാജസന്നധിയിൽ വച്ചു തന്നെ പാഷണ്ഡികളുമായി വാദം നടത്തുവാൻ സന്നദ്ധനാണെന്നറിയിച്ചു. ആ അവസരത്തിൽ ആരിയൻപാഷണ്ഡതയേക്കുറിച്ചു് ആ വേദശാസ്ത്രപണ്ഡിതൻ ചക്രവത്തിയോട്ട ചെയ്ത പ്രസ്താവനകളിൽ ഏതാനും ഭാഗം ഇവിടെ ഉദ്ധരിക്കാം. "നിഖ്യാസൂനഹദോസിനു ശേഷം ഇതുവരെ, അവിട്ടത്തെ വിശ്വസ്തരെന്നഭിമാനിക്കുന്ന ആരിയൻ ജനത, നവംനവങ്ങളായ വിശ്വാസപ്രമാണങ്ങ‍ൾ വിരചിച്ചു് അസ്ഥിരരായി ജീവിക്കുന്നതല്ലാതെ കാൎയ്യമായി ഒന്നും തന്നെ പ്രവത്തിച്ചിട്ടില്ല. വി. ഗ്രന്ഥത്തേക്കാൾ അവരുടെ വിശ്വാസസത്യങ്ങൾക്കാധാരം, അവരുടെ സ്വന്തം ഊഹാപോഹങ്ങളാണ്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വ്യത്യസ്തങ്ങളായ നാലു വിശ്വാസപ്രമാണങ്ങൾ അവർ നിമ്മിച്ചു്അതനുസരിച്ചു. വ്യക്തിപരമായ അഭിപ്രായങ്ങളെ ആധാരമാക്കി വിശ്വാസവും, അതാതവസരങ്ങളിലെ ചിന്താഗതിയനുസരിച്ചു് മതസിദ്ധാന്തങ്ങളും രൂപവൽക്കരിക്കുന്നവർ ഇപ്രകാരമല്ലാതെ പ്രവത്തിക്കുമെന്നു വിചാരിപ്പാനും ന്യായമില്ലല്ലോ. നവമായ ഒരു വിശ്വാസസത്യം അംഗീകരിക്കുമ്പോൾ, അപ്പോൾ ഉപേക്ഷിക്കുന്നതിനെ അവർ ശപിക്കുന്നു. വി ലിഖിതങ്ങളെയും അപ്പസ്തോലിക വിശ്വാസത്തേയും അവർ ധാരാളം പ്രസംഗിക്കുന്നുണ്ടു്. എന്നാൽ അതു് സഭാപ്രബോധനങ്ങളെ അവഹേളിക്കുന്നതിനും, അജ്ഞരെ വഞ്ചിക്കുന്നതിനുമേ പ്രയോജകീഭവിക്കുന്നുള്ളു."

ഈ അഭിപ്രായം ഹിലാരിയോസിൻെറ കാലശേഷമുണ്ടായിട്ടുള്ള എല്ലാ ഇടത്തൂടുകളേയും ശീശ്മകളേയും കുറിച്ചും ന്യായമായി പ്രസ്താവിക്കാവുന്നതാണ്. വി. ഹിലാരിയോസിൻെറ അസാമാന്യമായ വാദപ്രതിവാദസാമത്ഥ്യവും, ഉജ്ജ്വലമായ മതതീക്ഷ്ണതയും ആരിയൻ ജനതയിൽ, ഉൽക്കടമായ ഉൽക്കണ്ഠയും ഭയവും ഉളവാക്കി. അതിനാൽ അപ്രതിരോദ്ധ്യനായ ശത്രുവിനെ അവിടെനിന്നും തിരിച്ചയക്കണമെന്നു് അവർ ചക്രവത്തിയോട്ട നിർബന്ധപൂവ്വം അപേക്ഷിച്ചു. ചക്രവത്തി ആ അപേക്ഷയെ നിരസിച്ചതും ഇല്ല. ആ വിശുദ്ധൻ സ്വന്തം രൂപതയിലേക്കു മടങ്ങി. മാൎഗ്ഗമദ്ധ്യേ ഇലീരിയാ ഇററലി ആദിയായ അനേകം ദേശങ്ങളിൽ കത്തോലിക്കാമതത്തേക്കുറിച്ചു പ്രസംഗിക്കുകയും, പലരിലും മതവിശ്വാസം പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഗോളിൽ ചെന്നയുടനെ അദ്ദേഹം സാറേറണിനസ് എന്ന ആരിയൻ മെത്രാനെ മഹറോൻ ചൊ

ല്ലി. വി. ഹിലാരിയോസിൻെറ പ്രത്യാഗമനം ഗോളിലെ കത്തോലിക്കരിൽ ഒരു നവജീവൻ ഉദിപ്പിച്ചു. കത്തോലിക്കാ വിശ്വാസത്തിൻെറ പൂൎണ്ണവും പുരാതനവുമായ പരിശുദ്ധി കൈവരുത്തി. നടപടിക്രമങ്ങൾ അഭംഗുരമായി പാലിച്ചു. പ്രലോഭനകരങ്ങളായ എല്ലാ പ്രവൎത്തികളേയും, മുടക്കി. ഇവയുടെയെല്ലാം ഫലമായി കലഹകലാപങ്ങൾ നിൎമ്മൂലമായി. സമാധാനം എവിടേയും കളിയാടി. വിശേഷിച്ചു 361_ൽ ഉണ്ടായ കോൺസ്ററാൻഷ്യസിൻെറ നിൎയ്യാണം ഈ സമാധാനത്തെ ഉപരി ദൃഢവുമാക്കി. കോൺസ്ററാൻഷ്യസിൻെറ തിരോധാനം ആരിയൻമതത്തിൻെറയും തിരോധാനമായിത്തീൎന്നു.

വി. ഹിലാരിയുടെ ശിഷ്യഗണത്തിൽ നാനാപ്രകാരേണയും പ്രമുഖൻ ടൂർസിലെ വി. മാർട്ടിനായിരുന്നു. മാർട്ടിൻ ഒരു യോദ്ധാവായിട്ടാണു ജീവിതരംഗത്തിൽ പ്രവേശിച്ചതു്. എന്നാൽ അന്നും അദ്ദേഹം സന്മാൎഗ്ഗവിഷയത്തിൽ അത്യന്തം നിഷ്കർഷ പ്രദൎശിപ്പിച്ചു. സാധുക്കളോടും പീഡിതരോടുമുള്ള മാർട്ടിൻെറ കരുണയും വാത്സല്യവും പ്രസിദ്ധമാണു്. ഒരിക്കൽ കഠിനമായ ഒരു മഞ്ഞുകാലത്തു ആമീൻ ഗെയിററുങ്കൽ സാധുവായ ഒരു മനുഷ്യൻ മുക്കാലും നഗ്നനായി, ശൈത്യബാധയാൽ മരവിച്ചു കിടക്കുന്നതു മാർട്ടിൻ കാണുന്നതിനിടയായി. മാർട്ടിൻെറ കരൾ അലിഞ്ഞു; കണ്ണുകൾ നിറഞ്ഞു. എന്നാൽ യുദ്ധത്തിനു പോകുമ്പോൾ ഉപയോഗിക്കുന്ന ഒരു ആവരണ അങ്കി അല്ലാതെ അദ്ദേഹത്തിൻെറ കൈവശം ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അല്പനേരം ചിന്തിച്ചശേഷം ഖഡ്ഗം എടുത്തു ആ വസ്ത്രത്തിൻെറ ഒരു ഭാഗം മുറിച്ചു ആ ഭിക്ഷുവിനു് നൾകി.

അന്നു രാത്രിയിൽ മാർട്ടിനൊരു ദിവ്യദൎശനമുണ്ടായി. മാർട്ടിൻെറ വസ്ത്രാൎദ്ധത്താൽ ആച്ഛാദിതനായ ദിവ്യരക്ഷകനേയും, മാലാഖഗണത്തേയുമാണു് മാർട്ടിൻ കണ്ടതു്. ദിവ്യരക്ഷകൻ വാനഗണത്തോടിപ്രകാരം പറയുന്നതായും മാർട്ടിൻ കേട്ടു. "ഇനിയും, ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലാത്തവനായ മാർട്ടിൻ ഈ വസ്ത്രത്താൽ എന്നെ അലങ്കരിച്ചു" മാർട്ടിനു് അതിയായ കൃതാൎത്ഥതയും ആനന്ദവും ഉണ്ടായി. താമസംവിനാ അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു് ഒരു കത്തോലിക്കനാവുകയും ചെയ്തു. അനന്തരം ഭക്തിപരമായ ജീവിതത്തിനു സൈനികവൃത്തി അനുകൂലമല്ലെന്നു കണ്ടു, അതുപേക്ഷിച്ചു്, പുണ്യപൂൎണ്ണതയ്ക്കു് അന്നു പ്രസിദ്ധനായിരുന്ന വി. ഹിലാരിയോസിനെ അനുഗമിച്ചു. എന്നാൽ, അധികനാൾ അദ്ദേഹം അവിടെ താമസിച്ചില്ല. വൈദികനായി

കഴിഞ്ഞു് അധികം താമസിയാതെ അദ്ദേഹം പോയററിയേർസിൽ ഒരു ആശ്രമം സ്ഥാപിച്ചു് ഏതാനും ശിഷ്യരോടുകൂടി അവിടെ വാസമുറപ്പിച്ചു. അവിടെനിന്നും അദ്ദേഹം ഓരോ അവസരങ്ങളിൽ, വിഗ്രഹാരാധന ഉപേക്ഷിച്ചിട്ടില്ലാത്ത ഗ്രാമവാസികളുടെ ഇടയിൽ ചെന്നു സുവിശേഷം പ്രസംഗിക്കുകയും, ദൈവാനുഗ്രഹത്താൽ അനേകം അത്ഭുതം പ്രവൎത്തിക്കുകയും ചെയ്തുവന്നു. വിനാവിളംബം മാർട്ടിന്റെ കീൎത്തി ഗാളം-മുഴുവനിലും പരന്നു. ടൂർസുകാർ, അദ്ദേഹത്തെ തങ്ങളുടെ മെത്രാനായി കിട്ടണമെന്നാവശ്യപ്പെട്ടു. പരിശുദ്ധ സിംഹാസനം ഈ അപേക്ഷയെ സ്വീകരിച്ചു് വന്ദ്യനായ മാർട്ടിൻ ഒരു മെത്രാനായി ഉയൎത്തപ്പെട്ടു. എന്നാൽ ഈ സ്ഥാനാരോഹണം അദ്ദേഹത്തിന്റെ ലഘുവായ ജീവിതരീതിയിൽ യാതൊരു വ്യത്യാസവും വരുത്തിയില്ല. ടൂറെയിനിന്റെ എല്ലാ ഭാഗങ്ങളിലും അദ്ദേഹം സുവിശേഷം പ്രസംഗിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളും, അത്ഭുതങ്ങളും അനേകരെ സത്യമതാവലംബികളാക്കി. കത്തോലിക്കാസഭ, വിശേഷിച്ചും ഫ്റാൻസിലെ സഭ ഇന്നും ഇദ്ദേഹത്തിന്റെ നാമത്തെ സബഹുമാനം സ്മരിക്കുന്നു.

## ൬. സന്യാസജീവിതം.

കോൺസ്റ്ററൻറയിന്റെ മഹിതമാതൃകയെ അനുസരിച്ചു കത്തോലിക്കാമതപ്രവേശനം ചെയ്തവരെല്ലാം, പരിപാവനമായ വികാരങ്ങളാൽ പ്രേരിതരായിട്ടായിരുന്നു അപ്രകാരം ചെയ്തതെന്നു വിചാരിക്കേണ്ടതില്ല. പ്രഭുക്കന്മാരും, കുബേരന്മാരുമായ പലരും ഭൗമികങ്ങളായ ഓരോ കാൎയ്യസാദ്ധ്യങ്ങൾക്കുവേണ്ടി നാമമാത്രമായി കത്തോലിക്കരായതായിരുന്നു. അവർ അവരുടെ ദുൎവ്യാപാരങ്ങളെ ഉപേക്ഷിക്കുകയാവട്ടെ, ദുൎവ്വികാരങ്ങളെ നിയന്ത്രിക്കുകയാവട്ടെ ചെയ്തില്ല. യഥാൎത്ഥോദ്ദേശത്തോടുകൂടി കത്തോലിക്കരായവരിൽ ചിലർപോലും, അമിതസുഖേച്ഛയ്ക്കും, ലോകവ്യാമോഹങ്ങൾക്കും വശംവദരായി ഭക്തിശൂന്യരായിത്തീൎന്നു. ഈ നിലയിൽ തന്റെ വിശ്വസ്തദാസന്മാൎക്കു് ഒരഭയകേന്ദ്രമായും, പൗരാണികസഭയുടെ വിശുദ്ധിയെ പരിപാലിക്കുന്നതിനുള്ള ഒരു നിലയനമായും സന്യാസജീവിതത്തെ സംസ്ഥാപിക്കുവാൻ കരുണാകരനായ ദൈവം തിരുമനസ്സായി. സഭയുടെ ആരംഭം മുതൽ അനേകർ ലോകവ്യാപാരങ്ങളേയും വ്യാമോഹങ്ങളേയും പരിത്യജിച്ചു്, പ്രാൎത്ഥനയിലും, ധ്യാനനിഷ്ഠയിലും പരായണരായി മണലാരണ്യങ്ങളിലും ശൈലാവനങ്ങളിലും സന്യാസികൾ എന്ന നാമത്തിൽ പ്രവാസജീവിതമനുഷ്ഠിച്ചിരുന്നു. എന്നാൽ ഇപ്പോഴാ

കട്ടെ, സന്യാസസഭകൾതന്നെ രൂപവൽകൃതങ്ങളായി. ഈജിപ്റ്റ് ദേശീയനായ വി. അന്തോനീസായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ജനയിതാവ്. ഇദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ കുലീനരും ദൈവഭക്തരുമായിരുന്നു. നിർഭാഗ്യവശാൽ അന്തോനിയുടെ ബാല്യത്തിൽതന്നെ അവർ മരിച്ചുപോയിയെങ്കിലും അതുപൎയ്യന്തമുള്ള അവരുടെ നിയന്ത്രണവും ശിക്ഷണവും, ആ ബാലനിൽ ദൈവഭക്തിയുടെ ബീജങ്ങളെ ആവാപനം ചെയ്തുകഴിഞ്ഞിരുന്നു. ഒരിക്കൽ ദേവാലയത്തിൽവച്ച് "നീ പരിപൂൎണ്ണനാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിന്റെ സൎവ്വവും വിററ് ആ ധനം സാധുക്കൾക്കു ദാനംചെയ്ക. അപ്പോൾ സ്വൎഗ്ഗത്തിൽ നീ അമൂല്യമായ ധനം കണ്ടെത്തും" എന്നുള്ള നമ്മുടെ കൎത്താവിന്റെ വചനം പ്രസംഗമദ്ധ്യേ കേട്ടതാണ് ഈ പ്രസ്ഥാനത്തിനദ്ദേഹത്തെ പ്രേരിപ്പിച്ച പ്രഥമപ്രചോദനം. ഈ വാക്യത്തെക്കുറിച്ച് അദ്ദേഹം അവഗാഢം ആലോചിച്ചു. തൃപ്തനായില്ല. വീണ്ടും വീണ്ടും ചിന്തിച്ചു. ഒടുവിൽ ആ വാക്യത്തെ പരിപൂൎണ്ണമായി അനുകരിക്കുവാൻതന്നെ തീൎച്ചയാക്കി. അദ്ദേഹത്തിന്റെ സ്വത്തുക്കൾ എല്ലാം വിററ്, ആ വാക്യത്തിൽ പ്രസ്താവിച്ചതുപോലെ, കിട്ടിയ ധനം മുഴുവൻ സാധുക്കൾക്കു വിതരണം ചെയ്തു. അനന്തരം വിജനമായ ഒരു സ്ഥലത്ത് ഈശ്വരധ്യാനനിരതനായും, ശരീരത്തിന്റെ അഭിലാഷങ്ങളെ അമൎത്തുന്നതിനും ജയിക്കുന്നതിനും, അതിനെ ശക്തിയായി പീഡിപ്പിച്ചും, തന്റെ നിത്യാവശ്യത്തിനും സാധുക്കളുടെ സംരക്ഷണത്തിനും യഥാശക്തി വേലചെയ്തും ഏകാന്തമായി ജീവിതം നയിച്ചു. പ്രമുഖന്മാരായ ഏതെങ്കിലും ഭക്താത്മാക്കളെക്കുറിച്ച് കേട്ടാലുടൻ, അവരെ ചെന്നു കാണുകയെന്നുള്ളതു അദ്ദേഹത്തിന്റെ ഒരു പതിവായിരുന്നു. ആദ്ധ്യാത്മികജീവിതത്തിനു മാൎഗ്ഗദൎശകമായി എന്തെങ്കിലും അവരിൽനിന്നും ലഭിക്കുമെന്നുള്ള ആശയായിരുന്നു ഇതിനദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നതു്. ഏതാനും നാൾ ഇങ്ങനെ കഴിഞ്ഞപ്പോഴേക്കു് അദ്ദേഹം സകല സുകൃതങ്ങളുടേയും ഒരു വിളനിലമായി ഭവിച്ചു. ആത്മാക്കളുടെ വൈരിയായ പിശാച് അവന്റെ സകല ശക്തികളും പ്രയോഗിച്ചു അദ്ദേഹത്തെ പ്രലോഭിപ്പിക്കാമോ എന്നു നോക്കി. പക്ഷെ അതെല്ലാം വിഫലമായതേ ഉള്ളു. പ്രാൎത്ഥനയും ഉപവാസവും ശാരീരികപീഡനങ്ങളുമാണ് പൈശാചികപ്രലോഭനങ്ങളെ ജയിക്കുവാൻ ആ ഏകാന്തവാസി വിനിയോഗിച്ച ഉപാധികൾ. ഒരു പരമ്പായിരുന്നു അദ്ദേഹത്തിന്റെ കിടക്ക. എന്നാൽ പലപ്പോഴും അതുപോലും ഉപേക്ഷിച്ച് വെറും തറയിൽ അദ്ദേഹം ശയിച്ചിട്ടുണ്ട്. ദിവസത്തിൽ ഒരു പ്രാവശ്യം മാത്രമേ അദ്ദേഹം ഭക്ഷിച്ചിരുന്നുള്ളു. അതും കേവലം റൊട്ടിയും ഉപ്പുമായിരുന്നു. പ

ച്ചുവെള്ളം അദ്ദേഹത്തിന്റെ പാനീയവും, രോമനിർമ്മിതമായ ഒരു ഷർട്ടും ആട്ടിൻതുകൽ കൊണ്ടുള്ള ഒരങ്കിയും അദ്ദേഹത്തിന്റെ വസ്ത്രവുമായി കാലാന്തരത്തിൽ താമസിച്ചുവന്ന സ്ഥലം ജനനിബിഡമായിത്തീരുകയാൽ, അദ്ദേഹം ആ സ്ഥലം ഉപേക്ഷിച്ച് ഉൾപ്രദേശങ്ങളിലേയ്ക്കു കടന്നു. അത്ഭുതപ്രവർത്തനത്തിനുള്ള ശക്തിയും ഏതാനും ശിഷ്യസഞ്ചയവും ഇതിനകം അദ്ദേഹത്തിന്റെ ലഭിക്കുകയും ചെയ്തു. പുതിയപുതിയ ആശ്രമാർത്ഥികളുടെ സംഖ്യയും അനുദിനം വർദ്ധിച്ചുതന്നെ വന്നു. ഏതാനും പുതിയ ആശ്രമങ്ങളും പണിതു വി. അന്തോനീസുതന്നെ, അവരെ ആദ്ധ്യാത്മികകാര്യങ്ങൾ പ്രബോധിപ്പിച്ചു. അവർ അനുഷ്ഠിക്കുവാനുള്ള നിയമാവലി നിർമ്മിച്ചതും അദ്ദേഹംതന്നെയായിരുന്നു. അദ്ദേഹം അവരോടുപദേശിച്ചു. "നിത്യതത്വത്തെക്കുറിച്ചു ചിന്തിക്കാത്ത ഒരു വിനാഴികപോലും നിങ്ങൾക്കുണ്ടാകരുത്. ഓരോ പ്രഭാതത്തിലും, പ്രദോഷംവരെ നിങ്ങൾ ജീവിച്ചിരിക്കുകയില്ലെന്നു കരുതണം. അടുത്ത പ്രഭാതം എനിക്കുണ്ടാവുകയില്ലെന്നായിരിക്കണം സായംകാലത്തിലെ ചിന്ത. ഓരോ പ്രവൃത്തി ചെയ്യുമ്പോഴും അതു് നിങ്ങളുടെ ജീവിതത്തിലെ അവസാന പ്രവൃത്തിയാണെന്നുതന്നെ വിചാരിക്കണം. സദാ ജാഗ്രതയോടെയിരുന്നില്ലെങ്കിൽ പ്രലോഭനങ്ങൾ പ്രബലപ്പെടും. പിശാചിന്റെ ആക്രമണങ്ങളെ, പുരുഷോചിതമായ ധൈര്യത്തോടെ എതിർക്കണം. അവനെ പരാജയപ്പെടുത്തുവാനുള്ള ഉപാധികളെ നാം ഉപയോഗിക്കുന്നുവെങ്കിൽ അവൻ താനെ അശക്തനായി ഭവിക്കും. ഉപവാസം, പ്രാർത്ഥന, വിനയം, സൽക്കർമ്മങ്ങൾ ആദിയായവ അവൻ ഭയപ്പെടുന്നു. എന്നാൽ കുരിശിന്റെ അടയാളത്തിനു് അവന്റെമേലുള്ള ശക്തി സീമാതീതമാണു്. അതെ, അവന്റെ ശക്തിയെ തകർത്ത ആ ദിവ്യായുധത്തിന്റെ ദർശനത്തിൽ അവൻ വിറച്ചുകൊണ്ടു് ഓടുകതന്നെ ചെയ്യും" ഇതുപോലെയുള്ള ഉപദേശങ്ങളാൽ പ്രകാശിതരും പ്രബുദ്ധരുമായി ആ ശിഷ്യസഞ്ചയം വിശുദ്ധ അത്തനേഷ്യസിൽപോലും അത്ഭുതം ജനിപ്പിച്ചു അദ്ദേഹം പറയുന്നു "അവരുടെ ആശ്രമം യഥാർത്ഥത്തിൽ ഒരു ദേവാലയം തന്നെയാണു്. അവിടെ അവർ സങ്കീർത്തനങ്ങൾ പാടുന്നു; സൽഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നു; ഉപവാസമനുഷ്ഠിക്കുന്നു; പ്രാർത്ഥനകൾ നടത്തുന്നു. മോക്ഷപ്രാപ്തിയാണു് ജീവിതത്തിൽ അവരുടെ പരമോദ്ദേശ്യം. പരസ്നേഹമാണു് അവരുടെ ആദർശം. സ്വാർത്ഥത്തിനെന്നതിനേക്കാൾ പരാർത്ഥത്തിനായിട്ടാണവരുടെ പ്രയത്നം. ചുരുക്കത്തിൽ, പുറമേ കാണുന്ന ലോകത്തിൽനിന്നും തുലോം ഭിന്നമായ ഒരു ലോകമാണതു്. ജീവിതശുദ്ധിയുടെ അഭിവൃദ്ധിയ്ക്കുവേണ്ടി ഓരോ വിനാഴികയും അവർ വിനിയോഗിക്കുന്നു.

ഈജിപ്തിൽ വി. അന്തോനി ചെയ്ത പ്രവൃത്തികൾ, തന്റെ ശിഷ്യപ്രമുഖനായ വി. ഹിലാരിയോസ് സിറിയായിലും പലസ്തീനായിലും നടത്തി. ഒരജ്ഞാനിയായി ലോകരംഗത്തിൽ പ്രവേശിച്ച വി. ഹിലാരിയോസ് ഉന്നതവിദ്യാഭ്യാസാർത്ഥം അലക്സാന്ത്രിയായിലേക്കു പോവുകയും, അവിടെ വിശുദ്ധ അന്തോനീസിന്റെ ജീവിതവിശുദ്ധിയാൽ ആകൃഷ്ടനായി, അദ്ദേഹത്തിന്റെ ഉപദേശാനുസരണം ജ്ഞാനസ്നാനം സ്വീകരിച്ചു ശിഷ്യനായി ചേരുകയും ചെയ്തു. അദ്ദേഹം വളരെനാൾ വി. അന്തോനീസിന്റെ ആശ്രമത്തിൽ താമസിച്ചശേഷം ഏതാനും സന്യാസികളോടുകൂടെ സ്വദേശത്തേക്കു മടങ്ങി. വി. ഹിലാരിയോസിന്റെ മാതാപിതാക്കന്മാർ അപ്പോഴേക്കും മൃതരായിരുന്നു അതിനാൽ പിതൃസ്വമായി തനിക്കു ലഭിച്ച സ്വത്തു മുഴുവൻ സാധുക്കൾക്കു ദാനംചെയ്തു അനന്തരം സഹകാരികളായ സന്യാസികളോടുകൂടെ ഗാസാ എന്ന സ്ഥലത്തു് ഒരാശ്രമം സ്ഥാപിച്ചു് അവിടെ താമസമുറപ്പിച്ചു. സമുദ്രതീരത്തുനിന്നും അധികം വിദൂരമല്ലാതിരുന്ന ഈ സ്ഥലം തസ്കരസംഘത്തിന്റെ ആവാസസ്ഥാനമായിരുന്നു. ഒരിക്കൽ വി. ഹിലാരിയോസും കൂട്ടരും, അവരുടെ ആക്രമണത്തിനു വിധേയരായി. വി. ഹിലാരിയോസിന്റെ അപ്പോഴത്തെ അലക്ഷ്യവും ഗൌരവവുമായ ഭാവം, ആ തസ്കരസംഘത്തെപ്പോലും അത്ഭുതപരതന്ത്രരാക്കി., പ്രമാണി അദ്ദേഹത്തോടു ചോദിച്ചു.

“അപ്പോൾ നിങ്ങൾക്കു ഞങ്ങളെ ഭയമില്ല, ഇല്ലേ?

വി. ഹി:—കേവലം നിഷ്കനനായ ഞാൻ എന്തിനു നിങ്ങളെ ഭയപ്പെടുന്നു?

ത:—നിന്നെ നിഗ്രഹിക്കുവാനും ഞങ്ങൾക്കു ശക്തിയുണ്ടെന്നു മനസ്സിലാക്കണം?

വി. ഹി:—ജീവിതത്തിൽ ആശയില്ലാത്തവനു് അതിൽ കൊതിയും കാണുകയില്ല.

പരമാർത്ഥവും ഇതൊക്കെത്തന്നെയായിരുന്നു. അദ്ദേഹത്തിനു വി. അന്തോനീസിൽനിന്നും ലഭിച്ചിരുന്ന ഒരു രോമഷർട്ടും, ഒരു സഞ്ചിയുമല്ലാതെ ലോകത്തിൽ യാതൊരു സമ്പാദ്യവുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ആശ്രമംപോലും തുലോം ചെറുതായിരുന്നു. ആറു് ഔൺസ് റൊട്ടിയും ഏതാനും സസ്യങ്ങളും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഭക്ഷണം. വി. ഹിലാരിയോസ് നിലമുഴുതു് കൃഷിചെയ്കയും കുട്ടകൾ നിർമ്മിക്കുകയും ചെയ്തു. വേദപുസ്തകം മുഴുവനും ഹൃദിസ്ഥമായിരുന്നതിനാൽ വേലസമയത്തും അദ്ദേഹം അതിനേക്കുറിച്ചു് അവഗാഢം ചിന്തി

ച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ അത്ഭുതപ്രവൃത്തികളും ആകർഷണീയമായ സ്വഭാവവിശേഷവും അനേകരെ ആ ആശ്രമത്തിലേക്കാനയിച്ചു. പലസ്തീനായിൽ പലയിടത്തും പുതിയപുതിയ ആശ്രമങ്ങൾ സ്ഥാപിതങ്ങളായി. വി. ഹിലാരിയോസ് പോകുന്ന വഴിക്കെല്ലാം രോഗികളും ഭൂതഗ്രസ്തരുമായ അനേകംപേർ അദ്ദേഹത്തിൻെറ അടുക്കലേയ്ക്കാനയിക്കപ്പെട്ടു.

ഇത്ര ഭക്തനും ഉത്തമനുമായി ജീവിച്ച ആ പുണ്യവാനുപോലും, മരണസമയത്തു ദൈവവിധിയെക്കുറിച്ചു അസാമാന്യമായ ഭയമുണ്ടായി. നഷ്ടശരണനാകാതിരുപ്പാൻ അദ്ദേഹം സ്വന്ത ആത്മാവിനോട് ഇപ്രകാരം പറഞ്ഞുവത്രേ. "എൻെറ ആത്മാവേ നീ ചഞ്ചലപ്പെടേണ്ടാ. ധൈര്യമായി പറന്നുപോവുക. എഴുപതു വത്സരം മുഴുവൻ നിൻെറ സ്രഷ്ടാവിനെ വിശ്വസ്തതയോടെ സേവിച്ച നീ എന്തിനു് അദ്ദേഹത്തിൻെറ സവിധത്തിലേക്കണയുവാൻ ഭയപ്പെടുന്നു?"

## മതത്യാഗിയായ ജൂലിയൻ മുതൽ മഹാനായ തീയഡോഷ്യസ് ചക്രവർത്തി വരെ.

അനന്തരകാലങ്ങളിൽ മതത്യാഗിയെന്ന അഭിധാനത്തിൽ അറിയപ്പെടുന്നവനും, കോൺസ്ററാൻഷ്യസിൻെറ പിതൃവ്യപുത്രനുമായ ജൂലിയൻ കോൺസ്ററാൻഷ്യസിൻെറ പിൻഗാമിയായി361-ൽ റോമ്മാസിംഹാസനത്തിൽ ആരൂഢനായി. ആരിയൻ പണ്ഡിതന്മാരുടെയും അജ്ഞാനികളായ ശാസ്ത്രജ്ഞന്മാരുടെയും മേൽനോട്ടത്തിലായിരുന്നു ഇദ്ദേഹത്തിൻെറ വിദ്യാഭ്യാസം. ഒരുകാലത്തു ജൂലിയൻെറ സഹപാഠിയായിരുന്ന വി. ഗ്രിഗോറിയോസ്, വേറൊരു സഹപാഠിയായ വി. ബസ്സേലിയോസിനോടിപ്രകാരം പറഞ്ഞുവത്രേ "എന്തൊരു ഉഗ്രസൃഷ്ടിയെയാണു് റോമൻ സാമ്രാജ്യവനിത അതിൻെറ അങ്കതലത്തിൽ വച്ചു പരിലാളിച്ചുവരുന്നതു്"ജൂലിയൻെറ അനന്തരകാലജീവിതത്തെ നിരീക്ഷിക്കുമ്പോൾ ഈ പ്രവചനം എത്രയും അന്വർത്ഥമായിരുന്നുവെന്നു ആരും സമ്മതിക്കുകയും ചെയ്യും. കോൺസ്ററൻഷ്യസ് ഒരിക്കൽ അലമാനികളെ നിരോധിക്കുവാൻ ഇദ്ദേഹത്തെ നിയോഗിച്ചു. അനന്യസാധാരണമായ സമരചാതുരതയോടും ഭരണനിപുണതയോടും ജൂലിയൻ ഈ കൃത്യം നിർവ്വഹിച്ചുവെങ്കിലും, കോൺസ്ററാൻഷ്യസ് ഇദ്ദേഹത്തെ തിരിച്ചു വിളിക്കുകയാണുണ്ടായതു്. ഇക്കാരണത്താൽ കോപാവേശിതനായ ജൂലിയൻ ആധുനികപാരീസാ

യ ലുട്ടേഷ്യായിൽവച്ചു സ്വയം ചക്രവൎത്തിയായി പ്രഖ്യാപനംചെയ്തു മാത്രമല്ല, കോൺസ്റ്റാൻഷ്യസിനോടെതിരിടുവാൻ വലുതായ ഒരു സൈന്യവുമായി കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു യാത്രചെയ്കയും ചെയ്തു. വഴിമദ്ധ്യേ ഇല്ലീരിയായിലെ സൎമിയം (Sirmium) എന്ന സ്ഥലത്തു വച്ചു അയാൾ ക്രിസ്തുമതം പരിത്യജിച്ചു് അജ്ഞാനിവിശ്വാസത്തെ ആശ്ലേഷിച്ചു. പൂട്ടപ്പെട്ടിരുന്ന എല്ലാ ക്ഷേത്രങ്ങളേയും അദ്ദേഹം തുറന്നു. ജ്ഞാനസ്നാനസ്വീകരണത്താൽ തന്നെ ബാധിച്ച അശുദ്ധതകളെ പരിഹരിക്കുകയെന്നതാണിതിൻെറ ഉദ്ദേശ്യം എന്നത്രേ ആ ദുഷ്ടൻ ഇതിനെ സംബന്ധിച്ചു പ്രസ്താവിച്ചതു്. അയാളുടെ ഭാഗ്യപരിപാകത്താൽ അയാൾ കോൺസ്റ്റാൻറിനോപ്പിളിൽ വന്നപ്പോഴേക്കും കോൺസ്റ്റാൻഷ്യസ് കാലഗതിയടഞ്ഞിരുന്നു. അതിനാൽ യാതൊരു പ്രതിബന്ധവും കൂടാതെ ജൂലിയൻ ചക്രവൎത്തിയായിത്തീൎന്നു.

ജൂലിയൻ എല്ലാവൎക്കും മതസ്വാതന്ത്ര്യം നൽകി. കോൺസ്റ്റാൻഷ്യസിൻെറ പീഡനകാലത്തു് നാടുകടത്തപ്പെട്ട എല്ലാവരേയും അയാൾ തിരിച്ചുവിളിച്ചു. പ്രജാവലിയുടെ സ്നേഹാദരങ്ങളെ സമാൎജ്ജിക്കുകയെന്നതിനേക്കാൾ കോൺസ്റ്റാൻഷ്യസിൻെറ ഭരണവൈകല്യങ്ങളെ പ്രസിദ്ധീകരിച്ചു കാണിക്കുകയെന്നതായിരുന്നു ഇതിൽ അയാളുടെ ഉദ്ദേശ്യം. ഏതായാലും വി. അത്തനേഷ്യസിനു സ്വന്തം രൂപതയിലേയ്ക്കു തിരിച്ചു വരുവാനുള്ള ഭാഗ്യം ഇതുമൂലം സിദ്ധിച്ചു. വി. അത്തനേഷ്യസിൻെറ പുനരാഗമനവൃത്താന്തം, അലക്സാന്ത്രിയായിലെ കത്തോലിക്കരെ ആനന്ദഭരിതരാക്കി. തങ്ങളുടെ സ്നേഹാദരനിധിയായ ആ പുണ്യശ്ലോകനെ അഭിവാദ്യം ചെയ്വാൻ അവർ ഒരു ദിവസത്തെ വഴി മുമ്പോട്ടു ചെന്നു. അനേകായിരംപേർ പുണ്യപരിമളം വീശുന്ന ആ മുഖകമലം ഒരു നോക്കു കാണുവാൻ വഴിയരികിലുള്ള വൃക്ഷശാഖയിലും പുരപ്പുറങ്ങളിലും കയറി ഇരുന്നു. എന്നാൽ നിൎഭാഗ്യമെ ജനാവലിയുടെ വിജയഘോഷണങ്ങളോ അത്തനേഷ്യസിൻെറ ആനന്ദമോ അധികനാളത്തേയ്ക്കു നിലനിന്നില്ല. വിഗ്രഹാരാധന പുനരുജ്ജീവിപ്പിക്കുവാൻ തന്നെ ജൂലിയൻ തീൎച്ചയാക്കി. വിശുദ്ധ അത്തനേഷ്യസിനേയും ബഹിഷ്കരിച്ചു. ക്രിസ്തുമതവിദ്ധ്വംസനത്തിനു ജൂലിയൻ പ്രയോഗിച്ച മാൎഗ്ഗം ശാന്തമെങ്കിലും പീഡനകരമായ മൎദ്ദനത്തേക്കാൾ തുലോം ശക്തികൂടിയതായിരുന്നു. നിൎമ്മൂലനവിധേയമായ ഒരു സ്ഥാപനമായിരുന്നു സഭയെങ്കിൽ അതു ജൂലിയൻെറ കാലത്തു നാമാവിശേഷമാകുമായിരുന്നുവെന്നാണു ചരിത്രകാരന്മാരുടെ അഭിപ്രായം. കത്തോലിക്കരും ശീശ്മക്കാരും തമ്മിലുള്ള വൈ

രം വർദ്ധിപ്പിച്ച് തദ്വാരാ ഇരുപക്ഷക്കാരുടേയും ശക്തിയും പ്രാബല്യവും നശിപ്പിക്കുവാൻ അയാൾ ആദ്യം ശ്രമിച്ചു. അനന്തരം അയാളുടെ ശ്രദ്ധ പതിഞ്ഞതു വൈദികരെ ദുഷിപ്പിക്കുന്നതിനും, അവരേയും അയാൾ വെറുക്കുന്ന ഈ മതത്തേയും സംബന്ധിച്ചു ജനതാമദ്ധ്യത്തിൽ അപവാദങ്ങൾ പരത്തി, അതിനെ ഗർഹണീയവുമാക്കിത്തീർക്കുന്നതിനും, ക്രിസ്തീയ വിശ്വാസികളെ അവഹേളിക്കുകയും ഹസിക്കുകയും ചെയ്യുന്നതിനും ആയിരുന്നു. വൈദികരുടെ പ്രത്യേകാവകാശങ്ങൾ പിൻവലിച്ചതും കന്യകകളുടെ പെൻഷ്യൻ കണ്ടുകെട്ടിയതും, ദേവാലയങ്ങളെ കൊള്ളയിട്ടു നശിപ്പിച്ചതും, പരിശുദ്ധവസ്തുക്കളെ അശുദ്ധിപ്പെടുത്തിയതും, നിർമ്മൂലനം ചെയ്ത ദേവാലയങ്ങളെ പുനസ്ഥാപിക്കുവാൻ ക്രൈസ്തവജനതയെ നിർബന്ധിച്ചതും, പരിശുദ്ധ പാത്രങ്ങൾ ലഭിക്കുന്നതിനായി വൈദികരെ ബന്ധിച്ചതും, പീഡിപ്പിച്ചതും, പരിശുദ്ധന്മാരുടെ പ്രേതകുടീരങ്ങളേയും സ്മാരകസ്തംഭങ്ങളേയും തകർത്തതും ക്ഷിപ്രവിശ്വാസികളെ ധനമാനാദി സംഭാവനകളാൽ അവിശ്വാസികളാക്കിത്തീർത്തഭിനന്ദിച്ചാദരിച്ചതും സത്യദൈവത്തിലുള്ള അചഞ്ചലവിശ്വാസത്തെ രാജദ്രോഹമായിക്കരുതി അങ്ങനെയുള്ളവരെ ദണ്ഡിപ്പിച്ചവമാനിച്ചതും, ഖഡ്ഗപ്രയോഗത്തെ വി. ലിഖിതങ്ങൾ അനുവദിക്കുന്നില്ലെന്നു പറഞ്ഞുകൊണ്ട്, ക്രിസ്ത്യാനികളെ ന്യായാധിപോദ്യോഗത്തിൽ നിന്നും നിക്കംചെയ്തതും, കേസും വഴക്കും ക്രിസ്തുമതം തടഞ്ഞിരിക്കുന്നുവെന്ന കാരണത്തെ ആസ്പദമാക്കി ക്രിസ്ത്യാനികളുടെ ആവലാതികൾ സ്വീകരിക്കാതിരുന്നതും, മതവിശ്വാസികളായ ക്രിസ്ത്യാനികൾ വസിച്ചിരുന്ന നഗരങ്ങളും, ഗ്രാമങ്ങളും നശിപ്പിച്ചതും, ക്രിസ്ത്യാനികളെയോ അവരുടെ പ്രതിനിധികളേയോ ആലോചനായോഗത്തിൽ പ്രവേശിപ്പിക്കാതിരുന്നതും, അവരുടെ ആവലാതി കേൾക്കുവാൻ വിസമ്മതിച്ചതും, യുക്തിവാദം കൂടാതെ വിശ്വസിക്കുവാനും, അജ്ഞതയിൽ സംതൃപ്തിയടയുവാനും പ്രബോധിപ്പിക്കുന്നവർ വിജ്ഞരാകേണ്ട ആവശ്യമില്ലെന്നു പറഞ്ഞു കലാശാസ്ത്രാദ്യഭ്യസനങ്ങളിൽ ക്രിസ്ത്യാനികൾക്കു പ്രവേശനം അനുവദിക്കാതിരുന്നതും ഇയാളുടെ മതവിദ്ധ്വംസനമാർഗ്ഗങ്ങളിൽ മറ്റു ചിലവയാണ്. മതനിർമ്മാർജ്ജനത്തിന് നീറോയുടേയും ഡയോക്ലിഷ്യൻറയും, നിഷ്ഠുരമർദ്ദനങ്ങളേയും അതിശയിക്കുമാറ് ഫലപ്രാപ്തമായ ഒരു പാന്ഥാവായിരുന്നു ഇതെന്നുള്ളത് നിസ്സംശയമത്രെ. എന്നാൽ തന്റെ ആരാദ്ധ്യമായ അഭിലാഷങ്ങളുടെ പൂർത്തീകരണത്തിന് ഓരോന്നിനേയും നിയോഗിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവം ആ നരാധമന് ദീർഘായുസ്സു നൽകിയില്ല. അയാളുടെ നീചവും നിർദ്ദയവുമാ

യ പരിശ്രമോപാധികൾ അവയുടെ പ്രണേതാവിൻെറ മരണത്താൽ അവഹേളിതങ്ങളായി അന്തർദ്ധാനം ചെയ്തു.

ജൂലിയൻെറ ക്രിസ്തുമതസംഹാരശ്രമം ദൈവികമായ ക്രിസ്തുമതത്തിലെ സജീവമായ ഈശ്വരപ്രബോധനങ്ങൾക്കു് ഒരു നൂതനസാക്ഷ്യം നൽകുന്നതിനിടയായി. യെരുശലേമിൻെറ വിനാശം അന്തിമവും അപരിഹാര്യവും ആണെന്നും ഒരു കല്ലു ഒരു കല്ലിന്മേൽ ശേഷിക്കാതവണ്ണം ആ ദേവാലയം നിർമ്മൂലമാകുമെന്നും ദിവ്യരക്ഷകൻ പ്രവചിച്ചിട്ടുള്ളതായി ജൂലിയനു് അറിയാമായിരുന്നു. അതിനാൽ ആ പ്രവചനം അബദ്ധമാണെന്നു തെളിയിക്കുവാനായി ആ ദേവാലയം പുനരുദ്ധാരണം ചെയ്യാൻ ജൂലിയൻ തീർച്ചയാക്കി. അതിലേക്കു് അയാൾ ഒരു വലിയ ധനശേഖരം ആരംഭിച്ചു. അനായസേന അതു് വിജയകരവുമായി ജൂലിയൻെറ വിശ്വസ്തമിത്രമായ ആലിപ്പിയസിൻെറ നേതൃത്വത്തിൽ പണിയുമാരംഭിച്ചു. ക്രിസ്തുവിൻെറ ബദ്ധവൈരികളായ യൂദന്മാരുടെ സഹായം ഗണ്യമായുണ്ടായിരുന്നു. വേലക്കാർ ആയിരക്കണക്കിനു് വന്നുതുടങ്ങി. ദേവാലയം ഇരുന്ന സ്ഥാനം കണ്ടു പിടിച്ചു് കാടെല്ലാം വെട്ടിത്തെളിച്ചു് ഖനനവേലയുമാരംഭിച്ചു. യൂദന്മാർ സന്തോഷിച്ചു. ജൂലിയൻ പ്രമോദഭരിതനായി. എന്നാൽ ആ പട്ടണത്തിൽ, ഒരു വൃദ്ധൻ മാത്രം, ഈ പണികളെല്ലാം നോക്കിക്കൊണ്ടു ഹാസ്യമായി മന്ദസ്മിതം തൂകിയിരുന്നു. അദ്ദേഹം പറഞ്ഞു. "ഒരു കല്ലു് ഒരു കല്ലിന്മേൽ ശേഷിക്കുകയില്ലെന്നുള്ള ക്രിസ്തുവിൻെറ പ്രവചനം അക്ഷരാർത്ഥത്തിൽ നിറവേറുവാനുള്ള സമയം ഇതാ സമാഗതമാകുന്നു". സ്ഥലത്തെ മെത്രാനായ വി. ക്രുറിലോസായിരുന്നു ഈ വയോവൃദ്ധൻ. വേല തുടന്നു. അടിത്തറ മുഴുവൻ ഇളക്കി. പഴയപണിയിൽ ഒരു കല്ലുപോലും ഇനിയും ശേഷിച്ചില്ല. അവരുടെ സന്തോഷം സീമാതീതമായി. ഗംഭീരമായ പുതിയ പള്ളി ഉടൻ തുടങ്ങണമെന്നും തീർച്ചയാക്കി. എന്നാൽ അഹങ്കാരമേ! നീ എവിടെയാണു വിജയിയായിരിക്കുന്നതു്? പെട്ടെന്നു് ഒരു ഭൂകമ്പം. ഭയങ്കരമായ ഒരു ഭൂമികുലുക്കം. മാന്തിയിടത്തോളം വാനം മൂടി. കല്ലുകളും സാമഗ്രികളും ചിതറി. സമീപസ്ഥിതങ്ങളായ വീടുകൾ നശിച്ചു. വേലക്കാരിൽ പലരും മരിച്ചു. ചിലക്കു കഠിനമായ പരുക്കുകൾ പററി. പക്ഷേ, ജൂലിയൻെറ അഹങ്കാരം നശിച്ചില്ല. വേല തുടരുവാൻ അയാൾ ആജ്ഞാപിച്ചു. അഗ്നിമയമായ ഒരു മാതിരി പന്തുകൾ ഭൂമിക്കടിയിൽ നിന്നും പ്രത്യക്ഷപ്പെട്ടു വേലക്കാരെ ആയിരക്കണക്കിനു് നിഗ്രഹിച്ചു. അവരുടെ ആയുധങ്ങൾ ആ തപാധിക്യത്താൽ ഉരുകി പ്രാണഭയത്താൽ പലരും പലായനം ചെയ്തു. യൂദന്മാരും അ

ജ്ഞാനികളുമായ അനേകർ ഈ അത്ഭുതത്തിൽ ദൈവത്തിന്റെ അനന്തശക്തിയെ ദർശിച്ചു് സത്യവിശ്വാസാവലംബികളായി. എന്നാൽ ജൂലിയനു മാത്രം യാതൊരു ഭാവഭേദവുമുണ്ടായില്ല. * അയാൾ അധികം താമസിയാതെ പേർഷ്യൻ ആക്രമണത്തിനു പുറപ്പെട്ടു. പക്ഷേ, ആ, ശ്രമത്തിൽ അയാൾ മൃതനായി. അയാളുടെ മരണം, അയാളുടെ മേലുള്ള ദൈവകോപത്തിന്റെ ഒരു പ്രവൎത്തനമായും സത്യസഭയുടെ മേൽ ദൈവത്തിനുള്ള പ്രത്യേക സംരക്ഷണയുടെ ലക്ഷണമായും ആപ്ലോപി വിശ്വസിച്ചു വരുന്നു.

ജൂലിയന്റെ മരണശേഷം സൎവ്വസൈന്യാധിപനായ ജോവിയാൻ ചക്രവൎത്തിയായി സിംഹാസനത്തിൽ അധിരോഹണം ചെയ്തു. ജോവിയാൻ സമൎത്ഥനും ധീരനുമായിരുന്നു. റോമൻസൈന്യത്തിന്റെ പേർഷ്യയിലെ ദാരുണമായ നിലയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇപ്രകാരമൊരു ചക്രവൎത്തിയാണു് വേണ്ടതെന്നും ആരും സമ്മതിക്കും. അദ്ദേഹം ഒരു ഭക്തനും മതിമാനായ മതസംരക്ഷകനും ആയിരുന്നുവെന്നുള്ളതു പ്രത്യേകം സ്മരണീയമാണു്. പേർഷ്യൻ ആക്രമണത്തിനായി പുറപ്പെട്ടപ്പോൾ ജൂലിയൻ ഇദ്ദേഹത്തോടു് ഇപ്രകാരം പറയുകയുണ്ടായി. "ഒന്നുകിൽ ദേവന്മാൎക്കു ബലി കഴിക്കുക. അല്ലെങ്കിൽ ഉദ്യോഗം വിട്ടു പോവുക." ഒരു മിനിട്ടുപോലും ജോവിയാനു് ആലോചനക്കാവശ്യമുണ്ടായില്ല. ആജ്ഞ കേട്ട ക്ഷണത്തിൽ തന്നെ ഖഡ്ഗം താഴെ വച്ചുകഴിഞ്ഞു. എന്നാൽ സമരചതുരനായ ജോവിയാന്റെ അസാന്നിദ്ധ്യത്തിൽ വിജയം അപ്രാപ്തമെന്നു പൂൎണ്ണവിശ്വാസമുണ്ടായിരുന്ന ജൂലിയൻ വ്യസനപൂൎവ്വമെങ്കിലും വാൾ ജോവിയാനെ തിരികെ ഏല്പിച്ചു. രാജമുടി ചൂടുന്നതിനു മുൻപു്, ജോവിയാൻ സൈന്യങ്ങളെ അഭിമുഖീകരിച്ചു് ഈ വിധം പ്രസ്താവിച്ചു. "ഒരു ക്രിസ്ത്യാനി എന്ന നിലയിൽ, വിഗ്രഹാരാധനക്കാരും തദ്വാരാ ദൈവസംരക്ഷണയില്ലാത്തവരുമായ സൈന്യങ്ങളെ ആനയിക്കുവാൻ എനിക്കു നിവൃത്തിയില്ല."

"സംശയിക്കേണ്ടാ, അങ്ങു് ആനയിക്കുന്നവർ ക്രിസ്ത്യാനികളാണു്. അന്ധവിശ്വാസത്തിന്റെ ഭരണം, മഹാനായ കോൺസ്റ്റാന്റ

* ക്രൈസ്തവഗ്രന്ഥകാരന്മാർ മാത്രമല്ല, അമ്മിയാനൂസു്, മാൎസെല്ലിനൂസു് ആദിയായ അജ്ഞാനിഗ്രന്ഥകാരന്മാരും ഈ അത്ഭുതസംഭവത്തെക്കുറിച്ചു് പ്രസ്താവിക്കുന്നുണ്ടു്. വി. ഗ്രിഗരിനസ്യാൻസനും, വി. ക്രിസോസ്തോമും ദൃക്സാക്ഷികളായിട്ടുള്ളവരുടെ സന്നിധിയിൽ വച്ചു് ഇതേസംബന്ധിച്ചു സംസാരിച്ചിട്ടുണ്ടു്. പക്ഷേ ആരും അതിനെ നിഷേധിച്ചിട്ടില്ല തന്നെ.

യിൻ ചക്രവർത്തിയിൽ നിന്നും, പുത്രന്മാരിൽ നിന്നും ഞങ്ങൾ അവധാരണം ചെയ്ത വിശ്വാസം നിർമ്മാർജ്ജനം ചെയ്യാൻ മാത്രം ദീർഘമായിരുന്നില്ല." എന്നു് ഏകസ്വരത്തിൽ ആ ഭടന്മാർ പ്രത്യുച്ചരിച്ചു. എന്നാൽ വിജയം അസാദ്ധ്യവും അത്യന്തം ആപൽക്കരവുമെന്നു്, ജോവിയാനു് ബോധപ്പെട്ടകയാൽ പേർസ്യാക്കാരുമായി ഒരുടമ്പടിയ്ക്കു് സമ്മതിക്കുന്നതാണു കൂടുതൽ ബുദ്ധിപൂർവ്വവും ആശാസ്യവുമെന്നദ്ദേഹം തീർച്ചപ്പെടുത്തി. കുറെ പ്രോവിൻസുകളും ഏതാനും പ്രാകാരങ്ങളും ഉപേക്ഷിക്കുന്നതു് വിശ്വസ്തരായ തൻെറ സൈന്യങ്ങളുടെ ജീവനെ ഹോമിക്കുന്നതിൽ ശ്രേഷ്ഠമാണെന്നായിരുന്നു ആ കാരുണ്യമൂർത്തിയുടെ തീരുമാനം.

ചക്രവർത്തിപദം പ്രാപിച്ചുകഴിഞ്ഞപ്പോഴത്തെ പ്രഥമകൃത്യം മിശിഹായുടെ സൂക്ഷ്മശരീരമാകുന്ന സഭയ്ക്കു് അതീതകാലങ്ങളിൽ ഉണ്ടായ ഭയങ്കര ക്ഷതങ്ങളെ തൈലാഭിഷേകം ചെയ്തു് സുഖപ്പെടുത്തുകയെന്നതായിരുന്നു. പ്രവാസവാസത്തിൽ നിന്നും വി. അത്തനേഷ്യസിനെ തിരിച്ചുവിളിച്ചു. ജോവിയാനു് വിശുദ്ധ അത്തനേഷ്യസിനോടെത്രമാത്രം ആദരവുണ്ടായിരുന്നുവെന്നുള്ളതിനു് ജോവിയാൻ, അത്തനേഷ്യസിനയച്ച ഒരെഴുത്തു മതിയായ സാക്ഷ്യമാണു്. അത്തനേഷ്യസിൻെറ പുനരാഗമനം, ആരിയൻപാഷണ്ഡരിൽ അതിയായ പരിഭ്രമവും ഭീതിയും ഉളവാക്കി. നിഗൂഢമായെങ്കിലും അവർ ഓരോ ദുരാലോചനകൾ തുടങ്ങി. പക്ഷേ ഭാഗ്യവശാൽ അവയെല്ലാം വിഫലങ്ങളായി. വിശുദ്ധ അത്തനേഷ്യസിൻെറ വിജയം സത്യസഭയുടേയും വിജയമായിരുന്നു. ജോവിയാൻെറ ആവശ്യപ്രകാരം, വിശുദ്ധ അത്തനേഷ്യസ് കത്തോലിക്കമതതത്വങ്ങളെക്കുറിച്ചു് ലളിതമായും സംഗ്രഹമായും, ഒരു പ്രബന്ധം എഴുതി. കത്തോലിക്കാസഭയുടെ സമാധാനം നിഖ്യാസൂനഹദോസിൻെറ തീരുമാനങ്ങളുടെ അഭംഗുരമായ അനുസരണത്തിലാണടങ്ങിയിരിക്കുന്നതെന്നു് ചക്രവർത്തിയെ പ്രബോധിപ്പിക്കത്തക്കവണ്ണം, നിഖ്യായിലെ കാനോനാകളെ അത്രവ്യക്തമായും ഭംഗിയായും ഇതിൽ വിശദീകരിച്ചിരിക്കുന്നു.

സഭയ്ക്കു് വീണ്ടും ഒരു സമാധാനകാലം സംപ്രാപ്തമായി; വൈദികർക്കും കന്യകൾക്കും വിധവകൾക്കും നഷ്ടപ്പെട്ടുപോയിരുന്ന പ്രത്യേകാവകാശങ്ങളെ വീണ്ടും നൽകി. ദേവാലയങ്ങളുടേയും വിശ്വാസികളുടേയും സംരക്ഷണവും അവരുടെ അദ്ധ്യയനവും ഗവമ്മെൻറ മേൽനോട്ടത്തിൽ നടത്തി. എന്നാൽ പ്രകാശമാനമായിരുന്ന ഈ കാലം തുലോം പരിമിതമായിരുന്നു. മുപ്പത്തിരണ്ടു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ജോവിയാൻചക്രവർത്തി ഒരു ദിവസം അദ്ദേഹത്തിൻെറ മുറിയിൽ മൃതനായി കിടന്നു. റോമാസാമ്രാജ്യമണ്ഡലത്തിലെ ആ തേജോഗോളത്ത

ന്റെ അന്തർദ്ധാനത്തോടുകൂടി ഉജ്ജ്വലമായിരുന്ന സമാധാനഭാസ്സും തിരോധാനം ചെയ്തു. വ്യഥയും അസമാധാനവും വീണ്ടും സഭാവനിതയെ ബാധിച്ചു.

ജോവിയാന്റെ പിൻഗാമിയായി റോമാസിംഹാസനത്തിൽ ആരോഹണം ചെയ്തതു് വാലൻറീനിയൻ ആയിരുന്നു. നിർഭാഗ്യവശാൽ അസമർത്ഥനും അനർഹനും ആയ അദ്ദേഹത്തിന്റെ സഹോദരൻ വാലൻസ്സിനേയും അദ്ദേഹം സഹചക്രവർത്തിയായി അഭിഷേകം ചെയ്തു. വാലൻറിനീയൻ പാശ്ചാത്യസാമ്രാജ്യത്തേയും, വാലൻസ്സ് പൌരസ്ത്യസാമ്രാജ്യത്തേയും ആണു് ഭരിച്ചതു്. വാലൻറയിൻ ഒരു യഥാർത്ഥ കത്തോലിക്കൻ ആയിരുന്നതുകൊണ്ടു പാശ്ചാത്യസഭയിൽ സമാധാനവും, അഭിവൃദ്ധിയും ഉണ്ടായി. എന്നാൽ ദുഷ്ടനായ വാലൻസ്സിന്റെ ഭരണത്തിൽ പൌരസ്ത്യസഭ നിർദ്ദയമർദ്ദനം അനുഭവിച്ചു. വി. അത്തനേഷ്യസ്സിനേയും, കോൺസ്റ്റാൻഷ്യസ്സിനാൽ നാടുകടത്തപ്പെടുകയും സ്ഥാനഭ്രഷ്ടരാക്കപ്പെടുകയും ചെയ്തിരുന്നവരും എന്നാൽ, ജോവിയനാൽ യഥാസ്ഥാനങ്ങളിൽ നിയമിതരും ആയ എല്ലാ മെത്രാന്മാരേയും അയാൾ വീണ്ടും നാടുകടത്തി. പക്ഷേ നാലുമാസങ്ങൾക്കു ശേഷം അത്തനേഷ്യസ്സ് വീണ്ടും തിരിച്ചുവിളിക്കപ്പെട്ടു. ദയാമസൃണമായ ഈ ആജ്ഞയ്ക്കു ഹേതു അത്തനേഷ്യസ്സിനെ അത്യധികം ആദരിച്ചിരുന്ന വാലൻറിയനന്റെ നിർബന്ധമോ അഥവാ അലക്സാന്ത്രിയായിലെ ജനങ്ങളോടുള്ള ദയവോ ആണെന്നു വിശ്വസിക്കപ്പെടുന്നു. ഏതായാലും അത്തനേഷ്യസ്സ് ഒരിക്കൽ കൂടെ അലക്സാന്ത്രിയൻ മെത്രാസനത്തെ അലങ്കരിച്ചു. ഭാഗ്യവശാൽ ആറാമതൊരു ബഹിഷ്കരണത്തിനിടയാകാതെ ആറുമാസങ്ങൾക്കുശേഷം ആ അഭിവന്ദ്യതാതൻ സമാധാനത്തോടു തന്റെ ആത്മാവിനെ പരമപിതാവിങ്കൽ സമർപ്പിച്ചു്, ലോകരംഗത്തിൽനിന്നും തിരോധാനംചെയ്തു. വാലൻസ്സിന്റെ ക്രിസ്ത്യൻ മർദ്ദന നയത്തിനു് ഒരു ഉദാഹരണം ഇവിടെ പറയാം.

ഭയങ്കരമായ ഈ മതസംഹാരം ഒരുപക്ഷെ ചക്രവർത്തിയുടെ അംഗീകരണത്തോടുകൂടിയല്ലായിരിക്കുമെന്നു വിശ്വസിച്ചു കോൺസ്റ്റാൻറിനോപ്പിളിലെ വിശ്വാസികൾ എൺപതു പുരോഹിതരെ സങ്കടനിവേദനത്തിനായി ചക്രവർത്തിയുടെ അടുക്കലേക്കയച്ചു. വാലൻസ്സ് യാതൊരസ്വാസ്ഥ്യവും പ്രദർശിപ്പിക്കാതെ ശാന്തതയോടെ അവയെല്ലാം കേട്ടു. ചക്രവർത്തിയുടെ സൌമ്യഭാവം അവരെ അതിമാത്രം ആനന്ദിപ്പിക്കുകയും ചെയ്തു. എന്നാൽ ദുഷ്ടനായ വാലൻസ്സ് സച്ചരിതരായ ആ എൺപതു് വൈദികരേയും, നിഹനിക്കുവാൻ നിഗൂഢമായി പ്രീഫെക്റ്റിനു് ഉത്തരവു്

കൊട്ടത്തിരുന്നു. അവിവേകമായ ഈ കൂട്ടക്കൊല വലുതായ വിപ്ലവങ്ങളെത്തന്നെ ഉളവാക്കിയേക്കുമെന്നു ഭയന്നു പ്രീഫെക്റ്റ് അവരെ എല്ലാവരേയും ജീവപര്യന്തം വിപ്രവാസത്തിനു വിധിച്ച്, ഒരു പടവിൽ കയററി എവിടേയ്ക്കോ കൊണ്ടുപോയി. എന്നാൽ വളരെദൂരം ചെന്നപ്പോൾ കല്പിത്താൻ അയാൾക്കു നൾകിയിരുന്ന ആജ്ഞയനുസരിച്ച് ആ പടവിനു തീവെച്ചശേഷം അയാളും അയാളോടുകൂടിയുണ്ടായിരുന്ന ഏതാനും പേരും ആ പടവിൽ സജ്ജീകരിച്ചിരുന്ന ഒരു ബോട്ടിൽ തിരിച്ചുമടങ്ങി. വിശുദ്ധരായ ആ എൺപതുപേരും ദഹനൻെറ നിർദ്ദയമായ സംഹാരശക്തിയ്ക്കുമന്നു ലോകയവനികയ്ക്കുള്ളിൽ മറഞ്ഞു. ഈ വിസ്താരത്തേയും, വിധിയേയും സംബന്ധിച്ചുള്ള വൃത്താന്തം അതിവേഗത്തിൽ നാടെങ്ങും പരന്നു. ഏകാന്തവാസമനുഭവിച്ചിരുന്ന സന്യാസികളാവട്ടെ, ഇതറിഞ്ഞ ക്ഷണത്തിൽ അവരുടെ അന്തർഗേഹങ്ങളെ വെടിഞ്ഞ്, സധൈര്യം നാട്ടിൻെറ നാനാഭാഗത്തും ചുററിസഞ്ചരിച്ച് ക്രൈസ്തവരെ അവരുടെ വിശ്വാസത്തിൽ ഉറപ്പിക്കുകയും സനാതനതത്വപ്രബോധനങ്ങളാൽ അവക്ക് ആത്മീയശക്തി പ്രദാനംചെയ്യുകയും ചെയ്തു. ദേവാലയത്തിൽനിന്നും ബഹിഷ്കൃതരായപ്പോൾ പരസ്യാരാധനയ്ക്കായി വയലിൽ സമ്മേളിച്ചിരുന്ന ക്രൈസ്തവജനതയുടെ അടുക്കലേക്കു ത്വരിതപ്രയാണം ചെയ്ത ഒരു സന്യാസിയെ—പ്രയാധിക്യത്താലും, പരിശുദ്ധിയാലും, അത്യാദരണീയനായ ഒരു പുണ്യപൂമാനെ—അന്ത്യോഖ്യായിൽ വച്ച് ചക്രവർത്തി വിളിപ്പിച്ച് ഇപ്രകാരം ചോദിച്ചു.

"നിങ്ങൾ എവിടേയ്ക്കാണ് ഇത്ര ധൃതിയിൽ പോകുന്നത്? ഇപ്രകാരം ഓടിനടന്നു ജനങ്ങളെ വിപ്ലവങ്ങൾക്കു പ്രേരിപ്പിക്കാതെ നിങ്ങൾക്കു നിങ്ങളുടെ ഗുഹകളിൽ ഇരിക്കരുതോ?"

ആ വന്ദ്യവയോധികൻ ശാന്തമായി പറഞ്ഞു. "അല്ലയോ ചക്രവർത്തി! ദിവ്യാജപാലൻെറ മേഷയൂഥങ്ങൾ സമാധാനത്തിൽ വസിച്ചിരുന്ന അവസരങ്ങളിൽ ഞാൻ എൻെറ ഗുഹയിൽത്തന്നെ വസിച്ചു. എന്നാൽ, അവ ചിതറപ്പെട്ടിരിക്കുമ്പോൾ, അവ അപകടത്തിലായിരിക്കുമ്പോൾ, ശാന്തനായി, ഇതൊന്നുമറിയാതെ, ഗുഹയിൽ തന്നെയിരിക്കുന്നതു യുക്തമെന്നോ? പിതാവിൻെറ ഭവനത്തിനു തീ പിടിക്കുമ്പോഴും അന്തഃപുരവാസിനിയായ യുവതി അവളുടെ മുറിയിൽനിന്നും ഇറങ്ങരുതെന്നാണോ പറയുന്നത്? അപരസഹായമപേക്ഷിക്കുകയും, അഗ്നിശമനത്തിനു യത്നിക്കുകയുമല്ലയോ അവൾ അപ്പോൾ ചെയ്യേണ്ടത്. അതുതന്നെയാണ് ഞാനിപ്പോൾ നിർവ്വഹിക്കുന്നത്. എൻെറ പിതാവായ ദൈവത്തിൻെറ സഭയ്ക്കു നിങ്ങൾ കൊള്ളി വച്ചിരിക്കുന്നു. വിദൂരമായ എ

ന്റെ അന്തഃപുരത്തിലിരുന്നുകൊണ്ടു് ആ വിനാശജ്വാലകളെ ഞാൻ ദർശിച്ചു. അതിനെ ശമിപ്പിക്കുവാനാണു ഞാൻ പരിശ്രമിക്കുന്നതു്."

വാലൻസിന്റെ മർദ്ദനസംരംഭങ്ങളെ വിഫലമാക്കുവാൻ ഊർജ്ജസ്വലമായി ഉത്സാഹിച്ച ഒരാളായിരുന്നു കേസറിയായിലെ മെത്രാനായ വി.ബസേലിയോസ്. ബസേലിയോസ് പണ്ഡിതനെന്നതുപോലെതന്നെ പരിശുദ്ധനും ധീരനുമായിരുന്നു ഇദ്ദേഹത്തിന്റെ സാമർത്ഥ്യം വാലൻസിനേപ്പോലും അത്ഭുതപരതന്ത്രനാക്കി. ബസേലിയോസിനെ ഒരു ആരിയൻ കക്ഷിയായിലഭിക്കുവാനും, വാലൻസ് ആഗ്രഹിക്കാതിരുന്നില്ല. പ്രീഫെക്റ്റായ മോഡസ്റ്റസിനെ, ഏതൽക്കാര്യസാദ്ധ്യത്തിനായി നിയോഗിക്കുകയും ചെയ്തു. മോഡസ്റ്റസിന്റെ ക്ഷണപ്രകാരം വി. ബസേലിയോസ് ഒരു ദിവസം അരമനയിൽ ആഗതനായി. സ്ഥാനവസ്ത്രങ്ങളും ധരിച്ചു്, അംഗരക്ഷകരാൽ പരിസേവ്യനായി സഗൗരവം ആഫീസിൽ ഇരുന്ന മോഡസ്റ്റസിന്റെ സന്നിധിയിലേക്കണഞ്ഞപ്പോൾ ബസേലിയോസിന്റെ മുഖത്തിൽ പ്രസ്ഫുരിച്ചിരുന്ന പ്രൗഢവും എന്നാൽ പ്രസന്നവുമായ ഭാവം അവരെയെല്ലാം ആശ്ചര്യഭരിതരാക്കി. മോഡസ്റ്റസ് അറിയാതെതന്നെ മുമ്പോട്ടുവന്നു സബഹുമാനം അദ്ദേഹത്തെ സ്വീകരിച്ചു. അനന്തരം ആരിയന്മാരേയും കത്തോലിക്കരായി സ്വീകരിക്കണമെന്നുള്ള രാജാഭിമതത്തെ മോഡസ്റ്റസ് ബസേലിയോസിനെ അറിയിച്ചു. സൗമ്യമായ പ്രേരണ നിഷ്ഫലമെന്നു കണ്ടപ്പോൾ പ്രീഫെക്റ്റ് അദ്ദേഹത്തെ ഭീഷണിപ്പെടുത്തിനോക്കി. "രാജശാസനത്തെ നിഷേധിക്കുവാൻ നിങ്ങൾ ഭ്രാന്തനാണോ? രാജകോപത്തെ നിങ്ങൾ ഭയപ്പെടുന്നില്ലേ? നിങ്ങളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനും, നിങ്ങളെ നാടുകടത്തുന്നതിനും, കൊല്ലുന്നതിനുതന്നേയും അദ്ദേഹത്തിനധികാരമുണ്ടെന്നു നിങ്ങൾ അറിയുന്നില്ലായിരിക്കാം." വി. ബസേലിയോസ് പ്രശാന്തനായി പറഞ്ഞു. "ഈ ഭീഷണികളൊന്നും എന്നെ ഭയവിഹ്വലനാക്കുകയില്ല. സ്വത്തൊന്നുമില്ലാത്തവൻ എങ്ങനെയാണു് അതിന്റെ നാശത്തെ ഭയപ്പെടുന്നതു്? എന്നെ നാടുകടത്തുവാനും അദ്ദേഹത്തിനു സാദ്ധ്യമല്ല. കാരണം ലോകത്തിന്റെ ഏതൊരു കോണും എന്റെ സ്വദേശമാണു്. ഇനിയും മരണമോ? ഞാൻ അതിനെ തെല്ലും ഭയപ്പെടുന്നില്ല. എന്നെ വധിക്കുന്നതിനേക്കാൾ വലുതായ ഒരു കാരുണ്യം എന്നോടു ചെയ്യാനുമില്ല. എന്തെന്നാൽ അപ്പോൾ എനിക്കു യഥാർത്ഥജീവിതത്തിലേക്കു പ്രവേശിക്കാം. ഈലോകത്തെ സംബന്ധിച്ചിടത്തോളം ഒരു മൃതനായി ജീവിതം നയിക്കുവാൻ തുടങ്ങിയിട്ടു നാളുകൾ വളരെ അധികമായിട്ടുണ്ടു്. പീഡനങ്ങൾക്കും എന്നെ ഉപദ്രവിക്കുവാൻ സാദ്ധ്യമല്ല. തുലോം ക്ഷീണിച്ചതും അ

ശക്തവുമായ ഈ ശരീരപഞ്ജരം ഒരു പ്രഹരത്താൽ തന്നെ ഞെരിഞ്ഞു തകരും. അപ്പോഠം അതിൻെറ അന്തേവാസിയായ ആത്മാവു പീഡനാതീതമായി നിത്യവിശ്രാന്തി പ്രാപിക്കുകയും ചെയ്യും." ഇത്ര ധൈര്യമായ ഒരു പ്രസ്താവം ഇതിനു മുൻപ് ആ പ്രീഫെക്റ്റ് കേട്ടിട്ടില്ലായിരുന്നു. അയാഠം പറഞ്ഞു. "ഇത്ര ധൈര്യമായും, സ്വാതന്ത്ര്യമായും ഇതേവരെ മോഡസ്ററസിനോട് ആരും സംസാരിച്ചിട്ടില്ല." "മോഡസ്ററസ് ഒരു ക്രിസ്ത്യൻ മെത്രാനുമായി ഇടപെട്ടിട്ടില്ലായിരിക്കണം" എന്നായിരുന്നു വി.ബസേലിയോസ് ഇതിനു നൽകിയ മറുപടി. ഇതൊക്കെയായാലും വി. ബസേലിയോസിൻെറ പൗരുഷത്തേ ആദരിക്കാതിരിക്കുവാൻ മോഡസ്ററസിനു കഴിഞ്ഞില്ല. സാമവും ഭീഷണിയും പരാജയപ്പെട്ടിരിക്കെ പീഡനമേ കരണീയമായിട്ടുള്ളുവെന്നു മോഡസ്ററസ് ചക്രവത്തിയെ അറിയിച്ചു. പക്ഷേ, ചക്രവത്തിക്കതിനു ധൈര്യമുണ്ടായില്ല. കേസറിയായിലെ ജനങ്ങളെ അദ്ദേഹം അത്ര അധികം ഭയപ്പെട്ടിരുന്നു.

വൈദികരേപ്പോലെ തന്നെ സ്ത്രീപുരുഷന്മാരായ അനേകം അൽമേനികളും, ഈ പീഡനകാലത്തു് ഇതുപോലെയുള്ള ധൈര്യം പ്രകടിപ്പിച്ചിട്ടുണ്ടു്. വാലൻസ് എദേസ്സായിലെ മെത്രാനെ നാടു കടത്തിയ ശേഷം ഒരു ആരിയൻ മെത്രാനെ തൽസ്ഥാനത്തിൽ നിയമിച്ചു. മാത്രമല്ല, വൈദികരും ശെമ്മാശ്ശന്മാരുമായ സകലരും ആ മെത്രാനോടു സഹകരിക്കുവാൻ അവരെ നിർബന്ധിക്കുകയും ചെയ്തു. എന്നാൽ അവരിൽ ആരും തന്നെ അതിനു സമ്മതിച്ചില്ല. അക്ഷണം അവരെല്ലാം ബഹിഷ്കൃതരായി. അൽമേനികളും അതേ നിഷ്ഠയോടെ തന്നെ ആരിയൻ മെത്രാനെ നിഷേധിച്ചു. പതിവായി ബലി നടത്തിയിരുന്ന അവസരങ്ങളിൽ അവർ വയലുകളിൽ സമ്മേളിച്ചു് പരസ്യപ്രാത്ഥനകഠം നടത്തി സംതൃപ്തരായി. ചക്രവത്തിയുടെ കോപം വദ്ധിച്ചു. നിയമവിരുദ്ധമായ അത്തരം സമ്മേളനങ്ങളിൽ സംബന്ധിക്കുന്നവരെയെല്ലാം വധിക്കുവാൻ സൈന്യങ്ങഠക്കു് ആജ്ഞയും നൽകി. എന്നാൽ പുരുഷോചിതമായ ഈ ധീരപ്രവൃത്തികളിൽ ആദരവുംമതിപ്പും തോന്നിയ മോഡസ്ററസ് വിവരം രഹസ്യമായി എല്ലാ ക്രിസ്ത്യാനികളേയും അറിയിച്ചു. പക്ഷെ ഈ മുന്നറിയിപ്പു്അവരുടെ സാന്നിദ്ധ്യത്തെ പ്രതിരോധിക്കുന്നതിനു പകരം ആയിരക്കണക്കിനു് അവരെ അങ്ങോട്ടാകർഷിക്കുകയാണു ചെയ്തതു്. മോഡസ്ററസ് വിഷണ്ഡനായി. അവരെ ഭയപ്പെടുത്തുവാൻ സൈന്യങ്ങളോടാജ്ഞാപിച്ചു. ആ ശ്രമവും വിഫലമായി. പ്രീഫെക്റ്റ്, പട്ടണവാതുക്കൽ കൂടെ കടന്നുപോകുമ്പോഠം ഒരു സ്ത്രീ അവളുടെ കുട്ടിയേയും എടുത്തു് അതിവേഗത്തിൽ ഓടിപോകുന്നതായി കണ്ടു. അവളെ നിരോ

ധിച്ചിട്ട് മോഡസ്ററസ് ചോദിച്ചു "നിങ്ങൾ എവിടേയ്ക്കാണ് ഇത്ര വേഗത്തിൽ പോകുന്നത്?"

സ്ത്രീ:—കത്തോലിക്കർ സമ്മേളിക്കുന്ന ആ വയലിലേയ്ക്ക്.

മോ:—ഇന്നവിടെ സമ്മേളിക്കുന്നവരെ എല്ലാം വധിക്കുവാൻ ചക്രവത്തി ആജ്ഞാപിച്ചിട്ടുള്ള വിവരം നിങ്ങൾ അറിഞ്ഞിട്ടില്ലായിരിക്കുമോ?

സ്ത്രീ:—അതു ഞാനറിഞ്ഞു. അതല്ലേ അവിടെ എത്തുവാൻ എനിക്കിത്ര തിടുക്കം. അല്ലെങ്കിൽ രക്തസാക്ഷിയാകുവാനുള്ള ആ മഹാഭാഗ്യം എനിക്കു നഷ്ടപ്പെട്ടെങ്കിലോ?

മോ:—എന്നാൽ ഈ കുട്ടിയെ നിങ്ങൾ എന്തിനു കൊണ്ടുപോകുന്നു?

സ്ത്രീ:—അഭിമാനാർഹമായ ആ അവകാശത്തിനു പങ്കാളിയാകുവാൻ.

മോഡസ്ററസ് ഉടനെ തന്നെ കൊട്ടാരത്തിലേക്കു മടങ്ങി, വിജയം അസാദ്ധ്യമെന്നും പരാജയം അവമാനകരമായി ഭവിക്കുമെന്നും ചക്രവത്തിയെ ഗ്രഹിപ്പിച്ചു. ആരിയൻപാഷണ്ഡതയേക്കുറിച്ചു ക്രൈസ്തവജനതയ്ക്കുണ്ടായിരുന്ന അഭിപ്രായം ഇതിൽ നിന്നും വ്യക്തമാകുന്നു. ദിവ്യരക്ഷകൻെറ ഈ വാക്യം അവർ നല്ലവണ്ണം പഠിച്ചിരുന്നു. "ആരു് യഥാത്ഥവാതിലിൽ കൂടെ പ്രവേശിക്കുമോ അവനാണ് സാക്ഷാൽ ഇടയൻ. ആടുകൾ അവനെ അനുസരിക്കും. കാരണം, അവ അവൻെറ സ്വരത്തെ തിരിച്ചറിയുന്നു. എന്നാൽ ഒരു അപരിചിതനെ അവർ അനുഗമിക്കുകയില്ല. അവനിൽ നിന്നും അവ ഓടി മറയുകയും ചെയ്യും". ഈ വാക്കുകൾ ഇവിടെ എത്രയും അന്വത്ഥമായി. സഭയാൽ നിയമിതനായ മെത്രാനെ അവർ സ്വീകരിച്ചു. പാഷണ്ഡമതക്കാരുടെ മെത്രാനെ അവർ അനുസരിച്ചില്ല. അയാളോടു സഹകരിക്കുന്നതിനേക്കാൾ മരിക്കുവാൻ അവർ താല്പര്യപ്പെട്ടു.

വാലൻസ്, കേസറിയായിലായിരുന്ന ഒരവസരത്തിൽ, മൂന്നുരാജാക്കന്മാരുടെ തിരുനാൾദിവസം, പരിശുദ്ധകമ്മങ്ങളിൽ സംബന്ധിക്കുവാനായി അയാൾ അവിടുത്തെ ഭദ്രാസനദേവാലയത്തിൽ പോയി. പ്രതാപപ്രൗഢിയോടെയുള്ള തൻെറ പ്രവേശനം കാണുമ്പോൾ മെത്രാൻ, തന്നെ സ്വീകരിക്കുമെന്നായിരുന്നു ചക്രവത്തിയുടെ വിചാരം. എന്നാൽ മെത്രാനെന്നല്ല അവിടെ സന്നിഹിതരായിരുന്നവരിൽ ആരും തന്നെ

അയാളെ ആദരിച്ചില്ല. ഓരോരുത്തരും അവിടെ നടക്കുന്ന ദിവ്യകർമ്മങ്ങളിൽ ബദ്ധശ്രദ്ധരായി, ആത്മനിർവൃതിയിൽ നിർല്ലീനരായി യഥാസ്ഥാനങ്ങളിൽ ഇരുന്നു. ചക്രവർത്തി അത്ഭുതപരതന്ത്രനായി. തന്നേക്കാൾ പ്രാഗത്ഭ്യവും പ്രതാപവുമേറിയ ഒരു ശക്തി ലോകത്തിലുണ്ടെന്നു് അയാൾ സ്വയം സമ്മതിച്ചു. അവിടെ അക്കാലത്തെ പതിവനുസരിച്ചു കാഴ്ചയപ്പം സമപ്പിക്കുവാൻ അയാൾ നിർബന്ധിതനായി. എന്നാൽ ഒരു ശെമ്മാശ്ശൻ പോലും തന്റെ സമീപത്തേയ്ക്കു് അണഞ്ഞില്ല. വി. ബസേലിയോസ്—മെത്രാൻ—അതു സ്വീകരിക്കുകയില്ലെന്നു് ആ ശെമ്മാശ്ശന്മാക്കറിയാമായിരുന്നു. ചക്രവർത്തിയുടെ ഹൃദയം ത്രസിച്ചു. അവയവങ്ങൾ വിറച്ചു. ഒരു പുരോഹിതൻ താങ്ങിയില്ലായിരുന്നുവെങ്കിൽ വാലൻസു് നിലംപതിക്കുമായിരുന്നു. ഒരു പക്ഷേ, ചക്രവർത്തി മാനസാന്തരപ്പെട്ടേയ്ക്കാൻ എളുപ്പമുണ്ടെന്നു കരുതി, വി. ബസേലിയോസു് അദ്ദേഹത്തിന്റെ കാഴ്ച സ്വീകരിച്ചു. നിസ്സാരമെങ്കിലും ഒരു പരിവത്തനം ചക്രവർത്തിയിൽ പ്രത്യക്ഷമായി. വി. ബസേലിയോസിനോടുള്ള സംസാരത്തിലും സ്വാതന്ത്രമായും സ്വൈരമായും വാദപ്രതിവാദം ചെയ്വാൻ അദ്ദേഹത്തെ അനുവദിച്ചതിലും, ഈ പരിവത്തനമാണു് നാം കാണുന്നതു്. വന്ദ്യനായ ആ മെത്രാൻ നിർങ്കുശമായ സ്വാതന്ത്ര്യത്തോടെ വാലൻസിനോടു സംസാരിച്ചു. അദ്ദേഹത്തിന്റെ ഒരു നോട്ടം, അദ്ദേഹത്തെ ഭീഷണിപ്പെടുത്തുവാൻ ശ്രമിച്ച ഒരു യോദ്ധാവിനെപ്പോലും മൗനവ്രതനാക്കി. കേസറിയായിൽ ഒരു ആസ്പത്രി സ്ഥാപിക്കുന്നതിനുള്ള സ്ഥലം വാലൻസു നൽകി. പക്ഷെ, കാലാന്തരത്തിൽ അദ്ദേഹം ആരിയൻജനതയുടെ പ്രേരണാശക്തിക്കു വശംവദനാകുകയും അവരുടെ അഭിലാഷാനുസരണം, വി. ബസേലിയോസിനെ നാടുകടത്തുവാൻ തീരുമാനിക്കുകയും ഉണ്ടായി. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ പുത്രൻ രോഗബാധിതനായി. ചികിത്സ പലതും ചെയ്തു. എല്ലാം വിഫലമായി. വൈദ്യന്മാരെല്ലാം കയ്യൊഴിഞ്ഞു. ചക്രവർത്തി പശ്ചാത്താപപരവശനായി, വി. ബസേലിയോസിനെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു. ആ ബാലനെ ഒരു കത്തോലിക്കനായി വളത്തിയാൽ അവൻ മരിക്കയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ചക്രവർത്തി അതിനു സമ്മതിച്ചു. വി. ബസേലിയോസു് ഉടനെ പ്രാത്ഥിക്കുകയും ആ കുട്ടിക്കു സൗഖ്യം ലഭിക്കുകയും ചെയ്തു. പക്ഷെ വാലൻസു് വാഗ്ദാനമെല്ലാം അവഗണിച്ചു. ഒരു ആരിയൻമെത്രാൻ ആ കുട്ടിയെ ജ്ഞാനസ്നാനപ്പെടുത്തി. എന്നാൽ അധികം താമസിയാതെ ആ കുട്ടി വീണ്ടും രോഗബാധിതനാവുകയും മരണം പ്രാപിക്കുകയും ചെയ്തു. ഈ ദാരുണസംഭവം ഹൃദയപരിവത്തനത്തെ പരിപൂൎണ്ണമാക്കുന്നതിനു പകരം, അതിന്റെ ലാഞ്ചനം പോലും നഷ്ടമാക്കി. വിശുദ്ധ ബസേലിയോസിനെ ബഹിഷ്കരിക്കുവാൻ തന്നെ അയാൾ വീണ്ടും തീരുമാനിച്ചു. പക്ഷെ ആ ഉത്തരവിൽ ഒപ്പിടുവാൻ അയാൾക്കു സാധിച്ചില്ല. അതിനായി പേന കയ്യിലെടുത്തപ്പോൾ അയാളുടെ കരം വിറച്ചുതുടങ്ങി. ഏറെ താമസിയാതെ ഒരു യുദ്ധമദ്ധ്യേ വാലൻസു് നിര്യാണമടഞ്ഞു.

അദ്ദേഹത്തിന്റെ മൃതശരീരംപോലും കണ്ടുകിട്ടിയിട്ടില്ല. ശാപപ്രയോഗംമൂലം വിഗതശക്തനായ അദ്ദേഹത്തെ, വിശ്രമത്തിനായി ഒരു കുടിലിൽ കിടത്തിയെന്നും, ശത്രുക്കൾ ആ കുടിൽ അഗ്നിക്കിരയാക്കിയപ്പോൾ വാലൻസും വെന്തു വെണ്ണീറായിയെന്നുമാണ് ഒരൈതീഹ്യം.

വിശുദ്ധ ബസേലിയോസ്, വിശുദ്ധ ഗ്രീഗരിനസ്യാൻസിന്റെ ആപ്തമിത്രമായിരുന്നു. ആതൻസ് വിദ്യാലയത്തിൽവച്ചു സമാരംഭിച്ച അവരുടെ സ്നേഹം, വിരഹകാലത്തും വേർപെടാതെ അനുക്രമം വളൎന്നു ദൃഢമൈത്രിയായി കലാശിക്കുകയാണു ചെയ്തതു്. വിശുദ്ധ ഗ്രീഗരിയും വിശ്വാസത്തിന്റെ വിശുദ്ധിയെ പാലിക്കുവാൻ നിരന്തരം ശ്രമിച്ചിരുന്നു. വി. ഗ്രീഗരി പറയുന്നു "ഞങ്ങൾ രണ്ടുപേരുടേയും പരമലക്ഷ്യം ഒന്നുതന്നെയായിരുന്നു. ഒരേ നിധിയെ ഞങ്ങൾ രണ്ടാളും അന്വേഷിച്ചു. സൗഭാഗ്യസംദായകമായ ഒരു നിത്യത്വം പ്രാപിക്കുവാനുള്ള ഒരുക്കത്താൽ ഞങ്ങളുടെ മൈത്രിയെ അനശ്വരമാക്കുവാൻ ഞങ്ങൾ യത്നിച്ചു. ഞങ്ങൾ ഞങ്ങളുടെ കൃത്യങ്ങളെ പരസ്പരം നിരീക്ഷണം ചെയ്കയും, പരസ്പരം ഉത്തമജീവിതം നയിപ്പാൻ പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അസാന്മാൎഗ്ഗികമായ ജീവിതം നയിച്ചിരുന്ന ഞങ്ങളുടെ സഹപാഠികളോടു ഞങ്ങൾ സംസാരിച്ചിട്ടേ ഇല്ല. ദുൎമ്മാതൃകകളുടെ ദുഷ്പ്രശക്തി നേരത്തെ ഞങ്ങൾ അറിഞ്ഞിരുന്നു. എന്നാൽ എളിമ, വിനയം, സൽബുദ്ധി ആദിയായ സൽഗുണങ്ങളാൽ പ്രശോഭിച്ചിരുന്നവരെ ഞങ്ങൾ ബഹുമാനിക്കുകയും അവരോടു സൗഹാർദ്ദമായി വൎത്തിക്കുകയും ചെയ്തു. അന്നു് ആതൻസിൽ, രണ്ടു വഴികൾ മാത്രമേ ഞങ്ങൾക്കു പരിചിതമായിരുന്നുള്ളു— (1) ദേവാലയത്തിലേക്കു പോകുന്നതും, (2) വിദ്യാലയത്തിലേക്കുള്ളതും. നാടകശാലകളിലേക്കും മററു വിനോദരംഗങ്ങളിലേക്കുമുള്ള മാൎഗ്ഗങ്ങൾ ഞങ്ങൾക്കു തീൎത്തും അജ്ഞാതങ്ങളായിരുന്നു." ക്രിസ്ത്യൻ യുവാക്കന്മാൎക്കു എത്ര അനുകരണയോഗ്യമായ മാതൃക. വി. ഗ്രീഗരി തന്റെ ജീവിതകാലത്തിൽ ഭൂരിഭാഗവും ലോകദൃഷ്ടിയിൽനിന്നും മറഞ്ഞു ധ്യാനപരായണനായി കഴിച്ചു. പക്ഷെ, ഒടുവിൽ ആത്മമിത്രമായ വി. ബസേലിയോസിന്റെ നിർബന്ധത്തിനു വിധേയനായി മെത്രാൻപദം സ്വീകരിക്കുകയുണ്ടായി. കോൺസ്റ്റാന്റിനോപ്പിൾരൂപതയുടെ മെത്രാനായിരുന്ന കാലഘട്ടത്തിൽ ഇദ്ദേഹം ആരിയൻശക്തിപ്രവാഹത്തെ വിജയകരമായി പ്രതിരോധിച്ചു. എന്നാൽ വി. ഗ്രീഗരിയുടെ സാധുജനസ്നേഹവും, വിനയസ്വഭാവവും അദ്ദേഹത്തെ ആദ്യം ആരിയൻ ജനതയുടെ ഹാസ്യവിഷയവും അനന്തരം അവരുടെ കോപപാത്രവും ആക്കിത്തീൎത്തു. മാ

ത്രമല്ല, ജനങ്ങഠം അദ്ദേഹത്തെ കല്ലെറിയുകയും 'ദുർമ്മാർഗ്ഗപ്രേരകൻ' എന്ന അപരാധം ആരോപിച്ച് ന്യായാധിപസന്നിധിയിൽ ഹാജരാക്കുകയും, ഉണ്ടായി. അദ്ദേഹമാവട്ടെ ഈ അവമാനങ്ങളേയും പീഡനങ്ങളേയും എല്ലാം ക്ഷമാപൂർവ്വം സഹിച്ചു. അദ്ദേഹത്തിൻെറ ജീവിതം ഘോരമായ തപസ്സിൻെറയും വിജയകരമായ ഇന്ദ്രിയനിഗ്രഹത്തിൻെറയും ഫലമായിരുന്നു. സുവിശേഷവാക്യങ്ങളേക്കുറിച്ചുള്ള ധ്യാനവും, ആത്മീയാത്മജരുടെ ക്ഷേമൈശ്വര്യങ്ങഠംക്കു വേണ്ടിയുള്ള പ്രാർത്ഥനയും അദ്ദേഹത്തിൻെറ ജീവിതപരിപാടിയിലെ രണ്ടു പ്രധാന സംഗതികളായിരുന്നു. ഇവയുടെയൊക്കെ ഫലമായി വി. ഗ്രീഗരി ഒടുവിൽ ജനാവലിയുടെ സ്നേഹാദരകേദാരമായി പരിണമിച്ചു. വിശേഷിച്ചും, വേദപുസ്തകത്തേക്കുറിച്ചുള്ള അഗാധജ്ഞാനവും, യുക്തിയുക്തമായ വാദഗതിയും, അനന്യസാധാരണവും അത്യുജ്ജ്വലവുമായ പ്രതിഭാവിലാസവും, വിസ്മയാവഹവും അത്യാകർഷണീയവുമായ വാഗ്വിലാസവും, സരളവും സുന്ദരവുമായ രചനാരീതിയും, ആ നഗരവാസികളുടെ നിസ്തുല്യമായ അഭിനന്ദനം അദ്ദേഹത്തിനു സമാർജ്ജിച്ചുകൊടുത്തു. ഗ്രീഗരിയുടെ പ്രസംഗങ്ങളും പ്രബന്ധങ്ങളും വിശ്വാസസത്യങ്ങളെ വിജയകരമായി സംരക്ഷിച്ചുവെങ്കിൽ അദ്ദേഹത്തിൻെറ പുണ്യബഹുലമായ ജീവിതം സഭാസന്താനങ്ങഠംക്കു അതിവിശിഷ്ടമായ ഒരു മാതൃകയെ സംഭാനംചെയ്തു. എന്നാൽ കോൺസ്റ്റാൻറിനോപ്പിഠം രൂപതയിലേക്കുള്ള ഇദ്ദേഹത്തിൻെറ നിയമനത്തെക്കുറിച്ച് തക്കമുണ്ടാകയാൽ അദ്ദേഹം അതിനെ ഒരു സുവർണ്ണാവസരമായിക്കരുതി. മെത്രാൻസ്ഥാനത്തെ ഉപേക്ഷിച്ച് താൻ അനേകനാളായി ആഗ്രഹിച്ചിരുന്ന ഏകാന്തജീവിതത്തിനായി ആശ്രമഭിത്തിക്കുള്ളിൽ മറഞ്ഞു. വി. ഗ്രീഗരിയുടെ പ്രസംഗങ്ങളിൽ പലതും പ്രബന്ധരൂപത്തിൽ ഇന്നും സൂക്ഷിക്കപ്പെട്ടുവരുന്നു. അവയിൽ അദ്ദേഹം പ്രകടിപ്പിച്ചിരിക്കുന്ന പരിണതവും പരിശുദ്ധവുമായ പരിജ്ഞാനം, ഗഹനവും പാവനവുമായ ഏതു വിഷയത്തേക്കുറിച്ച് അവ പ്രതിപാദിക്കപ്പെടുന്നുവോ അതിനു തീർത്തും അനുയോജ്യമാണ്. ഇവയെല്ലാം ചിന്തിക്കുമ്പോഠം 'വേദശാസ്ത്രപണ്ഡിതൻ' എന്ന അദ്ദേഹത്തിൻെറ അഭിധാനം എത്രയും അന്വർത്ഥവും, സർവ്വഥാ അർഹവും ആണെന്നു ആരും നിസ്സംശയം സമ്മതിക്കുകയും ചെയ്യും.

വാലൻസ് ചക്രവർത്തിയുടെ നിര്യാണം പൌരസ്ത്യരാജ്യങ്ങളിലെ ആരിയൻശക്തിയെ സാരതരമായി ക്ഷയിപ്പിച്ചു. എന്നാൽ, നിർഭാഗ്യവശാൽ ഒരു നവീന പാഷണ്ഡത അപ്പോഠം അവിടെ ആവിർഭൂതമാകുന്നതിനിടയായി. ആ്യൻ പാഷണ്ഡത ക്രിസ്തുവിൻെറ ദൈവത്വ

ത്തെ നിഷേധിച്ചുവെങ്കിൽ ഈ പുതിയ മതം പരിശുദ്ധാത്മാവിന്റെ ദൈവത്വത്തേയാണു നിരാകരിച്ചതു്. ഭുജബലത്താൽ കോൺസ്റ്റാൻന്റിനോപ്പിൾ മെത്രാന്റെ സിംഹാസനം സ്വാധീനമാക്കിയ അദ്ധ്യാൎയ്യനായ ഒരു മാസിഡോണിയസ്സ് ആയിരുന്നു ഇതിന്റെ സ്ഥാപകൻ. നാലു കൊല്ലത്തോളം ഈ നവീന സിദ്ധാന്തം ആൎയ്യൻ മതതത്വങ്ങളുടെ ഇടയിൽ ഒളിഞ്ഞുകിടന്നു. നമ്മുടെ കൎത്താവിന്റെ ദൈവത്വം സംസ്ഥാപിതമായപ്പോൾ ഇതും ഇതുവരെ മറഞ്ഞിരുന്ന തിരസ്കരണിയേ ഭേദിച്ചു പ്രത്യക്ഷപ്പെട്ടു. എന്നാൽ കുശാഗ്രബുദ്ധിയായിരുന്ന വി. അത്തനേഷ്യസ്, വാലൻസിന്റെ വാഴ്ചയുടെ കാലത്തുതന്നെ ഈ മതവൈപരീത്യത്തിന്റെ ലാഞ്ഛനകൾ കാണുകയും അതിനെ പാടേ ഖണ്ഡിക്കുന്ന ഒരു പ്രബന്ധം രചിക്കുകയും ചെയ്തിരുന്നു. ഈ പ്രബന്ധത്തിൽ ത്രീത്വത്തിന്റെ പരമരഹസ്യത്തെ ഭംഗിയായി വിശദീകരിച്ചു് പരിശുദ്ധാത്മാവു ദൈവമാണെന്നു വേദസാക്ഷ്യങ്ങളാൽ തെളിയിച്ചതിനും പുറമേ, ഈ സിദ്ധാന്തം അപ്പസ്തോലന്മാരുടെ വിശ്വാസനിക്ഷേപത്തിൽ ഉണ്ടെന്നുള്ള അഭിപ്രായത്തെ ശക്തിയുക്തം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. എങ്കിലും ആരിയൻശക്തി കുറഞ്ഞതോടുകൂടി മാസിഡോണിയൻ പ്രാബല്യം വൎദ്ധിച്ചുവന്നു. അവരുടെ ജീവിതം ക്രമീകൃതവും, ഭാവം ഗൌരവവും, സ്വഭാവം അനാക്ഷേപകരവും, ആയിരുന്നു. ഈ സ്ഥിതിക്കു ബാഹ്യഭാവങ്ങളെ ആസ്പദമാക്കി വിധികല്പിക്കുന്ന ലോകം ഇവരുടെ സിദ്ധാന്തങ്ങളേ ആദരിച്ചതിനോ, അശ്ലേഷിച്ചതിലോ അത്ഭുതപ്പെടേണ്ടതില്ലല്ലോ. കോൺസ്റ്റാൻറിനോപ്പിളിലും ത്രെയിസിലും, ബിത്തിനിയായിലും ഹെലസ്പോണ്ടിന്റെ തീരങ്ങളിലും ഈ നൂതനമതം ത്വരിതമായി പ്രചരിച്ചു. എന്നാൽ, വാലൻസിന്റെ പിൻഗാമിയായി പൌരസ്ത്യസിംഹാസനത്തെ അലങ്കരിച്ച തിയഡോഷ്യസ് ഈ അബദ്ധസിദ്ധാന്തത്തെ ഉന്മൂലനം ചെയ്യുവാൻ തീവ്രമായി പരിശ്രമിക്കാതിരുന്നില്ല. തിയഡോഷ്യസ്സിന്റെ ജ്ഞാനസ്നാനം കഴിഞ്ഞയുടനെ അദ്ദേഹം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. സത്യവിശ്വാസത്തിന്റെ മാനദണ്ഡവും, അബദ്ധസിദ്ധാന്തത്തിന്റെ നികഷവും റോമൻകത്തോലിക്കാസഭയോടുള്ള ഐക്യം ആണെന്നു് ഇതിൽ ചക്രവൎത്തി വ്യക്തമായി പ്രസ്താവിക്കുന്നു. അദ്ദേഹം പറയുന്നു. "അപ്പസ്തോലഗണത്തിന്റെ നട്ടനായകമായിരുന്ന വി. പത്രോസ്, റോമാക്കാരെ പ്രബോധിപ്പിച്ചതും പത്രോസിന്റെ സിംഹാസനത്തെ ഇന്നു് അലങ്കരിക്കുന്ന ഡാമസ്ക്കുസു മാൎപ്പാപ്പാ അനുസരിക്കുന്നതും പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്ന ത്രിത്വത്തിന്റെ അവിഭാജ്യമായ ഏകത്വത്തിൽ വിശ്വ

സിക്കുന്നതുമായ മതത്തെ നമ്മുടെ എല്ലാ പ്രജകളും സമാശ്ലേഷിക്കണമെന്നാണു് നമ്മുടെ അഭിമതം. തന്നിമിത്തം ഇപ്രകാരം വിശ്വസിക്കുന്നവർ മാത്രം കത്തോലിക്കരെന്നു് അഭിസംബോധന ചെയ്യപ്പെടണമെന്നും നാം ആജ്ഞാപിക്കുകയും ചെയ്യുന്നു".

എന്നാൽ സഭയിൽ പൂർണ്ണമായ സമാധാനം കൈവരുത്തുവാൻ രാജശാസനത്തേക്കാൾ ശ്രേഷ്ഠമായ എന്തെങ്കിലും വേണമെന്നു് തിയഡോഷ്യസ്സിനു് അറിയാമായിരുന്നു. അതിനാൽ കോൺസ്റ്റന്റയിൻ നടത്തിയതുപോലെ ഒരു സൂനഹദോസു് അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിൽ വിളിച്ചുകൂട്ടി. സമ്മേളനാവശ്യത്തിനുള്ള സകല ചെലവുകളും രാജഭണ്ഡാരത്തിൽ നിന്നും ആയിരുന്നു കൊടുത്തതു്. പൌരസ്ത്യസാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി 150 കത്തോലിക്കാമെത്രാന്മാരും 36 മാസിഡോണിയൻമെത്രാന്മാരും ഈ സൂനഹദോസിൽ സംബന്ധിച്ചു. അന്ത്യോഖ്യാ മെത്രാനായ മെലേഷ്യസു് ഈ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു. ഈ മെത്രാന്മാർ ചക്രവർത്തിയെ മുഖം കാണിച്ചപ്പോൾ അദ്ദേഹം സഭയിലെ സമാധാനസംസ്ഥാപനത്തെക്കുറിച്ചു് അതിദീർഘമായും ഹൃദയം തുറന്നും അവരോടു സംസാരിക്കയുണ്ടായി. സമ്മേളനസമയത്തും അദ്ദേഹം മാസിഡോണിയൻസിനെ പുനരൈക്യപ്പെടുത്തുവാൻ ആശ്രാന്തമായി ശ്രമിക്കാതിരുന്നില്ല. എന്നാൽ അവർ അതു വിസമ്മതിച്ചു് സമ്മേളനത്തിൽ നിന്നും പിന്തിരിഞ്ഞു. അതിനാൽ ആ സൂനഹദോസിൽ വച്ചു സഭയുടെ അസ്ഥിവാരമായ നിഖ്യാവിശ്വാസത്തെ സ്ഥിരീകരിക്കുകയും മനുഷ്യാവതാരരഹസ്യത്തെയും പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെയും സംബന്ധിക്കുന്ന ഏതാനും ഭാഗങ്ങളെ കൂടുതൽ ചേർത്തു കൊണ്ടു 'മാസിഡോണിയൻസി'നെ ശപിച്ചു മഹറോൻ ചൊല്ലുകയും ചെയ്തു. "മനുഷ്യനായി പിറന്നു, പാടുപെട്ടു" എന്നു മാത്രമുണ്ടായിരുന്ന നിഖ്യായിലെ കാനോനായെ റൂഹാദക്കുദിശായാലെ ജനിപ്പിക്കപ്പെട്ടു പരിശുദ്ധ കന്യാസ്ത്രീമറിയത്തിൽ നിന്നും പിറന്നു നമുക്കുവേണ്ടി പാടുപെട്ടു എന്നു വിശദീകരിച്ചു. പരിശുദ്ധാത്മാവിനെ സംബന്ധിച്ചു നിഖ്യാവിശ്വാസപ്രമാണത്തിൽ പരിശുദ്ധ റൂഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നു മാത്രമേ പറഞ്ഞിരുന്നുള്ളൂ. എന്നാൽ പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ സ്ഥാപിക്കുന്നതിനും അതു നിഷേധിക്കുന്നവരെ മഹറോൻ ചൊല്ലുന്നതിനും കൂടിയ ഈ സൂനഹദോസു് ആ തത്വത്തെ പിതാവിൽ നിന്നു ~~ജനിക്കുന്നതും~~ പിതാവിനോടും

പുത്രനോടും കൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും സാക്ഷാൽ ദൈവവും ജീവസംദായകനും പ്രവാചകന്മാർ വഴി സംസാരിച്ചവനും ആയ പരിശുദ്ധാത്മാവിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നു് വ്യക്തമായും സുഗ്രാഹ്യമായും അതേ സമയം തന്നേ അനിഷേധ്യമായും വിശദപ്പെടുത്തി. ചക്രവത്തി ദൈവത്തിൻെറ വചനങ്ങൾപോലെ ഇതിനെ വിശ്വസിക്കുകയും രാജശാസനത്താൽ അതിനെ സാമ്രാജ്യത്തിലെങ്ങും നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്തു. പൌരസ്ത്യമെത്രാന്മാർ മാത്രം സംബന്ധിച്ചതും പരിശുദ്ധ പിതാവിനാൽ നിമന്ത്രണം ചെയ്യപ്പെടുകയൊ അദ്ദേഹത്തിൻെറ പ്രതിനിധി അദ്ധ്യക്ഷം വഹിക്കുകയൊ ചെയ്യാതെ സമ്മേളിച്ചതും ഈ സൂനഹദോസിൻെറ പ്രത്യേകതയാണു്. എന്നാൽ അതിൻെറ തീരുമാനങ്ങളെ—മൂന്നാമത്തെ കാനോന ഒഴിച്ചു—പരിശുദ്ധ സിംഹാസനം അംഗീകരിച്ചതിനാലും പാശ്ചാത്യസഭയും അവയേ അനുസരിച്ചു വരുന്നതിനാലും ഈ സൂനഹദോസിനേയും ഒരു സാവ്വത്രികസൂനഹദോസായി പരിഗണിക്കപ്പെട്ടു വരുന്നു.

'തീയോഡിയസു്'' ചക്രവത്തി സാധുവും ശാന്തനും ആയിരുന്നു. ആലോചനാരഹിതമായി എടുത്തു ചാടി പ്രവത്തിക്കുക എന്നതു് അദ്ദേഹത്തിൻെറ ഒരു സ്വഭാവമത്രേ. എ. ഡി 357_ൽ അനീതിപരമായ ഒരു നികുതിയെ സംബന്ധിച്ചു് അന്ത്യോഖ്യായിൽ ഒരു കലഹമുണ്ടായി; ജനാവലി അവരുടെ കോപാന്ധതയുടെ പാരമ്യത്തിൽ ചക്രവത്തിയുടേയും ചക്രവത്തിനിയുടേയും പ്രതിമകളെ തല്ലിത്തകക്കുകയും തെരുവുകളിൽ കൂടി വലിച്ചിഴയ്ക്കുകയും ഉണ്ടായി. വിവരം അറിഞ്ഞ ചക്രവത്തി കോപാധിക്യത്താൽ ഉഗ്രസിംഹത്തെപ്പോലെ അലറി. അന്ത്യോഖ്യാനഗരത്തേയും നഗരനിവാസികളേയും മുഴുവൻ നശിപ്പിക്കുവാൻ അദ്ദേഹം ആദ്യം വിചാരിച്ചു. എന്നാൽ കുറെ കഴിഞ്ഞു് ആ ഉഗ്രകോപം അല്പം ശാന്തമായപ്പോൾ അദ്ദേഹം ചെയ്തതു് കുററക്കാരെ വധിക്കുവാൻ അധികാരമുള്ള ഒരു കമ്മീഷനേ അവിടെ നടന്ന സംഭവങ്ങളേക്കുറിച്ചു് അന്വേഷിക്കുവാൻ നിയോഗിക്കുക മാത്രമാണു്. ഇത്രയുമായപ്പോഴേക്കും നഗരവാസികൾ ഭയവിഹ്വലരായി. അവരുടെ അപരാധത്തിൻെറ കാഠിന്യം അവർ ഗ്രഹിച്ചു. തെരുവുകളിൽ ഇറങ്ങുന്നതിനു പോലും അവർ ധൈയ്യപ്പെട്ടില്ല. അന്തിയോഖ്യാമെത്രാനായ "ഫ്ലാവിയസി"നു് ജനാവലിയുടെ മേൽ വലുതായ അനുകമ്പ തോന്നി. രാജാവിൻെറ കോപം ശമിപ്പിക്കുന്നതിനും പ്രതികാരബുദ്ധി മാററി കരുണാകരമായ ഒരു മനസ്ഥിതി ഉളവാക്കുന്നതിനും ആ വന്ദ്യൻ അഹോരാ

ത്തം ദൈവത്തോടു പ്രാർത്ഥിച്ചു. ഒടുവിൽ പുണ്യവാനായ വയോവൃദ്ധൻ രാജസന്നിധിയിൽ ചെന്നു് തന്റെ അജഗണങ്ങൾക്കുവേണ്ടി മാപ്പപേക്ഷിച്ചു. "കോപാവേശത്താൽ അന്ധരായി പ്രവർത്തിച്ചുപോയി. ക്ഷമിക്കണമേ" എന്നായിരുന്നു ഫ്ലാവിയൻമെത്രാന്റെ അഭ്യർത്ഥന. ഇതിനു മറുപടിയായി ചക്രവർത്തി അന്ത്യോഖ്യാനഗരത്തിനു ചെയ്തിട്ടുള്ള ഓരോ നന്മയേയും വിവരിച്ചു വിവരിച്ചു പറഞ്ഞു. ഓരോന്നും പ്രസ്താവിച്ച ശേഷം അദ്ദേഹം ചോദിച്ചു. "ഇപ്രകാരമോ അവർ എന്നോടു കാണിക്കേണ്ട സ്നേഹം" വന്ദ്യനായ മെത്രാനു് ജനാവലിയുടെ അപരാധകാഠിന്യം നല്ലവണ്ണം മനസ്സിലായിരുന്നു. അദ്ദേഹം പറഞ്ഞു "അല്ലയോ മഹാനായ ചക്രവർത്തി! എത്രയും കഠിനതരമായ ശിക്ഷ തന്നെ ഞങ്ങൾ അർഹിക്കുന്നു. അന്ത്യോഖ്യ'യെ മുഴുവൻ ദഹിപ്പിച്ചു് ഭസ്മമാക്കുക. എന്നാലും ശിക്ഷയേക്കാൾ കഠിനം ഞങ്ങളുടെ കൃതഘ്നതയായിരിക്കും. ദൈവത്തിന്റെ പ്രവൃത്തികളെ അവിടുന്നൊന്നു നിരീക്ഷിക്കുക. അതായിരിക്കട്ടെ, അവിടുത്തെ മാതൃക. സൃഷ്ടികൾ സ്രഷ്ടാവിനെ വെറുക്കുകയും ഉഗ്രമായി ഉപദ്രവിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവം അവരോടു ക്ഷമിക്കുകയും, അവക്കു് നിത്യസൗഭാഗ്യസങ്കേതമായ മോക്ഷരാജ്യത്തെ പ്രദാനം ചെയ്കയുമല്ലയോ ചെയ്യുന്നതു്? അവിടുന്നും. അതുപോലെ ഞങ്ങളോടു ക്ഷമിക്കുന്നുവെങ്കിൽ, ഞങ്ങളുടെ ഭാവിജീവിതത്തിനു് ഞങ്ങൾ അങ്ങയോടു് കടംപെട്ടിരിക്കുന്നതിനുംപുറമേ, കരുണാകരമായ ആ പ്രവൃത്തി അങ്ങേ യശോധാവള്യത്തെ ഉപരി ഉജ്ജ്വലമാക്കുകയും ചെയ്യും. ഞങ്ങളുടെ രാജദ്രോഹകരമായ പ്രവൃത്തി ഒരു ദുർമ്മാതൃകയായി തീരുന്നുകയില്ലേയെന്നും ഭയപ്പെടേണ്ട. ഞങ്ങളുടെ ഇപ്പോഴത്തെ ഭയം തന്നെ അന്യക്കു ഭീതിയും, ഞങ്ങൾക്കു നൽകാവുന്നതിൽ വലുതായ ശിക്ഷയുമാണു്. വയോവൃദ്ധനായ ഒരുവന്റെ അഭിപ്രായത്തിനു് വശംവദനാകുന്നതു്, അവിടുത്തെ പ്രൌഢിക്കു ചേന്നതല്ലെന്നും വിചാരിക്കേണ്ടാ. കേവലം വൃദ്ധനായ മനുഷ്യനെന്ന നിലയല്ല; പ്രത്യുത ദൈവത്തിന്റെ പുരോഹിതനും പ്രതിപുരുഷനും എന്ന നിലയിലാണു് ഞാൻ അങ്ങയോടു സംസാരിക്കുന്നതു്. ദൈവനാമത്തിൽ ഞാൻ അങ്ങയോടു് ഉപദേശിക്കുന്നതു് "നിങ്ങൾ ക്ഷമിക്കുന്നില്ലായെങ്കിൽ സ്വർഗ്ഗത്തിലിരിക്കുന്നവനായ പിതാവു് നിങ്ങളുടെ പാപങ്ങളെ നിങ്ങളോടും ക്ഷമിക്കുകയില്ല" എന്നാകുന്നു. തീയഡോഷ്യസിന്റെ മനസ്സു ഇളകി. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. ഗദ്ഗദത്തോടെ അദ്ദേഹം ചോദിച്ചു. "ദിവ്യരക്ഷകനായ യേശു അങ്ങേ വധിച്ചവക്കുവേണ്ടി ദൈവത്തോടു ക്ഷമായാചനം ചെയ്തുവെങ്കിൽ കേവലം മനുഷ്യനായ ഞാൻ എന്റെ സ

ഹോദരങ്ങളോട്ട ക്ഷമിക്കുകയില്ലെന്നോ? പിതാവേ! അവിടുന്നു വേഗം പോയി, ഭീതിയെല്ലാം വെടിഞ്ഞു് സന്തുഷ്ടരായിരിപ്പാൻ അവിടുത്തെ ജനത്തെ അറിയിക്കുക.

ഏതാനും നാളുകൾ കഴിഞ്ഞപ്പോഴേയ്ക്കും ചക്രവത്തി ഇതെല്ലാം വിസ്മരിച്ചു. കോപാവേശത്താൽ, ഗവണ്ണരെ വധിച്ച തെസലോനിക്കയിലെ ജനങ്ങളെ കൂട്ടമായി നിഗ്രഹിക്കുവാൻ ഇദ്ദേഹം പിന്നീടു് ആജ്ഞാപിക്കുകയുണ്ടായി. ഉദ്ദേശം ഏഴായിരംപേർ ഈ കൂട്ടക്കൊലയിൽ വധിക്കപ്പെട്ടു. അന്നു ചക്രവത്തി മിലാനിലായിരുന്നു താമസം. അവിടുത്തെ മെത്രാനായ വി. അംബ്രോസീസു്, ചക്രവത്തി ചെയ്ത അവിവേകമായ പ്രവത്തിയുടെ കാഠിന്യത്തെ അദ്ദേഹത്തെ മനസ്സിലാക്കുന്നതിനും, പശ്ചാത്താപപ്പെട്ടു പ്രായശ്ചിത്തമെടുക്കുന്നതുവരെ മതകമ്മങ്ങളിൽ സംബന്ധിക്കരുതെന്നു നിരോധിക്കുന്നതിനും, ഒരു കത്തു തീയഡോഷ്യസിനയച്ചു. തീയഡോഷ്യസു് ഇതിനെ അഗണ്യമാക്കി ദേവാലയത്തിലേക്കു പോയി. എന്നാൽ വി. അംബ്രോസീസു് ദേവാലയകവാടത്തുങ്കൽവച്ചുതന്നെ അദ്ദേഹത്തെ നിരോധിച്ചു. അദ്ദേഹം ചക്രവത്തിയോടു ചോദിച്ചു. "നിങ്ങളുടെ പാപകാഠിന്യത്തേക്കുറിച്ചു് ചിന്തിക്കുകപോലും ചെയ്യാത്ത നിങ്ങൾ എപ്രകാരം ദൈവത്തിൻെറ പരിശുദ്ധസ്ഥലത്തിൽ പ്രവേശിപ്പാൻ ധൈയ്യപ്പെടും? നിരപരാധികളായ ആ ജനങ്ങളുടെ ജീവഹാനിക്കു നിങ്ങൾ ഉത്തരവാദിയായിരിക്കെ, പരിശുദ്ധരിൽ പരിശുദ്ധനായ മിശിഹായെ ഉൾക്കൊള്ളുവാൻ നിങ്ങൾ ധൈയ്യപ്പെടുന്നെന്നോ? കൊള്ളാം! അല്ലയോ ചക്രവത്തി! പരനിഗ്രഹമെന്ന ഭയങ്കരപാപത്തെ വദ്ധിപ്പിക്കാതെ തിരിച്ചുപോയാലും." ഇതിനുത്തരമായി ദാവീദിൻെറ ഉദാഹരണം ചക്രവത്തി ഉദ്ധരിച്ചു. അപ്പോൾ വി. അംബ്രോസീസു പറഞ്ഞു. "നിങ്ങൾ നിങ്ങളുടെ പാപത്തിൽ ദാവീദിനെ അനുകരിച്ചിരിക്കുന്നു. എന്നാൽ പശ്ചാത്താപത്തിലും അദ്ദേഹത്തിനെ അനുകരിക്കുക". പരിഭ്രാന്തിയോടെ തീയഡോഷ്യസു് അവിടെനിന്നും പിൻവാങ്ങി. അനന്തരം എട്ടു മാസത്തോളം അദ്ദേഹം ലോകദൃഷ്ടിയിൽനിന്നും കഴിയുന്നത്ര മറഞ്ഞു് ഏകാന്തവാസം അനുഷ്ഠിച്ചു. ക്രിസ്തുമസ്സ്കാലം സമാഗതമായതോടെ ചക്രവത്തിയുടെ ദുഃഖം തീവ്രമായി. ഒരിക്കൽ വിലപിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു "എൻെറ പ്രജകളിൽ ഏററവും നിസ്സാരനുപോലും ഏതു ദേവാലയത്തിലും പ്രവേശിക്കാം. എന്നാൽ, ഞാനോ അതിനർഹനല്ല". ഈ വിചാരം അദ്ദേഹത്തെ അത്യധികം ആകുലപ്പെടുത്തി. പശ്ചാത്താപപരവശനായി

അദ്ദേഹം വി. അംബ്രോസീസിൻെറ സന്നിധിയിൽ ചെന്നു പാപവി മോചനം നൽകണമെന്നു് അപേക്ഷിച്ചു. പരസ്യമായ എതെങ്കിലും പരിഹാരം ചെയ്കയും, മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്നവരുടെ വിധി നടത്തിപ്പ് ഒരു മാസത്തേക്കു ദീർഘിപ്പിക്കുകയും ചെയ്യെങ്കിലേ പാപവിമോചനം നൽകുവാൻ നിവൃത്തിയുള്ളുവെന്നായിരുന്നു ഇതിനു വി. അംബ്രോസീസിൻെറ മറുപടി. തിയഡോഷ്യസ് സസന്തോഷം ഇതിനനുകൂലിക്കുകയാൽ വി. അംബ്രോസീസ് അദ്ദേഹത്തിൻെറ മഹറോൻ പിൻവലിച്ചു. ചക്രവർത്തി ഉടനെ ദേവാലയത്തിൽ പ്രവേശിച്ചു പ്രധാന പീഠത്തുങ്കൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു നെഞ്ചിൽ ഇടിച്ചു് ദാവീദിൻെറ വാക്യങ്ങളെ ആവർത്തിച്ചു". "എൻെറ ആത്മാവു് തറയോടു ഒട്ടിച്ചേർന്നു; നിൻെറ വചനത്തിനനുസരണമായി എന്നെ ജീവിപ്പിക്കേണമേ" സങ്കീർത്തനം 118_25.

ഹൃദയഭേദകമായ ഈ കാഴ്ച അവിടെ കൂടിയിരുന്ന ജനങ്ങളേയും സങ്കടവിവശരാക്കി. അവരും കണ്ണുനീർ ചിന്തി, തിയഡോഷ്യസിനുവേണ്ടി പ്രാർത്ഥിച്ചു. പാപത്തിൽ ദാവീദിനേ അനുകരിച്ച അദ്ദേഹം പശ്ചാത്താപത്തിൽ ദാവീദിനേയും അതിശയിച്ചുകൊണ്ടു്, ഭക്തിപാരവശ്യത്തോടെ വി. കുർബാന സ്വീകരിച്ചു സംതൃപ്തിയടഞ്ഞു.

തിയഡോഷ്യസിൻെറ ഭരണത്തിൽ, ആര്യൻ ശക്തി, പൌരസ്ത്യ രാജ്യങ്ങളിൽ ക്ഷയോന്മുഖമായിയെങ്കിലും, വാലൻഷ്യൻ ദ്വിതീയൻെറ മാതാവായ ജസ്റ്റീനിയായുടെ രക്ഷാകർതൃത്വത്തിൽ അതു പാശ്ചാത്യരാജ്യങ്ങളിൽ ഉത്തരോത്തരം ശക്തിപ്രാപിച്ചു ഏതാനും കത്തോലിക്കദേവാലയങ്ങളെ ആരിയൻജനതയ്ക്കു വിട്ടുകൊടുക്കുവാൻ പോലും ആ രാജ്ഞി തീർച്ചയാക്കി. പക്ഷെ വിശുദ്ധ അംബ്രോസിസ് ഇതിനെ ശക്തിയായി പ്രതിഷേധിച്ചു. അദ്ദേഹത്തെ സ്വാധീനപ്പെടുത്തുവാൻ ജസ്റ്റീനാ പല ശ്രമങ്ങളും ചെയ്തുനോക്കി. എന്നാൽ അവയെല്ലാം വിഫലമായി. അതിനാൽ അദ്ദേഹത്തെ പിടിപ്പിക്കുന്നതിനു തന്നെ അവർ നിശ്ചയിച്ചു. ഭാഗ്യവശാൽ, അതിനിടയാകുന്നതിനു മുൻപു് അവളുടെ സകല അധികാരങ്ങളും അവസാനിക്കുവാനാണു് സംഗതിയായതു്. അവളുടെ പുത്രൻ മാക്സിമിയസിനാൽ, സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും, അഞ്ചു സംവത്സരങ്ങൾക്കു ശേഷം, ആർബോഗസ്റ്ററസിനാൽ നിഷ്ഠുരമായി നിഗ്രഹിക്കപ്പെടുകയും ചെയ്തു. ഈ ആർബോഗാസ്റ്ററസ് രാജ്യാവകാശത്തിനു വേറൊരു സ്ഥാനാർത്ഥിയെ നിറുത്തി. എന്നാൽ തിയഡോഷ്യസ് അവരെയെല്ലാം പരാജിതരാക്കി റോമാസാമ്രാജ്യത്തിലെ ഏക സമ്രാട്ടായി പ്രശോഭിച്ചു. വിഗ്രഹാരാധന സാമ്രാജ്യത്തിൽ

നിന്നും നിശ്ശേഷം നിമ്മാർജ്ജനം ചെയ്ത ചക്രവത്തി ഇദ്ദേഹമായിരുന്നു. അജ്ഞാനികളോട്ട് സാവ്വത്രികമായ ഒരവജ്ഞ ജനങ്ങൾക്കുണ്ടായിരുന്നതിനാൽ, തീയഡോഷ്യസിൻെറ ഈ ശ്രമം തുലോം എളുപ്പമായിരുന്നു. അവരുടെ സ്വത്തുക്കൾ മുഴുവൻ അദ്ദേഹം കണ്ടുകെട്ടി; ബലികൾ നിറുത്തി; മറവമതകമ്മങ്ങളും ആചാരങ്ങളും മുടക്കി. പുരോഹിതന്മാരും ദാസികളും ബഹിഷ്കരിക്കപ്പെട്ടു. അമ്പലങ്ങൾ പരിത്യക്തങ്ങളായി.

ഉദ്ദേശം 200 കൊല്ലത്തോളം, ആഫ്റിക്കൻസഭാന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കിയ ഡൊനാററിസ്ററ ശീശ്മയുടെ ഉപദ്രവം പ്രബലപ്പെട്ടതും ഈ കാലഘട്ടത്തിൽ തന്നെയായിരുന്നു. കോൺസ്ററൻറയിൻ ചക്രവത്തിയുടെ ഭരണദശയിലാണ് ഇതു് സമാരംഭിച്ചതു്. കാത്തേജിലെ മെത്രാനായ സെസീലിയൻെറ അഭിഷേകം പ്രമാദപരമല്ലെന്നുള്ള ചിലരുടെ സംശയമായിരുന്നു ഇതിൻെറ കാരണം. ഡൊണാററസും വേറെ ഏതാനും മെത്രാന്മാരും, സെസീലിയൻെറ അഭിഷേകം അസാധുവെന്നു് അഭിപ്രായപ്പെട്ടു്, അദ്ദേഹവുമായുള്ള ആത്മികബന്ധം ഉപേക്ഷിച്ചു. വിവാദവിവരം മാപ്പാപ്പായേയും അറിയിച്ചു. അദ്ദേഹം സെസീലിയൻെറ അഭിഷേകം പ്രമാദരഹിതവും തദ്വാരാ സാധുവുമാണെന്നു തീരുമാനിച്ചു. കോൺസ്ററൻറയിൻ ചക്രവത്തിയും, ആ തീരുമാനത്തെത്തന്നെ അനുകൂലിച്ചു. ഇതൊക്കെയായിട്ടും, ഡൊണാററസു പ്രഭൃതികൾ അവരുടെ അഭിപ്രായങ്ങളെ ഉപേക്ഷിച്ചില്ല. പല സ്ഥലത്തും അവർ പുതിയ ദേവാലയങ്ങൾ സ്ഥാപിച്ചു. കാത്തേജിൽ ഒരു മെത്രാനെത്തന്നെ വാഴിച്ചു. സെസീലിയനുമായുള്ള ബന്ധത്തിൽ നിന്നും ഒഴിയുവാൻ, സത്യവിശ്വാസികളെ പ്രേരിപ്പിക്കുന്നതിലും അവർ ബദ്ധകങ്കണരായി. ഈ ശീശ്മ ആഫ്റിക്കായിൽ അവണ്ണനീയങ്ങളായ അനേകം കുഴപ്പങ്ങളേയും കഷ്ടതകളേയും ഉളവാക്കി. മഹറോൻശിക്ഷ അവക്കു തൃണപ്രായമായിരുന്നുവെങ്കിലും അതുണ്ടാകുന്നതിനു മുമ്പുതന്നെ അവർ സത്യസഭയിൽനിന്നും പിരിഞ്ഞു്, ഒരു നൂതനസഭ രൂപവൽക്കരിച്ചു. ക്രമാനുഗതം ശക്തിപ്പെട്ടുവന്ന ഇവർ, കത്തോലിക്കാസഭയോടു ചെയ്ത പീഡനം അത്യന്തം ഘോരമായിരുന്നു. അവർ ദേവാലയങ്ങൾ കൈവശപ്പെടുത്തി. മെത്രാന്മാരെ നിഷ്കാസനംചെയ്തു. ത്രോണോസുകളെ തകത്തു് തിരുപ്പാത്രങ്ങൾ നശിപ്പിച്ചു. ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരെ വീണ്ടും നിർബന്ധിച്ചു ജ്ഞാനസ്നാനപ്പെടുത്തി. ഇതിനു വിസമ്മതിച്ചവരെ നിർദ്ദയമായും ദാരുണമായും പീഡിപ്പിച്ചു. അത്ഭുതാവഹമായ ക്ഷമയോടെ കത്തോലിക്കാമെത്രാന്മാർ ഈ പീഡനങ്ങളെയെല്ലാം സ

ഹിച്ചു. മർദ്ദകരുടെ ശക്തി താനേ ക്ഷയിക്കുമെന്നു് അവർക്കു നിശ്ചയമുണ്ടായിരുന്നു. ഹിപ്പോയിലെ മെത്രാനും, സുപ്രസിദ്ധനുമായ വിശുദ്ധ ആഗസ്തീനോസ് ഈ ശീശ്മയുടെ അബദ്ധങ്ങളെ ഖണ്ഡിച്ചും, അവർ അതിനെ സംത്യജിച്ചു സത്യസഭയിലേക്കു മടങ്ങിവരേണ്ടതിന്റെ ആവശ്യകതയെ ഉജ്ജ്വലമായി ഉൽബോധിപ്പിച്ചും, അനേകം പ്രബന്ധങ്ങൾ രചിച്ചു. ശീശ്മക്കാരായ അനേകരുടെ പുനരൈക്യത്തിനു് ഈ ശ്രമം കാരണമാക്കി. എങ്കിലും അദ്ദേഹത്തിന്റെ ഈ വിജയം, ശേഷിച്ചവരെ ക്രുദ്ധരാക്കി. വിശുദ്ധ ആഗസ്തീനോസ് അവരുടെ വിദ്വേഷപാത്രമായി. അദ്ദേഹത്തെ വധിക്കുവാൻ അവർ പല ശ്രമങ്ങളും ചെയ്തു. പക്ഷെ ഈശ്വരപരിപാലനത്താൽ അദ്ദേഹം അവയിൽനിന്നെല്ലാം രക്ഷപെട്ടു. മററു മെത്രാന്മാരുടെ സ്ഥിതിയും ഒട്ടും സുരക്ഷിതമായിരുന്നില്ല. അതിനാൽ അവർ ഗവമ്മെൻറിന്റെ സഹായം അഭ്യത്ഥിച്ചു. നീതിമാനായ ചക്രവത്തി കരുണാപൂർവ്വം ആ അപേക്ഷയെ സ്വീകരിച്ചു് ഡൊണാററിസ്ററുകൾക്കെതിരായി ഒരു ക്രൂരശാസനം പ്രസിദ്ധപ്പെടുത്തി.

എന്നാൽ, അവരെ ശിക്ഷിക്കുകയെന്നതിനേക്കാൾ അവരെ പുനരൈക്യപ്പെടുത്തുന്നതായിരുന്നു കത്തോലിക്കാമെത്രാന്മാക്കു് ഹിതകരം. അതിനാൽ കുറെക്കൂടെ ദയാപൂർവ്വം അവരോടു വത്തിക്കണമെന്നു ആ മെത്രാന്മാർ ചക്രവത്തിയോടപേക്ഷിച്ചു ഇതിനും പുറമേ ചക്രവത്തിയുടെ അനുവാദത്തോടുകൂടി മെത്രാന്മാരുടെ ഒരു കോൺഫ്ററൻസു അവർ കാത്തേജിൽ നടത്തുകയും ഉണ്ടായി. കത്തോലിക്കരും ഡൊണാററിസ്ററുകളുമായ എല്ലാ ആഫ്രിക്കൻ മെത്രാന്മാരും ഇതിൽ സംബന്ധിച്ചിരുന്നു. പ്രധാന വാദമുഖങ്ങളെക്കുറിച്ചു വാദപ്രതിവാദംചെയ്തു് തീരുമാനം ചെയ്യാൻ ഒരു പ്രതിനിധിസഭയെ അവർ തിരഞ്ഞെടുത്തു. രണ്ടുപക്ഷത്തുനിന്നും ഏഴു മെത്രാന്മാർവീതം ആലോചനയ്ക്കും നാലുപേർ അവ രേഖപ്പെടുത്തുന്നതിനും മററു നാലുപേർ ഈ റിക്കാർട്ടുകളെ പരിശോധിച്ചു തിരുത്തുന്നതിനും നിയുക്തരായി. ഇതിനുശേഷം കത്തോലിക്കാമെത്രാന്മാർ ഇപ്രകാരമൊരു സത്യവാചകം അവതരിപ്പിച്ചു. "ഈ വാദപ്രതിവാദത്തിൽ ഞങ്ങളുടെ പ്രതിയോഗികൾ ജയിക്കുന്നുവെങ്കിൽ ഞങ്ങളുടെ മെത്രാസനങ്ങളെ അവക്കു് വിട്ടുകൊടുത്തിട്ടു ഞങ്ങൾ അവരെ അനുസരിക്കാം. പ്രത്യുത അവരുടെ വിശ്വാസത്തിലെ അബദ്ധങ്ങളെ വിജയകരമായി അവരെ മനസ്സിലാക്കുവാൻ ഞങ്ങൾക്കു സാധിക്കുകയും അവർ സത്യസഭയോടു പുനരൈക്യപ്പെടുകയും ചെയ്യുന്നപക്ഷം ഞങ്ങൾ അവരെ ഞങ്ങളുടെ സഹമെത്രാന്മാരായി സ്വീകരിച്ചുകൊള്ളാം. എന്നാൽ ഈ ദ്വിഭരണം വിശ്വാസികളിൽ ഇടച്ചിലിനു കാരണമാകുന്നുവെന്നു വന്നാൽ

ഞങ്ങൾ സസന്തോഷം ഞങ്ങളുടെ സ്ഥാനങ്ങളെ സംത്യജിക്കുകയും ചെയ്യാം. ക്രിസ്ത്യാനികളായിരിക്കണമെന്നേ ഞങ്ങൾ അഭിലഷിക്കുന്നുള്ളു. ഞങ്ങൾ മെത്രാന്മാരായിരിക്കുന്നതു ജനത്തിൻെറ നന്മയ്ക്കുവേണ്ടിയാണു്. നന്മയ്ക്കുപകരം തിന്മക്കു് അതു ഹേതുവാകുന്നുവെങ്കിൽ, സന്തോഷപൂൎവ്വം ഞങ്ങൾ ആ സ്ഥാനം ഉപേക്ഷിക്കും". വിശിഷ്ടമായ ഈ നിർദ്ദേശത്തിൻെറ പ്രയോക്താവു വി. ആഗസ്തീനോസായിരുന്നു. കോൺഫ്റൻസു് അന്യൂനമായ ക്രമത്തോടെ മൂന്നുദിവസം നീണ്ടുനിന്നു. വിശുദ്ധ ആഗസ്തീനോസിൻെറ അഭിപ്രായങ്ങൾ അഖണ്ഡിതങ്ങളും പ്രത്യുത്തരാതീതങ്ങളുമായിരുന്നു. കത്തോലിക്കാസഭയെ ഉപേക്ഷിക്കുവാൻ ന്യായമായ യാതൊരു കാരണവും കാണുകയില്ല. സഭയുടെ ഐക്യത്തെ ഭഞ്ജിക്കുന്നതു മരണകരമായ പാപമാണു്. രക്ഷയുടെ വാഗ്ദാനവും രക്ഷയ്ക്കുള്ള ആശയും അതിൽ മാത്രമേ കാണുകയുള്ളു. സഭയ്ക്കു പുറമേ യഥാൎത്ഥവിശുദ്ധിയോ യഥാൎത്ഥനീതിയോ ഉണ്ടായിരിക്കയില്ല. പ്രവചനങ്ങളേയും പ്രതിജ്ഞകളേയും ആസ്പദമാക്കി നോക്കുന്നുവെങ്കിൽ ക്രിസ്തുവിൻെറ മണവാട്ടിയായ സത്യസഭ സാൎവ്വത്രികമായിരിക്കണം. അതു് ആഫ്റിക്കയുടെ ഒരു ഭാഗത്തു മാത്രം അറിയപ്പെടുന്നതായിരിക്കാൻ പാടില്ല. ലോകത്തിൽ നന്മയും തിന്മയും ബാഹ്യദൃഷ്ട്യാ സമ്മേളിച്ചിരിക്കുന്നതിനാൽ പാപകൎമ്മത്തിൽ പാപികളോടു സഹകരിക്കരുതെന്നല്ലാതെ അവരുമായി ബാഹ്യമായി സഹവസിക്കുകയില്ലെന്നു ശഠിക്കുവാൻ നിൎവ്വാഹമില്ല. അങ്ങനെ പരിഛേദ്യമായ ഒരു വ്യാവൎത്തനം പൊതുവിധിയുടെ ദിവസത്തിൽ മാത്രമേ ഉണ്ടാവുകയുള്ളു. ഇതെല്ലാമായിരുന്നു വിശുദ്ധ ആഗസ്തീനോസിൻെറ അഭിപ്രായങ്ങൾ. ദൈവത്തിൻെറ അനുഗ്രഹം ആ പണ്ഡിതശ്രേഷ്ഠൻെറ ഓരോ അഭിപ്രായത്തിലും വിളങ്ങി. ഭൂരിഭാഗം മെത്രാന്മാരും ജനങ്ങളും അവരുടെ ശീശ്മയെ ഉപേക്ഷിച്ചു സത്യസഭയോടു പുനരൈക്യപ്പെട്ടു. എന്നാൽ ഈ ശീശ്മയുടെ പരിപൂൎണ്ണവിനാശം കാണുവാൻ തീയഡോഷ്യസിനു സാധിച്ചില്ല. അദ്ദേഹം എ. ഡി. 395-ൽ മിലാനിൽവച്ചു നിൎയ്യാണം പ്രാപിച്ചു. മരിക്കുന്നതിനു മുമ്പു് തീയഡോഷ്യസ് തൻെറ സകല ശത്രുക്കളോടും അവരുടെ അപരാധത്തെ ക്ഷമിച്ചു. സന്താനങ്ങളോടു് അദ്ദേഹം ചെയ്ത അന്തിമോപദേശം തന്നെ മതാനുഷ്ഠാനത്തിൽ നിഷ്ഠയുള്ളവരായിരിക്കണമെന്നായിരുന്നു.

## തീയഡോഷ്യസിൻെറ മരണം മുതൽ
## പൗരസ്ത്യ സാമ്രാജ്യത്തിൻെറ അധഃപതനം വരെ.

തീയഡോഷ്യസിന് ആർക്കേഡിയസ്, ഹൊണോറിയസ് ഇങ്ങനെ രണ്ടു പുത്രന്മാരുണ്ടായിരുന്നു. തീയഡോഷ്യസ് മരിക്കുമ്പോൾ അർക്കേഡിയസിന് 18_ം ഹൊണോറിയസിനു 10_ം വയസ്സു പ്രായമുണ്ടായിരുന്നു. അവർ സാമ്രാജ്യത്തെ രണ്ടായി വിഭാഗിച്ച് പൗരസ്ത്യസാമ്രാജ്യത്തെ അർക്കേഡിയസും, പാശ്ചാത്യസാമ്രാജ്യത്തെ ഹൊണോറിയസും സ്വീകരിച്ചു. മൈനർകളായ ഈ രാജകുമാരന്മാക്കു വേണ്ടി ഭരണം നടത്തിയവർ, തീയഡോഷ്യസിനെ അനുകരിച്ച്, മതത്തിൻെറ താല്പര്യങ്ങളെ അതിതാല്പര്യമായി പാലിച്ചു. എന്നാൽ സഭയുടെ നാശത്തിൽ ദത്തശ്രദ്ധനായ സാത്താൻ, അടിക്കടി നവംനവങ്ങളായ പരീക്ഷകളേയും കലാപങ്ങളേയും ഉളവാക്കി. ക്രിസ്തു അനുസ്യൂതമായ വിജയം വാഗ്ദാനം ചെയ്തു. യുദ്ധമില്ലാതെ വിജയം സാദ്ധ്യവുമല്ലല്ലോ.

സഭാമാതാവിൻെറ ഹൃദയതന്തുവിനെ ഭേദിച്ച അടുത്ത "മതവിരുദ്ധത" പെലേജിയനിസം ആണ്. ഇതിൻെറ സ്ഥാപകൻ, ബ്രിട്ടൻദേശിയനും, കുശാഗ്രബുദ്ധിയും, തന്ത്രശാലിയും, സ്ഥിരോത്സാഹിയുമായ ഒരു പെലാജിയസായിരുന്നു ജന്മപാപത്തേയും, ദൈവപ്രസാദത്തേയും അയാളുടെ മതം നിഷേധിച്ചു. പക്ഷെ ജനക്ഷോഭത്തെ ഭയന്ന് ഈ നൂതനസിദ്ധാന്തത്തിൻെറ ഫലങ്ങളെ സ്പഷ്ടമായി പറയുവാൻ അയാൾ ധൈര്യപ്പെട്ടില്ല. അവ്യക്തവും, അവ്യവസ്ഥിതവുമായ ചില ജല്പനങ്ങൾ മാത്രം അയാൾ നടത്തി. എന്നാൽ ധീരനും ഉത്സാഹിയുമായ സെലസ്റ്റിയസിനെ ശിഷ്യനായി ലഭിച്ചതോടുകൂടി, പെലാജിയൻ മതത്തിൻെറ വിജയവും ആരംഭിച്ചു. അയാൾ ആഫ്റിക്കയിലെങ്ങും ചുററിസഞ്ചരിച്ചു നിർവ്വിശങ്കമായും ധീരമായും ഈ നൂതനസിദ്ധാന്തത്തെ—ആദിമനുഷ്യൻെറ പാപം അനന്തര തലമുറകളെ ബാധിക്കുന്നില്ലെന്നും,—ദൈവപ്രസാദാഭാവത്തിലും ദൈവപ്രമാണങ്ങളെ അനുസരിക്കുവാൻ സാധിക്കുമെന്നും—പ്രസംഗിച്ചു. സഭാപിതാവായ വി. ആഗസ്തീനോസ് അത്ഭുതാവഹമായ പാണ്ഡിത്യത്തോടും, സാമത്ഥ്യത്തോടും ഈ അബദ്ധസിദ്ധാന്തത്തെ ഖണ്ഡിച്ചു. മാത്രമല്ല വിശുദ്ധ ഗ്രന്ഥങ്ങളേയും മാമോദീസാ എന്ന കൂദാശയേയും, ദിവ്യരക്ഷകൻെറ പ്രാത്ഥനകളേയും ആസ്പദമാക്കി നാം പാപത്തിൽ ജനിക്കുന്നുവെന്നും, ദൈവാനുഗ്രഹം കൂടാതെ ഒന്നും ചെയ്‌വാൻ നാം പ്രാപ്തരല്ലെന്നും അനിഷേദ്ധ്യമായി സ്ഥാപിക്കുകയും ചെയ്തു. കാത്തേജിൽവച്ചു സെലസ്റ്റിയസിനെ മഹറോൻ ചൊല്ലിയെങ്കിലും, അബദ്ധോപദേശകക്ക് സഹജമായ ദുശ്ശാഠ്യത്തോടെ അബദ്ധവിശ്വാസത്തിൽതന്നെ അയാൾ സ്ഥിരമായി നിന്നു. അതിനാൽ ഏതാനും നാളുകൾക്കു ശേഷം വീണ്ടും അയാളെ മഹറോൻ ചൊല്ലി.

പെലേജിയസ് ഇതിനകം റോമായിലെ തൻെറ പ്രചരണവേല അവസാനിപ്പിച്ചു. പലസ്തീനായിലേക്കു പോവുകയും, തൻെറ കുശാഗ്രബുദ്ധിതചത്താൽ ഏതാനും മെത്രാന്മാരെ പാശ്ചവത്തികളായി സമ്പാദിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. ഈ മെത്രാന്മാരുടെ സഹായത്തോടുകൂടെ തൻെറ പ്രബോധനങ്ങളുടെ ഒരു സമത്ഥനം അദ്ദേഹം വിശുദ്ധ ആഗസ്തീനോസിനയച്ചുകൊടുത്തു. ഇതിനും പുറമേ പൌരസ്ത്യരാജ്യങ്ങളിൽ ലഭിച്ച വിജയത്തേയും ആദരവിനേയും ലോകമെങ്ങും അറിയിക്കുകയും ഉണ്ടായി. ഈ വിജയഘോഷണങ്ങളും പരസ്യപ്രകടനങ്ങളും ആഫ്റിക്കായിലെ മെത്രാന്മാരുടെ മതതിഷ്ണതയെ ഉജ്ജ്വലിപ്പിച്ചു. അവർ കാത്തേജിലും മിലാനിലും ഓരോ കൗൺസിൽ കൂടി. ആദത്തിൻെറ പാപം പരമ്പരാസിദ്ധമായി അനന്തര തലമുറകളിലും ഉണ്ടെന്നും, ദൈവനുഗ്രഹാഭാവത്തിൽ യാതൊരു സൽപ്രവൃത്തിയും ചെയ്‌വാൻ മാത്രമല്ല, ചെയ്‌വാൻ ആഗ്രഹിക്കപോലും അസാദ്ധ്യമാണെന്നും തദ്വാരാ മോക്ഷപ്രാപ്തിയും അതുപോലെതന്നെ അശക്യമെന്നും മററുമുള്ള കത്തോലിക്ക വിശ്വാസത്തെ ഈ കൗൺസിലുകളിൽ വിശദമായി നിർവ്വചിച്ചു. അന്നു പരിശുദ്ധ സിംഹാസനത്തെ അലങ്കരിച്ചിരുന്ന ഇന്നസെൻറമാർപ്പാപ്പാ ഇവർ അയച്ചുകൊടുത്തിരുന്ന തീരുമാനങ്ങളെ അംഗീകരിച്ചതിനും പുറമേ, വിശ്വാസവിശുദ്ധി പാലിക്കുവാനുള്ള അവരുടെ ശ്രമത്തെ അത്യന്തം പ്രശംസിക്കുകയും പ്രസ്തുത വിശ്വാസസത്യങ്ങളെ കൂടുതൽ വിശദമായി വ്യാഖ്യാനിക്കുകയും പെലേജിയസ്, സെലസ്റ്റിയസ് ആദിയായവർ_കുററം ഏററുപറഞ്ഞു പുനരൈക്യപ്പെടാത്തപക്ഷം മഹറോൻ ചൊല്ലുന്നതിനു കല്പിക്കുകയും ചെയ്തു. പരിശുദ്ധ സിംഹാസനത്തിൽനിന്നും ഈ തിരുവെഴുത്തു കിട്ടിയപ്പോൾ വി. ആഗസ്തീനോസു ചെയ്ത പ്രസ്താവനകൾ പ്രത്യേകം സ്മരണിയങ്ങളാണ്. ആഫ്റിക്കൻമെത്രാന്മാരുടെ തീരുമാനങ്ങൾ അംഗീകരണത്തിനായി റോമായിലേക്കയച്ചിരുന്നു. പരിശുദ്ധ സിംഹാസനത്തിൽനിന്നും അതിൻെറ മറുപടി വന്നിരിക്കുന്നു. അവിടുന്നു ആ തീരുമാനങ്ങളെ സ്ഥിരപ്പെടുത്തുന്നു. എല്ലാം ശാന്തമായി. വാദപ്രതിവാദം അവസാനിച്ചു. അബദ്ധവിശ്വാസവും ഇതുപോലെതന്നെ അന്തരിക്കുവാൻ ദൈവം സംഗതിയാക്കട്ടെ.

വിശുദ്ധ ആഗസ്തീനോസിൻെറ ഈ അഭിലാഷം സാദ്ധ്യമായില്ല. ആ മതവിരുദ്ധത വീണ്ടും നിലനിന്നു; പെലേജിയസ് അയാൾക്കെതിരായുണ്ടായ ഈ തീരുമാനങ്ങൾക്കു വിധേയനായില്ല. ജനതാമദ്ധ്യത്തിൽ തനിക്കുണ്ടായിട്ടുള്ള അവമാനത്തെ പ്രമാർജ്ജനം ചെയ്‌വാൻ മാത്രം അ

യാൾ പരിശ്രമിച്ചു. തന്നെ ശപിച്ച ഇന്നസെൻറമാർപ്പാപ്പായുടെ മരണവും, അയാൾക്കൊരു അനുഗ്രഹമായി. സ്വവിശ്വാസപ്രഖ്യാപനസഹിതം പെലേജിയസ്സ് ഒരെഴുത്തു ഇന്നസെൻറമാർപ്പാപ്പായുടെ പിൻഗാമിയായി റോമാസിംഹാസനത്തിൽ അധിരോഹണം ചെയ്ത സൊസിമോസ്സ് മാർപ്പാപ്പായിക്കയച്ചു. സെലസ്ററിയസോ, നേരെ റോമായിലേക്കും ചെന്നു. പെലാജിയസയച്ചിരുന്നതുപോലെയുള്ള ഒരു വിശ്വാസപ്രഖ്യാപനത്തിനും പുറമേ പരിശുദ്ധപിതാവു നിഷേധിക്കുകയും ശപിക്കുകയും ചെയ്യുന്ന ഏതൊരു പ്രസ്ഥാനത്തേയും ഉപേക്ഷിക്കുവാൻ സന്നദ്ധനാണെന്നു് ഒരു പ്രതിജ്ഞാപത്രവും അയാൾ മാർപ്പാപ്പായെ ഏല്പിച്ചു. മാർപ്പാപ്പാ, സെലസ്ററിയസിനോട്ടു് ഏതാനും ചോദ്യങ്ങൾ ചെയ്തു. സെലസ്ററിയസ്സ് നിഷ്കപടമായും, ആർജ്ജവബുദ്ധിയോടും അവയ്ക്കെല്ലാം ഉത്തരങ്ങൾ നൽകി. പരിശുദ്ധപിതാവു സംതൃപ്തനായി, സെലസ്ററിയസ്സ് നിരപരാധിയാണെന്നു പ്രഖ്യാപനം ചെയ്തു. മാർപ്പാപ്പാ ഇപ്രകാരം പ്രവർത്തിച്ചതു് അയാളുടെ പാഷണ്ഡതയെ അംഗീകരിച്ചതുകൊണ്ടല്ല, പ്രസ്തുത സെലസ്ററിയസ്സു വിശ്വസ്തനും തെററായ ഏതിനേയും പരിത്യജിക്കുവാൻ സന്നദ്ധനും ആണെന്നു വിചാരിച്ചതിനാലത്രേ. ശുദ്ധനും വഞ്ചിതനുമായ മാർപ്പാപ്പാ ഉടനെ സെലസ്ററയിസിൻെറ നിഷ്കളങ്കതയിൽ തനിക്കുള്ള ദൃഢവിശ്വാസത്തെ പ്രകടിപ്പിച്ചും, അയാളെ ബഹിഷ്കരിച്ച മെത്രാന്മാരെ ശാസിച്ചും ഒരു തിരുവെഴുത്തു് ആഫ്റിക്കായിലെ മെത്രാന്മാൎക്കയച്ചു. ഗർഹണീയമായ ആ അബദ്ധവിശ്വാസത്തെ അംഗീകരിക്കുന്നതോ അനുകൂലിക്കുന്നതോ ആയ ഒരു വാക്കുപോലും ആ തിരുവെഴുത്തിലും ഉണ്ടായിരുന്നില്ല. തന്ത്രജ്ഞനായ സെലസ്ററിയസ്സ് ശുദ്ധനായ മാർപ്പാപ്പായെ കബളിപ്പിച്ചതാണെന്നു് ആ മെത്രാന്മാൎക്കു മനസ്സിലായി. അവർ തൽക്ഷണം തന്നെ മെത്രാന്മാരുടെ ഒരു കൗൺസിൽ വിളിച്ചുകൂട്ടി. പെലേജിയൻ പാഷണ്ഡതയുടെ നാനാമുഖങ്ങളേയും വിശദമായി ചർച്ചചെയ്തു് കത്തോലിക്കാ വിശ്വാസവുമായി അതിനുള്ള വൈരുദ്ധ്യത്തെ സ്പഷ്ടമാക്കി; അനന്തരം അവർ ആ തീരുമാനങ്ങളെ മാർപ്പാപ്പായിക്കയച്ചുകൊടുത്തു. അതോടൊന്നിച്ചു് ഇപ്രകാരമൊരു പ്രസ്താവനയും ഉണ്ടായിരുന്നു. പെലേജിയസ്സ്, സെലസ്ററിയസ്സ് ആദിയായവരുടെമേൽ ഇന്നസെൻറമാർപ്പാപ്പാ പ്രസ്താവിച്ച വിധി, നീതിയെ അറിയുന്നതിനും, നമ്മുടെ ഏതൊരു പ്രവൃത്തിയിലും അതിനെ അനുസരിക്കുന്നതിനും മിശിഹായുടെ അനുഗ്രഹം അവശ്യം കൂടിയേകഴിയൂ എന്നും, ആ അനുഗ്രഹം കൂടാതെ ഭക്തിപരമായോ ധാൎമ്മികമായോ ഒന്നും ചിന്തിക്കുന്നതിനോ, സംസാരിക്കുന്നതിനോ, പ്രവർത്തിക്കുന്നതിനോ

സാദ്ധ്യമല്ലെന്നും അവർ സ്പഷ്ടമായി സമ്മതിച്ചേരറപറയുന്നതുവരെ ഊജ്ജിതമായി നിലവിലിരിക്കുന്നുവെന്നുതന്നെ ഞങ്ങൾ തീരുമാനിക്കുന്നു. സെലസ്ററിയസിൻെറ വ്യവസ്ഥ അവ്യക്തമായിരിക്കുന്നിടത്തോളം കാലം അയാൾ പരിശുദ്ധസിംഹാസനത്തിനു വിധേയനായിയെന്നു പറയുന്നതിലും അത്ഥമില്ല. അതിനാൽ ജനങ്ങളുടെ ഇടയിൽ ഇടച്ച്യുണ്ടാകാതെയിരിക്കണമെങ്കിൽ സെലസ്ററിയസ് അയാളുടെ അബദ്ധവിശ്വാസത്തെ ത്യജിക്കുകയല്ല, പ്രത്യുത പരിശുദ്ധപിതാവ് അതിനെ അംഗീകരിക്കുകയാണു ചെയ്തതെന്നു ലോകം ധരിക്കാതിരിക്കണമെങ്കിൽ, അയാളുടെ ലേഖനങ്ങളിൽനിന്നും കത്തോലിക്കാവിശ്വാസത്തിനു വിരുദ്ധമെന്നു പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്ന എല്ലാ ഭാഗങ്ങളേയും വ്യക്തമായും അസന്നിഗ്ദ്ധമായും ഉപേക്ഷിക്കുകതന്നെ വേണം".

മെത്രാന്മാരുടെ ഈ നിവേദനത്തിന് ഉദ്ദിഷ്ടഫലപ്രാപ്തിയുണ്ടായി. പൈതൃകമായ തൻെറ കാരുണ്യബുദ്ധിയെ അതിരുകവിഞ്ഞുപയോഗിച്ചുവെന്ന് മാപ്പാപ്പാ മനസ്സിലാക്കി. സെലസ്ററിയസ് പ്രഭൃതികളുടെ ലേഖനങ്ങളെയെല്ലാം വായിച്ചശേഷം ആഫ്റിക്കൻ മെത്രാന്മാരുടെ തീരുമാനങ്ങളെ സ്ഥിരീകരിക്കുന്ന ഒരു വിധി അദ്ദേഹം പ്രഖ്യാപനംചെയ്തു. സെലസ്ററിയസു പ്രഭൃതികളുടെ ശ്രമം എത്രമാത്രം കപടപൂണ്ണമെന്നു ലോകം അപ്പോൾ അറിഞ്ഞു. അവരുടെ വാദങ്ങൾ കേട്ടു തീരുമാനിക്കാൻ ഒരു സാവ്വത്രികസൂനഹദോസു കൂടണമെന്ന് അവർ അനന്തരം ആവശ്യപ്പെട്ടു. പക്ഷെ അതു് അത്ഥശൂന്യമായ ഒരപേക്ഷയെന്ന് വി. ആഗസ്തീനോസു സയുക്തികം വാദിച്ചു. എന്തെന്നാൽ ആഫ്റിക്കൻ മെത്രാന്മാർ നിശ്ചയിച്ചതും പരിശുദ്ധ സിംഹാസനം അംഗീകരിച്ചതുമായ തീരുമാനങ്ങളെ സൂനഹദോസും സ്വീകരിക്കയേ നിവൃത്തിയുള്ളല്ലോ. ആ പതിതോപദേശം വേണ്ടവിധം ശപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അതിനെ ഉച്ചാടനം ചെയ്യേണ്ട ആവശ്യമേ ഇനിയും ഉണ്ടായിരുന്നുള്ളു. അതിനു ചക്രവത്തി സന്നദ്ധനായി. പെലേജിയസിനേയും കൂട്ടരേയും അദ്ദേഹം നാടുകടത്തി.

ഇപ്രകാരം, പെലേജിയൻ മതവൈപരീത്യം നാശോന്മുഖമായിയെങ്കിലും അവയുടെ അവശിഷ്ടങ്ങളിന്മേൽ ഒരു നവീനപാഷണ്ഡത സംജാതമായി. ഇതിൻെറ തത്വങ്ങൾ പെലേജിയൻ മതതത്വങ്ങളോളം തന്നെ ഗർഹണീയങ്ങളായിരുന്നില്ല. കത്തോലിക്കാമതത്തിലും പെലേജിയൻ മതത്തിലുമുള്ള ചില ഉപദേശങ്ങൾ ഇക്കൂട്ടർ സ്വീകരിച്ചു. അതിനാൽ ഇവരെ അദ്ധ്പെലേജിയർ എന്നു വിളിച്ചുവരുന്നു. മാർസെയിസിലെ ചില പുരോഹിതന്മാരായിരുന്നു ഇതിൻെറ പ്രഥമപ്രബോധകർ. ജന്മപാപത്തിൻെറ കായ്യത്തിൽ അവക്കു തക്കമൊന്നുമുണ്ടായിരുന്നില്ല.

സൽപ്രവൃത്തിക്കു് ദൈവസഹായം ആവശ്യമാണെന്നും അവർ സമ്മതിച്ചു. "വിശ്വാസവും നന്മപ്രവൎത്തിക്കുവാനുള്ള അഭിലാഷവും ആദ്യമായി നമ്മിൽ ഉണ്ടാകുന്നതു് പ്രകൃതിശക്തിയുടേയും സ്വാതന്ത്ര്യമനസ്സിന്റേയും പ്രവൎത്തനത്താലാണു്. ദൈവത്താലല്ലാതെ, നമ്മിൽ ഉത്ഭൂതമാകുന്ന ഈ പ്രഥമാഭിനിവേശങ്ങളുടെ ഫലമാണു് ദൈവാനുഗ്രഹം അഥവാ വരപ്രസാദം. ഇപ്രകാരം പരാശ്രയം കൂടാതെ, സ്വശക്തിയാൽ തന്നെ ദൈവവരപ്രസാദം സമ്പാദിക്കുന്നതിനാൽ മോക്ഷപ്രാപ്തിക്കുള്ള പ്രഥമകാരകനും അവൻ തന്നെ" ഇതെല്ലാമായിരുന്നു അവരുടെ സിന്താന്തങ്ങൾ വി. ആഗസ്തീനോസു് ഉജ്ജ്വലത്തും യുക്തിയുക്തവുമായ ലേഖനപരമ്പരകളാൽ ഈ മതവൈപരീത്യത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചു. ഏതദ്വിഷയകമായി രണ്ടു ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. വിശ്വാസം ദൈവത്തിന്റെ ദാനമാണെന്നും, ദൈവപ്രസാദം ആദ്യമായി ലഭിക്കുന്നതു് നമ്മുടെ യോഗ്യതയാൽ അല്ലെന്നും ഇതിൽ അദ്ദേഹം വിശദമായും അനിഷേദ്ധ്യമായും സ്ഥാപിച്ചിരിക്കുന്നതിനും പുറമേ, മനുഷ്യമനെ നന്മയിലേക്കു പ്രസക്തിയുള്ളവനാകുന്നതു തന്നെ ദൈവകൃപയാലാണെന്നും, അനന്തരപ്രവൃത്തികൾക്കെന്നപോലെ ആദ്യപ്രവൃത്തിക്കും ദൈവപ്രസാദം ആവശ്യമാണെന്നും, മനുഷ്യൻ വിശ്വസിക്കുന്നതുകൊണ്ടല്ല, വിശ്വസിക്കേണ്ടതിനായിട്ടാണു് ദൈവം അവനെ വിളിക്കുന്നതെന്നും, ദൈവത്തിന്റെ അനന്തമായ കരുണയിൽ നിന്നല്ലാതെ യോഗ്യതയിൽ നിന്നല്ല സഭ വരപ്രസാദത്തെ ആശിക്കുന്നതെന്നും അദ്ദേഹം തെളിയിച്ചു. മാത്രമല്ല വരപ്രസാദം ദൈവദാനമല്ലെങ്കിൽ, വരപ്രസാദമെന്ന പേരു തന്നെ അൎത്ഥശൂന്യമാണെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹം തുടൎന്നുചോദിക്കുന്നു. അവർ ഒരിക്കലും അർഹിക്കാത്ത വരപ്രസാദത്തെ നൽകുവാനല്ലെങ്കിൽ പിന്നെ എന്തിനാണു് കുട്ടികളെ ജ്ഞാനസ്നാനം ചെയ്യിക്കുന്നതു്. വരപ്രസാദത്തിനു മുമ്പു് അവശ്യം ഉണ്ടായിരിക്കണമെന്നു് പാഷണ്ഡികൾ ശഠിക്കുന്ന വിശ്വാസമോ പ്രവൃത്തിയോ ഈ കുട്ടികളിൽ എവിടെ?

സരളവും സുഗ്രാഹ്യവുമായ ഈ സത്യവിശ്വാസവിശദീകരണത്തിനു ശേഷവും ഇവർ ഇവരുടെ അബദ്ധസിദ്ധാന്തങ്ങളെ ഉപേക്ഷിച്ചില്ല. മാത്രമല്ല വി. ആഗസ്തീനോസു് അംഗീകരിക്കുകപോലും ചെയ്യാതെയിരുന്ന പല അഭിപ്രായങ്ങളുടേയും കർതൃത്വവും അവർ വി. ആഗസ്തീനോസിന്റെ മരണശേഷം അദ്ദേഹത്തിൽ ആരോപിച്ചു. ഇതു കണ്ടുകൊണ്ടു വി. സെലസ്റ്റീനോസുമാർപ്പാപ്പാ, സത്യവിശ്വാസഭഞ്ജകരായ ഇവരെ അമൎച്ച ചെയ്യാൻ ഗോളിലെ മെത്രാനോടു് ആജ്ഞാപിച്ചു. പ്രസ്തുത

തിരുവെഴുത്തിൽ മാർപ്പാപ്പാ ഹിപ്പോയിലെ മെത്രാൻെറ പ്രശംസാർഹങ്ങളായ പ്രവൃത്തികളെ അഭിനന്ദിക്കുകയും, പെലജിയൻ മതവൈപരീത്യത്തെ നിർമ്മൂലനം ചെയ്തും, തൻെറ മുൻഗാമികളാൽ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തതുമായ, ആഫ്രിക്കൻതീരുമാനങ്ങളെ ഉദ്ധരിക്കുകയും ചെയ്യുന്നു. ഇതൊക്കെ ആയാലും, രണ്ടാമത്തെ ഓറൻജ്സമ്മേളനത്തിലെ പ്രഖ്യാതമായ തീരുമാനം കഴിയുന്നതു വരെ ഈ മതവിരുദ്ധത നിലനിന്നു. ആർലസിലെ മെത്രാനായ വി. സെസേരിയസായിരുന്നു ഈ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചതു്. വിശ്വാസത്തിൻെറ വളർച്ചയോ, പ്രാരംഭമോ, അതിലേക്കുള്ള പ്രഥമപ്രേരണകളോ ദൈവത്തിൻെറ ദാനത്താലല്ല പ്രത്യുത നമുക്കു പ്രകൃത്യാ ഉള്ള ശക്തികൊണ്ടാണെന്നു് വിശ്വസിക്കുന്നവൻ വി. അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളെ പ്രതിഷേധിക്കുന്നു. എന്തുകൊണ്ടെന്നാൽ "നിങ്ങളിൽ ഒരു നല്ല വേല തുടങ്ങിയവനായ ദൈവം യേശുക്രിസ്തുവിൻെറ ദിവസത്തോളം, അതിനെ തുടർന്നുകൊണ്ടുപോകുമെന്നു്, ഞങ്ങൾ പരിപൂർണ്ണമായി ശരണപ്പെടുന്നു" വീണ്ടും "നിങ്ങൾ മുഖാന്തിരമല്ല പിന്നയോ ദൈവവരപ്രസാദത്താൽ വിശ്വാസത്തിൽ കൂടെ നിങ്ങൾ രക്ഷപെട്ടിരിക്കുന്നു. എന്തെന്നാൽ വിശ്വാസം ദൈവത്തിൻെറ ദാനമാകുന്നു" എന്നു വി. പൗലോസ്സ്ലീഹാ പ്രസ്താവിച്ചിരിക്കുന്നു. എ. ഡി. 531‒ൽ ബോനിഫാസ്സ് ദ്വിതീയൻ എന്ന മാർപ്പാപ്പായും ഈ തീരുമാനത്തെ അംഗീകരിച്ചു.

പെലേജിയരുമായുള്ള വാദസമരത്തിൽ വിശുദ്ധ ആഗസ്തീനോസിനെ ഗണ്യമായി സഹായിച്ച ഒരു സഭാപിതാവാണു് വി. ജറോം. ഇദ്ദേഹം ക്രിസ്ത്യാനികളായ മാതാപിതാക്കന്മാരിൽ നിന്നും, എ. ഡി. 331‒ൽ, ഡലമേഷ്യാ എന്ന സ്ഥലത്തു ജാതനായി. അവർ സമ്പന്നരായിരുന്നതിനാൽ, ജറോമിനെ ഉന്നതവിദ്യാഭ്യാസാർത്ഥം റോമിലേക്കയച്ചു. അവിടെ അദ്ദേഹം സാഹിത്യത്തിലും പ്രസംഗകലയിലും അനന്യസാധാരണമായ അഭിവൃദ്ധി പ്രാപിച്ചു. എന്നാൽ, അദ്ദേഹത്തിൻെറ പരിശ്രമങ്ങളുടെ പ്രേരണ പരപ്രശംസയായിരുന്നതിനാൽ, ക്രമേണ അദ്ദേഹം അധർമ്മഗണത്തിൽ ആണ്ടുതുടങ്ങി. എങ്കിലും ദൈവാനുഗ്രഹത്താൽ കുറഞ്ഞൊരു നാളുകൾക്കു ശേഷം അദ്ദേഹം, പശ്ചാത്തപിച്ചു് മാനസാന്തരപ്പെട്ടു. അനന്തരം, ലോകത്തിൻെറ പ്രതാപപ്രൗഢികളേയും സന്തോഷസൗഭാഗ്യങ്ങളെയും എല്ലാം ഉപേക്ഷിച്ചു്, 374‒ൽ അറേബ്യായുടേയും സിറിയായുടേയും അതിർത്തിപ്രദേശത്തുള്ള മണലാരണ്യത്തിൽ ചെന്നു് തപശ്ചര്യ അനുഷ്ഠിച്ചും ആദ്ധ്യാത്മികവിഷയങ്ങൾ അഭ്യസിച്ചും പ്രവാസജീവിതം നടത്തി. ഒരു യൂദസന്യാസിയുടെ ശിഷ്യത്വത്തിൽ ഇദ്ദേഹം ഹിബ്രൂഭാഷ

അഭ്യസിച്ചതും ഇവിടെ വച്ചു തന്നെയാണ്.. എന്നാൽ തൽപ്രിയന്മാരായ പലരും അദ്ദേഹത്തെ അനുധാവനം ചെയ്യുകയാൽ വിശുദ്ധ ജറോം അവിടെ നിന്നും പലസ്തീനായിലേക്കും, ഏതാനും നാളുകൾക്കു ശേഷം, അന്ത്യോഖ്യായിലേക്കും പ്രയാണം ചെയ്തു. അന്ത്യോഖ്യായിൽ വച്ച് അദ്ദേഹം പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. അവിടെ നിന്നും അദ്ദേഹം പോയതു് കോൺസ്റ്റാൻറിനോപ്പിളിലേക്കായിരുന്നു. അവിടെ വി. ഗ്രിഗറിനസ്യാൻസിൻെറകൂടെ താമസിച്ച്, വേദപുസ്തകാഭ്യസനം നടത്തിയ ശേഷം, അദ്ദേഹം റോമായിലേക്കു ഗമിച്ചു. പരിശുദ്ധ സിംഹാസനത്തേ അന്നലങ്കരിച്ചിരുന്ന ദാമസ്ക്രൂസ് മാർപ്പാപ്പാ ഇദ്ദേഹത്തെ സൗഹാർദ്ദപുരസ്സരം സ്വീകരിക്കുകയും, സന്മാർഗ്ഗശാസ്ത്രപരമായും, വേദശാസ്ത്രപരമായും തന്നോടു ചെയ്യപ്പെടുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ അവിടെത്തന്നെ താമസിപ്പിക്കുകയും ചെയ്തു. പരിശുദ്ധ പിതാവിൻെറ നിർദ്ദേശാനുസരണം അദ്ദേഹം പല സാഹിത്യപരിശ്രമങ്ങളും നടത്തി. ലത്തീൻഭാഷയിൽ എഴുതപ്പെട്ടിരുന്ന പുതിയനിയമഗ്രന്ഥം പരിഷ്കരിച്ചതും, പഴയനിയമത്തിൻെറ ഭൂരിഭാഗവും ലത്തീനിലേക്കു വിവർത്തനം ചെയ്തതും ഈ ശ്രമങ്ങളിൽ പ്രധാനങ്ങളാണ്. ഈ ഭാഷാന്തരമാണ് 'വാംഗെയിററ്' എന്നു് ഇന്നു് അറിയപ്പെടുന്നതു്. ദമാസ്ക്രൂസു മാർപ്പാപ്പായുടെ മരണശേഷം വിശുദ്ധ ജറോം പലസ്തീനായിലേക്കു മടങ്ങി ബേതലഹേമിൽ വാസമുറപ്പിച്ചു. "അദ്ദേഹത്തിൻെറ വേദപുസ്തകവ്യാഖ്യാനം" ഇക്കാലത്തു രചിക്കപ്പെട്ടതാണെന്നു വിചാരിക്കപ്പെടുന്നു. ഏതാണ്ടീയവസരത്തിൽ തന്നെയായിരുന്നു പെലേജിയസ് പലസ്തീനായിൽ ചെന്നതും. സത്യമതവിരോധിയായ അയാളുടെ ആഗമനം പരിശുദ്ധനായ ജറോമിൽ വലുതായ ആശങ്കയും ഭീതിയും ഉളവാക്കുകയുണ്ടായി. അതിനാൽ സത്യവിശ്വാസസംരക്ഷണത്തിനായി അദ്ദേഹം ഒരു പ്രബന്ധം രചിച്ചു. അതിനൊരു പ്രത്യാഖ്യാനം രചിക്കുവാൻ പെലേജിയസും കഴിയുന്നത്ര ശ്രമിച്ചു. എങ്കിലും വിജയിയായില്ല. അതിൽ ഭഗ്നാശയനായ അയാൾ വിശുദ്ധ ജറോം വസിച്ചിരുന്ന ആശ്രമത്തെ ആക്രമിച്ച് കൊള്ളയിടുന്നതിനും, അതിനെ തീ വച്ചു നശിപ്പിക്കുന്നതിനും അയാളുടെ അനുയായികളെ പ്രേരിപ്പിച്ചു. അവിടെയുണ്ടായിരുന്ന സന്യാസികളിൽ പലരും, അഗ്നിജ്വാലകളുടെ സംഹാരശക്തിയേററ് മൃതരായി. വിശുദ്ധ ജറോം എങ്ങനെയോ രക്ഷപെട്ടു. ഇദ്ദേഹം ഏ. ഡി 420_ൽ, തൻെറ 91_ാമത്തെ വയസ്സിൽ മരണം പ്രാപിച്ചു.

കോൺസ്റ്റാൻറിനോപ്പിൾ മെത്രാപ്പോലീത്തായും പ്രസിദ്ധനുമായ വിശുദ്ധ യോഹന്നാൻ ക്രിസോസ്തം ഇദ്ദേഹത്തിൻെറ സമകാലീന

നായിരുന്നു. അമിതസുഖാനുഭോഗികളും സന്മാർഗ്ഗരഹിതരുമായ ആ പട്ടണവാസികളെ—വൈദീകരേയും അൽമേനികളേയും—ഉദ്ധരിക്കുവാൻ വിശുദ്ധൻ അതിതീവ്രം യത്നിച്ചിരുന്നു. ധനവാന്മാരുടെ അത്യാഗ്രഹവും സ്ത്രീകളുടെ ആഡംബരഭ്രമവും മഹാന്മാരുടെ അഹംകാരവുമായിരുന്നു അദ്ദേഹത്തിൻെറ അതിനിശിതമായ വിമശനങ്ങൾക്കു പാത്രമായ മൂന്നു പ്രധാന വിഷയങ്ങൾ. രാജകൊട്ടാരത്തിലെ ദൃഷ്യങ്ങളേയും അദ്ദേഹം ഒളിച്ചുവച്ചില്ല. സധീരമായ ഈ കൃത്യനിവ്വഹണം പല ശത്രുക്കളേയും അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തു. ഇവരിൽ പ്രധാനി യുഡോക്സ്സിയാ ചക്രവത്തിനിയായിരുന്നു. അവർ അദ്ദേഹത്തെ നാടുകടത്തി. പക്ഷെ അദ്ദേഹത്തിൻെറ നിഷ്കാസനത്തിൻെറ അടുത്ത ദിവസം അവിടെയുണ്ടായ ഭയങ്കരമായ ഭൂകമ്പം ചക്രവത്തിനിയെ ഭയപ്പെടുത്തുകയാൽ വിശുദ്ധനെ അവർ ഉടനേതന്നെ തിരിച്ചുവിളിച്ചു. എങ്കിലും കാലവിളംബമെന്യേയുണ്ടായ ഒരു സംഭവം അദ്ദേഹത്തെ വീണ്ടും സ്ഥാനഭ്രഷ്ടനാക്കി. കോൺസ്ററാൻറിനോപ്പിൾ ദേവാലയത്തിനു സമീപം ചക്രവത്തിനിയുടെ ഒരു രജതപ്രതിമ സ്ഥാപിച്ചപ്പോൾ നടത്തിയ അവിശ്വാസപരമായ ആചാരങ്ങളും ഓരോതരം പ്രദശനങ്ങളും നൃത്തങ്ങളും ദിവ്യപൂജാപ്പണത്തിനു വിഘാതമായി ഭവിച്ചതിൽ രോഷാകുലനായ മെത്രാപ്പോലീത്താ ചെയ്ത പ്രസ്താവനകൾ ചക്രവത്തിനിക്കു് അവമാനകരമായി ഭവിച്ചുവെന്നുള്ളതായിരുന്നു ആ സംഭവം. അർമിനിയായിലുള്ള കോക്കസസ്സ് എന്ന ചെറിയ പട്ടണത്തിലേക്കായിരുന്നു ഇത്തവണ ഇദ്ദേഹത്തെ അയച്ചതു്. അവിടെയും അദ്ദേഹം വിജയകരമായി സുവിശേഷവേല നടത്തുകയാൽ അദ്ദേഹത്തിൻെറ ശത്രുക്കൾ അദ്ദേഹത്തെ യൂക്സ്സയിൻ കടലിൻെറ കിഴക്കെ തീരത്തുള്ള ഒരു ചെറുനഗരത്തിലേക്കയക്കുവാൻ അനുവാദം വാങ്ങിച്ചു. മൂർഖരും മൃഗസ്വഭാവികളുമായ രണ്ടു പട്ടാളക്കാരുടെ അകമ്പടിയോടുകൂടി കഠിനമായ വെയിലും, ദുസ്സഹമായ മഴയും അവഗണിച്ചു്, തുടച്ചയായി മൂന്നു മാസത്തോളം നടത്തിയ ഈ യാത്രയാൽ വഴിമദ്ധ്യേ വച്ചുതന്നെ അദ്ദേഹം രോഗബാധിതനായി മരണംപ്രാപിച്ചു. കൊമാനാ എന്ന പട്ടണത്തിൽവച്ചായിരുന്നു ഈ സംഭവം നടന്നതു്. മരണത്തിൻെറ തലേരാത്രി അദ്ദേഹത്തിനു് ഒരു ദിവ്യദശനമുണ്ടായതായി പറയപ്പെടുന്നു. ഒരുകാലത്തു കൊമാനാ മെത്രാനായിരുന്നു്, വേദസാക്ഷിയായി മരിച്ച വി. ബസിലിസ്കസ്സ് രോഗശയ്യാവലംബിതനായിരുന്ന വി. ക്രിസോസ്തോമിനു പ്രത്യക്ഷപ്പെട്ടു് ഇപ്രകാരം പറഞ്ഞു. "സഹോദരാ! അങ്ങു ഭയപ്പെടേണ്ടാ. നാളെമുതൽ നമുക്കു ഒന്നിച്ചു വസിക്കാം" ഇദ്ദേഹത്തിൻെറ മരണത്തിൽ, പരിശുദ്ധനായ ഒരു മെത്രാനും പരിണത

നായ ഒരു വേദശാസ്ത്രപണ്ഡിതനും, സമൎത്ഥനായ ഒരു വാഗ്മിയും തിരുസ്സഭയ്ക്കു നഷ്ടപ്പെട്ടു. ക്രിസോസ്റ്റോം എന്ന പേരുതന്നെ ഇദ്ദേഹത്തിന്റെ പ്രസംഗചാതുൎയ്യത്തെ സൂചിപ്പിക്കുന്നു. 'കാഞ്ചനവക്ത്രൻ' (Golden mouth) എന്നാണിതിന്റെ അൎത്ഥം. കോൺസ്റ്റാന്റിനോപ്പിളിലെ വൈദികരുടെയും അൽമേനികളുടെയും നിൎവ്യാജമായ അപേക്ഷകളാലും, നിസ്തന്ദ്രമായ ശ്രമങ്ങളാലും അദ്ദേഹത്തിന്റെ അവശിഷ്ടങ്ങളെ അജ്ഞാതമായ ആ ചെറുനഗരത്തിൽ നിന്നും രാജകീയനഗരമായി കോൺസ്റ്റാന്റിനോപ്പിളിലേക്കു അത്യാഡംബരപൂൎവ്വം മാററപ്പെട്ടു. ചക്രവൎത്തിയായ തിയഡോഷ്യസ് ദ്വിതീയൻ കൽക്കദോനിയാപട്ടണംവരെയും വന്നു ആഘോഷയാത്രയെ സ്വീകരിക്കുകയും, ആ വിശുദ്ധനെ നാടുകടത്തിയ അപരാധത്തിനു തന്റെ മാതാപിതാക്കന്മാൎക്കു വേണ്ടി ദൈവത്തോടു ക്ഷമാപണം ചെയ്യുകയും ചെയ്തു.

ത്രിത്വത്തിന്റെ രഹസ്യം, ജന്മപാപം, വരപ്രസാദം ആദിയായ വിഷയങ്ങളിൽ, പരാജിതനായ സാത്താന്റെ ശ്രദ്ധ പതിഞ്ഞു. മിശിഹാ മാംസമായി അവതരിച്ച ദൈവവചനമാണെന്നും [illegible]ിൽ ഒരാൾ മാത്രമേയുള്ളുവെങ്കിലും ആ ഒരാളിൽ വ്യത്യസ്തങ്ങളായ രണ്ടു സ്വഭാവങ്ങളുണ്ടെന്നും കത്തോലിക്കാസഭ ആദിമുതലേ വിശ്വസിച്ചുവന്നു. നിൎഭാഗ്യവശാൽ കോൺസ്റ്റാന്റിനോപ്പിൾ മെത്രാപ്പോലീത്താ ആയിരുന്ന നെസ്തോറിയസ് ഈ പരിശുദ്ധ വിശ്വാസത്തെ അവഗണിച്ചു ഒരു പുതിയ സിദ്ധാന്തം പ്രബോധിപ്പിച്ചുതുടങ്ങി. മിശിഹായിൽ രണ്ടു സ്വഭാവമുള്ളതുപോലെതന്നെ രണ്ടാളുകളും ഉണ്ടെന്നുള്ളതായിരുന്നു ഈ നവീനസിദ്ധാന്തം. എന്നാൽ കത്തോലിക്കാമതപ്രബോധനത്തെ പരസ്യമായി നിഷേധിക്കുവാൻ അയാൾക്കു ധൈൎയ്യമുണ്ടായില്ല. അതിനാൽ പരിശുദ്ധ കന്യക ദൈവത്തിന്റെ മാതാവല്ല, പ്രത്യുത ക്രിസ്തുവിന്റെ മാതാവാണെന്നു പ്രബോധിപ്പിച്ചുകൊണ്ടു, നിത്യവചനമായ ആളും ക്രിസ്തുവും തമ്മിൽ ഒരു വ്യത്യാസമുണ്ടെന്നു ലോകത്തെ ഗ്രഹിപ്പിക്കുവാൻ അയാൾ ശ്രമിച്ചു. സാൎവ്വത്രികമായ വിശ്വാസത്തിനു വിരുദ്ധമായ ഈ നവീനസിദ്ധാന്തം വൈദികരും, അൽമേനികളുമായ സകലരിലും വലുതായ ഇടച്ചിലെ ഉളവാക്കി. ഈ അബദ്ധസിദ്ധാന്തം പ്രബോധിപ്പിച്ച ക്ഷണത്തിൽത്തന്നെ പ്രബോധകനോടു തങ്ങൾക്കുള്ള അവജ്ഞ കാണിക്കുവാൻ സത്യവിശ്വാസികളായ സകലരും ദേവാലയം വിട്ടിറങ്ങിപ്പോയി. വിശ്വാസത്തിന്റെ അത്ഭുതകരമായ ഈ പ്രവൎത്തനം പ്രത്യേകം ശ്രദ്ധേയമാണു്. കാൎയ്യകാരണസഹിതം സയുക്തികമായി ഒരു തത്വത്തെയോ വിശ്വാസത്തെയോ സമൎത്ഥിക്കുവാൻ അധികമാളുകൾക്കും സാദ്ധ്യമല്ല. എങ്കി

ലും അവർ അതിനെ നിസ്സംശയം വിശ്വസിക്കുകയും അഭേദ്യം ആചരിക്കുകയും ചെയ്യുന്നു. കാരണം എന്തെന്നു അവർ അറിയുന്നോ ഇല്ലെങ്കിലും പാഷണ്ഡമതസിദ്ധാന്തങ്ങൾ കേൾക്കുമ്പോൾ അവർ താനേ ഞെട്ടിപ്പോകുന്നു. ദൈവികമായ ഒരു പ്രചോദനത്താൽ അവർ അനായാസേന അതിനെ വ്യാവർത്തിച്ചറിയുന്നു. നെസ്തോറിയസ് ഒരു മഹാനും ചക്രവർത്തിയുടെ വാത്സല്യഭാജനവുമായിരുന്നു. എങ്കിലും കത്തോലിക്കാ വിശ്വാസത്തിനു വിരുദ്ധമായ സിദ്ധാന്തങ്ങൾ പഠിപ്പിച്ചുതുടങ്ങിയ ക്ഷണത്തിൽതന്നെ സകല കത്തോലിക്കരും അദ്ദേഹത്തെ വെറുത്തു. ഈപ്രകാരം, മതവൈപരീത്യങ്ങൾ അനുസ്യൂതം ഉണ്ടാകുവാൻ അനുവദിച്ച ദൈവംതന്നെ സത്യസഭാസംരക്ഷണത്തിനായി ധീരന്മാരും വിശുദ്ധരുമായ വേദശാസ്ത്രപണ്ഡിതരെയും അവതരിപ്പിച്ചു.

നെസ്തോറിയൻ മതത്തോടെതിർത്തു വിജയം നേടിയ മഹാൻ അലക്സാന്ത്രിയായിലെ വി. ചിറില്ലോസായിരുന്നു. അദ്ദേഹം ആദ്യമായി മനുഷ്യാവതാരരഹസ്യത്തെ ആസ്പദീകരിച്ചു സുവ്യക്തവും സുഗ്രാഹ്യവുമായ ഒരു പ്രബന്ധം പ്രസിദ്ധപ്പെടുത്തി. അതിൽ അദ്ദേഹം പ്രസ്താവിക്കുന്നു "പരിശുദ്ധകന്യകയുടെ ദൈവജനനീപദത്തിൽ സംശയം തോന്നുന്നവർ ഉണ്ടോ എന്നു ഞാൻ അത്ഭുതപ്പെടുന്നു. നമ്മുടെ കർത്താവായ മിശിഹാ ദൈവമാണെങ്കിൽ കന്യകയായ അവിടുത്തെ മാതാവും നിസ്സന്ദേഹം ദൈവജനനിയുമായിരിക്കണം. അപ്പസ്തോലന്മാരും സത്യവിശ്വാസികളായ നമ്മുടെ പൂർവ്വന്മാരും നമ്മെ പഠിപ്പിച്ചിട്ടുള്ളതും ഇങ്ങനെയാണല്ലോ. ദൈവവചനത്തിൻെറ ഉത്ഭവം കന്യകമറിയത്തിൽനിന്നായിരുന്നില്ല, പ്രത്യുത പരിശുദ്ധ റൂഹായുടെ പ്രവൃത്തിയാൽ വി. മറിയാമിൻെറ ഉദരത്തിൽ ഒരു നിർമ്മലശരീരം ഉൽഭൂതമാകയും, വിവേചനാശക്തിയുള്ള ഒരാത്മാവിനാൽ അതു് സജീവമാക്കപ്പെടുകയും ആത്മാവും ശരീരവും കൂടിയ ആ മനുഷ്യസ്വഭാവത്തെ ദൈവവചനം തൻെറ ആളിൽ സ്വീകരിച്ചു് ഐക്യപ്പെടുകയും തന്നിമിത്തം വചനം മാംസമായി എന്നു നാം ഏററു പറയുകയുമാണു് ചെയ്യുന്നതു്. നമ്മുടെ അനുഭവവും ഇതുപോലെതന്നെയല്ലയോ? ഒരു സ്ത്രീക്കു അവളുടെ സന്താനത്തിൻെറ ആത്മോല്പാദനത്തിൽ യാതൊരു കർത്തൃത്വവും ഇല്ലെന്നിരുന്നിട്ടും അവളെ ആ കുട്ടിയുടെ മാതാവെന്നല്ലാതെ, അതിൻെറ ശരീരത്തിൻെറ മാതാവെന്നു പറയുന്നില്ലല്ലോ". വിശുദ്ധ ചീറില്ലോസിൻെറ ഈ പ്രബന്ധം പൗരസ്ത്യരാജ്യത്തിലെങ്ങും പ്രചുരമായി പ്രചരിച്ചു. ഇതിൻെറ സഹായത്താൽ, നെസ്തോറിയസിൻെറ നവീനസിദ്ധാന്തങ്ങളാൽ ചഞ്ചലമനസ്കരായിത്തീർന്നിരുന്ന പലരും അവരുടെ സംശയങ്ങളെല്ലാം തീർത്തു്,

ദ്ധവിശ്വാസികളായിത്തീരുന്നതിനു് ഇടയായി. നെസ്തോറിയസിനെ പുനരൈക്യപ്പെടുത്തുന്നതിനു് വി. ചിറില്ലോസു് ശ്രമിച്ചു. പക്ഷെ ആ ശ്രമം വിഫലമായതേ ഉള്ളു. ഒരു ശീശ്മയുടേയോ ഇടത്തൂടിന്റേയോ അവതാരകൻ, അതുപേക്ഷിച്ചു പുനരൈക്യം പ്രാപിക്കണമെങ്കിൽ ദൈവപ്രസാദത്തിന്റെ ഏററവും വലുതായ അത്ഭുതപ്രവൎത്തനം തന്നെ ആവശ്യമാണു്. വി. ചിറില്ലോസു് കോൺസ്ററാൻറിനോപ്പിൾ സഭയുടെ ദയനീയമായ സ്ഥിതിയെ വിശദീകരിച്ചും, അതിനെ പരിഹരിക്കേണ്ട ആവശ്യത്തെ ഉൽബോധിപ്പിച്ചും സെലസ്ററിൻമാൎപ്പാപ്പായ്ക്കു് ഒരു എഴുത്തയച്ചു. നെസ്തോറിയസും, തന്റെ നവീനസാദ്ധാന്തങ്ങളെ കൈഒപ്പു സഹിതം മാൎപ്പാപ്പായിക്കയച്ചിരുന്നു. അതിനാൽ നെസ്തോറിയസിന്റെ ഉപദേശങ്ങളെ പരിശോധിക്കുന്നതിനായി മാൎപ്പാപ്പാ ഒരു കൗൺസിൽ റോമായിൽ വിളിച്ചുകൂട്ടി. നെസ്തോറിയസ്സിന്റെ പ്രബോധനങ്ങൾ പാവനവും സത്യം മാത്രവുമായ കത്തോലിക്കാവിശ്വാസത്തിനു വിരുദ്ധമെന്നായിരുന്നു ആ കൗൺസിൽ തീരുമാനിച്ചതു്. പരിശുദ്ധ മാൎപ്പാപ്പാ ഈ തീരുമാനത്തെ വിശുദ്ധ ചിറില്ലോസിനേയും അറിയിച്ചു. ചിറില്ലോസിനു് അദ്ദേഹം എഴുതിയ തിരുവെഴുത്തിൽ, ചിറില്ലോസിന്റെ സത്യവിശ്വാസസംരക്ഷണതീഷ്ണതയെ അത്യധികം പ്രശംസിക്കുകയും, മനുഷ്യാവതാരരഹസ്യം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പ്രസ്താവനകളെയെല്ലാം അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. ഒരു നിശ്ചിതസമയത്തിനുള്ളിൽ നെസ്തോറിയസു് അയാളുടെ അബദ്ധസിദ്ധാന്തങ്ങളെ ഉപേക്ഷിച്ചു്, സത്യസഭയോടു പുനരൈക്യപ്പെടാത്ത പക്ഷം, ഒരു ഉണങ്ങിയ ശിഖരമെന്ന നിലയിൽ, അയാളെ സത്യസഭയാകുന്ന മുന്തിരിച്ചെടിയിൽ നിന്നും വെട്ടി നീക്കുന്നതിനും, ഈ തിരുവെഴുത്താൽ പരിശുദ്ധ പിതാവു്, ചിറില്ലോസിനെ അധികാരപ്പെടുത്തി.

എന്നാൽ നെസ്തോറിയസിന്റെ അഭിപ്രായങ്ങൾക്കു് ഇളക്കമുണ്ടായില്ലെന്നു മാത്രമല്ല, ഈ പ്രതിരോധനങ്ങൾ അയാളുടെ അഭിമാനത്തെ ക്ഷതപ്പെടുത്തുകയാൽ, അയാളുടെ ധാൎഷ്ട്യം വൎദ്ധിക്കുകയും ചെയ്തു. തിയഡോഷ്യസു് ചക്രവൎത്തിക്കും വലുതായ മനസ്സാസ്ഥ്യം ഉണ്ടായി. ഇതിനേ സംബന്ധിച്ചു് ഒരന്ത്യതീരുമാനം ഉണ്ടാകേണ്ടതു് സഭയുടെ സമാധാനത്തിനു് അവശ്യം ആവശ്യമാണെന്നും അദ്ദേഹത്തിനു തോന്നി. അതിനാൽ, അദ്ദേഹം എഫേസൂസിൽ, ഒരു സാൎവ്വത്രികസൂനഹദോസു വിളിച്ചുകൂട്ടി. ക്രൈസ്തവലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി ഇരുനൂറോളം മെത്രാന്മാർ ഇതിൽ സംബന്ധിച്ചു. വി. ചിറില്ലോസു് പരിശുദ്ധ പിതാവിന്റെ പ്രതിനിധിയായി ഇതിൽ, അദ്ധ്യക്ഷം വഹിച്ചു.

നെസ്തോറിയസ് തന്റെ ആപ്തമിത്രവും, സഹായകനുമായ കാൻഡിഡിയൻപ്രഭുവോടുകൂടി, അവിടെ വന്നിരുന്നുവെങ്കിലും, സൂനഹദോസിന്റെ ഒരു സമ്മേളനത്തിലും അയാൾ സന്നിഹിതനായില്ല. അന്ത്യോഖ്യാപാത്രിയർക്കീസും, അദ്ദേഹത്തിന്റെ സഫ്റഗൻ മെത്രാന്മാരും, വന്നിട്ടില്ലായെന്നുള്ളതായിരുന്നു ഇതിനു നെസ്തോറിയസ് പറഞ്ഞ കാരണം. ഇതിനു മുൻപുള്ള സൂനഹദോസുകളെ അപേക്ഷിച്ച് ഇതിനൊരു വ്യത്യാസമുണ്ടായിരുന്നു. ദേവാലയമദ്ധ്യത്തിൽ ഉയൎന്ന ഒരു സിംഹാസനം നിൎമ്മിച്ച് അതിൽ നാലു സുവിശേഷങ്ങളും പ്രതിഷ്ഠിച്ചു വച്ചു എന്നുള്ളതായിരുന്നു ഈ വിശേഷം. ഇതിന്റെ ഉദ്ദേശ്യം, "എന്റെ നാമത്തിൽ നിങ്ങൾ എവിടെ സമ്മേളിക്കുമോ അവിടെ ഞാനുമുണ്ട്" എന്നു വാഗ്ദാനം ചെയ്തിട്ടുള്ള നമ്മുടെ കൎത്താവിന്റെ സാന്നിദ്ധ്യത്തേയും പ്രകാശനശക്തിയേയും സൂചിപ്പിക്കുകയെന്നതായിരുന്നു. ഈ ആഘോഷനടപടി അനന്തരമുള്ള എല്ലാ സൂനഹദോസുകളിലും അനുവൎത്തിക്കപ്പെട്ടു വരുന്നു. മെത്രാന്മാർ അവരുടെ സ്ഥാനമുറയനുസരിച്ച് ദേവാലയത്തിൽ ഇരുവശങ്ങളിലും ആസനസ്ഥരായിരുന്നു. നെസ്തോറിയസ് സന്നിഹിതനാകാതെയിരുന്നതിനാൽ പരിശുദ്ധ സിംഹാസനത്തിലേക്ക് അയാൾ അയച്ചിരുന്നതും, അയാളുടെ സിദ്ധാന്തങ്ങളെ വിശദീകരിച്ചിരുന്നതുമായ പ്രബന്ധം, അവിടെ വായിക്കപ്പെട്ടു. ഇതു വായിച്ചു കഴിഞ്ഞ ക്ഷണത്തിൽ, "നീചമായ ഈ അബദ്ധപ്രബോധനങ്ങൾ ശപിക്കപ്പെട്ടതായിരിക്കട്ടെ. ഇതിനെ പഠിപ്പിക്കുന്നവരും അനുസരിക്കുന്നവരും ശപിക്കപ്പെട്ടവരാകട്ടെ. —ഇവ വിശുദ്ധ ഗ്രന്ഥങ്ങൾക്കും പിതാക്കന്മാരുടെ വിശ്വാസത്തിനും വിരുദ്ധങ്ങളായിരിക്കുന്നു" എന്ന് അവിടെ കൂടിയിരുന്നവർ ഏകസ്വരത്തിൽ വിളിച്ചുപറഞ്ഞു. അനന്തരം വി. സെലസ്റ്റിൻമാൎപ്പാപ്പാ നെസ്തോറിയസിനയച്ചിരുന്ന തിരുവെഴുത്തും, അതിനേ തുടൎന്ന് വിശുദ്ധന്മാരായ സിപ്രിയാനൂസ്, അത്തനേഷ്യസ്, അംബ്രോസീസ്, ബസേലിയോസ് ആദിയായവരുടെ പ്രബന്ധങ്ങളിൽ നിന്നും, നെസ്തോറിയസിന്റെ അബദ്ധസിദ്ധാന്തങ്ങളെ ~~പ്രത്യക്ഷപ്പെട്ടിരുന്ന~~ ഭാഗങ്ങളും അവിടെ വായിക്കപ്പെട്ടു. ജനാവലിയിൽ വലുതായ ഒരു ഉണൎവ്വും, അക്ഷമതയും പ്രത്യക്ഷമായി. അവർ കൂട്ടംകൂട്ടമായി ദേവാലയാങ്കണത്തിൽ സ്ഥലം പിടിച്ചു.

സൂനഹദോസ് അവസാനിച്ചു. പരിശുദ്ധകന്യക ദൈവമാതാവ് എന്നുതന്നെ അവർ പ്രഖ്യാപനംചെയ്തു. വേഗത്തിൽ ഈ തീരുമാനം പട്ടണം മുഴുവൻ പരന്നു. ജനാവലി സഭാപിതാക്കന്മാൎക്കായി ദൈവാ

നുഗ്രഹം അപേക്ഷിച്ചു. വിവിധതരത്തിലുള്ള ദീപാവലികളാൽ പട്ടണനിവാസികൾ ഈ തിരുമാനത്തിൽ അവൎക്കുള്ള ആഹ്ളാദത്തെ പ്രകാശിപ്പിച്ചു. എന്നാൽ നെസ്തോറിയസിന്റെ സ്നേഹിതനും, സൂനഹദോസിന്റെ നടത്തിപ്പിനു ചക്രവൎത്തിയാൽ നിയുക്തനുമായിരുന്ന കാൻഡിഡിയൻപ്രഭു, സഭാപിതാക്കന്മാർ ചക്രവൎത്തിക്കയച്ചിരുന്ന റിപ്പോൎട്ടിനെ തടയുകയും, തെററായ ഒരു റിപ്പോൎട്ട് ചക്രവൎത്തിക്കയക്കുകയും ചെയ്തു. മാത്രമല്ല, ശരിയായ ഒരു റിപ്പോൎട്ടു ചക്രവൎത്തിക്ക് ലഭിക്കാതിരിക്കുവാനുള്ള എല്ലാ ശ്രമങ്ങളും തുടരുകയും ഉണ്ടായി. സഭാപിതാക്കന്മാർ കുഴങ്ങി. ശരിയായ വിവരം ചക്രവൎത്തിയെ ഗ്രഹിപ്പിക്കുവാൻ അവർ ചെയ്ത ഏതൊരു ശ്രമവും പ്രതിരോധിതമായി. ഒടുവിൽ ഒരു ഭിക്ഷുവിന്റെ ദണ്ഡിനുള്ളിൽ നിക്ഷേപിച്ചു്, ആ ഭിക്ഷു വഴിയാണു ശരിയായ റിപ്പോൎട്ടു ചക്രവൎത്തിയെ ഏല്പിച്ചതു്. തന്നെ തെററിധരിപ്പിച്ചതിൽ നെസ്തോറിസിനോടു ചക്രവൎത്തിക്കു വല്യതായ കോപം ഉണ്ടാകയാൽ ഉടനെതന്നെ അയാളെ ഈജിപ്തിൽ ഓസിസു എന്ന സ്ഥലത്തേക്കു നാടുകടത്തി. അവിടെവച്ചു നെസ്തോറിയസ് അതിദാരുണമായ വിധത്തിൽ മൃതിയടഞ്ഞു.

എന്നാൽ നെസ്തോറിയൻ മതത്തിൽനിന്നും അതുപോലെതന്നെ മനുഷ്യാവതാരരഹസ്യത്തിനു കണ്ടകോടാലി ആയി വേറൊരു നൂതനമതം ആവിർഭവിച്ചു. ഒരു ആശ്രമസ്ഥനായിരുന്ന എവുത്തിക്കൂസായിരുന്നു ഇതിന്റെ അവതാരകൻ. അയാൾ നെസ്തോറിയൻ സിദ്ധാന്തങ്ങളോടു ചെയ്ത തീഷ്ണമായ സമരത്തിൽ ~~[illegible]~~ അതിരുകടന്നു് അബദ്ധോപദേശത്തിൽ ചെന്നു ചേരുകയാണു ചെയ്തതു്. മനുഷ്യബുദ്ധിയുടെ ബലഹീനതയേയാണു ഇതു പ്രത്യക്ഷപ്പെടുത്തുന്നതു്. വേറൊരു തെററിൽ ചാടാതെ ഒരു തെററിൽ നിന്നും ഒഴിവാൻ അതിനു ശക്തിയില്ലെന്നു കാണുന്നു. സത്യസഭ മാത്രം ഈശ്വരനിദേശിതമായ അതിന്റെ അപ്രമാദിത്വത്താൽ എല്ലാ തെററുകളേയും ശപിക്കുകയും, ഒന്നിലും നിപതിക്കാതിരിക്കുകയും ചെയ്യുന്നു. നമ്മുടെ കൎത്താവിൽ വിഭിന്നങ്ങളായ രണ്ടാളുകൾ ഉണ്ടെന്നു് നെസ്തോറിയസു പഠിപ്പിച്ചു. എവുത്തിക്കൂസ് കൎത്താവിന്റെ ഇരുസ്വഭാവങ്ങളെ തെററിധരിച്ചു. മനുഷ്യാവതാരത്തിനു ശേഷം മിശിഹായിൽ ഒരു സ്വഭാവം മാത്രമേയുള്ളുവെന്നായിരുന്നു എവുത്തിക്കൂസിന്റെ പ്രബോധനം. ആദ്യമായി ആശ്രമത്തിൽ വച്ചാണു്, ഈ അഭിപ്രായം അദ്ദേഹം പ്രകടിപ്പിച്ചതു്. അപ്പോൾതന്നെ ആ അബദ്ധധാരണയിൽനിന്നും അദ്ദേഹത്തെ പിൻതിരിപ്പിക്കുവാൻ അദ്ദേഹത്തിന്റെ സ്നേഹിതന്മാർ ശ്രമിക്കാതെയിരുന്നില്ല. കോൺസ്

റ്റാൻറിനോപ്പിളിലെ മെത്രാനായിരുന്ന വി. ഫ്ലാവിയനും ഈ വിഷയത്തിൽ വേണ്ടവിധം ശ്രമിച്ചു. പക്ഷെ ആ ശ്രമങ്ങളൊന്നും സഫലമായില്ല. അതിനാൽ വി. ഫ്ലാവിയൻ കോൺസ്ററാൻറിനോപ്പിളിലുണ്ടായിരുന്ന മെത്രാന്മാരെയെല്ലാം ക്ഷണിച്ചു്, ഒരു സമ്മേളനം നടത്തി. എന്നാൽ എവുത്തിക്കുസ് സഭയുടെ സനാതനമായ ജ്ഞാനത്തേക്കാൾ സ്വന്തം അഭിപ്രായങ്ങളെ അവലംബിക്കുകയാൽ ഈ കൌൺസിൽ അയാളുടെ പ്രബോധനങ്ങളെ നിഷേധിക്കുകയും ആശ്രമശ്രേഷ്ഠൻ എന്ന സ്ഥാനത്തുനിന്നും അയാളെ നിഷ്കാസനം ചെയ്യുകയും ചെയ്തു. പക്ഷെ, സാമ്രാജ്യത്തിലെ ഒരു വലിയ ഉദ്യോഗസ്ഥനായ ക്രിസാഫിയസിൻെറ സഹായവും സംരക്ഷണവും എവുത്തിക്കുസിനു വലുതായ ഒരു ബലമായിത്തീൎന്നു. അത്യാഗ്രഹിയും സംസ്കാരശൂന്യനും, അവിശ്വാസിയും ക്രൂരനുമായിരുന്നു, ഈ ക്രിസാഫിയസെങ്കിലും, ചക്രവൎത്തിയുടെമേൽ അയാൾക്കു അസാമാന്യമായ സ്വാധീനശക്തിയുണ്ടായിരുന്നു. അയാളുടെ പ്രേരണയാൽ എവുത്തിക്കുസിൻെറ പ്രബോധനങ്ങളെ പരിശോധിക്കുന്നതിനു ഫ്ലാവിയൻെറ വിരോധിയും, എവുത്തിക്കുസിൻെറ മിത്രവുമായിരുന്ന അലക്സാന്ത്രിയാ മെത്രാനായ ദീയസ്കോറോസിൻെറ അദ്ധ്യക്ഷതയിൽ മെത്രാന്മാരുടെ ഒരു സമ്മേളനം നടത്തുന്നതിനും ചക്രവൎത്തി സമ്മതിച്ചു. ക്രിസാഫിയസിൻെറ ഭീഷണിപ്രയോഗത്താൽ എവുത്തിക്കുസ് നിരപരാധിയെന്നും ഫ്ലാവിയൻ ശിക്ഷാൎഹനെന്നും സമ്മേളനം തീരുമാനം ചെയ്തു. ഗൎഹണീയമായ ഈ തീരുമാനത്തിനു് ഒപ്പു വയ്ക്കുവാൻ വിസമ്മതിക്കുകയാൽ പല മെത്രാന്മാരും ബഹിഷ്കൃതരായി. വി. ഫ്ലാവിയനും ഈ ഗണത്തിലുണ്ടായിരുന്നു. യാത്രാമദ്ധ്യേ അദ്ദേഹത്തോടു ചെയ്ത അതിക്രൂരമായ പീഡനങ്ങളാൽ ഏതാനും ദിവസങ്ങൾക്കുശേഷം അദ്ദേഹം പരലോകപ്രാപ്തനായി. അധികനാൾ കഴിയുന്നതിനു മുമ്പ് ചക്രവൎത്തിയും കാലഗതിയടഞ്ഞു. നീചനും നിന്ദ്യനുമായ ക്രിസാഫിയസിൻെറ മൈത്രി തീയഡോഷ്യസിൻെറ യശോധാവള്യത്തെ മലീമസമാക്കി. അനന്തരം സിംഹാസനത്തെ പ്രാപിച്ചതു് മതഭക്തനായ മാൎസിയൻ രാജകുമാരനായിരുന്നു. വിശ്വാസത്തിൻെറ വിശുദ്ധിയെ പരിപാലിക്കുന്നതിനായിരുന്നു അദ്ദേഹത്തിൻെറ പ്രഥമശ്രമം.

എവുത്തിക്കുസിൻെറ ദുഷ്ക്രിയകൾ സഭാമാതാവിനു വരുത്തിയ ക്ഷതങ്ങളാൽ ശകലിതഹൃദയനായ വി. ലീയോമാപ്പാപ്പാ മാൎസിയൻെറ സഹായത്തോടുകൂടി, കോൺസ്ററാൻറിനോപ്പിളിനു സമീപമുള്ള കൽക്കദോനിയാ പട്ടണത്തിലെ വിശുദ്ധ യുഫേമിയായുടെ ദേവാലയത്തിൽ

ഒരു സാവ്വത്രികസൂനഹദോസു വിളിച്ചുകൂട്ടി. 360 മെത്രാന്മാർ ഇതിൽ സംബന്ധിച്ചു. പരിശുദ്ധ സിംഹാസനത്തിൽനിന്നും മൂന്നു പ്രതിനിധികൾ അയയ്ക്കപ്പെട്ടിരുന്നു. 451 ഒക്ടോബർ എട്ടാംതീയതിയായിരുന്നു പ്രഥമസമ്മേളനം. അവർ ആദ്യമായി ഡീയസ്കോറോസിൻെറ പ്രവൎത്തികളെ ചൎച്ചചെയ്തു് അയാളെ നിഷ്കാസനം ചെയ്തു. അതിനുശേഷം ഈ ഇടത്തുടിനെ സംബന്ധിച്ചു ഫ്ലാവിയൻ ലീയോമാർപ്പാപ്പായെ അറിയിച്ചപ്പോൾ അദ്ദേഹം ഫ്ലാവിയനയച്ചിരുന്ന തിരുവെഴുത്തു്—മനുഷ്യാവതാരത്തെക്കുറിച്ചുള്ള കത്തോലിക്കാ വിശ്വാസത്തെ, മിശിഹായുടെ ഏകത്വത്തേയും അവിടുത്തെ ഇരുസ്വഭാവങ്ങളേയും വിശദീകരിച്ചെഴുതിയിരുന്ന തിരുലേഖനം—അവിടെ വായിച്ചു. അതുകേട്ടപ്പോൾ ആ മെത്രാന്മാർ ഏകകണ്ഠമായി പറഞ്ഞു."ഇതുതന്നെയാണു ഞങ്ങളുടെയെല്ലാം വിശ്വാസം. അപ്പസ്തോലന്മാരും, ഞങ്ങളുടെ പിതാക്കന്മാരും ഞങ്ങളെ പഠിപ്പിച്ചതും ഈ വിശ്വാസംതന്നെയായിരുന്നു. വി. പത്രോസു് ലീയോവഴി സംസാരിക്കുന്നു. സത്യവിശ്വാസം ഇതുതന്നെ ഇതിനെ നിഷേധിക്കുന്നവൻ ശപിക്കപ്പെട്ടവനായിരിക്കട്ടെ". അനന്തരം ആ സഭാപിതാക്കന്മാർ ഒരു വിശ്വാസപ്രമാണം വിരചിച്ചു. നിഖ്യായിലേയും കോൺസ്റാൻറിനോപ്പിളിലേയും വിശ്വാസപ്രമാണങ്ങളെ സമാഹരിച്ചശേഷം അവർ പ്രസ്താവിക്കുന്നു." ദൈവത്വത്തിലും, മനുഷ്യത്വത്തിലും ഒരുപോലെ പരിപൂൎണ്ണനും, സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമായ ഏക മിശിഹാകൎത്താവിൽ ഞങ്ങൾ വിശ്വസിക്കുന്നു. മിശിഹാതമ്പുരാൻ ദൈവത്വത്തിൽ പിതാവിനോടും മനുഷ്യത്വത്തിൽ നമ്മുടെ പാപമൊഴിച്ചാൽ നമ്മിൽ ഓരോരുത്തരോടും സമനാണു്. ദൈവത്വത്തിൽ പിതാവിൻെറ ഏകകുമാരനാണു്. നമുക്കും, നമ്മുടെ രക്ഷയ്ക്കുംവേണ്ടി മനുഷ്യനായപ്പോഴോ, കന്യകയും പരിശുദ്ധയുമായ മറിയാമിൽനിന്നും ജാതനായി. ദൈവത്തിൻെറ ഏകകുമാരനും, തമ്മിൽ കലൎത്തപ്പെട്ടവാനോ, വിഭജിക്കപ്പെട്ടവാനോ, മാററപ്പെട്ടവാനോ, വേർതിരിക്കപ്പെട്ടവാനോ, പാടില്ലാത്ത ഇരുസ്വഭാവങ്ങളോടു കൂടിയവനുമായ ആ മിശിഹാകൎത്താവിൽ ഞങ്ങൾ വിശ്വസിക്കുന്നു. മിശിഹായുടെ ഇരുസ്വഭാവങ്ങളിൽ ഓരോന്നിൻെറയും പ്രത്യേകഗുണങ്ങൾ ഈ ഐക്യംമൂലം നഷ്ടപ്പെടുന്നില്ല; പ്രത്യുത ഓരോസ്വഭാവത്തിൻെറയും പ്രകൃതി അന്യൂനമായി അതാതിൽ സംരക്ഷിക്കപ്പെടുകയും, ഒരേ ആളിലും ഒരേ വ്യക്തിയിലും യോജിച്ചിരിക്കുകയും ചെയ്യുന്നു. അതിനാൽ മിശിഹായെ രണ്ടാളായി ഭാഗിക്കുവാൻ പാടുള്ളതല്ല. മിശിഹാ ഏകനും, ദൈവത്തിൻെറ ഏകജാതനായ സുതനും, ദൈവവചനവും, നമ്മുടെ രക്ഷകനുമാകുന്നു".

ആറാമത്തെ സമ്മേളനത്തിൽ ചക്രവർത്തിയും സന്നിഹിതനായിരുന്നു. അവരുടെ തീരുമാനങ്ങളെ വായിച്ചുകേട്ടശേഷം അവർ ഇതിൽ ഐകകണ്ഠ്യേന യോജിക്കുന്നുണ്ടോ എന്നു ചക്രവർത്തി ചോദിച്ചു. ആ ക്ഷണത്തിൽ "ഞങ്ങൾക്ക് ഒരു വിശ്വാസമല്ലാതെ രണ്ടുവിശ്വാസമില്ല. അതു്, സഭാപണ്ഡിതന്മാരുടെ വിശ്വാസമാണ്. വി. അപ്പസ്തോലന്മാരുടെ വിശ്വാസവും അതുതന്നെയായിരുന്നു. ആ വിശ്വാസംതന്നെ ലോകത്തിന്നു രക്ഷയും നൽകുന്നു"വെന്നു അവർ മുക്തകണ്ഠം ഉൽഘോഷിച്ചു. ചക്രവർത്തിക്കു് അത്യധികമായ സന്തോഷമുണ്ടായി. ഈ തീരുമാനത്തെ രാജ്യനിയമമാക്കുന്നതിനും അദ്ദേഹം ആജ്ഞാപിച്ചു. അതിൻെറ മുഖവുരയിൽ അദ്ദേഹം പറയുന്നതു്, സഭ തീരുമാനംചെയ്തുകഴിഞ്ഞ ഒരു വിഷയത്തെ വീണ്ടും വിവാദരംഗത്തിലേയ്ക്കു കൊണ്ടുവരുന്ന ഒരുവൻ, ഒരസത്യതത്വത്തെ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നുവെന്നാണ്. ഇപ്രകാരം എവുത്തിക്കുസിൻെറ മതം നാശംപ്രാപിച്ചു. അതേ, മനുഷ്യാവതാരരഹസ്യം നിർമ്മാർജ്ജനം ചെയ്യാൻ കാപ്പുകെട്ടി, രംഗത്തിലിറങ്ങിയ മതവിപരീതികൾതന്നെ അതേ തത്വത്തെ കൂടുതൽ വിശദീകരിക്കുന്നതിനു, കാരണമായി ഭവിച്ചു.

ഇതിനിടയ്ക്കു് സാമ്രാജ്യത്തിൻെറ രാഷ്ട്രീയസ്ഥിതി അധികമധികം ദയനീയമായിത്തീൎന്നു. എ. ഡി. 400 മുതൽ മ്ലേഛവർഗ്ഗങ്ങളുടെ ആക്രമണങ്ങൾ അനസ്യൂതം ഉണ്ടായി. ഹൊണോറിയസിൻെറ ഭരണദശയിൽതന്നെ വിസിഗോത്തുകളുടെ രാജാവായ അലാറിക്കു്, ഇററലിയെ ആക്രമിച്ചു കൊള്ളയിട്ടു. അതിനെ തുടൎന്നു് വേറൊരു മ്ലേഛവർഗ്ഗാക്രമണത്തിനും ഇററലി വിധേയയായി. അവർ ഇററലിയേ കടന്നു കുറെക്കൂടെ മുമ്പോട്ടു ചെന്നു. ഹൊണോറിയസിൻെറ നില അപകടത്തിലായി. 'റാവനാ'മാത്രം അദ്ദേഹത്തിനു രക്ഷാസ്ഥാനമായി ശേഷിച്ചു. 410 ആഗസ്ററു് 24_ാംനു- രാത്രി ഭയങ്കരനായ അലാറിക്കു റോമ്മാനഗരത്തെ കൊള്ളയിടുകയും കെട്ടിടങ്ങളെല്ലാം നശിപ്പിക്കുകയും ചെയ്തു. എങ്കിലും ദേവാലയത്തിൽ പ്രവേശിക്കുകയോ അതിനെ കൊള്ളയിടുകയോ അവർ ചെയ്തില്ല. ഭയത്താൽ വിറകൊണ്ടിരുന്ന ജനാവലി ശരണംഗമിച്ചതു് ഈ ദേവാലയത്തിലായിരുന്നതിനാൽ മ്ലേഛവർഗ്ഗങ്ങളുടെ സർവ്വശക്തമായ സംഹാരശക്തിയിൽ നിന്നും രക്ഷപെട്ടു. എ. ഡി. 425_ൽ വാലൻറീനിയൻ തൃതീയൻ സ്വമാതുലനായ ഹൊണോറിയസിനു പകരം സിംഹാസനാരൂഢനായി. ഇദ്ദേഹത്തിൻെറ ഭരണകാലത്തും മ്ലേഛവർഗ്ഗങ്ങൾ തങ്ങളുടെ ആക്രമണങ്ങളെ തുടൎന്നു. അററിലാ 700000 ഹൂണ

ന്മാരോടുകൂടി ഇററലിയുടെ ഉത്തരഭാഗങ്ങളെ ആക്രമിക്കുകയും അലാറിക്കിൻെറ ആക്രമണങ്ങളാലുണ്ടായ നാശത്തിൽനിന്നും സാവധാനം ഉദ്ധരിക്കപ്പെട്ട റോമാപട്ടണംവരെ വരികയും ചെയ്തു. വാൻഡൽസും വിസിഗോത്ത്സും മററു മ്ലേച്ഛവർഗ്ഗങ്ങളും സ്പെയിൽ ഗോൾ ആദിയായ ദേശങ്ങൾ കൊള്ളയിട്ടു അററ്ലാ റോമായിലേക്കു വരുന്നുവെന്നു കേട്ടപ്പോൾ ചക്രവർത്തി പരിഭ്രാന്തചിത്തനായി, സെനററുസംഘം വിളിച്ചുകൂട്ടി ആലോചന നടത്തി. പരിശുദ്ധ സിംഹാസനത്തോടും അഭിപ്രായം ചോദിച്ചു. ഒരു ദൂതനെ അയച്ച് അററ്ലായോടു രക്ഷാഭ്യർത്ഥന നടത്തണമെന്നായിരുന്നു എല്ലാവരുടേയും അഭിപ്രായം. എന്നാൽ ഭയങ്കരനായ ആ മ്ലേച്ഛവർഗ്ഗനായകനെ സമീപിക്കുവാൻ ധൈര്യവാനായി ആരുംതന്നെ ഉണ്ടായില്ല. ഒടുവിൽ വിശുദ്ധ ലീയോമാർപ്പാപ്പാതന്നെ ആപൽപൂർണ്ണമായ ആ സാഹസോദ്യമത്തെ സ്വയം വരിച്ചു. എവുത്തിക്കുസിനോടുണ്ടായിരുന്നതിൽ അണുവും കൂടുതൽ ഭയം അററ്ലായോട് അദ്ദേഹത്തിനുണ്ടായിരുന്നില്ല. പ്രശാന്തമായ ധൈര്യത്തോടെ അദ്ദേഹം അസുരസമാനനായ അററ്ലായുടെ സമീപം അണഞ്ഞു് നിർഭയം വിവരം ധരിപ്പിച്ചു. അസാമാന്യമായ ഈ ധൈര്യം കണ്ടു ഭീകരനായ അററ്ലാപോലും അത്ഭുതപരതന്ത്രനായി. സ്വസൈന്യത്തോടദ്ദേഹം പ്രസ്താവിക്കുന്നു. "വൃദ്ധനായ ആ പുരോഹിതൻെറ വാക്കുകൾ എൻെറ ഹൃദയത്തെ ഇളക്കിയതെങ്ങിനെയെന്നു് ഊഹിക്കുവാൻപോലും വിഷമമായിരിക്കുന്നു". ഏതായാലും വിശുദ്ധ ലീയോയുടെ അഭിപ്രായങ്ങളെ ആദരിക്കാതിരിക്കുവാൻ അററ്ലായ്ക്കു കഴിഞ്ഞില്ല. ഉടൻതന്നെ സ്വസൈന്യങ്ങളെ അദ്ദേഹം പിൻവലിച്ചു. മൂന്നു കൊല്ലങ്ങൾക്കു ശേഷം വാൻഡൽ വർഗ്ഗക്കാരുടെ നേതാവായ ജെൻസറിയ്ക്കിനേയും വിശുദ്ധ ലീയോ ഇതേതരത്തിൽ സ്വാധീനമാക്കുകയുണ്ടായി.

എന്നാൽ ഇതൊക്കെ സാമ്രാജ്യത്തിനു ആസന്നമായിരുന്ന അന്തിമനാശത്തെ അല്പം മുന്നോട്ടു നീക്കുന്നതിനല്ലാതെ, പരിപൂർണ്ണമായ ഒരു വിജയം സാമ്രാജ്യത്തിനു കൈവരുത്തുവാൻ പര്യാപ്തമായിരുന്നില്ല. മാക്സിമിയാൻ എന്ന ഒരു സെനററുമെമ്പർ വാലൻറീനിയനെ വധിച്ചു് സിംഹാസനം സ്വാധീനമാക്കി. പക്ഷെ അയാളുടെ ഭരണം ഏതാനും മാസത്തേയ്ക്കേ നിലനിന്നുള്ളു. റോമുലസ് ആഗസ്ററസായിരുന്നു പാശ്ചാത്യ സാമ്രാജ്യത്തിലെ അവസാന ചക്രവർത്തി. ക്രിസ്തുവർഷം 476-ൽ ഹെറുലിയിലെ രാജാവായ ഒഡയാസർ മ്ലേച്ഛവർഗ്ഗങ്ങളുടെയഖിലവും നേതാവെന്ന നിലയിൽ ഇററലിയുടെ മൂന്നിൽ രണ്ടുഭാഗം അവർക്കു കിട്ടണമെന്നു

വാദിച്ചു. എന്നാൽ യുവാവായ ചക്രവത്തിക്കുവേണ്ടി ഭരണം നടത്തിയിരുന്ന റീജൻറ് ഇതിനെ അനുകൂലിച്ചില്ല. ഒഡയാസർ, ഉടനെ റാവനായെ ആക്രമിച്ചു സ്വാധീനമാക്കി. മാത്രമല്ല, യുവാവായ രാജകുമാരനെ കാംപാനിയായിലേക്കു നാടുകടത്തുകയും സ്വയം ഇററലിയുടെ രാജാവായിത്തീരുകയും ചെയ്തു. ഇതിനെ തുടൎന്നു ധീരരും ആക്രമചതുരരുമായ ഓരോ വൎഗ്ഗക്കാർ ഒന്നിനു പുറകെ ഒന്നായി സാമ്രാജ്യത്തിൻെറ ശേഷിച്ച ഭാഗങ്ങൾ കൈവശപ്പെടുത്തി. ഇതുപൎയ്യന്തം ഉത്തരദേശങ്ങളിലെ ശൈത്യപൂൎണ്ണവും വിജനവുമായ വനാന്തരങ്ങളിൽ ബന്ധനസ്ഥരാക്കപ്പെട്ടിരുന്ന അവർ, സാമ്രാജ്യാവശിഷ്ടങ്ങളെ കൈവശമാക്കുന്നതിൽ കാണിച്ച ഉത്സുകതയും ഊർജ്ജസ്വലതയും അന്യാദൃശമായിരുന്നു.

റോമുലസിനാൽ സംസ്ഥാപിതവും, ലോകം ദൎശിച്ചിട്ടുള്ളതിൽ ശക്തവും പ്രസിദ്ധവുമായ റോമാസാമ്രാജ്യം ഇപ്രകാരം, 1228 കൊല്ലത്തെ, ജീവിതത്തിനു ശേഷം, ഭൂമുഖത്തു നിന്നും നാമാവശേഷമായി. എത്രതന്നെ ശക്തമായാലും, ലൗകികമായ ഏതൊരു പ്രസ്ഥാനവും, സ്ഥാപനവും, ബുൽബുദതുല്യം നശ്വരമാണെന്നുള്ള മഹൽതത്വത്തെയാണ് ഈ ഭയങ്കരനാശം ലോകത്തെ ഉൽബോധിപ്പിക്കുന്നതു്. സാമ്രാജ്യങ്ങൾക്കു വൃദ്ധിക്ഷയമുണ്ടു്. എന്നാൽ ഒരേ ഒരു സ്ഥാപനം മാത്രം പ്രകൃതിതത്വങ്ങൾക്കതീതമായി, അചഞ്ചലമായി സ്ഥിതി ചെയ്യുന്നു—സത്യസഭ—മിശിഹായാൽ പാറമേൽ സ്ഥാപിതമായ പാവനസഭ അതു് ഇന്നും എന്നും സജീവയായി, അവസ്ഥാന്തരാതീതമായി ജീവിക്കും.

## വിപിന്തനങ്ങൾ.

സഭാസമരരംഗത്തിലെങ്കിലും, വിജയശ്രീലാളിതയായിരിക്കുകയെന്നതാണ്, സഭാമാതാവിൻെറ ശിരോലിഖിതം. അവളുടെ നാഥനെപ്പോലെ കഷ്ടതകളാൽ അവൾ പരിപൂൎണ്ണയാകുന്നു. മനുഷ്യദൃഷ്ടിക്കു ഏററവും ബലഹീനയായി പ്രത്യക്ഷപ്പെടുന്ന സമയത്തു അവൾ ഏററവും പ്രബലയായിരിക്കും. ഒരു പീഡനത്തെ ജയിച്ചു്, വിശ്രമാവസരത്തിലേയ്ക്കു് അവൾ കാലൂന്നുന്ന ക്ഷണത്തിൽ ഇതാ വേറൊരു പീഡനം അവളെ അഭിമുഖീകരിക്കുന്നു. ഇടങ്ങുടകളും ശിശ്മകളും കൊണ്ടു് അവളുടെ അരുമസന്താനങ്ങൾ ആ മാതാവിൻെറ ഹൃദയത്തെ പിളക്കുന്നു. സഭാചരിത്രത്തിൻെറ ഓരോ വശത്തും നിരന്തരമായ സമരവൃത്താന്തമാണ് നാം വായിക്കുന്നതു്. എന്നാൽ അവളുടെ വിജയവിവരവും വൃദ്ധിവൃത്താന്തവും ഇല്ലാത്ത ഒരു പുറംപോലും ആ ചരിത്രത്തിൽ ഇല്ലതന്നെ. ദൈവത്തിൻെറ സൎവ്വശക്തമായ കരം അവൾക്കുനെ

ക്കുലമായി ഉയൎത്തപ്പെടാതിരുന്നുവെങ്കിൽ ആര്യൻമതവൈപരീത്യകാലത്തു തന്നെ അവർ നാമാവശേഷമായിപ്പോകുമായിരുന്നു. നാം വിവവരണം അവസാനിപ്പിക്കുന്ന ഈ ദശാസന്ധിയിലും, പേർഷ്യാ ആഫ്റിക്കാ ആദിയായി നാമമാത്രമായിട്ടെങ്കിലും, സാമ്രാജ്യത്തിനധീനമായിരിക്കുന്ന ദേശങ്ങളിൽ അനേകായിരം രക്തസാക്ഷികൾ സ്വരക്തത്താൽ അവരുടെ വിശ്വാസത്തിനു് ഒപ്പു വച്ചിട്ടുണ്ടു്.

കത്തോലിക്കാവിദ്വേഷത്തിലും, കത്തോലിക്കാപീഡനത്തിലും, ആരിയമതാനുയായികളായ വാൻഡൽസുവൎഗ്ഗക്കാർ എല്ലാ ഇതരജാതികളേയും, അതിശയിപ്പിച്ചു. എങ്കിലും ഈ രക്തസാക്ഷികളുടെ നിണപ്രവാഹത്താൽ, നമ്മുടെ കൎത്താവിന്റെ ദൈവത്വം അനിഷേദ്ധ്യമായി സംസ്ഥാപിതമാകുവാനാണു് സംഗതിയായതു്.

ഈ കാലഘട്ടത്തിൽ തന്നെ അഭിനന്ദനീയമായ വേറൊരു നൂതന പ്രസ്ഥാനവും ആവിർഭൂതമായി. സമ്പന്നരും കീൎത്തിമാന്മാരുമായ അനേകർ, സൎവ്വസ്വവും സംത്യജിച്ചു്, ഈജിപ്തിലും, പലസ്തീനായിലുമുള്ള വനാന്തരങ്ങളിൽ, ഈശ്വരചിന്താനിരതരായി പ്രവാസജീവിതം അനുഷ്ഠിക്കുവാൻ തുടങ്ങിയെന്നതാണു് പ്രശംസാർഹമായ ആ നവീനപ്രസ്ഥാനം. പ്രായശ്ചിത്തം ചെയ്യണമെന്നുള്ള പ്രചോദനത്താൽ മാത്രം പ്രേരിതരായി, അവർ, ലോകത്തേയും അതിലെ മായമയങ്ങളായ വ്യാമോഹങ്ങളേയും സ്വമനസ്സാ പരിത്യജിച്ചു് ദാരിദ്ര്യത്തേയും അദ്ധ്വാനത്തേയും, മൗനത്തേയും, സ്വയം കൈവരിച്ചു. ലോകം ദർശിച്ചിട്ടില്ലാത്തതും, സനാതനവും, നിസ്തുലവുമായ മോക്ഷപ്രാപ്തിയായിരുന്നു ഇതിൽ അവരുടെ പരമോദ്ദേശ്യം. ഇവരുടെ സംഖ്യാധിക്യത്താൽ മരുഭൂമികളും, വിജനപ്രദേശങ്ങളും, പോരാതെ വന്നു. (എശയ്യാ. 49: 19). മാത്രമല്ല, ഇവരുടെ ജീവിതചൎയ്യ, ബലഹീനമായ സാമ്രാജ്യത്തിന്റെ ജീവശക്തിയേ നിഹനിക്കുന്ന ധാരാളത്വത്തിന്റേയും അമിതസുഖാഭിലാഷത്തിന്റെയും, ശക്തമായ ഒരു പ്രതിഷേധവുമായിരുന്നു. എന്നാൽ നിസ്തുലമായ ആ പ്രതിഷേധങ്ങളും പരാജയത്തിൽ കലാശിയ്ക്കുകയാണു് ചെയ്തതു്. തങ്ങളുടെ ദുഷ്യങ്ങളെ പാപഹരമായ കുരിശിൻപാദത്തിൽ ബലി അൎപ്പിക്കുവാൻ റോമാക്കാർ സമ്മതിച്ചില്ല. ദൈവമാകട്ടെ, കരുണാലേശമെന്യെ അവരെ ഉന്മൂലനം ചെയ്തു തൽസ്ഥാനത്തു് ഒരു നൂതന വംശത്തെ പ്രതിഷ്ഠിക്കുകയും ചെയ്തു.

---

# അദ്ധ്യായം ൩.

## പാശ്ചാത്യസാമ്രാജ്യത്തിൻെറ അധഃപതനം മുതൽ തിരുസ്ലീബായുടെ പുനർലബ്ധി വരെ.

## A. D. 476—A. D. 622

## ൧. പാശ്ചാത്യരാജ്യങ്ങളിലെ മതാഭിവൃദ്ധി.

(ഇംഗ്ലണ്ട്, ഫ്രാൻസ്.)

ഇനിയും ഭാവി ലോകത്തിൽ പ്രശസ്തസ്ഥാനത്തെ വഹിച്ചവയും, റോമാ സാമ്രാജ്യത്തിൻെറ ഗണനീയവിഭാഗങ്ങളുമായ ഇംഗ്ലണ്ടിലേക്കും, ഫ്റാൻസിലേക്കും നമുക്ക്, നമ്മുടെ ശ്രദ്ധയെ തിരിക്കാം. ആദ്യമായി, ബ്രിട്ടനിൽ സുവിശേഷപ്രസംഗം നടത്തിയതു് ഏ. ഡി. ആറാംശതകത്തിലായിരുന്നു. എന്നാൽ അപ്പസ്തോലൻ ആരായിരുന്നുവെന്നു് ഇനിയും നിശ്ചയമില്ല. വി. പൌലോസാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും വിശ്വാസയോഗ്യമായ യാതൊരു രേഖകളും അതുസംബന്ധിച്ചു് ഇതേവരെ ഉണ്ടായിട്ടില്ല. ബ്രിട്ടനിലെ സഭയേക്കുറിച്ചു കാണുന്ന പ്രഥമരേഖ എലൂത്തുരിയസു മാർപ്പാപ്പായുടെ കാലത്തു (177_181) ഒരു ബ്രിട്ടീഷ് രാജാവോ പ്രഭുവോ ആയ ലൂഷ്യസ്, തന്നെ സത്യസഭയിലേക്കു ചേർക്കണമെന്നപേക്ഷിക്കുന്നതിനായി ഒരു ദൂതനെ റോമിലേക്കയച്ചിരുന്നുവെന്നു ബീഡിൻെറ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതാണു്.

ബ്രിട്ടനിലെ സഭയേക്കുറിച്ചു വേറെയും അനേകം രേഖകൾ ഉണ്ടു്. "റോമൻ സേനയുടെ അമിത ശക്തിയേയും അതിശയിച്ച ബ്രിട്ടൻ ക്രിസ്തീയപ്രമാണങ്ങളുടെ വിനീതശക്തിക്കു വിധേയയായി" എന്നു മൂന്നാംശതാബ്ദത്തിൽ തെർത്തുലിയൻ പ്രസ്താവിച്ചിരിക്കുന്നതും, മററു സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും ബ്രിട്ടനിലെ സഭയേക്കുറിച്ചുള്ള പ്രസ്താവനകൾ കാണുന്നതും, ഡയോക്ലിഷ്യൻെറയും മാക്സിമിയാൻെറയും മതമർദ്ദനകാലത്തു ബ്രിട്ടനിലെ സഭയും പീഡിപ്പിക്കപ്പെട്ടുവെന്നും ചരിത്രത്തിൽ കാണുന്നതും 314_ൽ ആർലസിൽ കൂടിയ കൗൺസിലിലും 347ലെ സർഡിക്കൻ കൗൺസിലിലും 359_ലെ റമിനികൌൺസിലും ബ്രിട്ടീഷ്മെത്രാന്മാർ സംബന്ധിച്ചതായി ആ കൌൺസിലുകളിലെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നതും, പെലേജിയൻ മതം ബ്രിട്ടനിൽ പ്രചരിച്ചതായും അതിനെ

ഉച്ചാടനം ചെയ്യാൻ അവിടത്തെ മെത്രാന്മാരുടെ അപേക്ഷാനുസരണം ആക്സുറേയിലേയും ലൂപ്പസിലേയും മെത്രാനായിരുന്ന ജെർമാന്നൂസിനെ സെലസ്ററിയസ് മാപ്പാപ്പാ ബ്രിട്ടനിലേക്കയച്ചതായി സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും, ഈ ഇതരതെളിവുകളിൽ ഏതാനും ചിലതാണ്.

അഞ്ചു ശതാബ്ദം ഇങ്ങനെ കഴിഞ്ഞു. വിഗ്രഹാരാധനക്കാരായ സാക്സൺകാരും, അവരെ തുടൎന്നു ഡെയിൻകാരും മററോരോ കൂട്ടരും മുറയ്ക്കു ബ്രിട്ടനെ ആക്രമിച്ചുതുടങ്ങി. ആദ്യം രാഷ്ട്രീയം മാത്രമായിരുന്ന ആക്രമണങ്ങൾ കാലാന്തരത്തിൽ മതത്തേയും ബാധിച്ചു. വെയിൽസ് റീക്കി, മററെല്ലാ രാജ്യങ്ങളിലും ക്രിസ്തുമതത്തിനു ഗണ്യമായ നാശമുണ്ടായി. വെയിത്സിലും സഭാധിപത്തിനു ഒരു മങ്ങൽ തട്ടാതിരുന്നില്ല. വി. ഗ്രീഗരി, ശെമ്മാശനായിരുന്ന കാലത്തുതന്നെ ഇംഗ്ലണ്ടിന്റെ പുനർമാനസാന്തരത്തെ അത്യന്തം അഭിലഷിക്കുകയുണ്ടായിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം റോമായിലെ തെരുവുകളിൽകൂടി പ്രയാണം ചെയ്കയിൽ, വില്പനക്കായി നിൎത്തിയിരുന്ന ഏതാനും അടിമബാലന്മാരെക്കണ്ടു് അവർ ആരെന്നന്വേഷിച്ചതായും ബ്രിട്ടൻ ദേശീയരായ വിഗ്രഹാരാധകരെന്നറിഞ്ഞപ്പോൾ, സുമനസ്സുകൾക്കു തുല്യരായ ഈ സുന്ദരബാലന്മാർ അന്ധകാരത്തിന്റെ അരൂപിയാൽ നയിക്കപ്പെടുന്നല്ലോ എന്നു് അദ്ദേഹം വിലപിച്ചതായും പറയപ്പെടുന്നു. അധികാരികളാൽ നിരോധിക്കപ്പെടാതിരുന്നുവെങ്കിൽ അന്നുതന്നെ അദ്ദേഹം ഇംഗ്ലണ്ടിന്റെ മാനസാന്തരത്തിനായി യത്നിക്കുമായിരുന്നു. എങ്കിലും ഈ അഭിലാഷം അദ്ദേഹം പരിത്യജിച്ചില്ല. പരിശുദ്ധ സിംഹാസനത്തെ പ്രാപിച്ചുകഴിഞ്ഞയുടൻ അദ്ദേഹം 40 ബെനദിക്തൻ സന്യാസികൾ അടങ്ങിയ ഒരു സംഘത്തെ വി. ആഗസ്തീനോസിന്റെ നേതൃത്വത്തിൽ ഇംഗ്ലണ്ടിലേക്കയച്ചു. ഈ ഭക്തഗണം ക്രി. വ. 596_ൽ കെൻറിൽ ചെന്നുചേൎന്നു. കെൻറിലെ രാജാവായ ഈതൽബർട്ടു വിവാഹം കഴിച്ചിരുന്നതു് ഫ്രാൻസു രാജാവായ ചാർബർട്ടിന്റെ പുത്രി ബത്താദെ ആയിരുന്നല്ലോ. അവൾ ഒരു ക്രിസ്ത്യാനിയായിരുന്നതിനാൽ (Luid hard.) എന്ന ഒരു പുരോഹിതനും ചാപ്ലയിനായി അവളോടുകൂടി ബ്രിട്ടനിൽ വന്നിരുന്നു. അവരുടെ സ്വാധീനത്താലോ എന്തോ ഈ മിഷ്യനറിസംഘത്തെ സ്വീകരിക്കാമെന്നു രാജാവു സമ്മതിച്ചു. ഒരു രജതസ്ലീബാ വഹിച്ചും, ഇംഗ്ലണ്ടിന്റെ മാനസാന്തരത്തിനായി പ്രാൎത്ഥനാഗീതങ്ങൾ പാടിയും ഒരു ഘോഷയാത്രയായിട്ടായിരുന്നു അവർ രാജാവിന്റെ സമീപത്തു ചെന്നതു്. രാജാവു മര്യാദപൂൎവ്വം അവരെ സ്വീകരിച്ചു, ആസനസ്ഥരാക്കി. വി. ആഗസ്തീനോസ് അ

വരുടെ ആഗമനോദ്ദേശ്യം രാജാവിനെ അറിയിച്ചു. അയാൾ സന്തോഷപൂൎവ്വം അതിനെ കേൾക്കയും, രാജ്യത്തിൽ എവിടെയും സുവിശേഷപ്രസംഗം നടത്തുന്നതിനുള്ള അനുവാദം കൊടുക്കയും ചെയ്തു. മാത്രമല്ല, അവർ അവിടെ താമസിക്കുന്നിടത്തോളം കാലത്തെ അവരുടെ സംരക്ഷണഭാരവും അദ്ദേഹം സ്വയം കൈയ്യേററു. എങ്കിലും അദ്ദേഹം ഉടനെ ക്രിസ്തുമതത്തെ അവലംബിച്ചില്ല. പൂൎവ്വന്മാർ മുതൽ പാരമ്പൎയ്യമായി അവലംബിച്ചുവന്ന മതത്തെ പെട്ടെന്നു പരിത്യജിക്കുവാൻ ഉള്ള വൈമനസ്യമായിരുന്നു ഈ വിഷയത്തിൽ അദ്ദേഹത്തിൻെറ പ്രതിബന്ധം. വി. ആഗസ്തീനോസും കൂട്ടരും സതീഷ്ണം അവരുടെ വേല തുടങ്ങി. അവരുടെ സ്വഭാവശാലീനതയും, ജീവിതവിശുദ്ധിയും, കാൎയ്യശുഷ്കാന്തിയും അത്ഭുതപ്രവൎത്തനവും അജ്ഞാനികളിൽ അതിയായ ആശ്ചൎയ്യവും ആദരവും ജനിപ്പിച്ചു. തന്നിമിത്തം അവരിൽ പലരും ചൈതന്യരഹിതമായി അവരുടെ മതത്തെ ഉപേക്ഷിച്ചു് ക്രിസ്ത്യാനികളായി. ദൈവത്തിൻെറ കരുണയേറിയ കൃപാവരശക്തിയാൽ വിളംബമെന്യേ ഈതൽബർട്ടും ക്രിസ്തുമതമവലംബിച്ചു. ഈതൽബർട്ടിൻെറ മാനസാന്തരം അദ്ദേഹത്തിൻെറ പ്രജകൾക്കു ഒരു പ്രേരകവും മാതൃകയും ആയി. അവരും ആയിരക്കണക്കിനു് അജ്ഞാനിമതത്തെ ഉപേക്ഷിച്ചു്, സത്യമതത്തെ ആശ്ലേഷിച്ചു. ഈതൽബർട്ടിൻെറ മതതീക്ഷ്ണത അനുദിനം വൎദ്ധിച്ചു. രാജശക്തി പ്രയോഗിച്ചുപോലും മതപ്രചരണം നടത്തുവാൻ അദ്ദേഹം സന്നദ്ധനായി. പക്ഷെ, ക്രിസ്തുമതം ലൌകികശക്തികളുടെ സഹായംകൊണ്ടൊന്നുമല്ലാതെ പ്രചരിക്കണമെന്നു് വി. ആഗസ്തീനോസിനു നിർബന്ധമുണ്ടായിരുന്നതിനാൽ അദ്ദേഹം അതിനു സമ്മതിച്ചില്ല. ഈതൽബർട്ടു് വി. ആഗസ്തീനോസിൻെറ ഈ അഭിലാഷത്തെ ആദരിക്കയും ചെയ്തു. ക്രിസ്ത്യാനികൾ ആകുന്നവൎക്കു ഉയൎന്ന ഉദ്യോഗം നൽന്നതുകൊണ്ടും, മററാനുകൂല്യങ്ങളാലും മാത്രം അദ്ദേഹം സംതൃപ്തനായി.

കെൻറിലെ ക്രിസ്ത്യാനികളുടെ സംഖ്യ അനുദിനം വൎദ്ധമാനമായി. അവരെ സംഘടിതരാക്കുന്നതിനും, സുശിക്ഷണത്തിൽ നയിക്കുന്നതിനും, ഒരു മെത്രാൻതന്നെ ആവശ്യമായി വന്നു. അതിനാൽ വി. ആഗസ്തീനോസു ഗോളിലേക്കു പോയി. ഗോളിലെ പേപ്പൽപ്രതിനിധി വി. ആഗസ്തീനോസിനെത്തന്നെ അവരുടെ ആത്മീയാധികാരിയായി കാൻറൎബറിയിലെ മെത്രാപ്പോലീത്താ എന്ന അഭിധാനത്തിൽ അഭിഷേകം ചെയ്തു. ബ്രിട്ടനിലേക്കുള്ള തൻെറ പ്രത്യാഗമനത്തിനു ശേഷം വി. ആഗസ്തീനോസ് അത്ഭുതപൂൎവ്വമായ ഔർജ്ജിത്യത്തോടും വിജയത്തോടും

തൻെറ വേല തുടന്നു. ആ ആണ്ടിലെ ക്രിസ്തുമസ്സു ദിനത്തിൽ കാൻറർ ബെറിയിൽവച്ചു 2000 പേരെ അദ്ദേഹം മാനസാന്തരപ്പെടുത്തി. വി. ആഗസ്തീനോസിൻെറ കീത്തിയും, സ്വാധീനവും അനുദിനം വദ്ധിച്ചു. പരിശുദ്ധപിതാവുപോലും അദ്ദേഹത്തെ അഭിനന്ദിച്ചു് ഒരു തിരുവെഴുത്തെഴുതി വി. ആഗസ്തീനോസിൻെറ മഹനീയാപദാനങ്ങളെ സമാഹരിച്ചു് അഭിനന്ദിച്ചശേഷം, പരിശുദ്ധപിതാവു് പറയുന്നു. "വാത്സല്യസഹോദരാ! ഈ വിജയം എന്നിൽ ഭയത്തേയും ഉളവാക്കുന്നു. നിങ്ങൾ വഴിയായി ദൈവം മഹത്തായ കാൎയ്യങ്ങൾ ചെയ്തിരിക്കുന്നുവെന്നു് നാം അറിയുന്നു. "കത്താവേ പിശാചുക്കളും അവിടുത്തെ നാമത്തിൽ ഞങ്ങൾക്കു കീഴടങ്ങുന്നു" എന്നു്അപ്പസ്തോലന്മാർ ദിവ്യഗുരുവിനോടു് അത്യാഹ്ലാദത്തോടെ പറഞ്ഞപ്പോൾ ദിവ്യരക്ഷകൻ അവരോടു് അരുളിച്ചെയ്ത മറുപടി നാം പലപ്പോഴും സ്മരിക്കണം. അങ്ങു് അരുളിച്ചെയ്തു "ദുഷ്ടാരൂപികൾ നിങ്ങൾക്കു വിധേയരാകുന്നുവെന്നു വിചാരിച്ചല്ല, നിങ്ങളുടെ നാമം സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നുവെന്നു് ഓത്തു് നിങ്ങൾ സന്തോഷിക്കുക". സഹോദരാ, ദൈവം നിങ്ങൾവഴി ബാഹ്യമായി പ്രവത്തിക്കുമ്പോൾ ആന്തരീകമായി നിങ്ങൾ നിങ്ങളെത്തന്നെ നിർദ്ദയം വിധിക്കുക. നിങ്ങൾ ആരെന്നു അവഗാഢമായി അറിയുക. നിങ്ങൾപാപം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ അതിനേക്കുറിച്ചു നിർവ്യാജമായി പശ്ചാത്താപപ്പെടണം. ആ പശ്ചാത്താപം ഈ വിജയത്താൽ നിങ്ങൾക്കുണ്ടായേക്കാവുന്ന സംതൃപ്തിജനകമായ സന്തോഷത്തെ നിഹനിക്കട്ടെ. അത്ഭുതവരം തന്നിരിക്കുന്നതു് നിങ്ങൾക്കായിട്ടല്ല, പ്രത്യുത നിങ്ങൾ ആക്കുവേണ്ടി പ്രയത്നിക്കുന്നുവോ അവരുടെ രക്ഷക്കായിട്ടാണു് എന്നുള്ളതും വിസ്മരിക്കരുതു്. സത്യംതന്നെയായ നമ്മുടെ രക്ഷകൻ അരുളിച്ചെയ്തിട്ടുള്ളതു നിങ്ങൾ ഓക്കുന്നുണ്ടായിരിക്കുമല്ലോ. "ആ ദിവസത്തിൽ പലരും എന്നോടു ചോദിക്കും, കത്താവേ, കത്താവേ, ഞങ്ങൾഅവിടുത്തെ നാമത്തിൽ പ്രവചിക്കയും പിശാചുക്കളെ ഒഴിക്കുകയും, അത്ഭുതങ്ങൾ പ്രവത്തിക്കയും ചെയ്തില്ലേ? ഞാനോ, എന്നാൽ അവരോടു പറയും, ഞാൻ നിങ്ങളെ അറിയുന്നേ ഇല്ല"

ഫലസമൃദ്ധമായ ആ രംഗത്തിലേയ്ക്കു് പരിശുദ്ധ പിതാവു് വീണ്ടും വീണ്ടും മിഷ്യനറികളെ അയച്ചുകൊണ്ടിരുന്നു. സമത്ഥരായ ഏതാനും ആഗ്ലേയയുവാക്കന്മാരെത്തന്നെ അദ്ദേഹം റോമിൽ വരുത്തി മതാഭ്യസനവും മറ്റും നൽകി മിഷ്യൻരംഗത്തിലേക്കയക്കുകയുണ്ടായി. ആംഗലഭൂമിയുടെ മാനസാന്തരത്തിനു് ഇവർ ചെയ്ത സഹായം നിസ്സീമമായിരുന്നു.

പരിശുദ്ധനായ ഈ മാർപ്പാപ്പായുടെ മതപ്രചരണതീഷ്ണത ബ്രിട്ടനിൽ മാത്രം അദ്ദേഹം കേന്ദ്രീകരിച്ചില്ല. കത്തോലിക്കാസഭയുടെ ഏതൊരു രംഗത്തും അതു പ്രതിഫലിച്ചു. സഭയുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിൽ ശരീരാസ്വാസ്ഥ്യത്തെപ്പോലും അദ്ദേഹം അവഗണിച്ചു. വിശ്രമം അദ്ദേഹത്തിനജ്ഞാതമായിരുന്നു. അദ്ദേഹം സഭയിലെ ദൂഷ്യങ്ങൾ സർവ്വവും ദൂരീകരിക്കയും, സങ്കടങ്ങൾ സകലതും പരിഹരിക്കയും, ശിക്ഷണത്തെ അവികലമായി പാലിക്കയും ചെയ്തു. ബലഹീനരുടെ സംരക്ഷകനും മർദ്ദകരുടെ നിരോധകനും, നിർദ്ധനരുടെ സഹായകനുമായിട്ടാണു് അദ്ദേഹം എവിടെയും പ്രത്യക്ഷപ്പെട്ടതു്. ഭരണസംബന്ധമായും മററുമുള്ള ഗൗരവങ്ങളായ ജോലികൾക്കു് മദ്ധ്യേയും തന്റെ ആദ്ധ്യാത്മികാജഗണങ്ങളെ മതാഭ്യസനം ചെയ്യിക്കുവാൻ അദ്ദേഹം വിസ്മരിച്ചില്ല. മതസംബന്ധമായി വി. ഗ്രിഗരി വിരചിച്ച അനേകം ഗ്രന്ഥതല്ലജങ്ങൾ അദ്ദേഹത്തിന്റെ പരിണതജ്ഞാനത്തിന്റെയും ആകർഷണീയമായ ഭാഷാരീതിയുടേയും, അനശ്വരസ്മാരകമായും, കത്തോലിക്കാ വിശ്വാസികൾക്കു്, മാർഗ്ഗദർശകങ്ങളായ ദീപവിശേഷങ്ങളായും, ഇന്നും ലാലസിക്കുന്നു. ഏതാദൃശങ്ങളായ നിസ്തന്ദ്രശ്രമങ്ങളാൽ ക്ലാന്തശരീരനായ അദ്ദേഹം ക്രി. വ. 604_ൽ, നിർവ്വാണം പ്രാപിച്ചു. വി. ഗ്രിഗരി, സഭാഭരണം നടത്തിയിട്ടുള്ള അനേകം മാർപ്പാപ്പാമാരിൽ ശ്രേഷ്ഠനും, ക്രൈസ്തവസാഹിത്യത്തെ നിതരാം പോഷിപ്പിച്ച ഒരു മഹാശയനുമായിരുന്നു. പ്രസിദ്ധരായ നാലു വേദശാസ്ത്രപണ്ഡിതരിൽ ഒരാൾ ഇദ്ദേഹം ആണെന്നുള്ളതും ഈ തരുണത്തിൽ സ്മർത്തവ്യമാണു്. അദ്ദേഹത്തിന്റെ അസാമാന്യമായ സ്വാധീനശക്തിയും, അനന്യസാധാരണമായ മേധാബലവും, അന്യാദൃശ്യമായ സ്വഭാവനൈർമ്മല്യവും ലോകചരിത്രത്തിൽ പോലും മഹാൻ എന്ന നാമത്തെ അദ്ദേഹത്തിനു സമാർജ്ജിച്ചുകൊടുത്തു.

പാശ്ചാത്യസാമ്രാജ്യം ശിഥിലമായി നാശോന്മുഖമാകാറായപ്പോൾ ആധുനികഫ്റാൻസായ ഗോളിന്റെ മാനസാന്തരത്തിനായി ഫ്റാൻസുകാരുടെരാജാവായ ക്ലോവിസിനെ നിയോഗിക്കുവാൻ ദൈവംതിരുമനസ്സായി. ഫ്റാൻസുരാജ്യത്തിന്റെ സ്ഥാപകനായ ഇദ്ദേഹം ആദ്യംഒരജ്ഞാനിയായിരുന്നുവെങ്കിലും ഭക്തയായ ഒരു ക്രിസ്ത്യൻരാജകുമാരിയേയാണു് ഇദ്ദേഹം വിവാഹം കഴിച്ചിരുന്നതു്. ക്ലോട്ടിൽസാ—അതായിരുന്നു അവളുടെ പേർ—ക്രിസ്തുമതത്തിന്റെ മാഹാത്മ്യത്തേയും അജ്ഞാനിവേദത്തിന്റെ അന്തസ്സാരശൂന്യതയേയും കുറിച്ചു് പലപ്പോഴും സ്വഭർത്താവിനോടു സംസാരിക്കാറുണ്ടായിരുന്നു. എന്നാൽ ക്ലോവിസ്സിന്റെ മന

സ്സിന് ഇതുകൊണ്ടൊന്നും യാതൊരു ഇളക്കവുമുണ്ടായില്ല. എങ്കിലും, അവരുടെ കുട്ടിയെ ജ്ഞാനസ്നാനപ്പെടുത്തുവാൻ അയാൾ അനുവാദം കൊടുത്തു. നിർഭാഗ്യവശാൽ ഏതാനും ദിവസങ്ങൾക്കു ശേഷം ആ കുട്ടി മരിച്ചുപോയി. ക്ലോവിയസിനു അസാമാന്യമായ കോപവും വ്യസനവും ഉണ്ടായി. അയാൾ ക്ലോട്ടിൽസായെ നിർദ്ദയമായി ശകാരിച്ചുതുടങ്ങി. ദേവന്മാരുടെ കോപത്തിന് അവൾ അയാളെ പാത്രമാക്കിയെന്നായാരുന്നു അയാളുടെ വിചാരം. ക്ലോട്ടിൽസാ വ്യസനപാരവശ്യത്തോടെയെങ്കിലും ക്ഷമയോടെ അവയെല്ലാം സഹിച്ച് ഈശ്വരപരിപാലനയിൽ ദൃഢമായി വിശ്വസിച്ചുകൊണ്ട് ദൈവത്തോടു പ്രാർത്ഥിച്ചു. അങ്ങനെയിരിക്കെ, അവൾക്കു വീണ്ടും ഒരു പുത്രൻ ജനിച്ചു. ദൈവകൃപയാൽ അവനെയും ജ്ഞാനസ്നാനപ്പെടുത്തുവാനുള്ള അനുവാദം ക്ലോവിസിൽനിന്നും അവൾക്കു ലഭിച്ചു. കഷ്ടമെ! അധികദിവസങ്ങൾ കഴിയുന്നതിനു മുൻപ് ആ കുട്ടിയും രോഗബാധിതനായി. ക്ലോവിസിൻെറ കോപം വർദ്ധിച്ചു. കുട്ടി മരിച്ചുപോകുമെന്നു തന്നെ അയാൾ തീർച്ചയാക്കി. കുട്ടിയുടെ രോഗം വർദ്ധിക്കുന്തോറും അയാളുടെ ശകാരവർഷവും വർദ്ധിച്ചു. ക്ലോട്ടിൽസായാവട്ടെ, ഇതിനെയെല്ലാം അഗണ്യമാക്കി ദൃഢതരദൃഢമായ വിശ്വാസത്തോടെ ദൈവത്തോടു പ്രാർത്ഥിച്ചു. കൃപാകരനായ ദൈവം അവളുടെ പ്രാർത്ഥനയെ കേൾക്കയും ചെയ്തു. അവളുടെ പുത്രൻ സൗഖ്യം പ്രാപിച്ചു.

ക്ലോവിസ് കേവലം ഒരു മ്ലേച്ഛൻ ആയിരുന്നില്ല. ജീവിതത്തിൽ ഏതോ ഒരാദർശവും അല്പമെല്ലാം ഒരു ശ്രേഷ്ഠതയും അയാൾക്കുണ്ടായിരുന്നു. മനഃപരിഷ്കാരജന്യമായ സംസ്കാരമോ, ദൈവപ്രസാദത്തിൽ നിന്നും ലഭ്യമാകാവുന്ന ഒരു പരിപൂർണ്ണാദർശമോ ഇല്ലായിരുന്നുവെന്നല്ലാതെ മററു യാതൊരു ന്യൂനതയും അദ്ദേഹത്തിൽ ഉണ്ടായിരുന്നില്ല. എന്നു തന്നെയല്ല, അദ്ദേഹം സ്വാഭാവികഗുണങ്ങളുടെ ഒരു വിളനിലം തന്നെയായായിരുന്നു. അദ്ദേഹത്തോടു പ്രജകൾക്കുണ്ടായിരുന്ന നിർവ്യാജഭക്തി തന്നെ അദ്ദേഹത്തിൻെറ സ്വഭാവശ്രേഷ്ഠതയ്ക്കു മതിയായ തെളിവാണ്. ക്രിസ്ത്യൻപ്രജകളെല്ലാം അദ്ദേഹത്തിൻെറ മാനസാന്തരത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിച്ചിരുന്നു. ഭാഗ്യാതിരേകത്താൽ അവരുടെ പ്രാർത്ഥനകൾ ദൈവതിരുമുമ്പാകെ സ്വീകാര്യങ്ങളാകയും ചെയ്തു. കോൺസ്ററൻെറയിന് ഉണ്ടായതുപോലെയുള്ള ഒരത്ഭുതവിജയം ക്ലോവിസിനുമുണ്ടായി.

സമരാസക്തരായ * അലമാനികൾ റയിൻനദിയെ കടന്നു ഗോ

---

* ജമ്മൻജാതിക്കാർ.

ളിനെ ആക്രമിക്കുവാൻ സന്നദ്ധരായി. ക്രിസ്ത്യാനികളുടെ ദൈവത്തോടപേക്ഷിച്ചാൽ വിജയം ലഭിക്കുമെന്നു്, ക്ലോട്ടിൽസാ പ്രസ്താവിച്ചു. പക്ഷെ ക്ലോവിസു് ആ അഭിപ്രായത്തെ അത്ര ആദരിച്ചില്ല. ടോൽബിയാക്കു് എന്ന സാനുപ്രദേശത്തു വച്ചു് ക്ലോവിസിന്റെ സൈന്യം അലമാനിസേനനിരയോടെതിരിട്ടു. ക്ലോവിസിന്റെ സൈന്യങ്ങൾ പരാജിതരായി പലായനം ആരംഭിച്ചു. അലമാനികൾ, സന്തോഷത്തോടെ മുമ്പോട്ടു മുമ്പോട്ടു വന്നു. ക്ലോവിസു് പരിഭ്രാന്തനായി. ക്ലോട്ടിൽസായുടെ നിർദ്ദേശം അയാൾ സ്മരിച്ചു. കരങ്ങൾ ഉയർത്തിയും കണ്ണുകൾ ഉന്നമിപ്പിച്ചും അയാൾ പ്രാർത്ഥിച്ചു. "ക്ലോട്ടിൽസാ ആരാധിക്കുന്ന ദൈവമേ, എന്നെ സഹായിക്കുക. അങ്ങു് എനിക്കു വിജയം നൽകുന്നുവെങ്കിൽ അങ്ങയെയല്ലാതെ ആരെയും ഞാൻ ആരാധിക്കുന്നതല്ല". ഈ പ്രാർത്ഥന അവസാനിച്ചതും അലമാനികളുടെ സൈന്യനിരയിൽ ഏതോ കുഴപ്പം ഉണ്ടായതും ഒന്നിച്ചുകഴിഞ്ഞു. അവർ പരിഭ്രാന്തരായി നാലുഭാഗത്തേക്കും ഓടി. ക്ലോവിസു് വിജയശ്രീലാളിതനായി.

അത്ഭുതകരമായ ഈ വിജയം ക്ലോട്ടിൽസായുടെ ദൈവത്തിന്റെ അനുഗ്രഹത്താൽ ഉണ്ടായതാണെന്നു ഫ്റാങ്കുകാർ നിസ്സംശയം വിശ്വസിച്ചു. ക്ലോവിസിനു് അത്യധികമായ ആനന്ദമുണ്ടായി. അയാൾ തന്റെ ശപഥനിർവ്വണത്തിനായി തിരിച്ചു യാത്രയായി. ടോൾ (Tool) എന്ന സ്ഥലത്തു വച്ചു്, പാണ്ഡിത്യത്തിനും ഭക്തിക്കും ഒരുപോലെ പ്രസിദ്ധനായ ഒരു വൈദികനെ അദ്ദേഹം കണ്ടു. മതതത്വങ്ങൾ പഠിക്കുന്നതിനായി, ക്ലോവിസു് അദ്ദേഹത്തെ ഗുരുവായി വരിച്ചു്, സ്വരാജധാനിയിലേക്കു കൊണ്ടുപോയി. വിവരങ്ങൾ അറിഞ്ഞ ക്ലോട്ടിൽസായുടെ സന്തോഷത്തിനു് അതിരില്ലായിരുന്നു. ഭർത്താവിനെ സ്വീകരിക്കുന്നതിനായി റീയസു പട്ടണംവരെയും അവൾ വന്നു.

റീയസുമെത്രാനും, ഫ്റാൻസിന്റെ അപ്പസ്തോലൻ എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന ദേഹവുമായ വി. റെമിജിയസു്, ക്ലോവിസിന്റെ മതാഭ്യസനം പൂർത്തിയാക്കി. തന്റെ മാതൃകയെ അനുസരിച്ചു സത്യമതം സ്വീകരിപ്പാൻ അദ്ദേഹം സ്വസേനാനികളേയും ഉൽബോധിപ്പിച്ചു. ഈ ഉൽബോധനം എത്രയും ഫലപ്രദവുമായി: ഏകസ്വരത്തിൽ ആ സൈന്യവ്യൂഹം പ്രത്യുച്ചരിച്ചു. "എല്ലാ കള്ളദേവന്മാരേയും ഞങ്ങൾ ഉപേക്ഷിക്കുന്നു. റെമിജിയസു് പ്രബോധിപ്പിക്കുന്ന ആ സത്യദൈവത്തെ ആരാധിപ്പാൻ ഞങ്ങൾ ഇപ്പോഴേ സന്നദ്ധരും ആയിരിക്കുന്നു.

അനന്തരം റെമിജിയസ്സ് ക്ലോവിസിൻെറ ജ്ഞാനസ്നാനത്തിനുള്ള ദിവസം നിശ്ചയിച്ചു. കത്തോലിക്കാസഭയുടെ കർമ്മാനുഷ്ഠാനമാഹാത്മ്യത്തെ ഫ്റാങ്കുകാരെ മനസ്സിലാക്കണമെന്നു് അദ്ദേഹത്തിനാഗ്രഹമുണ്ടായിരുന്നതിനാൽ അദ്ദേഹം ആദേവാലയത്തേയും ത്രോണോസിനേയും അമൂല്യങ്ങളായ സാധനങ്ങളാൽ അതിമനോഹരമായി അലങ്കരിച്ചു. സുഗന്ധദ്രവ്യങ്ങൾ ചേർത്തു നിർമ്മിച്ച അനേകായിരം മെഴുകുതിരികൾ, അതിൻെറ ജ്വാലയാൽ ദേവാലയത്തെ പ്രകാശമാനവും അന്തരീക്ഷത്തെ സൗരഭ്യപൂർണ്ണവുമാക്കി. ക്ലോവിസും സൈന്യവും ദേവാലയത്തിൽ എത്തി. സുവിശേഷഗ്രന്ഥവും തിരുസ്ലീബായും മുമ്പിൽ വഹിച്ചും ലുത്തിനിയാ പാടിയും ഒരു ഘോഷയാത്രയായിട്ടായിരുന്നു അവർ ദേവാലയത്തിലേക്കു വന്നതു്. അദ്ദേഹത്തിൻെറ രണ്ടു സഹോദരിമാരും അദ്ദേഹത്തിൻെറകൂടെ ഉണ്ടായിരുന്നു. റെമിജിയസ്സ് ആ രാജാവിനേയും സഹോദരിമാരെയും 3000ത്തിൽപരം വരുന്ന ആ സൈന്യനിരയേയും ജ്ഞാനസ്നാനപ്പെടുത്തി.

ക്ലോവിസിൻെറ ഈ മാനസാന്തരം ക്രൈസ്തവലോകത്തെ മുഴുവൻ പ്രമോദഭരിതമാക്കി. ഉന്നതസ്ഥാനങ്ങളിലെല്ലാം ആരിയൻമതത്തിനായിരുന്നു അന്നു പ്രാബല്യം. അന്നത്തെ ഏക കത്തോലിക്കാരാജാവു് ക്ലോവിസായിരുന്നു. ഫ്റാൻസിലെ കത്തോലിക്കാസഭയുടെ ആവിർഭാവത്തിനു നിദാനവും ക്ലോവിസിൻെറ മാനസാന്തരമായിരുന്നു.

ഈ കാലഘട്ടത്തിൽ ജീവിതവിശുദ്ധിയ്ക്കും അത്ഭുതവരസിദ്ധിക്കും പ്രസിദ്ധയായും, ജനീവു് എന്ന നാമധാരിയുമായ ഒരു പരിശുദ്ധസ്ത്രീ ഗോളിൽ അധിവസിച്ചിരുന്നു. നാൻെറർ (Nanter) എന്ന സ്ഥലത്തായിരുന്നു അവളുടെ ജനനം. ആക്സറേ മെത്രാനായിരുന്ന വി. ജർമ്മാനൂസ്സ് അനന്യസാധാരണമായ ചില സ്വഭാവവിശേഷങ്ങൾ ഇവളിൽ കാണുകയാൽ ദൈവത്തിനായി പ്രതിഷ്ഠിച്ചു പുണ്യവതിയായി ജീവിപ്പാൻ ഇവളോടുപദേശിച്ചു. സസന്തോഷം അവൾ അതിനു സമ്മതിച്ചു. ആഹ്ളാദചിത്തനായ മെത്രാൻ ഉടനെ കുരിശുരൂപം കൊത്തിയിരുന്ന ഒരു മെഡൽ അവൾക്കു നൽകുകയും ഇതല്ലാതെ യാതൊരു ആഭരണവും ധരിക്കരുതെന്നു നിഷ്കർഷിക്കുകയും ചെയ്തു. ഘോരമായ തപസ്സിൻെറയും നിരന്തരമായ പ്രാർത്ഥനയുടേയും ഒരു ജീവിതം അവൾ നയിച്ചു.

ഇങ്ങനെയിരിക്കെ മ്ലേഛവർഗ്ഗരാജനായ അററ്ലാ പാരീസിനെ ആക്രമിക്കുവാൻ വരുന്നുവെന്നുള്ള വാർത്ത പാരിസിൽ കേട്ടു. പാരിസുനിവാസികൾ ആസകലം ഭയവിഹ്വലരായി. എന്നാൽ ജിനീവിനു മാത്രം യാതൊരു

കുലുക്കവുമുണ്ടായില്ല. അതേ, ധീരരായ ഭടന്മാരും, ബലവാന്മാരായ പുരുഷനിരയും വിഗതധൈര്യവാന്മാരായി വിവശരായപ്പോൾ ജനീവുമാത്രം നിശ്ചഞ്ചലയായി പ്രത്യക്ഷപ്പെട്ടു. അവൾ പാരീസിലെ ജനങ്ങളോടു പറഞ്ഞു. "നിങ്ങൾ ചെയ്തുപോയ പാപത്തേക്കുറിച്ചു പശ്ചാത്താപപ്പെടുകയും, ഉപവസിച്ചു പ്രാൎത്ഥിക്കുകയും ചെയ്തു ദൈവകോപത്തെ ശമിപ്പിക്കുക. അപ്പോൾ നിശ്ചയമായും അററ്ലാ പാരീസിൽ പ്രവേശിക്കുകയില്ല". ജനങ്ങൾ അവളുടെ ഉപദേശത്തെ സ്വീകരിച്ചു. അവളുടെ പ്രവചനവും സഫലമായി. അററ്ലാ പാരീസിനെ ആക്രമിച്ചില്ല. ഇതോടുകൂടി ജനിവീവിനെക്കുറിച്ചുള്ള ഭക്തിയും ആദരവും ജനങ്ങളിൽ വൎദ്ധിച്ചു. ഒരു പുണ്യവതിയായിത്തന്നെ ജനങ്ങൾ അവളെ കരുതി. വി. സെന്നിസിൻെറയും കൂട്ടകാരുടേയും നാമത്തിൽ ഒരു ദേവാലയം പണികഴിപ്പിക്കുന്നതിനുള്ള പണവും അവൾക്കു ലഭിച്ചു. ഒരു ഭയങ്കരക്ഷാമകാലത്തു് പാരീസുപട്ടണവാസികൾക്കു ഭക്ഷണം സമ്പാദിച്ചുകൊടുക്കുവാനായി ഒരു വിദൂരയാത്രപോലും ഈ പുണ്യവതി നടത്തുകയുണ്ടായി. ഈ വിശുദ്ധ ക്രി. വ. 571_ൽ തൻെറ 90_ാമത്തെ വയസ്സിൽ നിൎയ്യാണം പ്രാപിച്ചു. പത്രോസു,പൌലോസു ശ്ലീഹന്മാരുടെ ദേവാലയത്തിൽ ക്ലോവിസിനെ സംസ്കരിച്ചതിനു സമീപേ ജനിവീവിനെ ഭൂദാനവും ചെയ്തു. പാരീസിനു് അവൾ ചെയ്തിട്ടുള്ള അനുഗ്രഹങ്ങളെ അവളുടെ മരണത്തിനുശേഷം അവർ വിസ്മരിച്ചില്ല. ഇന്നും ആ വിശുദ്ധയെ പാരീസിൻെറ സംരക്ഷകയായി അവർ വണങ്ങുന്നു. പാരീസിലെ അമൂല്യനിധികളിൽ ഒന്നായിട്ടാണു ജനിവീവിൻെറ തിരുശേഷിപ്പിനെ പാരീസുകാർ പരിഗണിച്ചു വരുന്നതു്.

വിശുദ്ധ ബനഡിക്ടോസിൻെറ (480_543) സുകൃതജീവിതവും അത്ഭുതപ്രവൎത്തനവും സന്യാസജീവിതത്തിനു് ഒരു നവജീവൻ നൽകി. സപേലേറോയിലെ നോർസിയാ ഗ്രാമത്തിലുള്ള ഒരു കുലീന കുടുംബത്തിലായിരുന്നു ഇദ്ദേഹത്തിൻെറ ജനനം. മാതാപിതാക്കന്മാർ ബാലനായ ബനഡിക്ടോസിനെ വിദ്യാഭ്യാസാൎത്ഥം റോമിലേക്കയച്ചു. അവിടുത്തെ അസന്മാൎഗ്ഗപരമായ നടപടികൾ ഈ ബാലനു വലുതായ ഹൃദയവ്യഥയേയും ഭയത്തേയും ഉളവാക്കുകയാൽ ബനഡിക്ടോസു റോമിൽനിന്നും 40 മൈൽ ദൂരെയുള്ള ഒരു സന്യാസാശ്രമത്തെ പ്രാപിച്ചു. മൂന്നു കൊല്ലത്തോളം ബാഹ്യലോകത്തിനു് അജ്ഞാതനായി ജീവിതം നയിച്ചു. മൂന്നുകൊല്ലം കഴിഞ്ഞപ്പോഴേക്കും സ്ഥിതിയെല്ലാം പാടേ മാറി. അദ്ദേഹത്തിനെ അറിയാത്തവരായി ആരുമില്ലെന്നായി. പലരും ഓരോ കാൎയ്യസാദ്ധ്യത്തിനായി അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം അപേക്ഷിച്ചുതുടങ്ങി.

സുഖപ്രാപ്തിക്കായി രോഗികളും അദ്ദേഹത്തിന്റെ സന്നിധിയിലേക്കാനയിക്കപ്പെട്ടു. അടുത്തുള്ള ഒരാശ്രമക്കാർ ഇദ്ദേഹത്തെ തങ്ങളുടെ ആശ്രമശ്രേഷ്ഠനായിക്കിട്ടുവാനും ശ്രമം ആരംഭിച്ചു. വി. ബനദിക്തോസ് ആദ്യം അതു സമ്മതിച്ചില്ല. അദ്ദേഹം നിശ്ചയിക്കുന്ന നിയമങ്ങൾ അവൎക്കു പ്രയാസമായിത്തീരുമെന്നായിരുന്നു ഇതിനദ്ദേഹം പറഞ്ഞ കാരണം. എന്നാൽ ആശ്രമവാസികൾ അവരുടെ അപേക്ഷയെ വീണ്ടും തുടരുകയും ഏതു നിയമവും അനുസരിക്കുവാൻ സന്നദ്ധരാണെന്നു സമ്മതിക്കയും ചെയ്കയാൽ ബനദിക്തോസു അവരുടെ അപേക്ഷയ്ക്കു വിധേയനായി ആസ്ഥാനം സ്വീകരിച്ചു. ഏതാനുംനാൾ കഴിഞ്ഞപ്പോഴേക്കും ആശ്രമത്തിലെ സ്ഥിതിയ്ക്കു ഗണ്യമായ വ്യത്യാസമുണ്ടായി. ബനദിക്തോസിന്റെ നിയമാവലി പലൎക്കും അസഹ്യമായിത്തോന്നി. വല്ലതരത്തിലും ഇദ്ദേഹത്തെ അവിടെനിന്നും പറഞ്ഞയച്ചാൽ മതിയെന്നും പലരും ആഗ്രഹിച്ചു. ഒടുവിൽ വീഞ്ഞിൽ വിഷംചേൎത്തു അദ്ദേഹത്തെ കൊല്ലുന്നതിനും അവർ സന്നദ്ധരായി. ഒരുദിവസം പതിവനുസരിച്ചു തനിക്കു നീട്ടിയ വീഞ്ഞ്, അദ്ദേഹം ആശീൎവ്വദിക്കയിൽ പെട്ടെന്നു പാത്രം ഛിന്നാഭിന്നമായി നിലംപതിച്ചു. പരിശുദ്ധനായ ബനദിക്തോസിനു കാൎയ്യം മനസ്സിലായി. സന്യാസികളെ അഭിമുഖീകരിച്ചുകൊണ്ടു് ശാന്തനായി അദ്ദേഹം പറഞ്ഞു. "സഹോദരങ്ങളേ, എന്തുകൊണ്ടു നിങ്ങൾ എന്നോടിങ്ങനെ വൎത്തിച്ചു. എന്റെ ഭരണം നിങ്ങൾക്കിഷ്ടപ്പെടുകയില്ലെന്നും, എന്റെ ഭരണത്തിൽ നിങ്ങൾ ഖേദിക്കുമെന്നും ഞാൻ മുമ്പുതന്നെ പറഞ്ഞില്ലേ. നിങ്ങൾക്കു് അനുയോജ്യനായ ഒരു ശ്രേഷ്ഠനെ തെരഞ്ഞെടുത്താലും. ഞാനിതാ പോകുന്നു". ഇപ്രകാരം പ്രസ്താവിച്ചു് അദ്ദേഹം തന്റെ പഴയ ആശ്രമത്തിലേക്കു പോയി. പാപികളായ അനേകംപേർ പശ്ചാത്താപവിവശരായി അദ്ദേഹത്തെ സമീപിച്ചു് ദൈവവഴിയിൽ അവരെ ആനയിക്കണമെന്നു് അദ്ദേഹത്തോടപേക്ഷിച്ചു. ബനദിക്തോസ് അവരുടെ അപേക്ഷയെ കൈക്കൊള്ളുകയും 12 പുതിയ ആശ്രമങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഓരോ ആശ്രമത്തിലും ഓരോ ശ്രേഷ്ഠന്റെ കീഴിൽ 12 സന്യാസികൾവീതമുണ്ടായിരുന്നു. കൂടുതൽ അഭ്യസനവും ശിക്ഷണവും വേണ്ടവരെ അദ്ദേഹം തന്റെകൂടെ പാൎപ്പിക്കയും ചെയ്തു. ബാലന്മാൎക്കു ഈ വന്ദ്യനോടു് അപാരമായ സ്നേഹമുണ്ടായിരുന്നു. റോമായിലെ കുലീനകുടുംബക്കാരെല്ലാം തങ്ങളുടെ പുത്രന്മാരെ വിദ്യാഭ്യാസത്തിനായി വി. ബനദിക്തോസിന്റെ പക്കലേക്കയച്ചു. പിന്നീടു വലിയ പുണ്യവാന്മാരായിത്തീൎന്ന മോറസും പ്ലാസിഡസും ഈ ഗണത്തിൽ ഉൾപ്പെട്ടവരായിരുന്നു. ഇവർ റോമായിലെ രണ്ടു സെനാറ്റംഗങ്ങളുടെ സന്താനങ്ങളത്രേ.

വി. ബനദിക്തോസിൻെറ പ്രധാന ആശ്രമം നേപ്പിൾസ്രാജ്യത്തിലുള്ള മോൻറികാസിനോയിൽ ആയിരുന്നു. അദ്ദേഹം ആദ്യമായി അവിടെ ചെന്നപ്പോൾ, അപ്പൊളൊ ദേവൻെറ ഒരമ്പലം അവിടെ ഉണ്ടായിരുന്നു. വിദ്യാവിഹീനരായ അവിടത്തെ കർഷകർ ഈ അമ്പലത്തിൽ വന്നു് ദേവാരാധന നടത്തുകയും പതിവായിരുന്നു. ബനദിക്തോസാവട്ടെ, ആ ബലിപീഠത്തേയും ദേവവിഗ്രഹത്തേയും തകൎക്കുകയും, ആ കർഷകരെ എല്ലാം മാനസാന്തരപ്പെടുത്തുകയും ചെയ്തു. പ്രവചനവരവും ഇതിനകം അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹത്തിൻെറ അത്ഭുതാപദാനങ്ങളെക്കുറിച്ചുള്ള വിവരണം ഗോത്തുരാജാവായ ടോട്ടിലായുടെ കൎണ്ണങ്ങളിലും എത്തി. വിശുദ്ധനെ കാണുവാനായി അയാൾ മോൻറികാസിനോവിലേക്കു പോയി. അവിടെ ചെന്ന ശേഷം ബനദിക്തോസിനെ ഒന്നു പരീക്ഷിക്കാനായി, അയാൾ തൻെറ ഒരു ഉദ്യോഗസ്ഥനെ രാജകീയവേഷവും അണിയിച്ചു്, അകമ്പടിസമേതം ആശ്രമത്തിലേക്കയച്ചു. വിശുദ്ധൻ ടോട്ടിലായെ ഒരിക്കൽപോലും, കണ്ടിരുന്നില്ല. എങ്കിലും ഈ വന്ന ആൾ ടോട്ടിലായല്ലെന്നു അദ്ദേഹം തൻെറ അത്ഭുതശക്തിയാൽ മനസ്സിലാക്കി. അദ്ദേഹം അയാളോടു പറഞ്ഞു "മകനെ, നിൻേറതല്ലാത്ത ഈ വസ്ത്രങ്ങൾ നീ ഉപേക്ഷിക്കുക". ഉദ്യോഗസ്ഥൻ തിരിച്ചുവന്നു് വിവരം രാജാവിനോടു് അറിയിച്ചു. ഉടൻ തന്നെ ടോട്ടിലാ വിശുദ്ധൻെറ സമീപത്തിൽ ചെന്നു് സാഷ്ടാംഗപ്രണാമം ചെയ്തു. വിശുദ്ധനാവട്ടെ, രാജാവിനെ എഴുന്നേല്പിച്ചു്, അയാൾക്കു വേണ്ട ഉപദേശങ്ങൾ നൽകുകയും അയാളുടെ ജീവിതത്തിലെ പ്രധാനസംഭവങ്ങളെ അയാളോടു പ്രവചിക്കയും ചെയ്തു. അന്നു മുതൽ ടോട്ടിലായുടെ ജീവിതഗതിയിൽ സാരമായ വ്യത്യാസമുണ്ടായി. കരുണ അയാളുടെ ഒരു പ്രധാനസ്വഭാവവിശേഷമായി. അയാൾ നേപ്പിൾസിസിനെ ആക്രമിച്ചപ്പോൾ തടവുകാരോടു ചെയ്ത ദയ പ്രസിദ്ധമാണു്. ഇത്ര കരുണാമസൃണമായ ഒരു പ്രവൃത്തി ഒരു മ്ലേച്ഛരാജാവിൽനിന്നും ഒരു കാലത്തും ആശിക്കാമായിരുന്നില്ലത്രേ. ബനദിക്തോസിൻെറ ആശ്രമാതൃകയിലുള്ള നൂതനആശ്രമങ്ങൾ സ്ഥാപിക്കുവാൻ ബനദിക്തോസു് പല മിഷ്യനറികളേയും ഫ്രാൻസിലേക്കയച്ചു. അദ്ദേഹത്തിനെ തന്നെ സംസ്കരിക്കുവാനുള്ള കല്ലറപോലും വിശുദ്ധൻ കെട്ടിച്ചിരുന്നു. മരണനേരം പോലും അദ്ദേഹത്തിനു നേരത്തെ അറിയാമായിരുന്നു. മരിക്കുന്നതിനു് അല്പനേരം മുമ്പെ, തന്നെ ദേവാലത്തിലേക്കു നയിക്കുവാൻ അദ്ദേഹം കല്പിച്ചു. ദേവാലയത്തിൽ ചെന്നു്, വിശുദ്ധ

കുർബാനയും കൈക്കൊണ്ടു് സന്തോഷത്തോടെയാണു് അദ്ദേഹം മരണം പ്രാപിച്ചതു്. [ക്രി. വ. 530.] മരിക്കുമ്പോൾ അദ്ദേഹത്തിനു് 63 വയസ്സു പ്രായമുണ്ടായിരുന്നു.

വി. ബനദിക്തോസു നിശ്ചയിച്ച നിയമസംഹിത അദ്ദേഹത്തിന്റെ ധീവിലാസപാരമ്യത്തെ പ്രകടിപ്പിക്കുന്നുവെന്നാണു് വി. ഗ്രിഗരി അഭിപ്രായപ്പെടുന്നതു്. മോക്ഷസംദായകമായി സകലതിലും വിദഗ്ദ്ധനും, ആരെയും ക്രിസ്തീയപരിപൂർണ്ണതയിലേക്കാനയിക്കുവാൻ ദൈവത്താൽ അനുഗ്രഹിതനുമായ ഒരാളെയാണു് ആ നിയമകർത്താവിൽ നാം കാണുന്നതു്. അവയുടെ ഔചിത്യത്താലും, ശ്രേഷ്ഠതയാലും ഇന്നു് അവ ആശ്രമങ്ങളിലെ സാർവ്വത്രികനിയമമായിത്തീർന്നിരിക്കുകയാണു്. കോസ്മേ_ഡി_മെസിസീയും മററതുപോലെ വിദഗ്ദ്ധരായ പല നിയമപട്ടക്കളും ഈ നിയമാവലിയെ ഹൃദിസ്ഥമാക്കിയിരുന്നു. അവരുടെ അഭിപ്രായം ഭരണകർത്താക്കൾ അവശ്യം അറിഞ്ഞിരിക്കേണ്ട നിയമതത്വങ്ങളുടെ ഒരു കേദാരമാണതെന്നായിരുന്നു. ഈ സന്യാസസംഘം സഭയ്ക്കും സമുദായത്തിനും കൈവരുത്തിയിട്ടുള്ള ഗുണങ്ങൾ നിസ്തുല്യങ്ങളാണു്. പരിശുദ്ധതയുടെ മഹനീയമാതൃകയ്ക്കും പുറമേ ചരിത്രസംബന്ധമായും, സാഹിത്യവിഷയകമായും കലാപരമായും മഹത്തായ വേലകൾ അവർ ചെയ്തിട്ടുണ്ടു്. ബനദിക്തൻസന്യാസികളുടെ മഹനീയവേലകളും വിപുലവിജ്ഞാനവും പാശ്ചാത്യലോകത്തിൽ സർവ്വത്ര പ്രസിദ്ധമാണു്.

## പൌരസ്ത്യസഭ A. D. 480—630.

പാശ്ചാത്യസാമ്രാജ്യം മ്ലേച്ഛവർഗ്ഗങ്ങളുടെ ആക്രമണത്തിനടിപെട്ടു്, വിനാശവിധേയമായ കാലത്തും പൌരസ്ത്യസാമ്രാജ്യം കോൺസ്ററാന്റിനോപ്പിൾ തലസ്ഥാനമാക്കി, ക്ഷയമേതും കൂടാതെ നിലനിന്നുപോന്നു. കത്തോലിക്കവിശ്വാസത്തിനുവേണ്ടി കൽക്കദോനിയൻസൂനഹദോസിൽ തീഷ്ണതാപൂർവ്വം പലതും പ്രവർത്തിച്ച മാർഷ്യന്റെ പിൻഗാമിയായ ലീയോ ഒന്നാമൻ സഭയുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിൽ സദാദത്തശ്രദ്ധനായിരുന്നു. അദ്ദേഹം, ആസ്പത്രികൾക്കും, ആശ്രമങ്ങൾക്കും സന്യാസാർത്ഥികൾക്കും അനുവദിക്കപ്പെട്ടിരുന്ന ആനുകൂല്യങ്ങളെ സ്ഥിരീകരിക്കയും, ഞായറാഴ്ചകളുടേയും, കടമുള്ള മററു തിരുനാൾ ദിനങ്ങളുടേയും പുണ്യാചരണത്തെ പ്രത്യേകം നിഷ്കർഷിക്കുകയും ചെയ്തു. പ്രദർശനങ്ങളും മററതുപോലെയുള്ള വിനോദങ്ങളും നീതിന്യായസംബന്ധമായ പ്രവൃത്തി

കളും ആ ദിവസങ്ങളിൽ പാടില്ലെന്നായിരുന്നു കല്പന. ലീയോയുടെ പിൻഗാമിയായ സെനോ മതസംബന്ധമായ കാര്യങ്ങളിൽ ചില കുഴപ്പങ്ങൾ വരുത്തി വെച്ചതല്ലാതെ, ഒന്നും ചെയ്തില്ല. എന്നാൽ ജസ്ററിൻപ്രഥമൻ തന്റെ പ്രജകളുടെ ലൗകികക്ഷേമത്തെ പാലിച്ചതുപോലെ തന്നെ എവുത്തിക്കുസിയരുടെ ആക്രമണങ്ങളിൽ നിന്നു് സഭയേയും സംരക്ഷിച്ചു. എജിപ്റ്റിൽ ആവിർഭവിച്ച ഈ പാഷണ്ഡത ക്രിസ്തുമതത്തിനെതിരായി പല നിഷ്ഠുരപ്രവൃത്തികളും ചെയ്തിരുന്നു. അവരുടെ സംഖ്യാബലവും, അധികാരികൾക്കു്, അവരോടുള്ള അനുകൂലഭാവവും നിമിത്തം അവരെ അമർച്ച് ചെയ്യുന്ന കാര്യവും അത്ര സുകരമായിരുന്നില്ല. അവരെ ശപിച്ച കൽക്കദോനിയൻസൂനഹദോസിന്റെ അധികാരശക്തിയെ നിർമ്മൂലനം ചെയ്യണമെന്നുള്ളതായിരുന്നു അവരുടെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം.

ജസ്ററിന്റെ മരണശേഷം, അദ്ദേഹത്തിന്റെ പുത്രനായ ജസ്ററിനിയൻ, ക്രി. വ. 527-ൽ സിംഹാസനാരോഹണം ചെയ്തു. ഇദ്ദേഹത്തിന്റെ കാലത്തു്, ആ പാഷണ്ഡർ, അവരുടെ ഉദ്ദേശ്യസാദ്ധ്യത്തിനായി അനന്യസാധാരണമായ സാമർത്ഥ്യത്തോടെ പരിശ്രമിച്ചു.

വാദപ്രതിവാദം അതിന്റെ മൂർദ്ധന്യനിലയിലെത്തി. ചക്രവർത്തി വല്ലാതെ വിഷമിച്ചു. അദ്ദേഹം മാർപ്പാപ്പായെ കോൺസ്ററാൻറിനോപ്പിളിലേക്കു ക്ഷണിച്ചു. മാർപ്പാപ്പാ അബദ്ധസങ്കലിതമായ ആ പ്രബന്ധങ്ങളെ ശപിക്കുകയും, ഈ വിഷയത്തെക്കുറിച്ചു്, ഇനിയും വാദപ്രതിവാദം ചെയ്യാൻ പാടില്ലെന്നു് നിരോധിക്കുകയും ചെയ്തു എങ്കിലും കൽക്കദോനിയൻസൂനഹദോസിന്റെ സാധുതയെ അദ്ദേഹം നിഷേധിച്ചില്ല. പക്ഷെ മാർപ്പാപ്പായുടെ ഈ തീരുമാനങ്ങൾ ഇരുകക്ഷികൾക്കും തൃപ്തിയായില്ല. വീണ്ടും വലുതായ കുഴപ്പങ്ങൾ ഉണ്ടായി. അതിനാൽ മാർപ്പാപ്പാ തന്റെ തീരുമാനങ്ങളെ പിൻവലിക്കുകയും, ഇതിന്റെ തീരുമാനത്തിനായി കോൺസ്ററാൻറിനോപ്പിളിൽ വച്ചു് ഒരു സൂനഹദോസു നടത്തുന്നതിനു് അനുമതി നൽകുകയും ചെയ്തു. പാശ്ചാത്യമെത്രാന്മാർ ഈ സൂനഹദോസിന്റെ ക്ഷണത്തെ ആദരിച്ചില്ല. അതിനാൽ പൌരസ്ത്യമെത്രാന്മാരുടെ തീരുമാനത്തെ മാത്രം ആദരിച്ചു മൂന്നദ്ധ്യായങ്ങളെ ശപിക്കുവാൻ ചക്രവർത്തി മാർപ്പാപ്പായെ നിർബന്ധിച്ചു. പക്ഷെ, മാർപ്പാപ്പാ അതിനു സമ്മതിച്ചില്ല. ജസ്ററിനിയാനാവട്ടെ, മാർപ്പാപ്പായുടെ അഭിലാഷത്തിനും ആജ്ഞയ്ക്കും വിപരീതമായി മൂന്നാ

ദ്ധ്യായങ്ങളെ ശപിച്ചു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. മാർപ്പാപ്പാ രോഷാകുലനായി, ആ വിളംബരത്തിൽ ഒപ്പു വച്ച എല്ലാ മെത്രാന്മാരേയും മഹറോൻ ചൊല്ലി. ജസ്റ്റിനിയാൻ കോപവിജൃംഭിതനായി. മാർപ്പാപ്പായ്ക്കു വിപരീതമായി ഭുജബലത്തെ പ്രയോഗിക്കുന്നതിനും അയാൾ ഒരുക്കമായി. പക്ഷെ ജനാവലി വിജിലിയുസിന്റെ തീരുമാനങ്ങളെ ആദരിക്കയും, അദ്ദേഹത്തെ സംരക്ഷിക്കുവാൻ സന്നദ്ധരാവുകയും ചെയ്തു. തന്നിമിത്തം മാർപ്പാപ്പാ സുരക്ഷിതനായി ആ പട്ടണം വിട്ടുപോയി. വിപ്രവാസത്തിലും വിഷമത്തിലും പോലും അന്യരുടെ ആദരവിനേയും സ്നേഹത്തേയും സമാർജ്ജിക്കുവാൻ ക്രിസ്തുവിന്റെ വികാരിക്കുള്ള അധികാരവും പ്രാഗത്ഭ്യവും വിസ്മയാവഹമെന്നു് അന്നു ലോകം മനസ്സിലാക്കി മഹറോൻ ചൊല്ലപ്പെട്ട എല്ലാ മെത്രാന്മാരും അവരുടെ അപരാധത്തിനു് മാപ്പപേക്ഷിച്ചു്, വീണ്ടും സഭാമാതാവിന്റെ അങ്കതലത്തെ പ്രാപിച്ചു. മാർപ്പാപ്പായും വീണ്ടും കോൺസ്റ്റാന്റിനോപ്പിളിൽ വന്നു ഗ്രീക്കുമെത്രാന്മാരും ലത്തീൻമെത്രാന്മാരും തുല്യമായുള്ള ഒരു സൂനഹദോസു നടത്തുന്നതിനും അദ്ദേഹം അനുമതി നൽകി. ജസ്റ്റിനിയാനിൽ വിശ്വാസമില്ലാതിരുന്നതിനാൽ ഇത്തവണയും പാശ്ചാത്യമെത്രാന്മാർ അയാളുടെ ക്ഷണത്തെ ആദരിച്ചില്ല. അവരുടെ അസാന്നിദ്ധ്യത്തിൽ നടത്തുന്ന ഒരു സൂനഹദോസിൽ സംബന്ധിക്കുന്നതു് വിഹിതമെന്നു തോന്നായ്കയാൽ മാർപ്പാപ്പാ തന്റെ പ്രതിനിധികളെ ഒട്ടയച്ചതുമില്ല. തന്റെ പ്രാതിനിദ്ധ്യം പാശ്ചാത്യസഭയും പൌരസ്ത്യസഭയും തമ്മിൽ ഒരു ഭിന്നിപ്പിനുപോലും കാരണമായേക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. മാത്രമല്ലാ, ആ സൂനഹദോസു തുടരുന്നതു് സഭയുടെ സമാധാനത്തിനു തന്നെ ഹാനികരമാണെന്നും അദ്ദേഹത്തിനു തോന്നി. അതിനാൽ അദ്ദേഹം ഒരു പുതിയ പദ്ധതി നിർദ്ദേശിച്ചുകൊടുത്തു തീയഡോറിന്റെ പ്രബന്ധങ്ങളെ ശപിക്കുകയും, കൽക്കദോനിയൻ സൂനഹദോസിനാൽ സ്വീകരിക്കപ്പെട്ടവരെന്നുള്ള കാരണത്താൽ തീയഡോറിന്റെയും ഇബ്ബാസിന്റെയും പ്രബന്ധങ്ങളെ സംബന്ധിച്ചു യാതൊരു വാദവും ഇനിയും തുടരരുതെന്നു് നിഷ്കർഷിക്കുകയും ചെയ്യുകയായിരുന്നു അതു്. പക്ഷേ ചക്രവർത്തി ഈ നിർദ്ദേശങ്ങളെ സൂനഹദോസിനെ അറിയിച്ചതേ ഇല്ല. മെത്രാന്മാർ കൽക്കദോനിയൻ സൂനഹദോസുൾപ്പെടെ കഴിഞ്ഞ എല്ലാ സാർവ്വത്രികസൂനഹദോസുകളേയും അംഗീകരിക്കയും, മൂന്നദ്ധ്യായങ്ങളെ പരിശോധിച്ചു നിഷേധിക്കയും, തീയഡോറിനെ മഹറോൻ ചൊല്ലുകയും ചെയ്തു. എന്നാൽ ഉപരിപ്രസ്താവിതമായ

കാരണങ്ങളാൽ മാർപ്പാപ്പാ ഈ തീരുമാനങ്ങളെ അംഗീകരിച്ചില്ല. എങ്കിലും, അദ്ദേഹം ശങ്കിച്ചതുപോലെ ഒരു പാശ്ചാത്യപൌരസ്ത്യ വിയോജിപ്പ് ഉണ്ടാകാതെയിരിക്കയും, ജനാവലി അനന്തിനം ശാന്തരായി വരികയും, നെസ്തോറിയർ ഈ പ്രബന്ധങ്ങളെ പ്രത്യേകമായി ആദരിച്ച് അതിനെ ഒരു വിജയകാരണമായി ഉപയോഗിക്കുകയും ചെയ്തുവന്നതിനാൽ ഉദ്ദേശം ആറുമാസങ്ങൾക്കുശേഷം, അദ്ദേഹം ആ പ്രബന്ധങ്ങളെ വിണ്ടും പരിശോധിക്കുകയും ഒടുവിൽ മെത്രാന്മാരുടെ തീരുമാനങ്ങളെ സ്ഥിരീകരിക്കുകയും ചെയ്തു.

ഇപ്രകാരം മാർപ്പാപ്പായുടെ സ്ഥിരീകരണം സംലബ്ധമായതിനാൽ, പൌരസ്ത്യമെത്രാന്മാർ മാത്രം സംബന്ധിച്ചതും, പരിശുദ്ധ പിതാവിൻെറ പ്രതിനിധികൾപോലും സംബന്ധിക്കാതിരുന്നതുമായ ആ സൂനഹദോസിനേയും ഒരു സാർവ്വത്രികസൂനഹദോസായി സഭ അംഗീകരിക്കുന്നു.

ഈ വാദമഹാസമരത്തിൽ, യാതൊരു വിശ്വാസസത്യവും വാദവിഷയമായി വന്നില്ലെന്നുള്ളത്, പ്രത്യേകം ഓർക്കേണ്ട ഒരു സംഗതിയാണ്. ഇരുകക്ഷികളും, മാർപ്പാപ്പായും, പാശ്ചാത്യപൌരസ്ത്യമെത്രാന്മാരും ഈ വാസ്തവം സമ്മതിക്കുന്നു. ഈ വാദബഹളത്തിലെ ഏകപ്രശ്നം, സഭയുടെ അന്നത്തെ സ്ഥിതിയിൽ കൽക്കദോനിയൻ സൂനഹദോസു ശപിക്കാതിരുന്ന പ്രബന്ധങ്ങളെ ശപിക്കയും മഹറോൻ ചൊല്ലാതിരുന്ന ഒരാളെ മഹറോൻ ചൊല്ലുകയും ചെയ്യുന്നത് വിഹിതമോ എന്നുള്ളതു മാത്രമായിരുന്നു. ഇപ്രകാരം വിശ്വാസസംബന്ധമല്ലാത്ത ഒരു വിഷയത്തെക്കുറിച്ചുള്ള വാദമായിരുന്നതിനാൽ, മാർപ്പാപ്പാ തൻെറ അഭിപ്രായങ്ങളേയും തീരുമാനങ്ങളേയും അവസരങ്ങളും സാഹചര്യങ്ങളും ആവശ്യപ്പെട്ടതുപോലെ ഭേദപ്പെടുത്തിയിട്ടുണ്ട്. വിവാദവിഷയങ്ങളെ സംബന്ധിച്ച് അവസാനതീരുമാനം ചെയ്യാൻ മാർപ്പാപ്പായ്ക്ക് അവകാശവും അധികാരവും ഉണ്ടെന്നുള്ള പരമാധികാരവാദത്തിൻെറ പ്രസ്പഷ്ടമായ പ്രകടനമാണ് നാം ഇവിടെ കാണുന്നത്. തെററായിട്ടുള്ളതു നിഷിദ്ധമെന്ന് അദ്ദേഹം തീരുമാനിക്കുകയും, ആ തീരുമാനത്തിനു വിധേയരാകാൻ, സഭാവിശ്വാസികളായ സകലരേയും അദ്ദേഹം നിർബന്ധിക്കുകയും ചെയ്യുന്നു. സത്യത്തിൻെറ സംരക്ഷകൻ എന്ന നിലയിൽ, ഈ പരമാധികാരം അനപേക്ഷണിയവുമാണ്. സകല ജാതികളേയും പഠിപ്പിക്കുവാനാണല്ലോ അവളുടെ സ്ഥാപകൻ അവളോടു ഉൽബോധിപ്പിച്ചിരിക്കുന്നത്. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരു

ഖമായിട്ടുള്ളതിനെ നിഷേധിക്കുന്നതും ഈ പ്രബോധനപരിധിയിലുൾപ്പെടുന്നതു തന്നെ.

ക്രി. വ. 610_ൽ ഹെറാക്ലിയസ് ജസ്റ്റിനിയാന്റെ പിൻഗാമിയായി പൌരസ്ത്യസിംഹാസനത്തെ പ്രാപിച്ചു. ഇദ്ദേഹത്തിന്റെ ഭരണകാലത്തു പേർഷ്യാക്കാരുടെ ആക്രമണങ്ങൾ പൂർവ്വാധികം പ്രബലപ്പെട്ടു. അവർ അന്ത്യോഖ്യായെ തരണംചെയ്തു് പലസ്തീനായേയും യെരുശലേമിനേയും ആക്രമിച്ചു. പലസ്തീനായിൽ അനേകം സന്യാസികൾ ഇവരുടെ കരാളകരവാളങ്ങൾക്കിരയായി. യെരുശലേമിലും ഇവരുടെ ആക്രമണം അനേക നാശങ്ങൾ വരുത്തി. അവിടത്തെ സൈന്യനിരതന്നെ ഇവരുടെ ദർശനമാത്രയിൽ ഓടിക്കളഞ്ഞു. അതിനാൽ നിരാലംബരായിത്തീർന്ന ആ ജനവ്യൂഹത്തെ മർദ്ദിക്കുവാൻ അവർക്കു യാതൊരു വിഷമവും നേരിട്ടില്ല. അവർ നിഷ്ഠുരണം വധിച്ചു. മററനേകരെ തടവുകാരാക്കി ബന്ധിച്ചു. അവരുടെ മെത്രാനും ഈ കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ ഇതുകൊണ്ടും അവരുടെ സംഹാരതൃഷ്ണ അവസാനിച്ചില്ല അവർ ആ പട്ടണത്തെ മുഴുവനും, പ്രത്യേകിച്ചു ദേവാലയങ്ങളേയും കൊള്ളയിട്ടു. ദേവാലയങ്ങളെ കൊള്ളയിടുക മാത്രമല്ല, അവകളെ ദഹിപ്പിക്കുകകൂടെയും ചെയ്തു. നമ്മുടെ കർത്താവിന്റെ ശവകുടീരത്തിലെ മനോഹരദേവാലയം ഇങ്ങനെയാണ് നഷ്ടമായതു്. എന്നാൽ ക്രിസ്ത്യാനികളുടെ വിരോധികൾ എന്ന കാരണത്താൽ യഹൂദന്മാർ ഈ സംഹാരാഗ്നിയിൽനിന്നും രക്ഷിക്കപ്പെട്ടു. നമ്മുടെ കർത്താവിനെ തൂക്കിയ തിരുസ്ലീബായും അവർ അപഹരിച്ചു. ഏതാനും പീഡനസാമഗ്രികൾ മാത്രം ചക്രവർത്തിയുടെ ഒരുദ്യോഗസ്ഥൻ അവരിൽനിന്നും രക്ഷപെടുത്തി. നാലുദിവസം ഈ കരുക്കളെ ക്രിസ്ത്യാനികളുടെ വണക്കത്തിനായി കോൺസ്റ്റാന്റിനോപ്പിളിൽ പരസ്യമായി പ്രദർശിപ്പിച്ചിരുന്നു. അർമീനിയായിലെ റോക്കിസ് എന്ന സ്ഥലത്തു ഒരു കൊട്ടാരത്തിലായിരുന്നു തിരുസ്ലീബാ സൂക്ഷിക്കപ്പെട്ടിരുന്നതു്.

പേർഷ്യാക്കാർ യെരുശലേമിൽനിന്നും പോയശേഷം പലായനം ചെയ്തു് പോയിരുന്നവരിൽ ഏതാനുംപേർ സ്വഭവനങ്ങളിലേക്കു തിരിച്ചുവന്നു. തടവുകാരനാക്കപ്പെട്ട മെത്രാന്റെ അസാന്നിദ്ധ്യത്തിൽ മോഡസ്റ്റസ് യെരുശലേം ഭരണം നടത്തി. പേർഷ്യൻ ആക്രമണകാലത്തു് തിരുസ്ഥലത്തിനുണ്ടായ നഷ്ടങ്ങളെ പരിഹരിക്കുവാൻ അദ്ദേഹം അക്ഷീണമായി യത്നിച്ചു. ഇദ്ദേഹത്തിന്റെ ഈ പാവനശ്രമത്തിൽ അ

ലക്സാന്ത്രിയൻ പാത്രിയക്കീസും ഭിക്ഷാവ്യംശകൻ എന്ന അപരാഭിധാനത്താൽ അറിയപ്പെട്ടുന്നവനുമായ വി. ജോൺ അന്യൂനമായ പലേ സഹായങ്ങളും ചെയ്തു. പലസ്തീനായിൽനിന്നും അലക്സാന്ത്രിയായിൽ ശരണം ഗമിച്ച എല്ലാവരേയും പിതൃസഹജമായ വാത്സല്യത്തോടെ അദ്ദേഹം സ്വീകരിച്ചു. അംഗഭംഗം വന്നവരേയും, മററു പരുക്കൾ പററിയവരേയും ആസ്പത്രിയിൽ താമസിപ്പിച്ചു ശുശ്രൂഷിച്ചും ദുഖിതരെ സാന്ത്വനപ്പെടുത്തിയും, അവരുടെ ആവശ്യങ്ങളെയെല്ലാം നിവ്വഹിച്ചും ആ വിശുദ്ധപുരുഷൻ അവക്കാശ്വാസം അരുളി. ഇതിനും പുറമേ അദ്ദേഹം ധനവും വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും ധാരാളമായി യേറുശലേമിലേക്കയച്ചുകൊടുത്തു.

പേർഷ്യാക്കാരോട് ഒരു സന്ധിയുണ്ടാക്കുന്നതാണ ബുദ്ധിപൂവ്വമെന്നു ഹെറാക്ലിയസു ചക്രവത്തിക്കറിയാമായിരുന്നു. എന്നാൽ അതിലേക്കു വുസ്രൂസ് ആവശ്യപ്പെട്ട പ്രഥമവ്യവസ്ഥതന്നെ ഹെറാക്ലിയസ് അത്യന്തം വെറുത്തു. ഹെറാക്ലിയസ് ക്രിസ്തുമതം ഉപേക്ഷിക്കണമെന്നായിരുന്നു അതു്. എത്രയും നിന്ദാകരമായ ഈ വ്യവസ്ഥ അദ്ദേഹത്തിന്റെ പൌരുഷത്തെ തട്ടിയുണത്തി തന്റെ സാമ്രാജ്യത്തിനും, മതത്തിനുംവേണ്ടി ജീവനെ സമപ്പണം ചെയ്വാൻതന്നെ അദ്ദേഹം തീച്ചയാക്കി. സ്വഭടരോടുള്ള ഒരുൽബോധനത്തിൽ പേർഷ്യൻസൈന്യങ്ങൾ വരുത്തിയ നാശത്തെ അദ്ദേഹം ഇപ്രകാരം സമാഹരിക്കുന്നു. "അവർ വയലുകളിലെ വിളവുകളെല്ലാം നശിപ്പിച്ചു. നഗരങ്ങൾ കൊള്ളയിട്ടു. ത്രോണോസുകളിലെ വിശുദ്ധവസ്തുക്കൾ അപഹരിച്ചു. ദേവാലയങ്ങൾ സവ്വവും തകത്തു. നിങ്ങളെ പ്രതിരോധിക്കുന്ന ശത്രു ഏതുതരക്കാരനെന്നു മനസ്സിലാക്കണം. അവർ ദൈവത്തെത്തന്നെ വെല്ലുവിളിക്കുന്നു. അവർ അവിടുത്തെ ബലിപീഠങ്ങളെ കൊള്ളി വയ്ക്കുകയും, തിരുസ്ഥലങ്ങളെ അശുദ്ധമാക്കുകയും ചെയ്യുന്നു. നിങ്ങൾ ധൈയ്യമായി മുമ്പോട്ടിറങ്ങുക. നമുക്കുവേണ്ടി ദൈവംതന്നെ യുദ്ധംചെയ്യും. നിങ്ങളുടെ വിശ്വാസത്തിന്റെ ശക്തി നിങ്ങളുടെ മരണഭീതിയെ ജയിക്കട്ടെ". ഉജ്ജ്വലത്തായ ഈ ഉൽബോധനം അത്യന്തം ഫലവത്തായി പരിണമിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. അടുത്തടുത്തു് നാലു സമരരംഗങ്ങളിൽ അവർ വിജയികളായി. പേർഷ്യരാജ്യംവരെയും അവർ ശത്രുനിരയെ അനുധാവനംചെയ്തു. ഇങ്ങനെ റോമാസാമ്രാജ്യത്തെ ഉന്മൂലനംചെയ്യേ അടങ്ങു എന്നു് പ്രഖ്യാപനംചെയ്ത വുസ്രൂസ് സ്വരാജധാനിയുടെ സംരക്ഷണത്തിനുപോലും യുദ്ധം ചെയ്യേണ്ടതായി വന്നു. എങ്കിലും അയാളുടെ ദുവ്വാ

ശി അയാൾ വെടിഞ്ഞില്ല. ധീരമായിത്തന്നെ യുദ്ധം ചെയ്തു. അയാളുടെ അനേകം ഭടന്മാർ ഹെറാക്ലിയസിൻെറയും സൈന്യങ്ങളുടേയും നിസ്തുല ശക്തിക്കധീനരായി മൃതിയടഞ്ഞു. വുസ്രൂസ് രോഗബാധിതനുമായി. നിരാശനായി സിംഹാസനത്തെ തൻെറ കനിഷ്ഠപുത്രനേ ഏല്പിച്ചു. ഇതിൽ ക്രുദ്ധനായ സീമന്തപുത്രനാവട്ടെ, പിതാവിനെ ബന്ധസ്ഥനുമാക്കി. പേർഷ്യായിലെ പുതിയ ചക്രവർത്തി ഹെറോക്ലിയസിനോട് സന്ധിക്കപേക്ഷിച്ചു. ബന്ധനസ്ഥരാക്കപ്പെട്ടിരുന്ന ക്രിസ്ത്യാനികളേയും അവരുടെ മെത്രാനേയും അദ്ദേഹം സ്വതന്ത്രരാക്കി. മാത്രമല്ല, തിരുസ്ലീബായും തിരിച്ചുനൽകി. 14 കൊല്ലമായി അതു് ഒരു കേവലവസ്തു മാത്രമായി കരുതി എവിടെയോ സൂക്ഷിക്കപ്പെട്ടിരുന്നുവെങ്കിലും അവർ അതു നിക്ഷേപിച്ചിരുന്ന പേടകം തുറക്കുകപോലും ചെയ്തിരുന്നില്ല. ഹെറാക്ലിയസിൻെറയും സൈന്യങ്ങളുടെയും സന്തോഷത്തിനു് അതിരില്ലായിരുന്നു. തിരുസ്ലീബാ ലഭിച്ചതിലായിരുന്നു അവക്കു കൂടുതൽ സന്തോഷവും സംതൃപ്തിയും. ഒരു വലിയ ഘോഷയാത്രയായി അവർ കോൺസ്ററാൻറിനോപ്പിളിലേക്കു മടങ്ങി. അധികനാൾ കഴിയുന്നതിനു മുമ്പു തൻെറ വിജയങ്ങൾക്കു സ്തോത്രം ചെയ്യാനും, ഉത്ഥാനത്തിൽ ദേവലയത്തിൽ തിരുസ്ലീബായെ സ്ഥാപിക്കുന്നതിനുമായി ഹെറാക്ലിയസു യേറുശലേമിലേക്കു പോയി. ക്രിസ്തുവിനെ അനുകരിച്ചു് ആ തിരുസ്ലീബായെ തോളിൽ വഹിച്ചുകൊണ്ടായിരുന്നു അദ്ദേഹം ഗാഗുൽത്താമലയിലേക്കു കയറിയതു്. അന്നു യേറുശലേമിലെ സഭയ്ക്കു് ഒരു സുദിനമായിരുന്നുവെന്നു വിശേഷിച്ചു പറയേണ്ടതില്ലയോ. ആ ദിനത്തിൻെറയും ആ മഹൽ സംഭവത്തിൻെറയും സ്മരണയ്ക്കായിട്ടാണു് ഇന്നും സെപ്ററംബർ 14-ാംനു കുരിശിൻെറ പുകഴ്ചത്തിരുനാളായി സഭ അനുവത്സരം ആഘോഷിക്കുന്നതു്.

# അദ്ധ്യായം ൪.

## തിരുസ്ലീബായുടെ പുനർലബ്ധി മുതൽ കാറൽമാൻ വരെ.

## A. D. 629—814.

### ൧. പൌരസ്ത്യസഭ.

### A. D. 630—814.

തിരുസ്ലീബായുടെ പുനർലബ്ധിയിൽ സഭയ്ക്കുണ്ടായ സന്തോഷം അധികനാളത്തേക്കു നിന്നില്ല. കുശാഗ്രബുദ്ധികളായ ഗ്രീക്കുകാർ ഒരു പുതിയ ഇടത്തൂട്ട് ആരംഭിച്ചു. എവുത്തിക്കീയൻ മതത്തിൻെറ ഒരു പരിഷ്കൃതരൂപമായിരുന്നു അതു്. നമ്മുടെ കത്താവിൽ ഒരു മനസ്സും ഒരു പ്രവൃത്തിയുമേയുള്ളു. ഇതായിരുന്നു അവരുടെ പുതിയ പ്രബോധനം. ഇതിനാൽ ഏകചിത്തവാദികൾ എന്നവരെ വിളിക്കപ്പെട്ടുന്നു. കത്തോലിക്കാസഭയാവട്ടെ ദിവ്യരക്ഷകനിൽ അവിഭാജ്യങ്ങളെങ്കിലും വ്യത്യസ്ഥങ്ങളായ രണ്ടു സ്വഭാവമുള്ളതുപോലെ വ്യത്യസ്ഥങ്ങളും എന്നാൽ പരസ്പരഭിന്നങ്ങളുമല്ലാത്ത രണ്ടു മനസ്സും ഉണ്ടെന്നു പഠിപ്പിയ്ക്കുന്നു.

കോൺസ്റ്റാൻറിനോപ്പിൽ പാത്രിയക്കീസായ സെർജിയസ് ഈ നവീനപാഷണ്ഡതയെ ശക്തിയോടെ സംരക്ഷിക്കുകയാൽ ഇതിനു് അനല്പമായ ശക്തിയും പ്രചാരവും ലഭിച്ചു. ഹെറാക്ലിയസ് ചക്രവത്തിയേപ്പോലും അയാൾ കൌശലത്തിൽ സ്വാധീനപ്പെടുത്തി. ഇതിൻെറ ഫലമായി ചക്രവത്തി ഇവക്കനുകൂലമായി എക്തെസിസ് (Ecthesis) അഥവാ ആവിഷ്കരണം എന്ന ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. എന്നാൽ യേരുശലേം പാത്രിയക്കീസായ സൊഫ്റോണിയസ് തൻെറ സവ്വശക്തികളുമുപയോഗിച്ചു് ഈ പാഷണ്ഡതയെ എതിർത്തു. ഇതിനെതിരായി അദ്ദേഹം പ്രസിദ്ധീകരിച്ച പ്രബന്ധത്തിൽ നമ്മുടെ കത്താവിൻെറ ഇരു സ്വഭാവങ്ങളേയും തെററിദ്ധരിക്കാൻ പാടില്ലാത്ത വിധത്തിൽ വ്യാഖ്യാനം ചെയ്തശേഷം അങ്ങേ ദൃിചിത്തങ്ങളേയും അതിൻെറ പ്രവത്തനങ്ങളേയും സംബന്ധിച്ചുള്ള കത്തോലിക്കാ പ്രബോധനത്തെ വിശദീകരിച്ചിരിക്കുന്നു.

സെർജിയസ്, ഹോണോറിയസ് മാർപ്പാപ്പായുടെ ജാഗരൂഗതയേയും കാര്യങ്ങൾ അസന്നിദ്ധമായ രീതിയിൽ മനസ്സിലാക്കുവാനുള്ള പ്രാഭവത്തേയും വളരെ അധികം ഭയപ്പെട്ടുകയാൽ അദ്ദേഹത്തിൽനിന്നും ഈ പാഷണ്ഡതക്കനുകൂലമായി എന്തെങ്കിലും ഒരു പ്രസ്താവനയുണ്ടാകുവാൻ അയാൾ ആഗ്രഹിച്ചു. ഈ ഉദ്ദേശത്തോടുകൂടി, സെർജിയസ്, മാർപ്പാപ്പായിക്കൊരെഴുത്തയച്ചു. താൻ അഭിനയിച്ച ഭാഗത്തെ നിശ്ശേഷം മറച്ചും, വിഷമപൂർണ്ണവും, അന്യക്ക് ഇടർച്ചയ്ക്കു കാരണമാകാവുന്നതുമായ ഈ വിഷയത്തെ സംബന്ധിച്ചു മാർപ്പാപ്പായുടെ അഭിപ്രായം ചോദിക്കുന്നുവെന്ന നിലയിൽ മാത്രവും, പ്രകൃതവിഷയത്തെ തെററിധരിക്കുവാൻ തക്ക പദങ്ങൾ പ്രയോഗിച്ചും എഴുതിയ ആ എഴുത്തു തന്ത്രവൈശാരദ്യം നിറഞ്ഞ ഒന്നുതന്നെയായിരുന്നു. ഹോണോറിയസുമാർപ്പാപ്പാ ഈ എഴുത്തിനു മറുപടി അയയ്ക്കുകയും ചെയ്തു. പക്ഷേ ഈ പാഷണ്ഡതയെ അനുകൂലിക്കുന്നതായി യാതൊരു പ്രസ്താവനയും അതിലില്ലായിരുന്നു. അതിനാൽ സെർജിയസ് ആ എഴുത്ത് എങ്ങും ഉദ്ധരിക്കുകയുണ്ടായില്ല. എന്നാൽ ഹോണോറിയസ് മാർപ്പാപ്പായുടേയും, സെർജിയസിൻെറയും മരണശേഷം ചിലർ, ഈ എഴുത്തിനെ ആസ്പദമാക്കി മാർപ്പാപ്പാ ഏകചിത്തവാദത്തെ അനുകൂലിച്ചുവെന്നു ഉൽഘോഷിക്കയുണ്ടായി. ഇതു് അത്ഥമില്ലാത്ത വെറും പൊള്ളവചനം മാത്രമാണ്. ഹോണോറിയസുമാർപ്പാപ്പായിക്കു തെററുപററിയെങ്കിൽ, അതു് കൌശലക്കാരനായ സെർജിയസിനേക്കുറിച്ചു് യാതൊരന്വേഷണവും നടത്താതെ അയാൾക്കു മറുപടി അയച്ചുവെന്നതിൽ മാത്രമാണ്. അദ്ദേഹത്തിൻെറ പ്രസ്താവനയിൽ യാതൊരു തെററും ഉണ്ടായില്ല. ജോൺ ചതുത്ഥൻ മാർപ്പാപ്പായും കോൺസ്ററാൻറിനോപ്പിളിലെ ആശ്രമശ്രേഷ്ഠനായ വി. മാക്സിമസും ഈ വാസ്തവത്തെ ശക്തിയായി സമത്ഥിച്ചിട്ടുണ്ട്. ഹോണോറിയസിൻെറ പിൻഗാമിയായ സെവെരീനസു മാർപ്പാപ്പാ ഈ പാഷണ്ഡതയേയും അതിനെ അനുകൂലിച്ച രാജകീയവിളംബരത്തേയും ഒന്നുപോലെ നിഷേധിച്ചു ശപിച്ചു. വിശുദ്ധനായ മാർട്ടിൻമാർപ്പാപ്പായും ഈ തീരുമാനത്തെത്തന്നെ സ്ഥിരീകരിച്ചു. മാത്രമല്ല, ഈ വിഷയത്തിൽ അദ്ദേഹം പ്രകടിപ്പിച്ച തീഷ്ണതയും ശുഷ്കാന്തിയും നിമിത്തം തൻെറ സ്വാതന്ത്ര്യവും ജീവനുംപോലും ബലികഴിക്കേണ്ടതായി വന്നു. ഹെറാക്ലിയസിൻെറ പിൻഗാമിയായ കോൺസ്ററാൻസ് ഏകചിത്തവാദികൾക്കനുകൂലമായി പ്രസിദ്ധപ്പെടുത്തിയ വിളംബരത്തെ പ്രതിഷേധിക്കയാൽ ബന്ധനത്തിനും മർദ്ദനത്തിനും, അവസാനം വിപ്രവാസത്തിനും, വിശുദ്ധ മാർട്ടിൻ വിധേയനാകേണ്ടതാ

യിട്ടാണു് വന്നതു്. വിപ്രവാസകാലത്തും, അദ്ദേഹം തന്റെ ആത്മികാ
ജഗണങ്ങളുടെ കാര്യം വിസ്മരിച്ചില്ല. അന്നും ഊർജ്ജസ്വലങ്ങളായ
തന്റെ ചാക്രീകലേഖനങ്ങളെ തുടർന്നുകൊണ്ടിരുന്നു. പക്ഷെ ബന്ധ
നകാലത്തു ലഭിച്ച മർദ്ദനങ്ങളുടെ ശക്തിയാൽ, ഏറെ താമസിയാതെ അ
ദ്ദേഹം ഐഹികവാസം വെടിഞ്ഞു. ഏകചിത്തവാദികളോടുള്ള പ്രതി
ഷേധത്തിൽ മാർട്ടിൻമാർപ്പാപ്പായുടെ വലംകയ്യായി നിന്നു സധീരം
പോരാടിയ വേറൊരാൾ മാക്സിമോസ് എന്ന സന്യാസവൈദികനായിരു
ന്നു. അദ്ദേഹവും അതിശക്തിയായി പീഡിക്കപ്പെട്ടു. അദ്ദേഹത്തെ ആ
ദ്യം ചമ്മട്ടികൊണ്ടടിക്കയും, അനന്തരം നാവു മുറിച്ചുകളകയും ഒടുവിൽ
നാടുകടത്തുകയുമാണു് ചെയ്തതു്.

കോൺസ്റ്റാൻസിന്റെ പിൻഗാമിയായ കോൺസ്റ്റന്റ
യിൻ പൊഗനാത്തൂസ് എന്ന ചക്രവർത്തി ഒരു സമാധാനകാംക്ഷി ആയി
രുന്നു. സഭയുടെ സമാധാനത്തിനുവേണ്ടി അദ്ദേഹം അഗത്തോമാർപ്പാ
പ്പായുടെ അംഗീകരണത്തോടും അനുവാദത്തോടും ഒരു സാർവ്വത്രീകസൂന
ഹദോസു വിളിച്ചുകൂട്ടി. ഇതിൽ അദ്ധ്യക്ഷം വഹിക്കുന്നതിനായി മാർപ്പാ
പ്പാ മൂന്നു പ്രതിനിധികളെ അയച്ചിരുന്നു. ചക്രവർത്തിയുടെ കൊട്ടാര
ത്തിൽവച്ചുതന്നെയായിരുന്നു ഈ സൂനഹദോസു നടത്തിയതു്. എല്ലാ
സമ്മേളനങ്ങളിലും ചക്രവർത്തി സംബന്ധിക്കുകയുണ്ടായി. പതിവനുസ
രിച്ചു് ഈ സമ്മേളനങ്ങളിലും വി. സുവിശേഷം പൂജ്യമായി പ്രതിഷ്ഠിക്ക
പ്പെട്ടിരുന്നു. അവർ വിശുദ്ധ ഗ്രന്ഥങ്ങളേയും, സഭാപിതാക്കന്മാരുടെ
പ്രബോധനങ്ങളേയും, മുൻസൂനഹദോസുകളിലെ കാനോനാകളേയും അ
ഗാധമായി പരിശോധിച്ചശേഷം, സെർജിയസിന്റെ നൂതനോപദേ
ശം പ്രമാദപരവും, വഞ്ചനാപൂർണ്ണവും, കത്തോലിക്കാ പ്രബോധനങ്ങൾ
ക്കു വിരുദ്ധവുമാണെന്നു് ഐകകണ്ഠ്യേന തീരുമാനിച്ചു. വി. സൊഫ്
രോണിയസ് ഈ പാഷണ്ഡതയ്ക്കെതിരായി പ്രസിദ്ധീകരിച്ചിരുന്ന പ്രബ
ന്ധത്തെയും അവർ പരിശോധിക്കാതിരുന്നില്ല. അതു് സത്യവിശ്വാസത്ത
നനുകൂലവും, അപ്പസ്തോലന്മാരുടേയും പിതാക്കന്മാരുടേയും ഉപദേശങ്ങ
ളോടു യോജിച്ചതും ആണെന്നായിരുന്നു അവരുടെ അഭിപ്രായം. മുൻസൂന
ഹദോസുകളിലെ കാനോനാകളോടു് അവയ്ക്കുള്ള വിശ്വാസൈക്യത്തെ പ്ര
കടിപ്പിച്ചശേഷം, ആ സഭാപിതാക്കന്മാർ ഇപ്രകാരം പ്രസ്താവിച്ചു. "മിശി
ഹായിൽ വ്യത്യസ്ഥങ്ങളായ രണ്ടു മനസ്സും, രണ്ടു പ്രവർത്തനങ്ങളും ഉണ്ടെ
ന്നു ഞങ്ങൾ തീരുമാനിക്കുകയും, ഏതദ്വിപരീതമായ പ്രബോധനത്തെ
നിരോധിക്കയും ചെയ്യുന്നു. ഒരു ചിത്തവും ഒരു പ്രവർത്തനവുമേ ഉള്ളു എ

ന്ന വാദം, അപ്പോസ്തോലന്മാരുടേയും പിതാക്കന്മാരുടേയും പ്രബോധന ങ്ങൾക്കും, സൂനഹദോസുകളുടെ തീരുമാനങ്ങൾക്കും വിരുദ്ധമാകയാൽ നീചവും ഗർഹണീയവുമായ ആ ഉപദേശത്തെ ഞങ്ങൾ നിഷേധിക്കുന്നു". അനന്തരം അവർ ഈ നൂതനോപദേശകരെ ശപിച്ചു മഹറോൻ ചൊല്ലി. ഈ സൂനഹദോസിന്റെ സകല നടപടികളിലും, മാപ്പാപ്പായുടെ പ്രതിനിധികളും അതിൽ സംബന്ധിച്ച 180 മെത്രാന്മാരും ഒപ്പുവെച്ചിട്ടുണ്ട്. ഇതോടുകൂടി ഏകചിത്തവാദം അവസാനിച്ചു. ക്രി. വ. 687_ൽ നടന്ന ഈ സൂനഹദോസിനെ ആറാമത്തെ പൊതുസൂനഹദോസായി ഗണിക്കപ്പെടുന്നു. ഈ പാഷണ്ഡത പാശ്ചാത്യരാജ്യങ്ങളിലെങ്ങും പ്രചരിച്ചില്ലയെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

കോൺസ്ററൻറയിൻ പെഗ്നാത്തൂസിന്റെ പിൻഗാമികൾ ശുഗീയരും അവിവേകികളും ആയിരുന്നു. മത്സരവും കലഹവുമായിരുന്നു അവരുടെ പ്രധാന തൊഴിൽ. എഴുപതു് കൊല്ലങ്ങൾക്കിടയിൽ എട്ടു ചക്രവർത്തികൾ നിഷ്ഠുരമരണം പ്രാപിച്ചു. അനന്തരം സമരപ്രിയനും, ഇസാവുറിയൻ എന്നറിയപ്പെടുന്നവനുമായ ലീയോ മൂന്നാമൻ സിംഹാസനാരൂഢനായി. യുദ്ധത്തിനായി പോയി താമസിച്ചിരുന്ന ഒരു കൂടാരത്തിൽ ജനിക്കുകയും അവിടെത്തന്നെ വളരുകയും ചെയ്കതിനാൽ അയാളുടെ വിദ്യാഭ്യാസം വേണ്ടവിധം നടത്തുവാൻ സാധിച്ചിരുന്നില്ല. അങ്ങനെ അജ്ഞനായി വളന്നിട്ടും ഒരു മതപരിഷ്കർത്താവായിത്തീരണമെന്നായിരുന്നു ലീയോയുടെ മോഹം. പ്രതിമകളോടു ചെയ്യുന്ന ആദരവിലും, വണക്കത്തിലും എങ്ങിനെയോ അയാൾക്കൊരവജ്ഞ ഉണ്ടായി. കത്തോലിക്കാസഭയിൽ അതിപ്രാക്തനകാലം മുതൽ നടന്നുവന്ന ഈ പതിവിനെ വിഗ്രഹാരാധനയായി സങ്കല്പിച്ചു മേലാൽ ദേവാലയങ്ങളിൽ നമ്മുടെ കത്താവിന്റെയും, വിശുദ്ധന്മാരുടേയും പ്രതിമകൾ സ്ഥാപിക്കയോ അവയെ വണങ്ങുകയോ ആദരിക്കുകയോ ചെയ്യരുതെന്നും അയാൾ നിരോധിച്ചു. കത്തോലിക്കാമതത്തിന്റെ തത്വത്തിനും ആചാരത്തിനും വിരുദ്ധമായ ഈ ആജ്ഞയെ കത്തോലിക്കാലോകം ഒന്നുപോലെ പ്രതിഷേധിച്ചു. പ്രത്യേകിച്ചു കോൺസ്ററാൻറിനോപ്പിൾ പാത്രിയക്കീസായ ജെർമാനൂസും അദ്ദേഹത്തിന്റെ ആദ്ധ്യാത്മികമേഷയൂഥങ്ങളും ഇക്കാര്യത്തിൽ അനന്യസാധാരണമായ ഔർജ്ജിത്യവും പൗരുഷവും പ്രകടിപ്പിച്ചു. അദ്ദേഹം ആദ്യം ലീയോയുമായി ചില രഹസ്യസമ്മേളനങ്ങൾ നടത്തി. കത്തോലിക്കാസഭയിലെ ഈ ആചാരം എങ്ങനെ വിഗ്രഹാരാധന ആകുന്നില്ലയെന്നു കാണിപ്പാൻ ശ്രമിച്ചു. എന്നാൽ ഈ ശ്രമം അ

ജ്ഞനായ ലീയോവിൽ യാതൊരു ഗുണവും ഉളവാകുന്നില്ലെന്നു കണ്ടയുടൻ ജെർമാനൂസ് വിവരം അന്നത്തെ മാർപ്പാപ്പായായിരുന്ന ഗ്രീഗരി രണ്ടാമനെ അറിയിച്ചു. അദ്ദേഹം ജെർമാനൂസിൻെറ ശ്രമങ്ങളെ അഭിനന്ദിക്കയും, ന്യായവിരുദ്ധവും അധർമ്മപരവുമായ തൻെറ വിളംബരത്തെ പിൻവലിക്കാൻ ലീയോയെ ഉൽബോധിപ്പിക്കയും ചെയ്തു. സഭയുടെ വിശ്വാസത്തേയോ ആചാരത്തേയോ സംബന്ധിക്കുന്ന യാതൊരു കാര്യത്തിലും പ്രവേശിപ്പാൻ ലീയോയ്ക്കു് അവകാശമോ അർഹതയോ ഇല്ലെന്നും, അദ്ദേഹം ആ തിരുവെഴുത്തിൽ സ്പഷ്ടമായി പ്രസ്താവിച്ചിരുന്നു. സമരപ്രിയനും അജ്ഞനുമായ ഒരാളിൽനിന്നും ഇതിനു ലഭിക്കാവുന്ന മറുപടി എന്താണെന്നു ഏറെക്കുറെ ഊഹ്യമാണല്ലോ. കണ്ണിൽ കണ്ട സകല പ്രതിമകളേയും അയാൾ ചുട്ടു ഭസ്മമാക്കി. വിശുദ്ധന്മാരുടെ ചിത്രങ്ങളാൽ അലംകൃതമായ ഭിത്തികളെ അയാൾ വെള്ള അടിച്ചു. രാജകൊട്ടാരത്തിൽ പ്രധാന കവാടത്തുങ്കൽ കോൺസ്ററൻറയിനാൽ സ്ഥാപിതമായിരുന്ന ഒരു വലിയ ക്രൂശുരൂപത്തെ കഷണം കഷണമായി വെട്ടി മുറിക്കുന്നതിനും അയാൾ ആജ്ഞകൊടുത്തു. ക്രൂശിൽ തൂങ്ങിക്കിടക്കുന്ന മിശിഹായുടെ രൂപത്തെ വെട്ടി മുറിക്കുവാൻ നിയുക്തരായവനെ, അതിൽനിന്നും നിവർത്തിപ്പിക്കാൻ അവിടെയുണ്ടായിരുന്ന ഏതാനും സ്ത്രീജനങ്ങൾ തീവ്രമായി ശ്രമിച്ചു. അവർ കേണുവീണപേക്ഷിച്ചുനോക്കി. പക്ഷെ ആ കശ്മലനാകട്ടെ യാതൊരു കുലുക്കവും ഇളക്കവും കൂടാതെ നമ്മുടെ കർത്താവിൻെറ തിരുമുഖഛായയിൽ തൻെറ കോടാലി വച്ചു. ദുഃഖവും കോപവും സഹിക്കവെയ്യാതെ ആ സ്ത്രീകൾ, അയാൾ നിന്ന കോവണിയുടെ ചുവടു വലിച്ചു മാററി അയാളെ താഴെയിട്ടു. ഭയങ്കരമായ ആ വീഴ്ചയാൽ ആ ദുഷ്ടൻ മരണം പ്രാപിക്കയും ചെയ്തു. ഉടൻതന്നെ ചക്രവർത്തി ആ സ്ത്രീകളേയും അവരെ അതിൽ പ്രേരിപ്പിച്ചവരേയും മരണശിക്ഷയ്ക്കു വിധിച്ചു. പാത്രിയർക്കീസായ ജർമാനൂസിനെ നാടും കടത്തി. ഈ വിപ്രവാസവേളയിലാണ് അദ്ദേഹം ചരമം പ്രാപിച്ചതു്. മരിക്കുമ്പോൾ അദ്ദേഹത്തിനു 90 വയസ്സു പ്രായമുണ്ടായിരുന്നു. ക്രി. വ. 737-ലാണു് ഈസംഭവങ്ങളൊക്കെയും നടന്നതു്.

ലീയോയുടെ പുത്രനായ കോൺസ്ററൻറയിൻ കൊപ്രോണിമസ് ലീയോയുടെ പിൻഗാമിയായി സിംഹാസനത്തെ പ്രാപിച്ചു. ഇയാൾ സ്വഭാവത്തിൽ പിതാവിൻെറ ശരിപകർപ്പു തന്നെയായിരുന്നു. പിതാവിൻെറ പ്രതിമാഭഞ്ജകശ്രമത്തെ കൊപ്രോണിമസ് ഊർജ്ജിതമായി തുടർന്നു. വിശുദ്ധന്മാരുടെയും മററും പ്രതിമകളെ വണങ്ങിവന്നവരോടു്

ഇയാൾ ചെയ്ത മർദ്ദനം എത്രയും ഭയങ്കരമായിരുന്നു. മതബോധലേശവുമില്ലാതെ, ക്രൂരതയുടേയും മതാവഹേളനത്തിന്റെയും, മദ്ധ്യത്തിൽ വളൎന്ന ഒരു കുമാരനിൽ നിന്നും, ഇതല്ലാതെ ആശിക്കുവാനുമില്ലല്ലോ. മരണശിക്ഷയോ അംഗവിഛേദമോ ആയിരുന്നു അവൎക്കു സാധാരണ ലഭിച്ച ശിക്ഷ. ചിലരുടെ കണ്ണുകൾ ചൂഴ്ന്നെടുത്തു. മററു ചിലരുടെ നാസികകൾ ഛേദിച്ചു. വേറെ ചിലരെ ചമ്മട്ടി കൊണ്ടടിച്ച ശേഷം (Bosphorus) ബോസ്ഫറസ്സ് ഉൾക്കടലിൽ എറിഞ്ഞുകളയുകയും ചെയ്തു. സന്യാസികളെ പീഡിപ്പിക്കുന്നതിൽ ഇയാൾ പ്രത്യേകസന്തോഷം പ്രകടിപ്പിച്ചു. വിശുദ്ധരായ അവരോടു ഇയ്യാൾ ചെയ്ത പീഡനങ്ങൾ അവൎണ്ണനീയങ്ങളായിരുന്നു. അവരെ താറിൽ മുക്കിയശേഷം അതിന്നു തീ കൊളുത്തി. അവരുടെ ശിരസ്സുകളെ പ്രതിമകൾ തല്ലിതകൎക്കുന്നതിനുള്ള ഒരുപകരണമാക്കി. എന്നാൽ അയാളുടെ ആജ്ഞപ്രകാരം നടക്കുന്ന ഈ മൎദ്ദനത്തിന്റെ വിവരങ്ങൾ ലഭിച്ചതുകൊണ്ടുമാത്രം അയാൾ തൃപ്തനായില്ല. സ്വന്തം കണ്ണുകൾ കൊണ്ടു തന്നെ ഇവയെല്ലാം കണ്ടു രസിക്കുവാനായിരുന്നു അയാളുടെ മോഹം. അതിനാൽ കൊട്ടാരവളപ്പിന്റെ പ്രധാനവാതുക്കൽ ഒരു പ്ലാററുഫോറം നിൎമ്മിച്ചു്, പ്രത്യേക ആസനങ്ങളും തയ്യാറാക്കി, സൎവ്വവിധ രാജകീയാഡംബരങ്ങളോടുകൂടി അവിടെ ചെന്നിരുന്നു് ക്രൂരമായ ഈ സംഭവങ്ങൾ വീക്ഷിച്ചു് അയാൾ നിവൃതി അടഞ്ഞു. അന്നു് സുകൃതവ്യാപാരത്തിനു പ്രസിദ്ധനായി സ്റ്റേപ്പാനോസ് എന്ന ഒരു ആശ്രമശ്രേഷ്ഠൻ നിക്കോമോഡിയായിൽ ജീവിച്ചിരുന്നു. ഇദ്ദേഹത്തെ പാശ്വവത്തിയായി കിട്ടുവാൻ കോൺസ്ററൻറയിനു് ഒരു മോഹം കടന്നുകൂടി. അതിനാൽ ചക്രവൎത്തി അദ്ദേഹത്തെ കോൺസ്ററാൻറിനോപ്പിളിലേക്കു വിളിപ്പിച്ചു്, അദ്ദേഹവുമായി ഒരു വാദപ്രതിവാദം ചെയ്തു. ചക്രവൎത്തി അദ്ദേഹത്തോടു ചോദിച്ചു. "വിവേകശൂന്യനായ മനുഷ്യാ! യേശുവിനെ ഉപദ്രവിക്കാതെ ഒരു കുരിശുരൂപത്തിൽ ചവുട്ടാൻ എനിക്കു സാധിക്കുകയില്ലേ?" ഉടനെ ആ ആശ്രമശ്രേഷ്ഠൻ, ചക്രവൎത്തിയുടെ ഛായ ഉള്ള ഒരു നാണയമെടുത്തു് അവിടുത്തെ അവമാനിക്കാതെ എനിക്കു് ഇതിന്മേൽ ചവുട്ടാനും സാധിക്കുമായിരിക്കുമല്ലോ എന്നു പറഞ്ഞു് അതിന്മേൽ ചവുട്ടി. ഇതുകണ്ടു് കുപിതരായ ഭടജനം അദ്ദേഹത്തെ തൽക്ഷണം തന്നെ ബന്ധിച്ചു. അപ്പോൾ ആ ആശ്രമശ്രേഷ്ഠൻ ഇപ്രകാരം പ്രസ്താവിച്ചു. "കൊള്ളാം. ഒരു ഐഹികരാജന്റെ രൂപത്തിൽ ചവുട്ടുന്നതു് കുററകരമാണു്; എന്നാൽ രാജാക്കളുടെ രാജാവിന്റെ പ്രതിമയെ ചുട്ടു് ഭസ്മമാക്കുന്നതു് കുററവുമല്ല." ഇതിനു ശരി

യായ ഉത്തരം പറവാൻ അവിടെ ഉണ്ടായിരുന്നതിൽ ആൎക്കും സാധിച്ചില്ല. എങ്കിലും ചക്രവൎത്തി ആ പുരോഹിതനെ മരണശിക്ഷക്കു വിധിച്ചു. അദ്ദേഹത്തിൻെറ ധൈൎയ്യത്തേയും ക്ഷമയേയും പ്രശംസിച്ചതിനും, അദ്ദേഹത്തോടു സഹതപിച്ചതിനും, 19 ഉദ്യോഗസ്ഥന്മാരും പീഡിപ്പിക്കപ്പെട്ടു മാത്രമല്ല, പ്രധാനപ്പെട്ട രണ്ടുപേരുടെ ശിരച്ഛേദനവും ചെയ്തു. ഈ മൎദ്ദനം തലസ്ഥാനനഗരിയിൽനിന്നും ക്രമേണ സാമ്രാജ്യത്തിൻെറ ഓരോ പ്രോവിൻസുകളിലേക്കും വ്യാപിച്ചു. കുത്സിതവൃത്തികളായ ചില ഗവൎണ്ണർമാർ ചക്രവൎത്തിയുടെ പ്രീതി സമ്പാദിക്കുവാൻ ഇതുതന്നെ നല്ല മാൎഗ്ഗമെന്നു കണ്ടു് നിശ്ചലവിശ്വാസികളായ കത്തോലിക്കരെ നിൎദ്ദയം പീഡിപ്പിച്ചു. വിശുദ്ധന്മാരുടെ പ്രതിമകൾ മാത്രമല്ല, അവരുടെ തിരുശിഷ്ടങ്ങളേയും ഇവർ നശിപ്പിച്ചു. അവയെ അവർ നദിയിൽക്കൂടെ ഒഴുക്കുകയും, ഓടകളിൽ വിതറുകയും, മൃഗങ്ങളുടെ അസ്ഥികളുടെകൂടെ ദഹിപ്പിക്കയും ചെയ്തു. പരിശുദ്ധാത്മാവു് ആവസിച്ചിട്ടുള്ളതും, അനേകം അത്ഭുതങ്ങൾക്കു നിദാനവുമായ ആ അനൎഘസാധനങ്ങളെ അശുദ്ധപ്പെടുത്തുവാൻ എത്ര ഗൎഹണീയമായ മാൎഗ്ഗത്തേപ്പോലും സ്വീകരിപ്പാൻ ഇവർ മടിച്ചില്ല.

കൊപ്രോണിയസിൻെറയും, പുത്രനായ ലീയോ ചതുൎത്ഥൻേറയും മരണശേഷം ഐറിൻ ചക്രവൎത്തിനി, മൈനറായ സ്വസുതനുവേണ്ടി രാജ്യഭാരം നടത്തി. പീഡിതയായ സഭയ്ക്കു് അവളിൽനിന്നു് അനല്പമായ സമാധാനവും, സമാശ്വാസവും ലഭിച്ചു. ഐറിൻ, പ്രതിമഭഞ്ജകരുടെ ഭക്തിശൂന്യതയെ വെറുക്കുകയും കത്തോലിക്കാവിശ്വാസത്തെ ഗാഢമായി സമാശ്ലേഷിക്കുകയും ചെയ്തു. തൻെറ മുൻഗാമികളുടെ ഭരണകാലത്തു സഭാമാതാവിനു ലഭിച്ച ക്ഷതത്തെ പരിഹരിക്കുന്നതിനും, അവൾ ശ്രമിക്കാതിരുന്നില്ല. കോൺസ്ററാൻറിനോപ്പിൾ പാത്രിയൎക്കീസായ ടറാസൻെറ നിൎദ്ദേശാനുസരണം അദ്രിയാൻ മാപ്പാപ്പായുടെ അംഗീകരണത്തോടുകൂടി ആ ചക്രവൎത്തിനി നിഖ്യായിൽവച്ചു് ഒരു സാൎവ്വത്രികസൂനഹദോസു നടത്തി. രാജകീയനഗരമായ കോൺസ്ററാൻറിനോപ്പിളിൽ വച്ചുതന്നെ അതു നടത്തുണമെന്നായിരുന്നു അവരുടെ അഭിലാഷമെങ്കിലും, പ്രതിയോഗികളായ പ്രതിമാഭഞ്ജകരുടെ പ്രതിരോധനങ്ങളെ ഭയന്നാണു് ഒടുവിൽ അതു നിഖ്യായിലേക്കു മാററിയതു്. 377 മെത്രാന്മാരും മാപ്പാപ്പായുടെ രണ്ടു പ്രതിനിധികളും ഈ സൂനഹദോസിൽ സംബന്ധിച്ചു. സമാധാനപാലനത്തിനു രണ്ടു രാജകീയ കമ്മീഷണർമാരും നിയോഗിക്കപ്പെട്ടിരുന്നു. ആകെ എട്ടു സമ്മേളനങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത്തെ സമ്മേളനത്തിൽ പരിശുദ്ധപിതാവയച്ചിരുന്ന തിരുവെഴുത്തു വാ

ളിച്ചു. ഇതിൽ പ്രതിമാവണക്കത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ
വിശ്വാസത്തെ വിശദീകരിക്കയും, സംരക്ഷിക്കയും ചെയ്യതിനു പുറമേ,
ആ ഭക്തികൃത്യത്തിൻെറ പ്രകൃതിയേയും പ്രസ്പഷ്ടമായി പ്രസ്താവിച്ചിരു
ന്നു. മഹമ്മദീയരുടെ പ്രതിബന്ധങ്ങളാൽ സമ്മേളനങ്ങളിൽ സന്നിഹി
തരാകുവാൻ സാധിക്കാതെയിരുന്ന വേറെ പല പൌരസ്ത്യമെത്രാന്മാ
രുടെ എഴുത്തുകളും അവിടെ വായിക്കപ്പെട്ടു. അവരുടെയെല്ലാം അഭി
പ്രായങ്ങൾ പരിശുദ്ധപിതാവിൻെറ അഭിപ്രായത്തോടു യോജിച്ചിരുന്നു.
അവിടെ സമ്മേളിച്ച സഭാപിതാക്കന്മാർ, അനന്തരം വിശുദ്ധ ഗ്രന്ഥത്തേ
യും, പിതാക്കന്മാരുടെ പ്രബന്ധങ്ങളേയും ഉദ്ധരിച്ചുകൊണ്ടു്, പ്രതിമാഭ
ഞ്ജകരുടെ വാദങ്ങളെ നിശ്ശേഷം ഖണ്ഡിക്കുകയും, താഴെക്കാണുന്ന തീരു
മാനം ചെയ്യുകയും ചെയ്തു. "തിരുസ്വരൂപങ്ങളെ ദേവാലയങ്ങളിൽ പ്രതിഷ്ഠി
ക്കുകയും, തിരുപ്പാത്രങ്ങളിലും, ദേവാലയസംബന്ധമായ എല്ലാ തിരുവസ്ത്ര
ങ്ങളിലും ചിത്രീകരിക്കയും മാത്രമല്ല, ഭവനങ്ങളിലും, വഴിയരികിലുംകൂടെ
അവയെ സ്ഥാപിക്കുകയും ചെയ്യണമെന്നു ഞങ്ങൾ തീരുമാനിക്കുന്നു. എ
ന്തുകൊണ്ടെന്നാൽ ദിവ്യരക്ഷകൻെറയും, അവിടുത്തെ ജനനിയുടേയും, അ
പ്പസ്തോലന്മാരുടേയും മററു വിശുദ്ധന്മാരുടേയും പ്രതിമകളുടെ ദർശനം, ആ
പ്രതിമകൾ, ആരെയൊക്കെ സൂചിപ്പിക്കുന്നുവോ അവരേക്കുറിച്ചുള്ള ഓർമ്മ ന
മ്മിൽ വരുത്തുന്നതിനും അവരെ വണങ്ങുന്നതിനും നമ്മേ പ്രേരിപ്പിക്കു
ന്നു. ദൈവത്തിനു മാത്രം ചെയ്യേണ്ടതായ ആരാധന അവക്ക്നാം നൽകു
വാൻ പാടില്ലെന്നിരുന്നാലും അവരെ ആദരിക്കുന്നതിനും വണങ്ങുന്നതി
നും നമുക്കു കടമയുണ്ടു്. സ്ലീബായുടേയും വി. ഗ്രന്ഥത്തിൻെറയും മുമ്പി
ലെന്നപോലെ അവയുടെ മുമ്പിലും തിരികൾ കത്തിക്കയും, ധൂമാച്ചനം
ചെയ്യുകയും ചെയ്യാം. അതു് ആ പ്രതിമകൾക്കായിട്ടല്ല; പ്രത്യുത ഏതൊ
രാൾ ആ പ്രതിമയാൽ പ്രതിനിധീകരിക്കപ്പെടുന്നുവോ ആ ആളിനായിട്ട
ത്രേ. സഭാപിതാക്കന്മാരുടേയും, കത്തോലിക്കാസഭയുടേയും പ്രബോധന
വും ഇതുതന്നെയാണു്." പരിശുദ്ധപിതാവിൻെറ പ്രതിനിധികളും, മ
ററെല്ലാ മെത്രാന്മാരും ഈ തീരുമാനത്തിൽ ഒപ്പുവെച്ചു. ഇങ്ങനെ പ്രതി
മാഭഞ്ജകമതം ശപിക്കപ്പെട്ടു. 16_ാം നൂററാണ്ടിൽ ലൂഥർ, ആ അബദ്ധ
സിദ്ധാന്തത്തെ വീണ്ടും രംഗത്തിറക്കിയതുവരെ അതു തലപൊക്കിയ
തുമില്ല.

നിർഭാഗ്യവശാൽ ഐറീൻചക്രവർത്തിനിയുടെ അന്ത്യം, അത്യന്തം മ
ന്ദഭേദകമായിരുന്നു. ക്രി. വ. 802_ൽ നീസോഫോറസ് എന്ന ഒരു ദുഷ്ട
നാൽ അവർ നിഷ്കാസിതരാവുകയും ഒടുവിൽ ഭയങ്കരമായ ദാരിദ്ര്യമനുഭ
വിച്ചു് മരണം പ്രാപിക്കുകയുമാണു് ചെയ്തതു്. ഈ നീസോഫോറസ്
കത്തോലിക്കരെ അതിദാരുണമായി പീഡിപ്പിച്ചു. 811_ൽ ബൾഗേ
റിയൻകാരുമായുള്ള ഒരു യുദ്ധത്തിൽ അയാൾ മൃതിയടഞ്ഞു.

## പാശ്ചാത്യസഭ. 680—814.

സൂൎയ്യപ്രകാശം പോലെ വിശ്വാസത്തിന്റെ പ്രകാശവും ഒരിക്കലും തീൎത്തു വിലയം പ്രാപിക്കുന്നില്ല. ഒരിടത്തു് അതു ബഹിഷ്കൃതമാകുമ്പോൾ വേറൊരിടത്തു് അതു് ആവിൎഭവിച്ചുകഴിയും. മഹമ്മദീയാക്രമണങ്ങളുടെ ഫലമായി പൌരസ്ത്യരാജ്യങ്ങളിൽ അതിന്റെ ശക്തി കുറഞ്ഞുതുടങ്ങിയപ്പോൾ മതതീക്ഷ്ണക്കളായ മിഷ്യനറിമാരുടെ പരിശ്രമങ്ങളാൽ ഉത്തരദേശങ്ങളിൽ അതിനു വ്യാപ്തിയും ശക്തിയും ലഭിച്ചു. ഈ പ്രേഷിതവൎയ്യരിൽ പ്രമുഖൻ മെൻറസിലെ മെത്രാപ്പോലീത്തായും ജൎമ്മനിയുടെ അപ്പസ്തോലൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന ദേഹവുമായ വി. ബോനിഫാസായിരുന്നു. ബോനിഫാസിന്റെ ബാല്യത്തിൽ തന്നെ ഉന്നതവും ശ്രേഷ്ഠവുമായ ഒരു ഭാവിയുടെ ലാഞ്ഛനകൾ അദ്ദേഹത്തിൽ പ്രതിഫലിച്ചിരുന്നു. അക്കാലത്തു് ഒരിക്കൽ തന്റെ ഭവനത്തിൽ അതിഥികളായി വന്ന രണ്ടു മിഷ്യനറിമാർ, ദൈവത്തേയും സ്വൎഗ്ഗരാജ്യത്തേയും കുറിച്ചു ചെയ്ത സംഭാഷണം ഈ ബാലൻ എന്നും സ്മരിച്ചു. മാത്രമല്ല അവരെപ്പോലെ സകലവും സംത്യജിച്ചു്, ദൈവസേവനമാകുന്ന ബലിപീഠത്തിൽ, സ്വജീവനെ സമൎപ്പണം ചെയ്യുന്നതിനും അദ്ദേഹം തീൎച്ചയാക്കി. ഇതനുസരിച്ചു്, താമസിയാതെ തന്നെ ബാലനായ ബോനിഫാസ്സ് ഒരാശ്രമത്തിൽ ചേൎന്നു്, മിഷ്യനറിയ്ക്കു വേണ്ട പരിശീലനവും സഹനശക്തിയും സമ്പാദിച്ചുതുടങ്ങി. അവിശ്വാസികളുടെ നിൎഭാഗ്യാവസ്ഥയിൽ അദ്ദേഹത്തിനു് അത്യധികമായ ഹൃദയവ്യഥയുണ്ടായിരുന്നു. അവൎക്കു മോക്ഷമാൎഗ്ഗം കാണിച്ചുകൊടുക്കുവാനുള്ള ആ ശുഭമുഹൂൎത്തം ഒന്നു സമാഗതമായെങ്കിൽ, ഇതായിരുന്നു അദ്ദേഹത്തിന്റെ തീവ്രമായ അഭിലാഷം. ഒടുവിൽ അക്ഷമനായി, അദ്ദേഹം പരിശുദ്ധപിതാവായ ഗ്രിഗറി ദ്വിതീയനെ ചെന്നു സന്ദൎശിച്ചു് വിവരം അറിയിച്ചു. യുവാവായ ബോനിഫാസിന്റെ ഈ പാവനാഭിലാഷം ദൈവപ്രേരിതമാണെന്നു തന്നെ പരിശുദ്ധപിതാവു മനസ്സിലാക്കി. അതിനാൽ വേണ്ട അധികാരങ്ങളെല്ലാം നൽകികൊണ്ടു് അദ്ദേഹം ബൊനിഫാസിനെ ജൎമ്മനിയിലേക്കയച്ചു അഹങ്കാരികളും സമരപ്രിയരുമായ ജൎമ്മൻജാതിയെ ക്രിസ്തുവിന്റെ ശാന്തമായ നുകത്തിൻകീഴിലാക്കുകയെന്നതു് തുലോം ദുഷ്കരമായ ഒരു കാൎയ്യമായിരുന്നു എങ്കിലും, പ്രതികൂലശക്തികളാൽ ഭീതിതനോ, ഭഗ്നാശയനോ ആകാതെ, ഉത്സാഹത്തോടെ തന്റെ ശ്രമം ആരംഭിക്കുകയും, അചഞ്ചലമായി അതു തുടരുകയും ചെയ്കയാൽ, അദ്ദേഹത്തിനു വലുതായ വിജയം സിദ്ധിച്ചു. ബവേറിയാ, തു

റിൻജിയാ ആദിയായ പ്രദേശങ്ങളിലായിരുന്നു അദ്ദേഹം തൻെറ വേല സമാരംഭിച്ചതു്. അനേകം അജ്ഞാനികൾ ഇദ്ദേഹത്തിൻെറ ഉപദേശങ്ങൾക്കു വിധേയരായി സത്യമതം അവലംബിച്ചു. ഇതിൻെറ ഫലമായി എതൽസ്ഥലങ്ങളിൽ അനേകം അമ്പലങ്ങൾ തകൎക്കപ്പെടുകയും തൽസ്ഥാനങ്ങളിൽ ക്രിസ്തീയ ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇതെല്ലാം അനായാസേന സാധിച്ച കാൎയ്യങ്ങളായിരുന്നില്ല. ഗുരുതരങ്ങളായ അനേകം പ്രതിബന്ധങ്ങൾ അദ്ദേഹത്തിൻെറ മാൎഗ്ഗങ്ങളെ പ്രതിരോധിച്ചിരുന്നു. കൊള്ളക്കാരായ സാക്സൺകാർ അദ്ദേഹത്തിൻെറ പ്രേഷിതരംഗങ്ങളിൽ പ്രവേശിച്ചു്, അദ്ദേഹത്തിൻെറ അനുയായികളെ കൊള്ളചെയ്തു് പട്ടിണിയാക്കുകപോലും ചെയ്തു. തുറിൻജിയായിൽനിന്നും അദ്ദേഹം നേരെ ഫ്റീസുലാൻഡിലേക്കു പോയി. അവിടെ അദ്ദേഹം മൂന്നു കൊല്ലത്തോളം താമസിച്ചു. ഇതിൻെറ ഫലമായി അസംഖ്യം അജ്ഞാനികൾ കത്തോലിക്കാമതം സ്വീകരിക്കുകയുണ്ടായി. വി. ബോനിഫാസിൻെറ അടുത്ത പ്രേഷിതരംഗങ്ങൾ ഹെസ്സേയും സാക്സനിയുമായിരുന്നു. അവിടെയും അദ്ദേഹത്തിനു് അത്ഭുതാവഹമായ വിജയം സിദ്ധിച്ചു. ഇത്തരുണത്തിൽ പരിശുദ്ധപിതാവു വത്സലനായ ഈ സുതനെ റോമിലേക്കു ക്ഷണിക്കയും, അദ്ദേഹത്തിനു മെത്രാൻസ്ഥാനം നൽകുകയും ചെയ്തു. അനന്തരം അദ്ദേഹം ഹെസ്സേയിലേക്കു മടങ്ങി, അവിടെ അനേകം ആശ്രമങ്ങളും ദേവാലയങ്ങളും സ്ഥാപിച്ചു. തുറിൻജിയായിലെ കാൎയ്യവും അദ്ദേഹം വിസ്മരിച്ചില്ല. അദ്ദേഹം അവിടെയും ചെന്നു. അവിടെ ചില മെത്രാന്മാരും, വൈദികരും അവരുടെ തോന്ന്യാസത്തിനുവേണ്ടി നിശ്ചയിച്ചിരുന്ന പല അന്യായകരമായ നടപടികളേയും അദ്ദേഹം നിവൎത്തലാക്കി. ഈ അവസരത്തിൽ പരിശുദ്ധപിതാവു് അദ്ദേഹത്തെ ജൎമ്മനിയിലെ പേപ്പൽ പ്രതിനിധിയായി നിയമിച്ചു. വി. ബോനിഫാസിൻെറ കീൎത്തി ഇതിനകം യൂറോപ്പു മുഴുവൻ പരന്നു. അദ്ദേഹത്തിൻെറ ധീരവും തിക്ഷ്ണവുമായ മിഷ്യനറിവേലയിൽ ആകൃഷ്ടരായ പലരും അദ്ദേഹത്തോടു സഹകരിച്ചു പ്രവൎത്തിപ്പാൻ ആഗ്രഹിച്ചു. ഒരു ഭരണകൎത്താവെന്നതിനേക്കാൾ ഒരു പ്രേഷിതനായിരിക്കുകയെന്നതായിരുന്നു വി. ബോനിഫാസിനും ഇഷ്ടം. രക്ഷകനായ നാഥനെ അറിയാതെ അനേകർ ലോകത്തിൽ ജീവിക്കുന്നല്ലോയെന്നുള്ള വാസ്തവം അദ്ദേഹത്തെ അത്യധികം പീഡിപ്പിച്ചിരുന്നു. അതിനാൽ അദ്ദേഹം തൻെറ മെത്രാപ്പോലീത്താസ്ഥാനം രാജിവച്ചുകൊണ്ടു് തൽസ്ഥാനത്തേക്കു ഒരു പിൻഗാമിയെ നിശ്ചയിച്ചു് മെൻറസിൻെറ മെത്രാപ്പോലീത്തായായി വാഴിച്ചു. അനന്തരം ഭക്തരും കൎമ്മകുശലരുമായ ഏതാനും അനുയായികളോടുകൂടി ഫ്റീസുലാൻഡിലേയ്ക്കു

പോയി. കത്തോലിക്കാവിശ്വാസത്തിനുവേണ്ടി ജീവിതാർപ്പണം ചെയ്യുന്നതിനും ഭക്തനായ ആ കർമ്മകരനു വിസമ്മതമുണ്ടായിരുന്നില്ല. എന്നുതന്നെയല്ല, തൻെറ അന്ത്യം അപ്രകാരമുള്ള ഒരു രക്തസാക്ഷിത്വമായിരിക്കുമെന്നും അദ്ദേഹത്തിനറിയാമായിരുന്നു.

ഫ്റീസ്സലാൻഡിലെ അനേകായിരം അജ്ഞാനികളെ അദ്ദേഹവും അനുയായികളും സത്യമതത്തിൽ ചേർത്തു. ഇതു് അവിടത്തെ അജ്ഞാനിസമൂഹത്തെ ക്രുദ്ധരാക്കി. അതിനാൽ ഒരിക്കൽ ആയുധസജ്ജീകരണങ്ങളോടുകൂടി അവർ വിശുദ്ധനേയും സഹചരനേയും ആക്രമിച്ചു. അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾ ധൈര്യസമേതം അജ്ഞാനികളോടു പോരാടി. ഇവരുടെ കലാപധ്വനി കേട്ടപ്പോൾ മാത്രമേ പ്രാർത്ഥനയിൽ ലീനചിത്തനായിരുന്ന വിശുദ്ധൻ കാര്യം ഗ്രഹിച്ചുള്ളു. ഉടൻതന്നെ അദ്ദേഹം ഒരു വേദപുസ്തകവും സദാ താൻ വഹിച്ചുകൊണ്ടു നടന്ന ഏതാനും തിരുശ്ശേഷിപ്പുകളുമായി സമരരംഗത്തുവന്നു് ക്രിസ്ത്യാനികളോടു് പറഞ്ഞു. "വാത്സല്യമക്കളെ, നിങ്ങൾ യുദ്ധം നിറുത്തുക. ദുഷ്ടരോടെതിരിടരുതെന്നു വി. ഗ്രന്ഥം ശാസിക്കുന്നു. ചിരപ്രതീക്ഷിതമായ ആ ഭാഗ്യദിനമാണു് ഇന്നു സമാഗതമായിരിക്കുന്നതു്. നമുക്കു ദൈവത്തിൽ നമ്മുടെ ശരണം വയ്ക്കാം. അവിടുന്നു നമ്മെ രക്ഷിക്കാതെയിരിക്കയില്ല". അനന്തരം രക്തസാക്ഷിത്വത്തിൻെറ മഹനീയതയെ അദ്ദേഹം സ്വശിഷ്യരോടുൽബോധിപ്പിച്ചു. എന്നാൽ ശക്തിയേറിയ ആ ഉൽബോധനത്തേക്കാൾ ഉത്തേജകം അദ്ദേഹത്തിൻെറ മഹിതമാതൃകയായിരുന്നു. അതേ, അദ്ദേഹത്തിൻെറ ആ മധുരവാക്കുകൾ അവസാനിപ്പിക്കുന്നതിനു മുമ്പുതന്നെ മൂർഖരും മൃഗീയരുമായ അജ്ഞാനിജനത അദ്ദേഹത്തിൻെറ മേൽ ചാടിവീണു് അദ്ദേഹത്തെയും സഹപ്രവർത്തകന്മാരായ 52 വൈദീകരേയും നിഹനിച്ചു. വി. ബോനിഫാസിൻെറ തിരുശ്ശരീരം ഫൂൾഡായിൽ അദ്ദേഹം പണികഴിപ്പിച്ച ദേവാലയത്തിൽ സംസ്കരിച്ചു. അവിടെ അനേകം അത്ഭുതങ്ങളെ പ്രവർത്തിച്ചുകൊണ്ടു ദൈവം തൻെറ ആ വിശ്വസ്ഥദാസനെ മഹത്വപ്പെടുത്തുകയും ചെയ്തു. ബവേറിയായിൽ മാത്രം ഒരുലക്ഷം അജ്ഞാനികളെ അദ്ദേഹം മാനസ്സാന്തരപ്പെടുത്തിയെന്നു് പറയുമ്പോൾ വി. ബോനിഫാസിൻെറ പ്രേഷിതവേലയുടെ അന്യാദൃശ്യവ്യാപകത്വവും, നിസ്തുലഫലവും ഏകദേശം വ്യക്തമാകും.

ക്രി. വ. 750_ൽ പെപ്പിൻ, ക്ലോവിസിൻെറ വംശപരമ്പരയിലെ അവസാനത്തെ രാജാവായ ചിൽദറിക്കു് തൃതീയനെ സ്ഥാനഭ്രഷ്ടനാക്കി സ്വയം ഫ്റാൻസുരാജാവായി പ്രഖ്യാപനം ചെയ്തു. ഇപ്രകാരം ഇദ്ദേഹം സ്ഥാപിച്ച വംശമാണു് കാർലോവിൻജിയൻ എന്നറിയപ്പെടുന്ന ഗോ

ത്രം. പെപ്പിൻ, ധീരനും ഉദാരമതിയുമായിരുന്നു. ക്രൂരരായ ലൊംബാർഡ്സ് വർഗ്ഗക്കാർ പരിശുദ്ധ സിംഹാസനത്തിന്റെ അധികാരസീമയിലുള്ള ഏതാനും രാജ്യവിഭാഗങ്ങളെ ആക്രമിച്ചപ്പോൾ, അന്നത്തെ മാർപ്പാപ്പായായിരുന്ന എസ്തപ്പാനോസിന്റെ അപേക്ഷപ്രകാരം അദ്ദേഹം ലൊംബാർഡുകളോടു യുദ്ധം ചെയ്കയും പരിശുദ്ധ സിംഹാസനത്തിന്റെ സ്ഥലങ്ങളെ വീണ്ടെടുത്തുകൊടുക്കയും ചെയ്തു. മാർപ്പാപ്പാമാരുടെ ലൌകികാധികാരം ശരിയായ ക്രമത്തിൽ സുസ്ഥാപിതമായതും ഈ കാലഘട്ടത്തിലാണു്. ക്രി. വ. 768-ൽ പെപ്പിൻ നിര്യാതനായി. അനന്തരം സ്വപുത്രനായ ചാറത്സു് ഫ്രഞ്ചുസിംഹാസനത്തിൽ ആരോഹണം ചെയ്തു. കാറൽമാൻ എന്ന വിശ്വവിഖ്യാതനായ ചക്രവർത്തി ഇദ്ദേഹമാണു്. തിരുസ്സഭയുടേയും തിരുസിംഹാസനത്തിന്റെയും താല്പര്യങ്ങളെ പരിരക്ഷിക്കുന്നതിൽ കാറൽമാൻചക്രവർത്തിക്കു പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. ഭരണത്തിന്റെ ആരംഭദശയിൽതന്നെ മെത്രാന്മാരുടെ ആഗ്രഹാനുസരണം സഭാസംബന്ധമായ ഭരണതന്ത്രാദികൾക്കു് ആവശ്യമായ ഒരു നിയമസംഹിത അദ്ദേഹം എഴുതിയുണ്ടാക്കി. അനന്തരം ലൊംബാർഡുകളുടെ മേധാവിത്വത്തെ ഇററലിയിൽനിന്നും എന്നേയ്ക്കുമായി ഉന്മൂലനം ചെയ്തു്, അവരുടെ ആക്രമണങ്ങളിൽനിന്നും പരിശുദ്ധ സിംഹാസനത്തെ സംരക്ഷിച്ചു. സാക്സൺകാരുടെ ആക്രമണങ്ങളിൽനിന്നു ഫ്രഞ്ചുരാജ്യത്തെ സുരക്ഷിതമാക്കിയതും ഊർജ്ജസ്വലരും ഭക്തതീക്ഷ്ണരുമായ മിഷ്യനറികളെ അയച്ചു്, സാക്സൺകാരെ മാനസാന്തരപ്പെടുത്തിയതും, ഇദ്ദേഹംതന്നെയായിരുന്നു. സ്വതേതന്നെ ഭയങ്കരനും, വിശേഷിച്ചു ക്രിസ്ത്യാനികളോടു് അസാമാന്യമായ അസഹിഷ്ണുത പ്രദർശിപ്പിച്ചിരുന്നവനുമായ വിററികൈൻസിനെപ്പോലും അദ്ദേഹം തന്റെ വ്യക്തിവിലാസത്താലും മര്യാദപൂർവ്വകമായ വർത്തനവാലും സ്വാധികാരവിധേയനാക്കി. ഇതിന്റെ ഫലമായി വിററികൈൻസ് കത്തോലിക്കാമതത്തിന്റെ സനാതനതത്വങ്ങളെ പരിശോധിക്കുകയും കാലവിളംബമെന്യേ ഒരു കത്തോലിക്കനായിത്തീരുകയും ചെയ്തു. കാറൽമാൻചക്രവർത്തിതന്നെയായിരുന്നു വിററികൈൻസിന്റെ ജ്ഞാനസ്നാനപിതാവു്. ഇങ്ങനെ കാറൽമാന്റെ പ്രാഭവത്താലും, മര്യാദയാലും, അദ്ദേഹത്തിന്റെയും സഭയുടേയും ഒരു ശത്രു, അദ്ദേഹത്തിന്റെയും സഭയുടേയും വാത്സല്യഭാജനമായി ഭവിച്ചു. വിശ്വസ്തതയോടും സ്നേഹത്തോടും കാറൽമാനെ അനുസരിച്ച വിററികൈൻസ്, വിനയത്തോടും വീര്യത്തോടും സഭയേയും സേവിച്ചു. വേദപ്രചരണത്തിനായി അദ്ദേഹം ചെയ്ത ശ്രമങ്ങൾ നിസ്തുലങ്ങളായിരുന്നു. വിററികൈൻസിന്റെയും അനുയായികളുടേയും മാനസാന്തരത്തിനു ദൈവം

ചെയ്ത അനുഗ്രഹത്തിനു കാറൾമാൻ, ഒരു കൃതജ്ഞതാദിനം ആഘോഷിക്കുകയുണ്ടായിയെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

കാറൾമാൻെറ സിംഹാസനാരോഹണകാലത്തു ഫ്രാൻസുരാജ്യം തീരെ അജ്ഞതയിൽ നിമഗ്നമായിരുന്നു. തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന ആക്രമണങ്ങൾ അക്ഷരാഭ്യസനത്തിനുള്ള ആശയെ മാത്രമല്ല അതിനുള്ള സൌകര്യങ്ങളേയും നശിപ്പിച്ചുകളഞ്ഞു. ദയനീയമായ ഈ സ്ഥിതി കാറൾമാൻെറ ഹൃദയത്തെ അത്യധികം വേദനപ്പെടുത്തി. കലാശാസ്ത്രാദികളുടെ അനന്യസാധാരണമായ സംസ്കാരശക്തി അദ്ദേഹത്തിന് അജ്ഞാതമായിരുന്നില്ല. അതിനാൽ അവയുടെ പ്രത്യുദ്ധാരണത്തിനായി പല പദ്ധതികളിലൂടെ അദ്ദേഹം അശ്രാന്തമായ പരിശ്രമങ്ങൾ ആരംഭിച്ചു. ആദ്യമായി നാട്ടിൻെറ നാനാഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു്, അവയിലെല്ലാം സമർത്ഥരും പണ്ഡിതരുമായ അദ്ധ്യാപകന്മാരെ നിയമിച്ചു. പിന്നീടു രാജധാനിയിൽ ഒരു പണ്ഡിതസദസ്സേർപ്പെടുത്തി. തദാനീന്തനലോകത്തിലെ പ്രശസ്തരായ എല്ലാ പണ്ഡിതന്മാരും, അതിലെ അംഗങ്ങളായിരുന്നു. ആൽക്കുയിൻ എന്ന ആംഗലപണ്ഡിതനായിരുന്നു അതിൽ പ്രമുഖൻ. സാമർത്ഥ്യത്തിലും പാണ്ഡിത്യത്തിലും അദ്ദേഹം, മററു സകല പണ്ഡിതരേയും അതിശയിപ്പിച്ചു. വിദ്യാലയസ്ഥാപനത്തിൻെറ പ്രധാനപ്രേരകനും ഇദ്ദേഹം തന്നെയായിരുന്നു. വി. ഗ്രന്ഥം ആദിയായി എല്ലാ വിശിഷ്ടഗ്രന്ഥങ്ങളുടേയും പ്രതികൾ വർദ്ധിപ്പിച്ചതും, റോമായിൽ നിന്നും ആളുകളെ വരുത്തി ദൈവമഹത്വത്തിനു യോജ്യമായ വിധത്തിൽ പ്രാർത്ഥനകളും ക്രിസ്തീയഗാനങ്ങളും പരിഷ്കരിച്ചതും, സ്വരാജധാനിയിൽ രാജകുമാരന്മാർക്കും പ്രഭുപുത്രന്മാർക്കുമായി ഒരു വിദ്യാമന്ദിരം സ്ഥാപിച്ചതും, കാറൾമാൻെറ മററുചില പരിഷ്കാരങ്ങളാണ്. ആൽക്കുയിൻെറ ക്ലാസുകളിൽ ഇതരവിദ്യാർത്ഥികളോടൊപ്പം ഇരുന്ന്, അഭ്യസനം നടത്തുന്നതിനും ചക്രവർത്തി മടിച്ചില്ല. ചക്രവർത്തിയുടെ ഈ ശ്രമങ്ങൾ അവർണ്ണനീയങ്ങളായ സൽഫലങ്ങളെ തന്നെ ഉളവാക്കി. ഫ്രഞ്ചുജനതയുടെയിടയിൽ, സാർവ്വത്രികമായ ഒരു വിദ്യാഭ്യാസാകാംക്ഷ ഉദയം ചെയ്തു. മാത്രമല്ല, സമർത്ഥരും ജ്ഞാനസമ്പന്നരുമായ ഒരുസംഘം യുവാക്കന്മാരും അവിടെ ഉണ്ടായി. അന്ന് അവർ സ്ഥാപിച്ച സാഹിത്യസമിതിയാണ് സുപ്രസിദ്ധമായ പാരീസുസർവ്വകലാശാലയുടെ അസ്ഥിവാരമെന്നറിയുമ്പോൾ ആ ചക്രവർത്തിയെ ആരാണ് അഭിനന്ദിക്കാതിരിക്കുന്നതു്? ആരാണ് പൂജിക്കാതിരിക്കുന്നതു്?

ജമ്മനി, ഗോൾ, ഇററലി സ്പെയിനിന്റെ ഭൂരിഭാഗം, ആദിയായി പാശ്ചാത്യസാമ്രാജ്യത്തിന്റെ അധികഭാഗവും, കാറൾമാന്റെ ഭരണസീമയിൽപെട്ടു. എങ്കിലും ചക്രവൎത്തി എന്ന മഹനീയനാമത്താൽ അദ്ദേഹം ഭൂഷിതനായിരുന്നില്ല. അങ്ങനെയിരിക്കെ, സഭയുടേയും ലോകത്തിന്റെയും ചരിത്രത്തിലെ ഒരു നവീനാദ്ധ്യായം തുറക്കുവാനുള്ള സമയം സമാഗതമായി. 8-ാം ശതാബ്ദത്തിന്റെ അവസാനവത്സരത്തിലെ ക്രിസ്തുമസ്സ്ദിനത്തിൽ, കാറൾമാൻ സെൻറപീറേറഴ്സ് ദേവാലയത്തിന്റെ ത്രോണോസിന്റെ സമീപം സാഷ്ടാംഗപ്രണാമം ചെയ്തു കിടക്കുകയായിരുന്നു. തനിക്കു ലബ്ധമാകുവാൻ പോകുന്ന മഹത്വത്തെ അപ്പോൾ അദ്ദേഹം സ്വപ്നേപിപോലും ദൎശിച്ചിരുന്നില്ല. പെട്ടെന്നു്, അന്നത്തെ മാർപ്പാപ്പായായിരുന്ന ലീയോ തൃതീയൻ അവിടെ ആഗതനായി സാഷ്ടാംഗപ്രണാമം ചെയ്തു കിടന്നിരുന്ന കാറൾമാന്റെ ശിരസ്സിൽ കിരീടം വച്ചു. ജനാവലിയും വൈദീകരും അത്യധികം സന്തോഷിച്ചു. അവരുടെ ആഹ്ളാദധ്വനികളും ആശംസാവചനങ്ങളും പരിശുദ്ധമായ ആ അന്തരീക്ഷത്തിൽ മാറെറാലിക്കൊണ്ടു. മാർപ്പാപ്പായാകട്ടെ, കാറൾമാനേയും അദ്ദേഹത്തിന്റെ പുത്രനായ ലൂയിയേയും തൈലാഭിഷേകം ചെയ്കയും, താൻ നൽകിയതെങ്കിലും മഹനീയമായ ആ സ്ഥാനത്തെ—ചക്രവൎത്തിപദത്തെ ആദ്യമായി അംഗീകരിക്കുകയും, ആദരിക്കുകയും, ചെയ്തു. ഇങ്ങനെ കോൺസ്ററാൻറിനോപ്പിൾ തലസ്ഥാനമാക്കി ഭരിച്ചുകൊണ്ടിരുന്ന കൈസറന്മാരുടെ അപ്രാപ്തിയും, വഞ്ചനയും കൊണ്ടു മൂന്നു ശതാബ്ദങ്ങളായി വിനാശാവസ്ഥയിൽ കിടന്നിരുന്ന റോമാസാമ്രാജ്യം, കാറൾമാന്റെ അത്ഭുതകരമായ അഭിഷേകത്തോടുകൂടി, ലൌകികസിംഹാസനത്തിന്റെ ഒരു സങ്കേതവും, ശുന്ന്യസഭയുടെ അവകാശങ്ങളുടേയും സ്വാതന്ത്ര്യത്തിന്റെയും, രക്ഷാനികേതനവും, പ്രബലവും പാവനവുമായ പരിശുദ്ധറോമാസാമ്രാജ്യമായി പുനരുദ്ധരിക്കപ്പെട്ടു തനിക്കു ലഭിച്ച ഈ അത്യുന്നതസ്ഥാനത്തെ കാറൾമാൻ എപ്രകാരമാണു് ഗണിച്ചതെന്നു് അദ്ദേഹം സ്വയം വരിച്ച സ്ഥാനപ്പേരു്—ദൈവകൃപയാൽ ഫ്റാൻസിന്റെ രാജാവും ഭരണാധികാരിയും തിരുസ്സഭയുടെ തീഷ്ണസംരക്ഷകനും, വിനീതസഹായിയും, ആയ ചാറത്സ്—വിശദമാക്കുന്നു. ആ ഗ്രീഷ്മകാലം മുഴുവൻ ചക്രവൎത്തി റോമായിൽ താമസിച്ചു. ഉയിർപ്പുതിരുനാളിനു ശേഷം അദ്ദേഹം എക്സ്ലാഷപ്പേൽ എന്ന സ്ഥലത്തേയ്ക്കു മടങ്ങി. റോമായിലെ പല ദേവാലയങ്ങൾക്കും അദ്ദേഹം അത്യുദാരമായ സംഭാവനകൾ നൽകി വേറെ പലപ്രകാരത്തിലും അദ്ദേഹത്തിന്റെ ഭരണദശ സഭാമാതാവിന്റെ സുവൎണ്ണകാലമായിരുന്നു. അദ്ദേഹ

ത്തിൻെറ വാഴ്ചയ്ക്കു മുൻപ് നിലവിലിരുന്ന ക്രൂരവും മർദ്ദനപരവുമായ ഭരണത്തിനും, അദ്ദേഹത്തിൻെറ ഭരണകാലത്തിനുശേഷമുണ്ടായ അരാജകത്വത്തിനും അസംസ്കൃതത്വത്തിനും, മദ്ധ്യേ വന്ന ആ കമനീയകാലം, അത്യന്തം അഭിവൃദ്ധ്യുന്മുഖവും ക്ഷേമസമ്പൂർണ്ണവുമായ ഒന്നു തന്നെയായിരുന്നു. ഭക്തനും പ്രാപ്തനുമായ കാറൽമാൻ ക്രി. വ. 814_ൽ, അന്ത്യക്രൂദാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു് കർത്താവിൽ, ഭാഗ്യമരണം പ്രാപിച്ചു. മരിക്കുമ്പോൾ ഇദ്ദേഹത്തിനു് 72 വയസ്സു പ്രായമുണ്ടായിരുന്നു. പ്രബലനായ ഒരു ചക്രവർത്തിയായും, നിസ്തുലനായ ഒരു ധീരപുരുഷനായും, അതിതീക്ഷ്ണവായ ഒരു സഭാപുരുഷനായും, ഇന്നും അദ്ദേഹത്തെ ലോകം സ്മരിക്കുന്നു.

# വിച്ഛിന്നതങ്ങൾ.

തിരുസഭയുടെ രണ്ടാമത്തെ ശോധനോപകരണങ്ങൾ പാഷണ്ഡതയും ശീശ്മയും ആയിരുന്നു. ഏതാദൃശങ്ങളായ മതവിപരീതങ്ങൾ വിശ്വാസികളുടെ പൂർണ്ണതയ്ക്കും പരിശോധനയ്ക്കുമായി ഉത്ഭവിക്കേണ്ടതാണെന്നു് ഒരു ശ്ലീഹാ നമ്മേ ഉൽബോധിപ്പിച്ചിരിക്കുന്നു. അവിശ്വാസികൾ മൂലമുണ്ടായ പീഡനങ്ങൾ അവസാനിപ്പിച്ചപ്പോഴാണു് ഈദൃശമതാവഹേളനങ്ങൾ, അവയുടെ നഗ്നവും ഭീഭത്സവുമായ രൂപത്തിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയതു്. തിരുസഭയുടെ അഭേദ്യമായ ഐക്യത്തെ ഭഞ്ജിക്കുന്നതിനും പുരോഗമനത്തെ തടയുന്നതിനും മതപീഡനം വഴിയായി അക്ഷീണപരിശ്രമം ചെയ്തു. സാധിക്കുന്നില്ല എന്നു കണ്ടതിനാൽ പിശാചു് തൻെറ ഉദ്ദേശസാദ്ധ്യത്തിനായി ദുർബോധനമൂലം സഭയിൽ ഭിന്നിപ്പുളവാക്കുവാൻ പരിശ്രമം ആരംഭിച്ചു. കോൺസ്ററൻറയിൽ ചക്രവർത്തിയുടെ ഭരണാരംഭം മുതൽ തിരുസഭ ഒരു നവജീവൻ പ്രാപിച്ചു്, സ്വൈരമായി ശ്വാസോച്ഛ്വാസം ചെയ്യാനാരംഭിച്ചപ്പോൾ ആരിയൂസിൻെറ പാഷണ്ഡതയായ വിഷവായു അന്തരീക്ഷത്തെ മലിനമാക്കിക്കഴിഞ്ഞു. അനേകവർഷങ്ങളോളം തിരുസഭാംബികയെ ബാധിച്ചിരുന്നതായ കഷ്ടാരിഷ്ടതകളുടെ കഠോരതകളെ പൂർവ്വാധികം വർദ്ധിപ്പിക്കുന്നതിനും, അവളുടെ നാശം ആസന്നമായിരിക്കുന്നുവെന്ന ചിന്തയെ കാണികളിൽ ഉല്പാദിപ്പിക്കുന്നതിലും ആ ദുർവ്വായു നിദാനമായിത്തീർന്നു. കോൺസ്റാൻസിയൂസും മിശിഹായുടെ നാമത്തിൽ അജ്ഞാനികളേക്കാൾ ക്രൂരതരമായി ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയുണ്ടായി. അതിനേതുടർന്നു വാലൻസും ഈ നീചദൃഷ്ടാന്തത്തെ അനുകരിച്ചു പ്രവർത്തിച്ചു. ഇതുപോലെ മററു ചില ചക്രവർത്തികളും ക്രൂരതയോടും തീക്ഷ്ണതയോടും

കൂടി പാഷണ്ഡതകൾക്കു് അനുകൂലമായി വർത്തിച്ചുവന്നിരുന്നു. എന്നാൽ മാനുഷികശക്തിയിലോ, ഭൂപതികളുടെ മന്ദസ്മിതത്തിലോ അല്ല സഭ ആശ്രയിച്ചിരിക്കുന്നതു്. പിന്നയോ സർവ്വശക്തനായ ദൈവത്തിൻെറ കരുണാസമൃദ്ധിയാലാണു് അതു സ്ഥിതി ചെയ്യുന്നതെന്നു് സുദീർഘവും ദുഃഖഭൂയിഷ്ഠവുമായ അനുഭവം ക്രിസ്ത്യാനികളെ പഠിപ്പിച്ചു. അവരുടെ ജീവനാഡിയായ ക്രിസ്തുമതത്തെ മാത്രമല്ലാ അവരുടെ പ്രമാണത്തിൻെറ ഓരോ വകുപ്പിനേയും അവർ പരിരക്ഷിക്കേണ്ടിയിരിക്കുന്നു. അവർ ആത്മീയജീവൻ നൽകിക്കൊണ്ടും ഉപദേശിച്ച മിശിഹായുടെ ദൈവത്വം, മനുഷ്യാവതാരം, ദൈവവരപ്രസാദം, ദിവ്യകൂദാശകൾ ഈ സാത്വികമർമ്മങ്ങളെ ആധാരമാക്കി മതവിപ്ലവം നടത്തിയവർ ഭീതിജനകവും, ദുഃഖസമ്പൂർണ്ണവുമായ കലാപം വരുത്തിക്കൂട്ടിയെങ്കിലും അവരുടെ ഉപദേശശുദ്ധതയ്ക്കു മാലിന്യമായ യാതൊന്നും അവർക്കു കാണ്മാൻ കഴിഞ്ഞില്ല. ശത്രുക്കളുടെ ദൂഷണാരോപണങ്ങളാൽ ക്ഷീണിച്ചുവശായ സഭാമാതാവിനെ ആശ്വസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ദൈവകൃപ സദാ സന്നദ്ധമായിരുന്നു. പാഷണ്ഡതയുമായുണ്ടായ ഭയങ്കരാരോധനത്തിൽ തിരുസഭ വിജയശ്രീയോടുകൂടി വിലസുവാൻ ഇടവരുത്തിയതു ദൈവത്തിൻെറ കൃപാതിരേകമൊന്നുമാത്രമായിരുന്നു.

സഭയുടെ ഓരോ ഉപദേശവും അധിക്ഷേപിക്കപ്പെട്ടപ്പോൾ അതു പൂർവ്വാധികം ഉറപ്പായും ശക്തിമത്തായും ദിവ്യമായ വിധത്തിൽ സംസ്ഥാപിക്കപ്പെടുകയാണു് ചെയ്യുന്നതു്. മാറേററിയ പൊന്നു കത്തിജ്വലിക്കുന്നതായ ഉലയിൽ ഇടുന്നതുനിമിത്തം ഒന്നുകൂടി ശുദ്ധീകരിക്കപ്പെടുകയാണല്ലോ ചെയ്യുന്നതു്. പരിശുദ്ധ സഭ അവരുടെ അരുമനാഥൻെറ ദീർഘദർശനപ്രകാരം അനേകപാഷണ്ഡതകൾ ഒന്നിനു പുറകെ ഒന്നായി കണ്ടുകഴിഞ്ഞു. അതുകളുടെ ഉത്ഭവം, വളർച്ച, വിരോധം, വിനാശം ഇവകൾ എല്ലാം അവർ അടിക്കടി ദർശിക്കുകയാണു്. ചക്രവർത്തിമാർ, രാജാക്കന്മാർ, മൃഗീയരും സ്വതന്ത്രബുദ്ധികളുമായ മല്ലന്മാർ ഇവർ ഉൾപ്പെട്ടിട്ടുള്ളതായ ഒരു വലിയകൂട്ടം അവർക്കെതിരായി ഭുജങ്ങൾ ഉയർത്തിയെങ്കിലും അവരുടെ ഉച്ഛ്വാസത്തോടുകൂടി താളുപോലെ വാടിപോകുന്നതു് അവർക്കു് അനുഭവസിദ്ധമാണു്. സഭയുടെ ജീവനെ മൃതിപ്പെടുത്തുന്നതിനു് നീറോയെപ്പോലെ കോൺസ്ററൻസിയൂസും, അവരുടെ വിശ്വാസത്തെ വ്യതിചലിപ്പിക്കുന്നതിനു് ഡയോക്ലിഷ്യനേപ്പോലെ വാലൻസും പരിശ്രമിച്ചുവല്ലൊ. പാഷണ്ഡതയുടെ വിസ്മയനീയമായ അഭിവൃദ്ധിയും പ്രചാരവും നമുക്കു് എന്നും ഒരു പരമരഹസ്യം തന്നെയായിരിക്കുമെങ്കിലും യാതൊരു അബദ്ധോപദേശവും ഭൂമുഖത്തു പ്ര

ബലപ്പെട്ടുകയില്ല എന്നുള്ളതു് ചരിത്രസത്യമാണ്. പാഷണ്ഡികളുടെ ഉപദ്രവത്തിൻെറ മുഖ്യഭാഗവും കത്തോലിക്കാവിശ്വാസത്തിൽ നിന്നു് എടുത്തതായിരുന്നു. എന്നാൽ വൈദികാധികാരം തിരുസഭയോടുകൂടി മാത്രമേ ഇരുന്നിട്ടുള്ളു എന്നതു നിസ്തക്കമാണു്. അവിടവിടെയായി ചിലർ തിരുസഭയിൽ നിന്നു പിരിഞ്ഞുപോയിട്ടുണ്ടെങ്കിലും തന്മൂലം അവളുടെ സാവ്വത്രികത്വം അണുപോലും നഷ്ടമായിപ്പോയിട്ടില്ല. പാഷണ്ഡത ഒരു ഭാഗത്തു നിന്നു തിരുസഭാസന്താനങ്ങളെ വശീകരിച്ചുതുടങ്ങിയപ്പോൾ അവളുടെ മിഷ്യനറിസംഘങ്ങൾ മുഖാന്തിരം ആത്മാക്കളെ അവൾ മറെറാരു ഭാഗത്തു സമ്പാദിച്ചുകഴിഞ്ഞു. അവൾ അടിയുറച്ച ഭീമാകരമായ ഒരു വൃക്ഷം പോലെയാകുന്നു. ഉണങ്ങിയതോ ശക്തി കുറഞ്ഞതോ ആയ വല്ല കൊമ്പുകളേയും കൊടുങ്കാററിനു ഛിന്നഭിന്നമാക്കുവാൻ സാധിക്കുമായിരിക്കും. എന്നാൽ അതിനെ ഛേദിച്ചു വെടിപ്പാക്കുമ്പോൾ തരുവിൻെറ ശക്തി വദ്ധിച്ചു് പൂവ്വാപരി ഫലപ്രദമായിത്തീരുന്നതാണു്. അവൾ മാത്രമേ ശ്ലൈഹികമായിട്ടുള്ളു. അവൾക്കു മാത്രം ഇപ്പോഴത്തെ മാപ്പാപ്പാ മുതൽ ശ്ലീഹന്മാരുടെ പ്രഭുവായ വി. പത്രോസു് വരെ ചരിത്രമാഗ്ഗേണ പടിപടിയായി കയറിപ്പോകുവാൻ സാധിക്കും. എന്നാൽ മനുഷ്യനിമ്മിതങ്ങളും തിരുസഭയുടെ ഐക്യത്തിൽ ഛേദിക്കപ്പെട്ടവയുമായ സമൂഹങ്ങൾക്കൊന്നിനും ഇതുപോലെ ഒരു പാരമ്പയ്യാവകാശം പറയുവാൻ കഴിയുകയില്ല. ആ സമൂഹങ്ങളുടെ സ്ഥാപകൻ കഴിഞ്ഞാൽ, പിന്നെ ഉൽഘോഷിക്കപ്പെടുവാൻ ആരും തന്നെ കാണുകയില്ല. കത്തോലിക്കരുടെ ഈ വിശിഷ്ടമായ അവകാശം പുറജാതികൾപോലും കണ്ടു് അത്ഭുതപരതന്ത്രരായിത്തീന്നിട്ടുണ്ടു്. തിരുസഭ, അതേ, കത്തോലിക്കാസഭ തന്നെയാണു് തായ്ത്തടി. ആ പേരല്ലാതെ അവൾക്കു വേറൊരു പേരും ഇല്ല. പാഷണ്ഡക്കോ, ശീശ്മക്കാക്കോ "കത്തോലിക്ക" എന്ന മഹത്തായ നാമത്തെ സ്വകീയമാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഓരോരോ വിഭിന്നസഭയുടേയും നെററിത്തടത്തിൽ അതാതിനുള്ള ശിക്ഷാവിധി തെളിവായി മുദ്രണം ചെയ്തിട്ടുണ്ടു്. അതുകൾ കേവലം നൂതനങ്ങളെന്നോ വിപ്ലവഫലങ്ങളെന്നോ ആണു് അറിയപ്പെടുന്നതു്. അവ തങ്ങളുടെ സ്ഥാപകന്മാരുടെ സംജ്ഞകളെ തങ്ങളിൽ നിന്നു ദൂരവൽക്കരിക്കുന്നതിനു് അക്ഷീണം പരിശ്രമിച്ചുവെങ്കിലും സാധിക്കാതെയാണു് വന്നുകൂടിയിട്ടുള്ളതു്. ആരിയൂസുകക്ഷിക്കാർ, നെസ്തോറിയൻകാർ, പെലേജിയൻകാർ മുതലായവർ ഇക്കൂട്ടത്തിലുള്ളവരത്രേ. ഈ മതങ്ങളുടെ നിമ്മാതാക്കളെ ചരിത്രത്തിൽ നിന്നു ബഹിഷ്കരിക്കുന്നതിനു് അവർ ഉദ്യമിച്ചുവെങ്കിലും, സ്വഭാവരീത്യാ, ലോകം പ്രസ്പഷ്ടമായി അവരുടെ സ്ഥാപകന്മാരുടെ പേ

രോട്ടുകൂടിയത്രേ അവരെ വിളിച്ചുവരുന്നതു്. ഇംഗ്ലണ്ടിലുള്ള ഏതെങ്കിലും ഒരു പട്ടണത്തിൽ ചെന്നു് കത്തോലിക്കാ ദേവാലയം ഏതാകുന്നുവെന്നു ചോദിച്ചാൽ മേൽ പ്രസ്താവിക്കപ്പെട്ട സമുദായങ്ങളുടെ അധീനതയിലുള്ള ഒരു ദേവാലയം നമുക്കു കാണിച്ചു തരികയില്ല. പ്രത്യുത, വി. പത്രോസിന്റെ സിംഹാസനത്തിൽ നിന്നും അധികാരം ലഭിച്ചവരായ പട്ടക്കാരാൽ നടത്തപ്പെടുന്ന ദേവാലയങ്ങളിൽ ഏതെങ്കിലും ഒന്നിനേ മാത്രമേ കാണിച്ചുതരികയുള്ളൂ. ഇതു് അപ്രമാദിത്വവും സുസ്ഥിരവുമായ ഒരു സത്യമാകുന്നു. ഉദ്ദേശം 1400 വർഷങ്ങൾക്കു മുൻപു് വി. ആഗസ്തീനോസു് ദൊനത്തിസ്തു (Donatisto) ക്കെതിരായി പ്രയോഗിച്ച ഒരു ന്യായം ഈ സത്യത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. ഈ യുക്തിക്കു് ഇതേവരെ യാതൊരു ബലക്ഷയവും ഉണ്ടായിട്ടില്ല. ഇനിയൊട്ടു് ഉണ്ടാകയുമില്ല. എന്നാൽ മാനുഷികമായ നൂതനത്വം, ഭിന്നത മുതലായ ദുഷ്കീർത്തിമുദ്ര ഒരിക്കലും മായിച്ചുകളവാൻ പാടില്ലാത്ത വിധം ശീശ്മക്കാരാദിയായവരുടെ സഭാശരീരത്തിൽ ഇരുമ്പു പഴുപ്പിച്ചു പതിച്ചതുപോലെ മുദ്രണം ചെയ്തിരിക്കുന്നു. തിരുസഭാവൃക്ഷത്തിൽ നിന്നു് ഛേദിക്കപ്പെട്ട ആ കൊമ്പുകൾ ഫലശൂന്യമായി ഉണങ്ങി പോയിരിക്കുന്നു. അവ യാതൊരു കൊമ്പിനേയാകട്ടെ വേരിനേയാകട്ടേ പുറപ്പെടുവിക്കുന്നില്ല. ഭൗമികശക്തി മനുഷ്യപ്രയത്നത്തെ എത്ര തന്നെ പിൻതാങ്ങി സഹായിച്ചിരുന്നാലും ആയതു ഒടുവിൽ ശൂന്യമായി തീരുകയേ ഉള്ളൂ. പ്രത്യുത, ദൈവത്തിന്റെ ക്രിയ സുസ്ഥിരവും അഭേദ്യവുമായി എന്നന്നേക്കും നിലനിൽക്കും. പ്രാചീനതലമുറകളിൽ തിരുസഭ എപ്രകാരം അവിശ്വാസികളുടെ മേൽ ജയാഘോഷം കൊണ്ടുവോ, അപ്രകാരം തന്നെ പാഷണ്ഡതകളുടെമേലും പ്രതാപം പ്രാപിച്ചിരിക്കുന്നു. ലോകാവസാനം വരെയും അപ്രകാരം തന്നെ ആയിരിക്കും. ഇപ്പോൾ കാണപ്പെടുന്ന എല്ലാ ഛേദിക്കപ്പെട്ട കൊമ്പുകളും താമസിയാതെ ഉണങ്ങി നാമാവശേഷങ്ങളാവുകയും, അവയുടെ സ്ഥാനങ്ങൾ ഭൂമുഖത്തു നിന്നു മായിക്കപ്പെടുകയും ചെയ്യും. തിരുസഭയ്ക്കു് ഉണ്ടായിട്ടുള്ള സകല വിജയങ്ങളും ഇനിയും സിദ്ധിക്കുവാനുള്ള സകല വിജയങ്ങളുടേയും ഒരു അച്ചാരമാണു്. അവൾക്കു സിദ്ധിച്ചിട്ടുള്ള അനർഘമായ വാഗ്ദാനഭണ്ഡാരം അവളുടെ സ്ത്രീധനമായി എല്ലാപ്പോഴേക്കും നിലനില്ക്കുന്നതായിരിക്കും. "നിനക്കു് എതിരായി പുറപ്പെടുന്ന മനുഷ്യരെ നീ അന്വേഷിക്കും. എന്നാൽ ഒരുവനേപ്പോലും നീ കാണുകയില്ല. അവർ, അതേ, നിനക്കു വിരോധമായി പോരാടുന്നവർ ശൂന്യമായിത്തീരും. അവർ ദഹിക്കപ്പെട്ട ഒരു വസ്തുപോലെ നിർമ്മൂലമാക്കപ്പെടും. (എശ. 12: 12.)

# അദ്ധ്യായം ൰.

## കാറൾമാൻെറ മരണം മുതൽ ഒന്നാമത്തെ കുരിശുയുദ്ധം വരെ.

## A. D. 814—1095.

### ൧. ഉത്തരദേശീയരുടെ മാനസാന്തരം.

### A. D. 829—1002.

കാറൾമാൻെറ പിൻഗാമി, കാറൾമാനെ അനുകരിച്ചു്, സഭയുടെ താല്പര്യങ്ങളെ പരിരക്ഷിക്കുന്നതിലും അജ്ഞാനികളെ മാനസാന്തരപ്പെടുത്തുന്നതിലും അത്യധികം ശുഷ്കാന്തി പ്രദശിപ്പിച്ചു. ഇദ്ദേഹത്തിൻെറ—ലൂയി_ലെ_ഡിബോനെയർ—കാലത്തു് ക്രിസ്തുമതം യൂറോപ്പിൻെറ ഉത്തരപരിധിവരെയും വ്യാപിച്ചു. ലൂയിയുടെ മാനസാന്തരപരിശ്രമങ്ങളുടെ പ്രഥമഫലം സാക്സൺകാരുടെ മാനസാന്തരമായിരുന്നു. അനന്തരകാലത്തു്, വേദപ്രചാരണവേലയിൽ ശുഷ്കാന്തിപൂർവ്വം പ്രവർത്തിച്ചു് അതിനെ വിജയത്തിൽ എത്തിച്ചവരും ഇവരത്രേ. കൊർബിയിലെ ഒരു സന്യാസിയായ വി. ആൻസ്കാർ ഡെൻമാക്കിൽ വിജയകരമായി സുവിശേഷപ്രചരണം നടത്തി. അടിമബാലന്മാരെ ധാരാളമായി വാങ്ങിച്ചു്, ദൈവജ്ഞാനത്തിലും ദൈവഭയത്തിലും അവരെ അഭ്യസിപ്പിച്ചശേഷം അദ്ദേഹത്തിൻെറ നേതൃത്വത്തിൽ അവരെക്കൊണ്ടു വേദപ്രചരണം നടത്തിക്കുകയെന്നതായിയിരുന്നു വി. ആൻസ്കാർ സ്വീകരിച്ച നയം. സ്വീഡൻ രാജ്യത്തിൽ ക്രിസ്തുമതപ്രസംഗത്തിനായി മിഷ്യനറികളെ അയക്കണമെന്നു് അവിടത്തെ രാജാവു് ലൂയിയോടു് ആവശ്യപ്പെട്ടപ്പോൾ ലൂയി അയച്ചതും വി. ആൻസ്കാറിനേയും കോർബിയിലെ വേറൊരു സന്യാസിയേയും കൂടെയായിരുന്നു. വഴിമദ്ധ്യേ ഇവർ കടൽക്കള്ളന്മാരാൽ ആക്രമിക്കപ്പെട്ടുകയാൽ സ്വീഡനിൽ ചെന്നപ്പോൾ രക്ഷാവരവും, അതിനുള്ള സന്ദേശവുമൊഴിച്ചു് യാതൊന്നും അവരുടെ കയ്യിൽ ഉണ്ടായിരുന്നില്ല. രാജാവു് അവരെ ഹാർദ്ദവപൂർവ്വം സ്വീകരിച്ചു. ആദ്യമായി നടന്ന മാനസാന്തരം ആ പട്ടണത്തിലെ ഗവർണ്ണരുടേതായിരുന്നു. ഇദ്ദേഹം രാജാവിൻെറ വിശ്വസ്തമിത്രവും സ്നേഹഭാജനവുമായിരുന്നു. മാനസാന്തരത്തിനു ശേഷം അദ്ദേഹം ഒരു ദേവാലയം പണിയിപ്പിക്കയും അത്യധികമായ

ഭക്തിനിഷ്ഠയോടെ ജീവിക്കയും ചെയ്തു. അതിനെ തുടൎന്നു അനേകം മാനസാന്തരങ്ങൾ അവിടെ നടന്നു. കാലാന്തരത്തിൽ ക്രിസ്ത്യാനികളുടെ സംഖ്യ അധികമായി വൎദ്ധിക്കയാൽ ഒരു മെത്രാസനംതന്നെ ആവശ്യമായി വന്നു. വി. ആൻസ്കാറായിരുന്നു അവരുടെ പ്രഥമമെത്രാൻ. ഈ നിലയിലും അദ്ദേഹം അനന്യസാധാരണമായ ശുഷ്കാന്തിയോടും വിജയത്തോടും വേലചെയ്തു. വി. ആൻസ്കാറിന്റെ ജീവിതം ലഘുവും തപസ്സിന്നടുത്തതുമായ ഒന്നായിരുന്നു. വെള്ളവും റൊട്ടിയും മാത്രം അദ്ദേഹം ഭക്ഷണമായി ഉപയോഗിച്ചു. ഏകാന്തമായി ദൈവത്തോടു പ്രാൎത്ഥിക്കുവാൻവേണ്ടി അതിലേക്കു പ്രത്യേകം തയാർ ചെയ്തിരുന്ന ഒരു പൎണ്ണശാലയിലേക്ക് അദ്ദേഹം പലപ്പോഴും പൊയ്ക്കൊണ്ടിരുന്നു. ഇതിനകം അനേകം അത്ഭുതങ്ങളും അദ്ദേഹം പ്രവൎത്തിച്ചു. ആരോ ഒരാൾ അദ്ദേഹത്തിന്റെ സന്നിധിയിൽവച്ച് ഇതേക്കുറിച്ചു പ്രസ്താവിച്ചപ്പോൾ, വിനയശീലനായ ആ സാത്വികൻ ഇങ്ങനെയാണ് പറഞ്ഞതു്. "എനിക്കു ദൈവത്തിന്റെ മുമ്പിൽ എന്തെങ്കിലും സ്വാധീനമുണ്ടെങ്കിൽ എന്നെ ഒരു പുണ്യവാനാക്കണമേയെന്നൊഴിച്ചു യാതൊരത്ഭുതത്തേയും ഞാൻ ആവശ്യപ്പെടുകയില്ല". മരണകാരണമായ രോഗം അദ്ദേഹത്തെ ബാധിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന വലിയ മനസ്താപം, സത്യമതത്തിനു വേണ്ടി ജീവൻ ബലികഴിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ലല്ലോയെന്നുള്ളതായിരുന്നു. "ഹാ എന്റെ പാപങ്ങൾ ഒരു രക്തസാക്ഷിയാകുവാനുള്ള ഭാഗ്യത്തെ എനിക്കു നഷ്ടമാക്കിക്കളഞ്ഞിരിക്കുന്നു". മ്ലേഛവൎഗ്ഗങ്ങളിൽനിന്നും സ്വീഡനിലെ സഭാശിശുവിനു പല ഉപദ്രവങ്ങളും ഉണ്ടായി എങ്കിലും ദൈവാനുഗ്രഹത്താൽ ക്ഷയമേതുംകൂടാതെ അതു് അടിക്കടി അഭിവൃദ്ധമായി വന്നു.

ഇന്നത്തെ പോളണ്ടുരാജ്യത്തിൽ അധിവസിച്ചിരുന്ന സ്കെളിയിവ്സ് എന്ന ഒരുവൎഗ്ഗം മ്ലേഛജാതിക്കാർ പൗരസ്ത്യസാമ്രാജ്യത്തെ പലപ്പോഴും ആക്രമിച്ചുകൊണ്ടിരുന്നു. ഇങ്ങനെയുള്ള അവരുടെ ഈ ആക്രമണങ്ങൾക്കും കൊള്ളയ്ക്കും ഇടയ്ക്ക്, ക്രിസ്തുമതത്തേക്കുറിച്ച് ഏതോ എല്ലാം ചില ജ്ഞാനം അവൎക്കുണ്ടായി. ക്രമേണ, ഈ മതത്തേക്കുറിച്ചു കൂടുതലായ അറിവു ലഭിക്കുന്നതിനുള്ള അഭിവാഞ്ഛയും അവരിൽ വൎദ്ധിച്ചു. അതിനാൽ ഒരു മിഷ്യനറിയെ തങ്ങൾക്കയച്ചുകൊടുക്കണമെന്ന് അവർ അന്നു സ്വപുത്രനുവേണ്ടി രാജ്യഭാരം ചെയ്തിരുന്ന തീയോഡ്റാരാജ്ഞിയോടപേക്ഷിച്ചു. * ഇപ്രകാരം ചെയ്താൽ, അവരുടെ ആക്രമണങ്ങൾ

---

* തീയോഡ്റാ പ്രതിമാഭഞ്ജകനായ തീയോഫീലോസു ചക്രവൎത്തിയുടെ ഭാൎയ്യയായിരുന്നു. അയാൾ ക്രി. വ. 842_ൽ നിൎയ്യാതനായി.

എന്നന്നേക്കുമായി നിവൎത്തിവെക്കാമെന്നും അവർ വാഗ്ദാനം ചെയ്തു. രാജ്ഞി അവരുടെ അപേക്ഷയെ സസന്തോഷം സ്വീകരിച്ചു്, കോൺസ്റ്ററൻററയിൻ എന്നു പേരായ ഒരു മിഷ്യനറിയെ ഉടൻതന്നെ അവിടേക്കയച്ചു. അദ്ദേഹം അവിടെ ചെന്നായുടനെ ചെയ്ത ശ്രമം അവരുടെ ഭാഷ പഠിക്കുന്നതിനായിരുന്നു. ചുരുങ്ങിയൊരു കാലംകൊണ്ടു് അദ്ദേഹം അതു പൂൎത്തിയാക്കയും നാലു് സുവിശേഷങ്ങളും വി. ഗ്രന്ഥത്തിലെ മററു പല ഭാഗങ്ങളും ആ ഭാഷയിലേക്കു വിവൎത്തനം ചെയ്കയും ചെയ്തു. കോൺസ്റ്ററൻറയിൻെറ തുടൎന്നുണ്ടായ മിഷ്യൻ പരിശ്രമങ്ങൾ സ്കെളിയുവ്സു് വൎഗ്ഗക്കാരുടെ മുഴുവൻ മാനസാന്തരത്തിനു കാരണമായി. ഇവരുടെ മാനസാന്തരം റഷ്യൻ സാമ്രാജ്യത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ഒരു മാൎഗ്ഗമായി പരിണമിച്ചു. താമസിയാതെ ബേസിൽ ചക്രവൎത്തി അപരിഷ്കൃതരായ റഷ്യാനിവാസികളുമായി ഒരു സന്ധിചെയ്കയും, അനേകം സമ്മാനങ്ങളാൽ അവരെ സന്തോഷിപ്പിക്കയും ചെയ്തു. മാത്രമല്ല, കോൺസ്റ്ററാൻറിനോപ്പിൾ പാത്രിയക്കീസായ ഇഗ്നേഷ്യസിനാൽ അഭിഷേകം ചെയ്യപ്പെട്ട ഒരു മെത്രാനേയും അവൎക്കയച്ചുകൊടുത്തു. ഈ മെത്രാൻ ചെയ്ത ഒരു മഹാത്ഭുതത്താൽ അദ്ദേഹത്തിൻെറ അവിടുത്തെ മിഷ്യനറിവേല വളരെയധികം സുകരമായി ഭവിച്ചു. പൌരാണികകാലം മുതൽ അവർ വിശ്വസിച്ചുവന്ന മതത്തെ ഉപേക്ഷിക്കണമോയെന്നു തീൎച്ചയാക്കുന്നതിനും, പുതിയ മതത്തെക്കുറിച്ചു പലതും അറിയുന്നതിനുംവേണ്ടി അവരുടെ നേതാവു് ഒരുദിവസം അവരെയെല്ലാം വിളിച്ചുകൂട്ടി. പുതിയ മതത്തെക്കുറിച്ചു അറിവു നൽകുവാൻ ഈ പുതിയ മെത്രാനെയായിരുന്നു അവർ ക്ഷണിച്ചിരുന്നതു്. അദ്ദേഹം നാലു സുവിശേഷങ്ങളേയും അവരെ കാണിക്കയും പഴയനിയമകാലത്തും പുതിയനിയമകാലത്തും സംഭവിച്ചിട്ടുള്ള അനേകം അത്ഭുതങ്ങളെക്കുറിച്ചു് പ്രസ്താവിക്കയും ചെയ്തു. സാന്ദ്രമായ അവധാനതയോടെ അവർ അതെല്ലാം ശ്രവിച്ചു. വിശേഷിച്ചും മൂന്നു ബാലന്മാരുടെ തീച്ചൂളയിലെ ചരിത്രം അവരെ കൂടുതൽ വിസ്മയഭരിതരാക്കി. അതുപോലെയൊരത്ഭുതം പ്രവൎത്തിക്കാമെങ്കിൽ നിങ്ങൾ പറയുന്നതൊക്കെ സത്യമാണെന്നു സമ്മതിക്കാം എന്നവർ വിളിച്ചുപറഞ്ഞു. ഇതിനദ്ദേഹത്തിൻെറ മറുപടി, ഞാൻ ദൈവത്തെ പരീക്ഷിക്കയില്ല. എന്നാൽ അങ്ങേ ,അനന്തമായ വല്ലഭത്വത്തിൻെറ ഒരു ലക്ഷ്യം നിങ്ങൾക്കു കാണണമെങ്കിൽ നിങ്ങൾ ചോദിക്കുക. അങ്ങു നിങ്ങൾക്കതു കാണിച്ചുതരും. എന്നായിരുന്നു. അതിനവർ പറഞ്ഞു. "ഞങ്ങൾ കത്തിക്കുന്ന ഒരു തീജ്വാലയിൽ നിങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങളെ ഇടുക. അതു ദഹിച്ചുപോകുന്നില്ലായെങ്കിൽ ഞങ്ങൾ ക്രിസ്ത്യാനികളായിക്കൊള്ളാം". വന്ദ്യ

നായ ആ മെത്രാൻ, സ്വൎഗ്ഗത്തിലേക്കു കൈകളെ ഉയൎത്തി "ദൈവപുത്രനായ യേശുവേ! ഈ ജനങ്ങളുടെ സന്നിധിയിൽ അങ്ങേ തിരുനാമത്തെ മഹത്വപ്പെടുത്തിയാലും" എന്നു പ്രാൎത്ഥിച്ചുകൊണ്ടു കത്തിക്കാളുന്ന അഗ്നികുണ്ഡത്തിലേക്കു ആ ഗ്രന്ഥത്തെ ഇട്ടു. ഏതാനും മണിക്കൂറുകൾക്കുശേഷം ആ പുസ്തകം അവിടെനിന്നും എടുത്തു. എന്നാൽ അതിനു യാതൊരു ഹാനിയും സംഭവിച്ചിരുന്നില്ല. ജനാവലി ആസകലം ആശ്ചൎയ്യഭരിതരായി. താമസിയാതെ അവർ അവരുടെ വാഗ്ദാനത്തിനു വിധേയരായി കത്തോലിക്കാമതത്തെ സമാശ്ലേഷിക്കയും ചെയ്തു. ഇങ്ങനെ സഭയുടെ ആദ്യകാലത്തു് ഉണ്ടായിട്ടുള്ളതുപോലെയുള്ള അത്ഭുതങ്ങളെ ദൈവം അനന്തരകാലത്തും തുടൎന്നിട്ടുണ്ടു്. ഇക്കാലത്തും ചിലപ്പോഴെല്ലാം തുടരുകയും ചെയ്യുന്നു. അതെ, അവിടുത്തെ ശക്തി ഇന്നും കുറഞ്ഞിട്ടില്ല. ഒരു പുതിയ ജനത്തിന്റെ ഇടയിലേക്കു മിഷ്യനറികളെ അയയ്ക്കുമ്പോഴും നഷ്ടപ്രായമായ വിശ്വാസത്തെ പുനരുദ്ധരിക്കപ്പെടുവാൻ ശ്രമിക്കുമ്പോഴും ചില അവസരങ്ങളിൽ പൗരാണികകാലത്തേപ്പോലെയുള്ള അത്ഭുതങ്ങൾ ഇന്നും അങ്ങു പ്രവൎത്തിക്കതന്നെ ചെയ്യുന്നു.

തീയോഫിലോസുചക്രവൎത്തിയും ബൾഗേറിയാക്കാരുമായുള്ള ഒരു യുദ്ധത്തിൽ ബൾഗേറിയാക്കാർ നിശ്ശേഷം പരാജിതരായി. തടവുകാരാക്കപ്പെട്ടവരുടെ കൂട്ടത്തിൽ പരാജിതനായ ബൾഗേറിയൻ രാജാവിന്റെ സഹോദരിയും ഉണ്ടായിരുന്നു. ഇതരതടവുകാരുടെ കൂട്ടത്തിൽ അവളേയും കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടുവരികയും ൩൮ കൊല്ലം അവിടെ താമസിപ്പിക്കയും ചെയ്തു. ഇതിടനിയ്ക്കു അവർ ക്രിസ്തുമതത്തേക്കുറിച്ചു പഠിക്കയും അചിരേണ ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു. തീയോഫിലോസിന്റെ മരണശേഷം തീയോഡോറാരാജ്ഞി റീജൻറായി ഭരണം നടത്തി. ഇതുതന്നെ അവസരമെന്നു കരുതി ബൾഗേറിയൻരാജാവു് തീയോഡോറായോടു യുദ്ധപ്രഖ്യാപനം ചെയ്തു. ഇതിനു ചക്രവൎത്തിനിയുടെ മറുപടി, ബൾഗേറിയൻരാജാവു തന്റെ സാമ്രാജ്യത്തിൽ പ്രവേശിക്കരുതെന്നും, പ്രവേശിച്ചാൽ ധൈൎയ്യസമേതം അവൾ അദ്ദേഹത്തെ എതിൎക്കുകയും ദൈവാനുഗ്രഹത്താൽ പരാജിതനാക്കുകയും ചെയ്യുമെന്നും, അഥവാ പരാജിതനായില്ലെങ്കിൽതന്നെ, ഒരു സ്ത്രീയോടു പൊരുതി വിജയം നേടുന്നതിൽ അഭിമാനിക്കാനില്ലെന്നും ആയിരുന്നു. തീയോഡോറായുടെ ഈ അസാമാന്യ ധൈൎയ്യത്തിൽ വിസ്മയസ്തിമിതനായ ബൾഗേറിയൻരാജാവു്, തന്റെ സഹോദരിയെ വിട്ടുകിട്ടുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെട്ടുകൊള്ളാമെന്നു സമ്മതിച്ചു. അവളുടെ പ്രത്യാഗമനത്തിനു ശേ

ഷം പലപ്പോഴും ക്രിസ്തുമതത്തിൻെറ മഹനീയതയെക്കുറിച്ചു് അവരാ സ്വസഹോദരനോടു പ്രസ്താവിച്ചു. ദൈവപരിപാലനയും ആ രാജകുമാരിയുടെ ശ്രമത്തെ അനുകൂലിച്ചു. ബൾഗേറിയായിൽ ഒരു ഭയങ്കരമായ സാംക്രമികരോഗം ഉണ്ടായി. പരിഭ്രാന്തനായ രാജാവു ഉടനെ തൻെറ സഹോദരിയുടെ ദൈവത്തോടപേക്ഷിച്ചു. അത്ഭുതമേ! ഭയങ്കരമായി പടൎന്നുപിടിച്ച വ്യാധി നിശ്ശേഷം നിൎമ്മൂലമായി. രാജാവിനു ക്രിസ്തുമതത്തിൽ പരിപൂൎണ്ണമായ വിശ്വാസം ഉണ്ടായി. എങ്കിലും സ്വപ്രജകളെ ഭയന്നു, ക്രിസ്തുമതത്തെ സമാശ്ലേഷിക്കുവാൻ അയാൾ ധൈൎയ്യപ്പെട്ടില്ല. അങ്ങനെയിരിക്കെ തൻെറ അരമനയിലെ ഗാലറിയിൽ ഭയത്തെ ഉളവാക്കുന്ന ഒരു ചിത്രം വരക്കുവാൻ അദ്ദേഹം ഒരു ചിത്രകാരനോടാജ്ഞാപിച്ചു. ക്രിസ്ത്യാനിയായ ആ ചിത്രകാരൻ പൊതുവിധിയേയും, നിത്യശിക്ഷയ്ക്കു വിധേയരായവരുടെ ദയനീയനിലയേയും, അസാമാന്യകലാപാടവത്തോടെ അവിടെ ചിത്രീകരിച്ചു. മാത്രമല്ല, ചിത്രത്തെ സംബന്ധിച്ചുള്ള പൂൎണ്ണമായ ഒരു വിവരണവും അയാൾ രാജാവിനെ പറഞ്ഞുകേൾപ്പിച്ചു. ഏതൽശ്രവണമാത്രയിൽ അദ്ദേഹം ഭയവിഹ്വലനാവുകയും, വിഗ്രഹാരാധനാമതത്തെ ഉപേക്ഷിക്കുന്നതാണെന്നു് ആത്മനാ പ്രതിജ്ഞചെയ്കയും ചെയ്തു. താമസിയാതെ തീയോഡ്റാരാജ്ഞിയാൽ അയക്കപ്പെട്ട ഒരു മെത്രാനിൽനിന്നും രാജാവു ജ്ഞാനസ്നാനം സ്വീകരിച്ചു. രാത്രിയിൽ അരമനമുറികളിൽ രഹസ്യമായി നടത്തിയ ആ സംഭവം ക്രമേണ പരസ്യമായി. ബൾഗേറിയാക്കാർ കോപവിജൃംഭിതരായി അരമനയെ ആക്രമിച്ചു. എന്നാൽ രാജാവാകട്ടെ ഹതാശനാകാതെ, ദൈവസംരക്ഷണയിൽ പൂൎണ്ണമായി വിശ്വസിച്ചുകൊണ്ടു് അവരെ എതിൎത്തു. അവർ നിശ്ശേഷം പരാജിതരായി. പക്ഷെ രാജാവു് അവൎക്കെല്ലാം മാപ്പുകൊടുത്തു. കരുണാപൂൎണ്ണമായ ഈ പ്രവൃത്തിയിൽ അവർ അത്യധികം സന്തോഷിക്കയും താമസിയാതെ അവരും ക്രിസ്തുമതത്തെ സമാശ്ലേഷിക്കയും ചെയ്തു. അനന്തരം ബൾഗേറിയായിലെ ആദ്ധ്യാത്മികഭരണത്തിനാവശ്യമുള്ള മെത്രാന്മാരേയും വൈദീകരേയും അയച്ചുകൊടുക്കണമെന്നു സഭയുടെ പരമാധികാരിയായ മാൎപ്പാപ്പായോടപേക്ഷിക്കുന്നതിനായി അദ്ദേഹം രണ്ടു ദൂതന്മാരെ റോമിലേക്കയച്ചു. അന്നത്തെ മാൎപ്പാപ്പായായിരുന്ന നിക്കോളാസ് പ്രഥമൻ പൈതൃകമായ വാത്സല്യത്തോടെ അവരെ സ്വീകരിക്കയും രാജാവിൻെറ അഭിലാഷാനുസരണം രണ്ടു മെത്രാന്മാരെ ഉടൻതന്നെ ബൾഗേറിയായിലേക്കയക്കുകയും ചെയ്തു. (866).

ക്രിസ്തുവിൻെറ രാജ്യം ഇപ്രകാരം വിദൂരദേശങ്ങളിൽപോലും വ്യാപിച്ചുകൊണ്ടിരുന്നപ്പോൾ യൂറോപ്പു് ഒരു പുതിയ ആക്രമണത്തിനും, ഭ

യങ്കരമായ നാശത്തിനും വിധേയമാകാനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ദാരുണമായ പല നാശങ്ങളാലും പ്രസിദ്ധമായ പത്താംശതാബ്ദം, നോർമൻകാർ, ഹംങ്കേറിയാക്കാർ ആദിയായവരുടെ ആക്രമണങ്ങളെയും ദശിക്കുന്നതിനിടയായി. അവർ ജൎമ്മനി, ഫ്റാൻസ്, ഇംഗ്ലണ്ട്, ഇററലി, സ്പെയിൻ ആദിയായ രാജ്യങ്ങളെ ആക്രമിക്കുകയും ദയനീയമായ പല നാശങ്ങളും വരുത്തുകയും ചെയ്തു. അഭിവൃദ്ധമായി വന്ന നഗരിങ്ങൾ നശിപ്പിക്കുക, ആശ്രമങ്ങൾ കൊള്ളയിടുകയും കൊള്ളിവയ്ക്കുകയും ചെയ്തു, ആദിയായി അവർ ചെയ്ത നാശങ്ങൾ അത്യന്തം ഭയങ്കരങ്ങളായിരുന്നു. ഇതിൻെറ ഫലമായി വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും, കലാശാസ്ത്രാദികൾ വിസ്മരിക്കപ്പെടുകയും അന്ധത നാടെങ്ങും പരക്കുകയും ചെയ്തു. ഈ അന്ധതയിൽനിന്നുമുണ്ടായ ഫലങ്ങളാവട്ടെ, അത്യന്തം ദാരുണങ്ങളായിരുന്നു. സന്മാൎഗ്ഗം തകൎന്നു ദുൎമ്മാതൃകകൾ വൎദ്ധിച്ചു. പരിശുദ്ധമായ നിയമങ്ങൾ സകലവും നിരാകരിക്കപ്പെട്ടു. അതിദാരുണങ്ങളായ ഈ ദൃശ്യങ്ങൾ സഭാഭരണാധികാരികളിലും വ്യാപിച്ചു. സഭാമാതാവിന്, അതിഭയങ്കരമായ മർദ്ദനത്തേക്കാളും തുലോം ഹൃദയഭേദകമായ ഒരവസ്ഥയായിരുന്നു ഇത്. എന്നാൽ കരുണാകരനായ ദൈവം അവളുടെ ഈ സന്താപത്തെ സന്തോഷമായി പകൎത്തുവാൻ തിരുമനസ്സായി. ആരുടെ ആക്രമണങ്ങളാൽ അവൾ ഈ ദൃശ്യങ്ങൾക്കു വിധേയയായതോ അവർതന്നെ മാനസാന്തരപ്പെട്ടു. സഭാമാതാവിനെ സഹർഷം സമാശ്ലേഷിച്ചു. വിഗതശക്തയും, പലേ ദൃശ്യങ്ങൾക്കും വിധേയയുമായി പ്രത്യക്ഷപ്പെട്ട കാലത്തുതന്നെ അവളെ നശിപ്പിക്കുവാൻ ശ്രമിച്ചവരപ്പോലും മാനസാന്തരപ്പെടുത്തി, വേദപ്രചരണരംഗത്തിൽ പ്രധാനവും പ്രമുഖവുമായ പല വിജയങ്ങളും സമ്പാദിക്കുവാൻ സാധിച്ചുവെന്നുള്ളത് അവളുടെമേലുള്ള ദൈവപരിപാലനയെ അനിഷേദ്ധ്യമായി പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്.

നോർമൻകാർ തുടൎച്ചയായി 70 കൊല്ലത്തോളം ഫ്റാൻസിനെ ആക്രമിക്കുകയും പലേ നാശങ്ങളും വരുത്തുകയും ചെയ്തുകൊണ്ടിരുന്നു. നോർമൻരാജാക്കളിൽ ധീരനായ റോളോയുടെ ആക്രമണങ്ങൾ പ്രത്യേകിച്ചും ഭയങ്കരങ്ങളായിരുന്നു. ഈയാളെ ജയിക്കുക സുകരമല്ലെന്നും അന്നത്തെ ഫ്റാൻസുരാജാവായ ചാറത്സു മനസ്സിലാക്കി. അതിനാൽ ചാറത്സ് റോളോയുമായി ഒരു സന്ധിചെയ്തു. റോളോ ഒരു ക്രിസ്ത്യാനിയാവുകയും മേലാൽ ഫ്റാൻസിനെ ആക്രമിക്കാതിരിക്കയും ചെയ്യുകയാണെങ്കിൽ നോർമൻഡിരാജ്യം റോളോയിക്കു വിട്ടുകൊടുക്കാമെന്നും, അതിനും

പുറമേ തൻെറ പുത്രിയേ കല്ല്യാണം കഴിച്ചു കൊടുക്കാമെന്നുമായിരുന്നു കരാർ. റോളോ സസന്തോഷം ഇതിനു സമ്മതിച്ചു. അതനുസരിച്ചു ദൂവനിലെ മെത്രാപ്പോലീത്താ റോളോയെ വേദാഭ്യസനം ചെയ്യിക്കയും ക്രി. വ. 912_ൻെറ ആരംഭത്തിൽ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. രാഷ്ട്രീയമായ ഉദ്ദേശ്യമായിരുന്നു ഈ മാനസാന്തരത്തിൻെറ കാരണമെങ്കിലും ദൈവത്തിൻെറ കൃപാവരം ഇതിന്മേൽ ധാരാളം ഉണ്ടായി. തൻെറ മാനസാന്തരം കഴിഞ്ഞയുടനെ റോളോ ദൂവനിലെ മെത്രാപ്പോലീത്തായുമായി ആലോചിച്ചു തൻെറ രാജ്യത്തിൻെറ ഒരു ഭാഗം ദൈവത്തിനും ദൈവജനനിക്കും, മെത്രാപ്പോലീത്താ നിർദ്ദേശിച്ച ചില പുണ്യവാന്മാൎക്കുമായിപ്രത്യേകം പ്രതിഷ്ഠിച്ചു. മാത്രമല്ല, ദൂവാനിലെ നോട്രിഡാംദേവാലയം; വി. മിഖായേലിൻെറ ദേവാലയം ആദിയായി മെത്രാപ്പോലീത്താ നിർദ്ദേശിച്ച പലേ ദേവാലയങ്ങൾക്കും ധാരാളമായ ധനസഹായം ചെയ്കയും ചെയ്തു. ഇതിനും പുറമേ തൻെറ കീഴുദ്യോഗസ്ഥന്മാരും പ്രഭുക്കന്മാരുമെല്ലാം സത്യവിശ്വാസം അവലംബിക്കുന്നതിനും, അതിൽ വളരുന്നതിനും അദ്ദേഹം നിഷ്കർഷിക്കുകയുമുണ്ടായി. ഇതിൻെറയെല്ലാം ഫലമായി കുറേനാൾ കഴിഞ്ഞപ്പോഴേക്കും ആ വർഗ്ഗക്കാരുടെ സ്വഭാവംതന്നെ പാടേ മാറിപ്പോയി. ക്രിസ്തുവിൻെറ ബലമേറിയ കരങ്ങൾക്കല്ലാതെ, ഇവരുടെ മൂർഖതയെ നശിപ്പിക്കുന്നതിനോ, കൃപാവരത്തിൻെറ അതുല്യശക്തിക്കല്ലാതെ ഇത്ര സമഗ്രമായ ഒരു വ്യതിയാനം വരുത്തുന്നതിനോ സാദ്ധ്യമല്ല, നിശ്ചയം. മൂർഖതക്കും അവിവേകത്തിനും പേരും പെരുമയും സമ്പാദിച്ച റോളോ, സൗമ്യതക്കും, വിവേകത്തിനും പ്രസിദ്ധനായി ഭവിച്ചു. ഭയങ്കരനും അജയ്യനുമായ ഒരു യോദ്ധാവു മാത്രമല്ല, ബുദ്ധിമാനും നീതിജ്ഞനുമായ ഒരു നിയമകർത്താവുകൂടെയാണു് താൻ എന്നു് അദ്ദേഹം ലോകരെ മനസ്സിലാക്കി. ശത്രുശതങ്ങളെ ഭുജബലത്താൽ അനായാസേന അമർത്തിയ റോളോ, ഉച്ഛൃംഖലരായ ജനത്തെ ബുദ്ധിപൂർവ്വകമായ നിയമാവലികൊണ്ടു നിയന്ത്രിക്കുന്നതിനും സമർത്ഥനായിരുന്നു. ഭയങ്കരമായ ശിക്ഷകൾ നൽകിക്കൊണ്ടു് അദ്ദേഹം തൻെറ ജനത്തിൻെറ ആക്രമണാസക്തിയെ ഹനിച്ചു. റോളോയുടെ നാമശ്രവണമാത്രയിൽതന്നെ അവർ വിറകൊണ്ടു. വഴിയിൽ കിടക്കുന്ന സാധനങ്ങൾപോലും എടുക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. ഒരിക്കൽ മൃഗയാവിനോദം കഴിഞ്ഞു് ക്ഷീണിച്ചു് തളൎന്ന റോളോ, ഉറങ്ങാനായി കിടന്നപ്പോൾ അഴിച്ചുവച്ചിട്ടു് അദ്ദേഹം തിരിച്ചെടുക്കുവാൻ മറന്നുപോയ തൻെറ അരപ്പട്ട മൂന്നു കൊല്ലം കഴിഞ്ഞിട്ടും അതവിടെനിന്നും എടുക്കുവാൻ ആരും ധൈര്യമുണ്ടായില്ലത്രേ.

സിതീയായിൽ നിന്നും വന്നിട്ടുള്ള ഒരു മൂർഖജാതിക്കാരായിരുന്ന ഹങ്കേറിയൻസ്. ആക്രമണത്തിൽ അവർ അതിഭയങ്കരമായ ആസക്തി പ്രദശിപ്പിച്ചു. അവർ ദേവാലയങ്ങളെ കൊള്ളി വെയ്ക്കുകയും വൈദികരെ വധിക്കുകയും, വയ്സ്സവയോഭേദമെന്യേ ക്രിസ്ത്യാനികളെ തടവുകാരാക്കുകയും ചെയ്തു. എന്നാൽ സുവിശേഷത്തിൻെറ മഹനീയശക്തി അവരേയും ജയിച്ചു. അതിൻെറ അതിരററ സ്വാധീനത അവരുടെ മൂർഖവും മൃഗീയവുമായ സ്വഭാവത്തെ മാററി കരുണവും സൌമ്യവുമായ സ്വഭാവത്തെ അവക്കു നൽകി. അവരുടെ ഒരു രാജാവിനു ക്രിസ്ത്യാനികളോടു നിസ്സീമമായ സ്നേഹവും ഉണ്ടായി. എന്നാൽ സമീപപ്രദേശങ്ങളിലെങ്ങും ക്രിസ്ത്യാനികൾ ഉണ്ടായിരുന്നില്ല. അതിനാൽ ക്രിസ്ത്യാനികൾക്കു സംരക്ഷണയേയും സഹായത്തേയും വാഗ്ദാനം ചെയ്തുകൊണ്ടു അദ്ദേഹം ഒരു രാജകീയവിളംബരം പ്രസിദ്ധപ്പെടുത്തി. അനന്തരം അദ്ദേഹം ക്രിസ്തുമതത്തേക്കുറിച്ചു പഠിക്കുകയും, അതിൻെറ മഹനീയശക്തിക്കു വിധേയനായി കുടുംബസഹിതം ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിനു ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനെ ജ്ഞാനസ്നാനപ്പെടുത്തിയ ഫ്രേഗിലെ മെത്രാൻ, അവനു സ്ററീഫൻ എന്നു പേരിട്ടു. വേണ്ട കരുതലോടും സൂക്ഷ്മതയോടും വളത്തപ്പെടുകയും വിദ്യാഭ്യാസം നൽകപ്പെടുകയും ചെയ്ത കുമാരൻ ചെറുപ്പത്തിലെ തന്നെ നല്ല ദൈവഭക്തനായി വളൎന്നുവന്നു. ഭാവിയിൽ ആ രാജകുമാരൻ തന്നെ തൻെറ പ്രജകളുടെ അപ്പസ്തോലനുമായിത്തീൎന്നു. ഇതിൽ അനേകം വിഷമതകൾ അദ്ദേഹം സഹിക്കേണ്ടതായി വന്നു. വിഗ്രഹാരാധനക്കാരായ ജനങ്ങൾ ഒരു വിപ്ലവത്തെ തന്നെ നാട്ടിൽ ഉളവാക്കി. എന്നാൽ ധീരനായ ആ യുവരാജാവാകട്ടെ യാതൊരു നിരാശയും കൂടാതെ തൻെറ ജന്മദേശമായ പനോനിയായുടെ പ്രത്യേകപുണ്യവാനായ വി. മാർട്ടിൻെറ ഒരു കൊടിയും പിടിച്ചു അവരെ എതിൎത്തു. ജനാവലി പരാജിതരായി പലായനം ചെയ്തു. വിജയശ്രീലാളിതനായ രാജകുമാരൻ അവരുടെ സ്വത്തുക്കൾ ഉപയോഗിച്ചു ഒരാശ്രമം പണിയിക്കുകയും അതു, ആ വിജയത്തിനു തന്നെ സഹായിച്ച വി. മാർട്ടിനു പ്രതിഷ്ഠിക്കയും ചെയ്തു. സമാധാനസംസ്ഥാപനത്തിനുശേഷവും സ്വമതപ്രചരണത്തിനു വേണ്ടി അദ്ദേഹം തീഷ്ണമായി പരിശ്രമിച്ചുകൊണ്ടിരുന്നു. ധമ്മവും പ്രാത്ഥനയും അദ്ദേഹത്തിനു പ്രിയകരങ്ങളായ രണ്ടു കാൎയ്യങ്ങൾ ആയിരുന്നു. പലപ്പോഴും ദേവാലയത്തിൽ പോയി സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു കണ്ണുനീർ ചിന്തി സ്വജനത്തിനുവേണ്ടി അദ്ദേഹം പ്രാത്ഥിച്ചുവന്നു. ഇതിനും പുറമേ

രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും മിഷ്യനറികളെ അയക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ഈ ശ്രമങ്ങളൊന്നും വിഫലങ്ങളായില്ല. വിഗ്രഹാരാധന ആ നാട്ടിൽ നിന്നും നിശ്ശേഷം നിർമ്മൂലമായി. ഹങ്കേറിയായെ ആറ രൂപതകളായി അദ്ദേഹം തിരിച്ചു ഡാന്യൂബുനദിതീരത്തുള്ള സ്ത്രിഗോണിയായിരുന്നു അതിരൂപത. സെബെസ്ത്യാനോസ് എന്ന ഒരു സന്യാസി അവിടത്തെ മെത്രാപ്പോലീത്തായായി ഭരണം നടത്തി. ഈ വിഭജനങ്ങളേയും ശ്രമങ്ങളേയുമെല്ലാം അംഗീകരിച്ച മാർപ്പാപ്പാ സ്റ്റേപ്പാനോസ്‌രാജാവിൻെറ തീഷ്ണമായ വേദപ്രചരണപരിശ്രമങ്ങളെ അഭിനന്ദിക്കുകയും അദ്ദേഹത്തോടുള്ള ആദരവിനേയും മതിപ്പിനേയും പ്രകടിപ്പിക്കുകയും ചെയ്തു. ഇതിൻെറ ഒരു സ്മാരകവും ലക്ഷ്യവുമായി പരിശുദ്ധ പിതാവ് ഒരു കിരീടവും സ്വർണ്ണം കൊണ്ടുള്ള ഒരു കുരിശും രാജാവിനു സമ്മാനിക്കുകയും ഉണ്ടായി. മാത്രമല്ല, അപ്പസ്റ്റോലനായ രാജാവ് എന്ന സ്ഥാനപ്പേരും അദ്ദേഹത്തിനു നൽകി. അന്നുമുതൽ ഈ സ്ഥാനപ്പേര് ഹങ്കേറിയായിലെ രാജാക്കന്മാർ പാരമ്പര്യമായി അനുഭവിച്ചുവന്നു. സ്റ്റേപ്പാനോസ്‌രാജാവിൻെറയും രാജ്ഞിയുടേയും കിരീടധാരണം അത്യാഡംബരപൂർവ്വം നടത്തപ്പെട്ടു. അദ്ദേഹത്തിനു ദൈവജനനിയോടു പ്രത്യേകഭക്തിയുണ്ടായിരുന്നു. അതിനാൽ അദ്ദേഹം, അദ്ദേഹത്തേയും രാജ്യത്തേയും ആ നല്ല അമ്മയുടെ സംരക്ഷണയ്ക്കു സ്വയം കയ്യാളിച്ചു. ഫ്റാൻസുരാജാവായ ലൂയിപതിമൂന്നാമനും ഈ മാതൃകയെത്തന്നെ അനുകരിച്ചിട്ടുണ്ട്. രാജാവിൻെറയും രാജ്ഞിയുടേയും മതതീഷ്ണതയും ദൈവഭക്തിയും അനുവാസരം വർദ്ധിച്ചുവന്നു. അദ്ദേഹത്തിൻെറ മരണശയ്യയിൽ വച്ച് അദ്ദേഹം തൻെറ നാട്ടിലെ മെത്രാന്മാൎക്കും പ്രഭുക്കന്മാൎക്കും നൽകിയ അന്ത്യശാസനം ക്രിസ്തുമതത്തെ അതിൻെറ സഹജമായ പരിശുദ്ധിയിൽ പരിപാലിച്ചുകൊള്ളണമെന്നായിരുന്നു. 1038_ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ഹങ്കേറിയക്കാർ അദ്ദേഹത്തിൻെറ അന്ത്യശാസനത്തെ പാലിക്കയും ചെയ്തു. അവർ ഒരിക്കലും ക്രിസ്തുമതം ഉപേക്ഷിച്ചിട്ടില്ല.

# ൨. കോൺസ്റ്റാന്റിനോപ്പിൾ സഭയിലെ കുഴപ്പങ്ങൾ.

[ക്രി. വ. 858_1053.]

ഉത്തരദേശങ്ങളിലെ ഊർജ്ജിതമായ അഭിവൃദ്ധിയാൽ സഭാമാതാവിനെ സമാശ്വസിപ്പിച്ച ദൈവം, കോൺസ്റ്റാന്റിനോപ്പിളിൽ, ഫോഷ്യസിന്റെ തോന്ന്യാസങ്ങളെ അനുവദിച്ചുകൊണ്ടു് അവളെ ആകുലചിത്തയാക്കുന്നതിനും തിരുമനസ്സായി. ഫോഷ്യസ് അഭിജാതകുലജാതനും, പണ്ഡിതനും, അതിസമർത്ഥനുമായ ഒരാളായിരുന്നു. ഉന്നതമായ പല ഗവർമ്മെന്റുദ്യോഗങ്ങളും അയാൾ വഹിച്ചിരുന്നു. എങ്കിലും അയാളുടെ അമിതമായ ആശയും, വഞ്ചനാപരമായ പ്രവൃത്തനങ്ങളും അയാളുടെ സകല സൽഗുണങ്ങളേയും മറച്ചുകളഞ്ഞു. ഇയാൾ യുവരാജാവായ മൈക്കേൽതൃതീയന്റെ മാതുലനും, സചിവനുമായ ചാറതസ്സുബർദാസിന്റെ ആപ്തമിത്രമായിരുന്നു. ദുർന്നടത്ത എന്ന ഏക കാരണത്തെ ആസ്പദമാക്കി കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായ ഇഗ്നേഷ്യസ് മഹറോൻചൊല്ലുകയാൽ അദ്ദേഹത്തെ നശിപ്പിക്കുവാൻ ശപഥം ചെയ്തിരുന്ന ഒരാളായിരുന്നു ഈ ബർദാസ്. ഇയാൾ ആദ്യം, ഇഗ്നേഷ്യസിനെ നാടുകടത്തിക്കുവാൻ ചക്രവർത്തിയെ പ്രേരിപ്പിക്കുകയും, അതസാദ്ധ്യമെന്നു കണ്ടപ്പോൾ, ഇഗ്നേഷ്യസിനെക്കൊണ്ടു തന്നെ സ്വസ്ഥാനം രാജി വെപ്പിക്കുവാൻ ശ്രമിക്കയും, അതും പരാജയപ്പെടുകയാൽ സ്വസ്നേഹിതനായ ഫോഷ്യസ് എന്ന അൽമായക്കാരനെ പാത്രിയർക്കീസായി നിയോഗിക്കുകയും അത്രേ ചെയ്തതു്. സഭാനിയമങ്ങൾക്കു വിരുദ്ധമായ ഈ നടപടി പല കുഴപ്പങ്ങളേയും ഉളവാക്കി. അതിരൂപതയുടെ കീഴിലുള്ള എല്ലാ മെത്രാന്മാരും ഇയാളെ നിഷേധിച്ചു. എങ്കിലും ഫോഷ്യസിന്റെയും കൂട്ടരുടേയും അശ്രാന്തശ്രമത്താൽ ഏതാനും മെത്രാന്മാർ അവരോടു ചേർന്നു. അവരെ അനുകൂലിക്കാതിരുന്ന എല്ലാ മെത്രാന്മാരേയും അവർ നാടുകടത്തി. പക്ഷെ ഫോഷ്യസിന്റെ ആശ ഇതുകൊണ്ടൊന്നും അവസാനിച്ചില്ല. തന്റെ സ്ഥാനം മാർപ്പാപ്പായെക്കൊണ്ടു് അംഗീകരിപ്പിക്കണമെന്നുള്ളതായിരുന്നു അയാളുടെ മോഹം. അതിലേക്കു് അയാൾ സമർത്ഥവും എന്നാൽ കപടസമ്പൂർണ്ണവുമായ ഒരെഴുത്തു് ആനു് പരിശുദ്ധസിംഹാസനത്തെ അലങ്കരിച്ചിരുന്ന നിക്കോളാസ് മാർപ്പാപ്പായിക്കയച്ചു. മററുള്ളവരുടെ നിർബ

സ്വപൂർവ്വമായ നിർദ്ദേശങ്ങൾക്കും, അപേക്ഷകൾക്കും വിധേയനായി താൻ ഈ സ്ഥാനം സ്വീകരിക്കുന്നതാണെന്നും, അല്ലാതെ സ്വമനസ്സാലെ അ പ്രകാരം ചെയ്തിട്ടുള്ളതല്ലെന്നും, പാത്രിയർക്കീസായിരുന്ന ഇഗ്നേഷ്യസ് സ്വമനസ്സാലെ സ്ഥാനം രാജി വച്ചു് കൂട്ടതലായ ദൈവസേവനത്തി നും, ഭക്തജീവിതത്തിനുംവേണ്ടി ഒരു ആശ്രമത്തിൽ വസിക്കുകയാണെ ന്നും മറവമായിരുന്നു അയാളുടെ എഴുത്തിന്റെ സാരം. ഈ എഴുത്തി ന്റെ യാഥാർത്ഥ്യത്തെ സാക്ഷിച്ചുകൊണ്ടു് ചക്രവർത്തിയും ഇതോടൊ ന്നിച്ചു ഒരെഴുത്തു് മാർപ്പാപ്പായിക്കയച്ചു. ഇതിനിടയ്ക്കു് ഇഗ്നേഷ്യസിനെ അവർ അനാരോഗ്യകരമായ ഒരു ജയിലിൽ അടച്ചു പലവിധത്തിൽ ക ഷ്ടപ്പെടുത്തുകയും അവസാനം രാജദ്രോഹകുററം ആരോപിച്ചു് അദ്ദേ ഹത്തെ ലെസ്ബോസ്ദ്വീപിലേക്കു നാടുകടത്തുകയും ചെയ്തു. ഇതൊ ന്നും മാർപ്പാപ്പായെ അറിയിച്ചില്ലെന്നു മാത്രമല്ല മാർപ്പാപ്പാ അറിയാ തിരിക്കുവാൻ പ്രത്യേകം നിഷ്കർഷ ചെയ്കയും ചെയ്തു. എങ്കിലും, മാർപ്പാ പ്പായ്ക്കു ഇവരുടെ പ്രവൃത്തികളിൽ ഏതോ സംശയം ജനിക്കുക യാൽ ഇവയെല്ലാം കുറച്ചു ശരിയായ ഒരന്വേഷണം ചെയ്യാതെ യാതൊ ന്നും ചെയ്വാൻ സാധിക്കുന്നതല്ലെന്നു അദ്ദേഹം തീരുമാനിക്കുകയും അതനു സരിച്ചു രണ്ടു് പ്രതിനിധികളെ അദ്ദേഹം ഉടനെതന്നെ കോൺസ്ററാൻറി നാപ്പിളിലേക്കയക്കുകയും ചെയ്തു എന്നാൽ അവർ രാജധാനിയിൽ വന്ന ക്ഷണംമുതൽതന്നെ അതിലേക്കു പ്രത്യേകം നിയുക്തരായ രാജകിങ്കരന്മാർ, അവരുടെ സകല പ്രവൃത്തികളേയും പ്രത്യേകം സൂക്ഷിക്കയും ശരിയായ വി വരങ്ങൾ ലഭിക്കുന്നതിനുള്ള സകല മാർഗ്ഗങ്ങളേയും നിഷ്കർഷയായി നി രോധിക്കുകയും ചെയ്തു. മാത്രമല്ല, ഫോഷ്യസിനെ പാത്രിയർക്കീസായി അം ഗീകരിക്കാത്തപക്ഷം അവരെ കഠിനമായി ശിക്ഷിക്കുന്നതാണെന്നും ആ രാജകിങ്കരന്മാർ അവരെ ഭയപ്പെടുത്തിത്തുടങ്ങി. ഏതാനും ദിവസങ്ങൾ അവർ ഇതിനെയെല്ലാം സധൈര്യം എതിർത്തുനിന്നു. എങ്കിലും ഒടുവിൽ അവർ ചക്രവർത്തിയുടെ അപേക്ഷയ്ക്കും വാഗ്ദാനങ്ങൾക്കും ഭീഷണികൾക്കും വിധേയരായി അയാളുടെ അഭിലാഷത്തെത്തന്നെ അനുകൂലിച്ചു. താമ സിയാതെ ഈ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലും, സമ്മതത്തിലും അ വിടെവച്ചുതന്നെ ഒരു സൂനഹദോസു കൂടുകയും ഇഗ്നേഷ്യസു, പാത്രിയർക്കീ സിനെ സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നതായി തീരുമാനം ചെയ്കയും ചെയ്തു.

പക്ഷെ, ഇതുകൊണ്ടും ഫോഷ്യസു തൃപ്തനായില്ല. ഇഗ്നേഷ്യസിൽ നിന്നുതന്നെ ഒരു രാജിപത്രം ലഭിക്കണമെന്നായിരുന്നു അയാളുടെ ആ ശം. അതിനാൽ ഏതുവിധമെങ്കിലും ഇതു സാധിക്കുന്നതിനുവേണ്ടി നിര

പരാധിയായ ഇഗ്നേഷ്യസിനെ മൂന്നു കശ്മലന്മാക്കായി ഏല്പിച്ചുകൊടുത്തു. മൂർഖരായ ആ കിങ്കരന്മാർ ഇദ്ദേഹത്തോടു ചെയ്ത പീഡനങ്ങൾ അത്യന്തം ദാരുണങ്ങളായിരുന്നു. യാതൊരു കരുണയും ബഹുമാനവും കൂടാതെ അവർ അദ്ദേഹത്തിന്റെ മുഖത്തടിക്കുകയും വസ്ത്രം ഉരിഞ്ഞു നഗ്നനാക്കുകയും, അത്യധികമായ തണുപ്പുള്ള അവസരത്തിൽ കൈകൾ വിരിച്ചു തറമേൽ കമഴ്ത്തിക്കിടത്തുകയും ചെയ്തു. എന്നാൽ ഇതൊന്നും വൃദ്ധനായ ആ പുരോഹിതവര്യന്റെ ആത്മശക്തിയെ ഇളക്കുവാൻ പര്യാപ്തമായില്ല. അതിനാൽ അവർ അദ്ദേഹത്തെ കോൺസ്റ്റന്റയിൻ കൊപ്രോണിമസിന്റെ ശവക്കല്ലറയിൽ ഇട്ടടക്കുകയും ഓരോതരം മർദ്ദനങ്ങൾ മാറിമാറി നടത്തുകയും ചെയ്തു. ഒരാഴ്ചമുഴുവൻ ഭക്ഷണം നൽകാതെയും ഉറങ്ങാൻ അനുവദിക്കാതെയും ഒരേനിലയിൽത്തന്നെ അദ്ദേഹത്തെ അവർ നിറുത്തി. അനന്തരം ഒരു രാത്രിമുഴുവൻ കാലിന്മേൽ കല്ലുകെട്ടി ആക്കാകൃതിയിലുള്ള ഒരു മേൽക്കൂരമേൽ കെട്ടിയിടുകയും പ്രഭാതത്തിൽ ശക്തിയോടെ അദ്ദേഹത്തെ താഴത്തേക്കെറിയുകയും ചെയ്തു. ഭയങ്കരമായ ആ വിഴ്ചയാൽ ആ അങ്കണം മുഴുവൻ രക്തം ചിതറപ്പെട്ടു. ഇങ്ങനെ വിവശനായും ബോധശൂന്യനായും കിടക്കുന്ന അവസരത്തിൽ അവരിലൊരാൾ ഇദ്ദേഹത്തിന്റെ കയ്യിൽ ഒരു പേന പിടിപ്പിച്ചു് കടലാസിൽ ഒരു കുരിശു വരപ്പിച്ചു് അതുംകൊണ്ടു ഫോഷ്യസിന്റെ സന്നിധിയിലേക്കോടി. ഫോഷ്യസ്സ് ഉടനേതന്നെ ആ കടലാസിൽ ഇഗ്നേഷ്യസിന്റേതായി ഒരു രാജിപത്രം എഴുതി ചക്രവർത്തിക്കയച്ചുകൊടുത്തു. ഇതിനുശേഷം ചക്രവർത്തി ഇഗ്നേഷ്യസിനെ സ്വതന്ത്രനാക്കി. ഭാഗ്യവശാൽ തന്റെ ദയനീയസ്ഥിതിയേയും കോൺസ്റ്റാന്റിനോപ്പിളിൽ നടന്ന മറ്റു സംഗതികളേയും മാർപ്പാപ്പായെ അറിയിക്കുവാൻ അദ്ദേഹത്തിനു് അവസരവും സൌകര്യവും ലഭിച്ചു.

ഫോഷ്യസു തന്റെ നിചോദ്യമങ്ങൾ വീണ്ടും തുടർന്നു. ഇതിന്റെ ഫലമായി, ഇഗ്നേഷ്യസിനേക്കൊണ്ടുതന്നെ ഇഗ്നേഷ്യസിന്റെ ശിക്ഷാവിധി വായിപ്പിക്കുന്നതിനും, അനന്തരം അദ്ദേഹത്തിന്റെ കണ്ണുകൾ ചുഴന്നെടുക്കുന്നതിനും, വലത്തുകൈ ഛേദിച്ചുകളയുന്നതിനും ചക്രവർത്തിയിൽനിന്നും ഒരു ശാസനം അയാൾ സമ്പാദിച്ചു. വിവരം എങ്ങനെയോ അറിഞ്ഞ പാത്രിയർക്കീസാവട്ടെ ഒരടിമയുടെ വേഷം സ്വീകരിച്ചു, തന്നെ ബന്ധിക്കാൻ വന്നവരേയും കടന്നു് എവിടേയോ പോയി ഒളിച്ചു. ഈ അവസരത്തിൽ കോൺസ്റ്റാന്റിനോപ്പിളിൽ അതിഭയങ്കരമായ ഒരു ഭൂകമ്പമുണ്ടായി. രാജാവും പൌരാവലിയും ബർദാസുതന്നെയും ഭയവി

ഹാലരായി. അവർ ഉടൻതന്നെ ഇഗ്നേഷ്യസിനെ തിരിച്ചുവിളിച്ചു. ഇതിനിടക്കു കോൺസ്റ്റാന്റിനോപ്പിളിൽ നടന്ന സകല സംഗതികളും മാർപ്പാപ്പാ അറിഞ്ഞു. അദ്ദേഹം ഓരോ എഴുത്തു ചക്രവർത്തിയ്ക്കും, ഫോഷ്യസിനും, മെത്രാന്മാർക്കും അയച്ചു. അതിൽ അദ്ദേഹം തന്റെ പ്രതിനിധികളുടെ നീചവും ഗർഹണീയവുമായ നടപടികളെ അവഹേളിക്കുകയും, നിഷേധിക്കുകയും, ഇഗ്നേഷ്യസിനെ സാക്ഷാൽ പാത്രിയർക്കീസായി അംഗീകരിക്കുകയും ഫോഷ്യസിന്റെ തെരഞ്ഞെടുപ്പിനെ അസാധുവായി തള്ളിക്കളയുകയും ചെയ്തിരുന്നു. ഫോഷ്യസാവട്ടെ, ഈ എഴുത്തുകളെല്ലാം എങ്ങനെയോ കൈവശപ്പെടുത്തുകയും, അവയെല്ലാം നശിപ്പിച്ചുകളഞ്ഞശേഷം അതിനു പകരം തന്റെ ഇംഗിതാനുസരണം മാർപ്പാപ്പായുടേതായി കള്ളഎഴുത്തുകൾ നിർമ്മിക്കയും ചെയ്തു. അതിൽ ഫോഷ്യസിനെ സംശയിച്ചതിലും എതൃത്തതിലും മാർപ്പാപ്പാ പശ്ചാത്തപിക്കുന്നതായും, ഭാവിയിൽ എല്ലാ അവസരങ്ങളിലും വേണ്ട സഹായം ചെയ്തുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുന്നതായും, പ്രസ്താവിച്ചിരുന്നു. എത്രയും ഭയങ്കരമായ ഒരു കൃത്യമായിരുന്നു ഇതു്. എന്നാൽ ഇതിലും ഭയങ്കരമായ കാര്യങ്ങൾ ചെയ്യാനും അയാൾ മടിച്ചില്ല. നിക്കോളോസു മാർപ്പാപ്പായുടെ നടപടികളെക്കുറിച്ചു പരിശോധിക്കുവാൻ ഒരു സൂനഹദോസു കൂടിയതായി സ്വയം സങ്കല്പിച്ചുകൊണ്ടു് അതിന്റെ നടപടികളും തീരുമാനങ്ങളും അസാമാന്യമായ സാമർത്ഥ്യത്തോടെ അയാൾ എഴുതിയുണ്ടാക്കി. കപടപൂർണ്ണമെങ്കിലും, അത്യന്തം പരിപൂർണ്ണമായ ഒരു രേഖയായിരുന്നു അതു്. യാതൊരു ന്യൂനതയും അതിൽ ഒരുഭാഗത്തും ഉണ്ടായിരുന്നില്ല. മാർപ്പാപ്പായിക്കെതിരായി ഹാജരാക്കിയ ആക്ഷേപങ്ങളും സത്യവാങ്മൂലം ചെയ്തുകൊണ്ടുള്ള സാക്ഷിനടപടികളും മാർപ്പാപ്പായുടെ അനുകൂലി എന്ന ഭാവത്തിൽ ഫോഷ്യസു ചെയ്ത സമർത്ഥമായ പ്രസംഗവും സൂനഹദോസിൽ സംബന്ധിക്കാത്ത മാർപ്പാപ്പായെ ശപിക്കുവാൻ സമ്മതിക്കാതെ ആ സങ്കല്പസൂനഹദോസിലെ പിതാക്കന്മാരുടെ തീരുമാനങ്ങൾക്കു വിധേയനായി മാർപ്പാപ്പായെ സ്ഥാനഭ്രഷ്ടനാക്കുന്നതിനും മഹറോൻ ചൊല്ലുന്നതിനും, അയാളും സമ്മതിക്കുന്നതും എല്ലാം വിശദമായി അതിൽ വിവരിച്ചിരുന്നു. സങ്കല്പമാത്രവും നീചവുമായ ഈ രേഖയിൽ ഒപ്പിടുവാൻ തക്ക ദുഷിച്ച മനസ്ഥിതി 21 മെത്രാന്മാർക്കും ഉണ്ടായി. ഇതിനും പുറമേ, ആയിരത്തിൽപരം ആളുകളുടേയും ചക്രവർത്തിയുടേയും ഒപ്പു ഫോഷ്യസു തന്നെ ഇടുകയും ചെയ്തു. അവസാനമായി ഈ രേഖയെ ഫ്രാൻസുരാജാവായ ലൂയിലിഡിബോനയറിനയച്ചുകൊണ്ടു മാർപ്പാപ്പായെ സ്ഥാനഭ്രഷ്ടനാക്കുവാൻ അദ്ദേഹത്തിന്റെ സഹായം അഭ്യർത്ഥിക്കുന്നതിനും ഫോ

ഷ്യസ്സ് മൂതിന്നു. മാത്രമല്ല, അയാൾ ലത്തീൻസഭയെ ആക്ഷേപിച്ചുകൊണ്ടു് ഒരു വിജ്ഞാപനപത്രം കിഴക്കൻ സഭകളിലെ എല്ലാ മെത്രാന്മാൎക്കും അയക്കുകയും, പുരാതനകാലംമുതൽ ലത്തിൻസഭയെപ്പോലെ ഗ്രീക്കുസഭയും അനുസരിച്ചിരുന്നതും പലേ സൂനഹദോസുകളും അംഗീകരിച്ചിട്ടുള്ളതുമായ ഒരു വിശ്വാസതത്വം—റൂഹാദക്കുദിശാ പിതാവിൽനിന്നും പുത്രനിൽനിന്നും ജനിക്കുന്നുവെന്നുള്ള വിശ്വാസതത്വം—ഒരു വേദവിപരീതമായി സ്ഥാപിക്കുകയും, ഇതിനെല്ലാം പുറമെ നിന്ദ്യങ്ങളായ അനേകം നടപടിദൂഷ്യങ്ങളെ റോമൻസഭയുടെമേൽ ആരോപിക്കുകയും ചെയ്തു. കിഴക്കൻസഭകളെ കത്തോലിക്കാ ഐക്യത്തിൽനിന്നും അകററിയ വേദവിപരീതത്തിൻെറ ബീജവും ഇതുതന്നെയായിരുന്നു.

ഫോഷ്യസിനു മൈക്കേൽ ചക്രവൎത്തിയിൽ നിന്നു ലഭിച്ചതുപോലെയുള്ള യാതൊരു ആനുകൂല്യവും അയാളുടെ പിൻഗാമിയായ ബേസിലിൽ നിന്നു് ഉണ്ടായില്ല. എന്നു തന്നെയല്ല, അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിൽ ഉണ്ടായിരുന്ന മെത്രാന്മാരെ എല്ലാം ക്ഷണിച്ചു്, ഒരു സൂനഹദോസു നടത്തുകയും, ഫോഷ്യസിനെ സ്ഥാനഭ്രഷ്ടനാക്കി ഒരു ആശ്രമത്തിൽ ബന്ധിക്കുന്നതിനു തീരുമാനിക്കയും ചെയ്തു. ഈ അവസരത്തിൽ തന്നെ സങ്കല്പസൂനഹദോസിൻെറ രേഖകളും അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹം അവയെ സെനററുസംഘത്തിൽ അവതരിപ്പിക്കുകയും അതിലെ നിന്ദ്യവും ഗൎഹണീയവുമായ കപടതന്ത്രങ്ങളെ ജനങ്ങളെ മനസ്സിലാക്കുകയും ചെയ്തു. അധികം താമസിയാതെ യഥാൎത്ഥപാത്രിയക്കീസായ ഇഗ്നേഷ്യസ്സ് സിംഹാസനത്തെ പ്രാപിച്ചു. അദ്ദേഹത്തിൻെറ ഉപദേശപ്രകാരം ക്രി. വ 869_ൽ, ചക്രവൎത്തി, മാപ്പാപ്പായുടെ അംഗീകരണത്തോടും അനുവാദത്തോടും ഒരു സൂനഹദോസ്സ് വിളിച്ചുകൂട്ടി. കോൺസ്റ്റാൻറിനോപ്പിളിൽ നടന്ന ആ അനിഷ്ടസംഭവങ്ങളെയെല്ലാം പരിഹരിക്കണമെന്നായിരുന്നു ഈ സൂനഹദോസിൻെറ ഉദ്ദേശ്യം. നിക്കോളോസ്സ്മാപ്പാപ്പായുടെ പിൻഗാമിയായി റോമാസിംഹാസനത്തെ പ്രാപിച്ച ആഡ്റിയൻ മാപ്പാപ്പാ മൂന്നു പ്രതിനിധികളെ ഈ സൂനഹദോസിലേക്കയച്ചു. അവരുടെ കൈവശം ചക്രവൎത്തിക്കും പാത്രിയക്കീസിനും ഓരോ എഴുത്തും അദ്ദേഹം കൊടുത്തയച്ചിരുന്നു. അത്യാഡംബരപൂൎവ്വം അവരെ സ്വീകരിച്ചുകൊണ്ടു് ചക്രവൎത്തി മാപ്പാപ്പായോടുള്ള അപാരബഹുമാനത്തെ പ്രകടിപ്പിച്ചു. ആ സൂനഹദോസിലെ പ്രഥമസ്ഥാനവും ഈ പ്രതിനിധികൾക്കായിരുന്നു. ഇഗ്നേഷ്യസിനു രണ്ടാംസ്ഥാനവും മററു പാത്രിയക്കീസന്മാൎക്കും മെത്രാന്മാൎക്കും

അവരവരുടെ നില അനുസരിച്ചു യഥാസ്ഥാനങ്ങളും നൽകപ്പെട്ടു. ആദ്യമായി എല്ലാവരും ഐക്യപ്പെടുന്നതിനു് ആധാരമായിരിക്കേണ്ട വ്യവസ്ഥകളെ മാർപ്പാപ്പായുടെ പ്രതിനിധികൾ അവിടെ വായിച്ചു. സകലരും ഏകകണ്ഠമായി അതിനെ അനുകൂലിച്ചു. മാർപ്പാപ്പായുടെ പരമാധികാരത്തെ സ്ഥാപിച്ചും, വേദവിപരീതങ്ങളെ എല്ലാവയേയും, ഫോഷ്യസിനേയും കൂട്ടരേയും പ്രത്യേകിച്ചും ശപിച്ചുമുള്ള ഒരു പ്രസ്താവനയായിരുന്നു അതു്. അനന്തരം ഭീഷണിപ്രയോഗത്താൽ ഫോഷ്യസു സ്വപക്ഷവർത്തികളാക്കിയ എല്ലാ മെത്രാന്മാർക്കും മാപ്പുനൽകി. ബലം പ്രയോഗിച്ചെങ്കിലും ഫോഷ്യസിനേയും, ആ സൂനഹദോസിൽ അവർ ഹാജരാക്കിയിരുന്നു. അനീതിയായും ധർമ്മവിരുദ്ധമായും മർദ്ദിക്കപ്പെടുന്ന ഒരു നിരപരാധിയുടെ നിലയെ അയാൾ അവിടെ കൈക്കൊണ്ടു. ചോദിച്ച ചോദ്യങ്ങൾക്കൊന്നുംതന്നെ അയാൾ മറുപടി പറഞ്ഞില്ല. ഒടുവിൽ വീണ്ടും ചോദ്യങ്ങൾ തുടർന്നപ്പോൾ നമ്മുടെ കർത്താവു്, അങ്ങേ വിധിയാളന്മാരോടു പറഞ്ഞ ഉത്തരംതന്നെ അയാളും പറഞ്ഞു. ഇതുകേട്ടപ്പോൾ അവിടെ കൂടിയിരുന്ന ജനാവലിക്കു് അയാളോടു വലുതായ വെറുപ്പും കോപവും ഉണ്ടായി. അവർ നിഷ്കരുണമായി അയാളെ ആക്ഷേപിച്ചു. അവസാനസമ്മേളനം അത്യന്തം ജനനിബിഢമായ ഒന്നായിരുന്നു. ചക്രവർത്തിയും അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരും അതിൽ സംബന്ധിച്ചു. ഇഗ്നേഷ്യസിനനുകൂലമായി നിക്കോളാസു മാർപ്പാപ്പായും ആഡ്റിയൻമാർപ്പാപ്പായും ചെയ്തിരുന്ന തീരുമാനങ്ങളെ ആ സൂനഹദോസു സ്വീകരിക്കുകയും ഫോഷ്യസും കൂട്ടരും അവരുടെ അഭിപ്രായങ്ങളിൽതന്നെ സ്ഥിരമായി നില്ക്കുകയാൽ അവരെ മഹറോൻ ചൊല്ലുകയും ചെയ്തു. മാത്രമല്ല, ഈ തീരുമാനങ്ങൾക്കു വിരുദ്ധമായ അഭിപ്രായമുള്ളവരാരെങ്കിലുമുണ്ടെങ്കിൽ ഈ സമ്മേളനം തീരുന്നതിനു മുമ്പു് അതു പറഞ്ഞു തങ്ങളുടെ സംശയനിവൃത്തി വരുത്തണമെന്നും, മേലാൽ ഈ വിഷയത്തെക്കുറിച്ചുള്ള യാതൊരു വാദവും താൻ അനുവദിക്കുന്നതല്ലെന്നും ചക്രവർത്തി ആ സമ്മേളനത്തെ അറിയിച്ചു. അവസാനമായി ഈ തീരുമാനങ്ങളെയെല്ലാം അംഗീകരിക്കുന്നതിനും, അങ്ങനെ സഭയുടെ ദൈവികമായ അധികാരത്താൽ അതിനെ മുദ്രവയ്ക്കുന്നതിനും അപേക്ഷിച്ചുകൊണ്ടു മാർപ്പാപ്പായ്ക്കും ഈ തീരുമാനങ്ങളെയെല്ലാം സ്വീകരിക്കുന്നതിനും, അനുസരിക്കുന്നതിനും ഉൽബോധിപ്പിച്ചുകൊണ്ടു് സമസ്ത വിശ്വാസികൾക്കും ഓരോ എഴുത്തെഴുതി, ആ സമ്മേളനനടപടികൾ പര്യവസാനിപ്പിച്ചു. ഇതത്രേ എട്ടാമത്തെ സാർവ്വത്രികസൂനഹദോസു്.

ഫോഷ്യസ് നാടുകടത്തപ്പെട്ടുവെങ്കിലും, സഭയുടെ സമാധാനത്തെ ഭഞ്ജിക്കുവാൻ ധീരനായ ആ വേദവിപരീതി വീണ്ടും ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടുതന്നെയിരുന്നു. അനേകം അനുയായികളും ഇയാൾക്കുണ്ടായിരുന്നു. ഇവർ മുഖാന്തിരവും ലേഖനങ്ങൾ വഴിയായും ഭിന്നിപ്പിൻെറ അരൂപിയെ അയാൾ വിജയകരമായി വളർത്തി.

ക്രി. വ. 878_ൽ ഇഗ്നേഷ്യസു പരലോകപ്രാപ്തനായി. ഉടൻതന്നെ ഫോഷ്യസു ഭുജബലം പ്രയോഗിച്ചു പാത്രിയക്കീസ്സിംഹാസനത്തെ പ്രാപിച്ചു. അതിനുശേഷം സൌകര്യം പോലെയും സാഹചര്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ചും ശക്തിയുപയോഗിച്ചും, സഹായങ്ങളും സ്ഥാനമാനാദികളും വാഗ്ദാനം ചെയ്തും ശത്രുക്കളിൽ ഭൂരിപക്ഷത്തെയും അയാൾ സ്വാധീനപ്പെടുത്തി. അനന്തരം അയാൾ ഒരെഴുത്തുംകൊടുത്തു് റോമായിലേക്കു രണ്ടു ദൂതന്മാരെ അയച്ചു. അനേകം മെത്രാപ്പോലീത്തന്മാർ സാക്ഷ്യപ്പെടുത്തപ്പെട്ടിട്ടുള്ള ആ എഴുത്തിൽ മററു് പലരുടേയും നിർബന്ധത്താൽ മാത്രം താൻ ഈസ്ഥാനം സ്വീകരിച്ചിട്ടുള്ളതാണെന്നു വിനയസ്വഭാവം നടിച്ചുകൊണ്ടു് അയാൾ പ്രസ്താപിച്ചിരുന്നു. ഒരു വേദവിപരീതം ഉളവാകാതെ ഇരിക്കുവാൻ വേണ്ടിയെങ്കിലും ഫോഷ്യസിൻെറ ഈ സ്ഥാനാരോഹണം അംഗീകരിക്കണമെന്നു ചക്രവത്തിയും മാപ്പാപ്പായോടപേക്ഷിച്ചു. സാരസെൻസിൻെറ ആക്രമണത്തിൽ അകപ്പെട്ടു വലയുന്ന ജനാവലിയുടെ ദയനീയനിലയാൽ പരിതാപപരിഭൂതനായിരുന്ന മാപ്പാപ്പാ ആ വിഷമങ്ങളേയും വേദവൈപരീത്യത്തിൻെറ നാശഫലങ്ങളേയും ഓത്തു ഫോഷ്യസു ഇതുവരെയുള്ള സകല സാവ്വത്രികസൂനഹദോസുകളുടെ തീരുമാനത്തെ സ്വീകരിക്കുകയും മാപ്പാപ്പായുടെ എല്ലാ ആജ്ഞകളേയും അനുസരിക്കുകയും അധമ്മപരമായ തൻെറ സ്ഥാനാരോഹണങ്ങളേയും മററു തെററുകളേയും ഒരു സൂനഹദോസു മുമ്പാകെ ഏററുപറയുകയും ചെയ്യുന്നു എങ്കിൽ അയാളെ സകല ശിക്ഷകളിൽനിന്നും മോചിപ്പിച്ചേക്കുമെന്നു ചക്രവത്തിയെ അറിയിച്ചു. ചക്രവത്തി അതനുസരിച്ചു് ഒരു സൂനഹദോസു വിളിച്ചുകൂട്ടി. മാപ്പാപ്പായുടെ മൂന്നു പ്രതിനിധികളും ഇതിൽ സന്നിഹിതരായിരുന്നു. എങ്കിലും ഫോഷ്യസുതന്നെ അദ്ധ്യക്ഷപദം സ്വയം വരിക്കയും, തൻെറ അപരാധങ്ങളെ ഏററുപറയുന്നതിനു പകരം മാപ്പാപ്പാ അയച്ചിരുന്ന തിരുവെഴുത്തും പ്രതിനിധികൾക്കു നൽകിയിരുന്ന നിർദ്ദേശങ്ങളും അയാളുടെ ഇഷ്ടാനുസരണം ഭേദപ്പെടുത്തി അവിടെ വായിക്കയും ചെയ്തു.

ഇങ്ങനെ ഫോഷ്യസ്സ്, തന്റെ സമസ്ത തെററുകളും ഏററുപറയണമെന്നുള്ള മാർപ്പാപ്പായുടെ ആജ്ഞ മറയ്ക്കപ്പെടുകയും, തൽസ്ഥാനത്തു് ഫോഷ്യസിനെപ്പററിയുള്ള ഒരു പ്രശംസയും, മുൻ സൂനഹദോസുകളുടെ തീരുമാനങ്ങളും മാർപ്പാപ്പാമാരുടെ വിധികളും റദ്ദുചെയ്തിരിക്കുന്നതായി ഒരു വാചകവും, കൂട്ടിച്ചേർക്കപ്പെടുകയും ഉണ്ടായി.

ഈ വഞ്ചനയെ മാർപ്പാപ്പായുടെ പ്രതിനിധികളും അനുകൂലിച്ചു. അവരുടെ റിപ്പോർട്ടിനേയും, ചക്രവർത്തിയുടേതായി അവർ കൊണ്ടുചെന്ന ഒരെഴുത്തിനേയും ആസ്പദമാക്കി പരിശുദ്ധപിതാവു് ഫോഷ്യസിന്റെ സ്ഥാനാരോഹണത്തെ തല്ക്കാലത്തേക്കു് അംഗീകരിച്ചു. എന്നാൽ ഫോഷ്യസ്സ് അതേസമയംതന്നെ വേറൊരാൾക്കയച്ച എഴുത്തിൽ മാർപ്പാപ്പാ ആവശ്യപ്പെട്ടിരുന്നതുപോലെയുള്ള യാതൊരു വ്യവസ്ഥയും താൻ ചെയ്തിട്ടില്ലെന്നു് അഹംഭാവസമന്വിതം പ്രസ്താവിച്ചതായി കണ്ടതിനാൽ തന്റെ നിർദ്ദേശങ്ങൾക്കു വിപരീതമായി നടത്തിയ ആ സൂനഹദോസിലെ സകല തീരുമാനങ്ങളുടേയും അംഗീകരണത്തെ അദ്ദേഹം പിൻവലിക്കുകയും, സംഗതിയുടെ വാസ്തവസ്ഥിതി അറിയുന്നതിനു് മാരിനസ്സ് എന്ന ഒരു ശെമ്മാശനെ കോൺസ്റ്റാന്റിനോപ്പിളിലേക്കു് അയയ്ക്കുകയും ചെയ്തു. മാരിനസ്സ് പ്രസ്തുത കൌൺസിലിലെ സകല നടപടികളേയും കൂലങ്കഷമായി പരിശോധിച്ചശേഷം, പാപ്പൽ പ്രതിനിധി തന്റെ അധികാരം പ്രയോഗിച്ചു് അധാർമ്മികമായി നടത്തിയ ആ കൌൺസിലിനെ ശപിക്കുകയും, ഫോഷ്യസിന്റെമേൽ ആരോപിച്ചിരുന്ന അപരാധങ്ങളെ സ്ഥിരീകരിക്കുകയും ചെയ്തു. മാരിനസിന്റെ ധർമ്മധീരമായ ഈ പ്രവൃത്തിയെ ധിക്കാരമായി പരിഗണിച്ച ചക്രവർത്തിയാകട്ടെ അദ്ദേഹത്തെ കാരാഗൃഹത്തിൽ അടക്കുന്നതിനു് ഉത്തരവിട്ടു. എങ്കിലും, അന്നത്തെ മാർപ്പാപ്പാ ആയിരുന്ന ജോൺ എട്ടാമൻ മാരിനസിന്റെ തീരുമാനങ്ങളെ സഹർഷം അംഗീകരിച്ചു. ജോൺ എട്ടാമന്റെ പിൻഗാമിയായി പാപ്പാ സിംഹാസനത്തെ അലങ്കരിച്ചപ്പോഴും, മാരിനസു ഫോഷ്യൻ കൌൺസിലിനേയും, ഫോഷ്യസിനേയും ആവർത്തിച്ചു ശപിക്കയുണ്ടായിട്ടുണ്ടു്. അദ്ദേഹത്തിന്റെ പിൻഗാമികളായ ആഡ്റിയൻ തൃതീയനും, ആറാമത്തെ സ്റ്റീഫൻമാർപ്പാപ്പായും, ഫൊർമോസ്സസ്സ്മാർപ്പാപ്പായും ഈ ശാപത്തെ സ്ഥിരീകരിക്കയും ചെയ്തു. ബേസിൽചക്രവർത്തിയുടെ മരണത്താൽ പാത്രിയർക്കീസുസിംഹാസനത്തെ ഉപേക്ഷിക്കുവാൻ ഫോഷ്യസ്സ് നിർബന്ധിതനായെങ്കിലും അയാൾ ആരംഭിച്ച ശിശ്മയുടെ വിഷബീജങ്ങൾ തീർത്തും നിർമ്മൂലങ്ങളായില്ല.

രണ്ടു ശതാബ്ദങ്ങൾക്കു ശേഷം 1053_ൽ ഇതിലും ഭയങ്കരമായ വേറൊരു ശിശ്മ ആരംഭിച്ചു. മീഖായേൽസെറുലേരിയസ് എന്ന ഒരു കോൺസ്റ്റാൻറിനോപ്പിൾ പാത്രിയക്കീസായിരുന്നു ഇതിൻെറ അവതാരകൻ. റോമായുടെ ശ്രേഷ്ഠമായ നില കോൺസ്റ്റാൻറിനോപ്പിൾ പാത്രിയക്കീസന്മാരിൽ പലരേയും അസൂയ, കലുഷിതരാക്കിയിരുന്നു. പത്രോസിൻെറ സിംഹാസനസ്ഥാനം, ഐക്യത്തിൻെറകേന്ദ്രം, അധികാരത്തിൻെറ ഉറവ, സഭയുടെഅസ്ഥിവാരം, എന്നെല്ലാമുള്ള റോമ്മാ മഹനീയനില അവക്കു് സഹനീയങ്ങളായിരുന്നില്ല തന്നെ. പോരെങ്കിൽ അന്നു റോമ്മാസാമ്രാജ്യം അതിൻെറ അധഃപതന ഘട്ടത്തിലുമായിരുന്നു. കോൺസ്റ്റൻറിനോപ്പിളൊ, ഒരു രാജധാനിയും. അതിനാൽ പത്രോസിൻെറ സിംഹാസനാസ്ഥാനം രാജധാനിയായ കോൺസ്റ്റാൻറിനോപ്പിളിൽ തന്നെ ആയിരിക്കണമെന്നു് സെലേരിയസ് തീർച്ചയാക്കി. അനന്തരം അവിവേകിയും ധൃതഗതിക്കാരനുമായ സെലേരിയസ് റോമായുമായുള്ള ബന്ധത്തെ ഉപേക്ഷിക്കുകയും ഈ നവീന ശിശ്മയ്ക്കു് ജീവനും ആകർഷണീയതയും നൽകുന്നതിനു് റോമ്മായും കോൺസ്റ്റൻറിനോപ്പിളുമായുള്ള എല്ലാ കലാപകാരണങ്ങളേയും ഫോഷ്യസ് പ്രചരിപ്പിച്ചിരുന്ന സകല അവാസ്തവ പ്രസ്താവനകളേയും ജനാവലിയെ ഉൽബോധിപ്പിക്കുകയും പരിശുദ്ധ സിംഹാസനവുമായുള്ള ഐക്യത്തെ നിരോധിച്ചുകൊണ്ടു് ലത്തീൻ കത്തോലിക്കരുടെ ദേവാലയപ്രവേശനത്തെ തടയുകയും ചെയ്തു. പാശ്ചാത്യസഭയിൽ ജ്ഞാനസ്നാനം സ്വീകരിച്ചവരെ വീണ്ടും ജ്ഞാനസ്നാനം ചെയ്യിക്കുന്നതിനു പോലും ഈ മതഭ്രാന്തൻ മുതിരുകയുണ്ടായി. എന്നാൽ പാപ്പാസിംഹാസനം ഈയാളുടെ ഈ ദുഷിച്ച ശ്രമങ്ങളെക്കണ്ടു് മൗനമായിരുന്നില്ല. അന്നത്തെ മാർപ്പാപ്പാ ആയിരുന്ന ലീയോ ഒൻപതാമൻ സെലേരിയസിൻെറ സകല പ്രസ്താനവകളേയും അപാദചൂഢം ഖണ്ഡിച്ചു് ആചാരത്തിൽ മാത്രമുള്ള വ്യത്യാസം യഥാർത്ഥമായ ഐക്യത്തിനു് ബാധകമല്ലെന്നു പ്രസ്താവിച്ചു. മാത്രമല്ല, പാശ്ചാത്യപൗരസ്ത്യ സഭകൾ തമ്മിൽ ഐക്യം ഉളവാക്കുന്നതിനു് പാത്രിയക്കീസുമായി ആലോചിക്കുവാൻ മൂന്നുപ്രതിനിധികളെ മാർപ്പാപ്പാ കോൺസ്റ്റാൻറിനോപ്പിളിലേക്കു അയയ്ക്കുകയും ചെയ്തു. ചക്രവർത്തി ഇവരെ ഹാർദ്ദവമായി സ്വീകരിച്ചു. എങ്കിലും പാത്രിയക്കീസ് ഇവരെ തൻെറ അരമനയിൽ പ്രവേശിപ്പിക്കുകയോ ആവക്കു് സന്ദർശനം അനുവദിക്കുകയോ ഉണ്ടായില്ല. ഈയാളുടെ നിർബന്ധബുദ്ധിയിൽ വ്യസനാക്രാന്തരായ ആ പ്രതിനിധി

കളാകട്ടെ സെലേരിയസിനു് മഹറോൻ ചൊല്ലുകയും ആ മഹറോൻ വിധിയുടെ ഒരു പ്രതി അവിടത്തെ പ്രധാന ദേവാലയത്തിലെ പ്രധാന ആറാത്താരയിൽ നിക്ഷേപിക്കുകയും ചെയ്തശേഷം തങ്ങളുടെ പാദത്തിലെ പൊടിയും തട്ടിക്കളഞ്ഞു് "ദൈവം തന്നെ ഈ വിവാദവിഷയത്തിനു് ഒരു തീരുമാനം ഉണ്ടാക്കട്ടെ." എന്നു പ്രസ്താവിച്ചു അവിടെനിന്നും പിരിഞ്ഞു. സെലേരിയസിൻെറ അനധികൃതമായ തോന്നിയാസങ്ങളെ മനസ്സിലാക്കിയ ചക്രവത്തി അയാളെ കഠിനമായി ശാസിക്കുകയുണ്ടായി. എങ്കിലും തൻെറ ഹിതാനുസരണം പ്രവത്തിക്കുന്നതിനുള്ള ശക്തി ചക്രവത്തിക്കുണ്ടായിരുന്നില്ല. ഉന്മത്താന്ധനായ സെലേരിയസു് ഉടൻ തന്നെ മാപ്പാപ്പായേയും ലത്തീൻ സഭയേയും ഒന്നാകെ തിരിച്ചു് മഹറോൻ ചൊല്ലി. അനന്തരകാലങ്ങളിലെ പലേ പുനരൈക്യശ്രമങ്ങളേയും വിഫലീഭവിപ്പിച്ചു് ഇന്നും നിലനിൽക്കുന്ന ഗ്രീക്കു്ശീശ്മയുടെ ആരംഭം ഇതത്രെ.

## ൩. പാശ്ചാത്യസഭയുടെ പുനക്രമീകരണം.

ദൃഷ്യപൂണ്ണവും നിയന്ത്രണരഹിതവുമായ പത്താം ശതാബ്ദം പോലെ സഭയുടെ ജീവൻ, ശക്തിയേയും, സ്വയോദ്ധാരണ പ്രാഭാവത്തേയും പ്രസ്പഷ്ടീകരിച്ചിട്ടുള്ള അവസരങ്ങൾ വേറെ ഇല്ലതന്നെ. * നമ്മുടെ രാജ്യത്തിലേക്കു തന്നെ നമുക്കു നമ്മുടെ ശ്രദ്ധയെ തിരിക്കാം. ഡയിൻകാരുടെ ആക്രമണങ്ങൾ ഐർലണ്ടിലേയും ഇംഗ്ലണ്ടിലേയും സകല ആശ്രമങ്ങളേയും സ്ക്കൂളുകളേയും നശിപ്പിച്ചു കളഞ്ഞിരുന്നു. അതെ, ഒരു ബീഡിനേയും, ആൽക്കയിനേയും അതുപോലെയുള്ള മററനേകം പണ്ഡിതകേസരികളേയും മിഷ്യനറിപ്രവീരരേയും സംജാതമാക്കിയ ആ സ്ഥാപനങ്ങൾ ഒന്നും തന്നെ അവശേഷിച്ചില്ല. മഹാനായ ആൽഫ്റഡിൻെറ നിഷ്ക്കാമ ശ്രമങ്ങൾ അദ്ധ്യാത്മികമായും ലൌകികമായുമുള്ള ജ്ഞാനത്തെ തൻെറ പ്രജാവലിയിൽ കൈവളത്തുവാൻ പയ്യാപ്തങ്ങളായിരുന്നു. ബീഡിൻെറ തിരുസഭാ ചരിത്രവും (Ecclesiastical history). 'ഇടവക

* മൂലഗ്രന്ഥകാരൻെറ സ്വദേശമായ ഇംഗ്ലണ്ടിനെയാണു് ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്.

ഭരണത്തെ (Pastoral care) ക്കുറിച്ചുള്ള മഹാനായ വിശുദ്ധ ഗ്രീഗരിയുടെ പ്രബന്ധങ്ങളും ഈ രാജതിലകം തന്നെ വിവർത്തനം ചെയ്തു. എന്നാൽ ഈ സുവർണ്ണകാലം അധികനാളത്തേക്കു നീണ്ടുനിന്നില്ല. വീണ്ടും അജ്ഞാനം രാജ്യമെങ്ങും നടമാടി. അനന്തരം വിജ്ഞാനദീപത്തെ നമ്മുടെ ദ്വീപിൽ ഉയർത്തി സ്ഥാപിക്കുവാൻ ഭാഗ്യമുണ്ടായതു് കാൻറർബറി മെത്രാപ്പോലീത്തായായ ഓഡോ എന്ന ദേഹത്തിനായിരുന്നു. അദ്ദേഹം പുരോഹിതന്മാർക്കും പ്രഭുക്കൾക്കും, ജനാവലിക്കും പ്രത്യേകം പ്രത്യേകം നിയമാവലികൾ നിർമ്മിക്കുകയും അതിനു വിധേയരാകുവാൻ സകലരേയും നിർബന്ധിക്കുകയും ചെയ്തു. ഒഡോയുടെ ഈ പരിഷ്കാര ശ്രമങ്ങളെ ചക്രവർത്തിയും വേണ്ട വിധം സഹായിച്ചു. എങ്കിലും പരിഷ്കർത്താക്കൾക്കു പൊതുവേയുണ്ടാകാറുള്ള ശത്രുക്കൾ, ദുർമ്മാർഗ്ഗപ്രസ്ഥാനങ്ങളുടെ പ്രോത്സാഹകർ,— ഇദ്ദേഹത്തിനുമുണ്ടായിരുന്നു. ഓഡോ ഊർജ്ജിതപൂർവ്വം ആരംഭിച്ച ഈ മഹനീയ വേല അദ്ദേഹത്തിൻെറ പിൻഗാമിയായ ഡൺസ്റ്റാൻ സോത്സാഹം തുടർന്നു. മഹാനും വിശുദ്ധനുമായ ഇദ്ദേഹത്തിൻെറ സ്വഭാവത്തെപ്പറ്റി അദ്ദേഹത്തിൻെറ ശത്രുക്കൾ പരത്തിയിരുന്ന അപവാദങ്ങൾ അവാസ്തവപ്രസ്താവനകളെന്നു് ഇപ്പോൾ ചരിത്രം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഇദ്ദേഹം ശ്രേഷ്ഠകുലജാതനും, അസാമാന്യമായ കാര്യപ്രാപ്തിയാലും മറ്റനേകം മഹൽഗുണങ്ങളാലും അനുഗ്രഹീതനും ഒരു വലിയ പണ്ഡിതനുമായിരുന്നു. ജനാവലിയുടെ സങ്കടങ്ങളെ പരിഹരിക്കുന്നതിനും, അവരുടെയിടയിലെ ദൂഷ്യങ്ങളെ ദൂരീകരിക്കുന്നതിനും വൈദികരേയും അൽമേനികളേയും നിയമാനുസൃതമായ ശ്രേഷ്ഠജീവിതത്തിലേക്കാനയിക്കുന്നതിനും വേണ്ടി ഡൺസ്റ്റൻ അത്യധികം പരിശ്രമിച്ചിരുന്നു. ഇതിലേക്കായി ഇദ്ദേഹം ഇംഗ്ലണ്ടു മുഴുവൻ ചുറ്റി സഞ്ചരിക്കതന്നെ ചെയ്തിട്ടുണ്ടു്. ഏതാദൃശശ്രമങ്ങളിലുള്ള അദ്ദേഹത്തിൻെറ തീഷ്ണതയും, അദ്ദേഹത്തിൻെറ പ്രസംഗങ്ങളുടെ അന്യാദൃശ്യമായ ആകർഷണീയതയും അവകളുടെ യഥാർത്ഥമായ "അരുചിയും" നാട്ടിൽ അനന്യസാധാരണമായ ഫലത്തെ തന്നെ ഉളവാക്കി. പലരുടേയും ശത്രുതകളെ അവഗണിച്ചും, തൻെറമേൽ ചൊരിഞ്ഞ അപവാദസഹസ്രങ്ങളെ അഗണ്യമാക്കിയും, അദ്ദേഹം ചെയ്ത അനിസ്തന്ദ്രദ്ധ്യാനങ്ങൾ, ആംഗലവൈദികരെ വിശേഷിച്ചും അവരുടെ അധഃപതനനിലയിൽ നിന്നും ജ്ഞാനശൂന്യതയിൽ നിന്നും ഉന്നമിപ്പിച്ചു. അദ്ദേഹത്തിൻെറ സ്ഥിരതയേയും ധൈര്യത്തേയും വെളിവാക്കുന്ന ഒരു സംഭവം ഇവിടെ ഉദ്ധരിക്കാം. അതിധനവാനായ ഒരു പ്രഭു അയാളുടെ

ഏററം അടുത്ത ഒരു ബന്ധുവുമായി അസന്മാൎഗ്ഗിക ജീവിതം നയിച്ചുവന്നു. ഈ വിവരം അറിഞ്ഞു് വിശുദ്ധൻ പല പ്രാവശ്യവും ആ പ്രഭുവിനു് ചെന്നു കാണുകയും, പാപകരമായ ഈ ബന്ധത്തെ ഉപേക്ഷിക്കുവാൻ അയാളോടു നിർബന്ധിക്കയും ചെയ്തു. എന്നാൽ പ്രഭുവാകട്ടെ അതിനെയെല്ലാം അഗണ്യമാക്കി വീണ്ടും ദുൎമ്മാൎഗ്ഗത്തിൽ തന്നെ സ്ഥിരമായിരുന്നു. അതിനാൽ അയാളുടെ ആ ദുൎമ്മാൎഗ്ഗജീവിതം ഉപേക്ഷിക്കുന്നതുവരെ ദേവാലയത്തിൽ പ്രവേശിക്കരുതെന്നു് വിശുദ്ധൻ നിഷ്കർഷയായി നിരോധിച്ചു. ഇതിൽ ക്രുദ്ധനായ പ്രഭുവാകട്ടെ രാജാവിന്റെ അടുക്കൽ അപ്പീൽ കൊടുത്തു. രാജാവും പ്രഭുവിന്റെ പാൎശ്വവൎത്തിയായിരുന്നു. അതിനാൽ വി. ഡൺസ്ററാന്റെ നിരോധനാജ്ഞയെ പിൻവലിക്കുവാൻ അയാൾ വിശുദ്ധനോടാവശ്യപ്പെട്ടു. രാജാവിന്റെ ഈ പ്രവൃത്തി ഡൺസ്ററാനെ അത്യധികം ആശ്ചൎയ്യഭരിതനാക്കി. എങ്കിലും തന്റെ നയത്തിൽ നിന്നും അണുമാത്രവും വ്യതിചലിക്കുവാൻ അദ്ദേഹം സന്നദ്ധനായില്ല. "നിങ്ങൾ നിങ്ങളുടെ പാപങ്ങളെക്കുറിച്ചു് യഥാൎത്ഥമായി മനസ്താപപ്പെട്ടു് ഈ അസന്മാൎഗ്ഗിക ബന്ധത്തെ ഉപേക്ഷിക്കുമ്പോൾ ഞാൻ രാജാവിനെ അനുസരിച്ചു കൊള്ളാം". നിങ്ങൾ പാപത്തിൽ നിലനില്ക്കുന്നിടത്തോളം കാലം ദൈവത്തിന്റെ നിയമത്തെ ലംഘിക്കുന്നതിനും സഭയുടെ ശാസനത്തെ വിഫലീഭവിപ്പിക്കുന്നതിനും യാതൊരു മനുഷ്യജീവിയാലും ഞാൻ പ്രേരിതനാകുന്നതല്ല". ഇതായിരുന്നു ആ പ്രഭുവിനോടുള്ള വിശുദ്ധന്റെ ധീരമായ പ്രത്യുത്തരം. വി. ഡൺസററാന്റെ അന്യാദൃശ്യമായ ഈ ധൎമ്മധീരത ആ പ്രഭുവിന്റെ ഹൃദയത്തേയും ഇളക്കി. അന്നുമുതൽ അയാൾ തന്റെ അധാൎമ്മിക ബന്ധത്തെ പരിത്യജിച്ചു. മാത്രമല്ല, വന്ദ്യനായ ആ മെത്രാപ്പോലീത്തായുടെ പാദത്തിൽ വീണു് പൊറുതി അപേക്ഷിച്ചു കൊണ്ടു്, തന്റെ ത്യാജ്യജീവിതത്തിനു് പരിഹാരം തേടുകയും ചെയ്തു. ഇതുപോലെയുള്ള വേറൊരു സാഹചൎയ്യത്തിൽ, രാജാവിനോടുള്ള വി. ഡൺസ്ററാന്റെ പെരുമാററവും ഇങ്ങനെ തന്നെയായിരുന്നു. രാജാവു് മനസ്താപപ്പെട്ടു പരിഹാരം ചെയ്യുന്നതുവരെ, അദ്ദേഹം രാജാവിനെ അലട്ടിക്കൊണ്ടുതന്നെയിരുന്നു. വി. ഡൺസ്ററാന്റെ പരിഷ്കാരോന്മുഖ ശ്രമങ്ങളിൽ പല മെത്രാന്മാരും ഇദ്ദേഹത്തെ സഹായിക്കുകയുണ്ടായി ഇതിൽ പ്രധാനി വർസസ്ററിലെ ഈതൽവുഡ് ആയിരുന്നു.

ഇതേസമയം തന്നെ ശ്രേഷ്ഠരും ഭക്തരുമായ പലമെത്രാന്മാരും മഹാനായ ഓതോയുടെ നേതൃത്വത്തിൽ, ജൎമ്മനിയിലെ ദൂഷ്യങ്ങളെ പ

രിഹരിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. ഊർജ്ജ്വസ്വലരായ ഈ ഭക്തസമൂഹത്തിൽ പ്രമുഖൻ ചക്രവത്തിയുടെ സഹോദരനായ വി. ബ്രൂണോയായിരുന്നു. ഉന്നതമായ തന്റെ നിലയ്ക്കു് അനുസൃതമായ വിദ്യാഭ്യാസം സിദ്ധിച്ചിരുന്ന ഇദ്ദേഹം പാണ്ഡിത്യത്തിനെന്നപോലെ ഭക്തിക്കും പ്രസിദ്ധനായിരുന്നു. ദിവ്യപൂജയുടെ സമയത്തെ അതിനിസ്സാരമായ അനാദരവുകൾപോലും അദ്ദേഹത്തെ അത്യധികം വ്യാകുലപ്പെടുത്തിവന്നു. ഒരിക്കൽ ദിവ്യപൂജാസമയത്തു സംസാരിച്ചതിനു്, ഹെൻറി രാജകുമാരനേയും, ലൊറെയിനിലെ പ്രഭുവിനേയും അദ്ദേഹം ശാസിക്കുകയുണ്ടായി. അതുപോലെതന്നെ സഭയെ സ്നേഹിച്ചുവന്ന എല്ലാവരേയും അദ്ദേഹവും സ്നേഹിച്ചു. എന്നുതന്നെയല്ലാ, ദൈവത്തിന്റെ മഹത്വവും ആത്മാക്കളുടെ രക്ഷയും ലക്ഷ്യമാക്കി ചെയ്തുവന്ന ഏതൊരു പ്രസ്ഥാനത്തേയും അദ്ദേഹം ഹാർദ്ദവമായി സ്നേഹിക്കുകയും, തന്റെ സവ്വ ശക്തിയുമുപയോഗിച്ചു് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. രാജാരമനതന്നെ സകല ക്രിസ്തീയ ഗുണങ്ങളുടേയും ഒരു വിളനിലമായിരുന്നു. അദ്ദേഹത്തിന്റെ മാതാവായ മാററിൽഡാ അത്യന്തം പരിശുദ്ധയായ ഒരു സ്ത്രീരത്നമായിരുന്നു. അവർ ഒരു കന്യാസ്ത്രീമഠത്തിൽ പ്രവേശിച്ചു് അന്യാദൃശ്യമായ ജീവിതവിശുദ്ധിയാൽ വിഖ്യാതയായിത്തീന്നു.

വി. ബ്രൂണോയുടെ പരിഷ്കാരോന്മുഖശ്രദ്ധ ആദ്യമായി പതിഞ്ഞതു് ആശ്രമങ്ങളുടെ മേലായിരുന്നു. അവയിൽ പലതിലും ബാധിച്ചിരുന്ന ക്രമക്കേടുകളെ അദ്ദേഹം ദൂരീകരിക്കയും വിവേകപൂണ്ണവും, ബുദ്ധിപൂവ്വകവുമായ നിയമങ്ങളാൽ അവയെ ക്രമീകരിക്കയും ചെയ്തു. അങ്ങനെയിരിക്കെ അദ്ദേഹത്തെ കൊളോൺ രൂപതയുടെ മെത്രാനായി ഉയത്തി. ഈ ഉത്ഥാപനം തന്റെ പരിഷ്കാരശ്രമങ്ങളെ ഊർജ്ജ്വസ്വലമായും, ഉച്ശൃംഖലമായും തുടരുന്നതിനുള്ള അവസരവും സൗകര്യവും അദ്ദേഹത്തിനു നൽകി. അതിന്റെ ഫലമായി ജമ്മൻസഭയിൽ സമാധാനവും, സൗഹാർദ്ദവും, പാവനതയും, ക്രമീകരണവും ധാരാളമായി വദ്ധിച്ചു. ഇദ്ദേഹത്തിന്റെ അസാമാന്യമായ ബുദ്ധിപ്രാഭവത്താലും കീത്തിപ്രചുരിമയാലും, ഓതോയുടെ ഇററാലിയൻ പര്യടനകാലത്തു ഇദ്ദേഹം ജമ്മനിയുടെ റിജൻറായി നിയമിതനായി. തിന്മയെ നിരോധിച്ചും, ബലഹീനരെ സംരക്ഷിച്ചും, സാധുക്കളെ സഹായിച്ചും, നന്മ കൈവളത്തിയും ചെയ്ത അദ്ദേഹത്തിന്റെ ആ ഭരണം അത്യന്തം സ്തുത്യർഹമായ ഒന്നുതന്നെയായിരുന്നു.

ഇതിനും പുറമെ അനേകം നൂതനാശ്രമങ്ങളെ സ്ഥാപിക്കുകയും, അധഃപതനാവസ്ഥയിൽക്കിടക്കുന്ന പലേ ആശ്രമങ്ങളേയും പുനരുദ്ധരിക്കയും, ഉപയോഗപ്രദങ്ങളായ മററനേകം സ്ഥാപനങ്ങളെ ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിൻെറ ശ്രദ്ധ കൂടുതലായി പതിഞ്ഞതു് ദൈവവചനം പ്രചരിപ്പിക്കുന്നതിലായിരുന്നു. ഇതിലേക്കു പണ്ഡിതരും, സാത്വികരും അദ്ധ്വാനശീലരുമായ അനേകം മെത്രാന്മാരെ അദ്ദേഹം നിയോഗിച്ചു് ദുഷ്യതാപരിഹരണത്തിനുള്ള അവരുടെ ശ്രമത്തിൽ അവരോടു് സഹകരിച്ചു. ധർമ്മാർഗ്ഗത്തിൽ ആണ്ടു ഒരു ജനതയെ സംരക്ഷിക്കുവാൻ ഏററവും ഫലപ്രദമായ മാർഗ്ഗം വൈദികരുടെ പ്രസംഗങ്ങളും, അവരുടെ മാതൃകാജീവിതവും ആണെന്നു് അദ്ദേഹത്തിനു പരിപൂർണ്ണമായ വിശ്വാസം ഉണ്ടായിരുന്നു.

ഫ്റാൻസിലെ ആദ്ധ്യാത്മികപുനരുദ്ധാരണത്തിൻെറ പ്രധാന നിദാനം അപ്പസ്തോലികാത്മപിയാൽ പ്രചോദിതരും, പണ്ഡിതരും, പരിശുദ്ധരുമായ അനേകം വൈദികവര്യരെ പ്രദാനംചെയ്ത പ്രസിദ്ധമായ ക്ലൂണി ആശ്രമത്തിൻെറ സംസ്ഥാപനമായിരുന്നു. ബർഗണ്ടിയിലെ ഒരു പ്രഭുവായ വാഴ്ത്തപ്പെട്ട ബർണ്ണൻ എന്ന ദേഹമായിരുന്നു ഈ സ്ഥാപനത്തിൻെറ ജനയിതാവു്. ബർണ്ണൻ ആദ്യം മാർട്ടിൻസിആട്ടൺ ആശ്രമത്തിലെ ഒരു സന്യാസിയായിരുന്നു. അനന്തരം അദ്ദേഹം ബോംബാം ആശ്രമാധിപതിയായി നിയമിതനായി. അവിടത്തെ അദ്ദേഹത്തിൻെറ ഭരണകാലത്തു് അദ്ദേഹം ആ ആശ്രമത്തിൽ പല പരിഷ്കാരങ്ങളും കൈവരുത്തി. ഒരിക്കൽ ആ ആശ്രമവാസികളുടെ മഹാമനസ്കതയാൽ ആകൃഷ്ടനായ ഒരുദ്യോഗസ്ഥൻ സ്വപ്രഭുവായ അക്യൂററയിനിലെ വില്യംപ്രഭുവിനോടു്, ഈ ആശ്രമത്തെപ്പററി പ്രശംസിച്ചു പറഞ്ഞപ്പോൾ ഇതുപോലെയൊരു സ്ഥാപനം തൻെറ രാജ്യത്തിലും സ്ഥാപിക്കുവാൻ അദ്ദേഹത്തിനുമാഗ്രഹമുണ്ടായി. അതിനാൽ അദ്ദേഹം പ്രസ്തുതാശ്രമാധിപതിയായ ബർണ്ണനെ ക്ലൂനിയിലേക്കു ക്ഷണിച്ചു. ബർണ്ണൻ സസന്തോഷം ഈ ക്ഷണം സ്വീകരിക്കയും, തൻെറ ആപ്തമിത്രമായ ജർമയിൻഡിമാർട്ടൺ ആശ്രമത്തിലെ ഒരു സന്യാസിയായ ഹ്യൂയോടൊന്നിച്ചു് ക്ലൂനിയിലേക്കു പോവുകയും ചെയ്തു. തൻെറ പ്രധാന വേട്ടസ്ഥലമായ ക്ലൂനിയൊഴിച്ചു വേറെ ഏതൊരു സ്ഥലവും ആശ്രമസ്ഥാപനത്തിനായി ദാനംചെയ്യാൻ പ്രഭുവിനു സമ്മതമായിരുന്നു. എന്നാൽ ക്ലൂനിപോലെ പ്രസ്തുത സ്ഥാപനത്തിനു യോജിച്ച സ്ഥലം വേറെയില്ലെന്നായിരുന്നു അവരുടെ അഭിപ്രായം. ക്ലൂനി ഉപേക്ഷിക്കുന്നതിൽ പ്രഭുവിനു് അനല്പമായ വൈമന

ന്യവും കുണ്ഠിതവുമുണ്ടായിരുന്നുവെങ്കിലും യഥാൎത്ഥമായ ത്യാഗബുദ്ധി യോടെ അദ്ദേഹം ആ സന്യാസികളുടെ ഹിതാനുസരണം ക്ലൂനി തന്നെ വിട്ടുകൊടുത്തു. ഉടൻതന്നെ അതിനുള്ള പ്രമാണങ്ങളും നിൎമ്മിച്ചു. പ്രസ്തുതപ്രമാണങ്ങൾ പ്രസിദ്ധമായ പ്രഞ്ചുവിപ്ലവകാലം വരെ സൂക്ഷിക്കപ്പെട്ടുപോന്നു. അതിന്റെ ഒരു രീതി അറിയുന്നതിനും ആ നൂററാണ്ടിലെ മനുഷ്യരുടെ മനസ്ഥിതിയെ ഏറക്കുറെ ഗ്രഹി ക്കുന്നതിനുംവേണ്ടി അവയിൽ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. ദൈവം എനിക്കു നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെ, പരിശുദ്ധമായ കാൎയ്യങ്ങൾക്കായി വിനിയോഗിക്കണമെന്നുള്ള ആഗ്രഹത്താൽ പ്രേരിതനാവുക നിമിത്തം മിശിഹായുടെ ദാരിദ്ര്യത്തെ സ്വയം വരിച്ചിരിക്കുന്നവരുമായി സഖ്യതയിൽ വൎത്തിക്കുന്നതും, എന്റെ വേലയെ ശാശ്വതീകരിക്കുന്നതിനു് ഒരു സന്യാസ സമൂഹത്തെ സ്ഥാപിക്കുന്നതും എന്റെ കടമയായി ഞാൻ വിചാരിക്കുന്നു. അതിനാൽ ദൈവത്തോടും നമ്മുടെ രക്ഷകനായ മിശിഹായോടുമുള്ള അപാരസ്നേഹത്താൽ, പത്രോസു പൗലോസു ശ്ലീഹന്മാരുടെ നാമത്തിൽ ഒരു സന്യാസാശ്രമം സ്ഥാപിക്കുന്നതിനു് എന്റെ വക ക്ലൂനിയെന്ന സ്ഥലം ഞാൻ നൽകുന്നു. പരിപൂൎണ്ണമായ പരിശുദ്ധത സമ്പാദിക്കുന്നതിനായി ലൗകികമായ സകലത്തേയും സംത്യജിച്ചു വരുന്ന സകലൎക്കും ഈ ആശ്രമം അഭംഗുരമായ ഒരു സങ്കേതസ്ഥാനമായിരിക്കയും ചെയ്യട്ടെ.

ഭക്തനായ അദ്ദേഹത്തിന്റെ ഈ ഉദ്ദേശങ്ങൾ തീൎത്തും സഫലങ്ങളായി. ശിക്ഷണത്തിന്റെ അഭംഗുരമായ പാലനം, സന്യാസികളുടെ അസാമാന്യ ഗുണങ്ങൾ, അവിടെയും പരിസരങ്ങളിലും അവർ ചെയ്തിട്ടുള്ള പരസ്നേഹ പ്രവൃത്തികൾ ആദിയായവയാൽ ആ സന്യാസസംഘം അത്യന്തം പ്രശസ്തവും അതീവ സമാദരണീയവുമായി പരിലസിച്ചു. സന്യാസജീവിതത്തിന്റെ യഥാൎത്ഥരൂപിയെ ഫ്രാൻസിൽ പ്രചരിപ്പിച്ച ഏകസ്ഥാപനവും ഈ ആശ്രമമത്രേ. ആദ്യം ഈ ആശ്രമത്തിൽ 12 സന്യാസികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇവരുടെ കീൎത്തി ഫ്രാൻസിലെങ്ങും പരക്കുകയാൽ പല ആശ്രമക്കാരും ഈ മാതൃകാശ്രമത്തിന്റെ ഭരണത്തിൻകീഴിൽ സ്വയം ഏല്പിച്ചുകൊടുത്തു. വിഖ്യാതരായ അനേകം മാൎപ്പാപ്പാമാരും, മഹനീയമാതൃകയാൽ യഥാൎത്ഥക്രിസ്തീയ ചൈതന്യത്തെ ഫ്രാൻസിൽ പ്രചരിപ്പിച്ച അനേകം മെത്രാന്മാരും ഈ സന്യാസസംഘാംഗങ്ങളായിരുന്നുവെന്നുള്ളതു പ്രത്യേകം സ്മൎത്തവ്യമാണു്.

ബർണ്ണന്റെ പിൻഗാമിയായ വി. ഓഡോ വിശിഷ്ടമായ ആ സമൂഹത്തിന്റെ നിയമാവലിയെ പരിപൂർത്തിയാക്കി. ഓഡോ, മെയിൻ എന്ന സ്ഥലത്തെ ഒരു പ്രഭുവായിരുന്നു. അക്കാലത്തെ പ്രതികൂലസാഹചര്യങ്ങളേയും അതിലംഘിച്ച് വിജ്ഞാനത്തേയും ഭക്തിയേയും പരിപാലിച്ചുവന്ന, ശ്രേഷ്ഠരായ അദ്ധ്യാപകപരമ്പരയാൽ സമ്പന്നമായ പാരീസ് സർവ്വകലാശാലയിലായിരുന്നു ഇദ്ദേഹം തന്റെ വിദ്യാഭ്യാസം നടത്തിയത്. സ്വജീവിതത്തെ സ്രഷ്ടാവായ ദൈവത്തിനു സമർപ്പിച്ച് ജീവിതസാഫല്യം അടയുവാൻ ആഗ്രഹിച്ച ഓഡോ, ഏതൽക്കാര്യസാദ്ധ്യത്തിനായി റോമായിലേക്കു പോയി. തന്റെ ഉദ്ദേശ്യസാഫല്യത്തിനു സഹായകമായ ആശ്രമത്തിൽ പ്രവേശിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. യാത്രാമദ്ധ്യേ അദ്ദേഹം ബർഗണ്ടിയിലുള്ള ലാബോം ആശ്രമത്തെ സന്ദർശിക്കുകയും, അവിടത്തെ ശ്രേഷ്ഠമായ ജീവിതരീതിയാൽ ആകൃഷ്ടനായി ആ ആശ്രമത്തിൽതന്നെ ചേരുകയുമാണുണ്ടായത്. അനന്യസാധാരണമായ പ്രതിഭയും, അന്യാദൃശ്യമായ സ്വഭാവമാഹാത്മ്യവും അദ്ദേഹത്തിന്റെ പ്രത്യേക ഗുണങ്ങളായിരുന്നു. അതിനാൽ അദ്ദേഹം അവിടെ വിദ്യാസമ്പാദനത്തിനായി വരുന്ന ബാലന്മാരുടെ അദ്ധ്യാപകനായി നിയമിതനായി. ഈ ഉദ്യോഗം പ്രശസ്തമായി വഹിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇദ്ദേഹം ക്ലൂനി ആശ്രമാധിപതിയായി നിയമിതനായത്. ഉന്നതമായ ഈ ഉദ്യോഗം സ്വീകരിക്കുവാൻ പുണ്യവാനായ അദ്ദേഹത്തിന്റെ വിനയം അദ്ദേഹത്തെ അനുവദിച്ചില്ല. അതിനാൽ അതിൽനിന്നും ഒഴിയുവാൻ അദ്ദേഹം കഴിയുന്നത്ര ശ്രമിച്ചു. പക്ഷെ, അവിടത്തെ മെത്രാനാകട്ടെ ഇവയെ ഒന്നും ഗണ്യമാക്കാതെ അദ്ദേഹത്തെ നിർബന്ധിക്കയാൽ വൈമനസ്യത്തോടെയെങ്കിലും ഒടുവിൽ അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചു. വി. ഓഡോയുടെ ഭരണകാലത്തു ക്രമപാലനത്തിനും, വിശുദ്ധിക്കും വിജ്ഞാനത്തിനും പരസ്നേഹത്തിനും ആ ആശ്രമത്തിനുണ്ടായിരുന്ന പ്രശസ്തി അസാമാന്യമായി വർദ്ധിച്ചു. അദ്ദേഹത്തിന്റെ ഉപദേശത്താൽ ആദ്ധ്യാത്മികജീവിതത്തിൽ പ്രവേശിക്കുകയും അ... അനന്യസാധാരണമായ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്ത ആളുകൾ ദുർല്ലഭമല്ല. ഉന്നതസ്ഥാനീയരായ പല അൽമേനികളും ധ്യാനത്തിനായി ഈ ആശ്രമത്തെ അവലംബിച്ചുവന്നു. പലേ മെത്രാന്മാരും അവരുടെ മെത്രാൻപദംതന്നെ രാജിവച്ച് ആ ആശ്രമത്തിൽ ചേർന്നിട്ടുണ്ട്. അതുപോലെതന്നെ ശ്രേഷ്ഠനായ അവിടത്തെ ആശ്രമാധിപന്റെ ഭരണനൈപുണിയുടേയും, ഗുണവിശേഷങ്ങളുടേയും മഹനീയഫലം ലഭിക്കുവാൻ

വേണ്ടി ഫ്രാൻസിലെ പല പ്രഭുക്കന്മാരും തങ്ങളുടെ അധീനതയിലുള്ള ആശ്രമങ്ങളെ ക്ലൂനി ആശ്രമത്തിന്റെ ഭരണത്തിനു വിധേയമാക്കുവാൻ ഇഷ്ടപ്പെട്ടു. കാലാന്തരത്തിൽ തന്റെ ആശ്രമപരിധിയെ അതിലംഘിച്ചും, തന്റെ പരിഷ്കാരശ്രമങ്ങളെ അനുവർത്തിക്കുവാൻ അദ്ദേഹം നിർബന്ധിതനായി. ഫ്രാൻസും ഇററലിയും അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രങ്ങളായി ഭവിച്ചു. പരിശുദ്ധപിതാവുതന്നെയായിരുന്നു ഇദ്ദേഹത്തെ ഇററലിയിലേക്കു ക്ഷണിച്ചതു്. നിസ്തന്ദ്രമായ ഈ ശ്രമങ്ങളുടെ ഫലവും ഒട്ടും കുറവായിരുന്നില്ല. അവ പാശ്ചാത്യസഭയ്ക്കു് ഒരു നവജീവൻതന്നെ നൽകി. ഭാഗ്യവശാൽ അദ്ദേഹത്തിന്റെ പിൻഗാമികളും ഉത്തമരും സമർത്ഥരുമായിരുന്നു. അവരുടെ അന്യാദൃശ്യമായ ജീവിതവിശുദ്ധി സകലർക്കും ഒരുത്തമമാതൃകയായി പ്രശോഭിച്ചു. പരിഷ്കാരോന്മുഖശ്രമങ്ങളിലും അവർ പരാങ്മുഖരായിരുന്നില്ല. ഇതിന്റെയൊക്കെ ഫലമായി ആശ്രമങ്ങൾ അവരുടെ പുരാതനപരിശുദ്ധിയും, പാവനതയും കൈക്കൊണ്ടു. കാലാന്തരത്തിൽ ബൽജിയമിലേയും ലോറെയിനിലേയും ആശ്രമങ്ങളും ഇവകളെ വിജയകരമായി അനുകരിക്കുകയുണ്ടായിട്ടുണ്ടു്.

ലീയോ ഒൻപതാമൻ (1050) മാർപ്പാപ്പാ ആദ്ധ്യാത്മികമണ്ഡലത്തിലെ ക്രമപരിപാലനവിഷയത്തിൽ നിസ്തന്ദ്രമായി പരിശ്രമിച്ചു. Simony തിരുപ്പാത്രങ്ങളുടെ ക്രയവിക്രയം Incontinence സാന്മാർഗ്ഗികവൈകല്യം ഇവ രണ്ടുമായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധയെ സമാകർഷിച്ച രണ്ടു മൗലികദൂഷ്യങ്ങൾ. ഇവയുടെ പരിഹരണത്തിനായി അദ്ദേഹം പല പ്രാവശ്യവും ഫ്രാൻസിലും, ജർമ്മനിയിലും പോവുകയും ആലോചനാസഭ വിളിച്ചുകൂട്ടി ആലോചിക്കുകയും ചാക്രികലേഖനങ്ങൾ അയയ്ക്കുകമുയുണ്ടായിട്ടുണ്ടു്. മാത്രമല്ല, കുററക്കാരെ നിർദ്ദയമായി സ്ഥാനത്യാഗം ചെയ്യിക്കയും അതിനു വിസമ്മതിക്കുന്നവരെ മഹറോൻ ചൊല്ലുകയും ചെയ്തു. ഉത്തമനായ ഈ മാർപ്പാപ്പായുടെ പിൻഗാമികളും ഇതേ ഔർജ്ജിത്യത്തോടെതന്നെ ഈ ദൂഷ്യതാപരിഹരണത്തിനായി ശ്രമിച്ചു. ഇതിന്റെ ഫലമായി വൈദികരുടെ ഇടയിൽ വ്യാപരിച്ചിരുന്ന എല്ലാ ദൂഷ്യങ്ങളും അചിരേണ പരിഹൃതങ്ങളായി. പ്രസ്തുത മാർപ്പാപ്പാമാരുടെ തീഷ്ണമായ ഈ ശ്രമങ്ങളിൽ അവരെ നിർവ്യാജമായി സഹായിച്ച ഒരു വിശുദ്ധ ദേഹമാണു് വി. പീററർ ഡാമിയൻ. പീററിന്റെ മാതാപിതാക്കന്മാർ വളരെ ചെറുപ്പത്തിൽത്തന്നെ മരിച്ചുപോകയാൽ ഒരു ജ്യേഷ്ഠസഹോദരന്റെ സംരക്ഷണയിൽ ആയിരുന്നു അദ്ദേഹം വളർന്നുവന്നതു്. തന്റെ മണവാട്ടിയായ സഭയിൽ, ഭാവിയിൽ പല മ

ഹൽകാര്യങ്ങളും സാധിക്കുവാനുള്ള ബാലൻെറ വിദ്യാഭ്യാസത്തിനും, പുണ്യസമ്പാദനത്തിനും കരുണാകരനായ ദൈവം വേണ്ട സൌകര്യങ്ങൾ നൽകി. വിദ്യാസമ്പാദനത്തോടുകൂടി തപാഭ്യസനവും ബാലൻ നടത്തിവന്നു. പ്രാർത്ഥനയും ഉപവാസവും അദ്ദേഹത്തിനു് ഏററം പ്രിയകരങ്ങളായ രണ്ടു വിഷയങ്ങൾ ആയിരുന്നു. അവസാനമായി അദ്ദേഹം ലോകസുഖങ്ങളേയും സന്തോഷങ്ങളേയും പരിത്യജിച്ചു് ഉംബ്രിയായിലുള്ള ഒരാശ്രമത്തിൽ ചേരുകയും ചെയ്തു. ആ ആശ്രമത്തിൽ ഓരോ സന്യാസിക്കും ഓരോ പ്രത്യേക മുറിയുണ്ടായിരുന്നു. ഓരോരുത്തരും അതിൽ പ്രവേശിച്ചു പ്രാർത്ഥനയിലും പഠനത്തിലും സമയം വിനിയോഗിച്ചു. അവരുടെ ഭക്ഷണരീതിയും തുലോം ലഘുവായിരുന്നു. മിക്കവാറും ദിവസങ്ങളിൽ റൊട്ടി മാത്രവും, ചൊവ്വാ, വ്യാഴം ഈ ദിവസങ്ങളിൽ അതോടുകൂടി അല്പം സസ്യങ്ങളുമായിരുന്നു അവരുടെ ഭക്ഷണവിഭവങ്ങൾ. നിയമപാലനത്തിലും തപോനിഷ്ഠയിലും മററു് പുണ്യസമ്പാദനത്തിലും പീററർ എല്ലാവരേയും അതിലംഘിച്ചു. വിശുദ്ധനായ ഈ മനുഷ്യനിൽനിന്നും സഭയ്ക്കു പല ഗുണങ്ങളുമുണ്ടാകുമെന്നുള്ള പ്രത്യാശയാൽ മാർപ്പാപ്പാമാർ ഇദ്ദേഹത്തെ മുറയ്ക്കുമുറയ്ക്കു് ഓരോ ഉന്നതസ്ഥാനത്തിലേക്കുയർത്തി, കർദ്ദിനാൾ സ്ഥാനംവരെയും നൽകി. ഓസ്റ്റിയാ മെത്രാനായിരുന്ന കാലത്തെ ഇദ്ദേഹത്തിൻെറ ധീരവും, നിസ്തന്ദ്രവുമായ ശ്രമങ്ങൾ ക്രമപരിപാലനവിഷയത്തിൽ ഗണ്യമായ അഭിവൃദ്ധി കൈവരുത്തി. മാർപ്പാപ്പായുടെ പ്രതിനിധിയെന്ന നിലയിൽ ഓരോ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുള്ള അവസരങ്ങളിലും—അങ്ങനെയുള്ള അവസരങ്ങൾ അദ്ദേഹത്തിനു സുലഭങ്ങളായിരുന്നുതാനും—അദ്ദേഹം ആദ്ധ്യാത്മികമണ്ഡലത്തിലെ ദൂഷ്യങ്ങളെ ധീരമായി എതൃത്തിട്ടുണ്ടു്.

വൈദികസംഘപരിഷ്കരണത്തിനുവേണ്ടി അലക്സാണ്ടർ ദ്വിതീയൻ റോമിൻ വിളിച്ചുകൂട്ടിയ കൌൺസിൽ വി. പീററർ ഡാമിയൻെറ പരിശ്രമഫലങ്ങളിൽ ഒന്നായിരുന്നു. നാലാംശതാബ്ദം മുതൽ പൊതുവായ നിയമങ്ങൾ അനുസരിച്ചും, പൊതുസ്വത്തുക്കൾ അനുഭവിച്ചും മെത്രാന്മാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ ജീവിച്ചിരുന്ന ഒരുകൂട്ടം വൈദികരുണ്ടായിരുന്നു. പട്ടണങ്ങളിലായിരുന്നു അവരുടെ വാസമെങ്കിലും ശ്രമാവഹമായ അവരുടെ ജോലികൾ അനുവദിച്ചിടത്തോളം അവർ ലോകകാര്യങ്ങളിൽനിന്നു വിമുക്തരായും കഠിനമായ തപഃക്രിയകൾ അനുഷ്ഠിച്ചു ജീവിച്ചു. വി. അംബ്രോസിസ്സ് ഈ സ്ഥാപനത്തെ സംബന്ധിച്ചു് ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്. "തങ്ങളുടെ സൂക്ഷ്മത്തിനു് എല്ലിക്ക

പ്പെട്ടിരിക്കുന്ന ആളുകളുടെ കാര്യങ്ങളെ അഗണ്യമാക്കാതെയും എന്നാൽ രാവും പകലും ഒരുപോലെ ദൈവസ്തോത്രങ്ങൾ പാടിയും ജീവിതം നയിച്ചുവന്ന പരിശുദ്ധരും ദൈവഭൂതോപരുമായ ഒരുകൂട്ടം യോദ്ധാക്കളായിരുന്നു അവർ. അവരുടെ മനസ്സ് എല്ലായ്പോഴും ജ്ഞാനാഭ്യസനത്തിലോ, അദ്ധ്യാപനത്തിലോ ഏർപ്പെട്ടിരുന്നു. കഷ്ടതകളും തപസ്സും അവർ സ്വയം വരിച്ചു. എന്നാൽ പരസ്പരമാതൃകയാൽ പ്രേരിതരായി അവർ സഹിച്ചുവന്ന കഷ്ടതകൾ നിത്യപരിചയത്താലും, പരിശുദ്ധമായ വേലകളിൽ സദാ ഏർപ്പെട്ടിരുന്നതുകൊണ്ടും അവക്ക് അണുവും വിഷമകരമല്ലായിരുന്നുതാനും. മാത്രമല്ല, നിസ്സാരമായ ഈ ശാരീരികക്ലേശങ്ങൾക്കു പ്രതിഫലമായി അവർക്കു യഥാർത്ഥമായ ഹൃദയസമാധാനവും ആനന്ദവും ലഭിക്കുകയും ചെയ്തു. ഇങ്ങനെ കഷ്ടതകൾ സഹിച്ചെങ്കിലും ആത്മസംതുഷ്ടിയെ സംവരിച്ച ഒരു ജീവിതത്തേക്കാൾ അഭിനന്ദനാർഹമായ ഒരു ജീവിതം വേറെ ഏതാണുള്ളത്? ലൗകികവ്യാമോഹങ്ങളാലോ, ലോകകാര്യചിന്തകളാലോ അവരുടെ മനസ്സ് ഒരിക്കലും വ്യാകുലപ്പെട്ടിരുന്നില്ല. മടിയന്മാരുടെ സന്ദർശനമോ, ലോകകാര്യപര്യാകുലരുടെ സമ്പർക്കമോ അവർക്കൊട്ടുണ്ടായതുമില്ല". വി. ആഗസ്തീനോസിനും ഈ സ്ഥാപനത്തേക്കുറിച്ച് അനല്പമായ ബഹുമാനവും ആദരവുമുണ്ടായിരുന്നു. സാമൂഹ്യജീവിതത്തിന്റെ മാഹാത്മ്യത്തെ വർണ്ണിക്കുന്ന അദ്ദേഹത്തിന്റെ രണ്ടു ഗ്രന്ഥങ്ങളിലും അദ്ദേഹം ഇതേക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ കാലാന്തരത്തിൽ ഈ നിയമനിഷ്കർഷ ക്രമശ്ശ കുറയുകയും ഒടുവിൽ 10-ാംശതാബ്ദത്തിലെ മ്ലേച്ഛവർഗ്ഗാക്രമണത്തിൽ ആ ആശ്രമങ്ങൾ തന്നെ നഷ്ടീഭവിക്കുകയും ചെയ്തു. പിന്നീടു പീററർഡാമിയന്റെ കാലത്താണ് അവ പ്രത്യുദ്ധരിക്കപ്പെട്ടതും, അതിന്റെ പുരാതനപരിശുദ്ധിയും ജീവിതനിഷ്ഠയും കൈവരുത്തിയതും. ഇവരത്രേ 'കാനൺസ് റെഗുലർ' എന്നപേരിൽ ഇന്നറിയപ്പെടുന്ന സന്യാസസമൂഹം.

ഏതാനും വർഷങ്ങൾക്കു ശേഷം 1084-ൽ വേറൊരു സന്യാസസമൂഹം സംസ്ഥാപിതമായി. പരിശുദ്ധിയുടെ പ്രോജ്ജ്വലമായ പ്രഭാവത്താലും, തപോനിഷ്ഠയിലുള്ള തീവ്രതീക്ഷ്ണതയാലും, അതിശ്രേഷ്ഠമായ ഒരു മാതൃകയെ ലോകത്തിനു പ്രദാനം ചെയ്ത പ്രസ്തുത സമൂഹത്തിന്റെ സ്ഥാപകൻ കൊളോൺദേശീയനായ വി. ബ്രൂണോയായിരുന്നു. വിജ്ഞാനത്തിലെന്നപോലെ ദൈവപ്രസാദത്തിലും അദ്ദേഹം ഉത്തരോത്തരം അഭിവൃദ്ധിപ്രാപിച്ചു. അക്കാലത്തെ ഏററവും പണ്ഡിതനായ ദൈവശാസ്ത്രജ്ഞനും അദ്ദേഹമായിരുന്നു. റിംസിലെ ചാൻസലരും, (Rector of studies) വൈദികവിദ്യാർത്ഥികളുടെ ഭരണാധികാരി എന്ന

മഹനീയോദ്യോഗവും വഹിച്ചിരുന്ന കാലത്തു ലൌകികവ്യാമോഹങ്ങളുടെ ശക്തിയിൽ അദ്ദേഹത്തിനു വലുതായ ഭീതി ഉളവായി. അതിനാൽ സകലത്തേയും സംത്യജിച്ചു് ഏകാന്തവും തപസ്സിനടുത്തതുമായ ഒരു ജീവിതം നയിക്കുവാൻ അദ്ദേഹം തീൎച്ചപ്പെടുത്തി. മാത്രമല്ല, ഈ വിവരം ചില സ്നേഹിതന്മാരോടും പ്രസ്താവിച്ചു. അനന്തരം ഇദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിച്ച ഏതാനും ചിലരും കൂടെ ഗ്രെനോബിളിലെ മെത്രാനായ വി. ഹ്യൂവിനു ഒരപേക്ഷ അയച്ചു. അദ്ദേഹം ആ അപേക്ഷയെ സ്വീകരിക്കുകയും ലാചാൎട്രൂസു, എന്ന ഒരു അരണ്യത്തിലേക്കു ഇവരെ നിയോഗിച്ചയക്കുകയും ചെയ്തു. ഇവരുടെ സാന്നിദ്ധ്യത്തിൽ ആ പ്രദേശം ഒരു തീബെയിഡ് വിജനസ്ഥലമായി ശോഭിച്ചു. അതെ, ഒരു കാലത്തു് തീബെയിഡിൽ നടന്ന അത്ഭുതങ്ങൾ ഇവിടെ അവർ നവീകരിച്ചു. സമകാലീനനായ ഒരു ചരിത്രകാരൻ ഇവരെ സംബന്ധിച്ചു പ്രസ്താവിച്ചിരിക്കുന്നതു, ഈ പുതിയ സഭക്കാർ മനുഷ്യരല്ല പിന്നയോ വാനാരൂപികളത്രെയെന്നാണു്. ഓരോരുത്തരും ഓരോ ചെറിയ മുറിയിൽ വസിക്കുന്നു. ഒരുറൊട്ടിക്കഷണവും, ഏതാനും സസ്യങ്ങളും ഓരോ ആഴ്ചയിലും അവൎക്കു നല്കും. ഇതാണു് ഒരാഴ്ചത്തേക്കുള്ള അവരുടെ ഭക്ഷണം. ഞായറാഴ്ച ദിവസങ്ങളിൽ അവരെല്ലാവരും ഒരു സ്ഥലത്തു സമ്മേളിക്കുകയും, ഏവരും ഒന്നിച്ചു് ആ ദിവസങ്ങൾ കഴിച്ചു കൂട്ടുകയും ചെയ്യും. രോമനിൎമ്മിതമായ ഒരു ഷർട്ടും അതിനു പുറമെ ഒരുടുപ്പുമായിരുന്നു അവരുടെ വേഷം. അവരുടെ ഏതൊരു സാധനവും ദാരിദ്ര്യത്തിന്റെ പരിപൂൎത്തിയെ പ്രകടിപ്പിച്ചു. ഒരു കാസായൊഴിച്ചു് സ്വൎണ്ണമയമായോ രജതമയമായോ ഒന്നും തന്നെ അവരുടെ ദേവാലയത്തിൽ പോലും ഉണ്ടായിരുന്നില്ല. മൗനം അവരുടെ പ്രത്യേക വ്രതമായിരുന്നു. നിവൃത്തിയുള്ളിടത്തോളം ആംഗ്യങ്ങൾ കൊണ്ടു മാത്രം അവർ ആശയവിനിമയം ചെയ്തുവന്നു. കൈ എഴുത്തു ഗ്രന്ഥങ്ങളെ പകൎത്തുക എന്നതു് അവരുടെ ഒരു പ്രധാന തൊഴിലായിരുന്നു. അധികം താമസിയാതെ ഇവരുടെ പരിശുദ്ധി ലോകമെങ്ങും പ്രചരിക്കുകയും മന്ദരായി ജീവിച്ച പലൎക്കും ഇതൊരുൽബോധനമായിത്തീരുകയും ചെയ്തു. വിവിധപ്രായത്തിലും വിവിധനിലകളിലുമുള്ള അനേകർ ഇവരുടെ മാതൃകയാൽ ആകൃഷ്ടരായി യേശുവിന്റെ കുരിശിനെ വഹിക്കുവാൻ വേണ്ടി ആരണ്യദേശത്തെ അഭയം പ്രാപിച്ചു. എന്നു തന്നെയുമല്ല, പലേ രാജ്യങ്ങളിലും ഇതേമാതൃകയിൽ നവീനാശ്രമങ്ങൾ സ്ഥാപിതങ്ങളാവുകയും ചെയ്തു. ആറുസംവത്സരങ്ങൾ കഴിഞ്ഞപ്പോൾ വി. ബ്രൂണോയെ ഉർബാൻ ദ്വിതീയൻ മാൎപ്പാപ്പാ റോമിലേക്കു ക്ഷണിച്ചു. മാൎപ്പാപ്പായുടെ ഒരു

പദേശകനായി അദ്ദേഹത്തെ റോമായിൽ തന്നെ താമസിപ്പിക്കണമെന്നായിരുന്നു മാപ്പാപ്പായുടെ ഉദ്ദേശ്യം. പക്ഷെ നഗരത്തിലെ ആരവാരങ്ങളും കൃത്യാന്തരബാഹുലതയും അദ്ദേഹത്തിന് അത്യന്തം അസഹ്യങ്ങളായിരുന്നു. റജിയോ അതിരൂപതയുടെ മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിക്കണമെന്നുള്ള മാപ്പാപ്പായുടെ അഭിപ്രായവും സ്വീകരിച്ചില്ല. റോമാപുരിയെ വിട്ടുപോകുന്നതിനുള്ള അനുവാദം ലഭിച്ചു കഴിയുന്നതു വരെ അദ്ദേഹത്തിൻെറ മനസ്സു അസ്ഥിരമായി ഉഴന്നുകൊണ്ടുതന്നെയിരുന്നു. ആ അനുവാദം ലഭിച്ചയുടൻ വി. ബ്രൂണോ കലേബ്രിയായിലേക്കു പോവുകയും അവിടെ ഒരു നൂതനാശ്രമം സ്ഥാപിച്ച് ആയുരന്തം പ്രാത്ഥനയിലും തപശ്ചര്യയിലും അവിടത്തന്നെ ജീവിക്കുകയും ചെയ്തു. അവസാന നിമിഷങ്ങൾ സമീപിച്ചുവെന്നറിഞ്ഞപ്പോൾ അദ്ദേഹം തൻെറ ആശ്രമവാസികളെ സ്വസന്നിധിയിലേക്കു ക്ഷണിച്ച് അവരോടിപ്രകാരം പ്രസ്താവിച്ചു. "സഭയിലെ കൂദാശകളിൽ, വിശേഷിച്ചും കുർബാനയെന്ന കൂദാശയിൽ അൾത്താരമേൽ കൂദാശചെയ്യപ്പെടുന്ന അപ്പവും വീഞ്ഞും നമ്മുടെ പാപപരിഹാരത്തിനായും നിത്യരക്ഷയുടെ അച്ചാരമായും ബലികഴിക്കപ്പെടുന്ന നമ്മുടെ കത്താവിൻെറ തിരുശരീരം, അതെ, അങ്ങേ തിരുമാംസവും തിരുരക്തവുമാണെന്നുള്ളതിൽ ഞാൻ ദൃഢമായി വിശ്വസിക്കുന്നു." വി. ബ്രൂണോയുടെ അരൂപി ഇന്നും അദ്ദേഹത്തിൻെറ ആത്മീയസന്താനങ്ങളിൽ നിലനില്ക്കുന്നു. പ്രാഥമികകാലത്തെ അവരുടെ ആദ്ധ്യാത്മീക തീഷ്ണത ഇന്നും നഷ്ടീഭവിച്ചിട്ടില്ല. മാത്രമല്ല, ആ ആശ്രമം സ്ഥാപിച്ചിട്ട 8—ൽ പരം ശതാബ്ദം കഴിഞ്ഞിട്ടും പരിഷ്കരണത്തിൻെറ ആവശ്യം ഇനിയും നേരിട്ടിട്ടുമില്ല.

## ൪. ബെറൻഗാരിയൂസിന്റെ മതവൈപരീത്യം.

11-ാം ശതകത്തിൽ വിശുദ്ധ കുർബാനയെ പററി അബദ്ധ പ്രഖ്യാപനങ്ങൾ പുറപ്പെടുത്തുകയാലും നമ്മുടെ ദിവ്യരക്ഷാനാഥന്റെ രക്തശരീരങ്ങൾ യഥാൎത്ഥമായിട്ടല്ല പ്രത്യുത, രൂപകത്തിൽ മാത്രമെ അതിൽ സ്ഥിതിചെയ്യുന്നുള്ളു എന്നു സമൎത്ഥിക്കയാലും ആൻജേൎസിലെ (Angers) അക്കദിയാക്കോനായ ബെറൻഗാരിയൂസ് ഗൎഹണീയമായ കുപ്രസിദ്ധിയാൽ അപഹേളിതനായി തീൎന്നു. തിരുസഭയുടെ സാൎവ്വത്രിക വിശ്വാസത്തിനു ഇത്ര വിരുദ്ധമായ ഈ ബോധനത്തിൽ പ്രതികൂലമായി ഒരു സാൎവ്വത്രികപ്രതിഷേധം ഉടൻതന്നെ ആവിൎഭവിക്കുകയുണ്ടായി. കത്തോലിക്കരായ എല്ലാ വേദപണ്ഡിതരും പുതിയ മതവൈപരീത്യത്തോടെതിൎക്കുന്നതിനായി പരിജ്ഞാനം, ഭക്തിമുതലായ ആയുധങ്ങളോടുകൂടി രണാങ്കണത്തിൽ ഇറങ്ങിക്കഴിഞ്ഞു. സത്യത്തെ സാക്ഷ്യപ്പെടുത്തിയും അസത്യത്തോടു മറുതലിച്ചും കൊണ്ട് അനേക എഴുത്തുകാർ തന്നെ തിരുസ്സഭയുടെ അഷ്ടദിക്കുകളിൽ നിന്നും വന്നുകൊണ്ടിരുന്നു. സുപ്രസിദ്ധവാഗ്മിയും ഒരു നല്ല എഴുത്തുകാരനുമായിരുന്ന കാന്റർബറി മെത്രാപ്പോലീത്തായായ ലാൻഫ്രാങ്ക്, ബെറൻഗാരിയൂസിനെ മാനസാന്തരപ്പെടുത്തുന്നതിനു ഒരു കത്തയക്കുകയുണ്ടായി. ബ്രസ്യാ (Breseia)യിലെ മെത്രാനായ 'അഡൽമാൻ' (Adelman) ബെറൻഗാരിയൂസിനിപ്രകാരമെഴുതുകയുണ്ടായി "ബെറൻഗാരിയൂസേ! ലക്ഷോപലക്ഷം രക്തസാക്ഷികളും അനവധി സഹസ്രം വേദവിദ്യാശാസ്ത്രികളും ഏതൊന്നിനുവേണ്ടി മരണത്തോളം നിന്ദയും അപമാനവും ഏററുവോ, ആ ഒന്നിന്റെ അഥവാ കത്തോലിക്കാതിരുസ്സഭയുടെ സമാധാനത്തെ നഷ്ടപ്പെടുത്തരുതെന്നു് താങ്കളോടു ഞാൻ അപേക്ഷിക്കുന്നു. വിശുദ്ധ കുർബാനയിൽ ഈശോമിശിഹായുടെ സാക്ഷാൽ തിരുശരീരവും, തിരുരക്തവും, ഉണ്ടെന്നു ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നു. ഈ വിശ്വാസം സഭയുടെ ആരംഭം മുതല്ക്കേ വിശ്വസിക്കപ്പെട്ടുപോരുന്നതും ലോകത്തിന്റെ എല്ലാഭാഗത്തും, ഇപ്പോൾ വിശ്വസിച്ചുപോരുന്നതുമാകുന്നു. ക്രിസ്ത്യാനികളെന്നു വിശേഷിക്കപ്പെടുന്നവരെല്ലാവരും, നമ്മുടെ കൎത്താവും, രക്ഷിതാവുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും വിശുദ്ധ കുർബാനയാകുന്ന ദിവ്യകൂദാശവഴി പ്രാപിക്കുന്നുവെന്നു് വിശ്വസിച്ചുവരുന്നു. വി: ഗ്രന്ഥങ്ങളിൽ അസാധാരണമായ വ്യുല്പത്തി സമ്പാദിച്ചിട്ടുള്ളവരോടു ഇക്കാൎയ്യത്തെപ്പററി താങ്കൾ ഒന്നു ചെ

ടിക്കക. ഗ്രേക്കരോടോ, അർമ്മിനിയരോടോ, മററു സ്ഥലങ്ങളിലുള്ള ക്രിസ്ത്യാനികളേവരോടോ താങ്കൾ ഒന്നു തിരക്കിയാൽ നന്നു്. അവരെല്ലാവരും ഇതേവിശ്വാസം തന്നെയാണു് എല്ലായ്പ്പോഴും അനുസരിച്ചുവരുന്നതെന്നു് സമ്മതിക്കും" വി. വേദാഗമങ്ങളിൽ നിന്നു് ധാരാളം തെളിവുകൾ ശേഖരിച്ചു് സത്യവിശ്വാസത്തെ ഉറപ്പിച്ചതിനു പുറമേ അപ്പം നമ്മുടെ കർത്താവിന്റെ ശരീരമായി തീരുന്നതു് എങ്ങനെയാണെന്നു് തനിക്കു ഗ്രഹിക്കുവാൻ വഹിയായെന്നു് പ്രതിപാദിച്ചിരുന്ന ബറൻഗാറിയൂസിന്റെ തെററിനെ അയാൾക്കു മനസ്സിലാക്കി കൊടുക്കുന്നതിനു വേണ്ടി അവസാനമായി അദ്ദേഹം ഇപ്രകാരമെഴുതുകയുമുണ്ടായി. "വിശ്വാസത്താൽ ജീവിക്കുന്ന ദൈവത്തിന്റെ നീതിമാൻ ദൈവീകവചനങ്ങളോടു എതിർചോദ്യം ചെയ്യുവാൻ ഒരുനാളും തുനിയുകയില്ല. ആ വചനങ്ങൾ എന്താണന്നോ പ്രകൃത്യാതന്നെ അവന്റെ ബുദ്ധിശക്തിയെ അതിശയിക്കുന്ന ആ മഹാരഹസ്യം എന്താണെന്നോ കണ്ടുപിടിക്കുവാൻ അവൻ ശ്രമിക്കയില്ല. അവൻ ദിവ്യരഹസ്യങ്ങളെ ഹാർദ്ദവമായി സ്നേഹിക്കുകയും, ഹൃദയംഗമമായി വിശ്വസിക്കുകയും ചെയ്യുന്നു. അവന്റെ വിശ്വാസത്തിനുള്ള പ്രതിഫലം ഒരിക്കൽ അവനു ലഭ്യമാകുമെന്നു് ദൃഢമായി അവൻ പ്രത്യാശിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ദിവ്യരക്ഷകനു വെള്ളത്തെ വീഞ്ഞാക്കുവാൻ എത്രത്തോളം പ്രയാസമില്ലാതിരുന്നുവോ അത്രത്തോളം തന്നെ അപ്പത്തെ തന്റെ ശരീരമാക്കുവാൻ നിഷ്പ്രയാസം സാധിക്കും. അദ്ദേഹത്തിന്റെ തിരുവചനത്താൽ പ്രകാശം എപ്രകാരം ഉണ്ടായോ അപ്രകാരം തന്നെ, തന്റെ തിരുവചനത്താൽ അപ്പവും വീഞ്ഞും തന്റെ തിരുശരീരവും തിരുരക്തവുമായി മാറുന്നതിനു തനിക്കു സാധിക്കും" ഈ കത്തുകളൊന്നും ബറൻഗാറിയൂസിനെ ദുശ്ശാഠ്യത്തിൽ നിന്നും അണുപോലും വ്യതിചലിപ്പിച്ചിരുന്നില്ല. ആയതിനാൽ അയാളെ മിണ്ടടക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പാരീസിൽ വച്ചു് വൈദികരുടെ ഒരു സൂനഹദോസു് കൂടുകയുണ്ടായി. ഈ പരിശുദ്ധ വിശ്വാസത്തിനെതിരായി ബറൻഗാറിയൂസിന്റെ എഴുത്തുകളെല്ലാം അവിടെ വായിക്കപ്പെട്ടു. സന്നാഹിതരായിരുന്ന സഭാപിതാക്കന്മാരെല്ലാവരും ഭയങ്കരവും നൂതനവുമായ ദൈവദൂഷണത്തെ കേൾക്കുന്നതിനുപോലും ക്ഷമപ്രദർശിപ്പിക്കാതെ ഐകകണ്ഠ്യേന ബറൻഗാറിയൂസിനെ കുററമാരോപിച്ചു് ശപിയ്ക്കുകയും ചെയ്തു. അനന്തരം രണ്ടാമത്തെ നിക്കളാവോസു മാർപ്പാപ്പാ റോമിൽ ഒരു നൂതന സൂനഹദോസു വിളിച്ചുകൂട്ടി. ബറൻഗാറിയൂസു് സൂനഹദോസിൽ ഹാജരായിരുന്നു. പക്ഷെ, അയാളുടെ വാദത്തെ പുലർത്തുന്നതിനോ, വ്യവഹരിക്കുന്നതിനോ അ

യാൾ ഉദ്യമിക്കയുണ്ടായില്ല. സൂനഹദോസു തീരുമാനിക്കുന്ന തീരുമാനങ്ങൾക്കു വിധേയനായി ഒപ്പുവെച്ചുകൊള്ളാമെന്നു അയാൾ വാഗ്ദാനം ചെയ്യുകയുണ്ടായി. അയാളെക്കൊണ്ടു് വിശ്വാസസത്യം ചെയ്യിക്കുന്നതിനു ഒരു പ്രമാണമെഴുതിയുണ്ടാക്കി. അതു് ഇപ്രകാരമാണു്. "ഞാനെല്ലാ മതവിപരീതങ്ങളേയും വിശിഷ്യാ ഞാൻ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന അബദ്ധോപദേശത്തേയും, സർവ്വാത്മനാ നിഷേധിച്ചു് ശപിച്ചുകൊള്ളുന്നു. സുവിശേഷങ്ങളെ ആധാരമാക്കി പരിശുദ്ധ പിതാവായ മാർപ്പാപ്പായും വിശുദ്ധ സൂനഹദോസും എന്നെ ഉൽബോധിപ്പിക്കുന്ന സത്യവിശ്വാസം അതായതു് വിശുദ്ധ കുർബാനയിൽ, കൂദാശ ചെയ്തശേഷം അപ്പവും വീഞ്ഞും ഈശോമിശിഹായുടെ യഥാർത്ഥതിരുശരീരവും യഥാർത്ഥതിരുരക്തവുമായി ആൾത്താരയിൽ സമർപ്പിക്കപ്പെടുന്നുവെന്നു് വായ്കൊണ്ടു് ഏററു പറയുകയും, ഹൃദയം കൊണ്ടു് വിശ്വസിക്കയും ചെയ്യുന്നു." ഈ വിശ്വാസസത്യത്തെ ആണയിട്ടു അയാൾ ഉറപ്പിക്കയും, അയാളുടെ പുസ്തകങ്ങളെയെല്ലാം അഗ്നിയിൽ നിക്ഷേപിക്കയും ചെയ്തു. പക്ഷെ, കാലവിളംബമെന്യേ സ്വന്ത തെററുകളിലേക്കു് അയാൾ വീണ്ടും വീണു. അപ്പത്തിൻെറ പദാർത്ഥം, മിശിഹായുടെ ശരീരത്തിൻെറ പദാർത്ഥമായി രൂപാന്തരപ്പെടുന്നില്ലായെന്നും, അപ്പം അദ്ഭുതവിധത്തിൽ തന്നെ തിരുശരീരാംശവുമായി യോജിക്കപ്പെടുകയാണു ചെയ്യുന്നതെന്നും, അയാൾ ഉപദേശിക്കുവാൻ തുടങ്ങി. വിഷസക്കിണ്ണമായ ഈ ഉപദേശത്തെ പാടെ വിപാടനം ചെയ്യുന്നതിനായി അയാൾ നിർബ്ബന്ധിതനായി. അയാൾക്കു വേഗം കുററബോധമുണ്ടാകുകയും, മുമ്പിലത്തെ പ്രമാണത്തേക്കാൾ നിഷ്കൃഷ്ടവും സുസ്പഷ്ടവുമായ വേറൊരു വിശ്വാസപ്രമാണം അയാൾ തന്നെ നിർമ്മിച്ചു് പിറെറക്കൊല്ലത്തിൽ കൂടിയതും 150 മെത്രാന്മാരടങ്ങിയതുമായ ഒരു സൂനഹദോസിൽ വെച്ചു് പരസ്യമായി വായിക്കയും, സ്വന്ത കൈകൊണ്ടു തന്നെ അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ആ പ്രമാണത്തിൽ യാതൊരൊഴിവുകഴിവും ചെലുത്തിയിരുന്നില്ല. ബലിപീഠത്തിൽ വെച്ചു് അർപ്പിക്കപ്പെടുന്ന അപ്പവും വീഞ്ഞും, ഈശോമിശിഹായുടെ തിരുവചനങ്ങളുടെ ശക്തിമൂലം വസ്തുഭേദം വഴിയായിട്ടു്, അങ്ങേ യഥാർത്ഥശരീരവും യഥാർത്ഥരക്തവുമായിത്തീരുന്നു. അതിനാൽ കന്യകമറിയത്തിൽ രൂപീകൃതമായ ശരീരം, കുരിശിന്മേൽ കഷ്ടത അനുഭവിച്ച ഗാത്രം, സ്വർഗ്ഗസ്ഥപിതാവിൻെറ വലതുഭാഗത്തു സ്ഥിതിചെയ്യുന്നതായ തിരുമേനി ഇതൊന്നുതന്നെയാണു് നാം വി: കുർബാന വഴിയായി സ്വീകരിക്കുന്നതെന്നു് തൻെറ വിശ്വാസപ്രസ്താവനയിൽ സുവ്യക്തമായി പ്രസ്താവിക്കപ്പെട്ടിരുന്നു. എന്നാൽ ബറൻഗാറിയൂസ്സ് ഫ്റാൻസിൽ എത്തിക്കഴിഞ്ഞയുടൻ, റോമിൽ നടന്നതായ സംഭവങ്ങളെക്കുറിച്ചു് ഒരു കള്ള റിപ്പോർട്ടു അയാൾ പ്രസിദ്ധീകരിക്കയുണ്ടായി. അതിനെത്തുടർന്നു്, പണ്ടു് അയാൾ പഠിപ്പിച്ചിരുന്നതായ എല്ലാ ഉപദേശങ്ങളേയും അയാൾ

വീണ്ടും പരിഷ്ക്കരിക്കുവാൻ തുടങ്ങി. ഈ പ്രാവശ്യം ബോർഡോയിൽ (Bordeaux) വെച്ചു് ഒരു സൂനഹദോസു കൂടുകയും ബരൻഗാറിയുസ്സ് തന്റെ എല്ലാ കപടതന്ത്രങ്ങളേയും ഏറ്റുപറഞ്ഞു് ഉപേക്ഷിക്കുകയും തിരുസഭയുടെ സത്യോപദേശങ്ങളെയും തന്റെ സ്വന്തമായി സ്വീകരിക്കുകയും ലോയറി (Loire)ലുള്ള ചെറിയ ദ്വീപിലേക്കു വാങ്ങിപ്പോകുകയും ചെയ്തു. ബരൻഗാറിയൂസിന്റെ ഈ അഞ്ചാമത്തെ മാനസാന്തരം സാക്ഷാത്തായ ഒന്നായിരുന്നു. അതിനുശേഷം ജീവിച്ച എട്ടുവർഷക്കാലം അദ്ദേഹം നിരന്തരമായ തപോജീവിതത്തിലും പുണ്യാഭ്യാസങ്ങളിലും വിനീതയോഗിയായും, കത്തോലിക്കനായി നിഷ്ഠാതനാകയും ചെയ്തു.

ബരൻഗാറിയൂസിന്റെ വേദവൈപരീത്യം ഇപ്രകാരം തല്ക്കാലത്തേക്കു ശാന്തമായെങ്കിലും അധിക കാലതാമസം കൂടാതെ പ്രോട്ടസ്റ്റന്റു മതത്തിന്റെ ആവിർഭാവത്തോടുകൂടി ഇതു നവീനവും കൂടുതൽ ശക്തിപ്പെട്ടതുമായ പാഷണ്ഡോപദേശങ്ങളോടുകൂടി വീണ്ടും പ്രത്യക്ഷമാകുന്നതു് കാണാം.

മതാത്മകമായ ഉദ്യോഗങ്ങളുടെ ക്രയവിക്രയം, വിഷയാസക്തി, മുതലായ ദുർഗ്ഗുണങ്ങൾ അക്കാലത്തു സർവ്വസാധാരണയായിരുന്നു. ജർമ്മനിയിലും ലൊംബാർഡിയി(Lombardy)ലും ഇവ രൂഢമൂലമായിരുന്നു. ഈ തിന്മയുടെ കാരണം ലൗകിക ഭരണാധികാരികളുടെ ദുഷ്പ്രഭുത്വമായിരുന്നു. സഭയെ ആദരിക്കുവാൻ ചുമതലപ്പെട്ടവരായ അവർ തങ്ങളുടെ ശക്തിയെ ദുർവ്വിനിയോഗിച്ചു് പാപമയികന്മാരും മുഖസ്തുതിക്കാരുമായ ആളുകളെ മെത്രാന്മാരായിട്ട് അവർ നിയമിച്ചുവന്നു. കൂടുതൽ പണം കൈക്കൂലി കൊടുക്കുന്നവർക്കു രൂപതകളും സന്യാസഭവനങ്ങളും ഏല്പിച്ചുകൊടുത്തുകൊണ്ടിരുന്നു. അക്കാലത്തു് മെത്രാന്മാർക്കും ആശ്രമശ്രേഷ്ഠന്മാർക്കും തങ്ങളുടെ അധികാരസീമയിൽ പെട്ട സ്ഥലങ്ങൾ നൽകുന്ന രാജാവോ ചക്രവർത്തിയോ മോതിരവും അംശവടിയും ഏല്പിച്ചുകൊടുത്തിരുന്നു. ഇതു് "സ്ഥാനാഭിഷേകാവകാശം" എന്നു അറിയപ്പെടുന്നു. സ്ഥാനാംഗുലീയവും വടിയും ആദ്ധ്യാത്മികാധികാരത്തിന്റെ അടയാളങ്ങളായിരുന്നതിനാൽ ഈ തഴക്കം വളരെ ദൂഷ്യഫലങ്ങളെ ഉളവാക്കി. ഒരു ലൗകികാധികാരി ആദ്ധ്യാത്മികാധികാരം കൊടുക്കുന്നതുകൊണ്ടു് ലൗകികാധികാരികളാണു് ആദ്ധ്യാത്മികാധികാരം പോലും നൽകിയിരുന്നതെന്നു ജനതതി വിശ്വസിച്ചു പോന്നിരുന്നു. ഈ അഭിപ്രായത്തെ അതിമോഹികളും മതബോധമില്ലാത്തവരുമായ ചക്രവർത്തികൾ ബലമായി പിൻതാങ്ങുകയും ശക്തിപ്പെടുത്തുകയും ചെയ്തു.

ഇക്കാലത്തു ഹെൻറി നാലാമൻ ജർമ്മൻ ചക്രവർത്തിയായി തീർന്നു. മറ്റെല്ലാ ദുർഗ്ഗുണങ്ങൾക്കും പുറമേ ഇദ്ദേഹം ഒരു തികഞ്ഞ കപടമാനസനായിരുന്നു. സഭയെ സാമ്രാജ്യത്തിന്റെ ഒരടിമയാക്കി തീർക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. എന്നാൽ ക്രൂരനും ദുർവൃത്തനുമായിരുന്ന അദ്ദേഹത്തിന്റെ ദുർഭരണം നിമിത്തം പ്രജകൾ ക്ഷോഭി

ച്ചു് അയാളെ എതിൎത്തു. അതുകൊണ്ടു് കാൎയ്യസാദ്ധ്യത്തിനുവേണ്ടി മാൎപ്പാപ്പായോടു് അനുസരണമുള്ളതായി ഭാവിക്കയും എന്നാൽ വാസ്തവത്തിൽ അദ്ദേഹം തന്റെ പഴയ ദൈവദോഷപരവും ക്രൂരതരവുമായ ദുഷ്പ്രകൃതികളെ തുടൎന്നുകൊണ്ടിരിക്കയും ചെയ്തു. അക്കാലത്തു തിരുസഭയെ ഭരിച്ചിരുന്നതു മഹാനും, ഭാഗ്യസ്മരണാൎഹനുമായ ഗ്രിഗരി സപ്തമൻ എന്ന മാൎപ്പാപ്പായായിരുന്നു. സഭയുടെ നിയമങ്ങളെ സധൈൎയ്യം പ്രസ്താവിക്കയും പരിപാലിക്കയും ചെയ്യുന്നതിൽ സദാജാഗരൂകനായിരുന്ന അദ്ദേഹം, ആത്മീയാധികാരത്തിലുള്ള ചക്രവൎത്തിയുടെ കൈകടത്തലിനെ ശക്തിയായി പ്രതിഷേധിക്കുന്നതിനു തന്നെ തീൎച്ചയാക്കി. ഹെൻറിയുടെ ഒരു സ്നേഹിതനും പിതാവുമെന്നുള്ള നിലയിൽതന്നെ വൎത്തിച്ചിരുന്നു, എങ്കിലും അദ്ദേഹത്തിന്റെ മാനസാന്തരത്തേക്കുറിച്ചു വളരെ തുഛമായ ഒരാശ മാത്രമേ മാൎപ്പാപ്പായിക്കുണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ നിൎബന്ധബുദ്ധിയും ദുഷ്ടതയും എത്രയും തെളിവാകുകയും അദ്ദേഹത്തിന്റെ പാൎശ്വവൎത്തികളായ മെത്രാന്മാരുടെ അഭിപ്രായത്തോടുകൂടി, മാൎപ്പാപ്പായെ സ്ഥാനഭ്രഷ്ടനാക്കുന്നതിനുള്ള ഉത്തരവു പ്രസിദ്ധപ്പെടുത്തുകയും ചെയ്തപ്പോൾ പരിശുദ്ധപിതാവു് എത്രയും വലിയ ദുഃഖത്തോടുകൂടിയെങ്കിലും ചക്രവൎത്തിയെ മഹറോൻചൊല്ലി. അക്കാലത്തു മഹറോനിലകപ്പെടുന്നവൎക്കു മറ്റാളുകളുടെമേലുള്ള അവകാശങ്ങളും, അധികാരങ്ങളും അതിനാൽതന്നെ നഷ്ടപ്പെട്ടിരുന്നു. മഹറോൻ ചൊല്ലപ്പെട്ട ഒരു രാജാവിനു കത്തോലിക്കാ പ്രജകളുടെമേൽ ആധിപത്യം ഉണ്ടായിരുന്നില്ല. പ്രജകൾക്കു രാജാവുമായിട്ടുള്ള തങ്ങളുടെ ബന്ധത്തെ വിടുത്തുന്നതിനു ഒരു സംവത്സരവും ഒരു ദിവസവും അനുവദിക്കപ്പെട്ടിരുന്നു. നിശ്ചയിക്കപ്പെട്ടിരുന്ന സമയത്തിന്റെ കാലാവധി ആസന്നപ്പോൾ ഹെൻറി ക്ഷുഭിതരായ തന്റെ സ്വന്തം പ്രജകളാൽതന്നെ ഉപേക്ഷിക്കപ്പെട്ടവനായി തീൎന്നതിനാൽ മാൎപ്പാപ്പായുമായി സമാധാനപ്പെടണമെന്നുള്ള ഭാവേന മഞ്ഞുകാലത്തിന്റെ മദ്ധ്യത്തിൽ ആൽപ്സ് പൎവ്വതം കടക്കുകയും, ലൊംബാൎഡിയിലുള്ള കനോസ്സാ (Canossa) കോട്ടയിൽ വസിച്ചിരുന്ന മാൎപ്പാപ്പായുടെ അടുക്കലേക്കു പോകുകയും ചെയ്തു. ചക്രവൎത്തിയും പ്രജാവലിയും തമ്മിലുള്ള തൎക്കം മാൎപ്പാപ്പാ മദ്ധ്യസ്ഥനായി നിന്നു് സമാധാനപരമാക്കി തീൎക്കണമെന്നുള്ള ചക്രവൎത്തിയുടെ അപേക്ഷയനുസരിച്ചു പരിശുദ്ധപിതാവു ജൎമ്മനിയിലേക്കു പോകുന്ന യാത്രയിലായിരുന്നു കനോസ്സാ കോട്ടയിൽ താമസിക്കുന്നതിനിടയായതു്. ഇവിടെവെച്ചു ചക്രവൎത്തി എത്രയും വിനീതഭാവത്തിൽ മാൎപ്പാപ്പായുടെ മുമ്പിൽ ഹാജരായി വളരെ അഗാധമായ എളിമയും പ്രദൎശിപ്പിച്ചുകൊണ്ടു തന്റെ തെറ്റുകളെയെല്ലാം ഏറ്റുപറഞ്ഞു. ഗ്രീഗറിയുടെ ഹൃദയം അനുകമ്പയാൽ നിറഞ്ഞു. തൽഫലമായി അദ്ദേഹം ഹെൻറിയുടെ പൂൎവ്വവഞ്ചനകളെയെല്ലാം വിസ്മരിക്കുകയും നാലാം ദിവസം ഹെൻറിയുമായി രമ്യപ്പെടുകയും അദ്ദേഹത്തിനു നൽകിയിരുന്ന ശിക്ഷകളെയെല്ലാം പിൻവലിക്കുകയും ചെയ്തു. പക്ഷെ അക്ഷമരായ ജൎമ്മൻകാർ മാൎപ്പാപ്പായുടെ തീരുമാനത്തി

ന കാലദൈർഘ്യം വന്നേക്കുമെന്നു ഭയന്നു്, ഏറ്റു കാത്തിരിക്കാതെ സൂവേബിയായിലെ റൊഡോൾഫ് (Rodolph of Suabia) എന്ന ഒരാളെ രാജാവായി ഉത്ഥാപനം ചെയ്തു ഭയങ്കരമായ ഒരു ആഭ്യന്തരകലഹമായിരുന്നു ഇതിൻെറ ഫലം. ഒടുവിൽ റൊഡോൾഫ് വധിക്കപ്പെട്ടകയാൽ ഹെൻറി ഇററലിയിലേക്കു കടന്നു റാവനായിലെ മെത്രാപ്പോലീത്തായായ ഗ്യൂബർട്ടിനെ (Guibert, archbishop of Ravena) ഒരു എതിർപാപ്പായായി (antipope) വാഴിച്ചുകൊണ്ടു അദ്ദേഹത്തിൽ നിന്നും കിരീടം സ്വീകരിക്കുവാൻ റോമിലേക്കു യാത്രയായി. എന്നാൽ റോമാക്കാർ അവരുടെ മാർപ്പാപ്പായെ അത്യധികം സ്നേഹിച്ചിരുന്നതിനാൽ ചക്രവത്തി റോമാ നഗരിയിൽ പ്രവേശിക്കുന്നതിതിനുപോലും അവർ സമ്മതിച്ചില്ല. നിരന്തരമായി നടത്തിയ പലേ നിരോധനങ്ങൾക്കുശേഷം ഹെൻറി കൈക്കൂലി കൊടുത്തു് ഏതാനും റോമാക്കാരുടെ സഹായം സമ്പാദിക്കുകയും അവരുടെ സഹകരണത്തോടുകൂടി റോമാനഗരത്തിൽ പ്രവേശിക്കുകയും ചെയ്തു (ക്രി. വ. 1084) നിസ്സഹായനായ മാർപ്പാപ്പാ ഉടൻതന്നെ സെൻറ് ആഞ്ചലോ എന്ന കൊട്ടാരത്തിൽ അഭയം പ്രാപിച്ചു. ശത്രുവും പിന്നാലെതന്നെ ഉണ്ടായിരുന്നു. എങ്കിലും റോബർട്ട് ഗൈക്കാർഡിൻെറ നേതൃത്വത്തിൽ ഒരു സൈന്യം ഉടനെ അവിടെ എത്തി, റോമാനഗരിയെ കൈവശപ്പെടുത്തി മാർപ്പാപ്പായെ രക്ഷിച്ചു. പക്ഷെ, തൻെറ പ്രജകൾക്കു നേരിട്ട ദയനീയസ്ഥിതിയാൽ ശകലിതഹൃദയനായ ആ വന്ദ്യൻ താമസിയാതെ സാലർനോയിലേക്കു പോവുകയും, അടുത്തകൊല്ലം അവിടെവച്ചു പരലോകപ്രാപ്തനാവുകയും ചെയ്തു. അദ്ദേഹം മരിക്കുന്നതിനു മുമ്പു് ഇപ്രകാരം പറഞ്ഞു. "ഞാൻ നീതിയെ സ്നേഹിക്കുകയും നീചപ്രവൃത്തികളെ വെറുക്കുകയും ചെയ്തു. അതിനാൽ ഞാൻ ഇപ്പോൾ ദേശഭ്രഷ്ടനായി മരിക്കേണ്ടി വന്നിരിക്കുന്നു" സ്മരണീയമായ ഈ വാചകങ്ങൾക്കു് ഇദ്ദേഹത്തിനു ലഭിച്ച മറുപടി ഉപരി സ്മരണാർഹമായിരുന്നു. "ക്രിസ്തുവിൻെറ വികരി! അങ്ങേക്കു ദേശഭ്രഷ്ടനായി മരിക്കാൻ സാധിക്കയില്ല. ലോകത്തിലുള്ള സകല ജാതികളും അങ്ങേ അവകാശവും, ലോകത്തിൻെറ വിദൂരമായ പ്രാന്തങ്ങൾപോലും അവിടുത്തെ സ്വന്തവും ആകുന്നു.

ഗ്രിഗരിയുടെ പിൻഗാമി മൊൻഡികാസിനോ ആശ്രമത്തിൻെറ ശ്രേഷ്ഠനായ സിഡിയർ (Cidier) ആയിരുന്നു. എതിർപാപ്പായായ ഗ്യൂബർട്ടിനെ സ്ഥാനത്യാഗം ചെയ്യിച്ചുകൊണ്ടു 1085_ൽ വിക്ടർ മൂന്നാമൻ എന്ന പേരോടുകൂടി അദ്ദേഹം റോമാ സിംഹാസനത്തെ പ്രാപിച്ചു. ഹെൻറിയുടെ ശേഷിച്ച ജീവിതം പാപകരമായ തൻെറ പൂർവ്വജീവിതത്തിൻെറ ഒരു ശിക്ഷയോയെന്നു തോന്നുമാറു് കഷ്ടതാപൂർണ്ണമായിരുന്നു. തൻെറ ശത്രുക്കളുടെമേൽ പലേ വിജയങ്ങളും അദ്ദേഹത്തിനു ലഭിച്ചുവെന്നുള്ളതിനെ ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ അവരേക്കാൾ തുലോം ഭയങ്കരന്മാരായ ശത്രുക്കൾ അയാളുടെ കുടുംബത്തിൽതന്നെ ധാരാളമു

ണ്ടായിരുന്നു അയാളുടെ പ്രഥമ പുത്രനായ കോണാർഡ് 8 കൊല്ലം മുഴുവൻ അദ്ദേഹത്തോടെതിൎത്തു സമരം നടത്തി. കൊണാർഡിൻെറ മരണശേഷം ഹെൻറിയുടെ ദ്വിതീയ പുത്രനായ ഹെൻറി 5-ാമൻ കോണാർഡിൻെറ സ്ഥാനം എടുക്കുകയും സ്വപിതാവിനെ സ്ഥാനഭ്രഷ്ടനാക്കി അത്യധികമായ ദാരിദ്ര്യത്തിലും കഷ്ടതയിലും അദ്ദേഹം മരിക്കുവാൻ കാരണമാക്കുകയും ചെയ്തു. അറുപതിൽപരം സമരരംഗങ്ങളിൽ ധീരമായും പൌരുഷത്തോടും പോർ നടത്തിയ ആ രാജാവിൻെറ അവസാനം ഇതായിരുന്നുവെന്നു കേൾക്കുമ്പോൾ അത്ഭുതം തോന്നിയേക്കും. പക്ഷേ സദാ വിഷയസുഖങ്ങളിൽ വിലീനനും, മതകാൎയ്യങ്ങളിൽ വിരസനും, തിരുവസ്തുക്കളെ അനാദരിക്കുന്നതിൽ അദ്വിതീയനും, ഘോരപ്രവൃത്തികളിൽ ഉച്ഛൃംഖലനുമായ ഒരുവനു് ഇത്തരത്തിലൊരു മരണം സംഭവിക്കാതിരുന്നുവെങ്കിൽ, അതിലായിരുന്നു അത്ഭുതപ്പെടേണ്ടതു്.

## വിചിന്തനങ്ങൾ.

ഫ്യൂഡൽശക്തികളുടെ സ്വേച്ഛാഭരണം അനേകം ക്രമക്കേടുകൾക്കും ശിക്ഷണവൈകല്യങ്ങൾക്കും കാരണമായി. തന്നിമിത്തം തങ്ങളുടെ ആത്മീയാജഗണങ്ങൾക്കു് ആദൎശവും മാതൃകയും, ആയിരിക്കേണ്ട പലരും അവരുടെ ഇടൎച്ചയ്ക്കു ഹേതുഭൂതന്മാരായിത്തീൎന്നു. സഭാശത്രുക്കൾക്കു സഭയെ ആക്ഷേപിക്കുന്നതിനുള്ള ധാരാളം സംഭവങ്ങൾ ഇവയുടെയെല്ലാം ഫലമായി പത്താം നൂററാണ്ടിൽ ഉണ്ടായി. വാസ്തവത്തിൽ ഈ സംഭവങ്ങൾ നമ്മുടെ വിശ്വാസത്തെ ക്ഷയിപ്പിക്കുന്നതിനു പകരം അതിനെ വൎദ്ധിപ്പിക്കുകയാണു് വേണ്ടതു്. എന്തെന്നാൽ സഭയെ നയിക്കുന്നതു് മനുഷ്യനല്ല, പ്രത്യുത, സൎവ്വശക്തനായ ദൈവമാണെന്നു് ഈ സംഭവങ്ങൾ അനിഷേദ്ധ്യമായി തെളിയിക്കുന്നു. മനുഷ്യസ്ഥാപിതമായ ഒരു സ്ഥാപനമായിരുന്നു സഭയെങ്കിൽ, പത്താം നൂററാണ്ടു് അതിൻെറ വിനാശരംഗവും ശവക്കല്ലറയുമാകുമായിരുന്നു. ഈ വാചകം സഭയുടെ ഇതര വിനാശഘട്ടങ്ങളെ സംബന്ധിച്ചും എത്രയും അന്വൎത്ഥമാണു്. സഭാധികാരികളുടെ ബലഹീനതകളും, സന്മാൎഗ്ഗവൈകല്യങ്ങളും, അവളുടെ ദൈവികമായ ഉത്ഭവത്തിനും പാവനമായ ഉദ്ദേശങ്ങൾക്കും ഭംഗം വരുത്തുന്നില്ല. മാത്രമല്ല, ഇങ്ങനെയുള്ള വിനാശഘട്ടങ്ങളിൽ അസാമാന്യപരിശുദ്ധിയുള്ള പുണ്യവാന്മാരും, സകല ക്രിസ്തീയ പുണ്യങ്ങൾക്കും മാതൃകകളായിരുന്ന ഉത്തമ കത്തോലിക്കരും സഭയിൽ ധാരാളം ഉണ്ടാകുകയും ചെയ്തിട്ടുണ്ടു്. ദുസ്വഭാവികളും, സഭാപ്രമാണങ്ങളെ ലംഘിക്കുന്നവരും ഉണ്ടായിയെങ്കിൽ അതവരുടെ വിശ്വാസത്തിൻെറ കുററംകൊണ്ടല്ല, പ്രത്യുത, അതിൻെറ അഭാവം നിമിത്തമായിരുന്നു. ഇതുകൊണ്ടു സഭയുടെ സാന്മാൎഗ്ഗികപഠനത്തിനു് ഇടിവു തട്ടുകയോ, അതു് അവളുടെ വിശ്വാസസ്ഥൈര്യത്തിനു ബാധകമാകുകയോ ചെയ്തില്ല. ദുഷ്ടതയുടേയും, അക്രമങ്ങളുടേയും മദ്ധ്യേ അവളുടെ ശാന്തസ്വരവും, സാന്മാൎഗ്ഗികോപദേശങ്ങ

ച്ചും കേൾക്കപ്പെട്ടിരുന്നു. ഓരോ സുനഹദോസുകളിലും, വിശേഷപ്പെ സന്മാൎഗ്ഗിക നിയമങ്ങൾ രൂപവൽക്കരിക്കപ്പെടുകയും അവയെ അനുസരിക്കുന്നതിനു വിശ്വാസികളെ കല്പനാരൂപേണ നിർബന്ധിക്കയും ചെയ്തിരുന്നു. സഭ ഏററവും ശക്തിഹീനമായി കാണപ്പെട്ട അവസരങ്ങളിൽ പോലും അവളുടെ സഹജമായ ദൈവീകശക്തിയാൽ അപരിഷ്കൃ ജാതികളാൽ അവളിൽ ഉണ്ടാക്കപ്പെട്ട മുറിവുകളെ സൌഖ്യമാക്കുന്നതിനും, പുതിയ ജാതിക്കാരെ മിശിഹായുടെ നുകത്തിനു കീഴാക്കുന്നതിനും അവൾക്കു സാധിച്ചിരുന്നു. സാമ്രാജ്യത്തിൻെറ നേതാക്കന്മാരെ അവൾ കീഴടക്കി. അവരുടെ അഹങ്കാരശീലത്തെ സന്മാൎഗ്ഗത്തിലേക്കു തിരിക്കുവാനും, അവരുടെ അജ്ഞാനാന്ധകാരത്തെ ബഹിഷ്കരിക്കുവാനും വളരെ സംവത്സരങ്ങൾ വേണ്ടിവന്നു എന്നുള്ളതു് വാസ്തവം തന്നെ. എന്നാൽ അവസാനത്തിൽ ആ ജോലി പൂൎത്തിയായി. ഇന്നത്തെ ക്രിസ്തീയ സാമ്രാജ്യം അവളുടെ വിജയത്തിൻെറ ഓൎമ്മസ്തംഭമായി പരിലസിക്കുന്നു. വൈദികരും, സന്യാസികളും ശാസ്ത്രങ്ങളെയും, വിദ്യകളെയും സംരക്ഷിച്ചുവന്നു. മെത്രാന്മാരുടെ അരമനകളും, സന്യാസാശ്രമങ്ങളും പബ്ലിക്കു വിദ്യാലയങ്ങളായി പരിണമിച്ചു. അവിടെ കലാവിദ്യകൾ നാശത്തിൽനിന്നു സംരക്ഷിക്കപ്പെട്ടുപോന്നു. പ്രഭുക്കന്മാർ സാമ്രാജ്യത്തിലെങ്ങും കൊള്ളയിട്ടു നടന്നുവരവേ വിനീതരായ സന്യാസികൾ തങ്ങളുടെ ആശ്രമങ്ങളിൽ മൌനമായിരുന്നുകൊണ്ടു തങ്ങൾ അപരിഷ്കൃത ജാതികളുടെ ആക്രമണത്തിൽനിന്നും സംരക്ഷിച്ച വിലയേറിയ പുരാതന ലിഖിതങ്ങളെ പകൎത്തിക്കൊണ്ടുവന്നു. സഭ വിശ്വാസത്തെയും വിശുദ്ധ ലിഖിതങ്ങളുടെ ദൈവീകമായ സന്മാൎഗ്ഗത്തേയും സംരക്ഷിച്ചതുകൊണ്ടു് മാത്രമല്ല, ലോകം അവളോടു കടപ്പെട്ടിരിക്കുന്നതു് ലൌകീകസാഹിത്യം, ശാസ്ത്രം, സുകുമാരകലകൾ ഇവയുടെ പുനരുദ്ധാരണത്തിലും ലോകം സഭയോടു കടപ്പെട്ടിരിക്കുന്നു. നിഷ്പക്ഷപാതിയും, എന്നാൽ വ്യക്തിപരമായി സഭയുടെ ഉപദേശങ്ങളോടു് എതിൎക്കുന്നവനുമായ ഒരു മഹാൻെറ അഭിപ്രായം ദൂഷ്യം പറയുന്ന ആളുകളുടെ ഒരു ഗണത്തെ നിശബ്ദമാക്കുന്നതിനു മതിയാകുന്നതാണു്. ബെക്കൻ പറയുന്നു. "ഒരുവശത്തു സിത്തിയൻ ജാതികളും കിഴക്കു് സാരസരും, ജലപ്രളയതുല്യം പാഞ്ഞുവന്നിരുന്ന അവസരത്തിൽ, നിശ്ചയമായി നശിച്ചുപോകുമായിരുന്ന കലാവിദ്യകളുടെപോലും അവളുടെ വിശുദ്ധ സംരക്ഷണയിൽ ഭദ്രമായി കാത്തു സൂക്ഷിച്ചിരുന്നതു് ക്രിസ്തീയസഭയാണു്".